# നിത്യജീവിതത്തിലൂടെ
# നയിക്കാൻ പോരും

# നിത്യജീവനിലേക്കു നയിക്കുന്ന സത്യം

തന്റെ ജീവദായകമായ സത്യം
അന്വേഷിക്കുന്ന സകലരോടും
കൃപാലുവായ ദൈവത്തിനു
സമർപ്പിക്കപ്പെട്ടത്

ഇംഗ്ലീഷിൽ 1968-ൽ പ്രസിദ്ധീകരിക്കപ്പെട്ടു
മലയാളത്തിൽ 1970-ൽ പ്രസിദ്ധീകരിക്കപ്പെട്ടു

Publishers
WATCH TOWER BIBLE & TRACT SOCIETY
OF PENNSYLVANIA
South Avenue, Bombay 54, India

ഈ പുസ്തകം 71 ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നു
എല്ലാ പതിപ്പുകളിലുമായി മുദ്രണംചെയ്തിട്ടുള്ള
മൊത്തം പുസ്തകങ്ങൾ 4,00,00,000 പ്രതികൾ

The Truth That Leads to Eternal Life
Malayalam

# ഉള്ളടക്കം

**അധ്യായം** **പേജ്**


1 ദൈവത്തിൽനിന്നുള്ള മഹത്തായ അനുഗ്രഹങ്ങൾ സമീപിച്ചിരിക്കുന്നു! . . . . . . . . . . 5
2 നിങ്ങളുടെ മതത്തെ പരിശോധിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുന്നതിന്റെ കാരണം . . . . . . . 13
3 ദൈവം ആരാണ്? . . . . . . . . . . . . . . . . . 20
4 നാം വാർദ്ധക്യംപ്രാപിക്കുന്നതിന്റെയും മരിക്കുന്നതിന്റെയും കാരണം . . . . . . . . . 32
5 മരിച്ചവർ എവിടെ? . . . . . . . . . . . . . . . . 41
6 ദൈവം ആർ മുഖാന്തരം മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കുന്നുവോ ആ ഒരുവനായ യേശുക്രിസ്തു . . . . . 56
7 ദുഷ്ടാത്മാക്കൾ ഉണ്ടോ? . . . . . . . . . . . . . . . 67
8 ദൈവം നമ്മുടെ നാൾവരെ ദുഷ്ടത അനുവദിച്ചിരിക്കുന്നതെന്തുകൊണ്ട്? . . . . . . . . 79
9 ഒരു "ചെറിയ ആട്ടിൻകൂട്ടം" സ്വർഗ്ഗത്തിലേക്കു പോകുന്നതിന്റെ കാരണം . . . . . . . . . . 91
10 ദൈവത്തിന്റെ രാജ്യം അതിന്റെ ശത്രുക്കളുടെ മദ്ധ്യേ അധികാരത്തിൽ വരുന്നു . . . . . . . . . 100
11 ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യനാളുകൾ . . . . . . . . 114
12 നീതിയുള്ള ഭരണം ഭൂമിയെ ഒരു പറുദീസയാക്കുന്നു . . . . 123
13 സത്യസഭയും അതിന്റെ അടിസ്ഥാനവും . . . . . . . . . . 137
14 സത്യമതത്തെ തിരിച്ചറിയുന്ന വിധം . . . . . . . . . . . 146
15 "അവരുടെ ഇടയിൽനിന്നു പുറത്തുപോരുക" . . . . . . . 157
16 ദൈവത്തെ അപ്രീതിപ്പെടുത്തുന്ന ലോകാചാരങ്ങൾ . . . 168
17 പ്രാർത്ഥിക്കയും ദൈവത്താൽ കേൾക്കപ്പെടുകയും ചെയ്യേണ്ട വിധം . . . . . . . . . . . . . . . 182
18 നിയമത്തോടുള്ള ക്രിസ്തീയ അനുസരണം . . . . . . . . . . 190
19 ജീവനോടും രക്തത്തോടുമുള്ള ദൈവികമായ ആദരവു് . . . . . . . . . . . . 197
20 ഒരു സന്തുഷ്ട കുടുംബജീവിതം കെട്ടിപ്പടുക്കുന്നു . . . . . . 205
21 ദൈവത്തെ സേവിക്കുവാനുള്ള നിങ്ങളുടെ തീരുമാനം . . . 218
22 സത്യാരാധന—ഒരു ജീവിതമാർഗ്ഗം . . . . . . . . . . . . 225


**മററു വിധത്തിൽ** സൂചിപ്പിക്കാതിരുന്നാൽ ഈ പുസ്തകത്തിലെ തിരുവെഴുത്തുദ്ധരണികൾ ആധുനിക ഭാഷയിലുള്ള വിശുദ്ധ തിരുവെഴുത്തുകളുടെ പുതിയലോകഭാഷാന്തരം 1961-ലെ പരിഷ്ക്കരിച്ച പതിപ്പിൽനിന്നാണ്.

ഉദ്ധരിച്ചിരിക്കുന്ന മററു ബൈബിൾഭാഷാന്തരങ്ങളുടെ പേരുകളുടെ സംക്ഷിപ്തരൂപങ്ങൾ:

*AT* – The Bible: An American Translation, by J. Smith and E. Goodspeed, of 1935.
*AV* – Authorized or King James Version Bible, of 1611.
*Dy* – Roman Catholic Douay Version, of 1610.



"ദൈവം...അവരുടെ കണ്ണുകളിൽനിന്നു് കണ്ണുനീരെല്ലാം തുടച്ചുകളയും. മേലാൽ മരണം ഉണ്ടായിരിക്കുന്നതല്ല, വിലാപമോ, നിലവിളിയോ, വേദനയോ ഇനി ഉണ്ടായിരിക്കുകയില്ല."—വെളിപാടു് 21:3, 4.

# ദൈവത്തിൽനിന്നുള്ള മഹത്തായ അനുഗ്രഹങ്ങൾ സമീപിച്ചിരിക്കുന്നു!

നിങ്ങൾ സമാധാനത്തിലും സൌഭാഗ്യത്തിലും ജീവിക്കാനാഗ്രഹിക്കുന്നുവോ? നിങ്ങൾ നിങ്ങൾക്കുതന്നെയും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും നല്ല ആരോഗ്യവും ദീർഘായുസ്സും ആഗ്രഹിക്കുന്നുവോ? ദുഷ്ടതയും കഷ്ടപ്പാടും അവസാനിച്ചുകാണുവാൻ നിങ്ങൾ കാംക്ഷിക്കുന്നുവോ? പരമാർത്ഥഹൃദയമുള്ള ഏതൊരാളും ഇവ ആഗ്രഹിക്കുന്നു. എന്നാൽ ഇന്നു ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും അക്രമവും പാതകവും വിശപ്പും രോഗവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ ഇത്ര കുഴപ്പം നിറഞ്ഞിരിക്കുന്നതെന്തുകൊണ്ട്? ഇതിന്റെയെല്ലാം അർത്ഥമെന്താണ്? നമ്മുടെ ജീവിതകാലത്തു് അവസ്ഥകൾ യഥാർത്ഥത്തിൽ മെച്ചപ്പെടുമെന്നു വിശ്വസിക്കാൻ എന്തെങ്കിലും നല്ല കാരണമുണ്ടോ?

2 ഉവ്വ്, അങ്ങനെയുള്ള പ്രത്യാശയ്ക്കു കാരണമുണ്ട്, അതു ലോകത്തിലെ മറേറതൊരു പുസ്തകത്തേക്കാളുമധികം ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകത്തിൽ വ്യക്തമായി വിവരിച്ചിരിക്കുന്നു. ആ പുസ്തകം ബൈബിളാണ്. അതു മനുഷ്യവർഗ്ഗത്തിനുവേണ്ടി തികച്ചും പുതുതായ ഒരു വ്യവസ്ഥിതി സ്ഥാപിക്കാനുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് നമ്മോടു പറയുന്നു. നിങ്ങൾക്ക് അങ്ങനെ ചെയ്യുന്നതിനുള്ള ശക്തി ഉണ്ടായിരുന്നുവെങ്കിൽ, നിങ്ങൾ, ഇത്രയധികം ദുഃഖത്തിനിടയാക്കുന്ന അവസ്ഥകൾക്ക് അന്തം വരുത്തുകയില്ലായിരുന്നുവോ? തീർച്ചയായും നിങ്ങൾ അതു ചെയ്യും! മനുഷ്യവർഗ്ഗത്തിന്റെ സ്രഷ്ടാവ് ചെയ്യുന്നത് അതിൽ കുറഞ്ഞ എന്തെങ്കിലുമായിരിക്കുമെന്ന് നാം വിചാരിക്കേണമോ? "ദൈവം സ്നേഹം ആകുന്നു" എന്നു ബൈബിൾ

---

1. വഷളായിക്കൊണ്ടിരിക്കുന്ന ലോകാവസ്ഥകളുടെ വീക്ഷണത്തിൽ ഏതു ചോദ്യങ്ങൾ ഉദിക്കുന്നു?

2. (എ) ഏതു പുസ്തകം നമുക്കു പ്രത്യാശയ്ക്കു കാരണം നൽകുന്നു? (ബി) സ്നേഹവാനായ സ്രഷ്ടാവ് ദുഃഖത്തിനിടയാക്കുന്ന അവസ്ഥകൾക്ക് അന്തംവരുത്തുമെന്ന് നമുക്ക് ന്യായമായി വിചാരിക്കാവുന്നതെന്തുകൊണ്ട്?

നമ്മോടു പറയുന്നു. (1 യോഹന്നാൻ 4:8) മനുഷ്യവർഗ്ഗത്തിന് എന്താണാവശ്യമെന്ന് തീർച്ചയായും ഈ സ്നേഹവാനായ സ്വർഗ്ഗീയ പിതാവിനറിയാം. ആ ആവശ്യങ്ങൾ നിറവേററാനുള്ള ശക്തി അവനുണ്ടു്, അവൻ ഏററവും തീർച്ചയായി അതു ചെയ്യും, എന്തുകൊണ്ടെന്നാൽ സങ്കീർത്തനം 145:16* ദൈവത്തെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു: "നീ നിന്റെ കൈ തുറക്കുകയും ഏതു ജീവിയുടെയും ആഗ്രഹത്തെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു."—ആവർത്തനം 32:4 കൂടെ കാണുക.

3 നിലനിൽക്കുന്ന ആരോഗ്യവും ജീവനും സഹിതം യഥാർത്ഥസമാധാനത്തിനും സൌഭാഗ്യത്തിനും വേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹത്തെ ദൈവം എപ്പോഴായിരിക്കും തൃപ്തിപ്പെടുത്തുക? മനുഷ്യവർഗ്ഗം ആയിരക്കണക്കിനു വർഷംകൂടി കാത്തിരിക്കണമോ? വേണ്ട! സമയം സമീപിച്ചിരിക്കുന്നു! എന്നാൽ ഇതു് എങ്ങനെ സത്യമായിരിക്കാൻ കഴിയും? ലോകത്തിലെ അവസ്ഥകൾ മെച്ചപ്പെടുകയല്ല, കൂടുതൽ വഷളാകുകയാണ്. സത്യംതന്നെ, എന്നാൽ ഈ അവസ്ഥകൾ നാം ഇപ്പോഴത്തെ ദുഷ്ടവ്യവസ്ഥിതിയുടെ "അന്ത്യനാളുകളിൽ" ജീവിക്കുന്നുവെന്നതിന്റെ തെളിവായിരിക്കുമെന്ന് ബൈബിൾ ദീർഘനാൾ മുമ്പ വ്യക്തമായി കാണിച്ചുതന്നിട്ടുണ്ടു്. (2 തിമൊഥെയോസ് 3:1-5) പെട്ടെന്നുതന്നെ, സ്നേഹവാനായ സ്രഷ്ടാവ് ദുഷ്ടതയ്ക്കും അതിനിടയാക്കുന്നവർക്കും അന്തം വരുത്തും. എന്നാൽ ശരിയായതു ചെയ്യാൻ ആഗ്രഹിക്കുന്ന പരമാർത്ഥഹൃദയമുള്ളവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കും, എന്തുകൊണ്ടെന്നാൽ "ലോകം നീങ്ങിപ്പോകുകയാകുന്നു, അതിന്റെ മോഹവും അങ്ങനെതന്നെയാകുന്നു. എന്നാൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്നേക്കും സ്ഥിതിചെയ്യുന്നു" എന്ന് അവൻ വാഗ്ദത്തംചെയ്യുന്നു.—1 യോഹന്നാൻ 2:17.

## ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്യാനിരിക്കുന്നതു്

4 ഈ ഭൂമിക്ക് എന്തൊരു മാററമായിരിക്കും അനുഭവപ്പെ

* സങ്കീർത്തനം 144:16, ഡൂവേ ഭാഷാന്തരം.

3. (എ) സമാധാനത്തിനും സൌഭാഗ്യത്തിനും വേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹത്തെ ദൈവം തൃപ്തിപ്പെടുത്തുന്നതിന് ഇനിയും ദീർഘനാൾ വേണ്ടിവരുമോ? (ബി) കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്ന ലോകാവസ്ഥകൾ എന്തിന്റെ തെളിവാണ്?

4. (എ) ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിൽ അസന്തുഷ്ടിക്കുള്ള എല്ലാ കാരണങ്ങൾ കഴിഞ്ഞകാല സംഗതികളായിരിക്കും? (ബി) ദൈവം സമാധാനം സംബന്ധിച്ച തന്റെ വാഗ്ദത്തം എങ്ങനെ നിറവേററും?

ട്ടുക! മേലാൽ യുദ്ധമുണ്ടായിരിക്കയില്ല, യുദ്ധം കൈവരുത്തുന്ന യാതൊരു കഷ്ടപ്പാടും ഉണ്ടായിരിക്കയില്ല. വിദ്വേഷവും, സ്വാർത്ഥതയും പാതകവും അക്രമവുമെല്ലാം കഴിഞ്ഞകാല സംഗതികളായിരിക്കും. പകരം, ഭൂമിയിൽ പൂർണ്ണമായ സമാധാനവും സുരക്ഷിതത്വവും ഉണ്ടായിരിക്കും. ദൈവത്തിൻെറ സ്വന്തം വചനം: "അല്പകാലവുംകൂടെ കഴിഞ്ഞാൽ ദുഷ്ടൻ മേലാൽ ഉണ്ടായിരിക്കയില്ല; . . . സൌമ്യതയുള്ളവർതന്നെ ഭൂമിയെ കൈവശമാക്കും, അവർ തീർച്ചയായും സമാധാനസമൃദ്ധിയിൽ പരമാനന്ദം കണ്ടെത്തും" എന്നു പ്രഖ്യാപിക്കുന്നു. (സങ്കീർത്തനം 37:10, 11 [36:10, 11, *Dy*]) അങ്ങനെയുള്ള സമാധാനം രാഷ്ട്രങ്ങൾ തമ്മിൽ മാത്രമല്ല, അയൽക്കാരുടെ ഇടയിലും ഓരോ കുടുംബത്തിലും സ്ഥിതിചെയ്യും. അതു നിങ്ങൾക്ക് എത്ര മഹത്തായ അനുഗ്രഹമായിരിക്കാമെന്നു ചിന്തിക്കുക! ഈ ഹൃദയാനന്ദകരമായ വാഗ്ദത്തത്തിൻെറ നിവൃത്തി മനുഷ്യരെ ആശ്രയിച്ചിരിക്കുന്നില്ലെന്നറിയുന്നതു വീണ്ടും എത്ര ഉറപ്പു നൽകുന്നതാണ്! ദൈവമാണ് അതു കൈവരുത്തുന്നതു്. എങ്ങനെ? ദുഷ്ടന്മാരെ നശിപ്പിക്കുന്നതിനാലും അവൻെറ ജനത്തെ സമാധാനത്തിൻെറ വഴികളിൽ അഭ്യസിപ്പിക്കുന്നതിനാലും തന്നെ.—സദൃശവാക്യങ്ങൾ 2: 21, 22; യെശയ്യാ 54:13.

5 ദൈവം നിർമ്മിക്കുന്ന പുതിയ വ്യവസ്ഥിതിയിൽ ആളുകൾ അനുഭവിക്കുന്ന അനേകം അനുഗ്രഹങ്ങളിൽ നല്ല ആരോഗ്യം ഉൾപ്പെടുന്നു. നമുക്കെല്ലാം വളരെയധികം സങ്കടം കൈവരുത്തുന്ന മരണംപോലും മേലാൽ ഉണ്ടായിരിക്കുന്നതല്ല. സ്രഷ്ടാവിൻെറ വാഗ്ദത്തം ഇതാണ്: "[ദൈവം] അവരുടെ കണ്ണുകളിൽ നിന്നു് കണ്ണുനീരെല്ലാം തുടച്ചുകളയും, മേലാൽ മരണം ഉണ്ടായിരിക്കുന്നതല്ല, വിലാപമോ നിലവിളിയോ വേദനയോ ഇനി ഉണ്ടായിരിക്കുകയില്ല . . . നോക്കു! ഞാൻ സകലവും പുതുതാക്കുന്നു." (വെളിപാട് 21:4, 5)* അതു് യാതൊരു മാനുഷഭരണാധിപനും, ശാസ്ത്രജ്ഞനും, ഡോക്ടർക്കും ചെയ്യാൻ കഴിയാത്തതാകുന്നു; എന്നാൽ അതു ദൈവം ചെയ്യുന്നതായിരിക്കും. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിൻെറ ഏക ഉദ്ദേശ്യം അവൻ വളരുന്നതിനു് ഇരുപതു വർഷവും, ഒരുപക്ഷേ അറിവും പരിചയവും സമ്പാദി

* ഡൂവേഭാഷാന്തരത്തിൽ വെളിപാട് എന്ന ബൈബിൾപുസ്തകം അപ്പോക്കലിപ്പ്സ് എന്നു വിളിക്കപ്പെട്ടിരിക്കുന്നു.

5. (എ) പുതിയ വ്യവസ്ഥിതിയിൽ രോഗത്തിനും മരണത്തിനും എന്തു സംഭവിക്കും? (ബി) മനുഷ്യൻെറ ഇപ്പോഴത്തെ ഹ്രസ്വമായ ആയുസ്സിനെക്കുറിച്ച് ഏതു ചോദ്യങ്ങൾ ഉദിക്കുന്നു?

ക്കുന്നതിനു് വേറൊരു ഇരുപതോ മുപ്പതോ വർഷവും ചെല വഴിക്കണമെന്നും അനന്തരം താമസിയാതെ വൃദ്ധനായിത്തുടങ്ങുകയും രോഗം പിടിപെടുകയും മരിക്കുകയും ചെയ്യണമെന്നുമുള്ളതാണു് എന്നതു് ന്യായയുക്തമാണോ? ഒരു കടലാമപോലും ഇരുനൂറു വയസ്സുവരെ ജീവിച്ചേക്കാമെന്നും, ഒരു വൃക്ഷം അതിലും ദീർഘമായി ജീവിച്ചേക്കാമെന്നുമുള്ളപ്പോൾ മനുഷ്യന്റെ ആയുസ്സ് ഇത്ര ചുരുങ്ങിയതായിരിക്കേണ്ടതെന്തുകൊണ്ടു്? ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് മരിക്കുന്നതിനല്ല, ജീവിക്കുന്നതിനാണു്. താമസിയാതെ ഇവിടെ ഭൂമിയിൽ തന്നെ ജീവൻ നിത്യമായി ആസ്വദിക്കാൻ സാദ്ധ്യമാകുമെന്നു് സ്രഷ്ടാവു് വാഗ്ദത്തംചെയ്യുന്നു. (യെശയ്യാ 25:8) സമാധാനപ്രേമികളായ അയൽക്കാരും നല്ല ആരോഗ്യവും നമ്മുടെ ജീവിതത്തെ നിറയ്ക്കുന്നതിനു് സംതൃപ്തിദായകമായ പ്രവർത്തനവുമുള്ളപ്പോൾ അതു് എന്തൊരു ഉല്ലാസമായിരിക്കും!

6 ഈ പുതിയ വ്യവസ്ഥിതി വരുമെന്നു് നിങ്ങൾക്കു് എങ്ങനെ ഉറപ്പുണ്ടായിരിക്കാൻ കഴിയും? അതു് ഒരു സ്വപ്നം മാത്രമല്ലെന്നു് നിങ്ങൾക്കെങ്ങനെ ഉറപ്പുണ്ടായിരിക്കാൻ കഴിയും? സർവ്വശക്തനായ ദൈവമാണു് അതു വാഗ്ദത്തം ചെയ്തിരിക്കുന്നതെന്നുള്ളതുകൊണ്ടു് നിങ്ങൾക്കു് ഉറപ്പോടെ വിശ്വസിക്കാൻ കഴിയും. പ്രപഞ്ചത്തെ സൃഷ്ടിക്കയും നിലനിർത്തുകയുംചെയ്യുന്നവൻ അതു വരുമെന്നുള്ളതിനു് ഉറപ്പു നൽകിയിരിക്കുന്നു. "ദൈവത്തിനു . . . ഭോഷ്കുപറയുവാൻ സാദ്ധ്യമല്ല." (തീത്തോസ് 1:2) അവന്റെ വചനം ഒരിക്കലും നിവൃത്തിയേറാതെപോകുന്നില്ല.—യോശുവാ 23:14.

7 ഈ പുളകംകൊള്ളിക്കുന്ന സത്യങ്ങൾ, ദൈവവചനമാകുന്ന ബൈബിളിൽ, വിശുദ്ധ തിരുവെഴുത്തുകളിൽ, കാണപ്പെടുന്നു. ഭൂമിയിൽ സംഭവിച്ചിട്ടുള്ളതിന്റെ കാരണത്തെയും മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തെയും, യഥാർത്ഥമായി തൃപ്തിപ്പെടുത്തുന്ന ഒരു വിധത്തിൽ വിശദീകരിക്കുന്ന വിവരങ്ങളുടെ വേറെ ഉറവു മനുഷ്യനു് ലഭ്യമല്ല. ബൈബിൾ എഴുതുന്നതിനു് മനുഷ്യർ ഉപയോഗിക്കപ്പെട്ടുവെന്നിരിക്കെ, അവർ അങ്ങനെ ചെയ്തതു് ദൈവത്തിന്റെ പ്രബലമായ കർമ്മോദ്യുക്തശക്തിയുടെ അഥവാ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൻകീഴിലായി

---

6. ഈ പുതിയ വ്യവസ്ഥിതി വരുമെന്നു് നമുക്കു് ഉറപ്പുണ്ടായിരിക്കാൻ കഴിയുന്നതെങ്ങനെ?

7. ബൈബിൾ എഴുതുന്നതിനു്, മനുഷ്യർ ഉപയോഗിക്കപ്പെട്ടെങ്കിലും നമുക്കു് അതിനെ "ദൈവവചന"മായി യഥാർത്ഥത്തിൽ വീക്ഷിക്കാൻ കഴിയുന്നതെന്തുകൊണ്ടു്?

രുന്നു, തന്നിമിത്തം, "എല്ലാതിരുവെഴുത്തും ദൈവനിശ്വസ്ത" മാണ്. (2 തിമൊഥെയോസ് 3:16) ഒരു അദൃശ്യറേഡിയോവീചിക്ക് നിങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കാൻ കഴിയുന്നതുപോലെ, മനുഷ്യവർഗ്ഗം അറിയണമെന്ന് താൻ ആഗ്രഹിച്ച കാര്യങ്ങൾ എഴുതുന്നതിന് ദൈവത്തിന്റെ അദൃശ്യമായ കർമ്മോദ്യുക്തശക്തി ബൈബിളിന്റെ എഴുത്തുകാരെ നയിച്ചു, അതുകൊണ്ടാണ് ആ എഴുത്തുകാരിൽ ഒരുവനായ അപ്പോസ്തലനായ പൌലോസിനു് ഇങ്ങനെ പറയാൻ കഴിഞ്ഞതു്: "നിങ്ങൾ ഞങ്ങളിൽനിന്നു് കേട്ട ദൈവവചനം നിങ്ങൾ സ്വീകരിച്ചപ്പോൾ, മനുഷ്യരുടെ വചനമായിട്ടല്ല, പിന്നെയോ അതു സത്യമായി ആയിരിക്കുന്നതുപോലെ, ദൈവവചനമായിത്തന്നെ നിങ്ങൾ അതിനെ കൈക്കൊണ്ടു." —1 തെസ്സലോനീക്യർ 2:13; 2 പത്രോസ് 1:20, 21 കൂടെ കാണുക.

## ലോകവിസ്തൃതമായ മാററം സമീപിച്ചിരിക്കുന്നു

8 ദൈവത്തിന്റെ സത്യവചനം നമ്മോടു സുവ്യക്തമായി പറയുന്നതു് നാം ലോകവിസ്തൃതമായ ഒരു മാററത്തോടു് സത്വരം സമീപിച്ചുവരികയാകുന്നുവെന്നാണ്. യേശുക്രിസ്തു ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തെ മുൻകൂട്ടിപ്പറഞ്ഞപ്പോൾ അവന്റെ മനസ്സിൽ ഉണ്ടായിരുന്നതു് നമ്മുടെ കാലമായിരുന്നുവെന്നു് അതു നമുക്കു കാണിച്ചുതരുന്നു. അന്ത്യം അടുത്തിരിക്കുന്നതെപ്പോഴെന്നു് അവന്റെ ഭാവിയനുഗാമികൾ അറിയേണ്ടതിന് നോക്കിപ്പാർത്തിരിക്കേണ്ട അനേകം കാര്യങ്ങൾ യേശു മുൻകൂട്ടിപ്പറഞ്ഞു. ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യനാളുകളുടെ അടയാളമായി ലോകയുദ്ധങ്ങളും ഭക്ഷ്യക്ഷാമങ്ങളും വർദ്ധിച്ചുവരുന്ന അധർമ്മവും ദൈവത്തിലുള്ള വർദ്ധിച്ച വിശ്വാസനഷ്ടവും സംഭവിക്കുമെന്നു് അവൻ പറഞ്ഞു. (മത്തായി 24:3-12) "പോംവഴി അറിയാത്ത രാഷ്ട്രങ്ങളുടെ അതിവേദന" ഉണ്ടായിരിക്കുമെന്നും അവൻ പറഞ്ഞു. (ലൂക്കോസ് 21:25) നമ്മുടെ ജീവിതകാലത്തു് നാം ഈ പ്രവചനങ്ങളുടെ നിവൃത്തി കണ്ടിരിക്കുന്നു.

9 ലോകസംഭവങ്ങൾ പഠിക്കുന്ന നിരവധി മനുഷ്യർക്ക് ഒരു വലിയ മാററം തീർച്ചയായും രൂപംപ്രാപിച്ചുവരികയാണെന്നു് ബോദ്ധ്യമായിരിക്കുന്നു. സുപ്രസിദ്ധ എഴുത്തുകാര

---

8. ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യനാളുകളുടെ അടയാളമായിരിക്കുമെന്നു് യേശു പറഞ്ഞ ചില സംഭവങ്ങളേവ?

9. ലോകസംഭവങ്ങൾ പഠിക്കുന്ന മനുഷ്യർ നമ്മുടെ കാലത്തെക്കുറിച്ചു് പറയുന്നതിന്റെ ഒന്നോ രണ്ടോ ദൃഷ്ടാന്തങ്ങൾ നൽകുക.

നായ വാൾട്ടർ ലിപ്മാൻ ഇങ്ങനെ പറഞ്ഞു: "നമ്മേസംബന്ധിച്ച്, മുഴുലോകവും ക്രമരഹിതവും, അപകടകരവും, ഭരണരഹിതവും, പ്രത്യക്ഷത്തിൽ ഭരിക്കാൻ പാടില്ലാത്തതുമാകുന്നു. എല്ലായടത്തും വലിയ ഉൽക്കണ്ഠയും അമ്പരപ്പുമുണ്ട്." ഇതെല്ലാം "നാം സുസ്ഥാപിതവും പരമ്പരാഗതവുമായ ജീവിതരീതിയുടെ അന്തിമ അദ്ധ്യായങ്ങളിലൂടെ ജീവിക്കുകയാണെന്നുള്ള ചരിത്രവസ്തുതയെ കുറിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു"* എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ പണ്ട് 1960-ൽ റിപ്പോർട്ടു ചെയ്യപ്പെട്ടപ്രകാരം ഐക്യനാടുകളിലെ ഒരു മുൻ സ്റ്റേററ് സെക്രട്ടറിയായിരുന്ന ഡീൻ ആച്ചിസൻ, നമ്മുടെ കാലം "അതുല്യമായ അസ്ഥിരതയുടെ, അതുല്യമായ അക്രമത്തിൻെറ ഒരു ഘട്ട"മാണെന്ന് പ്രഖ്യാപിച്ചു. "ഇന്നു മുതൽ പതിനഞ്ചു വർഷത്തിനകം, ഈ ലോകം ജീവിക്കാൻ പാടില്ലാത്ത വിധം അത്ര അപകടകരമായിത്തീരാൻ പോകയാണെന്ന് നിങ്ങൾക്ക് ഉറപ്പു നൽകാൻതക്കവണ്ണം സംഭവിച്ചുകൊണ്ടിരിക്കുന്നതു് സംബന്ധിച്ച് എനിക്കു വേണ്ടത്ര അറിവുണ്ട്"† എന്ന് അദ്ദേഹം മുന്നറിയിപ്പുനൽകി.

[10] ദൈവത്തിൻെറ സത്യവചനത്തിൽ മുൻകൂട്ടിപ്പറഞ്ഞിരിക്കുന്ന അനേകം കാര്യങ്ങൾ ലോകമാററത്തിനുള്ള സമയം ഇപ്പോൾത്തന്നെ നമ്മിൽ എത്തിയിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു! ബൈബിൾ പ്രവചനത്തിൻെറ നിവൃത്തിയെന്ന നിലയിൽ ഇന്നു ലോകത്തിലെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നതു പ്രകടമാക്കുന്നതു്, ഈ മുഴു ദുഷ്ടവ്യവസ്ഥിതിയുടെയും നാശം കാണുന്ന കാലം നമ്മുടേതാണെന്നാണ്. ദൈവത്തിൻെറ ഗവർമ്മെൻറിനാലുള്ള സർവ്വഭൂമിയുടെയും ഭരണത്തിന് ഇടമുണ്ടാക്കുന്നതിന് ഏതൽക്കാലഗവർമ്മെൻറുകൾ നീക്കപ്പെട്ടും. (ദാനിയേൽ 2:44; ലൂക്കോസ് 21:31, 32) ഈ മാററത്തെ യാതൊന്നിനും തടയാൻ സാദ്ധ്യമല്ല, എന്തുകൊണ്ടെന്നാൽ ദൈവം അതു് ഉദ്ദേശിച്ചിരിക്കുന്നു.

* 1967 ഒക്ടോബർ 9 ലെ ന്യൂസ്‌വീക്ക്, പേജ് 21.

† യു. എസ്. ന്യൂസ് & വേൾഡ് റിപ്പോർട്ട്, 1960 ജൂൺ 13, പേജുകൾ 116, 119.

10. (എ) ലോകമാററം വളരെ അടുത്തിരിക്കുന്നുവെന്ന് നാം എങ്ങനെ അറിയുന്നു? (ബി) ആസന്നമായിരിക്കുന്ന ലോകമാററം എന്തിൻെറ നാശം കൈവരുത്തും?

## നിത്യജീവനിലേയ്ക്കു നയിക്കുന്ന സത്യം

[11] വരാൻപോകുന്ന ലോകമാററം നിങ്ങളുൾപ്പെടെ ഭൂമുഖത്തുള്ള സകലരേയും ബാധിക്കും. നിങ്ങൾ ജീവനെ സ്നേഹിക്കയും ജീവിച്ചിരിക്കാനാഗ്രഹിക്കയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ദൈവത്തെക്കുറിച്ചും അവന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചും അവന്റെ വ്യവസ്ഥകളെക്കുറിച്ചുമുള്ള സൂക്ഷ്മമായ അറിവു സമ്പാദിക്കാൻ ധൃതിപ്പെടണം. നിങ്ങൾ ഇതു ചെയ്യാനാണ ദൈവം ആഗ്രഹിക്കുന്നതു്, എന്തെന്നാൽ "സകലതരം മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ സൂക്ഷ്മപരിജ്ഞാനത്തിൽ വരണമെന്നുമുള്ളതാണു്" അവന്റെ ഇഷ്ടം. (1 തിമൊഥെയോസ് 2:4) ദൈവത്തിന്റെ സത്യവചനത്തിൽനിന്നുള്ള സൂക്ഷ്മപരിജ്ഞാനം ഇപ്പോഴത്തെ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തെ അതിജീവിക്കുന്നതിന് പരമാർത്ഥഹൃദയമുള്ള ആളുകളെ പ്രാപ്തരാക്കും. (സെഫന്യാവ് 2:3)* അതു ദൈവത്തിന്റെ മഹത്തായ പുതിയ വ്യവസ്ഥിതിയിലെ നിത്യജീവനിലേക്കുള്ള വഴിയും വെളിപ്പെടുത്തും. യേശുക്രിസ്തു ദൈവത്തോടുള്ള പ്രാർത്ഥനയിൽ ഇങ്ങനെ പറഞ്ഞു: "അവർ ഏകസത്യദൈവമായ നിന്നേയും നീ അയച്ച യേശുക്രിസ്തുവിനേയുംകുറിച്ചുള്ള അറിവു് ഉൾക്കൊള്ളുന്നതിന്റെ അർത്ഥം നിത്യജീവൻ എന്നാകുന്നു."—യോഹന്നാൻ 17:3; യോഹന്നാൻ 4:14 കൂടെ കാണുക.

[12] പെട്ടെന്നുതന്നെ നാം ലോകത്തിലെ സകല കുഴപ്പങ്ങളുടെയും അന്തം കാണുമെന്നറിയുന്നതു് എത്ര പ്രോത്സാഹജനകമാണു്! ജീവിതം പൂർണ്ണമായി എന്നേക്കും ആസ്വദിക്കാൻ സാധിക്കുന്ന ഒരു പുതിയ വ്യവസ്ഥിതിയിലേക്കു് അടുത്തുതന്നെ പ്രവേശിക്കാമെന്നുള്ള പ്രത്യാശ നമുക്കുണ്ടെന്നറിയുന്നതു് എത്ര പുളകപ്രദമാണു്! ഇതു ബൈബിളിൽനിന്നുള്ള സത്യം പഠിക്കുന്നതിനാഗ്രഹിക്കാൻ നമ്മിലോരോരുത്തർക്കും പ്രബലമായ കാരണങ്ങൾ നൽകേണ്ടതാണു്. ഈ സത്യം അന്വേഷിക്കുന്നതിനാൽ നാം ദൈവത്തിന്റെ പുതി

---

* സെഫെനിയാസ് 2:3, ഡൂവേഭാഷാന്തരം.

---

11. (എ) ആസന്നമായിരിക്കുന്ന ലോകമാററത്തിന്റെ ഫലങ്ങളിൽനിന്നു് നമുക്കു രക്ഷപെടാൻ കഴിയുമോ? (ബി) അതുകൊണ്ടു്, നാം ജീവിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, 1 തിമൊഥെയോസ് 2:4, യോഹന്നാൻ 17:3 എന്നിവയനുസരിച്ചു് നാം എന്തു ചെയ്യണം?

12. ബൈബിളിൽനിന്നു് സത്യം പഠിക്കാനാഗ്രഹിക്കുന്നതിനു് ഏതു പ്രബലമായ കാരണങ്ങൾ നമുക്കുണ്ടു്?

യ വ്യവസ്ഥിതിയിലെ "നിത്യജീവ"നാകുന്ന "യഥാർത്ഥജീവന്റെമേൽ ഒരു ദൃഢമായ പിടി [ലഭിക്കേണ്ടതിന്] ഭാവിക്കുവേണ്ടി ഒരു നല്ല അടിസ്ഥാനം" ഇട്ടുതുടങ്ങുന്നു.—1 തിമൊഥെയോസ് 6:19; *AV*.

# നിങ്ങളുടെ മതത്തെ പരിശോധിക്കുന്നത് ബുദ്ധിപൂർവ്വകമായിരിക്കുന്നതിൻെറ കാരണം

ദൈവവുമായുള്ള നമ്മുടെ നിലപാടിനെക്കുറിച്ചു ഗൗരവമായി ചിന്തിക്കാൻ നമുക്കു നല്ല കാരണമുണ്ട്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ദൈവം താമസിയാതെ ദുഷ്ടന്മാരെ നശിപ്പിച്ചു് തൻെറ നീതിയുള്ള പുതിയ വ്യവസ്ഥിതി സ്ഥാപിക്കുമെന്നു് തെളിവു് സൂചിപ്പിക്കുന്നു. അതുകൊണ്ട് "ഞാൻ ദൈവം അംഗീകരിക്കുന്ന വിധത്തിൽ അവനെ ആരാധിക്കുന്നുവോ?" എന്നു് നാം ചോദിക്കേണ്ട ആവശ്യമുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുന്നതെന്തെന്നു് വിധിക്കുന്നതു് ഏതെങ്കിലും മനുഷ്യനല്ല, പിന്നെയോ ദൈവമാണ്. ദൈവത്തിൻെറ വീക്ഷണഗതി കിട്ടുന്നതിനു്, നാം ബൈബിളിലേക്കു പോകേണ്ട ആവശ്യമുണ്ട്. നാം നിത്യജീവൻ പ്രാപിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ പിന്തുടരേണ്ട ഗതി എന്തെന്നു് അവിടെ വ്യക്തമായി അവൻ നമ്മോടു പറയുന്നു. (സദൃശവാക്യങ്ങൾ 3:1, 2) അവൻ പറയുന്നതു നാം ഹൃദയത്തിൽ കരുതിക്കൊള്ളുകയും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യുന്നുവെങ്കിൽ അതു് ഇപ്പോഴും വരുവാനുള്ള യുഗങ്ങളിലുംനമുക്കു് അത്ഭുതകരമായ അനുഗ്രഹങ്ങളിൽ കലാശിക്കും.

[2] ഈ സംഗതി സംബന്ധിച്ചു് ബൈബിൾ പറയുന്നതു് നാം പരിശോധിക്കുമ്പോൾ നാം എന്തു കണ്ടെത്തുന്നു? വളരെയധികം വ്യത്യസ്തവിധങ്ങളിൽ മതമാചരിക്കുന്ന സഹസ്രലക്ഷക്കണക്കിനാളുകൾ ദൈവത്തിനു പ്രസാദമുള്ളവരാണെന്നു് അതു പഠിപ്പിക്കുന്നുവോ? എല്ലാ മതങ്ങളും നല്ലതാണെന്നു അതു തെളിയിക്കുന്നുവോ? ദൈവം എങ്ങനെ ഈ കാര്യത്തെ വീക്ഷിക്കുന്നുവെന്നു് അറിയുവാൻ നമ്മെ പ്രാപ്തരാക്കേണ്ടതി

---

1. (എ) ദൈവം താമസിയാതെ ഈ വ്യവസ്ഥിതിയെ നശിപ്പിക്കുമെന്നുള്ളതുകൊണ്ടു്, നാം നമ്മുടെ ആരാധനയെക്കുറിച്ചു് എന്തു ചോദ്യം ചോദിക്കേണ്ട ആവശ്യമുണ്ട്? (ബി) ദൈവം അംഗീകരിക്കുന്ന ഗതി നാം പിന്തുടരുവാനാഗ്രഹിക്കുന്നുവെങ്കിൽ നാം ഏതു പുസ്തകത്തിലേക്കു പോകും?
2. എല്ലാ മതങ്ങളും ദൈവത്തിനു പ്രസാദകരമല്ലെന്നു് ബൈബിളിലെ ഏതു പ്രസ്താവന തെളിയിക്കുന്നു?

ന് അവൻ ഈ ലളിതമായ പ്രസ്താവന തന്റെ വചനത്തിൽ രേഖപ്പെടുത്തുവാനിടയാക്കി: "നാശത്തിലേക്കു നയിക്കുന്ന പാത വീതിയുള്ളതും വിശാലവുമാകുന്നു. അതിലെ പോകുന്നവർ അനേകരാകുന്നു; അപ്പോൾത്തന്നെ ജീവനിലേക്കു നയിക്കുന്ന പടിവാതിൽ ഇടുങ്ങിയതും പാത ഞെരുക്കമുള്ളതും ആകുന്നു, അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ." (മത്തായി 7:13, 14) ആ വാക്കുകൾ എത്ര വ്യക്തമായി നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു! അനേകമാളുകൾ ദൈവത്തിനു പ്രസാദകരമായ വിധത്തിൽ അവനെ ആരാധിക്കുന്നില്ലെന്ന് അവ പ്രകടമാക്കുന്നു. ജീവനിലേക്കു നയിക്കുന്ന പാതയിൽ ചുരുക്കംപേർ മാത്രമേയുള്ളു.

[3] വളരെയധികം മതത്തെ ദൈവം അംഗീകരിക്കുന്നില്ലെന്നുള്ള വസ്തുതയോടു നിങ്ങൾ നിഷ്പ്രയാസം യോജിക്കുന്നതായി നിങ്ങൾ കണ്ടെത്താനിടയുണ്ട്. നിസ്സംശയമായി, നിങ്ങൾ അംഗീകരിക്കുന്നില്ലാത്തതായി മതത്തിന്റെപേരിൽ ചെയ്യപ്പെടുന്ന വളരെയധികം കാര്യങ്ങളുണ്ട്. ദൃഷ്ടാന്തമായി, നിങ്ങൾ സഭകളിൽ നോക്കുകയും ദുർമ്മാർഗ്ഗജീവിതം നയിക്കെത്തന്നെ നീതിമാന്മാരാണെന്നു നടിക്കുന്ന ആളുകളെ നിരീക്ഷിക്കയും ചെയ്യുമ്പോൾ എന്തോ കുഴപ്പമുണ്ടെന്നു് നിങ്ങളറിയുന്നു. (2 തിമൊഥെയോസ് 3:4, 5) ചില വൈദികന്മാർ അവിവാഹിതർതമ്മിലുള്ള ലൈംഗികബന്ധങ്ങളെ പരസ്യമായി അംഗീകരിക്കുന്നതായും, ചില സാഹചര്യങ്ങളിൽ സ്വവർഗ്ഗസംഭോഗം ശരിയാണെന്ന് അവർ പറയുന്നതായും നിങ്ങൾ വർത്തമാനപ്പത്രത്തിൽ വായിക്കുമ്പോൾ ദൈവം പറയുന്നതു് ഇതല്ലെന്നു് നിങ്ങൾക്കു് നല്ലവണ്ണമറിയാം. ദൈവം പുരാതന നഗരങ്ങളായ സോദോമിനെയും ഗോമോറയേയും നശിപ്പിച്ചുവെന്നു് നിങ്ങൾ ഓർത്തേക്കാം. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അവർ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു! അതുകൊണ്ട് അതുപോലെ പ്രവർത്തിക്കുന്നതു് ശരിയാണെന്നു് ആളുകളോടു പറയുന്ന ഒരു മതത്തെ ദൈവം അംഗീകരിക്കാൻ പോകുന്നില്ലെന്നു് നിങ്ങൾക്കറിയാം.—യൂദാ 7.

[4] എന്നിരുന്നാലും, "നിങ്ങൾ ശുദ്ധമായ ഒരു ധാർമ്മിക

3. നിങ്ങൾ അംഗീകരിക്കാത്തതായി മതത്തിന്റെ പേരിൽ ചെയ്യപ്പെടുന്ന കാര്യങ്ങളുണ്ടോ?

4. (എ) നാം ധാർമ്മികനിഷ്ഠയും ദയയുമുള്ളവരായിരിക്കുന്നതിനു പുറമേ യോഹന്നാൻ 4:23 ലെ യേശുവിന്റെ വാക്കുകളുടെ വീക്ഷണത്തിൽ നാം നമ്മുടെ മതത്തെക്കുറിച്ച് മറെറന്തുകൂടി പരിചിന്തിക്കണം? (ബി) നമ്മെ പഠിപ്പിച്ചിരിക്കുന്ന ഉപദേശങ്ങളെ നാം പരിശോധിക്കേണ്ടതാവശ്യമായിരിക്കുന്നതെന്തുകൊണ്ട്?

ജീവിതം നയിക്കയും നിങ്ങളുടെ അയൽക്കാരോടു ദയാപൂർവ്വം ഇടപെടുകയും ചെയ്യുന്നിടത്തോളം കാലം നിങ്ങൾ എന്തു വിശ്വസിക്കുന്നുവെന്നതിൽ കാര്യമില്ല" എന്നു് ആളുകൾ പറയുന്നതു് നിങ്ങൾ കേട്ടിരിക്കുമെന്നതിനു് സംശയമില്ല. എന്നാൽ സ്വീകാര്യമായവിധത്തിൽ ദൈവത്തെ ആരാധിക്കുന്നതിൽ അതു മാത്രമാണോ അടങ്ങിയിരിക്കുന്നതു്? ഈ കാര്യങ്ങൾ ആവശ്യമാണു്. എന്നാൽ ദൈവം കൂടുതൽ ആവശ്യപ്പെടുന്നുണ്ടു്. ഉപദേശങ്ങളും ഉൾപ്പെട്ടിരിക്കുന്നു. "സത്യാരാധകർ പിതാവിനെ ആത്മാവോടും സത്യത്തോടുംകൂടെ ആരാധിക്കു"മെന്നു് ബൈബിൾ നമ്മെ അറിയിക്കുന്നു. (യോഹന്നാൻ 4:23) നമ്മുടെ ആരാധന ദൈവത്തിനു സ്വീകാര്യമായിരിക്കണമെങ്കിൽ അതു ദൈവത്തിന്റെ സത്യവചനത്തിൽ ഉറപ്പായി വേരിറങ്ങിയിട്ടുള്ളതായിരിക്കണം. ദൈവത്തെ സേവിക്കുന്നതായി അവകാശപ്പെട്ടവരും, എന്നാൽ ദൈവവചനത്തെ അപേക്ഷിച്ചു് മാനുഷപാരമ്പര്യങ്ങളെ അധികമായി ആശ്രയിച്ചവരുമായ ആളുകളെ യേശു ശാസിച്ചു. അവൻ യെശയ്യാ 29:13-ൽനിന്നുള്ള ദൈവത്തിന്റെ സ്വന്ത വചനങ്ങളെ അവർക്കു ബാധകമാക്കിക്കൊണ്ടു പറഞ്ഞു: "അവർ മനുഷ്യരുടെ കല്പനകളെ ഉപദേശങ്ങളായി പഠിപ്പിക്കുന്നതുകൊണ്ടു് അവർ എന്നെ ആരാധിച്ചുകൊണ്ടിരിക്കുന്നതു് വ്യർത്ഥമായിട്ടാണു്." (മത്തായി 15:9) നമ്മുടെ ആരാധന വ്യർത്ഥമായിരിക്കാൻ നാം ആഗ്രഹിക്കുന്നില്ലാത്തതുകൊണ്ടു് നമ്മിലോരോരുത്തരും തന്റെ മതത്തെ പരിശോധിക്കുന്നതു് പ്രാധാന്യമുള്ളതാണു്.

[5] നാം വ്യക്തിപരമായി വിശ്വസിക്കുന്നതിനെ മാത്രമല്ല, നാം സഹവസിച്ചേക്കാവുന്ന ഏതൊരു മതസ്ഥാപനവും പഠിപ്പിക്കുന്നതിനെയും പരിശോധിക്കേണ്ട ആവശ്യമുണ്ടു്. അതിന്റെ ഉപദേശങ്ങൾ ദൈവവചനത്തോടു പൂർണ്ണ യോജിപ്പിലാണോ, അതോ അവ മനുഷ്യരുടെ പാരമ്പര്യങ്ങളിൽ അധിഷ്ഠിതമാണോ? നാം സത്യത്തെ സ്നേഹിക്കുന്നവരാണെങ്കിൽ അങ്ങനെയുള്ള ഒരു പരിശോധനയിൽ ഭയപ്പെടാനൊന്നുമില്ല. നമ്മെ സംബന്ധിച്ചുള്ള ദൈവേഷ്ടമെന്താണെന്നു് മനസ്സിലാക്കുകയെന്നതും അനന്തരം അതു ചെയ്യുക എന്നതും നമ്മിലോരോരുത്തരുടേയും ആത്മാർത്ഥമായ ആഗ്രഹമായിരിക്കണം.—യോഹന്നാൻ 8:32.

5. നമ്മുടെ വ്യക്തിപരമായ വിശ്വാസങ്ങളെ മാത്രമല്ല, നാം സഹവസിച്ചേക്കാവുന്ന ഏതു മതസ്ഥാപനത്തിന്റെയും ഉപദേശങ്ങളെയും പരിശോധിക്കേണ്ടതെന്തുകൊണ്ടു്?

6 സഭാംഗങ്ങൾക്ക് ബൈബിൾ ഉണ്ടായിരുന്നേക്കാമെന്നോ, അതു പ്രസംഗപീഠത്തിൽനിന്നു് ചിലപ്പോഴൊക്കെ അവരെ വായിച്ചുകേൾപ്പിക്കുന്നുണ്ടെന്നോ ഉള്ള വെറും വസ്തുത, അതിൽത്തന്നെ, അവർ പഠിപ്പിക്കപ്പെടുന്നതെല്ലാം ബൈബിളിലുണ്ടെന്നു തെളിയിക്കുന്നില്ല. ബൈബിൾ ഉള്ളതു നല്ലതാണ്; ഓരോ വ്യക്തിക്കും അതു വേണം. എന്നാൽ അതു പറയുന്നതെന്തെന്നു് നാം അറിയുകയും അതു വിശ്വസിക്കുകയുംകൂടെ വേണം. ഒരു മതം യഥാർത്ഥമായി ബൈബിളിനെ ദൈവവചനമായി സ്വീകരിക്കുന്നുവെങ്കിൽ അതു് അതിന്റെ ചില ഭാഗങ്ങളെ ഉപയോഗിക്കുന്നതിനും മററു ഭാഗങ്ങളെ തള്ളിക്കളയുന്നതിനും ഒരുമ്പെടുകയില്ല. "എല്ലാ തിരുവെഴുത്തും ദൈവനിശ്വസ്തവും പഠിപ്പിക്കലിനും, ശാസനത്തിനും, കാര്യങ്ങൾ നേരെയാക്കുന്നതിനും പ്രയോജനപ്രദവുമാകുന്നു." (2 തിമൊഥെയോസ് 3:16) ഇതു് ഇങ്ങനെയാകയാൽ ദൈവത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മതം അതിന്റെ വിശദാംശങ്ങളിലെല്ലാം ബൈബിളിനോടു യോജിക്കേണ്ടതാണ്.

7 ദൈവത്തെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കുന്ന മനുഷ്യൻ ആത്മാർത്ഥതയുള്ളവനായിരിക്കണം. എന്നാൽ ആത്മാർത്ഥത മാത്രം ഒരുവന്റെ മതത്തെ ദൈവദൃഷ്ടിയിൽ അംഗീകൃതമാക്കുന്നില്ല. അപ്പോസ്തലനായ പൌലോസ് തന്റെ കാലത്തെ ചിലരെക്കുറിച്ചു് പിൻവരുന്നപ്രകാരം എഴുതുന്നതിനു് ദൈവാത്മാവിനാൽ പ്രേരിതനായി: "അവർക്കു ദൈവത്തെക്കുറിച്ചു് തീക്ഷ്ണതയുണ്ടെന്നു് ഞാൻ അവരെക്കുറിച്ചു് സാക്ഷ്യം വഹിക്കുന്നു; എന്നാൽ സൂക്ഷ്മപരിജ്ഞാനപ്രകാരമല്ല; എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ നീതി അറിയാതെ തങ്ങളുടെ സ്വന്തം നീതി സ്ഥാപിക്കാൻ ശ്രമിച്ചതിനാൽ, അവർ ദൈവത്തിന്റെ നീതിക്കു തങ്ങളേത്തന്നെ കീഴ്പ്പെടുത്തിയില്ല." (റോമർ 10:2, 3) തൽഫലമായി, അവരുടെ ആത്മാർത്ഥത തെററായി നയിക്കപ്പെട്ടു. അവരുടെ പ്രശ്നം, അവർ പ്രബോധനത്തിനുവേണ്ടി തെററായ ദിശയിൽ നോക്കിയിരുന്നുവെന്നതായിരുന്നു. അവർ, ദൈവപുത്രനെ തള്ളിക്കളഞ്ഞതും തന്നിമിത്തം ദൈവത്താൽ തള്ളിക്കളയപ്പെട്ടതു

6. (എ) ബൈബിൾ ചില സന്ദർഭങ്ങളിൽ ഒരു പള്ളിയിൽ ഉപയോഗിക്കപ്പെടുന്നുവെന്നുള്ള വസ്തുത, സകല സഭാ ഉപദേശങ്ങളും ബൈബിളിൽനിന്നാണെന്നു് തെളിയിക്കുന്നുവോ? (ബി) ദൈവത്താൽ അംഗീകൃതമായ മതം എല്ലാം വിശദാംശങ്ങളിലും ബൈബിളിനോടു യോജിക്കേണ്ടതെന്തുകൊണ്ട്?

7. അപ്പോസ്തലനായ പൌലോസിനാൽ പ്രകടമാക്കപ്പെട്ടതുപോലെ, ആരാധകരുടെ ആത്മാർത്ഥത അതിൽതന്നെ അവരുടെ മതം ദൈവത്താൽ അംഗീകൃതമാണെന്നു സൂചിപ്പിക്കുന്നുവോ?

മായ യഹൂദമതവ്യവസ്ഥിതിയോടു പററിനിന്നു.—പ്രവൃത്തികൾ 2:36, 40; സദൃശവാക്യങ്ങൾ 14:12.

[8] ആ സ്ഥിതിക്ക്, ക്രിസ്തുവിൻെറ നാമം എടുക്കുകയും തങ്ങളുടെ കർത്താവായി അവനെ സ്വീകരിക്കുന്നുവെന്നവകാശപ്പെടുകയും ചെയ്യുന്ന മതങ്ങളെസംബന്ധിച്ചെന്ത്? അവൻെറ നാമത്തിലുള്ള അവരുടെ പ്രസംഗം, അവക്ക് ദൈവാംഗീകാരമുണ്ടെന്ന് ഉറപ്പു നൽകുന്നുണ്ടോ? പരിചിന്തിക്കപ്പെട്ടുകഴിഞ്ഞ തിരുവെഴുത്തുകളുടെ വീക്ഷണത്തിൽ, അതു് ഉറപ്പു നൽകുന്നില്ലെന്ന് ഒരു പക്ഷെ നിങ്ങൾ നിഗമനം ചെയ്തുകഴിഞ്ഞിരിക്കും. അങ്ങനെയെങ്കിൽ, സ്വർഗ്ഗീയ ന്യായാധിപതിയായി ദൈവം നിയമിച്ചിരിക്കുന്ന യേശുക്രിസ്തുവിനോട് നിങ്ങൾ ഈ സംഗതിയിൽ യോജിക്കുന്നു; എന്തുകൊണ്ടെന്നാൽ: "എന്നോടു 'കർത്താവേ, കർത്താവേ,' എന്നു പറയുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്. അനേകർ അന്നാളിൽ 'കർത്താവേ, കർത്താവേ, ഞങ്ങൾ നിൻെറ നാമത്തിൽ പ്രവചിക്കയും . . . ചെയ്തില്ലയോ?' എന്നു് എന്നോടു പറയും. എന്നിരുന്നാലും അന്നു ഞാൻ അവരോട്: ഞാൻ ഒരിക്കലും നിങ്ങളെ അറിഞ്ഞിട്ടില്ല! അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു് ഏററു പറയും" എന്നു് പറഞ്ഞുകൊണ്ട് അവൻ നമുക്കു മുന്നറിയിപ്പു നൽകുന്നു.—മത്തായി 7:21-23.

[9] ദൈവത്തിൻെറ അംഗീകാരത്തിനു് ബൈബിളിൻേറയും ദൈവേഷ്ടത്തിൻേറയും അറിവ് അത്യന്താപേക്ഷിതമാണ്. എന്നാൽ യേശു പറഞ്ഞതുപോലെ ആ ഇഷ്ടം *ചെയ്യുന്ന*താണ് ഗണ്യമായിട്ടുള്ളതു്. ഒരുവനു് താൻ പഠിച്ചിട്ടുള്ളതിനനുസൃതമായ പ്രവൃത്തികളുണ്ടായിരിക്കണം. (യാക്കോബ് 2:26) അപ്പോൾ, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു് ഒരുവൻെറ മതം ബൈബിളിനോട് പൂർണ്ണ യോജിപ്പിലായിരിക്കണം, ജീവിതത്തിലെ ഓരോ പ്രവർത്തനത്തിലും ബാധകമാക്കപ്പെടുകയും വേണം.—ലൂക്കോസ് 6:46-49.

[10] ഒരു മനുഷ്യൻ സത്യമതം ആചരിക്കുന്നുണ്ടോയെന്നു് അ

**8. ക്രിസ്തീയമാണെന്നു് അവകാശപ്പെടുന്ന സകല മതങ്ങൾക്കും ദൈവാംഗീകാരം ഇല്ലെന്നു് യേശുക്രിസ്തു എങ്ങനെ പ്രകടമാക്കി?**

**9. ഒരുവൻെറ മതം ദൈവത്തിനു് പ്രസാദകരമായിരിക്കുന്നതിനു് ബൈബിൾ പരിജ്ഞാനത്തിനു പുറമേ എന്താവശ്യമാണു്?**

**10. സത്യമതം ആചരിക്കുന്നവരുടെ വ്യക്തിപരമായ ജീവിതത്തിൽ അതു് എന്തു ഫലം കൈവരുത്തും?**

വന്റെ "ഫലങ്ങളാൽ," അതായതു് അവൻ ചെയ്യുന്ന കാര്യങ്ങളാൽ, നിങ്ങൾക്കു തിരിച്ചറിയുവാൻ കഴിയുമെന്നു് യേശു പറഞ്ഞു. (മത്തായി 7:20) ഇതേവിധത്തിൽ, ഒരു മതം ഉല്പാദിപ്പിക്കുന്ന ജനങ്ങളുടെ തരത്താൽ നമുക്കു് ആ മതത്തെ തിരിച്ചറിയാൻ കഴിയും. സത്യമതം മെച്ചപ്പെട്ട ആളുകളെ—മെച്ചപ്പെട്ട ഭർത്താക്കന്മാരെയും പിതാക്കന്മാരെയും, മെച്ചപ്പെട്ട ഭാര്യമാരെയും അമ്മമാരെയും—ഉളവാക്കേണ്ടതാണു്. അതു് സത്യസന്ധതയുള്ള ആളുകളെ, ശരിയായതു ചെയ്യുന്നതിനാൽ മററുള്ളവരുടെ ഇടയിൽ മികച്ചുനിൽക്കുന്നവരെ ഉളവാക്കണം. യഥാർത്ഥത്തിൽ ഒരുവനെ ദൈവത്തിങ്കലേക്കടുപ്പിക്കുന്ന ഒരു മതത്തെ സംബന്ധിച്ചു് നിങ്ങൾ അതല്ലയോ പ്രതീക്ഷിക്കുന്നതു്? ദൈവവും ഈ കാര്യങ്ങൾ നോക്കുന്നു, അവ ഒരു മതം ദൈവത്താൽ അംഗീകരിക്കപ്പെട്ടതാണോ അല്ലയോ എന്നു നിർണ്ണയിക്കുന്നു.

11 ദൈവേഷ്ടം ചെയ്യുന്നതിലുള്ള പരാജയംനിമിത്തം ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നവരോടുകൂടെ തരംതിരിക്കപ്പെടാൻ നിങ്ങൾ തീർച്ചയായും ആഗ്രഹിക്കുന്നില്ല. ആ സ്ഥിതിക്കു്, ബൈബിൾ സുപരിചിതമാക്കുന്നതു് നിങ്ങൾക്കു് പ്രയോജനപ്രദമായിരിക്കും. നിങ്ങൾ ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം അതു ചെയ്യുന്നതിനു നിങ്ങളെ സഹായിക്കാൻ തയ്യാറാക്കിയിരിക്കുന്നതാണു്. ദൈവവചനം അംഗീകരിക്കുന്ന, ആ പുരാതന ബരോവക്കാരുടെ ഗതി പിന്തുടരുക, എന്തുകൊണ്ടെന്നാൽ അവർ "വചനത്തെ ഏററവും വലിയ ആകാംക്ഷയോടെ സ്വീകരിച്ചു, ഈ കാര്യങ്ങൾ അങ്ങനെ തന്നെയോ എന്നു് ദിവസവും തിരുവെഴുത്തുകളെ ശ്രദ്ധാപൂർവ്വം പരിശോധിച്ചുകൊണ്ടുതന്നെ."—പ്രവൃത്തികൾ 17:11.

12 നിങ്ങൾ ദൈവവചനം പരിശോധിക്കുമ്പോൾ, നിങ്ങളുടെ ദൈവസ്നേഹം പരീക്ഷിക്കപ്പെടുമെന്നു് നിങ്ങൾ മനസ്സിലാക്കും. നിങ്ങൾ തിരുവെഴുത്തുകളെ പരിശോധിക്കുന്നതിനു സമ്മതിക്കാത്ത വ്യക്തികൾ, ഒരുപക്ഷേ അടുത്ത സ്നേഹിതരോ ബന്ധുക്കളോ പോലും, ഉണ്ടായിരിക്കാം. (1 പത്രോസ് 4:4; മത്തായി 10:36, 37) അവർ നിങ്ങളെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചേക്കാം. അവർ അതു്

11. പുരാതന ബരോവയിലെ ജനങ്ങൾ സ്വീകരിച്ച ഏതു ഗതി നാം പിന്തുടരുന്നതു നന്നാണു്?

12. (എ) ഒരു പക്ഷേ സ്നേഹിതരാലും ബന്ധുക്കളാലും നമ്മുടെ ദൈവസ്നേഹം പരീക്ഷിക്കപ്പെട്ടേക്കാവുന്നതെങ്ങനെ? (ബി) നാം എല്ലായ്പോഴും ആരുടെ അംഗീകാരം തേടണം?

സകല ആത്മാർത്ഥതയോടുംകൂടെ ചെയ്യേക്കാം, എന്തുകൊണ്ടെന്നാൽ അവർ ബൈബിളിൽ കാണപ്പെടുന്ന അത്ഭുതകരമായ സത്യങ്ങൾ അറിയുന്നില്ല. ഒരു പക്ഷേ നിങ്ങൾക്ക് അവരെ സഹായിക്കാൻ കഴിയും. മററു സന്ദർഭങ്ങളിൽ, ദൈവസ്നേഹമില്ലാത്ത ആളുകളിൽനിന്ന് എതിർപ്പുണ്ടായേക്കാം. ഇതു സംഭവിക്കുന്നുവെങ്കിൽ ദൈവാംഗീകാരമുണ്ടായിരിക്കുന്നത്, മനുഷ്യരുടെ അംഗീകാരമുണ്ടായിരിക്കുന്നതിനേക്കാൾ വളരെയധികം പ്രധാനമാണെന്ന് ഓക്കുക. മറേറതൊരുവനേക്കാളും, ഏതൊന്നിനേക്കാളുമുപരിയായി, ദൈവത്തെ നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ മനുഷ്യനല്ല, ദൈവമാണ് നിങ്ങൾക്ക് നിത്യജീവൻ നൽകുന്നത്.—മത്തായി 22: 37-39.

18 സഹായത്തിനും മാർഗ്ഗദർശനത്തിനുമായി എല്ലായ്പോഴും ദൈവത്തിലേക്കു നോക്കുക. സങ്കീർത്തനക്കാരൻ ചെയ്തതുപോലെ തുടർന്നു പ്രാർത്ഥിക്കുക: "യഹോവേ, എൻെറ പ്രാർത്ഥന കേൾക്കേണമേ... നീ എൻെറ ദൈവമാകയാൽ നിൻെറ ഇഷ്ടംചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ." (സങ്കീർത്തനം 143:1, 10 [142:1, 10, *Dy*]) അവൻ അംഗീകരിക്കുന്ന മതത്തെ അറിഞ്ഞാചരിക്കുവാൻ നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ അവൻ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകും. അവൻ നിങ്ങളെ, യഥാർത്ഥത്തിൽ "പിതാവിനെ ആത്മാവോടും സത്യത്തോടും കൂടെ ആരാധിക്കു"ന്നവരോടുള്ള സമ്പർക്കത്തിൽ വരുത്തും.—യോഹന്നാൻ 4:23; മത്തായി 7:7, 8-ഉം കാണുക.

---

**18. നാം ദൈവേഷ്ടം ചെയ്യാൻ ശ്രമിക്കുന്നുവെങ്കിൽ നാം എന്തിനുവേണ്ടി പ്രാർത്ഥിക്കണം?**

# ദൈവം ആരാണ്?

ദൈവത്തെക്കൊണ്ടുള്ള മനുഷ്യന്റെ ആവശ്യവും ദൈവത്തിന്റെ സഹായത്തിന്റെ ആവശ്യവും ഒരിക്കലും ഇപ്പോഴത്തെക്കാളധികം വലുതായിരുന്നിട്ടില്ല. നമ്മുടെ ജീവൻ അവനെ അറിയുന്നതിൽ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ആശ്ചര്യമെന്നു പറയട്ടെ, കഴിഞ്ഞ കാലത്തെന്നപോലെ ഇന്നും വിവിധ രാജ്യങ്ങളിൽ ആരാധിക്കപ്പെടുന്ന അനേകം ദൈവങ്ങൾ ഉള്ളതുകൊണ്ട് ദൈവം ആരാകുന്നു എന്നുള്ളതു സംബന്ധിച്ച് വളരെയധികം കുഴപ്പം ഉണ്ട്. എന്നിരുന്നാലും ഒരു സത്യദൈവം മാത്രമേയുള്ളു എന്നു ബൈബിൾ വ്യക്തമാക്കുന്നു.—1 കൊരിന്ത്യർ 8:5, 6.

2 അനേകം വ്യാജദൈവങ്ങളിൽനിന്ന് സ്വയം തിരിച്ചറിയിക്കുന്നതിന് സത്യദൈവം തനിക്കുതന്നെ വ്യക്തിപരമായ ഒരു നാമം കൊടുത്തിട്ടുണ്ട്. ഇതു് മററുള്ള എല്ലാവരിലുംനിന്ന് അവനെ വേർതിരിച്ചു നിർത്തുന്നു. "അവന്റെ പേർ 'ദൈവം' എന്നല്ലയോ?" എന്നു ചിലർ ചോദിച്ചേക്കാം. അല്ല, എന്തെന്നാൽ "ദൈവം" എന്നുള്ളതു് ഒരു സ്ഥാനപ്പേർ മാത്രമാണ്, "പ്രസിഡണ്ട്," "രാജാവ്," "ജഡ്ജി" എന്നിവ സ്ഥാനപ്പേരുകൾ ആയിരിക്കുന്നതുപോലെതന്നെ. ദൈവത്തിന്റെ വ്യക്തിപരമായ പേർ അവന്റെ വചനമായ ബൈബിളിലൂടെ നമ്മെ അറിയിച്ചിരിക്കുന്നു, ആ പേർ **യഹോവ** എന്നാകുന്നു. ബൈബിളിന്റെ നിരവധി ഭാഷാന്തരങ്ങളിൽ സങ്കീർത്തനം 83:18-ൽ ഈ പേർ കാണപ്പെടുന്നു, അവിടെ നാം ഇങ്ങനെ വായിക്കുന്നു (*AV*): "**യഹോവ** എന്നു നാമമുള്ള നീ മാത്രം സർവ്വഭൂമിക്കും മീതെ അത്യുന്നതൻ ആകുന്നു എന്നു മനുഷ്യർ അറിയേണ്ടതിനുതന്നെ." മിക്കവാറുമെല്ലാ ഭാഷാന്തരങ്ങളിലും ഈ പേർ "അല്ലേലൂയ്യാ" അഥവാ "ഹല്ലേലൂയ്യാ" എന്ന പദപ്രയോഗത്തിന്റെ ഭാഗമായി വെളിപാട് 19:1-6 വരെ കാണപ്പെടുന്നു. ഇതിന്റെ അർത്ഥം (യഹോവയുടെ ഒരു ഹ്രസ്വരൂപമായ) "യാഹിനെ

---

**1. ദൈവം ആരാണെന്നുള്ളതു സംബന്ധിച്ച് വളരെയധികം കുഴപ്പമുള്ളതെന്തുകൊണ്ട്?**

**2. (എ) "ദൈവം" എന്നതു് സത്യദൈവത്തിന്റെ വ്യക്തിപരമായ പേരാണോ? (ബി) അവന്റെ വ്യക്തിപരമായ പേരെന്താണ്?**

സ്തുതിപ്പിൻ" എന്നാണ്. *ദി കാതലിക്ക് എൻസൈക്ലോപ്പീഡിയാ* (1910, വാല്യം VIII, പേജ് 329) ഈ ദിവ്യ നാമത്തെ സംബന്ധിച്ചു്: "പഴയനിയമത്തിലെ ദൈവത്തിൻെറ സാക്ഷാൽ നാമമായ യഹോവ" എന്നു പറയുന്നു. എന്നിരുന്നാലും അടുത്തകാലത്തെ ഒരു കത്തോലിക്കാ ഭാഷാന്തരമായ *യരുശലേം ബൈബിൾ* മററു നിരവധി ഭാഷാന്തരങ്ങളെപ്പോലെ "യാഹ്വെ" എന്ന നാമം ക്രമമായി ഉപയോഗിക്കുന്നു. അതു് എന്തുകൊണ്ട്?

[3] ബൈബിളിൻെറ (*AV*) ആദ്യത്തെ മുപ്പത്തൊൻപതു പുസ്തകങ്ങൾ എഴുതപ്പെട്ട ഭാഷയായ എബ്രായയിൽ ദൈവനാമം വൈ എച്ച് ഡബ്ളിയു എച്ച് (YHWH) എന്നിങ്ങനെ നാലു് എബ്രായ അക്ഷരങ്ങളാൽ ആയിരക്കണക്കിനു പ്രാവശ്യം പ്രതിനിധാനം ചെയ്യപ്പെട്ടിരിക്കുന്നു. പുരാതനകാലങ്ങളിൽ എബ്രായഭാഷ എഴുതപ്പെട്ടിരുന്നതു് സ്വരാക്ഷരങ്ങൾ കൂടാതെയായിരുന്നു, വായനക്കാരൻ വാക്കുകൾ വായിക്കുമ്പോൾ സ്വരങ്ങൾ ചേർക്കുകയായിരുന്നു. അതുകൊണ്ട് എബ്രായർ വൈ എച്ച് ഡബ്ളിയു എച്ച് എന്നീ വ്യഞ്ജനങ്ങളോടുകൂടെ ഏതു സ്വരങ്ങൾ ഉപയോഗിച്ചിരുന്നുവെന്നു് കൃത്യമായി അറിയുന്നതിനു് ഇന്നു നമുക്കു മാർഗ്ഗമില്ലെന്നുള്ളതാണ് പ്രശ്നം. അനേകം പണ്ഡിതന്മാർ വിചാരിക്കുന്നതു് ഈ നാമം "യാഹ്വെ" എന്നു് ഉച്ചരിക്കപ്പെട്ടിരുന്നുവെന്നാണ്, എന്നാൽ "യഹോവ" എന്ന രൂപം അനേകം നൂററാണ്ടുകാലമായി ഉപയോഗത്തിലുണ്ട്; അത്യന്തം വ്യാപകമായി അറിയപ്പെടുകയും ചെയ്യുന്നു.

[4] ദൈവത്തിൻെറ വ്യക്തിപരമായ പേരിൻെറ കൃത്യമായ ഉച്ചാരണം സംബന്ധിച്ചു് അനിശ്ചിതത്വം ഉള്ളതുകൊണ്ട് നിങ്ങൾ അതു് ഉപയോഗിക്കാനേ പാടില്ലെന്നും പകരം കേവലം "ദൈവം" എന്നോ "കർത്താവു്" എന്നോ പറയണമെന്നും ചില വൈദികന്മാർ പറയുന്നു. എന്നിരുന്നാലും, നിങ്ങൾ "യേശു" എന്നും "യിരെമ്യാവു്" എന്നു

3. (എ) ദൈവനാമം എബ്രായതിരുവെഴുത്തുകളിൽ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെടുന്നു? (ബി) പുരാതനകാലങ്ങളിൽ എബ്രായയിൽ ദൈവനാമം എങ്ങനെ ഉച്ചരിക്കപ്പെട്ടിരുന്നുവെന്നു് കൃത്യമായി അറിയുക അസാദ്ധ്യമായിരിക്കുന്നതെന്തുകൊണ്ട്?

4. (എ) ദൈവനാമത്തിൻെറ കൃത്യമായ ഉച്ചാരണം അറിയാൻപാടില്ലാത്തതുകൊണ്ടു് നാം ദൈവനാമം ഉപയോഗിക്കരുതെന്നു പറയുന്ന വൈദികർ പൂർവ്വാപരവിരുദ്ധരായിരിക്കുന്നതെങ്ങനെ? (ബി) നാം ദൈവനാമം എങ്ങനെ ഉച്ചരിക്കുന്നുവെന്നതിനെക്കാൾ വളരെയേറെ പ്രാധാന്യമുള്ളതെന്ത്? (സി) പ്രവൃത്തികൾ 15:14 ൻെറ കാഴ്ചപ്പാടിൽ ദൈവനാമം ഉപയോഗിക്കുന്നതു് പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്?

മുള്ള നാമങ്ങൾ ഉപയോഗിക്കരുതെന്നു് അവർ ശഠിക്കുന്നില്ല. എന്നിരുന്നാലും സാധാരണ ഉപയോഗിക്കപ്പെടുന്ന ഈ ഉച്ചാരണങ്ങൾ "യേഷ്വാ" എന്നും "യിർമ്മെയാ" എന്നുമുള്ള എബ്രായ ഉച്ചാരണങ്ങളിൽനിന്നു് തികച്ചും വ്യത്യസ്തമാണു്. ജീവൽപ്രധാനമായ സംഗതി, നിങ്ങളുടെ ഭാഷയിൽ ഉച്ചാരണം സാധാരണമായിരിക്കുന്നിടത്തോളം കാലം "യാഹ്വെ" എന്നോ "യഹോവ" എന്നോ മറേറതെങ്കിലുമോ ആയി ദിവ്യനാമത്തിനു നിങ്ങൾ ഏതു് ഉച്ചാരണം ഉപയോഗിക്കുന്നുവെന്നുള്ളതല്ല. ആ പേർ ഉപയോഗിക്കാതിരിക്കുന്നതാണു തെററ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അതു് ഉപയോഗിക്കാത്തവരെ *"തൻെറ നാമത്തിനു വേണ്ടിയുള്ള* ഒരു ജന"മായിരിക്കുന്നതിനു് ദൈവം എടുക്കുന്നവരെന്ന നിലയിൽ തിരിച്ചറിയാൻ സാദ്ധ്യമല്ല. (പ്രവൃത്തികൾ 15:14) നാം ദൈവനാമം അറിയുകമാത്രമല്ല, ഭൂമിയിലായിരുന്നപ്പോൾ ദൈവപുത്രൻ ചെയ്തതുപോലെ, മററുള്ളവരുടെ മുമ്പാകെ അതിനെ ബഹുമാനിക്കുകയും സ്തുതിക്കുകയും വേണം.—മത്തായി 6:9; യോഹന്നാൻ 17:6, 26.

## ദൈവത്തിൻെറ ഗുണങ്ങളും, നാം അവനെ മാത്രം ആരാധിക്കേണ്ടതിൻെറ കാരണങ്ങളും

5 ദൈവത്തെക്കുറിച്ച് ബൈബിൾതന്നെ നമ്മോടു് എന്തു പറയുന്നു? "ദൈവം ഒരു ആത്മാവാകുന്നു" എന്നു് അതു നമ്മോടു പറയുന്നു. (യോഹന്നാൻ 4:24) ഒരു ആത്മാവു് മാംസരക്തങ്ങളാലോ, കാണപ്പെടാനോ മാനുഷബോധേന്ദ്രിയങ്ങളാൽ സ്പർശിക്കപ്പെടാനോ കഴിയുന്ന മററു ഭൗതികവസ്തുക്കളാലോ നിർമ്മിതമല്ല. (1 കൊരിന്ത്യർ 15:44, 50) അതുകൊണ്ടു് മാനുഷനേത്രങ്ങൾ ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല. (യോഹന്നാൻ 1:18) അവൻ നമ്മുടെ കണ്ണുകൾ കാണുന്ന എന്തിനേക്കാളും വളരെ ശ്രേഷ്ഠനാണു്. പർവ്വതങ്ങളുടെ പ്രതാപവും സൂര്യൻെറ ഉജ്ജ്വലതേജസ്സും നക്ഷത്രനിബിഡമായ ആകാശങ്ങളുടെ മഹത്വംതന്നെയും അവനോടു താരതമ്യപ്പെടുത്തുമ്പോൾ ഏതുമില്ല.—യെശയ്യാ 40:25, 26.

6 സ്വർഗ്ഗങ്ങളിൽ: "സർവ്വശക്തനായ യഹോവയാം ദൈവമേ, നിൻെറ പ്രവൃത്തികൾ വലുതും അത്ഭുതകരവുമാകുന്നു. നിത്യതയുടെ രാജാവേ, നിൻെറ വഴികൾ നീതിയും സത്യവുമുള്ളവയാകുന്നു. നീ മാത്രം വിശ്വസ്തനാകയാൽ യഹോവേ, ആർ യഥാർ

5. യാതൊരു മനുഷ്യനും ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ലാത്തതെന്തുകൊണ്ടു്?
6. (എ) വെളിപാടു് 15:3, 4-ൽ ബൈബിൾ ദൈവഗുണങ്ങളെ വർണ്ണിക്കുന്നതെങ്ങനെ? (ബി) ദൈവത്തിനു് ഒരു ആരംഭമുണ്ടായിരുന്നുവോ?

ത്ഥത്തിൽ നിന്നെ ഭയപ്പെടാതെയും നിൻെറ നാമത്തെ മഹത്വപ്പെടുത്താതെയുമിരിക്കും?" എന്ന ഗീതംപാടപ്പെടുന്നതു് അതിശയമല്ല. (വെളിപാടു് 15:3, 4) സകലത്തിൻേറയും സ്രഷ്ടാവെന്ന നിലയിൽ "നിത്യതയുടെ രാജാവായ" യഹോവയാം ദൈവം മററെല്ലാവക്കും മുമ്പെസ്ഥിതിചെയ്തിരുന്നു. അവൻ "നിത്യതമുതൽ നിത്യതവരെ" ഉള്ളവനാകുന്നു, അതിൻെറ അർത്ഥം അവനു് ആരംഭമില്ലായിരുന്നുവെന്നും ഒരിക്കലും അവസാനം ഉണ്ടായിരിക്കയില്ലെന്നുമാണു്.—1 തിമൊഥെയോസ് 1:17; സങ്കീത്തനം 90:2, *AV* [89:2, *Dy*].

7 അപ്പോൾ, നമ്മുടെ ആരാധന അവനുമാത്രം ചെല്ലണമെന്നുള്ളതു് എത്ര ശരി! അവൻെറ സൃഷ്ടിക്രിയകളെ നാം പരിചിന്തിക്കുമ്പോൾ: "ഞങ്ങളുടെ ദൈവംതന്നെയായ യഹോവേ, നീ സകലത്തേയും സൃഷ്ടിച്ചതുകൊണ്ടും നിൻെറ ഇഷ്ടം ഹേതുവായി അവ സ്ഥിതിചെയ്യുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തതുകൊണ്ടും നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിപ്പാൻ യോഗ്യനാകുന്നു" എന്നു് നമുക്കും പറവാൻ കഴിയും. (വെളിപാടു് 4:11) അവൻ മനുഷ്യർ ഉപയോഗിക്കുന്നതരം പണിയായുധങ്ങൾ കൊണ്ടല്ല സൃഷ്ടിപ്പു നടത്തിയതു്, പിന്നെയോ അവൻെറ അദൃശ്യ കമ്മോദ്യുക്തശക്തിയായ അവൻെറ പരിശുദ്ധാത്മാവു മുഖാന്തരമാണു്. (ഉല്പത്തി 1:2; സങ്കീത്തനം 104:30, [103:30, *Dy*]) ഇതേ പരിശുദ്ധാത്മാവിനെ ഉപയോഗിച്ചാണു് ഭൂമിയിലെ മനുഷ്യക്കുവേണ്ടിയുള്ള അവൻെറ ഇഷ്ടവും ഉദ്ദേശ്യങ്ങളും നാം അറിയേണ്ടതിനു് അവൻ പിന്നീടു് ബൈബിൾ എഴുതപ്പെടുവാൻ ഇടയാക്കിയതു്.—2 പത്രോസ് 1:21.

8 സകലവും 'അവൻെറ ഇഷ്ടം ഹേതുവായി' സൃഷ്ടിക്കപ്പെട്ടതുകൊണ്ടു് അവയെല്ലാം ദൈവത്തിൻെറ ഉദ്ദേശ്യങ്ങൾക്കു ഉതകണം. യഹോവ, ആദ്യമനുഷ്യനും സ്ത്രീയുമായ ആദാമിനേയും ഹവ്വായേയും സംബന്ധിച്ചുള്ള തൻെറ ഉദ്ദേശ്യം അവരെ അറിയിച്ചു, അതിനു ചേർച്ചയായി പ്രവത്തിക്കുവാൻ അവൻ അവരെ ഉത്തരവാദികളാക്കുകയും ചെയ്തു. നാമും ദൈവത്തോടു് ഉത്തരവാദിത്വമുള്ളവരാണോ? അതെ, എന്തുകൊണ്ടെന്നാൽ ദൈവമാണു് നമ്മുടെ ജീവൻെറ ഉറവു്. ഇതു സത്യമായിരിക്കുന്നതു് ദൈവം ജീവൻ നൽകിയ ആ

7. (എ) വെളിപാടു് 4:11 അനുസരിച്ചു് നമ്മുടെ ആരാധന യഹോവയ്ക്കു മാത്രം പോകുന്നതു് ഉചിതമായിരിക്കുന്നതെന്തുകൊണ്ടു്? (ബി) എന്തു മുഖാന്തരം ദൈവം സകലത്തിൻെറയും സൃഷ്ടിപ്പു സാധിച്ചു?

8. (എ) നാം ദൈവത്തോടുത്തരവാദിത്വമുള്ളവരായിരിക്കുന്നതെന്തുകൊണ്ടു്? (ബി) അതുകൊണ്ടു് നാമേതു ചോദ്യത്തെക്കുറിച്ചു ഗൗരവമായി ചിന്തിക്കണം?

ആദ്യമനുഷ്യജോടിയിൽനിന്നു് നാം ഉത്ഭവിച്ചിരിക്കുന്നതു കൊണ്ടുമാത്രമല്ല, പിന്നെയോ ഓരോ ദിവസവും തുടരുന്ന നമ്മുടെ ജീവൻ, നമുക്കു തുടർന്നു പ്രയോജനം ലഭിക്കുവാൻ യഹോവ അനുവദിക്കുന്ന സൂര്യപ്രകാശത്തേയും മഴയേയും വായുവിനേയും ഭക്ഷണത്തേയും ആശ്രയിച്ചിരിക്കുന്നതുകൊണ്ടുമാണു്. (സങ്കീർത്തനം 36:9 [35:10, *Dy*]; മത്തായി 5:45) അപ്പോൾ നമ്മേ സംബന്ധിച്ചുള്ള ദൈവത്തിൻെറ ഉദ്ദേശ്യത്തിനു് അനുയോജ്യമായി നാം എത്രത്തോളം നമ്മുടെ ജീവിതം നയിക്കുന്നു? ഇതു സംബന്ധിച്ചു നാം ഗൌരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിത്യജീവൻവേണ്ടിയുള്ള നമ്മുടെ അവസരം അപകടത്തിലാണു്.

[9] നാം യഥാർത്ഥത്തിൽ ദൈവത്തെ ഭയപ്പെടേണമോ? ഉവ്വ്, എന്നാൽ അവൻെറ ഇഷ്ടത്തിനെതിരായി മത്സരിക്കുന്നതിലുള്ള ഒരു ആരോഗ്യകരമായ ഭയത്തോടുകൂടിവേണം, എന്തുകൊണ്ടെന്നാൽ അവൻെറ ഇഷ്ടം *ശരിയായി*ട്ടുള്ളതാണു്. സാധാരണകാര്യങ്ങളിൽപോലും ഉപദ്രവമോ ജീവനഷ്ടമോ വരുത്തിക്കൂട്ടാൻ കഴിയുന്ന സാഹസങ്ങൾ ചെയ്യാൻ നാം ഭയപ്പെടുന്നില്ലയോ? "സർവ്വശക്തനായ യഹോവയാം ദൈവ"ത്തെ അപ്രീതിപ്പെടുത്തുന്നതിൽ നാം എത്രയധികം ഭയപ്പെടണം. എന്നിരുന്നാലും അവൻ സർവ്വശക്തനായിരിക്കുന്നതിനാൽ നമുക്കു സന്തുഷ്ടരായിരിക്കുവാൻ കഴിയും, എന്തുകൊണ്ടെന്നാൽ "യഹോവയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഹൃദയം അവങ്കൽ പൂർണ്ണമായിരിക്കുന്നവർക്കു വേണ്ടി അവൻെറ ശക്തി പ്രകടിപ്പിക്കേണ്ടതിനു്, അവൻെറ കണ്ണുകൾ സർവ്വഭൂമിയിലും ചുററിസഞ്ചരിച്ചുകൊണ്ടിരിക്കുന്നു." (2 ദിനവൃത്താന്തം 16:9;* യെശയ്യാ 40:29-31 കൂടെ കാണുക.) യഹോവ ഒരു ശരിയായ ഉദ്ദേശ്യത്തോടെയും, ശരിയായതിനെ സ്നേഹിക്കുന്നവരുടെ നന്മയ്ക്കുവേണ്ടിയും എല്ലായ്പോഴും തൻെറ ശക്തി ഉപയോഗിക്കുന്നു എന്നു് നമുക്കു് ഉറപ്പുണ്ടായിരിക്കാവുന്നതാണു്. എന്തുകൊണ്ടെന്നാൽ "ദൈവം സ്നേഹം ആകുന്നു."—1 യോഹന്നാൻ 4:8.

[10] അതുകൊണ്ടു്, യഹോവ ഞെരുക്കുന്ന ഒരു ദൈവമല്ല. "അവൻെറ വഴികളെല്ലാം നീതിയാകുന്നു." (ആവർത്തനം 32:4) അവൻ "അനന്യമായ ഭക്തി നിഷ്കർഷിക്കുന്ന ഒരു

* 2 പാരാലിപോമനൻ 16:9, *Dy*.

9. (എ) നാം ഏതു വിധത്തിൽ ദൈവത്തെ ഭയപ്പെടണം? (ബി) യഹോവ സർവ്വശക്തനായിരിക്കുന്നതിൽ നമുക്കു സന്തോഷിക്കാൻ കഴിയുന്നതെന്തുകൊണ്ടു്?
10. യഹോവയുടെ ഏതു ഗുണങ്ങൾ അവൻ നമ്മുടെ ദൈവമായിരിക്കുന്നതിൽ നമ്മെ സന്തുഷ്ടരാക്കുന്നു?

ദൈവമാകുന്നു" എന്നതു സത്യംതന്നെ, എന്നാൽ അവൻ "കരു ണയും കൃപയും നിറഞ്ഞവനായി കോപത്തിനു താമസവും സ്നേഹദയയിലും സത്യത്തിലും സമൃദ്ധനമായ ഒരു ദൈവവും" കൂടിയാകുന്നു. (പുറപ്പാട് 20:5; 34:6) "അവനുതന്നെ നമ്മു ടെ ഘടന നന്നായി അറിയാം, നാം പൊടിയാകുന്നു എന്ന് ഓർത്തുകൊണ്ടുതന്നെ." (സങ്കീർത്തനം 103:14[102:14,*Dy*]) ഇത്ര നീതിമാനും എന്നാൽ അനുകമ്പയുള്ളവനുമായ ദൈവ ത്തെ നമ്മുടെ പരമോന്നത ന്യായാധിപതിയും നിയമദാതാ വും രാജാവുമായി ഉള്ളതിൽ നമുക്കു തീർച്ചയായും സന്തുഷ്ടരാ യിരിക്കുവാൻ കഴിയും.—യെശയ്യാ 33:22.

11 യഹോവയ്ക്കു "ജ്ഞാനവും ശക്തിയുമുണ്ട്; അവന് ആ ലോചനയും വിവേകവും ഉണ്ട്." (ഇയ്യോബ് 12:13) അവ ന്റെ ജ്ഞാനത്തിന്റെ തെളിവ് സ്വർഗ്ഗത്തിലും ഭൂമിയി ലുമുള്ള അവന്റെ സകല സൃഷ്ടിക്രിയകളിലും കാണപ്പെ ടുന്നു. അപ്പോൾ "ആരെങ്കിലും എന്നെങ്കിലും ദൈവത്തി ന്റെ ജ്ഞാനത്തെ സംശയിക്കുന്നതെന്തിന്?" എന്നു നമുക്കു നന്നായി ചോദിക്കാവുന്നതാണ്. അവന്റെ വ്യവസ്ഥകൾ നമ്മുടെ നന്മയ്ക്കായി നമ്മുടെ നിത്യക്ഷേമത്തിന്റെ കാഴ്ച പ്പാടിൽ ആണെന്ന് ബൈബിൾ പ്രകടമാക്കുന്നു. പരിമിത മായ അറിവും പരിചയവുമുള്ള മനുഷ്യരെന്നനിലയിൽ, ദൈ വത്താൽ പ്രസ്താവിക്കപ്പെട്ട ഒരു പ്രത്യേകനിയമം വളരെ പ്രധാനപ്പെട്ടതായിരിക്കുന്നത് എന്തുകൊണ്ടെന്നോ, അത് യഥാർത്ഥത്തിൽ നമ്മുടെ നന്മയ്ക്കുവേണ്ടി എങ്ങനെ പ്രവർത്തി ക്കുന്നുവെന്നോ, നമുക്കു പൂർണ്ണമായി മനസ്സിലാക്കാൻ കഴി യാത്ത സമയങ്ങൾ ഉണ്ടായിരുന്നേക്കാമെന്നുള്ളതു സത്യം തന്നെ. എന്നിരുന്നാലും, സ്പഷ്ടമായി ദൈവത്തിനു നമ്മേ ക്കാൾ കൂടുതൽ അറിയാമെന്നും, അവന്റെ പരിചയം നമ്മുടേ തിനേക്കാൾ വളരെയധികമാണെന്നും, അവൻ ചെയ്യുന്നതു നമ്മുടെ നിത്യനന്മയ്ക്കാണെന്നുമുള്ള നമ്മുടെ ദൃഢമായ വിശ്വാ സം മനസ്സോടുകൂടെയുള്ള ഹൃദയത്തോടെ അവനെ അനുസരി ക്കുന്നതിനു നമ്മെ പ്രേരിപ്പിക്കും.—സങ്കീർത്തനം 19:7-11 [18:8-12, *Dy*]; മീഖാ 6:8.

### ദൈവം ഒരു "ത്രിത്വ"മോ?

12 ക്രൈസ്തവലോകത്തിലെ അനേകം മതങ്ങൾ, "ത്രിത്വം"

11. നമുക്ക് ഒരു പ്രത്യേക ദൈവനിയമത്തിന്റെ കാരണം മനസ്സിലാകാതിരു ന്നേക്കാമെങ്കിലും, അതനുസരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്ത്?

12. (എ) അത്താനാസ്യോസിന്റെ വിശ്വാസപ്രമാണംപോലെയുള്ള സഭാ വിശ്വാസപ്രമാണങ്ങൾ ദൈവത്തെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു? (ബി) ഈ ഉപദേശത്തെക്കുറിച്ച് നാം ഏതു ചോദ്യങ്ങൾ ചോദിക്കണം?

എന്ന പദം ബൈബിളിൽ കാണുന്നില്ലെങ്കിലും, ദൈവം ഒരു "ത്രിത്വം" ആണെന്നു പഠിപ്പിക്കുന്നു. സഭകളുടെ ലോകകൗൺസിൽ, അതിന്റെ ഭാഗമായിരിക്കുന്ന എല്ലാ മതങ്ങളും "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഒരു ദൈവം" ഉണ്ടെന്നു്, അതായതു് ഒരു ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നുള്ള വിശ്വാസത്തിനുവേണ്ടി വാദിക്കണമെന്നു് ഈയിടെ പറയുകയുണ്ടായി. ഈ ഉപദേശം പഠിപ്പിക്കുന്നവർ, അതു് ഒരു "മർമ്മ"മാണെന്നു സമ്മതിക്കുന്നു. നമ്മുടെ പൊതുയുഗത്തിന്റെ ഏതാണ്ടു് എട്ടാം നൂററാണ്ടിലെ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം പറയുന്നതു് പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ സാരാംശമുള്ള മൂന്നു പേരാണെന്നും മൂന്നുപേരും നിത്യന്മാരാണെന്നും (തന്നിമിത്തം ആരംഭമില്ലായിരുന്നുവെന്നും) മൂന്നുപേരും സർവ്വശക്തന്മാരാണെന്നുമാണു്. അതുകൊണ്ടു് വിശ്വാസപ്രമാണം വായിക്കപ്പെടുന്നതു്: "ത്രിത്വത്തിൽ ഒരുവനും മറെറാരുവനു മുമ്പോ പിമ്പോ ഉള്ളവനല്ല; ഒരുവനും മറെറാരുവനേക്കാൾ വലിയവനോ ചെറിയവനോ അല്ല"* എന്നാണു്. അതു് ന്യായാനുസരണമാണോ? അധികം പ്രധാനമായി, അതു ബൈബിളിനോടു യോജിക്കുന്നുവോ?

13 ഈ ഉപദേശം എബ്രായപ്രവാചകന്മാർക്കും ക്രിസ്തീയ അപ്പോസ്തലന്മാർക്കും അറിയപ്പെട്ടിരുന്നില്ല. "പരിശുദ്ധ ത്രിത്വോപദേശം പഴയനിയമത്തിൽ പഠിപ്പിക്കപ്പെടുന്നില്ല" എന്നു് *ദി ന്യൂ കാതലിക്ക് എൻസൈക്ലോപ്പീഡിയാ* (1967-ലെ പതിപ്പു്, വാല്യം XIV, പേജ് 306) സമ്മതിക്കുന്നു. ഈ ഉപദേശം യേശുക്രിസ്തുവിന്റെ മരണശേഷം ഏകദേശം മുന്നൂററമ്പതു വർഷം കഴിഞ്ഞപ്പോൾ മുതലാണുള്ളതെന്നും അതു സമ്മതിക്കുന്നു. അതുകൊണ്ടു് യേശുക്രിസ്തുവിനാൽ നേരിട്ടു പഠിപ്പിക്കപ്പെട്ട ആദിമക്രിസ്ത്യാനികൾ ദൈവം ഒരു "ത്രിത്വ"മാണെന്നു് വിശ്വസിച്ചിരുന്നില്ല.

14 യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ തീർച്ചയായും അവന്റെ പിതാവിനോടു സമൻ *അല്ലായിരുന്നു*. എന്തുകൊണ്ടെന്നാൽ ദൈവത്തിനു മാത്രമല്ലാതെ തനിക്കോ ദൂതന്മാ

* സൈക്ലോപ്പീഡിയാ ഓഫ് ബിബ്ലിക്കൽ, തിയോളജിക്കൽ ആൻഡ് എക്ലീസ്യാസ്റ്റിക്കൽ ലിററേച്ചർ, ജെ. മക്ലിൻേറാക്കിനാലും ജെ. സ്ട്രോംഗിനാലുമുള്ളതു്, വാല്യം II, പേജ് 561.

13. ന്യൂ കാതലിക്ക് എൻസൈക്ലോപ്പീഡിയാ അനുസരിച്ച് എബ്രായപ്രവാചകന്മാരും ആദിമക്രിസ്ത്യാനികളും ഒരു "ത്രിത്വ"ത്തിൽ വിശ്വസിച്ചിരുന്നുവോ?
14. താൻ പിതാവിനോടു സമനല്ലെന്നു് യേശു എങ്ങനെ പ്രകടമാക്കി?

ക്കാ അറിയാൻപാടില്ലായിരുന്ന ചിലതുണ്ടായിരുന്നുവെന്ന് അവൻ പറഞ്ഞു. (മക്കോസ് 13:32) തന്നെയുമല്ല, പീഡാനുഭവത്തിനു വിധേയമായിക്കൊണ്ടിരുന്നപ്പോൾ അവൻ തന്റെ പിതാവിനോട്ട് സഹായത്തിനുവേണ്ടി പ്രാർത്ഥിച്ചു. (ലൂക്കോസ് 22:41, 42) കൂടാതെ, "പിതാവു് എന്നേക്കാൾ വലിയവനാകുന്നു" എന്ന് അവൻതന്നെ പറഞ്ഞു. (യോഹന്നാൻ 14:28) ഇതു നിമിത്തം യേശു തന്റെ പിതാവിനെക്കുറിച്ചു "എന്റെ ദൈവം" എന്നും "ഏകസത്യദൈവം" എന്നും പ്രസ്താവിച്ചു.—യോഹന്നാൻ 20:17; 17:3.

15 യേശുവിന്റെ മരണത്തിനുശേഷം ദൈവം അവനെ വീണ്ടും ജീവനിലേക്കു ഉയർപ്പിക്കുകയും അവനു നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ വലിയ മഹത്വം കൊടുക്കുകയും ചെയ്തു. എന്നിരുന്നാലും അവൻ അപ്പോഴും തന്റെ പിതാവിനോട്ടു സമനായിരുന്നില്ല. നാം എങ്ങനെ അറിയുന്നു? എന്തുകൊണ്ടെന്നാൽ നിശ്വസ്തതിരുവെഴുത്തുകൾ, ദൈവം അപ്പോഴും "ക്രിസ്തുവിന്റെ തല"യാകുന്നുവെന്ന് പിന്നീടു പ്രസ്താവിക്കുന്നു. (1 കൊരിന്ത്യർ 11:3) ദൈവം സകല ശത്രുക്കളേയും യേശുവിന്റെ പാദങ്ങൾക്കു കീഴിലാക്കുന്നതുവരെയും അവൻ ദൈവത്തിന്റെ നിയമിതരാജാവായി വാഴാനിരിക്കുന്നുവെന്നും, അന്ന് "ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു പുത്രൻ താനും സകലവും തന്റെ കീഴിൽ ആക്കിയവന്ന് കീഴ്പെട്ടിരിക്കും" എന്നും ബൈബിൾ പറയുന്നു. (1 കൊരിന്ത്യർ 15:28, *AV*) വ്യക്തമായി, യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷംപോലും അവൻ തന്റെ പിതാവിനോട്ടു സമനല്ല.

16 എന്നാൽ "ഞാനും പിതാവും ഒന്നാകുന്നു" എന്ന് യേശു ഒരു സന്ദർഭത്തിൽ പറഞ്ഞില്ലയോ? (യോഹന്നാൻ 10:30) ഉവ്വ്, അവൻ പറഞ്ഞു. എന്നിരുന്നാലും ആ പ്രസ്താവന ഒരു "ത്രിത്വ"ത്തെ സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല, എന്തുകൊണ്ടെന്നാൽ മൂന്നല്ല രണ്ടുപേർ മാത്രം ഒന്നാണെന്നാണ് അവൻ പറഞ്ഞത്. യേശു തീർച്ചയായും നാം വായിച്ചുകഴിഞ്ഞ തിരുവെഴുത്തുകൾക്കു വിരുദ്ധമായി പറയുകയായിരുന്നില്ല. അവൻ തന്റെ അനുഗാമികളെസംബന്ധിച്ച് "നാം ഒന്നായിരിക്കുന്നതുപോലെ അവർ ഒന്നാകേണ്ടതിന്നു" എന്നു

---

15. മരിച്ചവരിൽനിന്നു് ഉയിർപ്പിക്കപ്പെട്ടശേഷവും യേശു ദൈവത്തോടു സമനായിരുന്നില്ലെന്നു് നാം എങ്ങനെ അറിയുന്നു?

16. (എ) "ഞാനും പിതാവും ഒന്നാകുന്നു" എന്ന യേശുവിന്റെ പ്രസ്താവന ഒരു "ത്രിത്വം" പഠിപ്പിക്കുന്നുവോ? (ബി) ആ പ്രയോഗത്താൽ യേശു എന്തർത്ഥമാക്കി?

പ്രാർത്ഥിച്ചപ്പോൾ ഈ പദപ്രയോഗത്താൽ താൻ എന്താണർത്ഥമാക്കിയതെന്ന് അവൻതന്നെ പിന്നീടു വ്യക്തമാക്കി. (യോഹന്നാൻ 17:22) യേശു തന്റെ പിതാവിനോടു് പൂർണ്ണയോജിപ്പിലായിരിക്കുന്നതിനാൽ യേശുവും അവന്റെ പിതാവും "ഒന്നാകു"ന്നു. അവന്റെ എല്ലാ അനുഗാമികളും അതുപോലെ അവന്റെ പിതാവിനോടും, യേശുവിനോടും, അന്യോന്യവും, യോജിപ്പിലായിരിക്കണമെന്ന് അവൻ പ്രാർത്ഥിച്ചു.

[17] യേശുവിനെ "വചനം" എന്നു പരാമർശിച്ചുകൊണ്ടു്: "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു" എന്നു പറയുന്ന യോഹന്നാൻ 1:1 (*AV*) ലെ പ്രസ്താവനയെ സംബന്ധിച്ചെന്തു്? അതു് "ത്രിത്വ"ത്തെ തെളിയിക്കുന്നില്ലയോ? ഇല്ല. ഒന്നാമതായി മൂന്നല്ല രണ്ടുപേരെക്കുറിച്ചു മാത്രമേ പറയുന്നുള്ളു എന്നു കുറിക്കൊള്ളുക. കൂടാതെ ഇതേ അദ്ധ്യായത്തിന്റെ 2-ാം വാക്യം വചനം "ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു" എന്നും 18-ാം വാക്യം യാതൊരു മനുഷ്യനും ദൈവത്തെ ഒരു സമയത്തും കണ്ടിട്ടില്ല" എന്നും പറയുന്നു, എന്നിരുന്നാലും മനുഷ്യർ യേശുക്രിസ്തുവിനെ കണ്ടിട്ടുണ്ടു്. ഈ കാരണങ്ങളാലും, ഗ്രീക്കുപാഠത്തോടു പൂർണ്ണയോജിപ്പിലും 1-ാം വാക്യത്തിന്റെ ചില ഭാഷാന്തരങ്ങൾ ഇങ്ങനെ വായിക്കപ്പെടുന്നു: "വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദിവ്യനായിരുന്നു" അല്ലെങ്കിൽ "ഒരു ദൈവം" ആയിരുന്നു, അതായതു് വചനം ദൈവസദൃശനായ ഒരു ശക്തനായിരുന്നു. (*AT; NW*) അതുകൊണ്ടു് ബൈബിളിന്റെ ഈ ഭാഗം ശേഷിച്ച എല്ലാററിനോടും യോജിപ്പിലാണു്; അതു് ഒരു "ത്രിത്വം" പഠിപ്പിക്കുന്നില്ല.*

[18] "ത്രിത്വത്തിലെ മൂന്നാമത്തെ ആൾ" എന്നു പറയപ്പെടുന്ന "പരിശുദ്ധാത്മാവി"നെ സംബന്ധിച്ചാണെങ്കിൽ, അതു് ഒരു ആളല്ല, പിന്നെയോ ദൈവത്തിന്റെ കർമ്മോദ്യ

* ത്രിത്വവാദികൾ ചില ബൈബിൾ ഭാഷാന്തരങ്ങളിൽ 1 യോഹന്നാൻ 5:7-ൽ കാണുന്ന "പിതാവു്, വചനം, പരിശുദ്ധാത്മാവു്: ഈ മൂന്നും ഒന്നാണു്" എന്ന വാക്കുകൾ ഉദ്ധരിക്കുക പ്രായോഗികമായി നിത്യമായിരിക്കയാണു്. ഈ വാക്കുകൾ നിശ്വസ്തപാഠത്തോടു് പിൽക്കാലത്തു് വ്യാജമായി കൂട്ടിച്ചേർത്തതാണെന്നു പാഠപണ്ഡിതന്മാർ സമ്മതിക്കുന്നു.

17. യോഹന്നാൻ 1:1 ലെ പ്രസ്താവന ഒരു ത്രിത്വം പഠിപ്പിക്കുന്നില്ലാത്തതെന്തുകൊണ്ടു്?
18. പ്രൊ. യു. 33 ലെ പെന്തെക്കോസ്തിൽ സംഭവിച്ചതിനെക്കുറിച്ചുള്ള ബൈബിൾ വിവരണം പരിശുദ്ധാത്മാവു് ഒരാളായിരിക്കാവുന്നതല്ലെന്നു് തെളിയിക്കുന്നതെങ്ങനെ?

ക്തമായ ശക്തിയാണെന്നു് നാം കണ്ടുകഴിഞ്ഞു. (ന്യായാധിപന്മാർ 14:6) യോഹന്നാൻ വെള്ളത്താൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നതുപോലെ യേശു പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തുമെന്നു് യോഹന്നാൻസ്നാപകൻ പറഞ്ഞു. വെള്ളം ഒരു ആളല്ല, പരിശുദ്ധാത്മാവും ഒരു ആളല്ല. (മത്തായി 3:11) പൊ. യു. 33-ലെ പെന്തക്കോസ്തുദിവസം "അവരെല്ലാം പരിശുദ്ധാത്മാവു നിറഞ്ഞവരായി" ത്തീരത്തക്കവണ്ണം തൻെറ പുത്രനായ യേശുക്രിസ്തു അപ്പോസ്തലന്മാരുടെയും ശിഷ്യന്മാരുടെയുംമേൽ പരിശുദ്ധാത്മാവിനെ പകരുവാൻ ദൈവം ഇടയാക്കിയപ്പോൾ യോഹന്നാൻ മുൻകൂട്ടിപ്പറഞ്ഞതു നിവൃത്തിയായി. അവർ ഒരാളിനെക്കൊണ്ടു "നിറഞ്ഞു"വോ? ഇല്ല, എന്നാൽ അവർ ദൈവത്തിൻെറ കർമ്മോദ്യുക്തമായ ശക്തിയാൽ നിറഞ്ഞു.—പ്രവൃത്തികൾ 2:4, 33.

19 ആ സ്ഥിതിക്ക് "ത്രിത്വം" സംബന്ധിച്ച് വസ്തുതകൾ എന്തു തെളിയിക്കുന്നു? ഈ വാക്കോ ഈ ആശയമോ ദൈവവചനമായ ബൈബിളിലില്ല, ഈ ഉപദേശം ദൈവത്തിൽനിന്നു് ഉത്ഭവിച്ചതല്ല. എന്നാൽ *ബാബിലോന്യ ജീവിതവും ചരിത്രവും* (ഈ. എ. വാലിസ് ബഡ്ജിനാലുള്ളതു്, 1925-ലെ പതിപ്പു്, 146, 147 എന്നീ പുറങ്ങൾ) എന്ന പുസ്തകപ്രകാരം പുരാതന ബാബിലോനിൽ പുറജാതികൾ അങ്ങനെയൊന്നിൽ വിശ്വസിക്കതന്നെചെയ്തു എന്നറിയുന്നതിനു് നിങ്ങൾക്കു താല്പര്യമുണ്ടായിരിക്കും; യഥാർത്ഥത്തിൽ അവർ ഒന്നിലധികം ത്രിത്വദൈവങ്ങളെ ആരാധിച്ചിരുന്നു.

## ദൈവത്തെ "ആത്മാവോടും സത്യത്തോടുംകൂടെ" ആരാധിക്കുന്നു

20 ഒരാളെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും ഒരുവൻ അയാൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ അയാളെ അറിയേണ്ട ആവശ്യമുണ്ടു്. ദൈവം അർഹിക്കുന്ന അനന്യമായ ഭക്തി അവനു കൊടുക്കുന്നതിനു് നിങ്ങൾ അവൻെറ വചനം പഠിക്കയും "നല്ലതും സ്വീകാര്യവും പൂർണ്ണവുമായ ദൈവേഷ്ടം നിങ്ങൾക്കുതന്നെ തെളിയിക്കുകയും" ചെയ്യേണ്ട ആവശ്യമുണ്ടു്. (റോമർ 12:2) പ്രാധാന്യമുള്ള സംഗതി മനുഷ്യർ ദൈവത്തെ എങ്ങനെ ആരാധിക്കുവാൻ

**19.** (എ) അതുകൊണ്ടു് "ത്രിത്വം" ഒരു ബൈബിളുപദേശമാണോ? (ബി) ഏതു പുരാതനരാജ്യത്തു് പുറജാതികൾ ദൈവത്രിത്വങ്ങളിൽ വിശ്വസിച്ചിരുന്നു?

**20.** റോമർ 12:2 അനുസരിച്ച നാം ദൈവത്തിനു് അനന്യമായ ഭക്തി കൊടുക്കുന്നതിനു് എന്തു ചെയ്യണം?

ആഗ്രഹിക്കുന്നു എന്നുള്ളതല്ല, പിന്നെയോ ദൈവം എങ്ങനെ ആരാധിക്കപ്പെടാനാഗ്രഹിക്കുന്നു എന്നതാണ്.

21 മതകർമ്മങ്ങളും "ഭക്തിക്കുള്ള സഹായങ്ങളും" അവയെ ഉപയോഗിക്കുന്നവരുടെ ദൃഷ്ടിയിൽ മനോഹരമായി തോന്നിയേക്കാം. എന്നാൽ ദൈവം അവയെ എങ്ങനെ വീക്ഷിക്കുന്നു? തീർച്ചയായും നിങ്ങൾക്കു ദൈവത്തിന്റെ അംഗീകാരം ലഭിക്കുവാൻ ആഗ്രഹമുള്ളതുകൊണ്ട് നിങ്ങൾ അറിയുവാനാഗ്രഹിക്കുന്നു. "സത്യാരാധകർ പിതാവിനെ ആത്മാവോടും സത്യത്തോടുംകൂടെ ആരാധിക്കു"മെന്നു ദൈവത്തിന്റെ സ്വന്തം പുത്രൻ നമ്മോടു പറയുന്നു. (യോഹന്നാൻ 4:23) ദൃഷ്ടാന്തമായി പ്രതിമകളുടെ ഉപയോഗം "ആത്മാവോടും സത്യത്തോടുംകൂടെ"യുള്ള ആരാധനയാണോ? അതു ദൈവത്തെ പ്രസാദിപ്പിക്കുന്നുവോ?

22 പുറപ്പാട് 20:4, 5-ൽ പത്തു കൽപ്പനകളിലൊന്നിൽ ദൈവംതന്നെ പറയുന്നു: "നീ യാതൊന്നിന്റെയും കൊത്തപ്പെട്ട പ്രതിമയോ എന്തെങ്കിലും സാദൃശ്യമോ ഉണ്ടാക്കരുത് . . . നീ അവയെ കുമ്പിടുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്." (കത്തോലിക്ക് *യെരുശലേം ബൈബിൾ*) തങ്ങൾക്കു പ്രതിമയെ കാണാനും സ്പർശിക്കാനും സാധിക്കുന്നതുകൊണ്ട് ഒരു മതപരമായ പ്രതിമയെ ചിലർ കേവലം ദൈവാരാധനയ്ക്കുള്ള ഒരു "സഹായ"മായി കരുതുന്നു. എന്നാൽ "നാം കാഴ്ചയാലല്ല, വിശ്വാസത്താലത്രെ നടക്കുന്നതു" എന്ന് എഴുതുവാൻ ദൈവം അപ്പോസ്തലനായ പൌലോസിനെ നിശ്വസ്തനാക്കി. (2 കൊരിന്ത്യർ 5:7) ദൈവം ഈ കാര്യത്തെക്കുറിച്ചു വളരെ തുറന്നു സംസാരിക്കുന്നവനാണ്. പ്രതിമകളുടെ ഉപയോഗം സത്യാരാധനയുടെ ഭാഗമല്ലെന്നും, പിന്നെയോ അങ്ങനെയുള്ള പ്രതിമകൾ "ഒരു വ്യാജ"മാണെന്നും അവൻ നമ്മോടു പറയുന്നു. (യെശയ്യാ 44:14-20; സങ്കീർത്തനം 115:4-8 [113:4-8, സംഖ്യകളുടെ രണ്ടാംകൂട്ടം *Dy*]) മതപരമായ ഒരു പ്രതിമയ്ക്കു കൊടുക്കപ്പെടുന്ന ബഹുമാനം ദൈവത്തിനു കൊടുക്കുന്നതിനേക്കാൾ കുറവാണെന്ന് ഒരുവൻ പറഞ്ഞേക്കാമെങ്കിലും, താൻ അങ്ങനെയുള്ള പ്രതിമകളുമായി തന്റെ മഹത്വവും

**21. ദൈവത്തിന്റെ സ്വന്തം പുത്രന്റെ വാക്കുകളിൻപ്രകാരം ദൈവം എങ്ങനെ ആരാധിക്കപ്പെടാനാഗ്രഹിക്കുന്നു?**

**22. (എ) പുറപ്പാട് 20:4, 5-ൽ ബൈബിൾ മതപരമായ വിഗ്രഹങ്ങളെക്കുറിച്ച് എന്തു പറയുന്നു? (ബി) ആരാധനയ്ക്കുള്ള ഒരു 'സഹായ'മെന്ന നിലയിൽ പ്രതിമകളുടെ ഉപയോഗം സത്യാരാധനയുടെ ഭാഗമേയല്ലെന്നു തെളിയിക്കാൻ ദൈവവചനം എന്തു പറയുന്നു?**

സ്തുതിയും പങ്കുവെക്കുകയില്ലെന്ന് ദൈവംതന്നെ പറയുന്നു. —യെശയ്യാ 42:8.

[23] സ്നേഹപൂർവ്വം അപ്പോസ്തലനായ യോഹന്നാൻ നമുക്കു മുന്നറിയിപ്പു നൽകുന്നു: "വിഗ്രഹങ്ങളിൽനിന്നു നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾക." (1 യോഹന്നാൻ 5:21) നിങ്ങളുടെ ഭവനത്തിലെല്ലാം നോക്കി നിങ്ങൾ ഇതു ചെയ്യുന്നുണ്ടോയെന്ന് നിങ്ങളോടുതന്നെ ചോദിക്കാൻ പാടില്ലാത്തതെന്തുകൊണ്ട്? (ആവർത്തനം 7:25) നിങ്ങളുടെ ജീവിതത്തെയും ആരാധനാരീതിയെയും യഹോവയുടെ സ്നേഹപൂർവ്വകമായ ഇഷ്ടത്തോടു യോജിപ്പിൽ വരുത്തുന്നതിനാൽ നിങ്ങൾക്ക് അവൻെറ നിത്യാനുഗ്രഹങ്ങൾ പ്രാപിക്കാവുന്നതാണ്.—1 കൊരിന്ത്യർ 10:14.

[24] യഹോവയുടെ മാഹാത്മ്യത്തെയും അവൻെറ സ്നേഹപൂർവ്വകമായ ഉദ്ദേശ്യങ്ങളെയുംകുറിച്ച് തുടർന്നു പഠിക്കുക, നിങ്ങൾ അവനോടുള്ള സ്നേഹത്തിൽ വളർന്നുവരും. അവൻെറ സ്നേഹദയനിമിത്തം നിങ്ങൾ ആസ്വദിക്കുന്ന നന്മകൾക്കുവേണ്ടി നന്ദി പറയാതെ ഒരു ദിവസവും കടന്നുപോവാൻ അനുവദിക്കരുത്. നിങ്ങൾ അവനെക്കുറിച്ചു കൂടുതൽ പഠിക്കുമ്പോൾ, അഖിലാണ്ഡത്തിൻെറ വലിയ ദൈവമെന്ന നിലയിൽ അവനോടുള്ള വിശ്വസ്തതയുടെ പ്രാധാന്യത്തെ നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുക. അവനോടുള്ള സ്നേഹപൂർവ്വകമായ അനുസരണത്താൽ നിങ്ങൾ നിത്യജീവനിലേയ്ക്കു നയിക്കുന്ന വഴിയിൽ നിങ്ങളെത്തന്നെ ആക്കിത്തീർക്കും.—എഫേസ്യർ 4:23, 24; സങ്കീർത്തനം 104:33-35 [103:33-35, *Dy*].

---

**23.** നാം നമ്മുടെ ഭവനങ്ങളിൽ നോക്കുമ്പോൾ, നാം അപ്പോസ്തലനായ യോഹന്നാൻെറ ഏതു വാക്കുകൾ മനസ്സിൽ പിടിക്കണം?

**24.** നാം യഥാർത്ഥത്തിൽ ദൈവത്തോട് അടുക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ നാം എന്തു ചെയ്യണം?

# നാം വാർദ്ധക്യം പ്രാപിക്കുന്നതിന്റെയും മരിക്കുന്നതിന്റെയും കാരണം

സാധാരണഗതിയിലുള്ള ഏതൊരാളും നല്ല ആരോഗ്യത്തോടെ ജീവൻ ആഗ്രഹിക്കുന്നു. രോഗം കൈവരുത്തുന്ന വേദനയിൽനിന്നും കഷ്ടപ്പാടിൽനിന്നും നാം ആശ്വാസം തേടുന്നു. വാർദ്ധക്യത്തിനു നമ്മുടെ ശരീരങ്ങളിന്മേലുള്ള ദുർബ്ബലീകരിക്കുന്ന ഫലങ്ങളിൽനിന്ന് രക്ഷപെടാൻ നാം എന്തെങ്കിലും മാർഗ്ഗം കാംക്ഷിക്കുന്നു. നാം സ്നേഹിക്കുന്നവർ ഇവയാൽ കഷ്ടപ്പെടുന്നതു കാണുമ്പോൾ അതു നമ്മെ വേദനിപ്പിക്കയും ചെയ്യുന്നു. ഇതു നിമിത്തം "ഇതെല്ലാം ദൈവത്തിന്റെ ആദിമോദ്ദേശ്യത്തിന്റെ ഭാഗമായിരുന്നുവോ? ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മനുഷ്യൻ വാർദ്ധക്യം പ്രാപിക്കണമെന്നും, ബധിരനോ അന്ധനോ ആയിത്തീരണമെന്നുമുള്ളതു് അവന്റെ ഉദ്ദേശമായിരുന്നുവോ? പ്രായം കൂടുമ്പോൾ മനുഷ്യനു് ജര പിടിപെടണമെന്നും അവന്റെ ഹൃദയം രോഗബാധിതമായിത്തീരണമെന്നും അവന്റെ മററവയവങ്ങൾ ക്ഷയിക്കണമെന്നും അവൻ ഉദ്ദേശിച്ചോ? യഥാർത്ഥത്തിൽ മരിക്കുവാൻവേണ്ടിയാണോ ദൈവം മനുഷ്യനെ നിർമ്മിച്ചതു്?" എന്നു് അനേകമാളുകൾ ചോദിക്കുന്നു.

2 ഇല്ല, ഇത്ര ദുരിതപൂർണ്ണമായ ഒരു ഭാവിക്കുവേണ്ടി ദൈവം മനുഷ്യനെ സൃഷ്ടിച്ചില്ല. ഒന്നാമത്തെ മനുഷ്യജോടിക്കുവേണ്ടി യഹോവ മനോഹരമായ ഒരു ഉദ്യാനഭവനം നൽകിയെന്നു് ബൈബിൾ നമ്മോടു പറയുന്നു. അവൻ അവരെ അനുഗ്രഹിക്കയും ചെയ്തു. തന്റെ സൃഷ്ടിപ്രവർത്ത

1. (എ) ആരോഗ്യവും ജീവനും സംബന്ധിച്ചു്, സാധാരണഗതിയിലുള്ള ആളുകളുടെ ആഗ്രഹമെന്താണു്? (ബി) രോഗവും മരണവും എല്ലായിടത്തുമുള്ളതുകൊണ്ടു് മനുഷ്യനെസംബന്ധിച്ചുള്ള ദൈവോദ്ദേശത്തെക്കുറിച്ചു് ഏതു ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു?

2. (എ) ദൈവം മനുഷ്യനെ ഏതെങ്കിലും ന്യൂനതയോടെയാണോ സൃഷ്ടിച്ചതു്? (ബി) അപ്പോൾ ദൈവം ആദാമിനും ഹവ്വായ്ക്കും എന്തു പ്രതീക്ഷ കൊടുത്തു?

നത്തെ പുനരവലോകനം ചെയ്തുകൊണ്ട് "വളരെ നല്ലതു്" എന്നു ദൈവം ഉചിതമായി പ്രഖ്യാപിച്ചു. (ഉല്പത്തി 1:28, 31) ഇതിന്റെ അർത്ഥം ആദാമും ഹവ്വായും മനസ്സിലോ ശരീരത്തിലോ യാതൊരു ന്യൂനതയുമില്ലാതെ പൂർണ്ണരായി സൃഷ്ടിക്കപ്പെട്ടുവെന്നാണ്. (ആവർത്തനം 32:4; സദൃശവാക്യങ്ങൾ 10:22) അവക്ക് എന്നേക്കും ജീവിക്കുന്നതിനുള്ള പ്രതീക്ഷ ഉണ്ടായിരുന്നു.

3 രസാവഹമായി, മനുഷ്യശരീരം തുടർച്ചയായി അതിനെത്തന്നെ പുതുക്കുന്നു എന്ന് ആധുനിക ശാസ്ത്രജ്ഞന്മാക്ക് അറിവുണ്ട്. ശരിയായ അവസ്ഥകളിൽ അതു് എന്നേക്കും ജീവിക്കാൻ പ്രാപ്തമാണെന്ന് അവർ പറയുന്നു. മനുഷ്യന്റെ ശരീരകലകൾ സ്വയം മാറിവെക്കുന്നുവെന്നും, താത്വികമായി എന്നേക്കും അങ്ങനെ ചെയ്യുന്നതിൽ തുടരേണ്ടതാണെന്നും നോബൽ സമ്മാനം നേടിയ ഡോ. ലൈനസ് പോളിംഗ് വിശദീകരിക്കുകയുണ്ടായി. ജീവരസതന്ത്രജ്ഞനായ വില്യം ബക്കും ഇങ്ങനെ നിരീക്ഷിച്ചു: "സംഗതികളുടെ സ്വഭാവത്തിൽ മരണം അനിവാര്യമായിരിക്കേണ്ടതിന്റെ കാരണം എനിക്കു കാണാൻ കഴിയുന്നില്ല." എന്നിരുന്നാലും ഈ വിധത്തിൽ നിർമ്മിക്കപ്പെട്ടിരുന്നിട്ടും മനുഷ്യർ വാർദ്ധക്യം ചെന്നു മരിക്കുന്നതിൽ തുടരുന്നു. എന്തുകൊണ്ട്? ദൈവവചനമാകുന്ന ബൈബിൾ നമുക്കു തൃപ്തികരമായ ഉത്തരം നൽകുന്നു.

### അനുസരണക്കേടിന്റെ ഫലങ്ങൾ

4 യഹോവ ആദാമിനേയും ഹവ്വായേയും സൃഷ്ടിച്ചപ്പോൾ അവർ ദൈവത്തിന്റെ വലിയ കുടുംബത്തിന്റെ ഭൗമികഭാഗമായിത്തീർന്നു. ആ കുടുംബത്തിൽ സ്വർഗ്ഗങ്ങളിലെ അനവധി ആത്മജീവികൾ അപ്പോൾതന്നെ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ഈ മനുഷ്യജോടിക്ക് ജീവൻ നൽകിയിരുന്നതു് ദൈവമായിരുന്നതുകൊണ്ട് അവൻ ആയിരുന്നു അവരുടെ പിതാവ്. എന്നിരുന്നാലും ജീവന്റെ ദാനം സോപാധികമായിരുന്നു. അതായതു് തങ്ങളുടെ സ്വർഗ്ഗീയ പിതാവിനോടുള്ള സ്നേഹപൂർവ്വകമായ അനുസരണത്തിന്റെ വ്യവസ്ഥ പാലിക്കുന്നിടത്തോളം കാലം മാത്രം അതു് അവരുടേതായി തുടരുമായിരുന്നു. നിയമത്തോടുള്ള അനുസരണം തുടർച്ചയായ സമാധാനത്തിനും സൽക്രമത്തിനും ആവ

3. ശാസ്ത്രജ്ഞന്മാർ മനുഷ്യരുടെ ജീവിതസാദ്ധ്യതയെക്കുറിച്ച് എന്തു പറയുന്നു?
4. ദൈവം അനുസരണത്തിന്റെ ഗൗരവത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് ആദാമിന്റെയും ഹവ്വായുടെയും മേൽ എന്തു പരീക്ഷവെച്ചു?

ശ്യമാകുന്നു. അതുകൊണ്ട് അവർ തങ്ങളുടെ പരമാധിപതിയായി ദൈവത്തെ അംഗീകരിക്കേണ്ടിയിരുന്നു. അവർ ഇതു് അറിഞ്ഞിരുന്നുവോ? ഉവ്വ്, എന്തുകൊണ്ടെന്നാൽ അനുസരണത്തിൻെറ ഗൌരവത്തെ ഊന്നിപ്പറഞ്ഞ ഒരു പരീക്ഷ യഹോവ അവരുടെമേൽ വെച്ചു. "തോട്ടത്തിലെ ഓരോ വൃക്ഷത്തിൽനിന്നും തൃപ്തിയാകുവോളം നിനക്കു തിന്നാം. എന്നാൽ നന്മയുടേയും തിന്മയുടേയും അറിവിൻെറ വൃക്ഷത്തെസംബന്ധിച്ചിടത്തോളം നീ അതിൽനിന്നു തിന്നരുതു്. എന്തുകൊണ്ടെന്നാൽ നീ അതിൽനിന്നു തിന്നുന്ന ദിവസത്തിൽ നീ നിശ്ചയമായും മരിക്കും" എന്നു് അവൻ ആദാമിനോടു പറഞ്ഞു.—ഉല്പത്തി 2:16, 17.

5 ഈ അനുസരണത്തിൻെറ പരീക്ഷ പ്രയാസമുള്ള ഒന്നായിരുന്നില്ല. അവക്ക് ആവശ്യമായിരുന്ന ഭക്ഷണം വിലക്കപ്പെട്ടിരുന്നില്ല, അവരുടെ പ്രാപ്തിക്കതീതമായി അവർ പരീക്ഷിക്കപ്പെട്ടുമില്ല. എന്നിരുന്നാലും, അവരുടെ അനുസരണം, അവർ ദൈവത്തോടുള്ള തങ്ങളുടെ ബന്ധത്തെ വിലമതിച്ചുവെന്നു് പ്രകടമാക്കും. (1 യോഹന്നാൻ 5:3) വിലക്കപ്പെട്ട ഫലത്തിനു് സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധങ്ങളോടു ബന്ധമുണ്ടെന്നുള്ള ആശയം ചിലക്കുണ്ടെങ്കിലും, സംഗതി ഇതായിരുന്നില്ല. ദൈവംതന്നെ അവരോടു് "സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ നിറ"യ്ക്കാൻ നേരത്തെ പറഞ്ഞിരുന്നു. (ഉല്പത്തി 1:28) ഒരു പ്രത്യേക വൃക്ഷത്തിൻെറ ഫലം ഭക്ഷിക്കരുതെന്നു് ദൈവം അവരോടു കല്പിച്ചപ്പോൾ ദൈവം ഏദനിലെ അനേകം ഫലവൃക്ഷങ്ങളിൽ ഒന്നിനെ വേർതിരിച്ചുവെന്നും അതിൻെറ ഫലം ഭക്ഷിക്കരുതെന്നു് മാനുഷജോടിയോടു കല്പിച്ചുവെന്നും മാത്രമേ അതു് അർത്ഥമാക്കിയുള്ളു.

6 ആ വൃക്ഷം "നന്മയുടെയും തിന്മയുടെയും അറിവിൻെറ വൃക്ഷം" എന്നു വിളിക്കപ്പെട്ടതെന്തുകൊണ്ടായിരുന്നു? എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ കല്പനയുടെ ഫലമായി, അതിൻെറ ഫലം തൻെറ സൃഷ്ടികൾക്കു "നന്മ" എന്തെന്നും

5. (എ) ആദാമിൻെറയും ഹവ്വായുടെയും അനുസരണത്തിൻെറ പരീക്ഷ അവരുടെ മേൽ പ്രയാസം വരുത്തുമായിരുന്നുവോ? (ബി) 'വിലക്കപ്പെട്ട ഫലം' ലൈംഗിക ബന്ധങ്ങളല്ലാഞ്ഞതെന്തുകൊണ്ട്?

6. (എ) വൃക്ഷം "നന്മയുടെയും തിന്മയുടെയും അറിവിൻെറ വൃക്ഷം" എന്നു വിളിക്കപ്പെട്ടതെന്തുകൊണ്ട്? (ബി) ആദാമും ഹവ്വായും ഫലം തിന്നപ്പോൾ അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിനോടു് എന്തു ചീത്തസംഗതി ചെയ്യുകയായിരുന്നു?

"തിന്മ" എന്തെന്നും തീരുമാനിക്കുന്നതിനുള്ള ദൈവത്തിന്റെ അവകാശത്തെ പ്രതീകപ്പെടുത്തി. അതുകൊണ്ട്, ഈ മാനുഷ ജോടി ഈ ഫലം ഭക്ഷിക്കുന്നത് അവർ തങ്ങളുടെ സ്വർഗ്ഗീയപിതാവിന് പുറംതിരിഞ്ഞുകളയുന്നതിനെയും, അവന്റെ ദിവ്യമാർഗ്ഗദർശനത്തെയും പൂർണ്ണതയുള്ള ഇഷ്ടത്തെയും ത്യജിച്ചുകളയുന്നതിനെയും അർത്ഥമാക്കും. ലളിതമായിരിക്കെ പരീക്ഷയിൽ വളരെയധികം ഉൾപ്പെട്ടിരുന്നു. അതിൽ തന്റെ സ്രഷ്ടാവിന്മേലുള്ള മനുഷ്യന്റെ ആശ്രയവും ദിവ്യാധികാരത്തിന്റെ മാനുഷികാംഗീകാരവും ഉൾപ്പെട്ടിരുന്നു. "അല്പത്തിൽ വിശ്വസ്തനായ ആൾ അധികത്തിലും വിശ്വസ്തനാണ്. അല്പത്തിൽ നീതികെട്ട ആൾ അധികത്തിലും നീതികെട്ടവനാകുന്നു" എന്ന ചട്ടം യേശുക്രിസ്തു അപൂർണ്ണമനുഷ്യർക്ക് ബാധകമാക്കിയെന്നും ഓർക്കുക. (ലൂക്കോസ് 16:10) ഇതു് പൂർണ്ണതയുള്ള സൃഷ്ടികൾക്കു എത്രയധികം ബാധകമായി!

[7] ഹവ്വാ എന്തുകൊണ്ട് ദൈവനിയമത്തെ ലംഘിക്കയും ഫലം ഭക്ഷിക്കയും ചെയ്തു? ഈ ആശയം അവളിലല്ല ആരംഭിച്ചതു്, പിന്നെയോ സംസാരിക്കുന്നതിന് താണ ഒരു സർപ്പത്തെ ഉപയോഗിച്ചുകൊണ്ട് ഒരു ആത്മസൃഷ്ടി അതു് അവൾക്കു സമർപ്പിച്ചതായിരുന്നു. ബൈബിളിൽ പിശാചായ സാത്താൻ എന്നു തിരിച്ചറിയിക്കപ്പെടുന്ന ആ ആത്മസൃഷ്ടി തന്നിമിത്തം "ആദ്യസർപ്പം" എന്നു വിളിക്കപ്പെട്ടിരിക്കുന്നു. (വെളിപാട് 12:9) സർപ്പം മുഖേന സംസാരിച്ച അദൃശ്യസൃഷ്ടി ഹവ്വാ ഉദ്ധരിച്ച ദൈവകല്പനയുടെ സത്യതയെ പരസ്യമായി നിഷേധിച്ചു. വൃക്ഷഫലത്തിന് "നന്മ" എന്താണെന്നും "തിന്മ" എന്താണെന്നും അവൾക്കുവേണ്ടി തീരുമാനിച്ചുകൊണ്ടു ദൈവത്തെപ്പോലെയാകാനിടയാക്കുന്നതിന് പ്രാപ്തിയുള്ളതായി അവൻ ധരിപ്പിച്ചു. അപ്പോൾ ഹവ്വാ ഫലത്തെ വളരെ അഭികാമ്യമായി വീക്ഷിക്കാൻ തുടങ്ങുകയും അതു തിന്നുകൊണ്ട് ദൈവത്തോട് അനുസരണക്കേടു കാണിക്കയും ചെയ്തു. അവളുടെ ഭർത്താവും ശിരസ്സുമായ ആദാം അവൾ ചെയ്തതെന്തെന്നു കണ്ടപ്പോൾ അവളുടെ പ്രവർത്തനഗതിയോടെതിർക്കാതെ അതിൽ അവളോടു ചേർന്നു.—ഉല്പത്തി 3:1-6; യാക്കോബ് 1:14, 15; 1 കൊരിന്ത്യർ 11:3.

---

7. (എ) ഒരു സർപ്പം മുഖാന്തരം സംസാരിച്ചുകൊണ്ടു്, ഒരു അദൃശ്യസൃഷ്ടി വൃക്ഷഫലത്തെക്കുറിച്ച് ഹവ്വായോടു എന്തു പറഞ്ഞു? (ബി) അപ്പോൾ ഹവ്വാ എന്തുചെയ്തു, അവളുടെ ഭർത്താവു കണ്ടപ്പോൾ അവൻ എന്തുചെയ്തു?

8 ഈ അധർമ്മപ്രവൃത്തിയാൽ അവർ പാപം സംബന്ധിച്ചു കുററക്കാരായിത്തീർന്നു, അങ്ങനെ അവർ തങ്ങളുടെമേൽ തന്നെ പാപത്തിന്റെ ശിക്ഷ വരുത്തിവച്ചു. (1 യോഹന്നാൻ 3:4) ദൈവത്തിന്റെ വിധിയുടെ നീതിയെ പരിചിന്തിക്കുകയിൽ നമ്മുടെ കാലത്ത് അനേകർ കാര്യങ്ങളെ വീക്ഷിക്കുന്ന വിധത്തിൽ, ആദാമും ഹവ്വായും ചെയ്തതിന്റെ ഗൌരവത്തെ വിധിക്കുന്ന തെററു നാം ചെയ്യരുത്. ഇന്ന് മാതാപിതാക്കളോടുള്ള അനുസരണക്കേട് സാധാരണമാണ്, മിക്കപ്പോഴും ശിക്ഷിക്കപ്പെടാതെ പോകയും ചെയ്യുന്നു. മോഷണവും സാധാരണമാണ്, അനേകരും വിചാരിക്കുന്നത് മോഷ്ടിക്കപ്പെടുന്നത് നിസ്സാരമാണെങ്കിൽ മോഷണം അത്ര സാരമില്ലെന്നാണ്. അതുപോലെതന്നെ, മത്സരവും അധികാരത്തിനെതിരായുള്ള സംസാരവും ഇന്നു കൂടെക്കൂടെയുണ്ട്. എന്നാൽ അത് ഈ കാര്യങ്ങളെ ശരിയാക്കിത്തീർക്കുന്നില്ല! വളർന്നുവരുന്ന ദുഷ്കൃത്യങ്ങളുടെയും പാതകത്തിന്റെയും രൂപത്തിൽ ഇന്നു നാം കാണുന്ന ചീത്ത ഫലത്തിലധികവും, ആരംഭത്തിൽതന്നെ കാര്യങ്ങളെ നേരെയാക്കുന്നതിൽ മാതാപിതാക്കളുടെയും മററ് അധികാരികളുടെയും



വ്യക്തമായി പ്രസ്താവിക്കപ്പെട്ട ദൈവത്തിന്റെ നിയമത്തെ ആദാം മനഃപൂർവ്വം ലംഘിച്ചു

---

8. (എ) തങ്ങളുടെ അധർമ്മ പ്രവൃത്തിയാൽ, ആദാമും ഹവ്വായും എന്തിന്റെ കുററക്കാരായിത്തീർന്നു? (ബി) ഇന്ന് ആളുകൾ അനുസരണക്കേടിനെയും മോഷണത്തെയും വീക്ഷിക്കുന്നതുപോലെ, നാം ആദാമും ഹവ്വായും ചെയ്തതിന്റെ ഗൌരവത്തെ വിധിക്കരുതാത്തതെന്തുകൊണ്ട്?

പരാജയം നിമിത്തമുണ്ടാകുന്നതാണ്. —സദൃശവാക്യങ്ങൾ 13:24; സഭാപ്രസംഗി 8:11.

9 ദൈവം തന്റെ സ്വന്തം നിയമത്തെ നടപ്പിലാക്കുന്നതിലുള്ള പരാജയത്താൽ ദുഷ്പ്രവൃത്തിയെ പ്രോത്സാഹിപ്പിക്കാൻ പോകയല്ലായിരുന്നു. ആദാമും ഹവ്വായും തങ്ങളുടെ അനുസരണക്കേടിനാൽ, തങ്ങൾക്കുവേണ്ടി ഇത്ര അത്ഭുതകരമായി കരുതൽ ചെയ്തിരുന്നവനോടുള്ള സ്നേഹത്തിന്റെ വലിയ അഭാവം പ്രകടമാക്കി. അവർ മോഷണക്കുററമുള്ളവരായിരുന്നു, എന്തുകൊണ്ടെന്നാൽ അവർ, തങ്ങളുടേതല്ലെന്നു അവരുടെ സ്രഷ്ടാവു പറഞ്ഞിരുന്നതു് എടുത്തു. അതിലും മോശമായി, അവർ ദൈവത്തിന്റെ ശത്രുവിനോടു ചേരുകയും തങ്ങളുടെ പ്രവൎത്തനങ്ങളാൽ ദൈവത്തെ ഒരു ഭോഷ്ക്കാളിയെന്നു വിളിക്കയും ചെയ്തു. യഹോവ നിയമത്തെ ഉയൎത്തിപ്പിടിക്കുന്നതിനു് തന്നോടുതന്നെയും അവന്റെ മുഴു സാർവ്വത്രിക കുടുംബത്തോടും കടപ്പെട്ടിരുന്നു. ഇതു് അവൻ ചെയ്തു. അവരുടെ മന:പൂർവ്വ പാപത്തിന്റെ ഫലമായി ഈ അധർമ്മികളായ ഇണകൾ, മരിക്കുന്നതിനു് ഏദെനിൽനിന്നു് പുറത്താക്കപ്പെട്ടു.—ഉല്പത്തി 3:22-24.

10 അവരുടെ മേലുള്ള പാപത്തിന്റെ ഫലത്തെ, നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഉചിതമായി ഉപയോഗിക്കപ്പെടാത്തപ്പോൾ ഒരു സൂക്ഷ്മയന്ത്രത്തിനു സംഭവിക്കുന്ന കേടിനാൽ ദൃഷ്ടാന്തീകരിക്കാവുന്നതാണ്. യന്ത്രത്തിനു തകരാറുകൾ ഭവിക്കയും കാലക്രമത്തിൽ തകർന്നുപോകയും ചെയ്യും. അതുപോലെതന്നെ,തങ്ങളുടെ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ അവഗണിച്ചതിന്റെ ഫലമായി ആദാമിനും ഹവ്വായിക്കും അവരുടെ പൂർണ്ണത നഷ്ടപ്പെട്ടു. അവരുടെ മനസ്സുകളും ശരീരങ്ങളും തകരാൻ തുടങ്ങി, ഒടുവിൽ മരണത്തിൽ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. അതാണ് അനുസരണക്കേടും ദൈവപ്രീതിയിൽ നിന്നുള്ള നീക്കവും അവൎക്കു കൈവരുത്തിയതു്. (ഉല്പത്തി 3:16-19) ആദാം ഒരിക്കൽ പൂർണ്ണമായിരുന്ന തന്റെ ശരീരത്തിന്റെ വമ്പിച്ച വീര്യം ഉപയോഗിച്ചുതീർന്നശേഷം അവൻ 930-ാമത്തെ വയസ്സിൽ മരിച്ചു. ഇതു് ദൈവം നിശ്ചയിച്ചിരു

---

9. (എ) ആദാമും ഹവ്വായും യഥാർത്ഥത്തിൽ ചെയ്തതിനെ പരിഗണിച്ചു് നിയമത്തെ ഉയൎത്തിപ്പിടിക്കുവാൻ ദൈവം തന്നോടുതന്നെയും തന്റെ സാർവ്വത്രീക കുടുംബത്തോടും കടപ്പെട്ടിരുന്നതെന്തുകൊണ്ടു്? (ബി) ഈ അധർമ്മികളായ ഇണകൾ തങ്ങളുടെ പാപം നിമിത്തം എന്തു ശിക്ഷ അനുഭവിച്ചു?

10. പാപത്തിന്റെ ഫലത്തെ ഒരു യന്ത്രത്താൽ ദൃഷ്ടാന്തീകരിക്കാൻ കഴിയുന്നതെങ്ങനെ, പാപം ആദാമിനേയും ഹവ്വായേയും എന്തിലേക്കു നയിച്ചു?

ന്ന ആയിരംവർഷം നീളമുള്ള പ്രതീകാത്മക "ദിവസ"ത്തിനുള്ളിലായിരുന്നു.—ഉല്പത്തി 5:5; 2 പത്രോസ് 3:8.

## സന്താനങ്ങളുടെമേലുള്ള ഫലം

[11] എന്നാൽ, ഇന്നു നാം ഏദനിലെ ആ നിയമത്തെ ലംഘിച്ചിട്ടില്ലാത്തതിനാൽ, നാമും രോഗബാധിതരാകുന്നതും മരിക്കുന്നതും എന്തുകൊണ്ട്? അത് ഈ കാരണത്താലാണ്: ആദാമിന്റെ സന്താനങ്ങളെല്ലാം അവന്റെ അനുസരണക്കേടിനുശേഷമാണ് ജനിച്ചത്. ഇപ്രകാരം അവന്റെ സന്തതികൾ അവനിൽനിന്നു പാപവും മരണവും അവകാശപ്പെടുത്തി. എല്ലാവരും ആദാമിൽനിന്നും ഹവ്വായിൽനിന്നും ഉത്ഭവിക്കുന്നതുകൊണ്ട് എല്ലാ മനുഷ്യരും അപൂർണ്ണത അവകാശപ്പെടുത്തുന്നു. ഇയ്യോബ് എന്ന ബൈബിൾപുസ്തകം നമ്മോടു പറയുന്നതുപോലെ: "അശുദ്ധനായ ആരിലെങ്കിലും നിന്ന് വിശുദ്ധനായ ആരെയെങ്കിലും ആർക്ക് ഉളവാക്കാൻ കഴിയും? ആരുമില്ല." (ഇയ്യോബ് 14:4) കൂടാതെ റോമർ 5:12 ൽ ബൈബിൾ ഇങ്ങനെ വിശദീകരിക്കുന്നു: "ഏകമനുഷ്യനാൽ [ആദാം] പാപവും പാപത്താൽ മരണവും ലോകത്തിൽ പ്രവേശിച്ചു, ഇപ്രകാരം മരണം സകല മനുഷ്യരിലേക്കും വ്യാപിച്ചു." ഒരു അപൂർണ്ണമായ മൂശയിൽനിന്ന് പൂർണ്ണതയുള്ള ഒരു യന്ത്രം ഉളവാക്കാൻ കഴിയാത്തതുപോലെ, ആദാമിനു തന്റെ അപൂർണ്ണതയിൽ പാപത്തിൽനിന്നു വിമുക്തരായ പൂർണ്ണതയുള്ള മക്കളെ ഉളവാക്കാൻ കഴിഞ്ഞില്ല.—സങ്കീർത്തനം 51:5 [50:7, *Dy*].

[12] ആദാമിന്റെയും ഹവ്വായുടെയും പാപത്തിനു സന്താനങ്ങളുടെമേലുണ്ടായ ഫലത്തെ, ദൈവനിയമത്തെ അവഗണിക്കുകയും, ദുർമ്മാർഗ്ഗത്തിൽ ജീവിക്കയും ചെയ്യുന്നവർ മക്കളെ ജനിപ്പിക്കുമ്പോൾ മിക്കപ്പോഴും സംഭവിക്കുന്നതിനോട് താരതമ്യപ്പെടുത്താൻ കഴിയും. അങ്ങനെയുള്ള ആളുകൾക്ക്, മക്കളെ ജനിപ്പിക്കുന്നതിനു ദൈവം കൊടുത്ത ലൈംഗികാവയവങ്ങളിൽ രോഗം ബാധിച്ചേക്കാം. അങ്ങനെയുള്ള "അശുദ്ധരായ" മാതാപിതാക്കളുടെ പാപം നിമിത്തം അവരുടെ മക്കൾ ശാരീരികമായോ മാനസികമായോ തകരാറുഭവിച്ചവരായി ജനിച്ചേക്കാം. അങ്ങനെതന്നെ നമ്മുടെ ആദ്യ മാതാ

---

11. നാം ഇന്നു രോഗബാധിതരാകുന്നതും മരിക്കുന്നതും എന്തുകൊണ്ടെന്നു ബൈബിൾ വിശദീകരിക്കുന്നതെങ്ങനെ?

12. ആദാമിന്റെയും ഹവ്വായുടെയും പാപത്തിന്റെ ഫലത്തെ ദുർമ്മാർഗ്ഗജീവിതം നയിക്കുന്ന ആളുകൾ മക്കളെ ജനിപ്പിക്കുമ്പോൾ സംഭവിക്കുന്നതിനോടു താരതമ്യപ്പെടുത്താവുന്നതെങ്ങനെ?

പിതാക്കളും, "അശുദ്ധരും" അപൂർണ്ണരും, രോഗത്തിനും ഒടുവിൽ മരണത്തിനും വിധേയരുമായിത്തീർന്നു. അവക്കുതന്നെ ഉണ്ടായിരുന്നതു്, രോഗത്തിൻെറയും മരണത്തിൻെറയും ഭാവിയോടുകൂടിയ അപൂർണ്ണത മാത്രമേ, അവക്കു തങ്ങളുടെ സന്താനങ്ങളിലേക്കു കടത്തിവിടുവാൻ കഴിഞ്ഞുള്ളു. അതുകൊണ്ടാണു നാമെല്ലാം വാർദ്ധക്യംചെന്നു മരിക്കുന്നതു്, അതുകൊണ്ടാണു നാം നിഷ്പ്രയാസം തെററുചെയ്യുന്നതു്.

[13] എന്നിരുന്നാലും, അവകാശപ്പെടുത്തിയ പാപം നിമിത്തം നിനച്ചിരിക്കാത്ത തെററുകൾ ചെയ്യുന്നതു് ഒരു സംഗതിയും, എന്നാൽ തെററാണെന്നു് ഒരുവനറിയാവുന്നതു് മന:പൂർവ്വം ചെയ്തുകൊണ്ടിരിക്കുന്നതു തികച്ചും മറെറാരു സംഗതിയുമാകുന്നു. (1 യോഹന്നാൻ 5:16) അവകാശപ്പെടുത്തിയ ബലഹീനതകൾ നിമിത്തം ഒരുവൻ ചെയ്യുന്ന തെററുകൾ സംബന്ധിച്ചു് അവൻ യഥാർത്ഥമായി അനുതാപമുള്ളവനാണെങ്കിൽ അവനു ദൈവത്തിൽനിന്നു കരുണാപൂർവ്വമായ ക്ഷമ പ്രതീക്ഷിക്കാവുന്നതാണു്. (സദൃശവാക്യങ്ങൾ 28:13) എന്നാൽ ഒരിക്കൽ ശരിയായതു അറിഞ്ഞാൽ, അവൻ ദൈവത്തിൻെറ ഇഷ്ടത്തിനു വിരുദ്ധമായ ഒരു ഗതി പിന്തുടരുന്നതിനെ തെരഞ്ഞെടുക്കാതിരിക്കാൻ ശ്രദ്ധയുള്ളവനായിരിക്കണം. അങ്ങനെയുള്ള ഒരു ഗതി പിന്തുടന്നാൽ അതു ദൈവപ്രീതിയുടെയും ജീവൻെറതന്നെയും നഷ്ടം കൈവരുത്തും.—ആവത്തനം 30:15-20; എബ്രായർ 10:26, 27.

[14] അനുതാപമുള്ളവരെ അവകാശപ്പെടുത്തിയ പാപത്തിൻെറ ദുഷ്ഫലങ്ങളിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുന്നതിനു് യഹോവ സ്നേഹപൂർവ്വകമായ കരുതൽ ചെയ്തിരിക്കുന്നുവെന്നുള്ളതു് സന്തോഷകരംതന്നെ. ഈ മഹത്തായ വിമോചനം യേശുക്രിസ്തുവിൻെറ മറുവിലയാഗം മുഖാന്തരം ഉണ്ടാകും. ഈ കരുതലിനെ സംബന്ധിച്ചു ബൈബിൾ പറയുന്നു: "ദൈവം തൻെറ ഏകജാതനായ പുത്രൻ മുഖാന്തരം നാം ജീവൻ പ്രാപിക്കേണ്ടതിനു്, അവനെ ലോകത്തിലേക്കു് അയച്ചു." (1 യോഹന്നാൻ 4:9) അതുകൊണ്ടു് ദൈവത്തിൻെറ തക്കസമയത്തു്, തൻെറ പുത്രൻെറ രാജ്യഭരണത്തിൻ കീഴിൽ, അവകാശപ്പെടുത്തപ്പെട്ട മാനുഷാപൂർണ്ണത ക്രമേണ

---

**13. മന:പൂർവ്വപാപവും നിനച്ചിരിക്കാത്ത പാപവും തമ്മിൽ വ്യത്യാസമുണ്ടോ? എങ്ങനെ?**

**14. മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുന്നതിനു് ദൈവം എന്തു് ഏർപ്പാടു ചെയ്തിരിക്കുന്നു?**

നീക്കപ്പെട്ടും, മനുഷ്യവർഗ്ഗത്തിനു് മേലാൽ ആദാമിന്റെ പാപത്തിന്റെ ഫലങ്ങൾ അനുഭവപ്പെടുകയില്ല. എന്തിനു്, നാം ആദാമിൽനിന്നു് അവകാശപ്പെട്ടുത്തിയ മരണത്തിനു പോലും നമ്മുടെമേൽ മേലാൽ ശക്തിയുണ്ടായിരിക്കയില്ല! (വെളിപാടു് 21:3, 4) നിങ്ങൾക്കു് അങ്ങനെയുള്ള അനുഗ്രഹങ്ങൾ ആസ്വദിക്കുന്ന ഒരുവനായിത്തീരാൻ കഴിയും, എങ്ങനെ? യഹോവ ചെയ്തിരിക്കുന്ന കരുതലുകളെ പ്രയോജനപ്പെടുത്തുന്നതിനാലും, അവന്റെ കല്പനകളനുസരിക്കുന്നതിനാൽ അവനോടുള്ള നിങ്ങളുടെ സ്നേഹത്തെ തെളിയിക്കുന്നതിനാലും തന്നെ.—സഭാപ്രസംഗി 12:13.

# മരിച്ചവർ എവിടെ?

ഒരുപക്ഷേ, പ്രിയപ്പെട്ട ഒരാളെ മരണത്തിൽ നഷ്ടപ്പെട്ടപ്പോഴുണ്ടാകുന്ന ശൂന്യവിചാരം നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ മിക്കയാളുകൾക്കും ദുഃഖം മാത്രമല്ല, വളരെ നിസ്സഹായതയും തോന്നുന്നു. ഒരു ആൾ മരിക്കുമ്പോൾ അയാൾക്ക് എന്തു ഭവിക്കുന്നു? അയാൾ എവിടെയെങ്കിലും പിന്നെയും ബോധവാനായിരിക്കുന്നുവോ? മരിച്ചവർ വീണ്ടും ജീവിക്കുമെന്ന് ഒരു യഥാർത്ഥ പ്രത്യാശയുണ്ടോ? എന്നിങ്ങനെ അതിശയിക്കുക സ്വാഭാവികം മാത്രമാണ്. ബൈബിളിൽ ഈ ചോദ്യങ്ങൾക്ക് ആശ്വാസദായകമായ ഉത്തരം ഉണ്ട്.

2 ലളിതമായി പറഞ്ഞാൽ, മരണം ജീവന്റെ വിപരീതമാണ്. ആദ്യമനുഷ്യനായ ആദാമിനെ, അവന്റെ മനഃപൂർവ്വമായ അനുസരണക്കേട് നിമിത്തം വിധിച്ചപ്പോൾ ദൈവം ഇങ്ങനെ പറഞ്ഞു: "നീ നിലത്തേക്കു തിരികെ പോകും. എന്തെന്നാൽ അതിൽനിന്ന് നീ എടുക്കപ്പെട്ടു. എന്തെന്നാൽ നീ പൊടിയാകുന്നു, പൊടിയിലേക്കു നീ തിരികെ പോകും." (ഉല്പത്തി 3:19) ഇപ്പോൾ പരിചിന്തിക്കുക: ദൈവം ആദാമിനെ പൊടിയിൽനിന്ന് നിർമ്മിച്ച് അവനു ജീവൻ കൊടുക്കുന്നതിനു മുമ്പ് അവൻ എവിടെയായിരുന്നു? എങ്ങുമില്ല എന്നതിന്, അവൻ കേവലം സ്ഥിതിചെയ്യുന്നില്ലായിരുന്നു. തന്റെ മരണത്തിങ്കൽ ആദാം അതേ ജീവനില്ലാത്ത, ബോധമില്ലാത്ത, അവസ്ഥയിലേക്കു തിരികെപോയി. അവൻ ഒരു അഗ്നിനരകത്തിലേക്കോ സ്വർഗ്ഗീയാനന്ദത്തിലേക്കോ പോയില്ല, എന്നാൽ ദൈവം പറഞ്ഞതുപോലെ അവർ മരിച്ചു. —ഉല്പത്തി 2:17.

3 മരിച്ചവർ ശവക്കുഴിയിൽ ബോധമില്ലാത്തവരും ജീവനില്ലാത്തവരുമാണെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. മരിച്ചവരുടെ അവസ്ഥയെക്കുറിച്ചു സഭാപ്രസംഗി

1. മരിച്ചവരെക്കുറിച്ച് ആളുകൾ പൊതുവേ ഏതു ചോദ്യങ്ങൾ ചോദിക്കുന്നു?
2. ഒന്നാം മനുഷ്യനായ ആദാമിന് അവന്റെ മരണത്തിങ്കൽ എന്തു സംഭവിച്ചുവെന്ന് ബൈബിൾ പറയുന്നു, അതുകൊണ്ട് മരണമെന്നാലെന്ത്?
3. മരിച്ചവരുടെ അവസ്ഥയെക്കുറിച്ച് സഭാപ്രസംഗി 9:5, 10 എന്തുപറയുന്നു, മരണത്തിങ്കൽ മനുഷ്യന്റെ ചിന്തകൾക്ക് എന്തു സംഭവിക്കുന്നു?

9:5, 10 *(AV)* പറയുന്നതെന്തെന്നു കുറിക്കൊള്ളുക: "എന്തെന്നാൽ ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കുമെന്നറിയുന്നു: എന്നാൽ മരിച്ചവർ ഒന്നും അറിയുന്നില്ല, അവക്കു മേലാൽ ഒരു പ്രതിഫലവുമില്ല; എന്തെന്നാൽ അവരുടെ ഓർമ്മ വിസ്മരിക്കപ്പെടുന്നു. നിൻെറ കൈ ചെയ്യാൻ കണ്ടെത്തുന്നതെല്ലാം നിൻെറ ശക്തിയോടെ ചെയ്യുക; എന്തെന്നാൽ നീ പോകുന്ന ശവക്കുഴിയിൽ പ്രവൃത്തിയോ, സൂത്രമോ, അറിവോ, ജ്ഞാനമോ ഇല്ല." ഇതിൻെറ അർത്ഥം മരിച്ചവക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നും ഒന്നും അനുഭവിക്കാൻ സാദ്ധ്യമല്ലെന്നുമാണ്. ബൈബിൾ പ്രസ്താവിക്കുന്നതുപോലെ അവരുടെ ചിന്തകൾ നിന്നുപോയി: "നിൻെറ ആശ്രയം പ്രഭുക്കന്മാരിലോ, സഹായമില്ലാത്ത മനുഷ്യപുത്രനിലോ വെക്കരുത്. അവൻെറ ശ്വാസം പോകുന്നു, അവൻ തൻെറ മണ്ണിലേക്കു തിരികെ പോകുന്നു; ആ ദിവസംതന്നെ അവൻെറ ചിന്തകൾ നശിക്കുന്നു."—സങ്കീർത്തനം 146:3, 4, *AV* [145:2-4, *Dy*].

### മനുഷ്യനു് ഒരു അമർത്ത്യദേഹിയുണ്ടോ ?

[4] എന്നാൽ ദേഹിയെ സംബന്ധിച്ചെന്തു്? അതു് മരണത്തിങ്കൽ മനുഷ്യൻെറ ശരീരത്തിൽനിന്നു് വേർപെട്ടു തുടർന്നു ജീവിക്കുന്ന മനുഷ്യൻെറ ഒരു ഭാഗമല്ലയോ? ഇതിനു് ഉചിതമായി ഉത്തരം നൽകുന്നതിനു് ദേഹി എന്താണെന്നു് നാം നിർണ്ണയിക്കേണ്ട ആവശ്യമുണ്ടു്. നിശ്വസ്ത തിരുവെഴുത്തുകളിൽ മൃഗങ്ങളും മനുഷ്യരും "ദേഹികൾ" എന്നു വിളിക്കപ്പെട്ടിരിക്കുന്നുവെന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടുപോയേക്കാം. ദൃഷ്ടാന്തമായി, സംഖ്യാപുസ്തകം 31:28 "മനുഷ്യവർഗ്ഗത്തിലും കന്നുകാലികളിലും കഴുതകളിലും ആട്ടിൻകൂട്ടത്തിലും അഞ്ഞൂറിൽ ഒരു ദേഹി"യെക്കുറിച്ചു് [എബ്രായ, *നേഫെഷ്*] പറയുന്നു.—"ദേഹി"യെന്നുള്ളതിൻെറ ഗ്രീക്കുപദമായ *സൈക്കി* വരുന്ന വെളിപാടു് 16:3 കൂടെ കാണുക.

[5] അപ്പോൾ ദേഹി എന്താണു്? സ്രഷ്ടാവിൻെറ സ്വന്തം എഴുതപ്പെട്ട വചനം ഇതു സംബന്ധിച്ചു് എന്തു പറയുന്നുവെന്നു് നമുക്കു കാണാം. ഉല്പത്തി 2:7-ൽ നാം ഇങ്ങനെ വായിക്കുന്നു: "യഹോവയായ ദൈവം നിലത്തുനിന്നുള്ള പൊടികൊണ്ടു മനുഷ്യനെ നിർമ്മിക്കുവാനും അവൻെറ നാസാരന്ധ്രങ്ങളിലേക്കു് ജീവശ്വാസം ഊതുവാനും തുടങ്ങി, മനുഷ്യൻ ജീവനുള്ള ഒരു ദേഹിയായിത്തീർന്നു."

---

4. "ദേഹി" എന്ന പദത്തെ സംബന്ധിച്ചു് സംഖ്യാപുസ്തകം 31:28 എന്തു വെളിപ്പെടുത്തുന്നു?
5. ബൈബിൾ ദേഹിയെ എങ്ങനെ വർണ്ണിക്കുന്നു?

[6] ദൈവം മനുഷ്യനെ ശ്വാസോച്ഛ്വാസംചെയ്യിച്ചുതുടങ്ങിയതിനുശേഷം "മനുഷ്യൻ *ജീവനുള്ള ഒരു ദേഹിയായിത്തീർന്നു*"വെന്നു ദയവായി കുറിക്കൊള്ളുക. അതുകൊണ്ടു മനുഷ്യൻ ഒരു ദേഹി *ആയിരുന്നു*, ഒരു ഡോക്ടറായിത്തീരുന്ന മനുഷ്യൻ ഒരു ഡോക്ടർ *ആയിരിക്കുന്നതു*പോലെതന്നെ. (1 കൊരിന്ത്യർ 15:45) മാനുഷദേഹി മനുഷ്യൻതന്നെയായിരിക്കുന്നതുകൊണ്ട്, അതു കേവലം ശരീരത്തിൽ വസിക്കുന്നതോ, ആളിൽനിന്നു വിട്ടു സ്ഥിതിചെയ്യാൻ കഴിയുന്നതോ ആയ നിഴൽപോലുള്ള എന്തോ ആയിരിക്കാവുന്നതല്ല. ഈ വസ്തുതയ്ക്കു ചേർച്ചയായി, മാനുഷദേഹിക്കു ഭൗതിക ഗുണങ്ങളുണ്ടെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ദൃഷ്ടാന്തമായി, ദേഹി ഭൗതികഭക്ഷണം ആഗ്രഹിക്കുന്നതായി ബൈബിൾ പറയുന്നു: "നിന്റെ ദേഹി മാംസം ഭക്ഷിക്കുവാൻ വാഞ്ഛിക്കുന്നു." (ആവർത്തനം 12:20, ലേവ്യർ 17:12 കൂടെ കാണുക.) ദേഹികൾക്ക് അവയുടെ രക്തക്കുഴലുകളിലൂടെ സഞ്ചരിക്കുന്ന രക്തമുണ്ടെന്നും അതു പറയുന്നു, എന്തെന്നാൽ അത് "സാധുക്കളായ നിർദ്ദോഷികളുടെ ദേഹികളുടെ രക്ത"ത്തെ സംബന്ധിച്ചു പറയുന്നു. (യിരെമ്യാ 2:34, *AV*) ഉവ്വ്, നിങ്ങളുടെ ദേഹി യഥാർത്ഥത്തിൽ *നിങ്ങൾ* ആകുന്നു, നിങ്ങളുടെ ശാരീരികവും മാനസികവുമായ സകല ഗുണങ്ങളോടും കൂടെത്തന്നെ.—സദൃശവാക്യങ്ങൾ 2:10.

[7] ആ സ്ഥിതിക്ക്, "എന്റെ ദേഹി" എന്നതുപോലെയുള്ള പദപ്രയോഗങ്ങൾ ഉപയോഗിക്കുന്ന വാക്യങ്ങളേയോ, ഒരു ആളിന്റെ ദേഹി അവനിലാണെന്നുള്ളതുപോലെ പറയുന്ന വാക്യങ്ങളേയോ സംബന്ധിച്ചെന്ത്? തീർച്ചയായും ഈ വാക്യങ്ങൾ, പരിചിന്തിച്ചുകഴിഞ്ഞ തിരുവെഴുത്തുകളോടു പൊരുത്തപ്പെടണം, എന്തെന്നാൽ ദൈവ വചനത്തിൽ പരസ്പര വൈരുദ്ധ്യം പാടില്ല. അപ്പോൾ "ദേഹി" എന്ന പദം വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിക്കാമെന്നു സ്പഷ്ടമാകുന്നു. ചിലപ്പോൾ അതു് *ഒരു ദേഹി എന്ന നിലയിൽ ഒരുവന്റെ സ്വന്തം വ്യക്തിത്വത്തെ* പരാമർശിക്കുന്നു. അതുകൊണ്ട് ഒരുവൻ "ഞാൻതന്നെ" എന്നു പറയുന്നതുപോലെ, അവന് "എന്റെ ദേഹി" എന്നും പറയാൻ കഴിയും, അടിസ്ഥാനപരമായി അതേ അർത്ഥമാണ

---

**൬. മാനുഷദേഹി, ആളിൽനിന്നുവേർപെട്ടു സ്ഥിതിചെയ്യാൻ കഴിയുന്ന നിഴൽപോലുള്ള ഒരു വസ്തു ആയിരിക്കാവുന്നതല്ലെന്ന് അതു സംബന്ധിച്ചുള്ള എല്ലാ ബൈബിൾവസ്തുതകൾ പ്രകടമാക്കുന്നു? അതുകൊണ്ട് മാനുഷദേഹി എന്താണ്?**
**൭. ബൈബിൾ "എന്റെ ദേഹി" എന്ന പദപ്രയോഗം ഉപയോഗിക്കുമ്പോൾ അതു് എന്തിനെയാണു പരാമർശിക്കുന്നതു്?**

തിനുള്ളതു്. ഇപ്രകാരം സങ്കീർത്തനക്കാരൻ എഴുതി: "എന്റെ ദേഹി സങ്കടംകൊണ്ടു നിദ്രാഹീനമായിരിക്കുന്നു."—സങ്കീർത്തനം 119:28 [118:28, *Dy*].

8 "ദേഹി" എന്നതിനു് *ഒരുവൻ ഒരു ജീവനുള്ള ദേഹിയോ ആളോ എന്ന നിലയിൽ ആസ്വദിക്കുന്ന ജീവനെയും* പരാമർശിക്കാൻ കഴിയും. ഒരുവൻ ജീവനുള്ളവൻ *ആകുന്നു* എന്നു നമുക്കു പറയാൻ കഴിയും, അതിന്റെ അർത്ഥം അയാൾ ജീവനുള്ള ഒരു ആൾ ആണെന്നാണു്. അല്ലെങ്കിൽ അയാൾക്കു് ജീവൻ ഉണ്ടു് എന്നു നമുക്കു പറയാൻ കഴിയും, അതിന്റെ അർത്ഥം ഒരു ആളെന്ന നിലയിൽ അയാൾക്കു് ജീവനുണ്ടെന്നാണു്. ഇതേ വിധത്തിൽ; ബൈബിളനുസരിച്ചു് മനുഷ്യൻ ഒരു ദേഹി *ആകുന്നു*; എന്നാൽ അവൻ ജീവനുള്ളവനായിരിക്കുന്നിടത്തോളംകാലം അവനു് "ദേഹി *ഉണ്ടെന്നു്*" പറയാൻ കഴിയും. അതുകൊണ്ടു് ഒരുവന്റെ ജീവൻ നഷ്ടപ്പെടുന്നതിനെക്കുറിച്ചു് നാം സംസാരിക്കുന്നതുപോലെ, അവന്റെ ദേഹി നഷ്ടപ്പെടുന്നതിനെക്കുറിച്ചും നമുക്കു സംസാരിക്കാൻ കഴിയും. യേശു പറഞ്ഞു: "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും, തന്റെ സ്വന്തം ദേഹിയെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു ലാഭം?" (മത്തായി 16:26, *AV*) ബെന്യാമീനെ പ്രസവിക്കുന്നതിനു് റാഹേലിനു് അരിഷ്ടത നേരിട്ടപ്പോൾ അവളുടെ ദേഹി (അല്ലെങ്കിൽ ഒരു ദേഹി എന്ന നിലയിലുള്ള ജീവൻ) അവളിൽനിന്നു വിട്ടുപോകയും അവൾ മരിക്കയും ചെയ്തു. (ഉല്പത്തി 35:16-19) അവൾ ജീവനുള്ള ഒരു ആൾ അല്ലാതായിത്തീരുകയും ഒരു ശവമായിത്തീരുകയും ചെയ്തു. പ്രവാചകനായ ഏലിയാവു് മരിച്ച ഒരു കുട്ടിയോടുള്ള ബന്ധത്തിൽ ഒരു അത്ഭുതം പ്രവർത്തിച്ചപ്പോൾ ദേഹി (അഥവാ ഒരു ദേഹിയെന്ന നിലയിലുള്ള ജീവൻ) അവനിലേക്കു മടങ്ങിവരികയും "അവൻ ജീവനിലേക്കു വരികയുംചെയ്തു." അവൻ വീണ്ടും ഒരു ജീവനുള്ള ദേഹിയായിരുന്നു.—1 രാജാക്കന്മാർ 17:17-23.*

9 ദേഹി ആൾതന്നെയാകയാൽ മരണത്തിങ്കൽ ദേഹിക്കു്

* 3 രാജാക്കന്മാർ 17:17-23, *Dy*.

**8. (എ) മറെറതു വിധത്തിൽ "ദേഹി" എന്ന പദം ഉപയോഗിക്കാൻ കഴിയും? അതുകൊണ്ടു് ജീവനുള്ള ഒരാളിനു് "ദേഹി ഉണ്ടു്" എന്നു് ഉചിതമായി പറയാൻ കഴിയുമോ? (ബി) ഒരുവനു് തന്റെ ജീവനോ ദേഹിയോ നഷ്ടപ്പെടുന്നതായി ഏതു ബൈബിൾ വിവരണങ്ങൾ പറയുന്നു?**

**9. (എ) മാനുഷദേഹി മരണരഹിതമാണെന്നു് ബൈബിൾ പറയുന്നുവോ? (ബി) മാനുഷദേഹിക്കു് മരിക്കാൻ കഴിയുമെന്നു് ഏതു തിരുവെഴുത്തുകൾ പ്രകടമാക്കുന്നു?**

എന്തു സംഭവിക്കുന്നു? "പാപം ചെയ്യുന്ന ദേഹി—അതുതന്നെ മരിക്കും" എന്നു പറയുമ്പോൾ ദേഹി മരണത്തിനു വിധേയമാണെന്നു ബൈബിൾ സുവ്യക്തമായി പ്രസ്താവിക്കുകയാണ്. (യെഹെസ്കേൽ 18:4, 20) അപ്പോസ്തലനായ പത്രോസ്, "തീർച്ചയായും, ആ പ്രവാചകനെ കേട്ടനുസരിക്കാത്ത ഏതു ദേഹിയും ജനത്തിന്റെ ഇടയിൽനിന്ന് പരിപൂർണ്ണമായി നശിപ്പിക്കപ്പെടും" എന്നു പറഞ്ഞുകൊണ്ട് യേശുവിനെ കുറിച്ചുള്ള മോശയുടെ എഴുത്തുകളിൽനിന്ന് ഉദ്ധരിച്ചു. (പ്രവൃത്തികൾ 3:23) ഈ അടിസ്ഥാനപരമായ സത്യത്തിനു ചേർച്ചയായി, ബൈബിൾ അതിലെ വാക്യങ്ങളിൽ ഒന്നിൽ പോലും, മാനുഷദേഹികളോ മൃഗദേഹികളോ അമർത്ത്യമാണെന്നോ മരണമില്ലാത്തതാണെന്നോ, നശിപ്പിക്കാൻ കഴിയാത്തതാണെന്നോ നശിക്കാൻ സാദ്ധ്യമല്ലെന്നോ പറയുന്നില്ല. എന്നിരുന്നാലും, ദേഹിക്കു മരിക്കാനോ കൊല്ലപ്പെടാനോ കഴിയുമെന്നു തെളിയിക്കുന്ന ഡസൻ കണക്കിനു തിരുവെഴുത്തുകളുണ്ട്. (ലേവ്യർ 23:30; യാക്കോബ് 5:20) യേശുക്രിസ്തുവിനെക്കുറിച്ചു പോലും ബൈബിൾ പറയുന്നു: "അവൻ തന്റെ ദേഹിയെ മരണത്തോളം തന്നെ ഒഴുക്കിക്കളഞ്ഞു." (യെശയ്യാ 53:12) അപ്പോൾ, മാനുഷദേഹി ആൾതന്നെയാണെന്നും, ആൾ മരിക്കുമ്പോൾ, മരിക്കുന്നതു മാനുഷദേഹിയാണെന്നും നാം കാണുന്നു.

10 മരണത്തെക്കുറിച്ചുള്ള തെററിദ്ധാരണയിലധികത്തിനും കാരണം "ദേഹി"യുടെയും "ആത്മാവി"ന്റെയും അർത്ഥം സംബന്ധിച്ച് അനേകരുടെയും മനസ്സിലുള്ള കുഴപ്പമാണ്. നാം മനസ്സിലാക്കാൻ പോകുന്നതുപോലെ അവ ഒന്നുതന്നെയല്ലെന്ന് ബൈബിൾ പ്രകടമാക്കുന്നു.

## ജീവനുള്ള സൃഷ്ടികളിലെ ആത്മാവ് എന്താണ്?

11 സ്ഥിതിചെയ്യുന്നതിനും ജീവനോടിരിക്കുന്നതിനും മനുഷ്യന് [അല്ലെങ്കിൽ ബോധമുള്ള മറേറതൊരു ഭൗമികസൃഷ്ടിക്കും] ഉണ്ടായിരിക്കേണ്ട രണ്ടു സംഗതികളുണ്ടെന്ന് ഇയ്യോബ് 34:14, 15-ൽ നിന്നു നാം മനസ്സിലാക്കുന്നു: ആത്മാവും ശ്വാസവും തന്നെ. അവിടെ നാം ഇങ്ങനെ വായിക്കുന്നു: "അവൻ[ ദൈവം] ആരെയെങ്കിലും അതിയായി

10. ഏതു രണ്ടു വാക്കുകളെക്കുറിച്ചുള്ള കുഴപ്പം മരണത്തെക്കുറിച്ചുള്ള അധികമായ തെററിദ്ധാരണക്കിടയാക്കിയിരിക്കുന്നു?

11. (എ) ഇയ്യോബ് 34:14, 15 അനുസരിച്ച് മനുഷ്യന് ജീവിച്ചിരിക്കാൻ ഏതു രണ്ടു സംഗതികൾ ഉണ്ടായിരിക്കണം? (ബി) ഇതിലോരോന്നിന്റെയും അർത്ഥമെന്തെന്നു വിശദീകരിക്കുക.

ആഗ്രഹിക്കുന്നുവെങ്കിൽ, അവൻെറ ആത്മാവിനേയും [എബ്രായ, *റൂഹ്*] ശ്വാസത്തേയും [എബ്രായ, *നെഷമാ*] തന്നിലേക്കു ചേർത്തുകൊള്ളുന്നുവെങ്കിൽ, സകല ജഡവും ഒന്നിച്ചു മരണമടയും, മൺമയനായ മനുഷ്യൻ പൊടിയിലേക്കുതന്നെ തിരികെ പോകും.'' ഒന്നാമത്തെ മനുഷ്യൻ "നിലത്തെ പൊടി''കൊണ്ടു്, അതായതു് മണ്ണിൽനിന്നെടുത്ത മൂലകങ്ങൾകൊണ്ടു് ദൈവത്താൽ സൃഷ്ടിക്കപ്പെട്ടുവെന്നു നമുക്കറിയാം. ആദാമിൻെറ സൃഷ്ടിയുടെ സമയത്തു്, ദൈവം അവൻെറ ശരീരത്തിലെ കോടിക്കണക്കിനു കോശങ്ങൾ ജീവിക്കാനിടയാക്കി. അവയിൽ ജീവശക്തി ഉണ്ടായിരിക്കുവാനിടയാക്കി. ഈ കർമ്മോദ്യുക്തമായ ജീവശക്തിയാണു "ആത്മാവു്'' (*റൂഹ്*) എന്ന പദത്താൽ ഇവിടെ അർത്ഥമാക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ആദാമിൻെറ കോടിക്കണക്കിനു കോശങ്ങളിൽ ഓരോന്നിലും ജീവശക്തി തുടരുന്നതിനു് അവയ്ക്കു് ഓക്സിജൻ (പ്രാണവായു) ആവശ്യമായിരുന്നു; ഇതു ശ്വാസോച്ഛ്വാസത്താൽ ലഭിക്കേണ്ടിയിരുന്നു. അതുകൊണ്ടു് ദൈവം അടുത്തതായി "അവൻെറ നാസാരന്ധ്രങ്ങളിലേക്കു് ജീവശ്വാസം [*നെഷമാ*] ഊതി.'' അപ്പോൾ ആദാമിൻെറ ശ്വാസകോശങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങുകയും അങ്ങനെ ശ്വാസോച്ഛ്വാസത്താൽ അവൻെറ ശരീരകോശങ്ങളിലെ ജീവശക്തിയെ നിലനിർത്താൻ തുടങ്ങുകയുംചെയ്തു.—ഉല്പത്തി 2:7, *AV*.

[12] ഇതു പുതുതായി ജനിക്കുന്ന ചില ശിശുക്കളുടെ സംഗതിയോടു സാമ്യമുള്ളതായിരുന്നു. ജനിക്കുമ്പോൾ ശിശുവിൽ ജീവനുണ്ടെങ്കിലും അതു് ചിലപ്പോൾ ജനനശേഷം ഉടൻതന്നെ ശ്വസിച്ചുതുടങ്ങുന്നില്ല. അതു ശ്വസിച്ചുതുടങ്ങാനിടയാക്കുന്നതിനു് അതിനിട്ടു തട്ടേണ്ടതാവശ്യമാണെന്നു് ഡോക്ടർ കണ്ടെത്തുന്നു. എന്തുകൊണ്ടെന്നാൽ ശ്വാസമില്ലെങ്കിൽ ശിശു പെട്ടെന്നു മരിക്കും. അങ്ങനെതന്നെ, ആദാമിനു് ജീവനുള്ള ഒരാളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു് ശ്വാസോച്ഛ്വാസപ്രക്രിയയാൽ ആദാമിൻെറ ശരീരകോശങ്ങളിലെ ജീവൻ നിലനിർത്തേണ്ടിയിരുന്നു.

[13] മാനുഷദേഹി ജീവനുള്ള ആൾതന്നെയായിരിക്കയാൽ, ആത്മാവു കേവലം ആ ആളെ ജീവനുള്ളവനായിരിക്കാൻ

---

12. പുതുതായി ജനിച്ച ഒരു ശിശുവിൻെറ കാര്യത്തിൽ സംഭവിക്കാൻ കഴിയുന്നതിനെ ആസ്പദമാക്കി ''ജീവശ്വാസ''ത്തെ വിവരിക്കുക.

13. (എ) ആത്മാവിനു് ആളത്വമുണ്ടോ? (ബി) ഒരു മോട്ടോർകാറിൻെറ ദൃഷ്ടാന്തം ഉപയോഗിച്ചാൽ ആത്മാവിനെ എന്തിനോടു താരതമ്യപ്പെടുത്താൻ കഴിയും?

പ്രാപ്തനാക്കുന്ന ജീവശക്തിയാണ്. ആത്മാവിന് ആളത്വമില്ല, അതിന് ഒരു ആളിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാനും കഴിയുകയില്ല. അതിനു ചിന്തിക്കുന്നതിനോ സംസാരിക്കുന്നതിനോ കേൾക്കുന്നതിനോ കാണുന്നതിനോ സ്പർശിക്കുന്നതിനോ കഴിയുകയില്ല. ആ സംഗതിയിൽ അതിനെ ഒരു കാറിന്റെ ബാററിയിലെ വൈദ്യുതിപ്രവാഹത്തോടു സാദൃശ്യപ്പെടുത്താവുന്നതാണ്. ആ വൈദ്യുതിപ്രവാഹത്തിനു യന്ത്രത്തെക്കൊണ്ട് ശക്തിയുല്പാദിപ്പിക്കുന്നതിന് ഇന്ധനത്തെ കത്തിക്കുന്നതിനോ, മുമ്പിലുള്ള വിളക്കുകളെ പ്രകാശിപ്പിക്കുന്നതിനോ, ഹോൺ മുഴക്കുന്നതിനോ, കാറിന്റെ റേഡിയോ ശബ്ദങ്ങളും സംഗീതവും ഉല്പാദിപ്പിക്കുന്നതിനിടയാക്കുന്നതിനോ കഴിയും. എന്നാൽ യന്ത്രമോ, ഹെഡ്‌ലൈററുകളോ, ഹോണോ, റേഡിയോയോ ഇല്ലാതെ ആ ബാററിയുടെ വൈദ്യുതിപ്രവാഹത്തിനുതന്നെ ഇവയിലെന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഇല്ല, എന്തുകൊണ്ടെന്നാൽ അതു് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനും യന്ത്രസജ്ജീകരണത്തെ പ്രാപ്തമാക്കുന്ന ശക്തി മാത്രമാണ്.

14 ഈ ആത്മാവു് അഥവാ ജീവശക്തി ഗർഭധാരണസമയത്തു് മാതാപിതാക്കളിൽനിന്ന് സന്താനങ്ങളിലേയ്ക്കു് കടത്തിവിടപ്പെടുന്നതിനാൽ സകല ജീവികളിലും കാണപ്പെടുന്നു. ഇപ്രകാരം, മൃഗത്തിലും മനുഷ്യരിലും "കർമ്മോദ്യുക്തമായ ജീവശക്തി [റൂഹ്, ആത്മാവു്] ഉള്ള സകല ജഡത്തെയും നശിപ്പിക്കുന്നതിന്" താൻ ഒരു ജലപ്രളയം വരുത്തുമെന്ന് ദൈവം നോഹയോടു പറഞ്ഞു.—ഉല്പത്തി 6:17 *മാർജിൻ*, 1953 ലെ പതിപ്പ്; 7:15, 22, *AV*, മാർജിനിലെ വായനകളുടെ കാണുക.

15 അവയെല്ലാം ഒരേ ജീവശക്തി അഥവാ ആത്മാവാണുള്ളതെന്നതുകൊണ്ട് മനുഷ്യനും മൃഗങ്ങളും ഒരേ രീതിയിൽ മരിക്കുന്നു. ആ കാരണത്താൽ സഭാപ്രസംഗി 3:19, 20 പറയുന്നു: മനുഷ്യവർഗ്ഗത്തിന്റെ പുത്രന്മാരെ സംബന്ധിച്ച് ഒരു സംഭവ്യതയും മൃഗത്തെ സംബന്ധിച്ച് ഒരു സംഭവ്യതയുമുണ്ട്, അവയ്ക്കു് ഒരേ സംഭവ്യതയാണുള്ളതു്. ഒന്നു മരിക്കുന്നതുപോലെ മറേറതും മരിക്കുന്നു, അവയെല്ലാം ഒരു ആത്മാവു [റൂഹ്] മാത്രമാണുള്ളതു് . . . എല്ലാം ഒരു സ്ഥലത്തേക്കു

---

**14.** മൃഗങ്ങൾക്കു് മനുഷ്യനുള്ളതുപോലെ ജീവശക്തി അഥവാ ആത്മാവുണ്ടോ?
**15.** മനുഷ്യക്കും മൃഗങ്ങൾക്കും ഈ ആത്മാവു് അഥവാ ജീവശക്തി ഉണ്ടെന്നു് സഭാപ്രസംഗി 3:19, 20 എങ്ങനെ പ്രകടമാക്കുന്നു?

പോകുന്നു. അവയെല്ലാം പൊടിയിൽനിന്നു് ഉണ്ടായിരിക്കുന്നു, അവയെല്ലാം പൊടിയിലേക്കു തിരികെപോകുന്നു."

[16] ദൈവം ജീവദാതാവായതുകൊണ്ടു് ഒരു ആൾ മരിക്കുമ്പോൾ "പൊടി പണ്ടു് ആയിരുന്നതുപോലെ ഭൂമിയിലേക്കു മടങ്ങിപ്പോകുന്നു, ആത്മാവുതന്നെ അതിനെ നൽകിയ സത്യദൈവത്തിലേക്കു മടങ്ങിപ്പോകുന്നു" എന്നു് അവൻെറ വചനം പറയുന്നു. (സഭാപ്രസംഗി 12:7) മരണത്തിങ്കൽ, ക്രമേണ ജീവശക്തി സകല ശരീരകോശങ്ങളിൽനിന്നും വിട്ടുപോകുകയും ശരീരം ദ്രവിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ബോധപൂർവ്വമായ സകല ചിന്തയും പ്രവത്തനങ്ങളും അവസാനിക്കുന്നു. (സങ്കീർത്തനം 104:29 [103:29, *Dy*]) അപ്പോൾ 'ആത്മാവു് അതിനെ നൽകിയ ദൈവത്തിലേക്കു തിരികെപോകുന്നതു്' എങ്ങനെ? ജീവശക്തി ഭൂമിയെ അക്ഷരീയമായി വിട്ടുപോകുകയും ദൈവസന്നിധിയിലേക്കു ശൂന്യാകാശത്തിലൂടെ സഞ്ചരിക്കുകയുംചെയ്യുന്നുണ്ടോ? ഇല്ല, എന്നാൽ ഈ ആളിൻെറ ഭാവിജീവിതപ്രതീക്ഷകൾ ഇപ്പോൾ മുഴുവനായി ദൈവത്തിൽ സ്ഥിതിചെയ്യുന്നു എന്ന അർത്ഥത്തിൽ അതു ദൈവത്തിങ്കലേക്കു തിരികെപോകുന്നു. ദൈവത്തിനു മാത്രമേ ഈ ആൾ വീണ്ടും ജീവിക്കുവാൻ ഇടയാക്കിക്കൊണ്ടു് ആത്മാവിനെ പുനഃസ്ഥിതീകരിക്കുവാൻ കഴികയുള്ളു.

[17] ചില ആളുകൾ മരിച്ചവരോടുള്ള ഭയത്തിൽ ജീവിക്കുകയും മരിച്ച പൂർവ്വികരെ പ്രസാദിപ്പിക്കുവാൻ വഴിപാടുകൾ അർപ്പിക്കുകയുംചെയ്യുന്നു. എന്നാൽ മരിച്ചവർ ബോധമില്ലാത്തവരായതുകൊണ്ടു് അവക്കു ജീവിച്ചിരിക്കുന്നവരെ ഉപദ്രവിക്കുവാൻ സാദ്ധ്യമല്ലെന്നറിയുന്നതിനാൽ നമുക്കു് ആശ്വാസം കണ്ടെത്തുവാൻ കഴിയും. മരിച്ച ഒരാളെ ഒരുവൻ വളരെയധികം സ്നേഹിച്ചിരിക്കാമെങ്കിലും, ഒരുപക്ഷേ അതിജീവിക്കുന്നവക്കു വലിയ ചെലവു വരുത്തിക്കൊണ്ടു് അങ്ങനെയുള്ള ഒരുവനുവേണ്ടി മതകർമ്മങ്ങളോ ചടങ്ങുകളോ അനുഷ്ഠിക്കുന്നതിനാൽ ഒരുവനു് മരിച്ചയാളിനു പ്രയോജനം ചെയ്യുവാൻ സാദ്ധ്യമല്ലെന്നു് ദൈവവചനം പ്രകടമാക്കുന്നു. (2 ശമുവേൽ 12:21-23) * മരിച്ചവരുടെ യഥാർത്ഥ അവ

* 2 രാജാക്കന്മാർ 12:21-23, *Dy*.

16. (എ) മരണത്തിങ്കൽ എപ്രകാരം ആത്മാവു് ശരീരത്തെ വിട്ടുപോകുന്നു? (ബി) അതു് ദൈവത്തിങ്കലേക്കു് എങ്ങനെ മടങ്ങിപ്പോകുന്നു?
17. (എ) മരിച്ച ഒരു ആളിനു് ജീവനുള്ളവരെ ഉപദ്രവിക്കാൻ കഴിയുമോ, അല്ലെങ്കിൽ ജീവനുള്ള ഒരാളിനു് മരിച്ച ഒരാൾക്കു പ്രയോജനംചെയ്യാൻ കഴിയുമോ? (ബി) മരിച്ചവരുടെ അവസ്ഥയെക്കുറിച്ചുള്ള സത്യം സംബന്ധിച്ച നമ്മുടെ അറിവു നമ്മെ ഏതു് ഭ്രാന്താചാരത്തിൽനിന്നു് സംരക്ഷിക്കുന്നു?

സ്ഥയെക്കുറിച്ചുള്ള അറിവ് മരിച്ചവരുമായി സംസാരിക്കുവാൻ ശ്രമിക്കുന്ന ആചാരത്തിൽനിന്നും നമ്മെ സംരക്ഷിക്കുന്നു. മരിച്ചവരോടു സംസാരിക്കുന്നതായി അവകാശപ്പെടുന്നവർ, യഥാർത്ഥത്തിൽ മരിച്ചവനാണെന്ന് വ്യാജമായി നടിക്കുന്ന ദുഷ്ടാത്മാക്കളായ ഭൂതങ്ങളോടു സമ്പർക്കം പുലർത്തുകയാണെന്ന് ബൈബിൾ മുന്നറിയിപ്പു നൽകുന്നു.—ആവർത്തനം 18:10-12.

### നരകം എന്നാൽ എന്ത്?

18 ദുഷ്ടന്മാർ ഒരു നരകാഗ്നിയിൽ അനന്തമായി ദണ്ഡിപ്പിക്കപ്പെടുന്നുവെന്ന് അനേകം മതസ്ഥാപനങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ ഈ വിശ്വാസം ദൈവവചനത്തിൽ പഠിപ്പിക്കപ്പെടുന്നുണ്ടോ? നിങ്ങളുടെ സ്വന്തം പ്രത്യേക സഭാസ്ഥാപനം "നരകം" എന്നുള്ളതിന് കൊടുക്കുന്ന അർത്ഥം നിങ്ങൾക്കറിയാമായിരിക്കും. എന്നാൽ തിരുവെഴുത്തുകളിൽ അതിന് കൊടുക്കപ്പെട്ടിരിക്കുന്ന അർത്ഥം മനസ്സിലാക്കുന്നതിന് നിങ്ങൾ എന്നെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ? ബൈബിളനുസരിച്ച് നരകം എന്താണ്?

19 ബൈബിളിലെ എബ്രായതിരുവെഴുത്തുകളിൽ "നരകം" എന്ന പദം *ഷീയോൾ* എന്ന എബ്രായപദത്തിൽനിന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നതാണ്. ഈ പദം എല്ലാംകൂടി 65 പ്രാവശ്യം വരുന്നുണ്ട്. എന്നിരുന്നാലും ജയിംസ്‌രാജാവിന്റെ ബൈബിൾ ഭാഷാന്തരം *ഷീയോളിനെ* 31 പ്രാവശ്യം "നരകം" എന്നും 31 പ്രാവശ്യം "ശവക്കുഴി" എന്നും 3 പ്രാവശ്യം "കുഴി" എന്നും പരിഭാഷപ്പെടുത്തുന്നു. ബൈബിളിന്റെ കത്തോലിക്ക ഡൂവേ ഭാഷാന്തരം *ഷീയോളിനെ* "നരകം" എന്ന് 63 പ്രാവശ്യവും "കുഴി" എന്ന് ഒരു പ്രാവശ്യവും "മരണം" എന്ന് ഒരു പ്രാവശ്യവും പരിഭാഷപ്പെടുത്തുന്നു. ക്രിസ്തീയ ഗ്രീക്ക തിരുവെഴുത്തുകളിൽ "നരകം" എന്ന പദം ചിലപ്പോൾ ഭാഷാന്തരപ്പെടുത്തിയിരിക്കുന്നത് *ഹേഡീസ്* എന്ന ഗ്രീക്ക പദത്തിൽ നിന്നാണ്. *ജയിംസ് രാജാവിന്റെ* ഭാഷാന്തരവും *ഡൂവേ* ഭാഷാന്തരവും *ഹേഡീസ്* എന്ന പദം വരുന്ന പത്തു പ്രാവശ്യത്തിൽ ഓരോന്നിലും "നരകം" എന്ന് അതിനെ പരിഭാഷപ്പെടുത്തുന്നു.

---

**18. അനേകം മതസ്ഥാപനങ്ങൾ നരകത്തെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു, അതുസംബന്ധിച്ച് ഏതു ചോദ്യങ്ങൾ ഉദിക്കുന്നു?**

**19. (എ) ഏതു് എബ്രായപദത്തിൽനിന്നാണ് "നരകം" എന്ന പദം ഭാഷാന്തരം ചെയ്തിരിക്കുന്നതു്? വിവിധ ബൈബിൾ ഭാഷാന്തരങ്ങളിൽ ഈ എബ്രായ പദം എങ്ങനെയാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നതു്? (ബി) നരകം എന്ന പദം ചിലപ്പോൾ ഏതു ഗ്രീക്കപദത്തിൽനിന്നാണ് ഭാഷാന്തരപ്പെടുത്തുന്നതു്?**

[20] നരകം ചൂടുള്ള ഒരു സ്ഥലമാണോ? *ഷീയോളും ഹേഡീസും* ദുഷ്ടന്മാർ മരണാനന്തരം കഷ്ടത അനുഭവിക്കുന്ന ഏതോ സ്ഥലത്തെ പരാമർശിക്കുന്നുവോ? ഇല്ലെന്നു വ്യക്തമാണ്, എന്തുകൊണ്ടെന്നാൽ മരിച്ചവർക്കു ബോധമില്ലെന്നും അതുകൊണ്ടു് കഷ്ടതയനുഭവിക്കുവാൻ സാദ്ധ്യമല്ലെന്നും നാം കണ്ടുകഴിഞ്ഞു. നരകത്തിലുള്ളവരുടെ അവസ്ഥയെ സംബന്ധിച്ച് ബൈബിൾ പരസ്പരവിരുദ്ധമായി പറയുന്നില്ല. യേശു നരകത്തിലായിരുന്നുവെന്ന് ബൈബിൾ പറയുന്നുവെന്ന വസ്തുതയാൽ ഇതു തെളിയിക്കപ്പെടുന്നു. (പ്രവൃത്തികൾ 2:31, *AV*, *Dy*) അപ്പോസ്തലനായ പത്രോസ് പെന്തക്കോസ്തുദിവസം ഇതു പ്രസ്താവിച്ചപ്പോൾ യേശു ഒരു അഗ്നിദണ്ഡനസ്ഥലത്തല്ല, പിന്നെയോ ശവക്കുഴിയിലായിരുന്നുവെന്ന് അവൻ വ്യക്തമായി അർത്ഥമാക്കി. (1 കൊരിന്ത്യർ 15:3, 4) ഇതു പറയുകയിൽ അപ്പോസ്തലൻ സങ്കീർത്തനം 16:10-ൽ നിന്നു് [15:10, *Dy*] ഉദ്ധരിക്കുകയായിരുന്നു. ഇവിടെ *ഷീയോൾ* എന്ന എബ്രായ വാക്കായിരുന്നു ഉപയോഗിച്ചിരുന്നതു്. പ്രവൃത്തികൾ 2:31-ൽ ഈ പദം *ഹേഡീസ്* എന്ന ഗ്രീക്കു പദംകൊണ്ടു് പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഇതു പ്രകടമാക്കുന്നതു് *ഷീയോളും ഹേഡീസും* ഒരേ സംഗതിയെ പരാമർശിക്കുന്നുവെന്നാണ്. ബൈബിൾ "നരകം" യഥാർത്ഥത്തിൽ മനുഷ്യവർഗ്ഗത്തിൻെറ ശവക്കുഴിയാണ്.

[21] ഇതിൻെറ കൂടുതലായ തെളിവായി, വളരെയധികം കഷ്ടപ്പാടനുഭവിച്ച, ഒരു നീതിമാനായ ദൈവദാസനായിരുന്ന ഇയ്യോബിൻെറ സംഗതി പരിചിന്തിക്കുക. അവൻ ദൈവത്തോടിങ്ങനെ പ്രാർത്ഥിച്ചു: "നിൻെറ കോപം കടന്നു പോകുവോളം എന്നെ നരകത്തിൽ [*ഷീയോൾ*; ശവക്കുഴി, *AV*] ഒളിപ്പിക്കയും എനിക്കു് ഒരു കാലം നിയമിച്ചു് അന്നു് എന്നെ ഓർക്കുകയും ചെയ്യേണ്ടതിനു് എനിക്കു് ഇതു് ആർ അനുവദിച്ചുതരും?" (ഇയ്യോബ് 14:13, *Dy*) നരകം തീയാൽ ചൂടുപിടിച്ച ഒരു സ്ഥലമാണെങ്കിൽ ഇയ്യോബ് അവിടെ സംരക്ഷണം ആഗ്രഹിക്കുമെന്നു ചിന്തിക്കുന്നതു് എത്ര യുക്തിരഹിതം! സുവ്യക്തമായി ഈ "നരകം" കേവലം ശവക്കുഴിയാണ്, തൻെറ കഷ്ടപ്പാടുകളവസാനിക്കേണ്ടതിനു് അവിടേയ്ക്കു പോകാനാണ് ഇയ്യോബാഗ്രഹി

20. (എ) നരകം ആളുകൾ കഷ്ടതയനുഭവിക്കുന്ന ഒരു സ്ഥലമല്ലാത്തതെന്തുകൊണ്ടു്? (ബി) യേശു നരകത്തിലായിരുന്നുവോ?

21. (എ) നീതിമാനായ ഇയ്യോബ് നരകം അഗ്നിയാൽ ചൂടുപിടിച്ച ഒരു സ്ഥലമാണെന്നു് വിശ്വസിച്ചിരുന്നുവോ? (ബി) അതുകൊണ്ടു് ബൈബിൾ നരകം എന്താണു്?

ച്ചതു്. നല്ല ആളുകളും ചീത്ത ആളുകളും സകല മനുഷ്യവർഗ്ഗത്തിൻെറയും പൊതു ശവക്കുഴിയായ ബൈബിളിൽ "നരക" ത്തിലേക്കു പോകുന്നു.

### ധനവാനും ലാസറും

[22] എന്നിരുന്നാലും, ബൈബിൾനരകം ശാരീരികദണ്ഡനത്തിൻെറ ഒരു സ്ഥലമാണെന്നു് ചിലയാളുകൾ വിശ്വസിക്കാനിടയാക്കിയിട്ടുള്ളതായി *ഹേഡീസ്* എന്ന പദം വരുന്ന ഒരു സ്ഥലമുണ്ടു്. അതു് യേശു ധനവാനേയും ലാസറേയും കുറിച്ചു് സംസാരിക്കയും, ധനവാൻ മരിച്ചെന്നും *ഹേഡീസിൽ* ദണ്ഡനമനുഭവിച്ചെന്നും പറകയും ചെയ്യുന്ന സ്ഥലമാണു്. (ലൂക്കോസ് 16:22-31) ഇവിടെ "*ഹേഡീസ്*" എന്നതിൻെറ ഉപയോഗം മററു സ്ഥലങ്ങളിലെ അതിൻെറ ഉപയോഗത്തിൽനിന്നു് വളരെ വ്യത്യസ്തമായിരിക്കുന്നതെന്തുകൊണ്ടു്? എന്തുകൊണ്ടെന്നാൽ യേശു ഒരു ഉപമ അഥവാ ദൃഷ്ടാന്തം പറയുകയായിരുന്നു, ഒരു അക്ഷരീയ ദണ്ഡനസ്ഥലത്തെക്കുറിച്ചു സംസാരിക്കുകയല്ലായിരുന്നു. (മത്തായി 13:34) ഇതു പരിചിന്തിക്കുക: ഒരു മനുഷ്യൻ ധനവാനായിരിക്കുന്നതുകൊണ്ടും നല്ല വസ്ത്രം ധരിക്കുന്നതുകൊണ്ടും ധാരാളം ഭക്ഷിക്കാനുള്ളതുകൊണ്ടും മാത്രം ദണ്ഡനമനുഭവിക്കുന്നതായി വിശ്വസിക്കുന്നതു് യുക്തിയുക്തമോ തിരുവെഴുത്തുപരമോ ആണോ? ഒരുവൻ ഒരു യാചകനായിരിക്കുന്നതുകൊണ്ടുമാത്രം സ്വർഗ്ഗീയജീവിതത്തിൻെറ അനുഗ്രഹം ലഭിക്കുമെന്നു വിശ്വസിക്കുന്നതു തിരുവെഴുത്തുപരമാണോ? ഇതുംകൂടെ പരിചിന്തിക്കുക: നരകം ഒരു യഥാർത്ഥ സംഭാഷണം നടത്തുവാൻ തക്കവണ്ണം അക്ഷരീയമായി സ്വർഗ്ഗത്തിൽനിന്നു് സംസാരിക്കാവുന്ന ദൂരത്തിനുള്ളിലാണോ? കൂടാതെ ധനവാൻ അക്ഷരീയമായി തീ എരിയുന്ന ഒരു പൊയ്കയിലായിരുന്നുവെങ്കിൽ ലാസറിൻെറ വിരലിൻെറ അററത്തെ ഒരു തുള്ളി വെള്ളം കൊണ്ടുമാത്രം അവൻെറ നാവിനെ തണുപ്പിക്കുവാൻ അബ്രാഹാമിനു് ലാസറിനെ എങ്ങനെ അയയ്ക്കാൻ കഴിയും? ആ സ്ഥിതിക്കു്, യേശു എന്തു ദൃഷ്ടാന്തീകരിക്കുകയായിരുന്നു?

[23] ഈ ദൃഷ്ടാന്തത്തിൽ ധനവാൻ, യേശുവിനെ തള്ളിക്കളകയും പിന്നീടു കൊല്ലുകയും ചെയ്ത മതനേതാക്കന്മാരുടെ

---

22. ധനവാനേയും ലാസറിനേയും സംബന്ധിച്ചുള്ള യേശുവിൻെറ വാക്കുകൾ ഒരു ഉപമയാണെന്നു് നമുക്കെങ്ങനെ അറിയാം?

23. (എ) ധനവാൻെറ (ബി) ലാസറിൻെറ (സി) ഓരോരുത്തരുടെയും മരണത്തിൻെറ (ഡി) ധനവാൻെറ ദണ്ഡനങ്ങളുടെ, സംഗതിയിൽ ഉപമയുടെ അത്ഥമെന്താണു്?

വർഗ്ഗത്തെ കുറിക്കുന്നു. ലാസർ ദൈവപുത്രനെ സ്വീകരിച്ച സാമാന്യജനത്തെ ചിത്രീകരിച്ചു. ഒരുവൻെറ ജീവിതത്തിൽ അഥവാ പ്രവർത്തനഗതിയിൽ ഒരു വലിയ മാററത്തെ പ്രതിനിധാനംചെയ്യുന്ന ഒരു *പ്രതീക*മായി മരണത്തെ ഉപയോഗിക്കുവാൻ കഴിയുമെന്ന് ബൈബിൾ പ്രകടമാക്കുന്നു. (റോമർ 6:2, 11-13 താരതമ്യപ്പെടുത്തുക; 7:4-6.) യേശു ലാസർവർഗ്ഗത്തെ ആത്മീയമായി പോഷിപ്പിച്ചപ്പോൾ ഒരു മരണം അഥവാ മുൻ അവസ്ഥകളിൽനിന്നുള്ള മാററം സംഭവിച്ചു. ഇപ്രകാരം അവർ വലിപ്പമേറിയ അബ്രാഹാമായ യഹോവയാം ദൈവത്തിൻെറ പ്രീതിയിലേക്കു വന്നു. അതേസമയം, വ്യാജമതനേതാക്കന്മാർ ദൈവത്തിൻെറ പ്രീതിയുണ്ടായിരിക്കുന്നതു സംബന്ധിച്ച് "മരിച്ചു." അവർ തള്ളിക്കളയപ്പെട്ടതിനാൽ ക്രിസ്തുവിൻെറ അനുഗാമികൾ പെന്തക്കോസ്തിനുശേഷം ശക്തിപൂർവ്വം അവരുടെ ദുഷ്പ്രവൃത്തികളെ വെളിപ്പെടുത്തിക്കാണിച്ചപ്പോൾ അവർ ദണ്ഡനം അനുഭവിച്ചു. (പ്രവൃത്തികൾ 7:51-57) അതുകൊണ്ട്, മരിച്ച കുറെ ആളുകൾ ഒരു അക്ഷരീയ തീനരകത്തിൽ ദണ്ഡിപ്പിക്കപ്പെടുന്നുവെന്ന് ഈ ദൃഷ്ടാന്തം പഠിപ്പിക്കുന്നില്ല.

### ഗിഹെന്നായും ശുദ്ധീകരണസ്ഥലവും

24 ബൈബിൾ "നരകാഗ്നി"യെക്കുറിച്ച് പ്രസ്താവിക്കതന്നെ ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് ആരെങ്കിലും തടസ്സവാദം ഉന്നയിച്ചേക്കാം. (മത്തായി 5:22, *AV*, *Dy*) ചില ഭാഷാന്തരങ്ങൾ ഈ പദപ്രയോഗം ഉപയോഗിക്കുന്നുവെന്നതു സത്യംതന്നെ, എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന മൂല ഗ്രീക്കുപദം *ഹേഡീസ്* അല്ല, *ഗീയെന്നാ* ആണ്. ക്രിസ്തീയ ഗ്രീക്കു തിരുവെഴുത്തുകളിൽ ഗിഹെന്നാ 12 പ്രാവശ്യം വരുന്നുണ്ട്. അതു യെരുശലേമിൻെറ മതിലുകൾക്കു പുറത്തുള്ള ഹിന്നോംതാഴ്‌വരയെ പരാമർശിക്കുന്നു. യേശു ഭൂമിയിലായിരുന്നപ്പോൾ ഈ താഴ്‌വര ഒരു വലിയ ചവററുകുഴിയായി ഉപയോഗിക്കപ്പെട്ടിരുന്നു. അവിടെ മലിനവസ്തുക്കൾ ദഹിപ്പിക്കുന്നതിന് ഗന്ധകം ചേർത്തു തീകത്തിച്ചുകൊണ്ടിരുന്നു. *സ്മിത്തിൻെറ ബൈബിൾ നിഘണ്ടു*, വാല്യം 1 ഇങ്ങനെ വിശദീകരിക്കുന്നു: "അതു നഗരത്തിലെ പൊതു കുപ്പക്കുഴി [ചവററുകുഴി] ആയിത്തീർന്നു;

**24. (എ) ചില ബൈബിൾ ഭാഷാന്തരങ്ങൾ "നരകാഗ്നി"യെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ ഏതു മൂലഗ്രീക്കുപദത്തിൽനിന്നാണ് "നരകം" എന്ന പദം ഭാഷാന്തരപ്പെടുത്തിയിരിക്കുന്നത്? (ബി) യേശു ഭൂമിയിലായിരുന്നപ്പോൾ ഗിഹെന്നാ എങ്ങനെ ഉപയോഗിക്കപ്പെട്ടിരുന്നു?**

അവിടേയ്ക്കു് കുററപ്പുള്ളികളുടെ ശവങ്ങളും മൃഗങ്ങളുടെ ശവങ്ങളും മററു സകലതരം മാലിന്യങ്ങളും എറിയപ്പെട്ടിരുന്നു.”

25 അതുകൊണ്ടു് തങ്ങളുടെ ദുഷ്പ്രവൃത്തികൾ നിമിത്തം ആളുകൾ ഗിഹെന്നായിലേയ്ക്കെറിയപ്പെട്ടുമെന്നു് യേശു പറഞ്ഞപ്പോൾ അവൻ എന്താണർത്ഥമാക്കിയതു്? അവർ എന്നേയ്ക്കും ദണ്ഡിപ്പിക്കപ്പെട്ടുമെന്നല്ല. യേശു ഗന്ധകവും തീയുമുള്ള ആ താഴ്‌വരയെ (ഗിഹെന്നാ) നിത്യനാശത്തിന്റെ ഉചിതമായ ഒരു പ്രതീകമായി ഉപയോഗിച്ചു. ഒന്നാംനൂററാണ്ടിലെ അവന്റെ ശ്രോതാക്കൾ അതിനു് ആ അർത്ഥമാണെന്നാണു് മനസ്സിലാക്കിയതു്. വെളിപാടിൽ പറഞ്ഞിരിക്കുന്ന “തീപ്പൊയ്ക”യ്ക്കു് ഇതുപോലുള്ള അർത്ഥമാണുള്ളതു്, ബോധപൂർവ്വകമായ ദണ്ഡനമെന്നല്ല, പിന്നെയോ “രണ്ടാം മരണം,” നിത്യമരണം അഥവാ നാശം എന്നാണു്. ഈ “പൊയ്ക” ഒരു പ്രതീകമാണെന്നു് വ്യക്തമാണു്, എന്തുകൊണ്ടെന്നാൽ മരണവും നരകവും (*ഹേഡീസ്*) അതിലേയ്ക്കു് എറിയപ്പെടുന്നു. അങ്ങനെയുള്ളവയെ അക്ഷരീയമായി ദഹിപ്പിക്കാൻ കഴികയില്ല; എന്നാൽ അവയെ നീക്കം ചെയ്യാൻ അഥവാ നശിപ്പിക്കാൻ കഴിയും.—വെളിപാടു് 20:14; 21:8.

26 അപ്പോൾ പിന്നെ ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ചെന്തു്? ഇതു് മരണാനന്തരം മാനുഷദേഹികൾ ബോധമുള്ളവരായി അഗ്നിയിലെ ശുദ്ധീകരണത്തിലൂടെ കടക്കുന്ന ഒരു സ്ഥലമാണെന്നു് പറയപ്പെടുന്നു. മരിച്ചവർക്കു ബോധമില്ലെന്നു് ബൈബിൾ സുവ്യക്തമായി തെളിയിക്കുന്നതുകൊണ്ടു്, ദൈവത്തിനു് ആരെയെങ്കിലും അങ്ങനെയുള്ള ഒരു സ്ഥലത്തു് എങ്ങനെ ദണ്ഡിപ്പിക്കാൻ കഴിയും? (സങ്കീർത്തനം 146:4 [145:4, *Dy*]) യഥാർത്ഥത്തിൽ, “ശുദ്ധീകരണസ്ഥലം” എന്ന പദമോ, “ശുദ്ധീകരണസ്ഥല”ത്തിന്റെ ആശയമോ ബൈബിളിലില്ല.

## മരിച്ചവർ വീണ്ടും ജീവിക്കുമോ?

27 മരിച്ചവരുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള ബൈ

---

25. (എ) ഗിഹെന്നാ എന്തിന്റെ ഉചിതമായ ഒരു പ്രതീകമാണു്? (ബി) ബൈബിളിലെ വെളിപാടു് എന്ന പുസ്തകത്തിലെ ഏതു പദങ്ങൾ അതേസംഗതിയുടെ ഒരു പ്രതീകമാണു്?
26. ബൈബിൾ എപ്പോഴെങ്കിലും ശുദ്ധീകരണസ്ഥലംപോലെയൊന്നിനെക്കുറിച്ചു പറയുന്നുണ്ടോ?
27. മരിച്ചവർക്കു് എന്തുപ്രത്യാശയാണുള്ളതു്?

ബിളിന്റെ ഉപദേശം മരിച്ചവരേക്കുറിച്ചുള്ള അനാവശ്യമായ ഭയത്തിൽനിന്നും വ്യഥയിൽനിന്നും ഒരുവന്റെ മനസ്സിനെ വിമുക്തമാക്കുന്നു. അങ്ങനെയുള്ളവർ കഷ്ടപ്പെടുന്നില്ലെന്നറിയുന്നതു് ദൈവത്തിന്റെ സ്നേഹത്തേയും അവന്റെ നീതിയേയും വളരെയധികമായി വിലമതിക്കുന്നതിന് നമ്മെ സഹായിക്കുന്നു. എന്നിരുന്നാലും, ഒരു മനുഷ്യൻ മരിച്ചു് കേവലം ശവക്കുഴിയിലേക്കു പോകുന്നുവെങ്കിൽ മരിച്ചവർക്ക് എന്തു പ്രത്യാശയാണുള്ളതെന്നു് ഒരുവൻ പിന്നെയും അതിശയിച്ചേക്കാം. അത്ഭുതകരമായ ഒരു പ്രത്യാശ, വീണ്ടും ജീവിക്കുന്നതിനുള്ള പ്രത്യാശ ഉണ്ടെന്നു് ബൈബിൾ വെളിപ്പെടുത്തുന്നു.

28 യേശുക്രിസ്തു തന്റെ ഭൗമികശുശ്രൂഷക്കാലത്തു്, മരിച്ച ആളുകളെ യഥാർത്ഥമായി മനുഷ്യജീവനിലേക്കു തിരിച്ചുവരുത്തിക്കൊണ്ടു് മരണത്തിന്മേലുള്ള തന്റെ ശക്തി പ്രകടമാക്കി. (ലൂക്കോസ് 7:11-16; യോഹന്നാൻ 11:39-44) ഇപ്രകാരം അവൻ ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിൽ, താൻ വലിയ അളവിൽ ചെയ്യാൻ പോകുന്നതിന്റെ ഒരു പൂർവ്വവീക്ഷണം നൽകി. അന്നു് മനുഷ്യവർഗ്ഗത്തിന്റെ പൊതു ശവക്കുഴിയായ നരകത്തിൽനിന്നു നിർബോധവാന്മാരായ സകല മരിച്ചവരും ഒഴിഞ്ഞുപോകുമെന്നുള്ളതാണു് ഹൃദയാനന്ദകരമായ പ്രതീക്ഷ. (വെളിപാടു് 20:13) യേശുക്രിസ്തുവിനു ലഭിച്ചതുപോലെ ചിലർക്കു് ആത്മീയ ജീവികളെന്ന നിലയിൽ സ്വർഗ്ഗീയ മഹത്വത്തിലേക്കുള്ള ഒരു പുനരുത്ഥാനം ലഭിക്കുന്നു. (റോമർ 6:5) എന്നിരുന്നാലും, മനുഷ്യവർഗ്ഗത്തിലെ ബഹുഭൂരിപക്ഷവും പുനഃസ്ഥിതീകരിക്കപ്പെട്ട ഒരു ഭൗമികപറുദീസയിൽ ജീവൻ ആസ്വദിക്കുന്നതിന് തിരികെ വരുത്തപ്പെടും.—പ്രവൃത്തികൾ 24:15; ലൂക്കോസ് 23:43.

29 ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിൽ, പുനരുത്ഥാനം പ്രാപിക്കുന്ന മരിച്ചവർ ദൈവത്തിന്റെ നീതിയുള്ള നിയമങ്ങൾ പാലിക്കുന്നപക്ഷം അവർ വീണ്ടും ഒരിക്കലും മരിക്കേണ്ട ആവശ്യം ഉണ്ടാകയില്ല. (യെശയ്യാ 25:8) തീർച്ചയായും മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കുന്നതിനുള്ള ഈ മഹ

---

**28.** (എ) യേശു മരിച്ചവരുടെ ഇടയിൽനിന്നു് ആളുകളെ ഉയിർപ്പിച്ചതു് എന്തിന്റെ ഒരു പൂർവ്വവീക്ഷണം നല്കി? (ബി) മിക്ക ആളുകളും എന്തിലേക്കു് ഉയിർപ്പിക്കപ്പെടും?

**29.** മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കുന്നതിനുള്ള യഹോവയുടെ മഹത്തായ ഏർപ്പാടുകൾ നമ്മെ എന്തു ചെയ്യുന്നതിനു പ്രോത്സാഹിപ്പിക്കണം?

ത്തായ ഏർപ്പാട്, നാം യഹോവയേയും അവൻെറ പുത്രനായ യേശുക്രിസ്തുവിനേയുംകുറിച്ച് കൂടുതൽ അറിവ് ഉൾക്കൊള്ളുന്നതിനുള്ള കാരണമാണ്. അങ്ങനെ ചെയ്താൽ അതിനു നമ്മെ നിത്യജീവനിലേക്കും അനുഗ്രഹത്തിലേക്കും നയിക്കാൻ കഴിയും.

അദ്ധ്യായം 6

# ദൈവം ആർമുഖാന്തരം മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കുന്നുവോ ആ ഒരുവനായ യേശുക്രിസ്തു

സകല വർഗ്ഗത്തിലെയും രാഷ്ട്രങ്ങളിലെയും ആളുകളെ അനുഗ്രഹിക്കുന്നതിനു് യഹോവ തന്റെ പുത്രൻ മുഖാന്തരം ചെയ്തിരിക്കുന്ന കരുതൽ എത്ര സ്നേഹപൂർവ്വകം! അവൻ മർദ്ദനത്തിൽനിന്നും പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള വിടുതൽ വാഗ്ദത്തം ചെയ്തിരിക്കുന്നു. എന്തൊരു മഹത്തായ പ്രതീക്ഷ! എന്നിരുന്നാലും, ഈ അനുഗ്രഹങ്ങൾ യേശുക്രിസ്തു മുഖാന്തരം മാത്രമേ മനുഷ്യവർഗ്ഗത്തിലേക്കുവരികയുള്ളു എന്നു മനസ്സിലാക്കുന്നതു് നമ്മേസംബന്ധിച്ചു ജീവൽപ്രധാനമാണു്. ഈ കാരണത്താൽ യേശുവിനെ സംബന്ധിച്ചു് പിൻവരുന്ന പ്രകാരം പറയുന്നതിനു് അപ്പോസ്തലനായ പത്രോസിനെ ദൈവം നിശ്വസ്തനാക്കി: “മറെറാരുവനിലും രക്ഷയില്ല, എന്തുകൊണ്ടെന്നാൽ നാം രക്ഷിക്കപ്പെടേണ്ടതിനു് ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട മറെറാരു നാമവുമില്ല.” (പ്രവൃത്തികൾ 4:12) ഈ കരുതലിനെസംബന്ധിച്ചു് സൂക്ഷ്മപരിജ്ഞാനം സമ്പാദിക്കുന്നതിനാലും ക്രിസ്തുവിനോടുള്ള ബന്ധത്തിലുള്ള ദൈവോദ്ദേശ്യത്തിൽ വിശ്വാസമർപ്പിക്കുന്നതിനാലും, നിങ്ങൾക്കു നിത്യജീവന്റെ മഹത്തായ അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള നിരയിൽ നിങ്ങളേത്തന്നെ ആക്കിത്തീർക്കാവുന്നതാണു്.

2 ആയിരക്കണക്കിനു വർഷങ്ങളായി വിശ്വാസമുള്ള മനുഷ്യർ, ഈ പ്രത്യാശയുടെ നിവൃത്തിക്കുവേണ്ടി കാത്തിരുന്നിട്ടുണ്ടു്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഇതു ചെയ്യുന്നതിനു് അവക്കു നല്ല കാരണം നൽകി. എബ്രായ കുടുംബത്തലവനായ

1. നമുക്കു നിത്യജീവന്റെ അനുഗ്രഹങ്ങൾ ലഭിക്കണമെങ്കിൽ നമുക്കു് എന്തിൽ വിശ്വാസമുണ്ടായിരിക്കേണ്ടതു് തികച്ചും ആവശ്യമാണു്?

2. (എ) ദൈവം അബ്രാഹാമിനോടു് അനുഗ്രഹത്തിന്റെ എന്തു വാഗ്ദത്തം ചെയ്തു, അവന്റെ “സന്തതി” ആരാണെന്നു തെളിഞ്ഞു? (ബി) മോശയുടെ ന്യായപ്രമാണത്തിൻകീഴിലെ പൌരോഹിത്യവും ബലികളും ആരിലേക്കു വിരൽചൂണ്ടി? (സി) ദൈവരാജ്യത്തിന്റെ രാജാവു് ആരായിരിക്കുമെന്നു് ബൈബിൾ എങ്ങനെ പ്രകടമാക്കുന്നു?

അബ്രാഹാമിനോട്ട് അവന്റെ "സന്തതി" മുഖാന്തരം "ഭൂമിയിലെ സകല രാഷ്ട്രങ്ങളും" അനുഗ്രഹിക്കപ്പെട്ടുമെന്നു് യഹോവ വാഗ്ദത്തംചെയ്തു. ആ "സന്തതി" മുഖ്യമായി യേശുക്രിസ്തു ആണെന്നു തെളിഞ്ഞു. (ഉല്പത്തി 22:18; ഗലാത്യർ 3:14-16, 28, 29) ദൈവം യിസ്രായേലിനുകൊടുത്ത ന്യായപ്രമാണത്തിൽ ഒരു പൗരോഹിത്യത്തിനും ബലികൾക്കും കൂടി കരുതൽചെയ്തു. ഇവയും യേശുവിലേക്കു വിരൽചൂണ്ടി. വലിയ മഹാപുരോഹിതനെന്ന നിലയിൽ അവനിലേക്കും, എന്നേക്കുമായി പാപങ്ങളെ നീക്കിക്കളയാനും മരണത്തിൽ നിന്നുപോലുമുള്ള വിടുതൽ കൈവരുത്താനുമുള്ള ഉപാധിയെന്ന നിലയിൽ അവന്റെ സ്വന്തം മാനുഷജീവന്റെ ബലിയിലേക്കും അവ ശ്രദ്ധ തിരിച്ചുവിട്ടു. (ഗലാത്യർ 3:24; എബ്രായർ 9:11, 12; യോഹന്നാൻ 1:29) തന്നെയുമല്ല, മനുഷ്യവർഗ്ഗത്തിനു് നിത്യസമാധാനം ആരിലൂടെ വരാനിരിക്കുന്നുവോ അവൻ ദാവീദുരാജാവിന്റെ കുടുംബവംശത്തിൽപെട്ടവനായിരിക്കുമെന്നും അവൻ സർവ്വഭൂമിയുടെയുംമേൽ ഭരിക്കുന്ന ദൈവരാജ്യത്തിന്റെ രാജാവായിത്തീരുമെന്നും യഹോവ മുൻകൂട്ടിപ്പറഞ്ഞു. യേശുവിന്റെ മാനുഷജനനത്തെ പ്രഖ്യാപിക്കുകയിൽ ഗബ്രിയേൽ ദൂതൻ ഇങ്ങനെ പറഞ്ഞു: "ഇവൻ വലിയവനായിത്തീരുകയും അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെട്ടുകയും ചെയ്യും; യഹോവയാം ദൈവം അവനു് അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം കൊടുക്കുകയും ചെയ്യും." (ലൂക്കോസ് 1:32; യെശയ്യാ 9:6, 7 കൂടെ കാണുക; ദാനിയേൽ 7:13, 14) ഉവ്വ്, യഹോവയാം ദൈവം മനുഷ്യവർഗ്ഗത്തിനു് നിത്യജീവന്റെ അനുഗ്രഹങ്ങൾ നൽകുന്നതിനുള്ള ഉപാധിയായവനെന്ന നിലയിൽ യേശുക്രിസ്തുവിന്മേൽ മുഴുദൈവവചനവും ശ്രദ്ധകേന്ദ്രീകരിക്കുന്നു.—ലൂക്കോസ് 2:25-32; ഫിലിപ്യർ 2:9-11.

### മനുഷ്യനാകുന്നതിനു മുമ്പുള്ള ആസ്തിക്യം

8 യേശു ഇവിടെ ഭൂമിയിൽ ഒരു മനുഷ്യനെന്ന നിലയിൽ ജനിക്കുന്നതിനു് ദീർഘനാൾ മുമ്പു് അവനു മഹത്തായ ഒരു ആസ്തിക്യമുണ്ടായിരുന്നു എന്നു് നിങ്ങൾക്കറിയാമോ? അവൻ ദൈവത്തിന്റെ "ആദ്യജാത"പുത്രനാണെന്നു് ബൈബിൾ നമ്മെ അറിയിക്കുന്നു. ഇതിന്റെ അർത്ഥം അവൻ ദൈവകുടുംബത്തിലെ മറ്റു പുത്രന്മാർക്കു

8. (എ) യേശു ദൈവത്തിന്റെ "ആദ്യജാത" പുത്രനായിരിക്കുന്നതെങ്ങനെ? (ബി) യേശു ദൈവത്തിന്റെ "ഏകജാതനായ" പുത്രനാണെന്നു് ബൈബിൾ പറയുന്നതെന്തുകൊണ്ടു്?

മുമ്പ് സൃഷ്ടിക്കപ്പെട്ടുവെന്നാണ്. യഹോവയാം ദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെട്ട ഏകനെന്ന നിലയിൽ അവൻ ദൈവത്തിന്റെ "ഏകജാതനായ" പുത്രനാകുന്നു; ദൈവത്തിന്റെ മുഖ്യ കാര്യസ്ഥനെന്ന നിലയിൽ അവൻ മുഖാന്തരമാണ് മറെറല്ലാം ആസ്തിക്യത്തിൽ വന്നതു്. ഇപ്രകാരം, ഭൂമിയിൽ ഒരു ആൺകുട്ടിയായി ജനിക്കുന്നതിനു മുമ്പ് അവൻ സ്വർഗ്ഗത്തിൽ സേവനമനുഷ്ഠിച്ചിരുന്നു, അവിടെ അവൻ "വചനം" എന്നറിയപ്പെട്ടിരുന്നു, ദൈവത്തിന്റെ വക്താവുതന്നെ.—യോഹന്നാൻ 1:3, 10, 14; കൊലോസ്യർ 1:15-17.

4 അതുകൊണ്ടു് യേശുവിന് ഉചിതമായി ഇങ്ങനെ പറയാൻ കഴിഞ്ഞു: "അബ്രാഹാം ആസ്തിക്യത്തിലേക്കു വന്നതിനുമുമ്പ് ഞാൻ ഉണ്ടായിരുന്നു," "ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു." (യോഹന്നാൻ 8:58; 6:51) അവൻ സ്വർഗ്ഗത്തിൽ വഹിച്ചിരുന്ന ഉയന്ന സ്ഥാനത്തെ പരാമർശിച്ചുകൊണ്ടു് അവൻ ഇങ്ങനെ പ്രാർത്ഥിച്ചു: "പിതാവേ, ലോകം ഉണ്ടാകുന്നതിനുമുമ്പ് എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ നിന്റെ അടുക്കൽ എന്നെ മഹത്വപ്പെടുത്തേണമേ."—യോഹന്നാൻ 17:5.

## ഭൂമിയിലെ അവന്റെ ജീവിതം

5 വിശ്വാസമുള്ള മനുഷ്യരെ അനുഗ്രഹിക്കുന്നതിനുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തിനനുയോജ്യമായി ഈ സ്വർഗ്ഗീയപുത്രൻ ഭൂമിയിലെ ഒരു മനുഷ്യനായിത്തീരാനുള്ള തക്കസമയം സമാഗതമായി. ഇതു് ദൈവത്തിന്റെ ഒരു അത്ഭുതം ആവശ്യമാക്കിത്തീർത്തു. യഹോവ തന്റെ പരിശുദ്ധാത്മാവിനാൽ അഥവാ കർമ്മോദ്യുക്തമായ ശക്തിയാൽ യേശുവിന്റെ ജീവനെ സ്വർഗ്ഗത്തിൽനിന്നു് ഒരു യഹൂദകന്യകയായ മറിയയുടെ ഗർഭാശയത്തിലേക്കു മാററി. ഇതിനെക്കുറിച്ചു് മറിയയോടു മുന്നമേ പ്രഖ്യാപിച്ചുകൊണ്ടു് ഗബ്രിയേൽ ദൂതൻ ഇങ്ങനെ പറഞ്ഞു: "പരിശുദ്ധാത്മാവു നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും. അക്കാരണത്താലും ജനിക്കുന്നതു വിശുദ്ധം, ദൈവപുത്രൻ

4. യേശു ഭൂമിയിലേക്കു വരുന്നതിനു മുമ്പ് സ്വർഗ്ഗത്തിൽ ജീവിച്ചിരുന്നുവെന്ന വസ്തുതക്കു് സാക്ഷ്യം വഹിക്കാൻ അവൻ എന്തു പറഞ്ഞു?

5. (എ) തന്റെ പുത്രൻ ഭൂമിയിൽ ഒരു മനുഷ്യനാകാനുള്ള ദൈവത്തിന്റെ തക്കസമയം വന്നപ്പോൾ ദൈവം ഇതു് എങ്ങനെ സാധിച്ചു? (ബി) യേശു എന്ന ശിശുവിന് ആദാമിന്റെ പാപത്തിൽനിന്നു് വിമുക്തനായി എങ്ങനെ ജനിക്കാൻകഴിഞ്ഞു?

എന്നു വിളിക്കപ്പെടും.” (ലൂക്കോസ് 1:35) ഇതു ചെയ്യുന്നതിനു സ്രഷ്ടാവു് തികച്ചും ശക്തനായിരുന്നു. തീർച്ചയായും മക്കളെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രാപ്തിയോടെ ഒന്നാമത്തെ സ്ത്രീയെ നിർമ്മിച്ചവനു് ഒരു മാനുഷപിതാവില്ലാതെ ഒരു സ്ത്രീ ഒരു കുട്ടിയെ ഗർഭംധരിക്കുന്നതിനിടയാക്കാൻ കഴിയും. ദൈവംതന്നെയാണു് കുട്ടിയുടെ ജീവനു് നേരിട്ടു ഉത്തരവാദിയായിരുന്നതു്. യേശു എന്ന ഈ ശിശു ദൈവമല്ലായിരുന്നു, ദൈവപുത്രനായിരുന്നു. അവൻ പൂർണ്ണതയുള്ള ഒരു മനുഷ്യനായിരുന്നു, ആദാമിൻെറ പാപത്തിൽനിന്നു വിമുക്തനായിരുന്നു. അതു് എങ്ങനെ സാദ്ധ്യമായിരുന്നു? എന്തുകൊണ്ടെന്നാൽ ദൂതൻ പറഞ്ഞതുപോലെ “അത്യുന്നതൻെറ ശക്തി” അതിനു കാരണമായിരുന്നു; അതു്, മറിയയുടെ ഗർഭാശയത്തിലായിരുന്നപ്പോൾ അവൻെറ വളർച്ചയെ നയിക്കപോലും ചെയ്തു.

6 നൂററാണ്ടുകൾക്കുമുമ്പു മുൻകൂട്ടിപ്പറഞ്ഞതുപോലെ, യേശു ദാവീദ്‌രാജാവിൻെറ നഗരമായ യഹൂദ്യയിലെ ബേത്‌ലഹേമിൽ ജനിച്ചു. (മീഖാ 5:2) അവൻ തൻെറ അമ്മയുടെയും വളർത്തുപിതാവായ യോസേഫിൻെറയും കൂടെ വസിച്ചു. അവനു് ഏകദേശം മുപ്പതു വയസ്സാകുന്നതുവരെ ആശാരിപ്പണി ചെയ്തുകൊണ്ടുമിരുന്നു. അപ്പോൾ അവൻ മററു ജോലി ചെയ്യുന്നതിനുള്ള ദൈവത്തിൻെറ സമയം വന്നു, അതുകൊണ്ടു് അവൻ യോർദ്ദാൻനദിയിലെ വെള്ളത്തിൽ സ്നാനമേൽക്കുന്നതിനു് അഥവാ പരിപൂർണ്ണമായി മുക്കപ്പെടുന്നതിനു് സ്നാപകയോഹന്നാൻെറ അടുക്കലേക്കു പോയി. ഇതു്, ഭൂമിയിൽ അവൻ ചെയ്യുന്നതിനു് ദൈവം അവനെ അയച്ച വേല നിർവ്വഹിക്കുന്നതിനു് ദൈവത്തിനു് അവൻ തന്നേത്തന്നെ അർപ്പിക്കുകയാണെന്നു് പ്രകടമാക്കി. സ്നാനത്തിനു വിധേയമായതിനാൽ, യേശു തന്നിൽ വിശ്വാസമർപ്പിക്കുന്ന സകലർക്കും ഒരു മാതൃക വെക്കുകയും പിന്നീടു്, തൻെറ ശിഷ്യന്മാരായിത്തീരുന്നവരെല്ലാം സ്നാനമേൽക്കണമെന്നു് കൽപ്പിക്കയും ചെയ്തു.—മത്തായി 28:19, 20.

7 എന്നിരുന്നാലും, യേശുവിനു യോർദ്ദാങ്കൽവച്ചു മററു ചിലതു സംഭവിച്ചു. സ്വർഗ്ഗങ്ങൾ തുറന്നു, ദൈവാത്മാവു് അവന്മേൽ വന്നു, ദൈവംതന്നെ സ്വർഗ്ഗത്തിൽ നിന്നു സംസാരിച്ചുകൊണ്ടു് പറഞ്ഞു: “ഇതു ഞാൻ അംഗീകരിച്ചിരിക്കുന്ന എൻെറ പ്രിയപ്പെട്ട പുത്രനാകുന്നു.” (മത്തായി

6. (എ) പ്രവചനത്തിൽ മുൻകൂട്ടിപ്പറഞ്ഞിരിക്കുന്നതുപോലെ, യേശു എവിടെ ജനിച്ചു? (ബി) യേശു സ്നാനമേററതെന്തുകൊണ്ടു്?
7. യേശുവിൻെറ സ്നാനസമയത്തു് ദൈവം എന്തു ചെയ്തു?

3:16, 17) അതു സംബന്ധിച്ചു തെററില്ലായിരുന്നു; ഇവനെക്കുറിച്ചായിരുന്നു ദൈവത്തിൻെറ സകല പ്രവാചകന്മാരും മുൻകൂട്ടിപ്പറഞ്ഞിരുന്നതു്! അവിടെ യോർദ്ദാനിൽ യേശു മുൻകൂട്ടിപ്പറയപ്പെട്ടിരുന്ന വലിയ മഹാപുരോഹിതനും ദൈവരാജ്യത്തിൻെറ രാജാവുമായിരിക്കുന്നതിനും ഇവിടെ ഭൂമിയിൽവച്ചു പ്രസംഗിക്കുന്നതിനും ദൈവത്താൽ പരിശുദ്ധാത്മാവു മുഖേന അഭിഷേകം ചെയ്യപ്പെട്ടു. (ലൂക്കോസ് 4: 16–21) അവനു വേല ചെയ്യാനുണ്ടായിരുന്നു.

[8] മൂന്നര സംവത്സരക്കാലം അവൻ ദേശത്തെല്ലാം ദൈവവചനം പ്രസംഗിച്ചു, അതുതന്നെ ചെയ്യുന്നതിനു് അവൻ തൻെറ ശിഷ്യന്മാരെ പഠിപ്പിച്ചു. (ലൂക്കോസ് 8:1) ആ നാളുകളിലെ മററുള്ളവർ അന്ധവിശ്വാസപൂർവം ദൈവത്തിൻെറ വ്യക്തിപരമായ നാമം ഉപയോഗിക്കാതെ ഒഴിഞ്ഞുമാറിയെങ്കിലും യേശു അതിനെ അറിയിക്കുന്നതിൽനിന്നു പിന്മാറിയില്ല. (യോഹന്നാൻ 17:26) അവൻ, ജനരഞ്ജകമായിരുന്നാലും, അല്ലെങ്കിലും, എല്ലായ്പോഴും സത്യം സംസാരിച്ചു. അവൻ ചെയ്തതിൽ, അവൻ, നാം ദൈവത്തെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ പിന്തുടരേണ്ട ഒരു ദൃഷ്ടാന്തം നല്കി. എന്നാൽ അവൻ അതിലുമധികം സാധിച്ചു.

## പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള മോചനം

[9] ഒരു മനുഷ്യനായി തൻെറ ഭൂമിയിലേക്കുള്ള വരവു്, മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നും മരണത്തിൽനിന്നും മോചിപ്പിക്കാനുള്ള ദൈവത്തിൻെറ ക്രമീകരണത്തിൻെറ നേരിട്ടുള്ള ഒരു ഭാഗമാണെന്നു് യേശു അറിഞ്ഞു. അതുകൊണ്ടു് അവൻ പറഞ്ഞു: "മനുഷ്യപുത്രൻ . . . അനേകർക്കു പകരമായി തൻെറ ദേഹിയെ ഒരു മറുവിലയായി കൊടുക്കാനും വന്നു." (മത്തായി 20:28) കൃത്യമായി അതിൻെറ അർത്ഥമെന്താണു്? കൊള്ളാം, ഒരു മറുവില അടിമത്തത്തിൽനിന്നു വിടുതൽ ലഭിക്കുന്നതിനു കൊടുക്കപ്പെടുന്ന വിലയാണു്. ഈ സംഗതിയിൽ പാപത്തിൻെറയും മരണത്തിൻെറയും അടിമത്തത്തിൽനിന്നുള്ള മനുഷ്യവർഗ്ഗത്തിൻെറ മോചനം ലഭിക്കുന്നതിനു് കൊടുക്കപ്പെട്ട വില യേശുവിൻെറ ബലിചെയ്യപ്പെട്ട

8. യേശു ദൈവത്തിൻെറ വ്യക്തിപരമായ നാമം ഉപയോഗിക്കുന്നതിൽനിന്നോ സത്യം സംസാരിക്കുന്നതിൽനിന്നോ പിന്മാറിനിന്നോ? അതുകൊണ്ടു് നാം എന്തു ചെയ്യണം?

9. (എ) മത്തായി 20:28 അനുസരിച്ചു് വേറെ ഏതു കാരണത്താൽ യേശു ഭൂമിയിലേക്കു വന്നു? (ബി) നമ്മെ പാപത്തിൽനിന്നും മരണത്തിൽനിന്നും മോചിപ്പിക്കുന്നതിനു് യേശു കൊടുത്ത മറുവില എന്താണു്?

പൂർണ്ണമാനുഷജീവനായിരുന്നു. (1 പത്രോസ് 1:18, 19) അങ്ങനെയുള്ള ഒരു മോചനം ആവശ്യമായിരുന്നതെന്തുകൊണ്ടായിരുന്നു?

[10] ഇതു നമ്മുടെയെല്ലാം പൂർവ്വപിതാവായ ആദാം ദൈവത്തിനെതിരായി പാപം ചെയ്തതുകൊണ്ടായിരുന്നു. ഇപ്രകാരം ആദാം അപൂർണ്ണനായിത്തീരുകയും ജീവനുവേണ്ടിയുള്ള അവകാശം നഷ്ടപ്പെടുത്തുകയും ചെയ്തു. ദൈവനിയമത്തിൻെറ ഒരു മനഃപൂർവ്വ ലംഘകനെന്ന നിലയിൽ അവൻ മരണമാകുന്ന അതിൻെറ പിഴയിൻകീഴിലായി. ദൈവം പാരമ്പര്യത്തിൻെറ നിയമങ്ങളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു, അതു നമുക്കെല്ലാം നമ്മുടെ മാതാപിതാക്കളിൽനിന്നു് ശാരീരിക സ്വഭാവവിശേഷങ്ങളും മററു സവിശേഷതകളും കിട്ടുമെന്നു് ഉറപ്പുനൽകുന്നു. ഈ നിയമങ്ങളനുസരിച്ചു്, ആദാമിനു തന്നെ ഉണ്ടായിരുന്നതുമാത്രമേ അവനു തൻെറ സന്താനങ്ങൾക്കു കൊടുക്കാൻ കഴിയുമായിരുന്നുള്ളു; അതുകൊണ്ടു് നമുക്കു് അവനിൽനിന്നു് പാപത്തിൻെറയും മരണത്തിൻെറയും ഒരു അവകാശം ലഭിച്ചു. (റോമർ 5:12) അതുകൊണ്ടു് സകല മനുഷ്യവർഗ്ഗവും പാപത്തിൻെറ പിഴ കൊടുത്തുകൊണ്ടു മരിച്ചുകൊണ്ടാണിരിക്കുന്നതു്. മരണമാകുന്ന ഈ പിഴ നീക്കാനും അതേസമയം നീതിയുടെ വ്യവസ്ഥകൾ പാലിക്കുവാനും എങ്ങനെ കഴിയും?

[11] ദൈവം തൻെറ സ്വന്തം നിയമങ്ങൾ സംബന്ധിച്ചു് ബലഹീനനാകുകയോ വിട്ടുവീഴ്ചചെയ്യുകയോ ചെയ്തില്ല. ചെയ്തിരുന്നെങ്കിൽ, ഇതു് ഒരു ചീത്ത ദൃഷ്ടാന്തത്താൽ കേവലം കുഴപ്പത്തിലായ നിയമരാഹിത്യത്തിനു് പ്രേരിപ്പിക്കുമായിരുന്നു. എന്നിരുന്നാലും, അവൻ മനുഷ്യവർഗ്ഗത്തിനു തൻെറ പുറംതിരിഞ്ഞുകളകയും അവരെ പ്രത്യാശയില്ലാതെ വിടുകയും ചെയ്തില്ല. തൻെറ നിയമങ്ങളോടു പററിനിൽക്കുമളവിൽ, ദൈവം മനഃപൂർവ്വപാപിയായ ആദാമിനല്ല, പിന്നെയോ, ഈ കാര്യത്തിൽ മററു യാതൊന്നും തെരഞ്ഞെടുക്കാനില്ലാതെ അവൻെറ തെററിൻെറ ഫലങ്ങളനുഭവിച്ച അവൻെറ സന്താനങ്ങൾക്കു് സ്നേഹപൂർവ്വം മോചനം ഏർപ്പെടുത്തി. ദൈവം ഇതു ചെയ്തതു്, പിൽക്കാലത്തു് അവൻ മോശൈക നിയമത്തിൽ ഉൾപ്പെടുത്തിയ "ദേഹിക്കു പകരം ദേഹിയായിരിക്കും" എന്ന ഒരു നിയമപരമായ തത്വ

10 നമുക്കു് ആദാമിൽനിന്നു പാപവും മരണവുമാകുന്ന അവകാശം മാത്രമേ ലഭിക്കാൻ സാധിക്കുമായിരുന്നുള്ളുവെന്നതെന്തുകൊണ്ടു്?

11. ആദാമിൻെറ സന്താനങ്ങൾക്കു് മോചനം ഏർപ്പെടുത്തുകയിൽ ദൈവം നിയമത്തോടു് ഉചിതമായ ആദരവു പ്രകടമാക്കിയതെങ്ങനെ?

ത്തിനു ചേർച്ചയായിട്ടായിരുന്നു. (ആവർത്തനം 19:21) യേശു മുഖാന്തരം ഏർപ്പെട്ടുത്തപ്പെട്ട മറുവിലയിൽ ആ തത്വം എങ്ങനെ ബാധകമായി എന്നു നമുക്കു കാണാം.

12 മനുഷ്യവർഗ്ഗത്തിനു ജീവൻ നഷ്ടപ്പെട്ടുത്തിയ "ജീവനുള്ള ദേഹി"യായ ആദാം, ഒരു പൂർണ്ണതയുള്ള മനുഷ്യനായിരുന്നു. അവൻ നഷ്ടപ്പെട്ടുത്തിയതിനു പകരം ആദാമിനു തുല്യമായ മറെറാരു മനുഷ്യദേഹി ആവശ്യമായിരുന്നു; മനുഷ്യവർഗ്ഗത്തിനുവേണ്ടി പൂർണ്ണതയുള്ള തൻെറ സ്വന്തംജീവനെ ബലിയായർപ്പിക്കുന്ന ഒരുവൻ ആവശ്യമായിരുന്നു. (1 കൊരിന്ത്യർ 15:45) ആദാമിൻെറ യാതൊരു സന്താനത്തിനും ഇതിനു യോഗ്യതയില്ലായിരുന്നു, എന്തുകൊണ്ടെന്നാൽ എല്ലാവരും അപൂർണ്ണരായിട്ടാണു ജനിച്ചതു്. തൽഫലമായി, അവരെല്ലാം പാപികളാകയാൽ എല്ലാവരും മരിക്കുന്നു, അവക്കു മററുള്ളവക്കുവേണ്ടി ബലിചെയ്യാൻ കഴിയുന്ന മനുഷ്യജീവനു വേണ്ടിയുള്ള അവകാശമില്ല. (സങ്കീർത്തനം 49:7 [48:8, *Dy*]) അതുകൊണ്ടു ദൈവം തൻെറ സ്വന്തം പുത്രനെ ഭൂമിയിലേക്കയച്ചു. ഒരു മാനുഷജീവനാണ് ആവശ്യമായിരുന്നതെന്നുള്ളതുകൊണ്ട് യേശു ഒരു മനുഷ്യനായി ജനിച്ചു. എന്നാൽ അവൻ ആദാമിനെപ്പോലെ പൂർണ്ണനായിരിക്കേണ്ടതിന് അവൻ ഒരു മാനുഷപിതാവിൻെറ സഹായമില്ലാതെ ജനിച്ചു. മനുഷ്യനായ യേശുവിൻെറ പിതാവു് ദൈവം മാത്രമായിരുന്നു; അവൻ ആദാമിൻെറയും പിതാവായിരുന്നതുപോലെ തന്നെ. (ലൂക്കോസ് 3:38) ഇപ്രകാരം ഒരു "തുല്യമറുവില" യായി തൻെറ ജീവനെ അർപ്പിക്കാൻ യേശു തികച്ചും യോഗ്യനായിരുന്നു.—1 തിമൊഥെയോസ് 2:6; എഫേസ്യർ 1:7.

13 പൊ. യു. 33-ാമാണ്ടിലെ നീസാൻ 14-ാം തീയതി യേശുവിൻെറ ശത്രുക്കൾ അവനെ ഒരു ദണ്ഡനസ്തംഭത്തിൽ വധിച്ചു. അവന് എതിക്കാൻ കഴിയുമായിരുന്നു. എന്നാൽ അവൻ എതിർത്തില്ല. (മത്തായി 26:53, 54) അവൻ മനസ്സോടെ നമുക്കുവേണ്ടി തൻെറ ജീവൻ ബലിയായി വെച്ചുകൊടുത്തു. അവൻെറ അപ്പോസ്തലനായ പത്രോസ് നമ്മോടുപറയുന്നതുപോലെ "നാം പാപസംബന്ധമായി മരിക്കേണ്ടതിനും നീതിക്കു ജീവിക്കേണ്ടതിനുമായി, അവൻ സ്തംഭത്തിന്മേൽ തൻെറ സ്വന്തം ശരീരത്തിൽ നമ്മുടെ പാപങ്ങൾ

12. ആർക്കുമാത്രമേ ആദാം നഷ്ടപ്പെട്ടുത്തിയതിനു പകരം മറുവില നൽകുവാൻ കഴിയുമായിരുന്നുള്ളു? അതുകൊണ്ട് യേശു ഒരു മനുഷ്യനായി ജനിക്കേണ്ടിയിരുന്നതെന്തുകൊണ്ട്?

13. യേശു എതിർക്കാതെ തൻെറ ജീവനെ മനസ്സോടെ വെച്ചുകൊടുത്തതെന്തുകൊണ്ട്?

വഹിച്ചു. അവന്റെ അടിപ്പിണരുകളാൽ നിങ്ങൾ സൗഖ്യമാക്കപ്പെട്ടു."—1 പത്രോസ് 2:24; എബ്രായർ 2:9 കൂടെ കാണുക.

[14] അതു തീർച്ചയായും മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അത്ഭുതകരമായ ഒരു പ്രകടനമായിരുന്നു! ഇതു വിലമതിക്കുന്നതിനു ബൈബിൾ നമ്മെ സഹായിക്കുന്നു, ഇങ്ങനെ പറഞ്ഞുകൊണ്ടു: "പുത്രനിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ഏവനും നശിക്കാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു അവനെ നല്കുവാന്തക്കവണ്ണം ദൈവം ലോകത്തെ അത്ര സ്നേഹിച്ചു." (യോഹന്നാൻ 3:16) നിങ്ങൾ അത്യന്തം സ്നേഹിക്കുന്ന പുത്രനുള്ള ഒരു പിതാവോ മാതാവോ ആണെങ്കിൽ ദൈവത്തെ സംബന്ധിച്ചു അതെന്തർത്ഥമാക്കിയെന്നു നിങ്ങൾക്കു കുറഞ്ഞപക്ഷം ഒരളവിൽ മനസ്സിലാക്കാൻ കഴിയുമെന്നുള്ളതിനു സംശയമില്ല. അവൻ നമുക്കുവേണ്ടി വളരെയധികം കരുതുന്നുവെന്നു തിരിച്ചറിയുന്നതിനു ഇതു തീർച്ചയായും അവന്റെ നേരെ നമ്മുടെ ഹൃദയങ്ങളെ പ്രിയംകരമാക്കേണ്ടതാണ്.—1 യോഹന്നാൻ 4:9-11.

[15] യഹോവയാം ദൈവം തന്റെ പുത്രനെ ശവക്കുഴിയിൽ മരിച്ചവനായി വിട്ടേക്കാതെ മൂന്നാംദിവസം അവനെ ജീവനിലേക്കു ഉയിർപ്പിച്ചു. അവനു വീണ്ടും മാനുഷജീവൻ കൊടുക്കപ്പെട്ടില്ല, എന്തുകൊണ്ടെന്നാൽ അതു അവൻ മറുവില തിരിച്ചെടുക്കയാണെന്നു അർത്ഥമാക്കുമായിരുന്നു. എന്നാൽ അവൻ "ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു." (1 പത്രോസ് 3:18) അവന്റെ പുനരുത്ഥാനശേഷമുള്ള നാല്പതു ദിവസത്തെ ഒരു ഘട്ടത്തിൽ താൻ യഥാർത്ഥത്തിൽ മരിച്ചവരിൽനിന്നു ഉയിർപ്പിക്കപ്പെട്ടുവെന്നു തെളിയിക്കുന്നതിനു അവൻ മൂർത്തീകരിച്ച ശരീരങ്ങളിൽ തന്റെ ശിഷ്യന്മാർക്കു പലപ്രാവശ്യം ദൃശ്യമായി പ്രത്യക്ഷപ്പെട്ടു. അനന്തരം അവന്റെ ശിഷ്യന്മാർ നോക്കിക്കൊണ്ടിരിക്കെ അവൻ സ്വർഗ്ഗത്തിലേക്കു കയറുകയും ഒരു മേഘത്തിൽ കാഴ്ചയിൽനിന്നു മറയ്ക്കപ്പെടുകയും ചെയ്തു. അവൻ വലിയ മഹാപുരോഹിതനെന്ന നിലയിൽ തന്റെ മറുവിലയാഗത്തിന്റെ വിലയും വഹിച്ചുകൊണ്ടു "നമുക്കു

---

14. മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ച യോഹന്നാൻ 3:16-ൽ ബൈബിൾ നമ്മോടു എന്തു പറയുന്നു? അതുകൊണ്ടു നാം എങ്ങനെ പ്രതിവർത്തിക്കണം?

15. (എ) യേശു ഒരു മാനുഷശരീരത്തോടെ ഉയിർപ്പിക്കപ്പെട്ടോ? (ബി) തന്റെ പുനരുത്ഥാനശേഷം യേശു തന്റെ ശിഷ്യന്മാർക്കു ദൃശ്യമായി പ്രത്യക്ഷപ്പെട്ടതെന്തുകൊണ്ടു? (സി) യേശു സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോകേണ്ടതാവശ്യമായിരുന്നുവോ? എന്തുകൊണ്ടു?

വേണ്ടി ദൈവമാകുന്ന വ്യക്തിയുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നതിന്” സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി. (എബ്രായർ 9:12, 24) ദിവ്യനീതിയുടെ വ്യവസ്ഥ പാലിക്കപ്പെട്ടു. മനുഷ്യവർഗ്ഗത്തിന് ഇപ്പോൾ മോചനം ലഭ്യമായിരുന്നു.

[16] ഇപ്പോൾ പോലും നമുക്കു മറുവിലയിൽനിന്ന് അതിയായി പ്രയോജനം ലഭിച്ചേക്കാം. അതിൽ വിശ്വാസമർപ്പിക്കുന്നതിനാൽ നമുക്കു ദൈവമുമ്പാകെ ശുദ്ധമായ ഒരു നിലപാടു പുലർത്തുവാനും അവന്റെ സ്നേഹപൂർവ്വകമായ കരുതലിൻകീഴിൽ വരുവാനും കഴിയും. (വെളിപ്പാട് 7:9, 10, 13-15) നാം അപൂർണ്ണതനിമിത്തം ഒരു പാപംചെയ്യുമ്പോൾ നമുക്കു മറുവിലയുടെ അടിസ്ഥാനത്തിൽ, ദൈവം നമ്മെ കേൾക്കുമെന്നുള്ള ഉറപ്പോടെ ദൈവത്തിൽനിന്നുള്ള മോചനം സ്വതന്ത്രമായി തേടാവുന്നതാണ്. (1 യോഹന്നാൻ 2:1, 2) തന്നെയുമല്ല, മറുവില ഇപ്പോഴത്തെ ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തിൽ സംരക്ഷിക്കപ്പെടുന്നതിനുള്ള വഴി തുറന്നിരിക്കുന്നു. അതു മരിച്ചവരുടെ പുനരുത്ഥാനം സാദ്ധ്യമാക്കിത്തീർക്കുന്നു. അതു ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിൽ നിത്യജീവൻ പ്രാപിക്കുവാനുള്ള അടിസ്ഥാനം നൽകുന്നു; അവിടെ അവകാശപ്പെടുത്തിയ പാപത്തിന്റെ സകല ഫലങ്ങളും തുടച്ചുനീക്കുന്നതിന് മനുഷ്യവർഗ്ഗത്തിനു വേണ്ടി അതു പ്രയോഗിക്കപ്പെടും.—1 കൊരിന്ത്യർ 15:25, 26; വെളിപ്പാട് 7:17.

## ദൈവരാജ്യത്തിന്റെ ഭരണാധിപൻ

[17] യേശു തന്റെ ഭൗമിക ശുശ്രൂഷക്കാലത്ത് നിരന്തരം ദൈവരാജ്യത്തിലേക്കു ശ്രദ്ധതിരിച്ചു. “നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും സംഭവിക്കേണമേ” എന്നു പ്രാർത്ഥിക്കാൻ അവൻ തന്റെ അനുഗാമികളെ പഠിപ്പിച്ചു. “അപ്പോൾ, ഒന്നാമതായി രാജ്യം അന്വേഷിച്ചുകൊണ്ടിരി”ക്കാൻ അവൻ അവരെ പ്രോത്സാഹിപ്പിച്ചു. (മത്തായി 6:10, 33) അവന്റെ ഉപമകളിലനേകവും രാജ്യത്തിലേക്കു ശ്രദ്ധ ആകർഷിച്ചു, അവൻ അതിനെ തന്റെ

---

16. (എ) ഇപ്പോൾപോലും നാം മറുവിലയുടെ കരുതലിൽനിന്ന് എങ്ങനെ പ്രയോജനം അനുഭവിക്കുന്നുവെന്നു വിശദീകരിക്കുക. (ബി) നാം ഭാവിയെക്കുറിച്ചു പരിചിന്തിക്കുമ്പോൾ നമുക്കും മരിച്ചവർക്കും മറുവില എന്തു സാദ്ധ്യമാക്കുന്നു?

17. (എ) യേശു തന്റെ പ്രസംഗവിഷയമാക്കിക്കൊണ്ട് എന്തിലേക്കു നിരന്തരം ശ്രദ്ധയാകർഷിച്ചു? (ബി) സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്ത തന്റെ അത്ഭുതങ്ങളാൽ യേശു എന്തു പ്രകടമാക്കി?

പ്രസംഗത്തിൻെറ വിഷയമാക്കി. (മത്തായി 9:35) സൌഖ്യമാക്കുകയും മരിച്ചവരെ ഉയർപ്പിക്കുകയും ചെയ്യുന്ന അവൻെറ അത്ഭുതങ്ങളാൽ, ദൈവരാജ്യത്തിൻകീഴിൽ ഭൂമിയിൽ എന്തു സംഭവിക്കുമെന്നു് അവൻ ചെറിയ അളവിൽ കാണിച്ചുകൊടുത്തു. ആ കാലത്തു രോഗം നിന്നുപോകും, കുരുട്ടുകണ്ണുകൾ തുറക്കപ്പെടും, പൊട്ടച്ചെവികൾ കേൾക്കും, വികലഭുജങ്ങളും കാലുകളും സൌഖ്യമാക്കപ്പെടും. അതു് എന്തോരു അനുഗ്രഹമായിരിക്കും!—വെളിപാടു് 21:3, 4.

[18] രാജ്യത്തിൻെറ ഭരണാധികാരിയായി ദൈവം അഭിഷേകംചെയ്തിരിക്കുന്നതു് യേശുവിനെത്തന്നെയാണു്. എന്നിരുന്നാലും യേശു സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോയപ്പോൾ അതു് അവൻ ആ രാജകീയാധികാരം പ്രയോഗിക്കാനുള്ള തക്ക സമയമല്ലായിരുന്നു. അവൻ തൻെറ പിതാവിൻെറ നിശ്ചിതസമയത്തിനുവേണ്ടി കാത്തിരിക്കണമായിരുന്നു. (പ്രവൃത്തികൾ 2:34-36) എന്നിരുന്നാലും, അവൻ രാജ്യാധികാരത്തോടെ മടങ്ങിവരുന്ന സമയത്തെ മുമ്പോട്ടു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: “മനുഷ്യപുത്രൻ സകലദൂതന്മാരോടുംകൂടെ തൻെറ മഹത്വത്തിൽ വന്നെത്തുമ്പോൾ അവൻ തൻെറ മഹത്വമുള്ള സിംഹാസനത്തിലിരിക്കും. സകല ജനതകളും അവൻെറ മുമ്പാകെ കൂട്ടിച്ചേർക്കപ്പെടും. അവൻ ഒരു ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു് വേർതിരിക്കുന്നതുപോലെ ജനങ്ങളെ തമ്മിൽ തമ്മിൽ വേർതിരിക്കും.” (മത്തായി 25:31, 32) നാം ഇപ്പോൾ ആ വേർതിരിക്കലിൻെറ കാലത്തു ജീവിക്കുകയാകുന്നു. പെട്ടെന്നുതന്നെ, തൻെറ സ്വർഗ്ഗീയസിംഹാസനത്തിലിരിക്കുന്ന ക്രിസ്തു ദുഷ്ടന്മാരെ നശിപ്പിക്കുന്നതിനും, രാജ്യത്തിൻെറ ഭൌമികമണ്ഡലത്തെ അവകാശമാക്കുന്ന ചെമ്മരിയാട്ടുതുല്യരായവരെ വിടുവിക്കുന്നതിനും തൻെറ രാജകീയാധികാരം ഉപയോഗിക്കും. —മത്തായി 25:34, 41, 46.

[19] യേശുക്രിസ്തു മുഖാന്തരം സകല മനുഷ്യവർഗ്ഗത്തിനും അനുഗ്രഹങ്ങൾ ലഭ്യമാണു്. എന്നാൽ അവയെ സ്വീകരിക്കുന്നതിനു് നാം അവനിൽ വിശ്വാസം പ്രകടിപ്പിക്കണം. (യോഹന്നാൻ 3:36) നാം അവൻെറ ശിഷ്യന്മാരായിത്തീ

---

18. (എ) യേശു സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയ ഉടനെ അവൻ രാജകീയാധികാരം പ്രയോഗിച്ചോ? എന്തുകൊണ്ടു്? (ബി) മത്തായി 25:31, 32 അനുസരിച്ചു് താൻ രാജ്യാധികാരത്തോടെ മടങ്ങിവരുമ്പോൾ എന്തു ചെയ്യുമെന്നു് യേശു പറഞ്ഞു?

19. യേശുക്രിസ്തു മുഖാന്തരമുള്ള അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനു് നാം എന്തു ചെയ്യണം?

രുകയും നമ്മുടെ സ്വർഗ്ഗീയരാജാവെന്നനിലയിൽ അവനു നമ്മേത്തന്നെ കീഴ്പ്പെടുത്തുകയും വേണം. നിങ്ങൾ അതു ചെയ്യുമോ? നിങ്ങളെ തടസ്സപ്പെടുത്താനാഗ്രഹിക്കുന്ന എതിരാളികളുണ്ട്, എന്നാൽ നിങ്ങൾ യഹോവയിൽ പൂർണ്ണവിശ്വാസമർപ്പിക്കുന്നുവെങ്കിൽ നിങ്ങൾ തീർച്ചയായും, തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം കരുതിയിട്ടുള്ള അനുഗ്രഹങ്ങൾ പ്രാപിക്കും.—സങ്കീർത്തനം 62:7, 8 [61:8, 9, *Dy*].

അദ്ധ്യായം 7

# ദുഷ്ടാത്മാക്കൾ ഉണ്ടോ?

ആത്മമണ്ഡലത്തിൽനിന്നു ഭൂമിയിലേക്കുവന്ന യേശുക്രിസ്തു ദുഷ്ടാത്മാക്കളുടെ ആസ്തിക്യം സമ്മതിച്ചുപറഞ്ഞു. അവൻ മിക്കപ്പോഴും പിശാചിനെക്കുറിച്ചു സംസാരിച്ചുവെന്നും അവനെ അവൻ "ഭോഷ്ക്കിന്റെ പിതാവു്" എന്നും "മനുഷ്യഘാതകൻ" എന്നും വിളിച്ചുവെന്നും നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. (യോഹന്നാൻ 8:44) ഭോഷ്ക്കുപറച്ചിലും കൊലപാതകവും വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് നമ്മുടെ സ്വന്തം സംരക്ഷണത്തിനു് നാം ഈ വിഷയം പരിശോധിക്കുന്നതു നന്നാണു്.

2 തീർച്ചയായും അനേകമാളുകൾ ദുഷ്ടാത്മസൃഷ്ടികൾ ഉണ്ടെന്നു വിശ്വസിക്കുന്നില്ല. ബൈബിൾ ഉപയോഗിക്കുന്നുണ്ടെന്നവകാശപ്പെടുന്ന ചിലർ പോലും പറയുന്നതു് പിശാചായ സാത്താൻ തിന്മയെന്ന ഒരു ഗുണം മാത്രമാണു്, അദൃശ്യനായ ഒരു ആത്മവ്യക്തിയല്ല എന്നാണു്. എന്നാൽ വസ്തുതകൾ അവരുടെ വിശ്വാസത്തോടു യോജിക്കുന്നുവോ? പിശാചു് യേശുക്രിസ്തുവിനെ പരീക്ഷിച്ചപ്പോഴത്തെ അവന്റെ സ്വന്തം അനുഭവത്തെസംബന്ധിച്ചെന്തു്? പിശാചു് ലോകത്തിലെ സകല രാജ്യങ്ങളും യേശുവിനെ കാണിക്കയും അവനോടു്: "നീ വീണു് എന്നോടായി ആരാധനയുടെ ഒരു ക്രിയചെയ്താൽ ഇവയെല്ലാം ഞാൻ നിനക്കു തരും" എന്നു പറകയുംചെയ്തു എന്നു ബൈബിൾ നമ്മോടു പറയുന്നു. യേശു പിശാചിനോടു് ഇങ്ങനെ ഉത്തരം പറഞ്ഞു: "സാത്താനേ, ദൂരെ പോ! എന്തെന്നാൽ 'നീ നിന്റെ ദൈവമായ യഹോവയെയാണു് ആരാധിക്കേണ്ടതു്' എന്നു് എഴുതപ്പെട്ടിരിക്കുന്നു." അപ്പോൾ പിശാചു് യേശുവിനെ വിട്ടുപോയി. —മത്തായി 4:1-11.

3 ആ അനുഭവവേളയിൽ യേശുക്രിസ്തു ആരാലാണു് പരീ

---

1. (എ) ദുഷ്ടാത്മാക്കൾ സ്ഥിതിചെയ്യുന്നുണ്ടെന്നു യേശു വിശ്വസിച്ചിരുന്നുവോ? (ബി) യേശു പിശാചിനെ എന്തു വിളിച്ചു?
2. (എ) യേശു പഠിപ്പിച്ചതിനു വിരുദ്ധമായി ചിലർ പിശാചു് എന്താണെന്നു വിശ്വസിക്കുന്നു? (ബി) യേശുവിനു പിശാചുമായി എന്തനുഭവമുണ്ടായി?
3. (എ) ആ അനുഭവം പിശാചു കേവലം തിന്മയെന്ന ഒരു ഗുണമായിരിക്കാവുന്നതല്ലെന്നു് എങ്ങനെ പ്രകടമാക്കുന്നു? (ബി) അപ്പോൾ പിശാചായ സാത്താൻ ആരാണു്?

ക്ഷിക്കപ്പെട്ടതു്? ഒരു യഥാർത്ഥ ആളാലോ? അതോ കേവലം തിന്മയെന്ന ഒരു ഗുണത്താലോ? അവൻ കേവലം തിന്മയെന്ന ഒരു ഗുണത്താലാണു് പരീക്ഷിക്കപ്പെട്ടതെങ്കിൽ ആരിലാണു് ഈ ഗുണം വസിച്ചിരുന്നതു്? ഈ തിന്മ യേശുക്രിസ്തുവിലായിരുന്നുവോ? അപ്പോൾ അവനിൽ പാപമില്ലായിരുന്നുവെന്നതു് സത്യമായിരിക്കാവുന്നതല്ല. എന്നാൽ ദൈവത്തിൻെറ സത്യവചനമാകുന്ന ബൈബിൾ സുവ്യക്തമാക്കുന്നതു് യേശു "നിഷ്കളങ്കനും നിർമ്മലനും പാപികളിൽനിന്നു വേർപെട്ടവനും" ആയിരുന്നുവെന്നാണു്. (എബ്രായർ 7:26) "അവൻ പാപംചെയ്തില്ല, അവൻെറ വായിൽ വഞ്ചന കാണപ്പെട്ടുമില്ല" എന്നും ബൈബിൾ പറയുന്നു. (1 പത്രോസ് 2:22) അതുകൊണ്ടു് യേശു തന്നിൽതന്നെ യുണ്ടായിരുന്ന "തിന്മ"യുമായി ഒരു സംഭാഷണം നടത്തുകയായിരിക്കാവുന്നതല്ല. അവൻ ജീവനുള്ള ഒരു ആത്മസൃഷ്ടിയോടു് സംസാരിക്കുകയായിരുന്നു. ഇപ്രകാരം സാത്താൻ അദൃശ്യമായ ആത്മമണ്ഡലത്തിലെ ജീവനുള്ള ഒരു ആളാണെന്നു് തിരുവെഴുത്തുകളും ശരിയായ യുക്തിചിന്തയും വ്യക്തമാക്കുന്നു.—1 പത്രോസ് 5:8.

## സ്വയനിർമ്മിതനായ ഒരു പിശാചു്

[4] എന്നാൽ പിശാചു് ഏതുവിധത്തിൽ ഉത്ഭവിച്ചു? പ്രസ്പഷ്ടമായി, ദൈവം ദുഷ്ടനായ ആരെയെങ്കിലും സൃഷ്ടിക്കുകയില്ല, 'ദൈവത്തിൻെറ പ്രവൃത്തി പൂർണ്ണമാണു്.' (ആവർത്തനം 32:4) തനിക്കു സഹവസിക്കാൻ കഴിയാത്ത ബുദ്ധിശക്തിയുള്ള ജീവികളെ അവൻ സൃഷ്ടിക്കുകയില്ല. അതു യുക്തിക്കും ദൈവത്തിൻെറ സ്നേഹത്തിനും വിരുദ്ധമാണു്.—സങ്കീർത്തനം 5:4-6 [5:5-7, *Dy*].

[5] അതുകൊണ്ടു്, പിന്നീടു് പിശാചായിത്തീർന്ന അദൃശ്യാത്മാവു് ഒരു സമയത്തു മററു ദശലക്ഷക്കണക്കിനുള്ള ദൂത "ദൈവപുത്രന്മാ"രെയെല്ലാംപോലെ ദൈവത്തിൻെറ ഒരു സൃഷ്ടിയെന്ന നിലയിൽ ന്യൂനതയില്ലാതെ പൂർണ്ണനായിരുന്നിരിക്കണം. (ഇയ്യോബ് 38:7) അപ്പോൾ അവൻ എങ്ങനെ വഷളനായിത്തീർന്നു? ഒന്നാമത്തെ പുരുഷൻെറയും

4. നാം ദൈവത്തെ സംബന്ധിച്ചു് അറിയുന്നതിൽനിന്നു്, അവൻ ദുഷ്ടനായ ആരെയെങ്കിലും സൃഷ്ടിക്കുകയില്ലെന്നു് നമുക്കു് ഉറപ്പുണ്ടായിരിക്കാവുന്നതെന്തുകൊണ്ടു്?

5. (എ) പിശാചായിത്തീർന്ന ആത്മസൃഷ്ടി ഒരു തെററായ ഗതി സ്വീകരിച്ചതെങ്ങനെ? (ബി) മത്സരത്തിൻെറ ആശയം ഹവ്വായുടെ മനസ്സിൽ തോന്നിപ്പിച്ചതു് കേവലം പാമ്പായിരുന്നുവോ?

സ്ത്രീയുടെയും സൃഷ്ടിപ്പിനുശേഷം ഈ പ്രത്യേക ആത്മീയസൃഷ്ടി ദൈവത്തിനെതിരായുള്ള ഒരു മത്സരഗതിയിൽ പ്രവേശിച്ചു. അവൻ ആരാധിക്കപ്പെടുന്നതിനുള്ള ഒരു ആഗ്രഹം വളർത്തുകയും തന്നിമിത്തം ദൈവത്തിനെതിരായി മത്സരിക്കുന്നതിന് ആദാമിനേയും ഹവ്വായേയും വശീകരിക്കുയും ചെയ്തു. അവൻ ഇതു് എങ്ങനെ ചെയ്തു? ഒരു സർപ്പം ഹവ്വായോടു ഒരു ഭോഷ്ക് പറഞ്ഞുകൊണ്ടു് അവളോടു സംസാരിച്ചുവെന്നു് ബൈബിൾ പ്രകടമാക്കുന്നു. തൽഫലമായി അവൾ ദൈവത്തോടു് അനുസരണക്കേടു കാണിച്ചു. അനന്തരം, അവൾ തൻെറ ഭർത്താവു് ദൈവത്തിനെതിരായ മത്സരത്തിൽ അവളോടുകൂടെ ചേരാൻ ഇടയാക്കി. എന്നാൽ യഥാർത്ഥത്തിൽ ആരാണു് മത്സരത്തിൻെറ ആശയം ഹവ്വായുടെ മനസ്സിൽ തോന്നിപ്പിച്ചതു്? സംസാരാവയവങ്ങളില്ലാത്ത വെറുമൊരു പാമ്പായിരുന്നുവോ? അല്ല, സർപ്പമാണു സംസാരിക്കുന്നതെന്നു തോന്നിപ്പിച്ചുകൊണ്ടു് അതിൻെറ പിമ്പിൽ ആരോ ഒരാൾ ഉണ്ടായിരുന്നു. വിദഗ്ദ്ധരായ ചില മനുഷ്യർക്കു് തങ്ങളുടെ അധരങ്ങൾ മിക്കവാറും അടച്ചു് അടുത്തുള്ള ഒരു മൃഗമോ പാവയോ സംസാരിക്കുന്നതായി തോന്നിപ്പിച്ചുകൊണ്ടു് വാക്കുകൾ സംസാരിക്കുവാൻ കഴിയുമെന്നു് നമുക്കറിയാം. മനുഷ്യാതീതനായ ഒരു അദൃശ്യമൂർത്തിക്കു് ഇതു് എത്ര അനായാസം ചെയ്യാൻ കഴിയും! ദൈവം ബിലെയാമിൻെറ കഴുതയെക്കൊണ്ടു സംസാരിപ്പിച്ചു. (സംഖ്യാപുസ്തകം 22:28) ഏദനിൽ സാത്താൻ പാമ്പിനെ ഉപയോഗിച്ചു. അതുകൊണ്ടു ബൈബിൾ പിശാചിനെ അഥവാ സാത്താനെ "ആദ്യപാമ്പ്" എന്നവണ്ണം തിരിച്ചറിയിക്കുന്നു; തന്നിമിത്തം അഖിലാണ്ഡത്തിൽ മത്സരവും ദുഷ്ടതയും യഥാർത്ഥത്തിൽ അവതരിപ്പിച്ചവനായിതന്നെ. —വെളിപാടു് 12:9; 2 കൊരിന്ത്യർ 11:3.

[8] എന്നാൽ, ഈ ഉന്നതബുദ്ധിയുള്ള ആത്മാവു് യഥാർത്ഥത്തിൽ പൂർണ്ണനായിരുന്നെങ്കിൽ, അവനെ പരീക്ഷിക്കാനാരുമില്ലായിരുന്നപ്പോൾ അവനു് എങ്ങനെ ദുഷ്ടതയിലേക്കു തിരിയാൻ കഴിയുമെന്നു് നിങ്ങൾ അതിശയിച്ചേക്കാം. അതു് തെററായ ഒരു ആശയം സംബന്ധിച്ചുള്ള അവൻെറ ചിന്ത നിമിത്തമായിരുന്നുവെന്നു് ബൈബിൾ ഉത്തരം നൽകുന്നു. (യാക്കോബ് 1:14, 15) ഒരു പ്രത്യേക സാഹചര്യത്തിലെ സാദ്ധ്യതകളെ കാണുന്നതിൽ, അതിൽതന്നെ തെററില്ല. ദൃഷ്ടാന്തമായി, മററാരുടെയെങ്കിലും വീട്ടിൽ ഒരു മേശമേൽ

8. ഒരു പൂർണ്ണതയുള്ള സൃഷ്ടിക്കു് ദുഷ്ടതയിലേക്കു് എങ്ങനെ തിരിയാൻ കഴിയും?

പണം കിടക്കുന്നതു് ഒരാൾ കണ്ടേക്കാം. ആ പണം എടുത്തു തൻെറ പോക്കററിലിടുന്നതിനുള്ള സാദ്ധ്യത അവിടെയുണ്ടു്. എന്നാൽ അതു മോഷണമായിരിക്കുമെന്നുള്ളതുകൊണ്ടു് അവൻ അതിനെക്കുറിച്ചു പരിചിന്തിക്കപോലുമരുതു്. അല്ലെങ്കിൽ ആ ആശയം അവൻെറ മനസ്സിലേക്കു വരികതന്നെ ചെയ്യുന്നുവെങ്കിൽ അവൻ അതിനെ തള്ളിക്കളയേണ്ടതാണു്. എന്നാൽ അവൻ തൻെറ മനസ്സിൽ ഈ ആശയം വെച്ചു പുലത്തുകയും അതു വളരാൻ അനുവദിക്കുകയുമാണെങ്കിൽ, അപ്പോൾ തെററായ ആഗ്രഹം വികാസം പ്രാപിക്കുന്നു. പെട്ടെന്നു്, ഇതു് ഒരു ദുഷ്പ്രവൃത്തിചെയ്യുന്നതിനു് അവനെ പ്രേരിപ്പിച്ചേക്കാം.

7 പൂർണ്ണനായ ആത്മസൃഷ്ടിയുടെ കാര്യത്തിലും അങ്ങനെതന്നെയായിരുന്നു. ദൈവം ആവശ്യപ്പെട്ടതു നിറവേററുന്നതിനു പകരം തൻെറ സ്വന്തം ഉദ്ദേശ്യത്തിനുവേണ്ടി മനുഷ്യജോടിയെ ഉപയോഗിക്കുന്നതിൻെറ സാദ്ധ്യത അവിടെയുണ്ടായിരുന്നു. ഒരു സ്വതന്ത്രധാർമ്മിക കാര്യസ്ഥനെന്ന നിലയിൽ അവൻ അതിനെക്കുറിച്ചു പരിചിന്തിക്കുക മാത്രമല്ല, അതിനെ അവൻെറ മനസ്സിൽനിന്നു് തള്ളിക്കളയാതിരിക്കുകയും ചെയ്തു. അതു് അവനെ പാപത്തിലേക്കു നയിച്ചു. മുമ്പു പരമാത്ഥിയായിരുന്ന ഒരു മനുഷ്യനു് മോഷണത്താൽ സ്വയം ഒരു മോഷ്ടാവാക്കിത്തീക്കാൻ കഴിയുന്നതുപോലെ തന്നെ ഈ ആത്മസൃഷ്ടി ദൈവത്തോടു് *എതിർക്കുന്നവൻ* എന്ന നിലയിൽ പ്രവത്തിച്ചുകൊണ്ടു് തന്നെത്താൻ സാത്താനാക്കിത്തീത്തു; അവൻ ദൈവത്തിൻെറ ഒരു *ദൂഷകനായി*ത്തീന്നുകൊണ്ടു തന്നെത്താൻ പിശാചാക്കിത്തീത്തു, എന്തുകൊണ്ടെന്നാൽ ആ പേരുകളുടെ അത്ഥം അതാണു്.

8 തീർച്ചയായും "അവൻ കേവലം ഒരു തെററു ചെയ്യുകയായിരുന്നിരിക്കാമല്ലോ? അവനു ക്ഷമായാചനം ചെയ്തു്, സംഗതി അവിടംകൊണ്ടു് അവസാനിപ്പിക്കാമായിരുന്നില്ലേ?" എന്നു് ആരെങ്കിലും പറഞ്ഞേക്കാം. ഉത്തരമായി, പൂർണ്ണതയുള്ള ഒരു വ്യക്തി നമ്മിൽനിന്നു വ്യത്യസ്തനാണെന്നു് നാം മനസ്സിൽ കരുതിക്കൊള്ളേണ്ടതുണ്ടു്. അവൻ തൻെറ സ്വതന്ത്രമായ ഇച്ഛ ഉപയോഗിക്കുമ്പോൾ അവൻ ചെയ്യുന്ന തെരഞ്ഞെടുപ്പു ബലഹീനതയോ അപൂർണ്ണതയോ നിമിത്തമുള്ളതല്ല. അപൂർണ്ണരായ ആളുകൾ മിക്കപ്പോഴും അവകാശപ്പെടുത്തിയ ബലഹീനത നിമിത്തം തെററുകൾ

---

7. (എ) അതുകൊണ്ടു് ഈ ആത്മസൃഷ്ടി എങ്ങനെ ദുഷ്ടനായിത്തീർന്നു? (ബി) അപ്പോൾ ആരാണു് പിശാചായ സാത്താനെ ഉളവാക്കിയതു്?
8. സാത്താൻ ചെയ്തതു് വെറുമൊരു തെററല്ലാഞ്ഞതെന്തുകൊണ്ടു്?

വരുത്തുന്നു. അവക്കു തങ്ങളുടെ തെററുകൾ സമ്മതിക്കാനും ക്ഷമായാചനം ചെയ്യാനും തങ്ങളുടെ ഗതി മാററാനും കഴിയും. എന്നാൽ പൂർണ്ണതയുള്ള ഒരു സൃഷ്ടി തെററു ചെയ്യുന്നതിനെ തെരഞ്ഞെടുക്കുമ്പോൾ അവൻ അതു മനഃപൂർവ്വമാണു ചെയ്യുന്നതു്, അവൻ പിന്നീടു നന്മ ചെയ്യുന്നതിനു പിന്തിരിയുന്നില്ല. തന്നെത്താൻ പിശാചാക്കിത്തീർത്തവന്റെ സംഗതി ഇതായിരുന്നു.

## മററു് ആത്മസൃഷ്ടികൾ തങ്ങളേത്തന്നെ ഭൂതങ്ങളാക്കിത്തീർക്കുന്നു

9 അനുസരണക്കേടിലേക്കും ദുഷ്ടതയിലേക്കും തിരിഞ്ഞ ഏക ആത്മസൃഷ്ടി പിശാചായിരുന്നില്ല. ദൈവം ഒട്ടനേകം വിശുദ്ധ ദൂതന്മാരെ സൃഷ്ടിച്ചിരുന്നു, ദശലക്ഷങ്ങളെ തന്നെ. അവരിൽ ഒരു ഭാഗം 10,00,00,000 വരുമെന്നു് ദാനിയേൽ 7:10 വെളിപ്പെടുത്തുന്നു. നോഹയുടെ നാളിലെ പ്രളയത്തിനുമുമ്പു് ഈ ആത്മ"ദൈവപുത്രന്മാ"രിൽ ചിലർ മനുഷ്യരെപ്പോലെ ഭൌതികശരീരം ധരിച്ചുവെന്നു്, അതായതു് അവർ ആത്മസൃഷ്ടികളെന്ന നിലയിൽ സ്വർഗ്ഗത്തിലുള്ള തങ്ങളുടെ സ്ഥാനം വിട്ടുകയും ജഡികശരീരങ്ങൾ ധരിക്കയും ചെയ്തുവെന്നു്, ഉല്പത്തി 6:1–5 വരെയുള്ള ബൈബിൾരേഖ വിശദീകരിക്കുന്നു. എന്തിനു്? മനുഷ്യരുടെ സുമുഖികളായ പുത്രിമാരെ വിവാഹം കഴിക്കുന്നതിനാൽ മാനുഷവികാരങ്ങൾ അനുഭവിക്കുന്നതിനുതന്നെ. ഇതു ദൈവത്തോടുള്ള അനുസരണക്കേടിന്റെ ഒരു പ്രവൃത്തിയായിരുന്നു. ബൈബിൾ 'അസ്വാഭാവിക ഉപയോഗത്തിനു ജഡത്തിന്റെ പിന്നാലെ പോയ' സോദോമിലെയും ഗോമോറയിലെയും ജനങ്ങളുടെ പ്രവൃത്തികളോടു് ഇതിനെ സംബന്ധിപ്പിക്കുന്നു. (യൂദാ 6, 7) അങ്ങനെതന്നെ, ദൂതന്മാർ ഇറങ്ങിവന്നു് ലൈംഗികബന്ധങ്ങളിലേർപ്പെടുന്നതിനു് മാനുഷജഡം തേടുന്നതു് അവരുടെ സ്വർഗ്ഗീയപ്രകൃതിക്കു വിരുദ്ധമായിരുന്നു. അവരുടെ പ്രവർത്തനഗതി നെഫിലിം എന്നു വിളിക്കപ്പെട്ട "ബലവാന്മാർ" ആയ ഒരു ഭീകരസന്തതിയുൾപ്പെടെയുള്ള ദുഷ്ഫലങ്ങൾ ഉളവാക്കി. ദൈവത്തിന്റെ ആ ആത്മപുത്രന്മാർ തങ്ങളുടെ മത്സരപ്രവർത്തനത്താൽ തങ്ങളെത്തന്നെ ഭൂതങ്ങളാക്കി മാററുകയും "ഭൂതങ്ങളുടെ ഭരണാധിപനായ" പിശാചിന്റെ പക്ഷത്താക്കിത്തീർക്കുകയുംചെയ്തു.—മത്തായി 9:34.

---

**9. ദൈവത്തിന്റെ വിശുദ്ധദൂതന്മാരിൽ മററു ചിലർ തങ്ങളേത്തന്നെ ഭൂതങ്ങളാക്കിത്തീർത്തതെങ്ങനെ?**

[10] നോഹയുടെ നാളിലെ ആഗോളപ്രളയം സകല ദുഷ്ട മനുഷ്യരെയും നശിപ്പിച്ചപ്പോൾ അവിശ്വസ്ത ദൂതന്മാർ തങ്ങളുടെ ജഡശരീരത്തെ വിലയിപ്പിക്കയും ആത്മമണ്ഡലത്തിലേക്കു തിരികെപോകുകയുംചെയ്തു. എന്നാൽ അവർ വീണ്ടും ദൈവത്തിന്റെ വിശുദ്ധ ദൂതന്മാരുടെ സ്ഥാപനത്തിന്റെ ഭാഗമായിത്തീരാൻ അനുവദിക്കപ്പെട്ടില്ല. പകരം അവർ ആത്മീയമായ അന്ധകാരത്തിന്റെ ഒരു അധമാവസ്ഥയിൽ ഒതുക്കിനിർത്തപ്പെട്ടു. (2 പത്രോസ് 2:4) ജലപ്രളയം മുതൽ, ഈ ഭൂതദൂതന്മാർ അതിനുമുമ്പു ചെയ്തിരുന്നതുപോലെ ഭൗതികജഡശരീരം ധരിക്കാൻ ദൈവം അനുവദിച്ചിട്ടില്ല. എന്നിരുന്നാലും, അവക്ക് ഇപ്പോഴും പുരുഷന്മാരുടെയും സ്ത്രീകളുടെയും മേൽ അപകടകരമായ ശക്തി പ്രയോഗിക്കാൻ കഴിയും. യഥാർത്ഥത്തിൽ ഈ ഭൂതങ്ങളുടെ സഹായത്തോടെ സാത്താൻ "നിവസിതഭൂമിയെ മുഴുവൻ വഴിതെററിക്കുക"യാകുന്നു. (വെളിപാട് 12:9) ഇന്നു നാം ഭൂമിയിൽ ആസകലം കാണുന്ന അധർമ്മപ്രവൃത്തിയുടെ വർദ്ധനവ്, അവരാൽ നാം വഴിതെററിക്കപ്പെടാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യംസംബന്ധിച്ച് നമ്മെ ജാഗ്രതയുള്ളവരാക്കേണ്ടതാണ്.

### പിശാച് "ഈ ലോകത്തിന്റെ ഭരണാധിപൻ" ആകുന്നു

[11] കർത്താവായ യേശുക്രിസ്തു പിശാചിനെ "ഈ ലോകത്തിന്റെ ഭരണാധിപൻ" എന്നു വിളിച്ചുവെന്നു യോഹന്നാൻ എന്ന ബൈബിൾ പുസ്തകത്തിൽ നാം മൂന്നു പ്രാവശ്യം വായിക്കുന്നു. (യോഹന്നാൻ 12:31; 14:30; 16:11) 2 കൊരിന്ത്യർ 4:4-ൽ അവൻ "ഈ വ്യവസ്ഥിതിയുടെ ദൈവം" എന്നു പരാമർശിക്കപ്പെട്ടിരിക്കുന്നു. ആ സ്ഥിതിക്കു ഭൂമിയിലെ സകല രാഷ്ട്രങ്ങളും പിശാചായ സാത്താന്റെ നിയന്ത്രണത്തിൻകീഴിലാണെന്ന് ഇതിനർത്ഥമുണ്ടോ? ബൈബിൾ ഉത്തരം നൽകുന്നു: "മുഴുലോകവും ദുഷ്ടനായവന്റെ അധികാരത്തിൻകീഴിൽ കിടക്കുകയാകുന്നു." (1 യോഹന്നാൻ 5:19) ഇപ്രകാരം പിശാച്, "ലോകത്തിന്റെ ഭരണാധിപൻ" എന്ന നിലയിൽ മനുഷ്യരെ കടന്നുപിടിച്ചുകൊണ്ടും രാഷ്ട്രീയഗവണ്മെൻറുകളെ നിയന്ത്രിച്ചുകൊണ്ടുപോലും അവ

10. (എ) നോഹയുടെ നാളിലെ ജലപ്രളയം വന്നപ്പോൾ മനുഷ്യപുത്രിമാരെ വിവാഹം കഴിച്ചിരുന്ന അനുസരണംകെട്ട ദൂതന്മാർക്ക് എന്തു സംഭവിച്ചു? (ബി) നമ്മുടെ നാളിലെ അധർമ്മപ്രവൃത്തിയുടെ വർദ്ധനവ് നമ്മെ എന്തു സംബന്ധിച്ചു ജാഗ്രതയുള്ളവരാക്കണം?

11. സകല രാഷ്ട്രങ്ങളുടെയും സംഗതിയിൽ സാത്താൻ ഏതു സ്ഥാനം വഹിക്കുന്നു?

രുടെ മേൽ വലിയ സ്വാധീനം ചെലുത്തിക്കൊണ്ടാണിരിക്കുന്നത്".—വെളിപാട് 16:13, 14.

[12] നിങ്ങൾ വെളിപാട് 12:9 ലേക്ക് നിങ്ങളുടെ ബൈബിൾ തുറക്കുമെങ്കിൽ പിശാച് "മഹാസർപ്പം" എന്നു വർണ്ണിക്കപ്പെട്ടിരിക്കുന്നതായി നിങ്ങൾ കാണും. അടുത്ത അദ്ധ്യായത്തിൽ 1-ം 2-ം വാക്യങ്ങളിൽ, ഈ മഹാസർപ്പമായ പിശാച്, സമുദ്രത്തിൽനിന്നുള്ള ഒരു "കാട്ടുമൃഗ"മെന്ന് പ്രതീകാത്മകമായി വിളിക്കപ്പെട്ടതിന് ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തുവെന്ന് നമ്മോടു പറയപ്പെട്ടിരിക്കുന്നു. ഈ പ്രതീകാത്മക "കാട്ടുമൃഗം" എന്താണ്? കൊള്ളാം, എന്തിന്മേലാണ് സാത്താൻ അധികാരം പ്രയോഗിക്കുന്നത്? അവൻ യേശുവിന് എന്തു വാഗ്ദത്തം ചെയ്തു? "നിവസിതഭൂമിയിലെ സകല രാജ്യങ്ങളും" തന്നെ. (ലൂക്കോസ് 4:5-8) യേശു പെട്ടെന്നുതന്നെ ആ വാഗ്ദാനത്തെ തള്ളിക്കളഞ്ഞു. എന്നാൽ ഭൂമിയിലെ രാഷ്ട്രീയരാജ്യങ്ങളുടെമേൽ പിശാചാണു ഭരിക്കുന്നതെന്നുള്ളതിനെ അവൻ നിരസിച്ചില്ല. ഇതിനു ചേർച്ചയായി, വെളിപാട് 13:7 പ്രതീകാത്മക "കാട്ടുമൃഗ"ത്തെ സംബന്ധിച്ചു പറയുന്നത് അതിനു "സകല ഗോത്രത്തിന്മേലും ജനത്തിന്മേലും ഭാഷയിന്മേലും രാഷ്ട്രത്തിന്മേലും അധികാരം കൊടുക്കപ്പെട്ടു" എന്നാണ്. കൂടാതെ, പ്രവാചകനായ ദാനിയേൽ ചില മൃഗങ്ങളെ എന്തായി തിരിച്ചറിയിച്ചു? "രാജ്യങ്ങളോ" രാഷ്ട്രീയ ഗവൺമെൻറുകളോ ആയിട്ടുതന്നെ. (ദാനിയേൽ 7:2-7, 17, 23) ദാനിയേലിൻെറ ദർശനത്തിലെ പ്രതീകാത്മക മൃഗങ്ങൾക്കും വെളിപാടിലെ "കാട്ടുമൃഗ"ത്തിനും സാമ്യമുള്ള അർത്ഥമാണുള്ളതെന്ന് രണ്ടും ഒരേതരം ജീവികളെ പരാമർശിക്കുന്നുവെന്ന വസ്തുതയിൽനിന്ന് മനസ്സിലാകുന്നു: ഒരു സിംഹം, ഒരു കരടി, ഒരു പുള്ളിപ്പുലി, പത്തു കൊമ്പുള്ള ഒരു മൃഗം എന്നിവയെത്തന്നെ. (വെളിപാട് 13:1, 2) അതുകൊണ്ട്, "കാട്ടുമൃഗം" ഇന്നുവരെയുള്ള നൂററാണ്ടുകളിൽ ഭൂമിമേൽ മൃഗതുല്യമായ ഭരണംനടത്തിയിട്ടുള്ള, പിശാചിൻെറ മുഴുരാഷ്ട്രീയസ്ഥാപനത്തെ പ്രതിനിധാനം ചെയ്യുന്നു. "എൻെറ രാജ്യം ഈ ലോകത്തിൻെറ ഭാഗമല്ല" എന്ന്

12. (എ) വെളിപാട് 13:1, 2 അനുസരിച്ച് പിശാച് എന്തിനു ശക്തിയും അധികാരവും കൊടുക്കുന്നു? (ബി) യേശുവിനോടുള്ള പിശാചിൻെറ വാഗ്ദാനം "കാട്ടുമൃഗ"ത്തെ തിരിച്ചറിയുന്നതിനു നമ്മെ സഹായിക്കുന്നതെങ്ങനെ? (സി) വെളിപാട് 13:1, 2-ലെ "കാട്ടുമൃഗ"ത്തെക്കുറിച്ചുള്ള വിവരണവും ദാനിയേലിൻെറ ദർശനത്തിലെ മൃഗങ്ങളുടെ വിവരണവും ഒരേതരംമൃഗങ്ങളെ പരാമർശിക്കുന്നതുകൊണ്ട് "കാട്ടുമൃഗം" എന്തിനെ പ്രതിനിധാനംചെയ്യേണ്ടതാണ്?

യേശുക്രിസ്തു പറഞ്ഞതു് അതിശയമല്ല. അവൻെറ അനുഗാമികളും ലോകത്തിൻെറ ഭാഗമല്ലാത്തതു്, അതായതു്, അവർ അതിൻെറ കാര്യങ്ങളിൽ ഉൾപ്പെടാതെ മാറിനിൽക്കുന്നതു് അതിശയമല്ല.—യോഹന്നാൻ 18:36; 17:14-16.

### ഏതുരൂപത്തിലുമുള്ള ആത്മവിദ്യയിൽനിന്നു് വിമുക്തരായിരിക്കുക

[13] ദുഷ്ടാത്മാക്കൾ സ്ത്രീപുരുഷന്മാരെ വഴിതെററിക്കുന്ന വിധങ്ങളിലൊന്നു് ആത്മവിദ്യയാണ്. എന്താണ് ആത്മവിദ്യ? അതു് ദുഷ്ടാത്മജീവികളാൽ നേരിട്ടോ, മാനുഷ മദ്ധ്യവത്തിയാലോ, മറേറാതെങ്കിലും മദ്ധ്യവത്തിയാലോ വഴിതെററിക്കപ്പെട്ടിട്ട് ദുഷ്ടാത്മജീവികളോട്ട സമ്പർക്കം പുലത്തുന്നതാണ്. ആത്മവിദ്യയോട്ട ബന്ധപ്പെട്ട ഏതു് ആചാരത്തിൽനിന്നും ഒഴിഞ്ഞുനിൽക്കണമെന്നു് ബൈബിൾ നമുക്കു മുന്നറിയിപ്പു നൽകുന്നു, എന്തുകൊണ്ടെന്നാൽ ആത്മവിദ്യ ഒരു വ്യക്തിയെ ഭൂതങ്ങളുടെ സ്വാധീനത്തിൻകീഴിൽ വരുത്തുന്നു.—ഗലാത്യർ 5:19-21; വെളിപാടു് 21:8.

[14] ദൈവം ഏതുതരം ആത്മവിദ്യയേയും കുററം വിധിക്കുന്നു. അംഗീകാരമില്ലാത്ത ഈ കാര്യങ്ങളിൽ ചിലതു് ഏവയെന്നു് ബൈബിൾ നമ്മോട്ട പറയുന്നു: പ്രശ്നംനോട്ടം, മാന്ത്രികവിദ്യ, ശകുനംനോട്ടം, ക്ഷുദ്രം, മററുള്ളവരെ വശീകരിച്ചു സ്വാധീനിക്കുക, (മാസ്മരവിദ്യ, കൂടപത്രം മുതലായവ), ഒരു ആത്മമദ്ധ്യവത്തിയോടോ ഭാഗ്യംപറയുന്ന ആളോടോ ആലോചന ചോദിക്കയും മരിച്ചവരോട്ട് അന്വേഷണം നടത്തുകയും ചെയ്യുക എന്നിവതന്നെ. (ആവത്തനം 18:10-12; യെശയ്യാ 8:19) ഇതെല്ലാം ഭൂതമതമാണ്, ഇങ്ങനെയുള്ള ആചാരങ്ങളിലേക്കു തിരിയുന്നവർ തങ്ങളെത്തന്നെ ദൈവത്തിൻെറ ശത്രുക്കളാക്കിത്തീക്കുന്നു. —ലേവ്യപുസ്തകം 19:31; 1 ദിനവൃത്താന്തം 10:13, 14.*

[15] ശകുനപരീക്ഷണം ആത്മവിദ്യയുടെ സാധാരണരൂപങ്ങളിലൊന്നാണ്. അതു് ശകുനങ്ങളോ ഭൂതശക്തിയോ

* 1 പാരാലിപോമെനൻ 10:13, 14, *Dy*.

13. ആത്മവിദ്യ എന്താണ്, അതിൽനിന്നു വിമുക്തരായിരിക്കാൻ ബൈബിൾ നമുക്കു മുന്നറിയിപ്പു നൽകുന്നതെന്തുകൊണ്ട്?

14. ആത്മവിദ്യയോട്ട ബന്ധപ്പെട്ട ചില ആചാരങ്ങൾ എന്തെല്ലാം, അങ്ങനെയുള്ള ആചാരങ്ങളിലേക്കു തിരിയുന്നവരെ ദൈവം എങ്ങനെ വീക്ഷിക്കുന്നു?

15. (എ) ശകുനപരീക്ഷണം എന്താണ്, ഇന്നു് ആളുകൾ അതിൽ ഏപ്പെടുന്ന ചില വിധങ്ങളേവ? (ബി) ജ്യോതിഷവും മാന്ത്രികവിദ്യയും എവിടെ ഉത്ഭവിച്ചു?

മുഖേന അജ്ഞാതകാര്യങ്ങളുടെ അല്ലെങ്കിൽ ഭാവിയുടെ അറിവു ലഭിക്കുന്നതിനുള്ള ശ്രമമാണ്. (പ്രവൃത്തികൾ 16:16) ഇന്ന് ശകുനപരീക്ഷണത്തിന്റെ അനേകം വിധങ്ങളുണ്ട്, പ്രശ്നദണ്ഡുകൾ, ദോലകങ്ങൾ, സ്ഫടികദർശനം, ഊജാബോർഡ്, അതീന്ദ്രിയഗ്രഹണം, ഒരുവന്റെ കൈയിലെ വരകളുടെ പരിശോധന (ഹസ്തരേഖാശാസ്ത്രം), ചില പക്ഷികളുടെ പറക്കലിന്റെ പഠനം, ഒരുവന്റെ സ്വപ്നത്തിലും ഒരുവന്റെ ജീവിതത്തിലെ മററു സംഭവങ്ങളിലും ശകുനം നോക്കി ഇവയെ ഭാവിയോടു ബന്ധപ്പെടുത്തുവാൻ ശ്രമിക്കുക എന്നിവതന്നെ. സാധാരണയായി ജ്യോതിഷം എന്നു വിളിക്കപ്പെടുന്ന നക്ഷത്രങ്ങളാലുള്ള ശകുന പരീക്ഷണവുമുണ്ട്. വിവിധ മാന്ത്രിക വിദ്യകളുടെ സംഗതിയിലെന്നപോലെ ഇതു പുരാതന ബാബിലോനിലാണ് ഉത്ഭവിച്ചത്. ശകുനപരീക്ഷണം നടത്തുന്ന സകലരും ദൈവത്തിനെതിരായി പാപം ചെയ്യുന്നുവെന്ന് ബൈബിൾ പ്രകടമാക്കുന്നു.—1 ശമുവേൽ 15:22, 23.*

[16] ദുഷ്ടാത്മാക്കൾ ജനങ്ങളെ വഴിതെററിക്കുന്ന സാധാരണവിധങ്ങളിലൊന്ന്, ഒരു ആത്മമദ്ധ്യവർത്തി മുഖാന്തരമോ അദൃശ്യമണ്ഡലത്തിൽനിന്നുള്ള ഒരു "ശബ്ദ"ത്താലോ അവരോടു സംസാരിക്കുന്നതാണ്. "ശബ്ദം" വിട്ടുപോയ ഒരു ബന്ധുവോ ഒരു നല്ല ആത്മാവോ ആയി നടിക്കുന്നു; എന്നാൽ ഇതു കാപട്യമാണ്! ശബ്ദം യഥാർത്ഥത്തിൽ ഒരു ദുഷ്ടാത്മാവു സംസാരിക്കുന്നതാണ്! അങ്ങനെയുള്ള ഒരു ശബ്ദം നിങ്ങളോടു സംസാരിക്കുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യണം? കൊള്ളാം, ദുഷ്ടാത്മാക്കളുടെ ഭരണാധിപൻ യേശുക്രിസ്തുവിനോടു സംസാരിച്ചപ്പോൾ അവൻ എന്താണു ചെയ്തത്? "സാത്താനേ, ദൂരെ പോ!" എന്നു പറഞ്ഞുകൊണ്ട് യേശു പിശാചിന്റെ നിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞു. (മത്തായി 4:10) നിങ്ങൾക്കും അതു ചെയ്യാൻ കഴിയും. കൂടാതെ, ഉച്ചത്തിൽ പ്രാർത്ഥിച്ചുകൊണ്ടും, യഹോവയുടെ നാമം ഉപയോഗിച്ചുകൊണ്ടും സഹായത്തിനുവേണ്ടി നിങ്ങൾക്ക് യഹോവയെ വിളിച്ചപേക്ഷിക്കാൻ കഴിയും. ഈ ബുദ്ധിപൂർവ്വകമായ ഗതി പിന്തുടരുക, അദൃശ്യമണ്ഡലത്തിൽനിന്നുള്ള ഇങ്ങനെയുള്ള ശബ്ദങ്ങൾക്ക് ചെവികൊടുക്കരുത്.—സദൃശവാക്യങ്ങൾ 18:10; യാക്കോബ് 4:7.

* 1 രാജാക്കന്മാർ 15:22, 23, *Dy*.

**16. നാം എന്നെങ്കിലും ഒരു "ശബ്ദം" അദൃശ്യമണ്ഡലത്തിൽനിന്നു നമ്മോടു സംസാരിക്കുന്നതായി കേൾക്കുന്നുവെങ്കിൽ നാം എന്തു ചെയ്യണം?**

17 എന്നാൽ ഒരുവൻ ഏതെങ്കിലും ആത്മവിദ്യാമതങ്ങളിലോ ശാസ്ത്രങ്ങളിലോ ഏർപ്പെട്ടുകൊണ്ടിരിക്കയും ഇപ്പോൾ ആത്മവിദ്യയിൽനിന്നു വിട്ടുപോരാനാഗ്രഹിക്കയും ചെയ്യുന്നുവെങ്കിലെന്തു്? കൊള്ളാം, എഫേസൂസിലെ ആദിമ ക്രിസ്ത്യാനികളിൽ അനേകർ മാന്ത്രികവിദ്യകളിൽനിന്നു് വിമുക്തരാവാനാഗ്രഹിച്ചപ്പോൾ അവർ എന്താണു ചെയ്തതു്? അപ്പോസ്തലനായ പൌലോസിനാൽ പ്രസംഗിക്കപ്പെട്ട "യഹോവയുടെ വചനം" കൈക്കൊണ്ടശേഷം അവർ "തങ്ങളുടെ പുസ്തകങ്ങൾ ഒന്നിച്ചുകൂട്ടുകയും എല്ലാവരുടേയും മുമ്പാകെ അവയെ ചുട്ടുകളകയുംചെയ്തു"വെന്നു് ബൈബിൾ നമ്മോടു പറയുന്നു, അവയ്ക്കു് 50000 വെള്ളിക്കാശു് വിലയുണ്ടായിരുന്നിട്ടും! (പ്രവൃത്തികൾ 19:19, 20) ആത്മവിദ്യാചാരങ്ങളോടു ബന്ധപ്പെട്ട വസ്തുക്കൾ നശിപ്പിക്കുന്നതിലുള്ള അവരുടെ ദൃഷ്ടാന്തം പിന്തുടരുന്നതാണു് ബുദ്ധിപൂർവ്വകം.

18 ഗൂഢവും മാന്ത്രികവുമായ കാര്യങ്ങളിൽ വർദ്ധിച്ചുവരുന്ന താല്പര്യത്താൽ വഞ്ചിക്കപ്പെടരുതു്. ദുഷ്ടാത്മസൃഷ്ടികളാണു് അങ്ങനെയുള്ള ആത്മവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതു്. എന്നാൽ പിശാചുൾപ്പെടെയുള്ള ഈ ദുഷ്ടാത്മസേനകൾ കാലക്രമത്തിൽ നശിപ്പിക്കപ്പെടും. (മത്തായി 25:41) നിങ്ങൾ നിത്യജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ഏതു തരത്തിലുമുള്ള ആത്മവിദ്യയെ ഒഴിവാക്കിക്കൊണ്ടു് അവരുടെ സ്വാധീനത്തിൽനിന്നു് മാറിനിൽക്കേണ്ട ആവശ്യമുണ്ടു്.

## പിശാചു് വ്യാജമതത്തിനു പ്രോത്സാഹിപ്പിക്കുന്നു

19 പിശാചിനും അവന്റെ ഭൃത്യങ്ങൾക്കും മനുഷ്യവർഗ്ഗത്തെ വഴിതെററിക്കുന്നതിനു് അനേകം വിധങ്ങളുള്ളതിൽ നാം അത്ഭുതപ്പെടരുതു്, ആത്മവിദ്യ അവയിൽ ഒന്നു മാത്രമാണു്. ആ സ്ഥിതിക്കു "ഭോഷ്കിന്റെ പിതാവായ" പിശാചു് മനു

17. ഒരുവനു്, എഫേസൂസിലെ ആദിമ ക്രിസ്ത്യാനികളുടെ ദൃഷ്ടാന്തം അനുസരിക്കുന്നതിനാൽ എങ്ങനെ ആത്മവിദ്യയിൽനിന്നു് ഇന്നു വിട്ടുപിരിയാൻ കഴിയും?

18. (എ) സകല ദുഷ്ടാത്മാക്കൾക്കും എന്തു സംഭവിക്കും? (ബി) ഇതിന്റെ വീക്ഷണത്തിൽ, നാം നിത്യജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം എന്തു ചെയ്യണം?

19. (എ) പിശാചു് മനുഷ്യവർഗ്ഗത്തെ ദൈവത്തിൽനിന്നു് അകററുന്നതിനു പയോഗിക്കുന്ന മുഖ്യമാർഗ്ഗം എന്താണു്? (ബി) വ്യാജമതം എന്താണു്? (സി) ഒരുവൻ വ്യാജമതം ആചരിക്കുന്നുവെങ്കിൽ യഥാർത്ഥത്തിൽ അവൻ ആരെയാണു് സേവിക്കുന്നതു്?

ഷ്യവർഗ്ഗത്തെ ദൈവത്തിൽനിന്നകററുന്ന ഏററവും മികച്ച മാർഗ്ഗമെന്താണ്? (യോഹന്നാൻ 8:44) അതു വ്യാജമതം മുഖേനയാണ്! വ്യാജമതം ഭോഷ്ടകളിന്മേൽ പണിയപ്പെട്ടിട്ടുള്ള ആരാധനയാണ്, അതു ദൈവത്തിന്റെ സത്യവചനമായ ബൈബിളിനു വിരുദ്ധവുമാണ്. ഒരു ആൾ ദൈവവചനത്തിനു ചേർച്ചയല്ലാത്തവിധത്തിൽ ആരാധിക്കുന്നുവെങ്കിൽ അയാൾ യഥാർത്ഥത്തിൽ ഭൂതങ്ങളെ സേവിക്കുകയാണെന്നു് ബൈബിൾ ചൂണ്ടിക്കാണിക്കുന്നതിന്റെ ഒരു കാരണമാണതു്. എന്തുകൊണ്ടെന്നാൽ അവർ ആഗ്രഹിക്കുന്നതിനു ചേർച്ചയായും ദൈവത്തിനെതിരായും അയാൾ പ്രവർത്തിക്കുകയാകുന്നു.—ആവർത്തനം 32:16, 17; 1 കൊരിന്ത്യർ 10:20.

[20] വ്യാജമതം ബഹുമാന്യമായി തോന്നിയേക്കാമെങ്കിലും, പിശാചു്, മാന്യതയുടെ ഒരു ഭാവത്തിനു പിമ്പിൽ ഒളിക്കുന്ന ആധുനികനാളിലെ അനേകം നീചന്മാരെപ്പോലെ അഥവാ അക്രമത്തലവന്മാരെപ്പോലെയാകുന്നുവെന്നു് നാം തിരിച്ചറിയണം. ആളുകളെ വഞ്ചിക്കുന്നതിനും അവരെക്കൊണ്ടു് തന്നെ സേവിപ്പിക്കുന്നതിനും നീതിയുടെ ഒരു ബാഹ്യ പ്രത്യക്ഷതയുള്ള ഒരു മതമുന്നണിയെ ഉപയോഗിക്കുന്നതിനേക്കാൾ കൌശലമേറിയ മറെറന്തു മാർഗ്ഗം അവനുണ്ടായിരിക്കാൻ കഴിയും? ദൈവത്തെ സേവിക്കുന്നുവെന്നു് പുറമേ അവകാശപ്പെടുന്ന മതത്താൽ പിശാചു് ആളുകളെ വഴിതെററിക്കുമെന്നു് ബൈബിളിൽ പ്രകടമാക്കപ്പെട്ടിട്ടുണ്ടു്. (മത്തായി 7:22, 23) യഥാർത്ഥത്തിൽ "സാത്താൻതന്നെ ഒരു വെളിച്ചദൂതനായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു"വെന്നും "അവന്റെ ശുശ്രൂഷകന്മാരും നീതിയുടെ ശുശ്രൂഷകന്മാരായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു"വെന്നും ക്രിസ്തീയാപ്പോസ്തലനായ പൌലോസ് പറഞ്ഞു.—2 കൊരിന്ത്യർ 11:14, 15.

[21] അതുകൊണ്ടു് യേശുക്രിസ്തു പിശാചിനെ "ഈ ലോകത്തിന്റെ ഭരണാധിപൻ" എന്നു വിളിച്ചപ്പോൾ അവൻ എന്തെങ്കിലും സങ്കല്പിക്കുകയായിരുന്നില്ല. (യോഹന്നാൻ 12:31) തീർച്ചയായും, "മുഴുനിവസിത ഭൂമിയെയും" വഴിതെററിക്കുന്ന ദുഷ്ടാത്മാക്കൾ ഉണ്ടു്. എന്നാൽ പിശാചും അവന്റെ ദുഷ്ടദൂതന്മാരും പ്രവർത്തനരഹിതരാക്കപ്പെടുന്നതിനു് ഇനിയും "ചുരുങ്ങിയ കാലഘട്ടം" മാത്രമേയുള്ളു.

20. അക്രമത്തലവന്മാരെപ്പോലെ പിശാചു് എങ്ങനെ ആളുകളെ വഞ്ചിക്കുന്നു?
21. (എ) ദുഷ്ടാത്മാക്കൾക്കു് അവശേഷിച്ചിട്ടുള്ള കാലം സംബന്ധിച്ചു് ബൈബിൾ എന്തു പ്രകടമാക്കുന്നു? (ബി) ഒരു ആൾ ആത്മവിദ്യയിൽനിന്നും മറെറല്ലാ വ്യാജമതത്തിൽനിന്നും വിട്ടുമാറേണ്ടതെന്തുകൊണ്ടു്?

(വെളിപാട്ട് 12:9, 12) ഇതിനിടയിൽ ഏതു രൂപത്തിലുമുള്ള ആത്മവിദ്യയിൽനിന്നു വിമുക്തരായിരിക്കയും, ബഹുമാന്യമെന്നു തോന്നിയേക്കാവുന്നതെങ്കിലും യഥാർത്ഥത്തിൽ വ്യാജത്തിന്മേൽ അധിഷ്ഠിതമായ മതത്തിൽനിന്നു വിട്ടുമാറുകയും ചെയ്യുക. നിങ്ങൾക്ക് ആത്മവിദ്യയോടോ മറേറതെങ്കിലും മതഭോഷ്കിനോടോ പററിനിൽക്കുന്നതിനും ദൈവത്തിൻെറ പുതിയ വ്യവസ്ഥിതിയിലെ നിത്യജീവൻ പ്രാപിക്കുന്നതിനും സാദ്ധ്യമല്ല, എന്തുകൊണ്ടെന്നാൽ സത്യം മാത്രമാണ് നിത്യജീവനിലേയ്ക്കു നയിക്കുന്നത്.—എഫേസ്യർ 6:12, 16.

അദ്ധ്യായം 4

# ദൈവം നമ്മുടെ നാൾവരെ ദുഷ്ടത അനുവദിച്ചിരിക്കുന്നതെന്തുകൊണ്ട്?

മനുഷ്യചരിത്രത്തിലെല്ലാം വളരെയധികം ദുഷ്ടത ഉണ്ടായിരുന്നിട്ടുണ്ട്. ഇന്ന് നിങ്ങൾ ലോകത്തിൽ എവിടെ നോക്കിയാലും രക്തച്ചൊരിച്ചിലും അക്രമവും വിദ്വേഷവും ദുർമ്മാർഗ്ഗവുമുണ്ട്. ഒട്ടു മിക്കപ്പോഴും മററുള്ളവരുടെ ദുഷ്പ്രവൃത്തികളാൽ കഷ്ടപ്പെടുന്നത് നിർദ്ദോഷികളും യോഗ്യരുമായ ആളുകളാണ്. അവർ ഒരുപക്ഷേ, തങ്ങളുടെ ഭവനങ്ങളോ പ്രിയപ്പെട്ടവരോ സ്വന്തം ജീവൻപോലുമോ നഷ്ടപ്പെട്ടമാറ് അക്രമത്തിൻെറ ഇരകളായിത്തീർന്നേക്കാം. നിങ്ങൾക്കു വ്യക്തിപരമായി അങ്ങനെയുള്ള കാര്യങ്ങൾ അനുഭവപ്പെട്ടിരിക്കാം. അല്ലെങ്കിൽ അനുഭവപ്പെട്ടിട്ടില്ലായിരിക്കാം. നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടില്ലെങ്കിൽത്തന്നെ, നിങ്ങൾ മനോവേദനയ്ക്കിടയാക്കിയിട്ടുള്ള കാര്യങ്ങൾക്ക്, അനീതി, ദയയില്ലായ്മ എന്നിവപോലുള്ള അനുഭവങ്ങൾക്ക് വിധേയരായിരിക്കാനിടയുണ്ട്, നിങ്ങൾ വഞ്ചിക്കപ്പെട്ടുകയോ കബളിപ്പിക്കപ്പെട്ടുകയോ ചെയ്തിരിക്കാം.

[2] ദൈവം നമ്മുടെ നാൾവരെ ഇങ്ങനെയുള്ള ദുഷ്ടത അനുവദിച്ചിരിക്കുന്നതെന്തുകൊണ്ട്? നിരവധി കാരണങ്ങളുണ്ട്, എന്നാൽ ആ കാരണങ്ങൾ ശരിയായി മനസ്സിലാക്കുന്നതിന് നാം ആദ്യമത്സരത്തിൻെറ സമയത്ത് ഉന്നയിക്കപ്പെട്ട വാദവിഷയങ്ങളെ പരിശോധിക്കേണ്ട ആവശ്യമുണ്ട്. നിങ്ങൾ ബൈബിളിൽ ഉൽപ്പത്തി മൂന്നാമദ്ധ്യായത്തിൽ ഇതിൻെറ വിവരണം വായിച്ചിരിക്കാനിടയുണ്ട്. അപ്പോൾ നമുക്ക് ഈ സംഭവങ്ങളുടെ യഥാർത്ഥ അർത്ഥം പരിചിന്തിക്കാം.

[3] സംഭവിച്ചത് ചുരുക്കത്തിൽ ഇതാണ്: മനുഷ്യൻെറ

---

1. ദുഷ്ടത സംബന്ധിച്ച മനുഷ്യവർഗ്ഗത്തിൻെറ അനുഭവമെന്ത്?
2. ദൈവം ദുഷ്ടത അനുവദിച്ചിരിക്കുന്നതിൻെറ കാരണങ്ങൾക്ക് ഏതു സമയത്ത് ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളോടു ബന്ധമുണ്ട്?
3. മനുഷ്യൻെറ പാപത്തിലേക്കുള്ള വീഴ്ചയുടെ സമയത്ത് എന്തു സംഭവിച്ചുവെന്നു ചുരുക്കമായി പ്രതിപാദിക്കുക.

ജീവൻ അവൻെറ സ്രഷ്ടാവിനോടുള്ള അനുസരണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും, അനുസരണക്കേടു് മരണത്തിൽ കലാശിക്കുമെന്നും യഹോവ അവനോടു പറഞ്ഞു. (ഉല്പത്തി 2:17) ദൈവത്തിൻെറ എതിരാളിയായ സാത്താൻ ഈ വ്യക്തമായ പ്രസ്താവനയ്ക്കു വിരുദ്ധമായി പറഞ്ഞു. മനുഷ്യജോടിക്കു് അനുസരണക്കേടു കാണിക്കാൻ കഴിയുമെന്നും, അപ്പോൾപോലും "നിങ്ങൾ തീർച്ചയായും മരിക്കയില്ല" എന്നും അവൻ ആദാമിൻെറ ഭാര്യയോടു പറഞ്ഞു. അങ്ങനെയുള്ള അനുസരണക്കേടു്, അവരുടെ കണ്ണുകൾ തുറക്കുവാനിടയാക്കിക്കൊണ്ടു് അവക്കു കാര്യങ്ങൾ മെച്ചപ്പെടുത്തുമെന്നും അവർ "നന്മയും തിന്മയും അറിയുന്നവരായി ദൈവത്തെപ്പോലെ ആയിത്തീരുമെന്നും" അവൻ കൂട്ടതലായി അവകാശപ്പെട്ടു. (ഉല്പത്തി 3:4, 5) ഇപ്പോൾ, സാത്താൻെറ ഈ മത്സരപ്രവൃത്തിയിൽ അന്തർഭവിച്ചിരുന്നതെന്താണു്?

## വിവാദവിഷയങ്ങൾ

[4] നിരവധി വാദവിഷയങ്ങൾ അഥവാ മർമ്മപ്രധാനങ്ങളായ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടു. ഒന്നാമതായി, സാത്താൻ *ദൈവത്തിൻെറ സത്യതയെ* ചോദ്യംചെയ്തു. ഫലത്തിൽ, അവൻ ദൈവത്തെ ഒരു ഭോഷ്കാളി എന്നു വിളിച്ചു, അതും ജീവൻെറയും മരണത്തിൻെറയും ഒരു സംഗതി സംബന്ധിച്ചു്. രണ്ടാമതായി, *തുടർച്ചയായ ജീവനും സന്തുഷ്ടിക്കും വേണ്ടി തൻെറ സ്രഷ്ടാവിന്മേലുള്ള മനുഷ്യൻെറ ആശ്രയത്തെ* അവൻ ചോദ്യം ചെയ്തു. മനുഷ്യൻെറ ജീവനോ, വിജയപൂർവ്വം അവൻെറ കാര്യങ്ങൾ നടത്താനുള്ള അവൻെറ പ്രാപ്തിയോ യഹോവയോടുള്ള അനുസരണത്തെ ആശ്രയിച്ചിരിക്കുന്നില്ലെന്നു് അവൻ അവകാശപ്പെട്ടു. മനുഷ്യനു് അവൻെറ സ്രഷ്ടാവിൽനിന്നു് സ്വതന്ത്രനായി പ്രവർത്തിക്കാൻ കഴിയുമെന്നും, ശരി അല്ലെങ്കിൽ തെറ്റു്, നന്മ അല്ലെങ്കിൽ തിന്മ എന്താണെന്നു തനിക്കുവേണ്ടിത്തന്നെ നിശ്ചയിച്ചുകൊണ്ടു് ദൈവത്തെപ്പോലെയായിത്തീരാൻ കഴിയുമെന്നും അവൻ വാദിച്ചു. മൂന്നാമതായി, ദൈവത്തിൻെറ പ്രസ്താവിത നിയമത്തിനെതിരായി വാദിച്ചുകൊണ്ടു്, അവൻ ഫലത്തിൽ ദൈവത്തിൻെറ *ഭരണവിധം* തെററാണെന്നും അതു് അവൻെറ സൃഷ്ടികളുടെ നന്മയ്ക്കുവേണ്ടിയല്ലെന്നും അവകാശപ്പെട്ടു; ഈ വിധത്തിൽ *ഭരിക്കുന്നതിനുള്ള ദൈവത്തിൻെറ അവകാശത്തെ* അവൻ വെല്ലുവിളിക്കുകപോലുംചെയ്തു.

4. പിശാചിൻെറ മത്സരത്താൽ ഉന്നയിക്കപ്പെട്ട ചില വാദവിഷയങ്ങൾ പറയുക.

[5] എന്നാൽ ബൈബിളിൽ ഇയ്യോബിൻെറ പുസ്തകത്തിൽ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പിന്നീട്ട പ്രകടമാക്കപ്പെട്ടിരിക്കുന്നതുപോലെ സാത്താൻെറ പ്രവത്തനം മറെറാരു പ്രശ്നവും കൂടി ഉന്നയിച്ചു, അവിടെ ഇയ്യോബ് എന്ന പേരുണ്ടായിരുന്ന ഒരു മനുഷ്യനോടുള്ള ബന്ധത്തിൽ, സാത്താൻ *സകല സൃഷ്ടികൾക്കും യഹോവയാം ദൈവത്തോടുള്ള വിശ്വസ്തതയേയും ഭക്തിയേയും* ചോദ്യം ചെയ്തുവെന്നു പ്രകടമാക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ സേവിക്കുന്നവർ അങ്ങനെ ചെയ്യുന്നതു്, അവർ ദൈവത്തേയും അവൻെറ നീതിയുള്ള ഭരണത്തേയും സ്നേഹിക്കുന്നതുകൊണ്ടല്ല, പിന്നെയോ ദൈവം അവക്കു കൊടുക്കുന്ന ഭൌതികാനുഗ്രഹങ്ങൾപോലുള്ള സ്വാർത്ഥകാരണങ്ങളാൽ മാത്രമാണെന്നു് സാത്താൻ സ്പഷ്ടമായി അവകാശപ്പെട്ടു. അങ്ങനെയുള്ള കാരണങ്ങൾ നീക്കപ്പെട്ടാൽ ഇയ്യോബിനെപ്പോലെയുള്ള ഒരു മനുഷ്യൻപോലും ദൈവത്തിൽനിന്നു് അകന്നുമാറുമെന്നു് അവൻ അവകാശപ്പെട്ടു. (ഇയ്യോബ് 1: 6-11; 2:4, 5) ഉവ്വ്, ഏദനിലെ സാത്താൻെറ മത്സരം, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൈവത്തിൻെറ സകല സൃഷ്ടികളുടെയും വിശ്വസ്തതയെ ചോദ്യംചെയ്തു. പരീക്ഷിക്കപ്പെട്ടാൽ, അവർ തങ്ങളുടെ സ്വർഗ്ഗീയപിതാവിനോടുള്ള തങ്ങളുടെ സ്നേഹത്തെ തെളിയിക്കയും, മറേറതൊരുവൻെറ ഭരണത്തെയും അപേക്ഷിച്ചു് അവൻെറ ഭരണത്തെ അധികം ഇഷ്ടപ്പെടുന്നുവെന്നു് പ്രകടമാക്കുകയും ചെയ്യുമോ?

## വാദവിഷയങ്ങൾക്കു തീരുമാനമുണ്ടാക്കുന്നതിനുള്ള ദൈവത്തിൻെറ വഴി

[6] ദൈവത്തിൻെറ ശക്തി സംബന്ധിച്ചു് സാത്താൻ യാതൊരു പ്രശ്നവും ഉന്നയിച്ചില്ലെന്നു് ദയവായി കുറിക്കൊള്ളുക. ഒരു എതിരാളിയെന്ന നിലയിൽ തന്നെ നശിപ്പിക്കുന്നതിനു് തൻെറ ശക്തി ഉപയോഗിക്കുവാൻ അവൻ യഹോവയെ വെല്ലുവിളിച്ചില്ല. എന്നാൽ ഭരിക്കുന്നതിനുള്ള ദൈവത്തിൻെറ അവകാശത്തെയും അവൻെറ ഭരണവിധത്തിൻെറ ഔചിത്യത്തെയും അവൻ വെല്ലുവിളിക്കുകതന്നെചെയ്തു. കൂടാതെ അവൻ ദൈവത്തിൻെറ സൃഷ്ടികളുടെ വിശ്വസ്തതയേയും ചോദ്യംചെയ്തു. അതുകൊണ്ടു് തീരുമാനമുണ്ടാക്കേണ്ടിയിരുന്നതു് ഒരു *ധാർമ്മിക*പ്രശ്നത്തിനായിരുന്നു.

---

5. ഇയ്യോബ് എന്ന ബൈബിൾ പുസ്തകത്തിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നപ്രകാരം സാത്താൻ വേറെ ഏതു പ്രശ്നവും ഉന്നയിച്ചു?
6. ദൈവത്തിൻെറ ശക്തി സംബന്ധിച്ചു സാത്താൻ ഒരു പ്രശ്നം ഉന്നയിച്ചോ? അതുകൊണ്ടു് ഏതുതരം വാദവിഷയം തീരുമാനിക്കേണ്ടിയിരുന്നു?

[7] ദൈവത്തിനെതിരായ സാത്താൻെറ വ്യാജാരോപണങ്ങളെ, ഒരളവിൽ ഒരു മാനുഷവിധത്തിൽ ദൃഷ്ടാന്തീകരിക്കാവുന്നതാണ്. ഒരു വലിയ കുടുംബമുള്ള ഒരു മനുഷ്യൻ തൻെറ കുടുംബത്തെ ഭരിക്കുന്ന വിധം സംബന്ധിച്ച് അയാളുടെ അയൽക്കാരിലൊരാൾ അനേകം വ്യാജകാര്യങ്ങളാൽ കുററമാരോപിക്കുന്നുവെന്നിരിക്കട്ടെ. കുടുംബാംഗങ്ങൾക്ക് അവരുടെ പിതാവിനോട്ട് യഥാർത്ഥസ്നേഹമില്ലെന്നും, അയാൾ അവക്കു കൊടുക്കുന്ന ഭക്ഷണവും ഭൗതികവസ്തുക്കളും കിട്ടുവാൻ മാത്രമാണ് അയാളോട്ടുകൂടെ അവർ വസിക്കുന്നതെന്നുംകൂടി അയൽക്കാരൻ പറയുന്നുവെന്നിരിക്കട്ടെ. കുടുംബത്തിലെ പിതാവ് ഇങ്ങനെയുള്ള ആരോപണങ്ങൾക്ക് എങ്ങനെ ഉത്തരം പറയും? അയാൾ കുററാരോപകനെതിരായി കേവലം ബലപ്രയോഗം നടത്തുകയാണെങ്കിൽ അത് ആരോപണങ്ങൾക്ക് ഉത്തരം കൊടുക്കുകയില്ല; പകരം അവ സത്യമാണെന്നു സൂചിപ്പിച്ചേക്കാം. എന്നാൽ തങ്ങളുടെ പിതാവ് തീർച്ചയായും നീതിമാനും സ്നേഹവാനുമായ ഒരു കുടുംബത്തലവനാണെന്നും, തങ്ങൾ അയാളെ സ്നേഹിക്കുന്നതു കൊണ്ട് അയാളോട്ടുകൂടെ വസിക്കുന്നതിൽ സന്തുഷ്ടരാണെന്നും പ്രകടമാക്കുന്നതിന് തൻെറ സാക്ഷികളായിരിക്കാൻ തൻെറ സ്വന്തം കുടുംബത്തെ അയാൾ അനുവദിക്കുമെങ്കിൽ അത് എത്ര ഉത്തമമായ ഉത്തരമായിരിക്കും! അങ്ങനെ അയാൾ പരിപൂർണ്ണമായി നീതീകരിക്കപ്പെട്ടിരിക്കും.—സദൃശവാക്യങ്ങൾ 27:11; യെശയ്യാ 43:10.

[8] ഇതു് ദൈവം ചെയ്തിരിക്കുന്നതിനെ ചില സംഗതികളിൽ വിശദമാക്കുന്നു. കൂടാതെ സകല സംശയത്തിനും അതീതമായി വാദവിഷയം തീരുമാനിക്കുന്നതിന് അവൻ വേണ്ടുവോളം സമയം—ഇപ്പോൾ ഏകദേശം 6000 വഷം—അനുവദിച്ചിരിക്കുന്നു. അവൻ ഈ സമയം അനുവദിച്ചിരിക്കുന്നതു്, തന്നോടും തൻെറ ഭരണത്തോടും തൻെറ വിശ്വസ്തസൃഷ്ടികൾക്കുള്ള ഭക്തി തെളിയിക്കുന്നതിന് അവരെ അനുവദിക്കാൻ മാത്രമല്ല, പിന്നെയോ മറേറതുതരം ഭരണവും തിന്മയിലേ കലാശിക്കുകയുള്ളുവെന്നു പ്രകടമാക്കുവാൻകൂടിയായിരുന്നു. (സദൃശവാക്യങ്ങൾ 1:30-33; യെശയ്യാ 59:4, 8) യഹോവയാം ദൈവത്തിനെതിരായി മത്സരിച്ചതി

7. അങ്ങനെയുള്ള ഒരു ധാർമ്മിക പ്രശ്നത്തിനു് എങ്ങനെ തീരുമാനമുണ്ടാക്കാമെന്നു പ്രകടമാക്കുന്ന ഒരു ദൃഷ്ടാന്തം വിവരിക്കുക.

8. സകല സംശയത്തിനും അതീതമായി വാദവിഷയം തീരുമാനിക്കുന്നതിനു മതിയായ സമയം ദൈവം അനുവദിച്ചതിനാൽ എന്തു പ്രകടമാക്കപ്പെട്ടിരിക്കുന്നു?

നാൽ സാത്താൻ തന്നേത്തന്നെ ഒരു എതിർഭരണാധികാരി പോലെ ആക്കിവെച്ചു. സാത്താൻ ശുപാർശചെയ്ത ഗതി സ്വീകരിച്ചതിനാൽ ആദ്യമാനുഷജോടി യഹോവയുടെ ഭരണത്തിൽനിന്നു് സ്വതന്ത്രരായി തങ്ങളേത്തന്നെ പ്രഖ്യാപിക്കുകയും സാത്താൻെറ നിയന്ത്രണത്തിൻകീഴിൽ വരികയും ചെയ്തു. (ഉല്പത്തി 3:6; റോമർ 6:16) തങ്ങളുടെ സ്രഷ്ടാവിൽനിന്നു് സ്വതന്ത്രരായി പ്രവർത്തിക്കുന്നതിനും ഭരിക്കുന്നതിനുമുള്ള തങ്ങളുടെ ശ്രമങ്ങളുടെ പരിധിവരെ പോകുന്നതിനു് ദൈവം സാത്താനേയും മനുഷ്യനേയും അനുവദിച്ചതിനാൽ സകല മനുഷ്യവർഗ്ഗത്തിനും യഥാർത്ഥ പ്രയോജനങ്ങളോടെ സൽഭരണം ഉളവാക്കുന്നതിലുള്ള അവരുടെ തികഞ്ഞ പരാജയം ഭാവിയിലെ ഏതൊരു നിരസനത്തിനും അതീതമായി പ്രകടമാക്കപ്പെട്ടും. ഇതിനിടയിൽ, ശരിയായതിനെ സ്നേഹിക്കയും അന്വേഷിക്കയും ചെയ്യുന്ന സകലരുടേയും പ്രബുദ്ധതയ്ക്കുവേണ്ടി യഹോവ ഭ്രമിയിൽ തന്നെ സ്നേഹിക്കുന്നവരെക്കൊണ്ടു് തൻെറ നാമത്തെയും ഉദ്ദേശ്യങ്ങളെയും ഘോഷിപ്പിക്കും.

[9] അതുകൊണ്ടു് സാഹചര്യം അധികമായി, യഹോവയാംദൈവത്തെ എതിർക്കുന്നതിൽ പിശാചായ സാത്താൻെറതുപോലെയുള്ള ഒരു ഗതി സ്വീകരിച്ച ഈജിപ്തിലെ ഒരു ഫറവോൻ ഉൾപ്പെട്ടിരുന്ന സാഹചര്യംപോലെയാണു്. അവനോടു യഹോവയാംദൈവം ഇങ്ങനെ പറഞ്ഞു: "ഇതിനകം, നിന്നേയും നിൻെറ ജനത്തേയും മഹാമാരിയാൽ പ്രഹരിക്കേണ്ടതിനും നിന്നെ ഭ്രമിയിൽനിന്നു് തുടച്ചുനീക്കേണ്ടതിനും എനിക്കു് എൻെറ കൈ നീട്ടുവാൻ കഴിയുമായിരുന്നു. എന്നാൽ വാസ്തവത്തിൽ ഈ കാരണത്താൽ ഞാൻ നിന്നെ ആസ്തിക്യത്തിൽ വച്ചിരിക്കുന്നു; നിന്നെ എൻെറ ശക്തി കാണിക്കുന്നതിനും സർവഭ്രമിയിലും എൻെറ നാമം പ്രഖ്യാപിക്കപ്പെടേണ്ടതിനും തന്നെ."—പുറപ്പാടു് 9:15, 16.

## ഫലങ്ങൾ എന്തു പ്രകടമാക്കിയിരിക്കുന്നു?

[10] സാത്താൻ സ്വർഗ്ഗത്തിലും ഭ്രമിയിലും ഒരു സ്ഥാപനം പടുത്തുയർത്തുന്നതിനു് ഈ സമയത്തെ വിനിയോഗിച്ചുവെന്നു് ബൈബിൾ പ്രകടമാക്കുന്നു. ആ സ്ഥാപനത്തിന്മേൽ അവൻ ഭരിക്കുകയും ചെയ്യുന്നു, യേശുവിൻെറ ആരാധനയ്ക്കു

9. പിശാചായ സാത്താൻെറ സംഗതിയോടു സാമ്യമുള്ളതായി ദൈവം ഈജിപ്തിലെ ഒരു ഫറവോനോടു എന്തു പറഞ്ഞു?

10. ദൈവത്താൽ അനുവദിക്കപ്പെട്ട സമയത്തെ, സാത്താൻ സ്വർഗ്ഗത്തിലും ഭ്രമിയിലും എങ്ങനെ ഉപയോഗിച്ചിരിക്കുന്നു?

പകരമായി ലോകത്തിലെ സകല രാജ്യങ്ങളും യേശുവിനു വാഗ്ദത്തം ചെയ്യാൻ അവനു കഴിഞ്ഞുവെന്ന വസ്തുതയിൽ നിന്നു് ഭൂമിമേലുള്ള അവൻെറ നിയന്ത്രണത്തിൻെറ വ്യാപ്തി സൂചിപ്പിക്കപ്പെടുന്നു. (മത്തായി 4:8, 9) അതുകൊണ്ടാണു് സാത്താൻ "ഈ ലോകത്തിൻെറ ഭരണാധിപൻ" എന്നു വിളിക്കപ്പെടുന്നതു്. (യോഹന്നാൻ 16:11) ഇതു് മനുഷ്യവർഗ്ഗത്തിനു് എന്തു കൈവരുത്തിയിരിക്കുന്നു, ദൈവത്തിൽനിന്നും അവൻെറ ഭരണത്തിൽനിന്നും സ്വതന്ത്രമായ മനുഷ്യൻെറ ഗതിയുടെ ഫലമെന്താണു്?

[11] ഇതു് മനുഷ്യവർഗ്ഗത്തിനു് സമാധാനവും സംതൃപ്തിയും നിത്യജീവനും കൈവരുത്തിയിട്ടില്ലെന്നുള്ള വസ്തുതയെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു, അതു നേരെ വിപരീതം കൈവരുത്തിയിരിക്കുന്നു: വേദനയുടെയും കഷ്ടതയുടെയും മരണത്തിൻെറയും സഹസ്രവർഷങ്ങൾതന്നെ. ചരിത്രരേഖയും ലോകത്തിലെ ഇന്നത്തെ ഭീകരസ്ഥിതിഗതികളും മനുഷ്യൻ ദൈവത്തെ കൂടാതെ ഭരിക്കുന്നതിൽ വിജയിച്ചിട്ടില്ലെന്നുള്ളതിൻെറ തെളിവാണു്. മനുഷ്യൻ സകലതരം ഭരണങ്ങളും പരീക്ഷിച്ചുനോക്കി, എന്നാൽ അവനു് ഇപ്പോഴും സുരക്ഷിതത്വത്തിൻെറയും നിലനിൽക്കുന്ന സൗഭാഗ്യത്തിൻെറയും അഭാവം ഉണ്ടു്. ഒരു ഭൗതികമായ വിധത്തിൽ പുരോഗതി ഉണ്ടെന്നുള്ളതു സത്യംതന്നെ. എന്നാൽ മനുഷ്യൻ ചന്ദ്രനിലേയ്ക്കു് റോക്കററുകൾ അയയ്ക്കുകയും ഭൂമിയിൽ സമാധാനത്തിൽ ജീവിക്കാൻ കഴിയാതിരിക്കയും ചെയ്യുമ്പോൾ അതു് യഥാർത്ഥത്തിൽ പുരോഗതിയാണോ? കുടുംബങ്ങൾ ഉപേക്ഷണത്താലും ദുഷ്കൃത്യത്താലും ഛിദ്രിക്കുവാൻ മാത്രം സകല സൗകര്യങ്ങളാലും സജ്ജീകരിക്കപ്പെട്ട വീടുകൾ അവർ പണിയുന്നതുകൊണ്ടു് എന്തുഗുണം? യുദ്ധങ്ങളും തെരുവുകളിലെ കലാപങ്ങളും ജീവൻെറയും വസ്തുവിൻെറയും നാശവും വിപുലവ്യാപകമായ നിയമരാഹിത്യവും പ്രശംസനീയമായ എന്തെങ്കിലുമാണോ? തികച്ചും അല്ല! എന്നാൽ അവ ദൈവത്തെ അവഗണിക്കുന്ന ഭരണത്തിൻെറ ഫലമാണു്. സത്യമായി, സഭാപ്രസംഗി 8:9 പറയുന്നതുപോലെ "മനുഷ്യൻ തനിക്കു ദ്രോഹം വരുമാറു മനുഷ്യനെ ഭരിച്ചിരിക്കുന്നു."

[12] അതുകൊണ്ടു് ദുഷ്ടതയ്ക്കുള്ള ദൈവത്തിൻെറ സുദീർഘ

11. ദൈവത്തിൽ നിന്നും അവൻെറ ഭരണത്തിൽ നിന്നും സ്വതന്ത്രമായ മനുഷ്യൻെറ ഗതിയുടെ സങ്കടകരമായ ഫലം എന്താണു്?

12. (എ) ഭൂമിയിലെ അസന്തുഷ്ടിയുടെ കാരണത്തെ സംബന്ധിച്ചു് ഒരു പ്രമുഖ പത്രാധിപർ എന്തു പറഞ്ഞു? (ബി) യിരെമ്യാപ്രവാചകൻ പറയുന്നതനുസരിച്ചു മനുഷ്യനു് അവൻെറ സ്വന്തം കാലടിയെ സുരക്ഷിതമായി നയിക്കാൻ കഴിയുമോ?

മായ അനുവാദം, ദൈവമായി നടിക്കാനുള്ള മനുഷ്യന്റെ ശ്രമം പരിതാപകരമായ ഒരു പരാജയമാണെന്ന് സംശയാതീതമായി തെളിയിച്ചിരിക്കുന്നു. (സങ്കീർത്തനം 127:1 [126:1, *Dy*]) ഒരു പ്രമുഖ പത്രാധിപർ പറഞ്ഞതുപോലെ "നാം ഒരു സ്ഥാനാന്തരവാദത്തിന് (കുററം നടന്ന സമയത്ത് ആൾ മറെറാരിടത്തായിരുന്നുവെന്ന വാദം) എത്രയധികം അന്വേഷിക്കുന്നുവോ അത്രയധികമായി ഭൂമിയിലെ അസന്തുഷ്ടി മനുഷ്യനിർമ്മിതമാണെന്ന് നാം കണ്ടെത്തുന്നു. നമ്മുടെ മുഖ്യബലഹീനത നാം സ്വയംഭരണത്തിന്റെ പ്രശ്നത്തെ പരിഹരിച്ചിട്ടില്ലെന്നുള്ളതാണ്."* നിശ്വസ്ത ബൈബിളെഴുത്തുകാരനായ യിരെമ്യാവ് ഉചിതമായി ഇങ്ങനെ പറഞ്ഞു: "യഹോവേ, ഭൗമിക മനുഷ്യനുള്ളതല്ല അവന്റെ വഴിയെന്ന് ഞാൻ നന്നായി അറിയുന്നു. തന്റെ കാൽച്ചുവടിനെ നയിക്കുന്നതുപോലും നടക്കുന്ന മനുഷ്യനുള്ളതല്ല. യഹോവേ, എന്നെ തിരുത്തേണമേ."—യിരെമ്യാ 10:23, 24; സദൃശവാക്യങ്ങൾ 16:25 കൂടെ കാണുക.

[13] ഭൂമിയിലെ കാര്യങ്ങളുടെ മേലുള്ള സാത്താന്റെ സ്വാധീനം അനൈക്യവും ദുഷ്ടതയും മരണവും കൈവരുത്തിയിരിക്കുന്നു; അവന്റെ ഭരണം, ചതിയാലും ബലപ്രയോഗത്താലും സ്വാർത്ഥതയാലുമാണ്. അവൻ യാതൊന്നിന്റെയും ഭരണാധിപനായിരിക്കാൻ യോഗ്യനല്ലെന്ന് സ്വയം തെളിയിച്ചിരിക്കുന്നു. അതുകൊണ്ട് നീചനായ ഈ മത്സരിയെ, അവന്റെ ദുഷ്പ്രവൃത്തികളിൽ പങ്കെടുത്തിരിക്കുന്ന സകലരോടുംകൂടെ നശിപ്പിക്കുന്നതിൽ യഹോവ ഇപ്പോൾ പൂർണ്ണമായി നീതീകരിക്കപ്പെട്ടിരിക്കുന്നു. (റോമർ 16:20) എന്നാൽ യഹോവയുടെ സ്നേഹപൂർവ്വകമായ ഭരണത്തോടുള്ള ദൈവത്തിന്റെ സൃഷ്ടികളുടെ വിശ്വസ്തതയേയും, പരീക്ഷിക്കപ്പെട്ടാൽ *സകലരും* അകന്നുമാറുമെന്നുള്ള സാത്താന്റെ അവകാശവാദത്തേയും സംബന്ധിച്ചെന്ത്?

[14] "സ്നേഹം ഒരിക്കലും പരാജയപ്പെടുന്നില്ല" എന്ന് യഹോവ അറിഞ്ഞിരുന്നു; മനുഷ്യവർഗ്ഗത്തിൽ ചിലർ കൈ

* ഡേവിഡ് ലോറൻസ്, യു. എസ്. ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്, 1967 സെപ്ററം. 25, പേജ് 128.

**13. സാത്താന്റെ ഭരണം ഒരു പരാജയമായി തെളിഞ്ഞിരിക്കുന്നതുകൊണ്ട് എന്തു ചെയ്യുന്നതിൽ ദൈവം ഇപ്പോൾ തികച്ചും നീതീകരിക്കപ്പെടുന്നു?**

**14. (എ) മനുഷ്യവർഗ്ഗത്തിൽ ചിലർ എന്ത് ഉത്തമമായ ആന്തരത്തോടെ മനസ്സോടെ ദൈവത്തെ സേവിച്ചിരിക്കുന്നു? (ബി) ഇയ്യോബ് സാത്താനിൽ നിന്നുള്ള സമ്മർദ്ദങ്ങൾ ഗണ്യമാക്കാതെ ദൈവത്തോടുള്ള തന്റെ നിർമ്മലത കാത്തതിനാൽ പിശാച് ആരാണെന്നു തെളിയിച്ചു?**

ക്കൂലി കിട്ടുന്നതിനാലോ ബലപ്രയോഗത്താലോ അല്ല, മനസ്സോടെ സ്നേഹത്തിൽനിന്നു തന്നെ സേവിക്കുമെന്ന് അവൻ അറിഞ്ഞിരുന്നു. (1 കൊരിന്ത്യർ 13:8) നൂററാണ്ടുകളിലെല്ലാം അനേകായിരങ്ങൾ ഇതു ചെയ്തിട്ടുണ്ട്. ഇയ്യോബ് ഇവരിൽ ഒരുവനായിരുന്നു. സാത്താൻ അവന്റെമേൽ ഭയങ്കരമായ സമ്മർദ്ദം വരുത്തുകയും അവന്റെ വസ്തുവകകളെയും മക്കളെയും ആരോഗ്യത്തെയും നശിപ്പിക്കയും ചെയ്തെങ്കിലും ഇയ്യോബ് പിന്നെയും "ഞാൻ മരിക്കുവോളം ഞാൻ എന്റെ നിർമ്മലതയെ എടുത്തുകളകയില്ല" എന്നു പ്രഖ്യാപിച്ചു. (ഇയ്യോബ് 27:5) സാത്താൻ ഭോഷ്കു പറയുന്നവനാണെന്ന് ഇയ്യോബ് തെളിയിച്ചു.

15 നാം കണ്ടുകഴിഞ്ഞതുപോലെ, പൂർണ്ണമനുഷ്യനായ യേശു സാത്താന്റെ സകല പരീക്ഷകളെയും കൈക്കൂലികളെയും ചെറുത്തുനിന്നു. കൂടാതെ, കാവൽഭടന്മാരാൽ ചാട്ട കൊണ്ട് അടിക്കപ്പെട്ടപ്പോഴും, ക്രൂരമായ ഒരു ദണ്ഡനസ്തംഭത്തിൽ മരിക്കുന്നതിനു ആണിയാൽ തറയ്ക്കപ്പെട്ടപ്പോഴും യേശു ദൈവത്തോടുള്ള തന്റെ വിശ്വസ്തതയെ മുറുകെപ്പിടിച്ചു. (1 പത്രോസ് 2:23) പൂർണ്ണനായിരുന്ന ആദാമിനും അവൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഇതുതന്നെ ചെയ്യാൻ കഴിയുമായിരുന്നുവെന്നും മനുഷ്യനിൽ നിന്നു് പൂർണ്ണമായ അനുസരണം ആവശ്യപ്പെട്ടതിൽ ദൈവം നീതിരഹിതനല്ലായിരുന്നുവെന്നും ഇതു തെളിയിച്ചു. (2 തെസ്സലോനീക്യർ 1:4, 5) യഹോവയോടുള്ള അവന്റെ വിശ്വസ്തതയാൽ യേശു സാത്താന്റെ വ്യാജമായ വെല്ലുവിളിക്ക് അത്യുത്തമമായ ഉത്തരം കൊടുത്തു.

16 എന്നാൽ, സാത്താന്റെ മനസ്സ് സ്വാർത്ഥതയാലും അഹങ്കാരത്താലും വക്രമായിരുന്നതിനാൽ അവൻ തന്റെ ഭ്രാന്തുപിടിച്ച ഗതി മന്ദീഭവിപ്പിക്കുവാൻ വിസമ്മതിച്ചു. അവൻ തെററിപ്പോയിരുന്നെന്നും അവൻ ഒരു അസത്യവാദിയാണെന്നും ദീർഘനാളായി തെളിയിക്കപ്പെട്ടിരിക്കുന്നെങ്കിലും, അവൻ ദൈവസ്നേഹികളെ തുടർന്നു പീഡിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. (വെളിപാട് 12:17) യേശുവിന്റെ മരണം മുതൽ

---

15. (എ) യഹോവയ്ക്കെതിരായ സാത്താന്റെ വ്യാജമായ വെല്ലുവിളിക്ക് യേശു ഉത്തരം കൊടുത്തതെങ്ങനെ? (ബി) പൂർണ്ണതയുള്ള ആദാമിനു് ദൈവത്തോടു പൂർണ്ണ വിശ്വസ്തത തെളിയിക്കാൻ കഴിയുമായിരുന്നുവോ?

16. (എ) ഒരു അസത്യവാദിയാണെന്നു പൂർണ്ണമായി തെളിയിക്കപ്പെട്ടെങ്കിലും സാത്താൻ ദൈവസ്നേഹികളെ ഇപ്പോഴും തുടർന്നു പീഡിപ്പിക്കുന്നതെന്തുകൊണ്ട്? (ബി) ദൈവത്തിന്റെ വിശ്വസ്തദാസന്മാരുടെ ഭക്തി എന്തിന്റെ ബോധ്യം വരുത്തുന്ന തെളിവാണു്?

അനേകായിരം ക്രിസ്ത്യാനികൾ, തങ്ങൾ യഹോവയാം ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടും അവന്റെ സ്നേഹപൂർവ്വകമായ ഭരണം തങ്ങളുടെ മേൽ ആഗ്രഹിക്കുന്നതുകൊണ്ടും അവനെ സേവിച്ചിരിക്കുന്നു. ഇപ്പോൾത്തന്നെ ശതസഹസ്രക്കണക്കിനാളുകൾ ഭരണാധിപതിയെന്ന നിലയിൽ യഹോവയോടുള്ള തങ്ങളുടെ വിശ്വസ്തത പ്രഖ്യാപിക്കുന്നു. (വെളിപാട് 7:9, 10) അവർ യഹോവയുടെ വചനത്തെ വിശ്വസ്തതയോടെ അനുസരിക്കുന്നതും, അവന്റെ നിയമത്തോടുള്ള അവരുടെ ആദരവും, സാത്താനിൽ നിന്നുള്ള സകല എതിർപ്പും ഗണ്യമാക്കാതെ സംതൃപ്തിയോടെ ജീവിക്കാൻ അവരെ പ്രാപ്തരാക്കിയിരിക്കുന്നു. നൂററാണ്ടുകളിലെല്ലാമുണ്ടായിരുന്ന ദൈവദാസന്മാർ പ്രകടിപ്പിച്ച ഐക്യവും സ്നേഹവും നിർമ്മലതയും, സ്നേഹപൂർവ്വകമായ യഹോവയുടെ ഭരണവിധമാണ് ശരിയായ ഏകവിധമെന്നും മനുഷ്യന് അതികഠിനമായ പരീക്ഷയിൽപോലും അവനോടു വിശ്വസ്തനായി നിലകൊള്ളാൻ കഴിയുമെന്നും സാത്താൻ എല്ലാകാലത്തേയും അത്യന്തം ഭീകരനായ ഭോഷ്ക്കാളിയാണെന്നുമുള്ളതിന് പർവ്വതസമാനമായ തെളിവുനൽകുന്നു.

### പരീക്ഷ എത്രനാൾ തുടരും?

17 സാത്താൻ ഉന്നയിച്ചിരിക്കുന്ന സകല വാദവിഷയങ്ങൾക്കും തീരുമാനമുണ്ടാകുന്നതിന് യഹോവ നമ്മുടെ നാൾവരെ ദുഷ്ടത അനുവദിച്ചിരിക്കുന്നു. എന്നാൽ അനിശ്ചിതമായി ദുഷ്ടത തുടരുവാൻ അവൻ അനുവദിക്കയില്ല. അവൻ അതിന് അന്തം വരുത്തുന്നതിന് ഒരു സുനിശ്ചിതമായ സമയം വെച്ചിട്ടുണ്ട്. ബൈബിളെഴുത്തുകാരനായ ദാനിയേൽ "അന്ത്യം നിയമിതകാലത്താണുണ്ടാവുക" എന്ന് എഴുതിയപ്പോൾ അവൻ ദീർഘനാൾമുമ്പ് ഇതിനെയാണു പരാമർശിച്ചത്.—ദാനിയേൽ 11:27.

18 ആദാമിന്റെ നാൾമുതൽ നമ്മുടേതുവരെ ഏകദേശമുള്ള ആറായിരം സംവത്സരം, ഏതാണ്ട് എഴുപതു സംവത്സരം ജീവിക്കുന്ന മനുഷ്യരുടെ നിലപാടിൽ വീക്ഷിക്കുമ്പോൾ ഒരു ദീർഘ കാലമായി തോന്നിയേക്കാം. എന്നാൽ കാലപരിധി വെച്ചിരിക്കുന്നതു ദൈവമായിരിക്കുന്നതുകൊണ്ട് ഈ കാര്യത്തിൽ അവന്റെ വീക്ഷണം മനസ്സിലാക്കുന്നതു

17. ദൈവം അനിശ്ചിതമായി ദുഷ്ടത അനുവദിക്കുമോ, ദാനിയേൽ എന്ന ബൈബിൾപുസ്തകം ആ ചോദ്യത്തിനു ഉത്തരം നൽകുന്നതെങ്ങനെ?

18. ഏതാണ്ട് 6000 സംവത്സരത്തെ ഒരു കാലഘട്ടം മനുഷ്യന് ദീർഘമായി തോന്നുന്നുവെങ്കിലും അതു ദൈവത്തിനു ദീർഘമായി തോന്നുന്നുവോ? അതുകൊണ്ട് ദൈവം ഒരു ആയിരം സംവത്സരത്തെ എങ്ങനെ വീക്ഷിക്കുന്നു?

നല്ലതാണ്. പ്രവാചകനായ മോശ സങ്കീർത്തനം 90:4ൽ [89:4, *Dy*] അവനെക്കുറിച്ച് ഇങ്ങനെ പറയുന്നു: "ഒരു ആയിരം സംവത്സരം നിൻെറ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയാകുന്നു." അഞ്ചു വയസ്സുള്ള ഒരു കുട്ടിക്ക് ഒരു വർഷം നീണ്ട ഒരു കാലമാണ്. എന്നാൽ അറുപതു വയസ്സുള്ള ഒരു മനുഷ്യന് അതു താരതമ്യേന ഹ്രസ്വമാണ്. അതുപോലെതന്നെ, നിത്യമായി ജീവിക്കുന്ന യഹോവയ്ക്കു ഒരു ആയിരം സംവത്സരം ഒരു ദിവസംപോലെയാണ്.—2 പത്രോസ് 3:8.

[19] ദുഷ്ടത അനുവദിക്കപ്പെട്ടിരിക്കുന്ന ഈ നിശ്ചിത കാലം, നമ്മോടു ചെയ്തിരിക്കുന്ന അനീതിയായിരിക്കുന്നില്ല. കൊള്ളാം, ദൈവം ഏദനിൽവച്ചു മത്സരികളിൽനിന്നെല്ലാം ജീവൻ പെട്ടെന്നു തകർത്തു നശിപ്പിച്ചിരുന്നുവെങ്കിൽ നാം ഒരിക്കലും ജനിക്കുകപോലുമില്ലായിരുന്നു! നമുക്ക് അവൻെറ പുതിയ വ്യവസ്ഥിതിയിൽ നിത്യജീവന് ഒരിക്കലും അവസരം ഉണ്ടായിരിക്കുമായിരുന്നില്ല. അതുകൊണ്ട് യഹോവ നേരത്തെ ഏതെങ്കിലും സമയത്ത് തൻെറ ദീർഘക്ഷമ ചുരുക്കിയില്ലെന്നുള്ള വസ്തുത ഇപ്പോഴം, ഭാവിയിൽ നിത്യമായും ജീവിക്കുന്നതിനു നമുക്ക് അവസരം നൽകിയിരിക്കുന്നു. (2 പത്രോസ് 3:9, 15) കൂടാതെ ക്രിസ്തു മുഖാന്തരം മനുഷ്യൻെറ വീണ്ടെടുപ്പിനുവേണ്ടി കരുതൽചെയ്യുന്നതിനും ദൈവം ഈ സമയത്തെ ഉപയോഗിച്ചു.—ഗലാത്യർ 4:4, 5.

[20] അതിനും പുറമേ, മനുഷ്യവർഗ്ഗത്തിൻെറ ഇടയിൽനിന്നു "കരുണാപാത്രങ്ങളെ" തെരഞ്ഞെടുക്കുന്നതിനും ഒരുക്കുന്നതിനും ദൈവം ഈ സമയത്തെ ഉപയോഗിച്ചിരിക്കുന്നു. ഇവരാണ് പുതിയ വ്യവസ്ഥിതിയിൽ ഭൂമിയിൽ എന്നേക്കും ജീവിക്കുന്നവരുടെമേൽ നീതിയുള്ള ഭരണകർത്താക്കളായിരിക്കുന്നതു്. ഈ സ്വർഗ്ഗീയരാജ്യം മനുഷ്യവർഗ്ഗത്തിനു് എന്തനുഗ്രഹങ്ങൾ കൈവരുത്തും! ദൈവം "കരുണാപാത്രങ്ങളെ" ഒരുക്കിക്കൊണ്ടിരിക്കുന്നകാലത്തു് അവൻ വളരെയധികം ദീർഘക്ഷമ പ്രകടിപ്പിച്ചിരിക്കുന്നു. അവൻ ദുഷ്ടന്മാരായ "ക്രോധപാത്രങ്ങളെ" സഹിച്ചിരിക്കുന്നു. അവൻ അവരുടെ നാശത്തെ താമസിപ്പിച്ചിരിക്കുന്നു. എന്തുകൊണ്ട്? ബൈബിൾ വ്യക്തമായി ഉത്തരംപറയുന്നു: "അവൻ കരുണാപാത്രങ്ങളുടെമേൽ തൻെറ മഹത്വത്തിൻെറ ധനം അറിയിക്കേണ്ടതിനു"

---

19. ദുഷ്ടതയ്ക്കുള്ള ദൈവത്തിൻെറ അനുവാദം നമ്മോടുള്ള അനീതിയല്ലാത്തതെന്തുകൊണ്ട്?

20. ബൈബിൾ റോമർ 9:22–24 വരെ ദൈവം ദുഷ്ടത അനുവദിച്ചിരിക്കുന്നതെന്തുകൊണ്ടെന്നു വിശദീകരിക്കുന്നതെങ്ങനെ?

തന്നെ. (റോമർ 9:22-24) ദൈവനാമത്തെ നീതീകരിക്കുന്നതിന്റെയും, ദുഷ്ടന്മാരായ "ക്രോധപാത്രങ്ങളെ" നശിപ്പിക്കുന്നതിന്റെയും മഹത്വം ദൈവത്തിന്റെ സ്വർഗ്ഗീയ രാജ്യത്തിനായിരിക്കും. കൂടാതെ ഒരു കാലത്തേക്ക് ദുഷ്ടത തുടരാൻ അനുവദിച്ചതിനാൽ, സാധാരണഗതിയിൽ കാണപ്പെടുകയില്ലാത്ത ദൈവത്തിന്റെ കരുണയും ദീർഘക്ഷമയുമാകുന്ന അവന്റെ വ്യക്തിത്വവശങ്ങൾ പ്രത്യക്ഷമാകുന്നു. നാം സ്രഷ്ടാവിനെ അനുകരിക്കുമളവിൽ ഇവ സ്രഷ്ടാവിനോടുള്ള നമ്മുടെ വിലമതിപ്പിനെയും നമ്മുടെ സ്വന്തം വ്യക്തിത്വങ്ങളെയും സമ്പന്നമാക്കുന്നു.—എഫേസ്യർ 5:1.

[21] ദൈവം ദുഷ്ടതയെ അനുവദിച്ചിരിക്കുന്നിടത്തോളം കാലം, അതനുവദിച്ചിരിക്കുന്നതിൽ മറെറാരു യഥാർത്ഥപ്രയോജനംകൂടെയുണ്ട്. ഭാവിയിൽ ഏതെങ്കിലും സമയത്ത്, ആരെങ്കിലും, കാര്യങ്ങൾ ചെയ്യുന്നതിനുള്ള ദൈവത്തിന്റെ വിധത്തെ ചോദ്യംചെയ്യുന്നുവെങ്കിൽ മറേറതെങ്കിലും വിധം പരീക്ഷിച്ചുനോക്കുവാൻ ദൈവം അവനു വീണ്ടും സമയം അനുവദിക്കേണ്ട ആവശ്യമുണ്ടായിരിക്കയില്ല. ദൈവത്തിൽനിന്നു സ്വതന്ത്രരായി കാര്യങ്ങൾ നടത്താൻ ശ്രമിച്ചിരിക്കുന്ന സാത്താന്റെയും അവന്റെ ഭൂതങ്ങളുടെയും മനുഷ്യരുടെയും പരാജയത്തിന്റെ ആറായിരം സംവത്സരത്തെ രേഖ മതിയായ ഉത്തരം നല്കിയിരിക്കുന്നു. 'തങ്ങൾക്കു ഒരു അവസരം കിട്ടിയില്ല' എന്ന് യാതൊരുവനും ഉചിതമായി അവകാശപ്പെടാൻ സാദ്ധ്യമല്ല; അല്ലെങ്കിൽ 'അവക്കു കൂടുതൽ സമയം ലഭിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു' എന്നു പറയാൻ സാദ്ധ്യമല്ല. അനുവദിക്കപ്പെട്ടിരിക്കുന്ന സമയം, സ്രഷ്ടാവിനോടുള്ള മത്സരത്തിന്റെ മാർഗ്ഗം തികച്ചും ആപല്ക്കരമായിട്ടാണിരുന്നിട്ടുള്ളതെന്നു തെളിയിക്കുന്നതിനു മതിയായതാണ്! അതുകൊണ്ട് അഖിലാണ്ഡത്തിൽ ഭാവിസമാധാനത്തെ ഭീഷണിപ്പെടുത്തുന്ന ഏതു മത്സരിയെയും സത്വരം തകർത്തുകളയുന്നതിൽ ദൈവം തികച്ചും നീതീകരിക്കപ്പെട്ടിരിക്കും.—സങ്കീർത്തനം 145:20 [144:20, *Dy*].

[22] യഹോവ ഈ ദുഷ്ടവ്യവസ്ഥിതിയെ നശിപ്പിക്കുന്നതിനു മുമ്പ് ചുരുങ്ങിയ കാലമേ ശേഷിക്കുന്നുള്ളു. ശേഷിച്ചിരിക്കുന്ന ഈ കാലം, അവന്റെ പക്ഷം ചേരുന്നതിനും

---

**21.** നിശ്ചയിക്കപ്പെട്ട കാലത്തോളം തുടരാൻ ദൈവം ദുഷ്ടതയെ അനുവദിച്ചതിനാൽ വേറെ ഏതു പ്രയോജനം ഉണ്ടായിരിക്കുന്നു?

**22. യഹോവ എത്രനാൾകൂടി ദുഷ്ടത അനുവദിക്കും, ശേഷിച്ച സമയം നമുക്കു എന്തു് അവസരം നൽകുന്നു?**

'അവൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനും' നമുക്ക് അവസരം നൽകുന്നു. (സദൃശവാക്യങ്ങൾ 27:11) നാം മനഃസ്സോടെ അവൻെറ ഭരണത്തിനു വിധേയരാകുന്നുവെങ്കിൽ, അവൻ തൻെറ പുതിയ വ്യവസ്ഥിതിയിലെ നിത്യജീവൻ തന്നു് നമ്മെ അനുഗ്രഹിക്കും. സ്വീകരിക്കയോ തള്ളിക്കളയുകയോ ചെയ്യുന്നതിനെ തെരഞ്ഞെടുക്കാനുള്ള അവകാശം നമ്മിലോരോരുത്തരുടെയും മുമ്പാകെ വെക്കപ്പെട്ടിരിക്കയാണ്.—ആവർത്തനം 30:19, 20.

[23] ദൈവത്തോടുള്ള അനുസരണം യഥാർത്ഥത്തിൽ പ്രയാസമുള്ളതല്ല. യഹോവയുടെ ജ്ഞാനം നമ്മുടേതിനേക്കാൾ വളരെ വലുതാണെന്നും അവൻ സ്നേഹവാനായ ഒരു ദൈവമാകയാൽ അവൻ ചെയ്യുന്ന എന്തും നന്മയ്ക്കാണെന്നും നാം വിലമതിക്കുന്നുവെങ്കിൽ നാം എല്ലാററിലും അവനെ അനുസരിക്കും. യഹോവയാം ദൈവത്തിൻെറ ഇഷ്ടം എന്തു തന്നെയായിരുന്നാലും, പ്രതിസന്ധിഘട്ടങ്ങളിലായാലും, ദൈനംദിന ജീവിതകാര്യങ്ങളിലായാലും നാം അതു ചെയ്യാനാഗ്രഹിക്കും. അങ്ങനെയാണ് ദൈവത്തിൻെറ വിശ്വസ്തദാസന്മാർ എല്ലാക്കാലത്തും വിചാരിച്ചിട്ടുള്ളത്. (ദാനിയേൽ 3:16-18; സങ്കീർത്തനം 119:33-37 [118: 33-37, *Dy*]) ഒന്നാം നൂററാണ്ടിൽ ഇവരിൽ ചിലർ ഒരു ഹൈക്കോടതിയോട് "നാം മനുഷ്യരേക്കാൾ ദൈവത്തെ അധിപതിയായി അനുസരിക്കേണ്ടതാകുന്നു" എന്നു പറഞ്ഞു. (പ്രവൃത്തികൾ 5:29) ഇന്നു്, യഹോവ തൻെറ നാമത്തെയും ഉദ്ദേശ്യങ്ങളെയും സർവ്വഭൂമിയിലും പ്രഖ്യാപിക്കുന്നതിനു് തൻെറ വിശ്വസ്തദാസന്മാരെ ഉപയോഗിക്കുകയാകുന്നു. (മത്തായി 24:14) അതു് അവനു തൃപ്തിയാകുന്നതുവരെ ചെയ്യപ്പെട്ടുമ്പോൾ അവൻ സാത്താനെയും മററെല്ലാ മത്സരികളെയും തകർക്കുന്നതിനാലും ഈ ദുഷ്ടവ്യവസ്ഥിതിക്കു അന്തം വരുത്തുന്നതിനാലും സാത്താനെ അവൻെറ സർവ്വശക്തി കാണിക്കും. അങ്ങനെ യഹോവ അഖിലാണ്ഡത്തിൽ നിന്നു ദുഷ്ടതയെ നീക്കം ചെയ്യുകയും തൻെറ നീതിയുള്ള പുതിയ വ്യവസ്ഥിതിക്കു് വഴിയൊരുക്കുകയും ചെയ്യും.

23. (എ) ദൈവത്തോടുള്ള അനുസരണത്തെ നാം എങ്ങനെ വീക്ഷിക്കണം? (ബി) ദൈവത്തിൻെറ വിശ്വസ്ത ദാസന്മാർ യഹോവയുടെ നാമത്തെയും ഉദ്ദേശങ്ങളെയും സർവ്വ ഭൂമിയിലും പ്രഖ്യാപിക്കുന്ന വേല ചെയ്തു കഴിയുമ്പോൾ അവൻ എന്തു ചെയ്യും?

## അദ്ധ്യായം 9

# ഒരു "ചെറിയ ആട്ടിൻകൂട്ടം" സ്വർഗ്ഗത്തിലേക്കു പോകുന്നതിൻെറ കാരണം

യേശുക്രിസ്തു തൻെറ അനുഗാമികളോടുകൂടെ ഇവിടെ ഭൂമിയിൽത്തന്നെയായിരിക്കവേ അവൻ അവരോടു സ്വർഗ്ഗീയജീവനെക്കുറിച്ചു സംസാരിച്ചു. താൻ അവർക്കു വേണ്ടി ഒരു സ്ഥലം ഒരുക്കുവാൻ പോകയാണെന്നും, തക്ക കാലത്തു് അവർ അവനോടുകൂടെ അവിടെ ഇരിക്കുമെന്നും അവൻ അവരോടു പറഞ്ഞു. (യോഹന്നാൻ 14:1-3) ദശലക്ഷക്കണക്കിനാളുകൾ അങ്ങനെയുള്ള സ്വർഗ്ഗീയ ജീവിതത്തെ അതിയായി ആഗ്രഹിച്ചിട്ടുണ്ടു്. അവർക്കു് അതു് ഈ ജീവിതത്തിലെ കുഴപ്പത്തിൽനിന്നുള്ള ഒരു മോചനത്തിൻെറ പ്രതീക്ഷയെ പ്രതിനിധാനം ചെയ്തിരിക്കുന്നു. എന്നാൽ ചിലയാളുകൾ സ്വർഗ്ഗത്തിലേക്കു പോകുവാൻ ദൈവം ക്രമീകരണം ചെയ്തിരിക്കുന്നതെന്തുകൊണ്ടെന്നു് നിങ്ങൾക്കറിയാമോ? അവർ അവിടെ എന്തു ചെയ്യുമെന്നു നിങ്ങൾക്കറിയാമോ?

2 യേശു തൻെറ ഭൗമികശുശ്രൂഷക്കാലത്തു് "ദൈവരാജ്യ"ത്തെക്കുറിച്ചു് ധാരാളം കാര്യങ്ങൾ പറഞ്ഞു. രാജ്യം മുഖേന ദൈവത്തിൻെറ ഇഷ്ടം ഇവിടെ ഭൂമിയിൽ ചെയ്യപ്പെടേണമേ എന്നു പ്രാർത്ഥിക്കാൻ അവൻ തൻെറ അനുഗാമികളെ പഠിപ്പിച്ചു. അങ്ങനെ ഭൂമി മനുഷ്യവർഗ്ഗത്തിനു് ഒരു ഉല്ലാസകരമായ ഭവനമായിത്തീരും. എന്നാൽ രാജ്യം അല്ലെങ്കിൽ ഗവൺമെൻറുതന്നെ സ്വർഗ്ഗത്തിലെ ദൈവത്തിൻേറതായിരിക്കും, ഈ കാരണത്താൽ യേശു മിക്കപ്പോഴും അതിനെ "സ്വർഗ്ഗരാജ്യം" എന്നു പരാമർശിച്ചു. (മത്തായി 5:20; 6:9, 10) ഇതു്, "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട,

---

1. (എ) യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ സ്വർഗ്ഗീയ ജീവനെക്കുറിച്ചു തൻെറ അനുഗാമികളോടു എന്തു പറഞ്ഞു? (ബി) അനേകമാളുകൾ സ്വർഗ്ഗത്തിലേക്കു പോകാനാഗ്രഹിക്കുന്നതെന്തുകൊണ്ടു്?

2. (എ) ദൈവരാജ്യം എന്താണു്, അതിൻെറ സ്ഥാനം എവിടെയാണു്? (ബി) അതുകൊണ്ടു് "ചെറിയ ആട്ടിൻകൂട്ടം" "രാജ്യം" അവകാശപ്പെടുത്തുമെന്നു് യേശു പറഞ്ഞപ്പോൾ അതിൻെറ അർത്ഥമെന്തായിരുന്നു?

എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പിതാവു നിങ്ങൾക്കു രാജ്യം തരുന്നതിനെ അംഗീകരിച്ചിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ അവൻ എന്തർത്ഥമാക്കിയെന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. (ലൂക്കോസ് 12:32) ഉവ്വ്, ദൈവം ഈ "ചെറിയ ആട്ടിൻകൂട്ട"ത്തിന് സർവ്വ മനുഷ്യവർഗ്ഗത്തിന്റെയും മേലുള്ള സ്വർഗ്ഗീയ ഭരണത്തിൽ ഒരു പങ്കു കൊടുക്കും.

5 വെളിപാട് 20:6-ൽ സ്വർഗ്ഗീയജീവനിലേയ്ക്കു പുനരുത്ഥാനം പ്രാപിക്കുന്നവരെക്കുറിച്ചു നാം വായിക്കുന്നു: "അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായിരിക്കും, ആയിരം വർഷത്തേക്കു് അവനോടുകൂടെ രാജാക്കന്മാരായി ഭരിക്കയും ചെയ്യും." യേശുക്രിസ്തു മുഖ്യരാജാവും മഹാപുരോഹിതനുമാണ്, ഭൂമിയിൽനിന്നു് എടുക്കപ്പെടുന്ന ഈ വിശ്വസ്തർ അവനോടുകൂടെ സേവിക്കുന്നു.—വെളിപാട് 5:9, 10.

6 അങ്ങനെയുള്ള ഒരു വേലയ്ക്കുവേണ്ടി അവർ ഭൂമിയിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നതെന്തുകൊണ്ടാണ്? എന്തുകൊണ്ടെന്നാൽ ഇവിടെ ഈ ഭൂമിയിലായിരുന്നു യഹോവയുടെ ഭരണാധികാരം വെല്ലുവിളിക്കപ്പെട്ടതു്. ഇവിടെയായിരുന്നു പിശാചിൽനിന്നുള്ള എതിർപ്പിൻകീഴിൽ മനുഷ്യർക്ക് ദൈവത്തോടുള്ള വിശ്വസ്തതയെ പരിശോധിക്കാൻ കഴിഞ്ഞതു്. ഇവിടെയായിരുന്നു പരിശോധനയിൻകീഴിൽ യേശു ദൈവത്തോടുള്ള തന്റെ പൂർണ്ണ വിശ്വസ്തതയെ തെളിയിച്ചതും തന്റെ ജീവനെ മനുഷ്യവർഗ്ഗത്തിനുവേണ്ടി ഒരു മറുവിലയായി കൊടുത്തതും. അതുകൊണ്ടു സ്വർഗ്ഗീയരാജ്യത്തിൽ തന്റെ പുത്രനോടുകൂടെ സഹവസിക്കുവാൻ ആളുകളാകുന്ന ഒരു "ചെറിയ ആട്ടിൻകൂട്ട"ത്തെ ഈ ഭൂമിയിൽനിന്നു് എടുക്കുവാനായിരുന്നു യഹോവ ക്രമീകരണം ചെയ്തതു്. അവർ ക്രിസ്തുമുഖാന്തരം രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്തിരിക്കുന്ന കരുതലിൽ പൂർണ്ണ വിശ്വാസം പ്രകടമാക്കുന്ന ആളുകളാകുന്നു. മനുഷ്യർ ദൈവത്തെ സേവിക്കുന്നതു് സ്വാർത്ഥപ്രയോജനത്തിനുവേണ്ടി മാത്രമാണെന്നു് പിശാചു കുററപ്പെടുത്തിയതിൽ അവൻ ഭോഷ്കുപറയുന്നവനാണെന്നു് തങ്ങളുടെ ജീവിതംകൊണ്ടു തെളിയിക്കുന്നവരാണവർ. അവരെ തന്റെ മഹത്വത്തിനായി ഉപയോഗിക്കു

---

**5. സ്വർഗ്ഗീയ ജീവനിലേക്കു പുനരുത്ഥാനം പ്രാപിക്കുന്നവർ അവിടെ എന്തു ചെയ്യുമെന്നു് വെളിപാട് 20:6 പറയുന്നു?**

**6. സ്വർഗ്ഗീയരാജ്യത്തിൽ ഉണ്ടായിരിക്കുവാൻ ദൈവം ക്രമീകരണം ചെയ്യുന്നവർ ഈ ഭൂമിയിൽനിന്നു് എടുക്കപ്പെടുന്നതു് ഉചിതമായിരിക്കുന്നതെന്തുകൊണ്ടു്?**

ന്നതിന് യഹോവ അത്ഭുതകരമായി ഉദ്ദേശിച്ചിരിക്കുന്നു —എഫേസ്യർ 1:9-12.

⁶ യേശുക്രിസ്തുവിൻെറ നടത്തിപ്പിൻകീഴിൽ രാജാക്കന്മാരും പുരോഹിതന്മാരുമെന്ന നിലയിൽ അവർ മനുഷ്യവർഗ്ഗത്തോടുള്ള യഹോവയുടെ ഇഷ്ടം നിറവേററുന്നതിന് തങ്ങളുടെ സ്വർഗ്ഗീയ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കും. ദൈവത്തോടു വിശ്വസ്തരെന്നു തെളിയിച്ചിട്ടുള്ളവർ ഭരണാധിപന്മാരായി ഉണ്ടായിരിക്കുന്നത് എത്ര അത്ഭുതകരമായിരിക്കും! (വെളിപാട് 20:4) മനുഷ്യവർഗ്ഗത്തിനു പൊതുവായുള്ള പ്രശ്നങ്ങളെ അഭിമുഖീകരിച്ചിട്ടുള്ളവരെ ഉദ്യോഗത്തിൽ നിയമിക്കുന്നതു് ദൈവത്തെ സംബന്ധിച്ച് എത്ര സ്നേഹപൂർവ്വകം! തീർച്ചയായും അവർ ക്രിസ്തുവിനെപ്പോലെ തങ്ങളുടെ പ്രജകളോടു ഗ്രാഹ്യത്തോടുകൂടിയ ഒരു വിധത്തിൽ ഇടപെടും. (എബ്രായർ 2:17, 18) ഈ സ്വർഗ്ഗീയ പുരോഹിതന്മാർ ഭൂമിയിലെ നിവാസികൾ പൂർണ്ണതയിൽ എത്തുന്നതുവരെ അവരെ ആത്മീയമായും മാനസികമായും ശാരീരികമായും സൌഖ്യമാക്കിക്കൊണ്ട് അവക്കുവേണ്ടി ക്രിസ്തുവിൻെറ മറുവിലയാഗത്തിൻെറ പ്രയോജനങ്ങൾ പ്രയോഗിക്കുമ്പോൾ അതു ഭൂവാസികൾക്ക് എന്തൊരനുഗ്രഹമായിരിക്കും!—വെളിപാട് 21:2-4.

### എത്രപേർ സ്വർഗ്ഗത്തിലേക്കു പോകുന്നു?

⁷ അങ്ങനെയുള്ള ഒരു സ്വർഗ്ഗീയ സേവനത്തിൽ പങ്കെടുക്കുന്നതിനു ദൈവത്താൽ വിളിക്കപ്പെട്ടുന്നവർ എണ്ണത്തിൽ ചുരുക്കമാണ്. യേശു പറഞ്ഞതുപോലെ അവർ ഒരു "ചെറിയ ആട്ടിൻകൂട്ട"മാണ്. സ്വർഗ്ഗത്തിലേക്കുള്ള തൻെറ മടങ്ങിപ്പോക്കിനു വർഷങ്ങൾക്കുശേഷം യേശു അപ്പോസ്തലനായ യോഹന്നാന് ഒരു ദർശനത്തിൽ കൃത്യമായ എണ്ണം അറിയിച്ചുകൊടുത്തു. അവൻ ഇങ്ങനെ എഴുതി: "നോക്കു! സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ ... നൂററിനാല്പത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു. ഭൂമിയിൽനിന്നു വിലയ്ക്കുവാങ്ങപ്പെട്ടിരിക്കുന്ന"വർതന്നെ. (വെളിപാട് 14:1, 3) ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്ന "കുഞ്ഞാട്"

6. (എ) മനുഷ്യവർഗ്ഗത്തിനു പൊതുവായുള്ള പ്രശ്നങ്ങൾ അനുഭവിച്ചിട്ടുള്ളവരെ ഉദ്യോഗത്തിൽ നിയമിക്കുന്നതു് ദൈവത്തിൻെറ സ്നേഹപൂർവ്വകമായ ഒരു ക്രമീകരണമായിരിക്കുന്നതെന്തുകൊണ്ട്? (ബി) ഈ സ്വർഗ്ഗീയ പുരോഹിതന്മാർ ക്രിസ്തുവിൻെറ മറുവിലയാഗത്തിൻെറ പ്രയോജനങ്ങൾ പ്രയോഗിക്കുമ്പോൾ ഭൂമിയിലെ നിവാസികൾ എന്തു് അനുഗ്രഹങ്ങൾ അനുഭവിക്കും?
7. "ചെറിയ ആട്ടിൻകൂട്ട"ത്തിൽ എത്രപേരുണ്ട്?

തീർച്ചയായും യേശുക്രിസ്തു ആണ്; ഈ "സീയോൻമല" ഭൂമിയിലല്ല, പിന്നെയോ യേശു സ്ഥിതിചെയ്യുന്ന സ്വർഗ്ഗത്തിലാണ്. (യോഹന്നാൻ 1:29; എബ്രായർ 12:22) അതുകൊണ്ട് 144000 പേർ മനുഷ്യരെന്നനിലയിൽ ഭൂമിയിൽവച്ചു മരിക്കുന്നവരും യേശുവിനെപ്പോലെ ആത്മസൃഷ്ടികളായി സ്വർഗ്ഗീയജീവനിലേക്കു പുനരുത്ഥാനം പ്രാപിക്കുന്നവരുമാണ്. (റോമർ 6:5) ഭൂമിയിൽ ജീവിക്കുന്ന സഹസ്രലക്ഷക്കണക്കിനാളുകളോടു താരതമ്യപ്പെടുത്തുമ്പോൾ അവർ തീർച്ചയായും ഒരു "ചെറിയ ആട്ടിൻകൂട്ട"മാണ്.

⁷ എന്നിരുന്നാലും സ്വർഗ്ഗത്തിലേക്കു പോകുന്ന "ചെറിയ ആട്ടിൻകൂട്ടം" മാത്രമല്ല രക്ഷപ്രാപിക്കുന്നവർ. നാം കണ്ടുകഴിഞ്ഞതുപോലെ അവക്കു സന്തുഷ്ടരായ ഭൗമിക പ്രജകളുണ്ടായിരിക്കും. യേശു ഇവരെ തൻെറ "വേറെ ആടുകൾ" എന്നു പരാമർശിച്ചു, അവരിൽ "ഒരു മഹാപുരുഷാരം" ഇപ്പോൾതന്നെ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുന്നുണ്ട്.—യോഹന്നാൻ 10:16; വെളിപാട് 7:9, 15.

## ഒരുവൻ "ചെറിയ ആട്ടിൻകൂട്ട"ത്തിൽ പെട്ടവനാണോയെന്ന് അവൻ അറിയുന്ന വിധം

⁸ "ചെറിയ ആട്ടിൻകൂട്ട"ത്തിലെ അംഗങ്ങൾക്ക്, തങ്ങളെ ദൈവം സ്വർഗ്ഗീയജീവനിലേക്കു വിളിച്ചിരിക്കുകയാണെന്ന് അറിയാം. എങ്ങനെ? ദൈവാത്മാവിൻെറ പ്രവത്തനത്താൽ. അത് അവരിൽ സ്വർഗ്ഗീയജീവൻെറ പ്രത്യാശ ഉളവാക്കുകയും വളത്തുകയും ചെയ്യുന്നു. "ചെറിയ ആട്ടിൻകൂട്ട"ത്തിൽ പെട്ട ഒരുവനെന്ന നിലയിൽ അപ്പോസ്തലനായ പൗലോസ് ഇങ്ങനെ എഴുതി: "നാം ദൈവമക്കളാകുന്നുവെന്ന് ആത്മാവുതന്നെ നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ, നാം മക്കളാകുന്നുവെങ്കിൽ നാം അവകാശികളുമാകുന്നു: തീച്ചയായും ദൈവത്തിൻെറ അവകാശികൾ, എന്നാൽ നാം ഒന്നിച്ചു മഹത്വീകരിക്കപ്പെടേണ്ടതിന് ഒന്നിച്ചു കഷ്ടമനുഭവിക്കുന്നപക്ഷം ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ തന്നെ." (റോമർ 8:16, 17) ദൈവാത്മാവിൻെറ പ്രവത്തനം അങ്ങനെയുള്ള ഒരു ആളിൻെറ മുഴുവീക്ഷണഗതിയേയും മാററുന്നു, തന്നിമിത്തം അവൻെറ ചിന്തകളും പ്രാർത്ഥനകളും സ്വർഗ്ഗീയപ്രത്യാശയുടെ കാഴ്ചപ്പാടോടെ ദൈവസേവനത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു. സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടുകൂടെ

7. (എ) 144000 പേർ മാത്രമാണോ രക്ഷപ്രാപിക്കുന്നത്? (ബി) ഭൂമിയിൽ ജീവിക്കാനുള്ളവരെ ഏതു പദത്താൽ യേശു പരാമർശിച്ചു?
8. സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഒരുവൻ അതറിയുന്നതെങ്ങനെ?

യായിരിക്കുന്നതു് അവന് ഏതു ഭൌമികബന്ധങ്ങളേക്കാളും പ്രധാനപ്പെട്ടതാണ്.

[9] നിങ്ങൾ ഈ സംഗതിയെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല, ഒരുപക്ഷേ നിങ്ങൾ സ്വർഗ്ഗീയജീവൻ പ്രാപിക്കുന്ന ഒരുവനാണോയെന്ന് നിങ്ങൾ സംശയിച്ചിരിക്കും. ഒരുവന് തൻെറ പരിതഃസ്ഥിതി ഉചിതമായി വിശകലനം ചെയ്യാൻ കഴിയുന്നതിനുമുമ്പ് അവന് ഈ വിഷയം സംബന്ധിച്ച് ബൈബിൾ പഠിപ്പിക്കുന്നതിൻെറ ഒരു ഗ്രാഹ്യം ആവശ്യമാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ഒരുവൻ സ്വർഗ്ഗീയ മഹത്വത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്നു സാക്ഷ്യം വഹിക്കുന്ന ദൈവത്തിൻെറ പരിശുദ്ധാത്മാവുതന്നെയാണ് ബൈബിളിൻെറ എഴുത്തിനെ നയിച്ച ആത്മാവ്. ഇതു മനസ്സിൽവച്ചുകൊണ്ട് നമുക്കു പരിതഃസ്ഥിതി പരിശോധിക്കാം.

[10] എല്ലാ നല്ലയാളുകളും സ്വർഗ്ഗത്തിലേക്കു പോകുന്നുവെന്ന് കഴിഞ്ഞകാലത്തു നിങ്ങൾ വിശ്വസിച്ചിരുന്നുവോ? അങ്ങനെയെങ്കിൽ, നിങ്ങൾ ഒരു നല്ലജീവിതം നയിക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ, നിങ്ങൾ അവരിൽ ഉൾപ്പെട്ടുമെന്ന് നന്നായി പ്രതീക്ഷിച്ചിരിക്കാം. ഈ വിധത്തിൽ, മരണത്തിൽ നിങ്ങൾക്കു നഷ്ടപ്പെട്ടിരുന്ന നിങ്ങളുടെ പ്രിയപ്പെട്ടവരോട് പുനർസംയോജിക്കുവാൻ നിങ്ങൾ പ്രത്യാശിച്ചിട്ടുമുണ്ടായിരിക്കാം. എന്നാൽ നിങ്ങൾക്ക് ആ പ്രതീക്ഷ ഉണ്ടായിരുന്നപ്പോൾ, ദാവീദുരാജാവിനേയും യോഹന്നാൻസ്നാപകനേയും പോലുള്ള വിശ്വസ്ത ദൈവദാസന്മാർ സ്വർഗ്ഗത്തിലേക്കു പോയില്ലെന്നു ബൈബിൾ പറയുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരുന്നുവോ? (പ്രവൃത്തികൾ 2:29, 34; മത്തായി 11:11) കഴിഞ്ഞ പത്തൊൻപതു നൂററാണ്ടുകളിൽ മനുഷ്യവർഗ്ഗത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 144000 പേർ മാത്രമേ സ്വർഗ്ഗീയജീവൻ പ്രാപിക്കുകയുള്ളുവെന്ന് നിങ്ങൾ ആ കാലത്ത് അറിഞ്ഞിരുന്നുവോ? ദൈവത്തിൻെറ വിശ്വസ്ത ദാസന്മാരായിത്തീരുന്ന മററെല്ലാവർക്കും വേണ്ടി ഇവിടെ ഭൂമിയിൽ നീതിയുള്ള അവസ്ഥകളിൽ നിത്യജീവൻെറ പ്രത്യാശ ബൈബിൾ വെച്ചുനീട്ടുന്നുവെന്ന് അന്നു

9. ഒരുവനു സ്വർഗ്ഗീയജീവൻ സംബന്ധിച്ചുള്ള തൻെറ പരിതഃസ്ഥിതിയെ വിശകലനം ചെയ്യാൻ കഴിയുന്നതിനുമുമ്പ് എന്താവശ്യമാണ്?

10. (എ) സ്വർഗ്ഗത്തിലേക്കു പോകുവാൻ ഒരുവൻ പ്രതീക്ഷിക്കുന്നതിനു് എന്തു വിശ്വാസം ഇടയാക്കിയിരിക്കാം? (ബി) സകല നല്ലയാളുകളും സ്വർഗ്ഗത്തിലേക്കു പോകുന്നുവെന്നു് വിചാരിക്കുന്നവർക്കു് ഏതു ബൈബിൾ സത്യങ്ങൾ അറിവില്ല?

നിങ്ങൾ അറിഞ്ഞിരുന്നുവോ? —സങ്കീർത്തനം 37:10, 11, 29 [36:10, 11, 29, *Dy*].

11 നിങ്ങൾ അന്നു് നിങ്ങൾക്കുവേണ്ടി സ്വർഗ്ഗീയ ജീവനെക്കുറിച്ചു് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, നിങ്ങൾ മാനുഷദേഹിയുടെ അമർത്ത്യതയിൽ വിശ്വസിച്ചിരുന്നുവോ? അപ്പോൾ, മനസ്സിലാക്കാവുന്നതുപോലെ, നിങ്ങളുടെ ദേഹി സ്വർഗ്ഗത്തിലേയ്ക്കു പോകുമെന്നു് നിങ്ങൾ പ്രത്യാശിച്ചിരിക്കാം. എന്നാൽ നിങ്ങൾക്കു് അങ്ങനെയൊരു പ്രത്യാശ ഉണ്ടായിരുന്നുവെങ്കിൽ അതു് ദൈവത്തിന്റെ ആത്മാവു് നിങ്ങളോടു സാക്ഷ്യം വഹിച്ചുകൊണ്ടിരുന്നതിനാലായിരുന്നില്ല, നേരേമറിച്ചു്, നിങ്ങൾക്കു് ഇപ്പോൾ അറിയാവുന്നതുപോലെ, ദൈവത്തിന്റെ നിശ്വസ്തവചനം പറയുന്നതു് മാനുഷദേഹി മരിക്കുന്നുവെന്നും ആസ്തിക്യമില്ലാതെപോകുന്നുവെന്നുമാണു്. അതുകൊണ്ടു് മരിക്കുന്നവർ, തങ്ങൾക്കുവേണ്ടി ദൈവം ഏതു സ്ഥലം ഇഷ്ടപ്പെടുന്നുവോ അവിടേക്കു് ഉയർത്തെഴുന്നേൽപ്പിക്കുവാൻ അവനെ ആശ്രയിക്കേണ്ടിയിരിക്കുന്നു.—യെഹെസ്കേൽ 18:4; 1 കൊരിന്ത്യർ 15: 35-38.

12 അപ്പോൾ, ഈ സംഗതിയിൽ മാർഗ്ഗദർശനത്തിനു് നാം തിരുവെഴുത്തുകളിലേക്കു് നോക്കണം, അല്ലാതെ വികാരങ്ങളോ, തിരുവെഴുത്തുവിരുദ്ധമായ വിശ്വാസങ്ങളുടെ ഒരു പശ്ചാത്തലമോ നമ്മുടെ ചിന്തയെ കുഴപ്പത്തിലാക്കാനനുവദിക്കരുതു്. സ്വർഗ്ഗീയജീവൻ പ്രാപിക്കുന്നതു് തങ്ങൾക്കുവേണ്ടി അതു തെരഞ്ഞെടുക്കുന്ന ആളുകളല്ല, ദൈവമാണു തെരഞ്ഞെടുപ്പു നടത്തുന്നതു്. (2 തെസ്സലോനീക്യർ 2:13, 14) അവർ ക്രിസ്തുവിനോടുകൂടെ സഹരാജാക്കന്മാരും ഉപപുരോഹിതന്മാരുമായും, അവന്റെ "മണവാട്ടി"യുടെ ഭാഗമായും പങ്കെടുക്കുന്ന പദവിക്കുവേണ്ടി അടുത്ത കുടുംബാംഗങ്ങളേയും സ്നേഹിതരെയും മറെറല്ലാ ഭൗമിക വസ്തുക്കളെയും പിമ്പിൽ വിട്ടുകളയുന്നതിനു് വിളിക്കപ്പെട്ടിരിക്കുന്നു. (വെളിപാടു് 21:2) അതാണു ദൈവം അവരുടെ മുമ്പാകെ വെച്ചിരിക്കുന്നതു്, അവർ അതിനു് ആഴമായ വിലമതിപ്പു പ്രകടിപ്പിക്കുന്നു. എന്നാൽ ഈ ജീവിതത്തിലെ കുഴപ്പങ്ങളിൽനിന്നു് മോചനം നേടുന്നതിനു് ആ സ്വർഗ്ഗീയ സംഘ

**11.** ദേഹിയെ സംബന്ധിച്ചുള്ള ഏതു വ്യാജോപദേശം നിമിത്തം തങ്ങൾ സ്വർഗ്ഗത്തിലേക്കു പോകുമെന്നു് അനേകർ വിചാരിക്കുന്നു?

**12.** (എ) സ്വർഗ്ഗീയജീവൻ പ്രാപിക്കുന്ന ആളുകളെ തെരഞ്ഞെടുക്കുന്നതു് ആർ? (ബി) ഇന്നു ദൈവം മുഖ്യമായി ആളുകളെ ഏതു പ്രത്യാശയാണു് ചൂണ്ടിക്കാണിക്കുന്നതു്?

ത്തിൽ ഉൾപ്പെടേണ്ട ആവശ്യമില്ല. ദൈവം ഭൗമികരായ തന്റെ "മറെറ ആടുകളെ"യും സ്നേഹിക്കുന്നു. താൻ ഈ ഭൂമിയെ ഒരു പരദീസയാക്കാൻ പോകയാണെന്ന് അവൻ വാഗ്ദത്തം ചെയ്യുന്നു; അവിടെ മേലാൽ വേദനയും സങ്കടവും ഉണ്ടായിരിക്കയില്ല. മുഖ്യമായി ദൈവം ആളുകളെ ഇങ്ങനെയുള്ള ഒരു ഭൗമിക പ്രത്യാശയിലേക്കാണ് അടുത്ത വർഷങ്ങളിൽ ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നതെന്നു വസ്തുതകൾ തെളിയിക്കുന്നു.

[13] എന്നിരുന്നാലും ഇപ്പോഴും ഭൂമിയിൽ ശേഷിച്ചിരിക്കുന്ന, "ചെറിയ ആട്ടിൻകൂട്ട"ത്തിലെ ചുരുങ്ങിയ അംഗങ്ങൾ ഓരോ വർഷവും ക്രിസ്തുവിന്റെ മരണത്തിന്റെ വാർഷികത്തിൽ അതിന്റെ സ്മാരകം ആഘോഷിക്കുന്നുണ്ട്. യേശു നിർദ്ദേശിച്ചതുപോലെ അവർ പുളിപ്പില്ലാത്ത അപ്പത്തിലും ചുവന്ന വീഞ്ഞിലും പങ്കുപററുന്നു. അവ യേശു മനുഷ്യവർഗ്ഗത്തിനുവേണ്ടി കൊടുത്ത മാംസരക്തങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങളാണ്. ഈ ചിഹ്നങ്ങളിൽ പങ്കുപററാൻ യേശു നിർദ്ദേശിച്ചവരുമായി താൻ രാജ്യത്തിനുവേണ്ടി ഒരു നിയമം ചെയ്യുകയാണെന്ന് അവരോടു പറഞ്ഞു; അതുകൊണ്ട് സ്വർഗ്ഗീയ രാജ്യത്തിന്റെ അവകാശികളല്ലാത്തവർ ചിഹ്നങ്ങളിൽ പങ്കുപററുന്നില്ല. (ലൂക്കോസ് 22:19, 20, 29) എന്നിരുന്നാലും, ഭൗമികജീവനു നോക്കിപ്പാർത്തിരിക്കുന്നവർ ഓരോ സംവത്സരവും കർത്താവിന്റെ സന്ധ്യാഭക്ഷണത്തിങ്കൽ നിരീക്ഷകരെന്നനിലയിൽ നിരവധിയായി സന്നിഹിതരാകുന്നു. സ്വർഗ്ഗീയരാജ്യത്തിൻകീഴിലെ ജീവിതത്തിൽ അതീവതാല്പര്യമുള്ള ഒരുവനെന്ന നിലയിൽ നിങ്ങളും ഹാജരാകേണ്ടതാണ്.

## ക്രിസ്തുവിന്റെ തിരിച്ചുവരവ്

[14] തന്റെ മരണത്തിനു മുമ്പത്തെ സന്ധ്യാസമയത്ത് "ഞാൻ നിങ്ങൾക്കുവേണ്ടി ഒരു സ്ഥലം ഒരുക്കുവാൻ പോകയാണ് ... ഞാൻ വീണ്ടും വരികയും ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് നിങ്ങളെ എന്റെ അടുക്കൽ വീട്ടിൽ ചേർത്തുകൊള്ളുകയും ചെയ്യും" എന്നു പറഞ്ഞുകൊണ്ട് യേശുക്രിസ്തു "ചെറിയ ആട്ടിൻകൂട്ട"ത്തിലെ വിശ്വസ്തരായ പതിനൊന്ന് അംഗങ്ങളോട് താൻ വീണ്ടും വരുമെന്ന് വാഗ്ദത്തംചെയ്തു.—യോഹന്നാൻ 14:2, 3.

---

13. (എ) ക്രിസ്തുവിന്റെ മരണത്തിന്റെ വാർഷിക സ്മാരകത്തിൽ ഉചിതമായി ആർ അപ്പവീഞ്ഞുകളിൽ പങ്കുപററുന്നു? (ബി) വേറെ ആരും കൂടെ സന്നിഹിതരാകുന്നു?

14. വീണ്ടും വരുന്നതിനെക്കുറിച്ച് യേശു എന്തു വാഗ്ദത്തം ചെയ്തു?

15 ഇതു് ദൃശ്യമായ, ഭൌതികമായ, ഒരു തിരിച്ചുവരവു് ആയിരിക്കുമോ? “നോക്കൂ! അവൻ മേഘങ്ങളോടെ വരുന്നു, ഏതു കണ്ണും അവനെ കാണും” എന്നു് വെളിപാടു് 1:7 പറയുന്നുവെന്നു് ആരെങ്കിലും ചൂണ്ടിക്കാണിച്ചേക്കാം. അവർ തങ്ങളുടെ ഭൌതികമായ കണ്ണുകൾകൊണ്ടു് അവനെ അക്ഷരീയമായി കാണുമെന്നു് ഇതിനർത്ഥമുണ്ടോ? നമ്മുടെ ഭൌതികമായ കണ്ണുകൾകൊണ്ടു് കാണുന്നതിനെക്കുറിച്ചു മാത്രമല്ല, നാം ഗ്രഹിക്കുന്ന അഥവാ മനസ്സിലാക്കുന്നുവെന്ന അർത്ഥത്തിൽ കാണുന്നതിനെക്കുറിച്ചും ബൈബിൾ പറയുന്നുണ്ടു്. “ഞങ്ങൾ കാണുന്നു” എന്നു് തൻെറ കാലത്തെ മതപരീശന്മാർ പറഞ്ഞുവെങ്കിലും അവർ കുരുടന്മാരായിരുന്നുവെന്നു് യേശു പ്രകടമാക്കി. അവർ ആത്മീയമായി കുരുടന്മാരായിരുന്നു. (യോഹന്നാൻ 9:39-41; യെശയ്യാ 43:8) ആത്മീയമായ കാഴ്ചയുടെ ഈ അർത്ഥത്തിലാണു് വെളിപാടു് 1:7 മനസ്സിലാക്കേണ്ടതു്. “ഏതു കണ്ണും” അവനെ “കാണാ”നിടയാക്കപ്പെടുന്നതു്, അവർ ഇപ്പോൾ വിശ്വാസം പ്രകടമാക്കാൻ വിസമ്മതിച്ചേക്കാമെങ്കിലും ക്രിസ്തു ദുഷ്ടന്മാരെ സംഹരിക്കുമ്പോൾ, തങ്ങളോടു നേരത്തെ പറഞ്ഞിരുന്നതു കൊണ്ടു് സംഭവിക്കുന്നതു് എന്താണെന്നു് അവർ അറിയും എന്നുള്ളതുകൊണ്ടാണു്. എന്നിരുന്നാലും, “അല്പകാലവും കൂടെ കഴിഞ്ഞാൽ ലോകം മേലാൽ എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും, എന്തുകൊണ്ടെന്നാൽ ഞാൻ ജീവിക്കുന്നു, നിങ്ങൾ ജീവിക്കയും ചെയ്യും” എന്നു പറഞ്ഞതിനാൽ താൻ ദൃശ്യനായി തിരിച്ചുവരികയില്ലെന്നു യേശുതന്നെ വ്യക്തമാക്കി. (യോഹന്നാൻ 14:19) അവൻ സ്വർഗ്ഗത്തിലേക്കു തിരിച്ചുപോകാൻ പോകുകയായിരുന്നതു കൊണ്ടു് പൊതു മനുഷ്യവർഗ്ഗം അവനെ മേലാൽ കാണുകയില്ല. എന്നാൽ അവൻ “ചെറിയ ആട്ടിൻകൂട്ട”ത്തെ അവിടെ തന്നോടുകൂടെയായിരിക്കാൻ കൊണ്ടുപോവാനിരുന്നതു കൊണ്ടു് അവർ അവനെ കാണും.

16 അതുകൊണ്ടു് ക്രിസ്തുവിൻെറ തിരിച്ചുവരവിനു് അവൻ ഭൂമിയിൽ ജീവിക്കുന്നതിനു് ഒരു മനുഷ്യനായി തിരിച്ചുവരുന്നുവെന്നർത്ഥമില്ല. എന്നാൽ അതിൻെറ അർത്ഥം അവൻ ഭൂമിയിലെ രാജകീയ ഭരണം കയ്യേൽക്കുന്നുവെന്നും

15. (എ) ക്രിസ്തുവിൻെറ തിരിച്ചുവരവിനെക്കുറിച്ചു് വെളിപാടു് 1:7 എന്തു പറയുന്നു, ഇതിനെ ഒരു ദൃശ്യമായ അർത്ഥത്തിൽ മനസ്സിലാക്കേണ്ടതാണോ? (ബി) പൊതു മനുഷ്യവർഗ്ഗം ക്രിസ്തുവിൻെറ തിരിച്ചുവരവിങ്കൽ അവനെ കാണുകയില്ലെന്നു് നാം എങ്ങനെ അറിയുന്നു?
16. അപ്പോൾ ക്രിസ്തുവിൻെറ തിരിച്ചുവരവു് എന്തർത്ഥമാക്കുന്നു?

തൻെറ "ചെറിയ ആട്ടിൻകൂട്ട"ത്തെ സ്വർഗ്ഗങ്ങളിലെ അവരുടെ പ്രതിഫലത്തിലേക്ക് മരിച്ചവരിൽനിന്ന് ഉയർപ്പിക്കുന്നുവെന്നുമാണ്. അവിടെ അവർ ദൈവത്തിൻെറ രാജ്യം മുഖാന്തരമുള്ള അവൻെറ സ്നേഹപൂർവ്വകമായ ഉദ്ദേശ്യങ്ങൾ നിറവേററുന്നതിൽ പങ്കെടുക്കുന്നു. നിങ്ങൾക്കും ആ രാജ്യഭരണത്തിൽനിന്നുള്ള അനുഗ്രഹങ്ങൾ അനുഭവിക്കാവുന്ന കാലത്താണ് നിങ്ങൾ ജീവിക്കുന്നത്.—വെളിപാട് 11:15-18.

# ദൈവത്തിൻെറ രാജ്യം അതിൻെറ ശത്രുക്കളുടെ മദ്ധ്യേ അധികാരത്തിൽ വരുന്നു

വിശ്വാസമുള്ള മനുഷ്യർ ദൈവത്തിൻെറ രാജ്യം അതിൻെറ ഭരണം തുടങ്ങുന്ന നാളിൻെറ ആകാംക്ഷാപൂർവ്വമായ പ്രതീക്ഷയോടെ ആയിരക്കണക്കിനു വർഷങ്ങളിൽ ജീവിച്ചിട്ടുണ്ട്. ദൈവം ഭൂമിയിലെ കാര്യങ്ങളിൽ നേരിട്ടുള്ള ഒരു പങ്കു വഹിക്കേണ്ടതിൻെറ ആവശ്യം അവർക്ക് അതിയായി തോന്നിയിട്ടുണ്ട്. ഇതിൻെറ അർത്ഥം കഴിഞ്ഞ നൂററാണ്ടുകളിൽ ദൈവം രാജാവായിരുന്നില്ല എന്നാണോ? അല്ല, എന്തുകൊണ്ടെന്നാൽ യഹോവ എല്ലായ്പോഴും അഖിലാണ്ഡത്തിൻെറ പരമാധികാരിയായ ഭരണാധിപനായിട്ടാണിരുന്നിട്ടുള്ളത്. (യിരെമ്യാ 10:10) എന്നാൽ ഇവിടെ ഭൂമിയിൽ അവൻെറ ആധിപത്യം വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. നാം കണ്ടുകഴിഞ്ഞതുപോലെ നല്ല കാരണങ്ങളാൽ സ്നേഹപൂർവ്വകമായ ഒരു ഉദ്ദേശ്യത്തിൻെറ കാഴ്ചപ്പാടോടെ സാത്താൻെറ സ്വാധീനത്തിലുള്ള മാനുഷ ഗവൺമെൻറുകൾ ഒരു നിശ്ചിത കാലഘട്ടത്തിൽ ഭരിക്കുന്നതിനു ദൈവം അനുവദിച്ചിരിക്കുകയാണ്.

2 എന്നിരുന്നാലും, ആ കാലത്തിൻെറ അന്ത്യത്തിൽ, തൻെറ ഭരണത്തോടു മത്സരിക്കയും എതിർക്കുകയും ചെയ്യുന്ന എല്ലാവർക്കുമെതിരായി താൻ നേരിട്ടുള്ള നടപടി സ്വീകരിക്കുമെന്നു യഹോവ വാഗ്ദത്തംചെയ്തു. അവൻ ഭൂമിയെയും അതിലെ നിവാസികളെയും വീണ്ടും പൂർണ്ണമായി തൻെറ ഭരണത്തിൻകീഴിൽ വരുത്തും. എങ്ങനെ? അവൻെറ പുത്രനായ ക്രിസ്തുയേശുവിൻ കീഴിലുള്ള ഒരു പുതിയ സ്വർഗ്ഗീയ ഗവൺമെൻറായ രാജ്യത്താൽ. അതുകൊണ്ട് ആ രാജ്യത്തിൻെറ അധികാരത്തിലേക്കുള്ള വരവിൻെറ

---

**1. (എ) വിശ്വാസമുള്ള മനുഷ്യർ ദീർഘനാളായി എന്തിനുവേണ്ടി നോക്കിപ്പാർത്തിരിക്കുന്നു? (ബി) ദൈവം എല്ലായ്പ്പോഴും രാജാവായിരുന്നിട്ടില്ലേ?**
**2. ദൈവത്തിൻെറ രാജ്യം എന്നാൽ എന്ത്, അവൻ ഭരണാധികാരം ആർക്കു കൊടുക്കുന്നു?**

അർത്ഥം വലിയ മാററങ്ങൾ സമീപിച്ചിരിക്കുന്നുവെന്നാണ്. അതിൻെറ അർത്ഥം യഹോവയാം ദൈവം തൻെറ പുത്രന് "ജനങ്ങളും ദേശീയസംഘങ്ങളും ഭാഷകളുമെല്ലാം അവനെ ത്തന്നെ സേവിക്കേണ്ടതിന് ആധിപത്യവും പ്രതാപവും രാജ്യവും" കൊടുത്തിരിക്കുന്നുവെന്നാണ്. —ദാനിയേൽ 7: 13, 14.

[3] ആ സംഭവം ഇപ്പോൾത്തന്നെ സ്വർഗ്ഗത്തിൽ നടന്നു കഴിഞ്ഞിരിക്കുന്നു. രാജ്യാധികാരം ഇപ്പോൾത്തന്നെ യഹോവയുടെ പുത്രന് കൊടുക്കപ്പെട്ടിരിക്കുന്നു. അതു നിങ്ങൾക്കു വിചിത്രമായി തോന്നുന്നുവോ? അങ്ങനെ തോന്നിയേക്കാം, വിശേഷിച്ചു മനുഷ്യവർഗ്ഗത്തെ ബാധിക്കുന്ന ഭീകരാവസ്ഥകളുടെ കാഴ്ചപ്പാടിൽ. എന്നാൽ യഥാർത്ഥത്തിൽ ഈ അവസ്ഥകൾ നിമിത്തം തന്നെയാണ് ഇതു സത്യമാണെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കാൻ കഴിയുന്നതു്. ഇതെന്തുകൊണ്ട്?

[4] ഇതിനു കാരണം യഹോവയുടെ രാജ്യത്തിൻെറ അധികാരത്തിലേക്കുള്ള വരവിനെ സകല സൃഷ്ടികളും സ്വാഗതം ചെയ്യുന്നില്ലെന്നുള്ളതാണ്. നീതിക്കു നിർബ്ബന്ധമുള്ള ഒരു ഗവണ്മെൻറിൻകീഴിൽ ജീവിക്കാൻ എല്ലാവരും ആഗ്രഹിക്കുന്നില്ല. (ലൂക്കോസ് 19:11-14) ഈ കാരണത്താൽ താൻ ഭൂമിമേൽ 'രാജാവായി ഭരിക്കാൻ തുടങ്ങുമ്പോൾ' 'രാഷ്ട്രങ്ങൾ കോപിക്കു'മെന്ന് യഹോവ തൻെറ വചനത്തിൽ ദീർഘകാലം മുമ്പു രേഖപ്പെടുത്തി. (വെളിപാട് 11:17, 18) പ്രവർത്തിക്കുന്നതിനു തൻെറ പുത്രനെ അധികാരപ്പെടുത്തുന്ന സമയത്തു് "നിൻെറ ശത്രുക്കളുടെ മദ്ധ്യേ കീഴടക്കിക്കൊണ്ടു പുറപ്പെടുക" എന്നു താൻ പറയേണ്ടതാവശ്യമായിരിക്കുമെന്ന് അവൻ മുൻകൂട്ടിപ്പറഞ്ഞു.—സങ്കീർത്തനം 110:2 [109:2, *Dy*].

[5] അപ്പോൾ ക്രിസ്തുയേശു സാത്താനെ പരിപൂർണ്ണമായി പ്രവർത്തനരഹിതനാക്കാനുള്ള ഒരുക്കത്തിൽ അവനെ ഭൂമിയുടെ പരിസരത്തിലേക്ക് വലിച്ചെറിയുന്നതിനാൽ അവനെ ഭരണത്തിൻെറ ആസ്ഥാനമായ സ്വർഗ്ഗത്തിൽനിന്ന് ബഹി

---

3. ദൈവത്തിൻെറ രാജ്യം ഇപ്പോൾത്തന്നെ അധികാരത്തിൽ വന്നിരിക്കുന്നുവെന്നു വിചാരിക്കുന്നതു് ചിലർ ആദ്യം വിചിത്രമെന്നു കണ്ടെത്തിയേക്കാവുന്നതെന്തുകൊണ്ട്?

4. (എ) എല്ലാം സൃഷ്ടികളും ദൈവരാജ്യത്തെ സ്വാഗതം ചെയ്യുന്നില്ലാത്തതെന്തുകൊണ്ട്? (ബി) അതുകൊണ്ട് രാജാവായി പ്രവർത്തിക്കുന്നതിന് തൻെറ പുത്രന് അധികാരം കൊടുക്കുമ്പോൾ ദൈവം അവനോട് എന്തു പറയുമെന്ന് മുൻകൂട്ടിപ്പറഞ്ഞിരുന്നു?

5. അപ്പോൾ സ്വർഗ്ഗത്തിൽ എന്തു പ്രവർത്തനം നടക്കണമായിരുന്നു, ഭൂമിക്ക് എന്തു ഫലത്തോടെ?

ഷ്ക്കരിക്കും. സ്വർഗ്ഗത്തിൽ അപ്പോൾ മഹത്തായ ഈ പ്രഖ്യാപനം ചെയ്യപ്പെട്ടു: "ഇപ്പോൾ നമ്മുടെ ദൈവത്തിൻെറ രക്ഷയും ശക്തിയും രാജ്യവും അവൻെറ ക്രിസ്തുവിൻെറ അധികാരവും തുടങ്ങിയിരിക്കുന്നു." എന്നാൽ ഭൂമിക്ക് എന്തു്? "മഹാകഷ്ടം, എന്തുകൊണ്ടെന്നാൽ പിശാച് തനിക്ക് ചുരുങ്ങിയ ഒരു കാലഘട്ടം ഉണ്ടെന്നറിഞ്ഞുകൊണ്ട് മഹാകോപത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു." (വെളിപാട് 12:5, 7-10, 12) ദൈവരാജ്യത്താൽ ഭൂമിയുടെ പരിപൂർണ്ണ നിയന്ത്രണം പെട്ടെന്നു പിന്തുടരണം! എന്നിരുന്നാലും, ദൈവരാജ്യഭരണത്തിൻെറ തുടക്കത്തിനു് ഭൂമിയിൽ സമാധാനവും നീതിയും ഉടനെ ഉണ്ടാകുമെന്നു് അർത്ഥമില്ല. നേരേ മറിച്ചു്, അതു ഭൂമിയിലെ നിവാസികൾക്കു മുമ്പുണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഉപദ്രവത്തിൻെറ ഒരു ഘട്ടത്തിൻെറ കാഞ്ചിവലിച്ചു വിടുന്നു.

[6] ഇതു തിരിച്ചറിയുന്നതിനാൽ, യേശു തൻെറ രണ്ടാം സാന്നിദ്ധ്യത്തെക്കുറിച്ചു് അവൻെറ അനുഗാമികളോടു പറഞ്ഞതിൻെറ അർത്ഥം നമുക്കു മെച്ചമായി മനസ്സിലാക്കാൻ കഴിയും. അവർ അവനോടു് "ഈ കാര്യങ്ങൾ എപ്പോഴായിരിക്കും, നിൻെറ സാന്നിദ്ധ്യത്തിൻെറയും വ്യവസ്ഥിതിയുടെ സമാപനത്തിൻെറയും അടയാളം എന്തായിരിക്കും എന്നു ഞങ്ങളോടു പറയേണമേ" എന്നു് അപേക്ഷിച്ചിരുന്നു. (മത്തായി 24:3) അപ്പോൾ യേശു അവരുടെയും നമ്മുടെയും പ്രയോജനത്തിനു വേണ്ടി താൻ സ്വർഗ്ഗത്തിൽ ഭരിക്കാൻ തുടങ്ങുമ്പോൾ ഭൂമിയിൽ എന്തു സംഭവിക്കുമെന്നു് വർണ്ണിച്ചു. സ്വർഗ്ഗത്തിലെ സംഭവങ്ങൾ മനുഷ്യനേത്രങ്ങൾക്കു് അദൃശ്യമായിരിക്കുമെങ്കിലും, ഈ വിധത്തിൽ ക്രിസ്തു ഒടുവിൽ രാജാവെന്ന നിലയിൽ നടപടി എടുത്തുകൊണ്ടു് സിംഹാസനസ്ഥനായി എന്നതിൻെറ ദൃശ്യതെളിവുണ്ടായിരിക്കും. അതു നൂററാണ്ടുകളായി മനുഷ്യവർഗ്ഗത്തെ ഞെരുക്കിക്കൊണ്ടിരുന്ന ദുഷ്ടവ്യവസ്ഥിതി അതിൻെറ "അന്ത്യനാളുകളി"ലേക്കു പ്രവേശിച്ചുവെന്നതിൻെറ തെളിവായിരിക്കും. (2 തിമൊഥെയോസ് 3:1) വസ്തുതകളെ നിസ്സാരീകരിക്കുന്നതിനു് ശ്രമിക്കുന്ന പരിഹാസികൾ ഉണ്ടായിരിക്കുമെന്നു മുൻകൂട്ടി പറഞ്ഞിരുന്നുവെങ്കിലും തെളിവു സ്പഷ്ടമായിരിക്കും.—2 പത്രോസ് 3:3, 4.

**6. (എ) യേശുവിൻെറ അനുഗാമികൾ അവൻെറ രണ്ടാമത്തെ സാന്നിദ്ധ്യത്തെക്കുറിച്ചു് അവനോടു് എന്തു ചോദ്യം ചോദിച്ചു? (ബി) ഒരു ദൃശ്യമായ "അടയാളം" ആവശ്യമായിരിക്കുന്നതെന്തുകൊണ്ടു്? (സി) ഈ ദൃശ്യമായ തെളിവു് ഈ വ്യവസ്ഥിതിയെ സംബന്ധിച്ചു് എന്തിൻെറ തെളിവായിരിക്കും?**

[7] നാം തെളിവുകളെ ഒന്നിച്ചു പരിചിന്തിക്കുമ്പോൾ, യുദ്ധഭീഷണിയോ ഒരു ഭയങ്കര ഭൂകമ്പമോ പോലെ ഒററപ്പെട്ട ഒരു സംഭവം "അന്ത്യം" അടുത്തിരിക്കുന്നുവെന്നതിന്റെ തെളിവായിരിക്കുമെന്നു് യേശു പറഞ്ഞില്ലെന്നു് തിരിച്ചറിയുന്നതു് പ്രധാനമാണു്. (മത്തായി 24:6) എന്നാൽ അവൻ ഇങ്ങനെ പറഞ്ഞു: "അത്തിവൃക്ഷത്തെയും മറെറല്ലാ വൃക്ഷങ്ങളെയും ശ്രദ്ധിക്കുക: അവ തളിർക്കുമ്പോൾതന്നെ, അതു നിരീക്ഷിക്കുന്നതിനാൽ ഇപ്പോൾ വേനൽ അടുത്തിരിക്കുന്നുവെന്നു് നിങ്ങൾ അറിയുന്നു. ഈ വിധത്തിൽ നിങ്ങളും, ഈ സംഗതികൾ സംഭവിക്കുന്നതായി നിങ്ങൾ കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നുവെന്നു് അറിഞ്ഞുകൊള്ളുവിൻ." (ലൂക്കോസ് 21:29-31) ചുരുക്കം ചില ദിവസങ്ങളിൽ കാലാവസ്ഥ ചൂടുള്ളതായിരിക്കുന്നതിനാൽ മദ്ധ്യശീതകാലത്തു് ഒരു വൃക്ഷം ഇല പുറപ്പെടുവിക്കുന്നതായി നാം കാണുന്നുവെങ്കിൽ വേനൽ വന്നിരിക്കുന്നു എന്നു നാം ചിന്തിക്കുന്നില്ല, ഉണ്ടോ? എന്നാൽ *സകല* വൃക്ഷങ്ങളും തളിർക്കുന്നതായും ദിവസങ്ങൾ ദീർഘമാകുന്നതായും നാം കാണുമ്പോൾ വേനൽ അടുത്തിരിക്കേണ്ടതാണെന്നു് നാം അറിയുന്നു. ഇതുപോലെതന്നെ യേശു വർണ്ണിച്ച *എല്ലാ* കാര്യങ്ങളും സംഭവിക്കുമ്പോൾ, യേശു തന്റെ സ്വർഗ്ഗീയ സിംഹാസനത്തിലാണെന്നും, തീർച്ചയായും അവന്റെ രാജ്യം സജീവഭരണം തുടങ്ങിയിരിക്കുന്നുവെന്നും നമുക്കു സുനിശ്ചിതമായി അറിയാൻ കഴിയും. അതു സംഭവിക്കുമ്പോൾ വിമോചനം അടുത്തിരിക്കുന്നു!

## "അടയാള"ത്തിന്റെ നിവൃത്തി

[8] തന്റെ രണ്ടാം സാന്നിദ്ധ്യത്തെയും "വ്യവസ്ഥിതിയുടെ സമാപന"ത്തെയും കൃത്യമായി എന്തു് അടയാളപ്പെടുത്തുന്നുവെന്നാണു് യേശു ചൂണ്ടിക്കാണിച്ചതു്? അവൻ പറഞ്ഞു: "രാഷ്ട്രം രാഷ്ട്രത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും എഴുന്നേൽക്കും, അവിടവിടെ ഭക്ഷ്യക്ഷാമങ്ങളും ഭൂകമ്പങ്ങളും ഉണ്ടായിരിക്കും." (മത്തായി 24:7) ഇവിടെ യേശു

7. (എ) "അന്ത്യം" അടുത്തിരിക്കുന്നുവെന്നുള്ളതിനു് അതിൽതന്നെ തെളിവായിരിക്കുന്ന എന്തെങ്കിലും ഒററപ്പെട്ട സംഭവം ഉണ്ടോ? (ബി) വേനൽ അടുത്തിരിക്കുന്നുവെന്നു് നാം എങ്ങനെ അറിയുന്നു? അതുകൊണ്ടു് രാജ്യം ഇപ്പോൾ ഭരണം തുടങ്ങിയെന്നു് നമുക്കു് എങ്ങനെ അറിയാൻ കഴിയും?

8. (എ) മത്തായി 24:7-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം തന്റെ രണ്ടാം സാന്നിദ്ധ്യത്തെ എന്തടയാളപ്പെടുത്തുമെന്നു് യേശു പറഞ്ഞു? (ബി) 1914-ൽ തുടങ്ങിയ യുദ്ധം അവന്റെ വർണ്ണനയു യോജിച്ചതെങ്ങനെ? (സി) അതുകൊണ്ടു് ഏതു വർഷം "അന്ത്യനാളുകളു"ടെ ആരംഭത്തെയും ദൈവരാജ്യം ക്രിസ്തുവിന്റെ സജീവ ഭരണം തുടങ്ങിയ സമയത്തെയും കുറിച്ചു?



രാജകീയാധികാരത്തിലുള്ള തന്റെ അദൃശ്യസാന്നിദ്ധ്യ-
ത്തിന്റെ തെളിവ് എന്തായിരിക്കുമെന്നു യേശു
അവന്റെ ശിഷ്യന്മാരോടു പറഞ്ഞു

ഒരു പുതിയതരം യുദ്ധത്തിനുവേണ്ടി നോക്കാൻ നമ്മോടു പറയുന്നു— സമഗ്രയുദ്ധം! 1914-ൽ തുടങ്ങിയ യുദ്ധം അവൻെറ വർണ്ണനയോടു യോജിക്കുന്നു. സൈന്യങ്ങൾമാത്രം യുദ്ധക്കളങ്ങളിൽ യുദ്ധം ചെയ്യുകയായിരുന്നില്ല; പൌരജനങ്ങളും യുദ്ധത്തിനു പൂർണ്ണ പിന്തുണ കൊടുക്കാൻ സംഘടിപ്പിക്കപ്പെട്ടു. യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെ, മുഴു രാഷ്ട്രങ്ങളും രാജ്യങ്ങളും അന്യോന്യം യുദ്ധം ചെയ്യുകയായിരുന്നു. ചരിത്രത്തിൽ ഇദംപ്രഥമമായി ലോകവും യുദ്ധത്തിലായി. അതുകൊണ്ട് അത് "ഒന്നാം ലോകമഹായുദ്ധം" എന്നു വിളിക്കപ്പെടുന്നു. അതിനെ സംബന്ധിച്ച് *ഒന്നാം ലോകമഹായുദ്ധം* എന്ന പുസ്തകം ഇങ്ങനെ പറഞ്ഞു:

"അതിൻെറ വൈപുല്യത്തിലും ഉഗ്രതയിലും, എല്ലാററിനുമുപരിയായി അതിൻെറ സമഗ്രതയിലും, അത് ഒരു വഴക്കം സ്ഥാപിച്ചു. ഒന്നാം ലോകമഹായുദ്ധം സമഗ്രയുദ്ധത്തിൻെറ നൂററാണ്ടിനെ ആനയിച്ചു, പദത്തിൻെറ ആദ്യത്തെ പൂർണ്ണമായ അർത്ഥത്തിൽ ആഗോള യുദ്ധത്തിൻേറതു തന്നെ.

"1914-1918- മുമ്പ് ഒരു യുദ്ധം ഒരിക്കലും ഇത്രയധികം പോരാട്ടക്കാരുടെ ഇത്രയേറെ മൊത്തമായ വിഭവങ്ങളെ ഉൾക്കൊള്ളിപ്പിക്കുകയും ഭൂമിയുടെ ഇത്ര വലിയ ഭാഗത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. ഇത്രയധികം രാഷ്ട്രങ്ങൾ ഒരിക്കലും ഉൾപ്പെട്ടിരുന്നില്ല. സംഹാരം ഒരിക്കലും ഇത്ര വിപുലവും വിവേചനാരഹിതവുമായിരുന്നിട്ടില്ല."*

കൊല്ലപ്പെട്ടവരും മുറിവേററവരുമായ പടയാളികളുടെ എണ്ണം 3,70,00,000ത്തിലധികമാണെന്ന് *ദി വേൾഡ് ബുക്ക് എൻസൈക്ലോപ്പീഡിയാ* കുറിക്കൊള്ളുകയും ഇങ്ങനെ കൂട്ടിച്ചേർക്കുകയും ചെയ്തു:

"യഥാർത്ഥ യുദ്ധപ്രദേശങ്ങളിലെ പൌരജനങ്ങളുടെ മരണത്തിൻെറ എണ്ണം മൊത്തം 50,00,000 ആയി. ഈ പൌരജന മരണങ്ങളിൽ ഓരോ 100-ലും 80-ൻെറ കാരണം പട്ടിണിയും രോഗവും സങ്കേതത്തിൻെറ അഭാവവുമായിരുന്നു. ചിലർ യുദ്ധംനിമിത്തം ഉണ്ടായതെന്നു കുററപ്പെടുത്തിയ സ്പാനീഷ് ഇൻഫ്ളുവൻസാ വേറെ ദശലക്ഷക്കണക്കിനു മരണങ്ങൾക്കിടയാക്കി."†

---

* എച്ച്. ഡബ്ലിയു. ബാഡ്വിനാൽ വിരചിതമായ ഒന്നാം ലോകമഹായുദ്ധം, 1962, 1, 2 എന്നീ പേജുകൾ.

† ദി വേൾഡ് ബുക്ക് എൻസൈക്ലോപ്പീഡിയാ, 1966, വാല്യം 20, പേജ് 377.

ഇതു യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെതന്നെയായിരുന്നു. എല്ലാം ഒന്നിച്ചു ചേർക്കുമ്പോൾ ഈ വസ്തുതകൾ 1914-നെ "അന്ത്യനാളുകളു"ടെ ആരംഭമായും, ദൈവത്തിൻെറ സ്വർഗ്ഗീയരാജ്യം അതിൻെറ സജീവഭരണം തുടങ്ങിയ സംവത്സരമായും അടയാളപ്പെടുത്തുന്നു.—ലൂക്കോസ് 21:10, 11 കൂടെ കാണുക.

[9] കൂടാതെ 1914-നു ശേഷം ഭൂകമ്പങ്ങളുടെ ഒരു പരമ്പര വലിയ നാശം വരുത്തിക്കൊണ്ട് ഭൂമിയെ ഉലച്ചു. 1915-ൽ ഇററലിയിൽ ഏതാണ്ട് 30,000 പേർ കൊല്ലപ്പെട്ടു. 1920-ൽ ചൈനയിൽ 1,80,000 പേർ മരിച്ചു. 1923-ൽ ജപ്പാനിൽ 1,43,000 പേർ മരിച്ചു. അന്നു മുതൽ അസാധാരണമായി കൂടെക്കൂടെ വലിയ ഭൂകമ്പങ്ങൾ തുടന്നു സംഭവിച്ചിട്ടുണ്ട്. യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെ, അവ "അന്ത്യനാളുകളു"ടെ മറെറാരു അടയാളമാണ്.

[10] എന്നിരുന്നാലും, 1914-ലെ "അന്ത്യനാളുകളു"ടെ തുടക്കത്തെ അടയാളപ്പെടുത്തിയ സംഭവങ്ങൾ "കൊടുംവിപത്തിൻെറ വേദനകളുടെ ആരംഭം" മാത്രമാണെന്ന് യേശു പറഞ്ഞു. (മത്തായി 24:8) കുറേക്കൂടെ വലിയ ഉപദ്രവം വരാനിരുന്നു. അവൻെറ പ്രവചനപ്രകാരം അതു വന്നു. *ദി വേൾഡ് ബുക്ക് എൻസൈക്ലോപ്പീഡിയാ* പറയുന്നു: "ഒന്നാം ലോകമഹായുദ്ധവും അതിൻെറ അനന്തരഫലവും 1930-കളുടെ പ്രാരംഭത്തിൽ ചരിത്രത്തിലേക്കും വലിയ സാമ്പത്തിക മാന്ദ്യത്തിലേക്കു നയിച്ചു. യുദ്ധത്തിൻെറ പരിണതഫലങ്ങളും സമാധാനത്തിനായുള്ള ക്രമീകരണത്തിൻെറ പ്രശ്നങ്ങളും മിക്കവാറും എല്ലാ രാഷ്ട്രങ്ങളിലും അസ്വസ്ഥതയിലേക്കു നയിച്ചു." ഇതു് രണ്ടാം ലോകമഹായുദ്ധത്തിനു വഴിയൊരുക്കി. ആ യുദ്ധത്തെ സംബന്ധിച്ചു് ഇതേ ഉറവു് ഇങ്ങനെ കുറിക്കൊള്ളുന്നു:

> "രണ്ടാം ലോകമഹായുദ്ധം . . . ചരിത്രത്തിലെ മറെറാരു യുദ്ധത്തേക്കാളും കൂടുതലാളുകളെ കൊന്നു, കൂടുതൽ പണച്ചെലവു വരുത്തി, കൂടുതൽ വസ്തുനാശം വരുത്തി, കൂടുതൽ ആളുകളെ ബാധിച്ചു . . . പൌരജനങ്ങളിലും പട്ടാളത്തിലും യുദ്ധത്തിൽ മരിച്ചവരുടെ എണ്ണം മൊത്തം 2,20,00,000 ത്തിലധികമായി എന്നു കണക്കാക്ക

---

9. "അന്ത്യനാളുക"ളെ അടയാളപ്പെടുത്തുന്ന വേറെ ഏതു സംഭവം 1914 മുതൽ അസാധാരണമായി കൂടെക്കൂടെ സംഭവിച്ചിരിക്കുന്നു?

10. 1914-നെ അടയാളപ്പെടുത്തിയ സംഭവങ്ങൾ "കൊടുംവിപത്തിൻെറ വേദനകളുടെ ആരംഭം" മാത്രമായിരുന്നുവെന്നു് എന്തു പ്രകടമാക്കുന്നു?

പ്പെട്ടിരിക്കുന്നു. മുറിവേററവരുടെ എണ്ണം 3,40,00,000 ത്തിലധികമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.” *

സത്യമായി യേശു മുൻകൂട്ടിപ്പറഞ്ഞ “കൊട്ടംവിപത്തുകളുടെ വേദനകൾ,” “അന്ത്യനാളുകൾ” അവയുടെ പരമകാഷ്ഠയിലേക്കു നീങ്ങുമ്പോൾ വർദ്ധിച്ചിരിക്കുന്നു.

[11] രണ്ടാം ലോകമഹായുദ്ധകാലത്തും അതിനുശേഷവും വിപുലവ്യാപകമായ ഭക്ഷ്യക്ഷാമങ്ങൾ കൊട്ടംവിപത്തിനെ വർദ്ധിപ്പിച്ചിരിക്കുന്നു. യുദ്ധം കഴിഞ്ഞു താമസിയാതെ ലുക്ക് മാസിക ഇങ്ങനെ നിരീക്ഷിച്ചു:

“ലോകത്തിൻെറ നാലിലൊന്ന് ഇന്നു പട്ടിണിയാണ്. നാളെ ഇതിലും മോശംപോലുമായിരിക്കും. ലോകത്തിൽ അധികം ഭാഗത്തുമുള്ള ക്ഷാമം നമ്മിലധികംപേക്കും ഊഹിക്കാൻ കഴിയുന്നതിനേക്കാൾ ഭയങ്കരമാണ് . . . ഇപ്പോൾ ചരിത്രത്തിൽ മറേറതൊരു കാലത്തേതിലുമധികം ആളുകൾ കഠിനമായി ഭക്ഷണം തേടുകയാണ്.” †

കുറേക്കൂടെ അടുത്തകാലത്ത് “ക്ഷാമം—1975!” എന്ന അഭിധാനത്തിലുള്ള പുസ്തകം ഇന്നത്തെ ഭക്ഷ്യക്ഷാമത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞു:

“രാജ്യംതോറും ഭൂഖണ്ഡംതോറും ഉഷ്ണമേഖലകളിലെയും ഉപോഷ്ണമേഖലകളിലെയും അവികസിതപ്രദേശങ്ങളിൽ ഉടനീളം വിശപ്പു പടർന്നുപിടിച്ചിരിക്കുന്നു. ഇന്നത്തെ പ്രതിസന്ധിയ്ക്കു് ഒരു ദിശയിൽ മാത്രമേ നീങ്ങാൻ കഴിയൂ—വിപത്തിലേയ്ക്കു്. ഇന്ന് വിശക്കുന്ന രാഷ്ട്രങ്ങൾ; നാളെ പട്ടിണികിടക്കുന്ന രാഷ്ട്രങ്ങൾ.

“1975 ആകുമ്പോഴേയ്ക്കു്, ആഭ്യന്തരകലഹം, അരാജകത്വം, സൈനിക ഏകാധിപത്യം, വർദ്ധിച്ച പണപ്പെരുപ്പം, ഗതാഗതത്തകർച്ചകൾ, കുഴപ്പം നിറഞ്ഞ അസ്വസ്ഥത എന്നിവയായിരിയ്ക്കും അനേകം വിശക്കുന്ന രാഷ്ട്രങ്ങളിലെ ദൈനംദിന സ്ഥിതി.” ‡

* ദി വേൾഡ് ബുക്ക് എൻസൈക്ലോപ്പീഡിയാ, 1966 വാല്യം 20, 379, 380, 410 എന്നീ പേജുകൾ.

† 1946 ജൂൺ 11 ലെ ലുക്ക്.

‡ ക്ഷാമം—1975! ഡബ്ലിയു. & പി. പാഡോക്കിനാൽ വിരചിതം, 1967, 52, 55, 61 എന്നീ പേജുകൾ.

11. (എ) യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെ ഭക്ഷ്യക്ഷാമങ്ങൾ ഏതളവിൽ കൊട്ടംവിപത്തിനെ വർദ്ധിപ്പിച്ചിരിക്കുന്നു? (ബി) “ക്ഷാമം—1975!” എന്ന ഗ്രന്ഥം ഭാവിയെക്കുറിച്ച് എന്തു പറയുന്നു?

[12] യേശു "അന്ത്യനാളുകളു"ടെ ഒരു ലക്ഷണമായി "അധർമ്മത്തിൻെറ വർദ്ധനവും" മുൻകൂട്ടിപ്പറഞ്ഞു. (മത്തായി 24:12) "അന്ത്യനാളുകളിൽ . . . മനുഷ്യർ സ്വസ്നേഹികളും . . . മാതാപിതാക്കന്മാരെ അനുസരിക്കാത്തവരും . . . ആത്മനിയന്ത്രണമില്ലാത്തവരും, ഉഗ്രന്മാരും, നന്മപ്രിയമില്ലാത്തവരും . . . ദൈവപ്രിയക്കു പകരം ഉല്ലാസപ്രിയരും . . . ആയിരിക്കും . . . ദുഷ്ടമനുഷ്യരും വഞ്ചകന്മാരും വഷളത്വത്തിൽനിന്നു് അധികം വഷളത്വത്തിലേയ്ക്കു് മുന്നേറും" എന്നു കുറിച്ചേക്കുവാൻ ദൈവം അപ്പോസ്തലനായ പൌലോസിനെ നിശ്വസ്തനാക്കി. (2 തിമൊഥെയോസ് 3:1-5, 13) ഇവ 1914 മുതൽ സ്ഫോടനാത്മകമായ നിരക്കിൽ വികാസം പ്രാപിച്ചിരിക്കുന്ന അവസ്ഥകളാണ്! നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ടു് അവ കണ്ടിരിക്കുന്നു. ഇല്ലയോ? ലോകത്തിലുടനീളം അധർമ്മം ഉഗ്രമായിത്തീരുകയാണ്, ഒരു അഭിഭാഷകൻ ഇങ്ങനെ പറഞ്ഞു: "സോവ്യററ് റഷ്യ ഉൾപ്പെടെ ഭൂമിക്കുവൊട്ടും എല്ലായിടത്തും അക്രമത്തിൽ, വിശേഷിച്ച്, യുവജനങ്ങളും, ചെറുപ്പക്കാരുടെ അക്രമത്തിൽ, ഒരു വർദ്ധനവുള്ളതായി തോന്നുന്നു."* ഒന്നിനു പിറകെ ഒന്നായി രാഷ്ട്രങ്ങളിൽനിന്നു് പിൻവരുന്നപ്രകാരമുള്ള റിപ്പോർട്ടുകൾ വരുന്നു:

"ഐക്യനാടുകളിലുടനീളം കുററകൃത്യങ്ങളുടെയും ലഹളയുടെയും ഒരു തിരത്തള്ളൽ അടിച്ചുകയറുകയാകുന്നു . . . നിരവധി നഗരങ്ങളിൽ ഇരുണ്ടുകഴിഞ്ഞാൽ പുറത്തു പോവാൻ സ്ത്രീകൾക്കു ഭയമാണ്. അവക്കു നല്ല കാരണമുണ്ടു്. ബലാൽസംഗങ്ങളും കൈയേററങ്ങളും മൌഢ്യമായ അക്രമത്തിൻെറ ലൈംഗിക ദ്രോഹപ്രിയത്തോടുകൂടിയ മുന്നേററങ്ങളും വർദ്ധിക്കുകയാണ്. മിക്കപ്പോഴും വെറും കാടത്വത്തിൽനിന്നു് അക്രമങ്ങൾ ചെയ്യപ്പെടുന്നതായി തോന്നുന്നു . . . നിയമസമാധാനത്തോടുള്ള ആദരവു കുറയുകയാണ്."†

[13] "അന്ത്യനാളുകളുടെ" മറെറാരു ലക്ഷണമായി യേശു

* യു. എസ്. ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്, 1965, നവംബർ 1, പേജ് 80.

† ടി 1966 ആഗസ്റ്റ് 1, 46, 47 എന്നീ പേജുകൾ.

12. (എ) ബൈബിൾ മുൻകൂട്ടിപ്പറഞ്ഞിരുന്ന മററ് ഏതു അവസ്ഥകൾ 1914-നുശേഷം സ്ഫോടനാത്മകമായ ഒരു നിരക്കിൽ വികാസം പ്രാപിച്ചിരിക്കുന്നു? (ബി) അതുകൊണ്ടു് ഒന്നിനു പിറകേ ഒന്നായി രാഷ്ട്രങ്ങളിൽനിന്നു് ഏതുതരം റിപ്പോർട്ടുകൾ വരുന്നു?

13. (എ) ലൂക്കോസ് 21:25, 26-ൽ "അന്ത്യനാളുകളു"ടെ വേറെ ഏതു ലക്ഷണം യേശു മുൻകൂട്ടിപ്പറഞ്ഞു? (ബി) ഈ പ്രവചനത്തിൻെറ നിവൃത്തി നമ്മുടെ കാലത്തെ വാർത്തകളിൽ പ്രസ്പഷ്ടമായിരിക്കുന്നതെങ്ങനെ?

രാഷ്ട്രങ്ങളുടെയും അവയുടെ നേതാക്കന്മാരുടെയും ഇടയിലെ വലിയ കുഴപ്പത്തെക്കുറിച്ചും ഭയത്തെക്കുറിച്ചും പ്രസ്താവിക്കുകയുണ്ടായി. അവൻ ഇങ്ങനെ മുൻകൂട്ടിപ്പറഞ്ഞു: "ഭൂമിയിൽ പോംവഴിയറിയാത്ത രാഷ്ട്രങ്ങളുടെ അതിവേദന ഉണ്ടായിരിക്കും . . . നിവസിത ഭൂമിമേൽ വരുന്നവയെക്കുറിച്ചുള്ള ഭയവും പ്രതീക്ഷയുംനിമിത്തം മനുഷ്യർ മോഹാലസ്യപ്പെടുന്നു." (ലൂക്കോസ് 21:25, 26) ഈ പ്രവചനത്തിൻെറ നിവൃത്തി നമ്മുടെ കാലത്തെ വാർത്തകളിൽ പ്രസ്പഷ്ടമാണ്. *യു. എസ്. ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്* ഇങ്ങനെ പറഞ്ഞു:

"ലോകം രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പത്തെക്കാൾ വലിയ പ്രക്ഷുബ്ധതയിലാണോ? നിസ്സംശയമായും.

"ശരാശരി *മാസത്തിലൊരിക്കൽ* വെടിവെപ്പോടുകൂടിയ കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. കൊറിയായുദ്ധവും വിയററ്നാം യുദ്ധവുംപോലെയുള്ള യഥാർത്ഥയുദ്ധങ്ങൾ എണ്ണുമ്പോൾ, രണ്ടാം ലോകമഹായുദ്ധശേഷം 300-ലധികം വിപ്ളവങ്ങളും സൈനിക വിപ്ളവങ്ങളും ലഹളകളും മത്സരങ്ങളും പ്രക്ഷോഭണങ്ങളും നടന്നുവെന്ന് രേഖ ഇപ്പോഴും പ്രകടമാക്കുന്നു."*

ചില രാഷ്ട്രങ്ങൾക്കു കൈവശമുള്ള ന്യൂക്ളിയർ ആയുധങ്ങളുടെ വലിയ ശേഖരണത്താൽ നശിപ്പിക്കപ്പെടുന്നതിൻെറ ഭയവും ഇവയോടുകൂടെയെല്ലാമുണ്ട്. ഒരു വാർത്താലേഖകൻ ഇങ്ങനെ പ്രസ്താവിച്ചു: "ഇന്നു നമ്മുടെ ജീവിതങ്ങളെ ഭരിക്കുന്ന ഏററവും വലിയ ഒററപ്പെട്ട വികാരം ഭയമാണ് എന്നതാണ് പരമാർത്ഥം."† ഇതു യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെതന്നെയാണ്: മനുഷ്യവർഗ്ഗം ഭയചകിതരാണ്, രാഷ്ട്രങ്ങൾ അതിവേദനയിലാണ്.

14 മുൻകൂട്ടിപ്പറഞ്ഞ "അന്ത്യനാളുകളുടെ" സകല ലക്ഷണങ്ങളും ഇവിടെ സംഭവിച്ചിരിക്കുന്നു. നാം 1914 മുതൽ "അന്ത്യനാളു"കളിൽ ആകുന്നുവെന്ന് അവ സംശയാതീതമായി തെളിയിക്കുന്നു. അതുകൊണ്ട് ആ വർഷത്തിലാണ് ദൈവത്തിൻെറ സ്വർഗ്ഗീയരാജ്യം അധികാരത്തിൽ വന്നത്!—വെളിപാട് 11:17, 18.

* യു. എസ്. ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്, 1967 നവം. 27, പേജ് 62.

† ടി 1965 ഒക്ടോ. 11, പേജ് 114.

14. 1914-നെ സംബന്ധിച്ച് സകല തെളിവും എന്തു പ്രകടമാക്കുന്നു?

15 കഴിഞ്ഞ തലമുറകളിൽ അക്രമത്താലും, അധികമായ അധാർമ്മിക നടത്തയാലും അടയാളപ്പെട്ടുത്തപ്പെട്ട കാലഘട്ടങ്ങൾ ഉണ്ടായിരുന്നുവെന്നതു് സത്യംതന്നെ. റോമാസാമ്രാജ്യത്തിൻെറ അധ:പതനം ഒരു ദൃഷ്ടാന്തമാണു്. എന്നാൽ മാനുഷചരിത്രത്തിൽ മുമ്പൊരിക്കലും, യേശു പ്രത്യേകമായി പ്രസ്താവിച്ച *സകല* അവസ്ഥകളും ഒരേ തലമുറയിൽ നിരീക്ഷിക്കപ്പെട്ടിരുന്നില്ല. അവ മുമ്പൊരിക്കലും ഭൂമിയിലെ സകല രാഷ്ട്രങ്ങളിലും ഒരേ സമയത്തു സ്ഥിതിചെയ്തിരുന്നിട്ടില്ല. ഇന്നു നാം കേവലം ഒരു രാഷ്ട്രീയ സാമ്രാജ്യത്തിൻെറ അന്ത്യനാളുകളിലല്ല, പിന്നെയോ സാത്താനാൽ നിയന്ത്രിക്കപ്പെടുന്ന മുഴു ദുഷ്ടവ്യവസ്ഥിതിയുടെയും "അന്ത്യനാളുകളി"ലാണു് ജീവിക്കുന്നതു്.

### 1914 ഒരു സുപ്രധാന വർഷം

16 ബൈബിൾ പണ്ഡിതന്മാർ, 1914 വലിയ പ്രാധാന്യമുള്ള ഒരു വർഷമായിരിക്കുമെന്നു് വർഷങ്ങൾക്കു മുമ്പുതന്നെ തിരിച്ചറിഞ്ഞിരുന്നു. ബൈബിൾ കാലക്കണക്കു് കൃത്യമായി ആ വർഷത്തിലേക്കു്* വിരൽചൂണ്ടുന്നു; ദൈവവചനത്തിൻെറ സൂക്ഷ്മ പഠിതാക്കൾ അതറിഞ്ഞിരുന്നു. വലിയ മാററങ്ങൾ സംഭവിക്കുവാൻ അവർ പ്രതീക്ഷിച്ചിരുന്നു. 1914 തീർച്ചയായും ഒരു സുപ്രധാന വർഷമായിരുന്നുവെന്നു് വസ്തുതകൾ സ്ഥിരീകരിക്കുന്നു.

17 ലോകകാര്യങ്ങൾ അറിവുള്ള മററു ചിലർ 1914 ഒരു സുപ്രധാന വർഷമായിരുന്നുവെന്നതിനോടു് പൂർണ്ണമായി യോജിക്കുന്നു. ഒന്നാം ലോകമഹായുദ്ധം "മുഴുലോകത്തിൻെറയും രാഷ്ട്രീയ ഘടനയെ പറിച്ചുകീറി. യാതൊന്നിനും വീണ്ടുമൊരിക്കലും അതുതന്നെയായിരിക്കാൻ കഴിഞ്ഞില്ല . . . അടുത്ത നൂററാണ്ടിലെ ഏതെങ്കിലും ചരിത്രകാരൻ ലോകത്തിനു ഭ്രാന്തു പിടിച്ച ദിവസം 1914 ഓഗസ്റ്റ് 4 ആയിരുന്നുവെന്നു് നന്നായി നിഗമനം ചെയ്തേക്കാം"† എന്നു് ദി ലണ്ടൻ *ഈവനിംഗ് സ്റ്റാർ* പ്രസ്താവിച്ചു. 1914 വരുത്തിയ

* ഇതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കു് "മഹാബാബിലോൻ വീണിരിക്കുന്നു!" ദൈവത്തിൻെറ രാജ്യം ഭരിക്കുന്നു! എന്ന പുസ്തകത്തിൻെറ 174–181 വരെയുള്ള പേജുകളും, നഷ്ടപ്പെട്ട പരദീസാമുതൽ തിരികെ കിട്ടിയ പരദീസാവരെ [ഇംഗ്ലീഷ്] എന്നതിൻെറ 173–ാം പേജും കാണുക.

† ലണ്ടൻ ഈവനിംഗ്സ്റ്റാർ. 1960 ഓഗസ്റ്റ് 5–ലെ ന്യൂ ഓർലിയൻസ് ടൈംസ്-പിക്കയൂണിൽ ഉദ്ധരിക്കപ്പെട്ടതു്.

15. നമ്മുടെ തലമുറ മററുള്ള സകലത്തേയുംപോലെയല്ലാത്തതെന്തുകൊണ്ടു്?
16. 1914–ൽ വലിയ മാററങ്ങൾ ഉണ്ടാകുമെന്നു് ബൈബിൾ പണ്ഡിതന്മാർ മുമ്പുകൂടി അറിഞ്ഞിരുന്നോ?
17. 1914 എന്ന വർഷത്തെക്കുറിച്ചു് ചരിത്രകാരന്മാർ എന്തു പറയുന്നു?

വലിയ മാററത്തെക്കുറിച്ച് ചരിത്രകാരനായ എച്ച്. ആർ. ട്രവർ-റോപ്പർ ഇങ്ങനെ പറഞ്ഞു:

"ഒന്നാം ലോകമഹായുദ്ധത്തെ രണ്ടാമത്തേതിനോട് താരതമ്യപ്പെടുത്തുന്നതു് പ്രബോധനപരമാണ് ... ഒന്നാമത്തെ യുദ്ധം ചരിത്രത്തിൽ വളരെ വലിയ മാററം വരുത്തി, ഇതു് പൊതുസമാധാനത്തിൻെറ ഒരു ദീർഘഘട്ടത്തെ അവസാനിപ്പിക്കയും അക്രമത്തിൻെറ ഒരു പുതിയയുഗം തുടങ്ങുകയുംചെയ്തു; അതിൽ രണ്ടാമത്തെ യുദ്ധം കേവലം ഒരു ഉപകഥയാണ്. 1914 മുതൽ ലോകത്തിന് ഒരു പുതിയ സ്വഭാവം: അന്തർദ്ദേശീയമായ അരാജകത്വത്തിൻെറ ഒരു സ്വഭാവം, ഉണ്ട് .... ഇപ്രകാരം ഒന്നാം ലോകമഹായുദ്ധം ആധുനിക ചരിത്രത്തിൻെറ ഒരു വഴിത്തിരിവിനെ അടയാളപ്പെടുത്തുന്നു."*

18 ലോകനേതാക്കന്മാരും 1914 എന്ന വർഷത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. പശ്ചിമജർമ്മനിയുടെ മുൻ ചാൻസലറായിരുന്ന കോൺറാഡ് അഡനോവർ "ഈ ഭൂമിയിൽ യഥാർത്ഥ സമാധാനവും ശാന്തതയും സുരക്ഷിതത്വവുമുണ്ടായിരുന്ന, 1914-നു മുമ്പത്തെ" ഒരു കാലത്തെക്കുറിച്ചു്, നാം "ഭയം അറിഞ്ഞിരുന്നില്ലാഞ്ഞ ഒരു കാലത്തെ"ക്കുറിച്ചു്, സംസാരിച്ചു. അനന്തരം അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "1914 മുതൽ മനുഷ്യരുടെ ജീവിതത്തിൽനിന്നു് സുരക്ഷിതത്വവും ശാന്തതയും അപ്രത്യക്ഷമായിരിക്കുന്നു. സമാധാനമോ? 1914 മുതൽ ജർമ്മൻകാർ യഥാർത്ഥ സമാധാനം അറിഞ്ഞിട്ടില്ല, മനുഷ്യവർഗ്ഗത്തിൽ അധിക പങ്കും അറിഞ്ഞിട്ടില്ല.† "1914" എന്ന അഭിധാനത്തിലുള്ള പുസ്തകത്തിലെ പ്രസ്താവനയും കുറിക്കൊള്ളുക. ഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു: "1914-ൽ ലോകം അതു് അന്നു് അറിയപ്പെട്ടകയും സ്വീകരിക്കപ്പെട്ടകയുംചെയ്ത വിധത്തിൽ ഒരു അന്ത്യത്തിലേക്കുവന്നു. അതിനു മുമ്പോ പിമ്പോ ഉള്ള ഏതൊരു വർഷത്തെക്കാളും വളരെയധികമായി ഇതു് ഇരുപതാം നൂററാണ്ടിൻെറ ചിഹ്നന അടയാളമായിരുന്നു ... അന്നുമുതൽ യാതൊന്നിനും അതുതന്നെയായിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല."‡

* 1954 ഓഗസ്റ്റ് 1-ലെ ദി ന്യൂയോർക്ക് ടൈംസ് മാസികയുടെ 9-ാം പേജ്.

† ക്ലീവ്ലണ്ട് വെസ്റ്റ് പാക്കർ, 1966 ജനു. 20, പേജ് 1.

‡ 1914 ജെ. കാമൂണിനാലുള്ളതു് 1959, പേജുകൾ v, vi.

18. 1914-ൻെറ പ്രാധാന്യത്തെക്കുറിച്ചു മററുള്ളവർ എന്തു പറഞ്ഞിരിക്കുന്നു?

19 തങ്ങളുടെ നാശത്തിനു മുമ്പ് തങ്ങൾക്ക് "ഒരു ചുരുങ്ങിയ കാലഘട്ടം" മാത്രമേയുള്ളുവെന്ന് പിശാചായ സാത്താനും അവന്റെ ഭൂതങ്ങൾക്കും അറിയാം. (വെളിപാട് 12:12) യേശു ഭൂമിയിലായിരുന്നപ്പോൾ പോലും തങ്ങൾ ഒരു ദിവസം നശിപ്പിക്കപ്പെടുമെന്ന് ഭൂതങ്ങൾക്ക് അറിയാമായിരുന്നു. അന്ന് അവർ ഒരു ദുഷ്ടസ്വഭാവം പ്രകടമാക്കി. ഇപ്പോൾ അവരുടെ കാലം ചുരുങ്ങിയിരിക്കുന്നതായി അവർ അറിയുന്നതുകൊണ്ട് അവർ എന്നെത്തേതിലുമധികം ദുഷ്ടരും നിരാശരുമാണ്. (ലൂക്കോസ് 8:27-33) അവർ ദൈവരാജ്യത്തിൽനിന്ന് മനുഷ്യവർഗ്ഗത്തിന്റെ ശ്രദ്ധയെ തിരിച്ചുവിടുന്നതിന്, തങ്ങൾക്കു കഴിയുന്നിടത്തോളം കുഴപ്പം ഇളക്കിവിടാൻ തുനിഞ്ഞിറങ്ങിയിരിക്കയാണ്. അതുകൊണ്ടാണ് ഈ ദുഷ്ടവ്യവസ്ഥിതി 1914 മുതൽ ഇത്ര ഭ്രാന്തുപിടിച്ചരീതിയിൽ വർത്തിച്ചുകൊണ്ടിരിക്കുന്നത്. അത്, പൂർണ്ണമായി ആട്ടം നിർത്തുന്നതിനു തൊട്ടു മുമ്പ് ഭ്രാന്തുപിടിച്ച് ആടുന്ന ഒരു പമ്പരം പോലെ, ഒരു കുട്ടിയുടെ കളിപ്പാട്ടംപോലെയാണ് വർത്തിക്കുന്നത്.

20 നാം ഈ പരിതഃസ്ഥിതിയിൽ നിരുത്സാഹപ്പെടുന്നുവോ? തന്റെ ശിഷ്യന്മാർക്ക് തങ്ങളുടെ തലകളുയർത്തുവാൻ കാരണമുണ്ടായിരിക്കുമെന്ന് യേശു പറഞ്ഞു. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അവർ അതിന്റെയെല്ലാം അർത്ഥം തിരിച്ചറിയുന്നു. വിടുതൽ സമീപിച്ചിരിക്കുന്നുവെന്നുള്ളതിന്റെ തെളിവ് അവർ ഈ സംഭവങ്ങളിൽ കാണുന്നു! (ലൂക്കോസ് 21: 28) അവർ ഈ സന്തോഷകരമായ വാർത്ത തങ്ങൾക്കുതന്നെ വെച്ചുകൊണ്ടിരിക്കാതെ, ദൈവരാജ്യം ഇപ്പോൾ ഭരിക്കുന്നുവെന്ന പുളകപ്രദമായ വാർത്ത സർവ്വഭൂമിയിലും പ്രസംഗിക്കുകയാണ്. യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെ: "രാജ്യത്തിന്റെ ഈ സുവാർത്ത സകലരാഷ്ട്രങ്ങൾക്കും ഒരു സാക്ഷ്യത്തിനായി നിവസിതഭൂമിയിലെല്ലാം പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും." (മത്തായി 24:14) ഇതും "അടയാള"ത്തിന്റെ ഭാഗമാണ്. വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയിലും സമുദ്രങ്ങളിലെ ദ്വീപുകളിലും യഹോവയുടെ സാക്ഷികൾ തീക്ഷ്ണതയോടെ ഈ

---

19. ഈ ദുഷ്ടവ്യവസ്ഥിതി 1914 മുതൽ ഇത്ര ഭ്രാന്തുപിടിച്ച രീതിയിൽ വർത്തിച്ചിരിക്കുന്നതെന്തുകൊണ്ട്?

20. (എ) നാം ലോകാവസ്ഥയാൽ നിരുത്സാഹപ്പെടരുതാത്തതെന്തുകൊണ്ട്? (ബി) തന്റെ അനുഗാമികൾ ഈ കാലത്തു എന്തു പ്രസംഗിക്കുമെന്ന യേശു മുൻകൂട്ടിപ്പറഞ്ഞു? അതു ചെയ്യപ്പെടുന്നുണ്ടോ?

അടിയന്തിരമായ ദൂതു് ഘോഷിച്ചുകൊണ്ടിരിക്കയാണു്. നിങ്ങൾ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും വലിയ നഗരങ്ങളിലും ചെറിയ ഗ്രാമങ്ങളിലും അവരെ കണ്ടെത്തും. ഉവ്വ്, "അടയാള"ത്തിൻെറ ഈ ഭാഗവും നിറവേറിക്കൊണ്ടിരിക്കുന്നു.

[21] തെളിവു് 1914 നെ, സകല സംശയത്തിനും അതീതമായി, ദൈവരാജ്യം പ്രവത്തനത്തിലായ വർഷമായി ചൂണ്ടിക്കാണിക്കുന്നു. ആ സംഭവം ഇവിടെ ഭൂമിയിൽ കാര്യങ്ങൾ സംഭവിപ്പാനിടയാക്കുന്നു. അതേ വർഷത്തിൽ "ഇപ്പോഴത്തെ ദുഷ്ടവ്യവസ്ഥിതി" അതിൻെറ "അന്ത്യനാളുകളി"ലേക്കു് പ്രവേശിച്ചു. (ഗലാത്യർ 1:4) പെട്ടെന്നുതന്നെ, ഇപ്പോൾ ദൈവത്തിൻെറ രാജ്യം "വരു"വാനുള്ള പ്രാർത്ഥനയ്ക്കു് ഉത്തരം ലഭിക്കും. അപ്പോൾ അതു് സാത്താൻെറ മുഴുദുഷ്ടവ്യവസ്ഥിതിയെയും നശിപ്പിച്ചുകൊണ്ടു് അതിൻെറ ശക്തി പ്രദർശിപ്പിക്കും. അപ്പോൾ നിത്യതയിലെല്ലാം ഭൂമിയെ ഭരിക്കുന്നതിനുള്ള ഏകഗവണ്മെൻറു് എന്ന നിലയിൽ ദൈവത്തിൻെറ രാജ്യം മാത്രം പ്രവത്തിക്കും. (ദാനിയേൽ 2:44) ഭൂമിയുടെ സകലകാര്യങ്ങളുടെയും നേരിട്ടുള്ള നിയന്ത്രണം ഏറെറടുത്തുകൊണ്ടു് അതു് അനുസരണമുള്ള മനുഷ്യവർഗ്ഗത്തിന്മേൽ സമാധാനത്തിൻെറയും സൌഭാഗ്യത്തിൻെറയും ജീവൻെറയും അനുഗ്രഹങ്ങൾ വർഷിക്കും. 'ദൈവത്തിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടക്കേണമേ' യെന്നുള്ള പ്രാർത്ഥനയ്ക്കു് മഹത്തായ നിവൃത്തി ഉണ്ടായിക്കഴിഞ്ഞിരിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ രാജ്യം എന്നേക്കും ഭരിക്കുന്നതിനു് വന്നിരിക്കും. അതിനെക്കുറിച്ചു ചിന്തിക്കുക! *നിങ്ങൾ* ആ രാജ്യത്തിൻെറ സ്നേഹപുരസ്സരമായ ഭരണത്തിൻകീഴിൽ നിത്യജീവൻ അനുഭവിച്ചേക്കാം. —മത്തായി 6:9, 10.

---

21. (എ) 1914-ൽ കേവലം എന്തു സംഭവിച്ചുവെന്നു വിശദീകരിക്കുക. (ബി) ദൈവത്തിൻെറ രാജ്യം "വരുവാ"നുള്ള പ്രാർത്ഥനയുടെ ഉത്തരം എന്തർത്ഥമാക്കും?

# ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യനാളുകൾ

**നാം** ജീവിക്കുന്ന കാലത്തെക്കുറിച്ചു് ബൈബിൾ "അന്ത്യനാളുകൾ" എന്നോ "അന്ത്യകാലം" എന്നോ പറയുന്നു. (2 തിമൊഥെയോസ് 3:1; ദാനിയേൽ 11:40) ഇതു സുനിശ്ചിതമായ ഒരു ആരംഭവും സുനിശ്ചിതമായ ഒരു അന്ത്യവുമുള്ള ഒരു പരിമിതമായ കാലഘട്ടമാണെന്ന് വസ്തുതകൾ പ്രകടമാക്കുന്നു. അതു് യേശുക്രിസ്തു സ്വർഗ്ഗങ്ങളിൽ രാജാവായി സിംഹാസനസ്ഥനാക്കപ്പെട്ട 1914-ൽ ആരംഭിച്ചു. അതു് ദൈവം ഇപ്പോഴത്തെ ഈ ദുഷ്ടവ്യവസ്ഥിതിയെ നശിപ്പിക്കുമ്പോൾ അവസാനിക്കും. വഞ്ചിക്കുകയും ഞെരുക്കുകയും ചെയ്യുന്ന സംഘടനകളും ആളുകളും, തങ്ങളുടെ സഹമനുഷ്യരുടെ സുരക്ഷിതത്വത്തെ അപകടത്തിലാക്കുന്ന സകലരും. പൊയ്പ്പോയിരിക്കുമ്പോൾ അതു് എന്തോരാശ്വാസമായിരിക്കും!

2 അതു് എത്ര പെട്ടെന്നായിരിക്കും? ദൈവത്തിന്റെ സ്വന്തം പുത്രനായ യേശുക്രിസ്തു ഉത്തരം നൽകുന്നു. 1914 മുതലുള്ള കാലഘട്ടത്തെ "അന്ത്യകാലം"മായി അടയാളപ്പെടുത്തുന്ന അനേകം കാര്യങ്ങളിലേക്കു് ശ്രദ്ധ ആകർഷിച്ചശേഷം യേശു പറഞ്ഞു: "ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ യാതൊരു പ്രകാരത്തിലും നീങ്ങിപ്പോകയില്ല." (മത്തായി 24:34) അവൻ ഏതു തലമുറയെയാണർത്ഥമാക്കിയതു്?

3 യേശു "ഇവയെല്ലാം കാണുന്ന" ആളുകളെ പരാമർശിച്ചു കഴിഞ്ഞതേയുണ്ടായിരുന്നുള്ളു. "ഇവ" 1914 മുതൽ സംഭവിച്ചിരിക്കുന്നതും ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യംവരെ ഇനിയും

---

1. "അന്ത്യനാളുകൾ" എപ്പോൾ ആരംഭിച്ചു, അവ ഏതു സംഭവത്തോടെ അവസാനിക്കും?

2. "അന്ത്യകാലം" എപ്പോൾ തീരുമെന്നുള്ളതു സംബന്ധിച്ചു് യേശു മത്തായി 24:34-ൽ എന്തു പറഞ്ഞു?

3. (എ) അന്ത്യം വരുന്നതിനുമുമ്പ ഏതു തലമുറ നീങ്ങിപ്പോകുകയില്ലെന്നാണു് യേശു പറഞ്ഞതു്? (ബി) അതുകൊണ്ടു നാം ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തോടു വളരെ അടുത്തിരിക്കുന്നുവെന്നു് നമുക്കു് എങ്ങനെ പറയാൻ കഴിയും?

സംഭവിക്കുവാനുള്ളതുമായ സംഭവങ്ങളാണ്. (മത്തായി 24:33) അമ്പതുവർഷം മുമ്പു ജനിച്ച ആളുകൾക്കുപോലും *"ഇവയെല്ലാം"* കാണാൻ കഴിഞ്ഞില്ല. മുൻകൂട്ടിപ്പറഞ്ഞ സംഭവങ്ങൾ നടക്കാൻ തുടങ്ങിയശേഷമാണ് അവർ രംഗത്തു വന്നത്. എന്നാൽ 1914-ൽ ജീവിച്ചിരുന്നവരും അന്നു സംഭവിച്ചവ കണ്ടവരും, ആ സംഭവങ്ങളെ ഇപ്പോഴും ഓർക്കാൻ തക്ക പ്രായം ഉണ്ടായിരുന്നവരുമായ ആളുകൾ ഇപ്പോഴും ജീവിക്കുന്നുണ്ട്. ഈ തലമുറയ്ക്ക് ഇപ്പോൾ പ്രായം കൂടിവരുകയാണ്. അവരിൽ ഒരു വലിയ സംഖ്യ മരണത്തിൽ നീങ്ങിപ്പോയിക്കഴിഞ്ഞു. എന്നിരുന്നാലും, യേശു വളരെ കൃത്യമായി ഇങ്ങനെ പറഞ്ഞു: "ഇവയെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ *യാതൊരുപ്രകാരത്തിലും* നീങ്ങിപ്പോകയില്ല." അവരിൽ ചിലർ ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യം കാണുന്നതിന് അപ്പോഴും ജീവിച്ചിരിക്കും. ഇതിന്റെ അർത്ഥം അന്ത്യം വരുന്നതിനു മുമ്പ് ചുരുങ്ങിയ കാലമേ ശേഷിച്ചിട്ടുള്ളു എന്നാണ്! (സങ്കീർത്തനം 90:10 [89:10, *Dy*]) അതുകൊണ്ട് നിങ്ങൾ ഈ ദുഷ്ടവ്യവസ്ഥിതിയോടുകൂടെ തുടച്ചുനീക്കപ്പെടാനാഗ്രഹിക്കുന്നില്ലെങ്കിൽ അടിയന്തിരമായ നടപടി സ്വീകരിക്കാനുള്ള സമയം ഇപ്പോഴാണ്.

### ഒരു "അന്ത്യകാലം" എന്തുകൊണ്ട്?

6 രാജ്യം 1914-ൽ അധികാരത്തിൽ വന്നെങ്കിലും

6. (എ) 1914-ൽ തന്റെ രാജ്യം അധികാരത്തിൽ വന്നപ്പോൾ തന്നെ സേവിച്ചുകൊണ്ടിരിക്കാഞ്ഞവരെ ദൈവം ഉടനെ നശിപ്പിക്കാഞ്ഞതിൽ നമുക്ക സന്തോഷിക്കാവുന്നതെന്തുകൊണ്ട്? (ബി) ഈ സംഗതിയെ ഉചിതമായി വീക്ഷിക്കുന്നതിനു ബൈബിൾ 2 പത്രോസ് 3:9-ൽ നമ്മെ സഹായിക്കുന്നതെങ്ങനെ?



യഹോവ തന്നെ സേവിക്കാഞ്ഞവരെ ഉടൻതന്നെ നശിപ്പിച്ചില്ല. നമുക്ക് അതിൽ എത്ര സന്തോഷിക്കാൻ കഴിയും! എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ ദീർഘക്ഷമ, അവൻെറ രാജ്യത്തിനുവേണ്ടി ഒരു ഉറച്ച നില സ്വീകരിക്കുന്നതിനും അങ്ങനെ നാശത്തിൽനിന്നു രക്ഷപെടുന്നതിനും നമുക്ക് ഒരു അവസരം പ്രദാനം ചെയ്തിരിക്കുന്നു. ഈ സംഗതിയെ ഉചിതമായ വെളിച്ചത്തിൽ വീക്ഷിക്കുന്നതിനു ബൈബിൾ നമ്മെ സഹായിക്കുന്നു, ഇങ്ങനെ പറഞ്ഞുകൊണ്ടു: "ചിലർ താമസമെന്നു പരിഗണിക്കുന്നതുപോലെ, യഹോവ തൻെറ വാഗ്ദത്തം സംബന്ധിച്ചു താമസമുള്ളവനല്ല. എന്നാൽ ആരും നശിപ്പിക്കപ്പെടാനാഗ്രഹിക്കാതെ എല്ലാവരും അനുതാപത്തിലെത്തുവാൻ അവൻ ആഗ്രഹിക്കുന്നതുകൊണ്ടു അവൻ നിങ്ങളോടു ക്ഷമയുള്ളവനാണ്."—2 പത്രോസ് 3:9; മത്തായി 24:21, 22 കൂടെ കാണുക.

[5] ഈ ഉദ്ദേശ്യത്തിൽ, ഈ ''അന്ത്യനാളുകളി''ൽ ഒരു വേർതിരിക്കൽ വേലയ്ക്കു യഹോവയാം ദൈവം സമയം അനുവദിച്ചിരിക്കുന്നു. "വ്യവസ്ഥിതിയുടെ സമാപന''ത്തെക്കുറിച്ചുള്ള തൻെറ വർണ്ണനയിൽ യേശു പിൻവരുന്ന പ്രകാരം ഇതു മുൻകൂട്ടിപ്പറഞ്ഞു: "മനുഷ്യപുത്രൻ [യേശുക്രിസ്തു] സകല ദൂതന്മാരോടും കൂടെ തൻെറ മഹത്വത്തിൽ വന്നെത്തുമ്പോൾ, അവൻ തൻെറ മഹത്വമുള്ള സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളും അവൻെറ മുമ്പാകെ കൂട്ടിച്ചേർക്കപ്പെടും, അവൻ ഒരു ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ ജനങ്ങളെ തമ്മിൽ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തൻെറ വലത്തുഭാഗത്തും കോലാടുകളെ തൻെറ ഇടത്തും നിർത്തും. അനന്തരം രാജാവു തൻെറ വലത്തുള്ളവരോടു പറയും, 'എൻെറ പിതാവിൻെറ അനുഗ്രഹമുള്ളവരേ, വരുവിൻ, ലോകത്തിൻെറ സ്ഥാപിക്കൽ മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ട രാജ്യം അവകാശമാക്കിക്കൊൾവിൻ.' അനന്തരം അവൻ, ക്രമത്തിൽ, തൻെറ ഇടത്തുള്ളവരോടു പറയും: 'ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവൻെറ ദൂതന്മാർക്കുംവേണ്ടി ഒരുക്കപ്പെട്ട [നാശത്തിൻെറ] നിത്യാഗ്നിയിലേക്കു പോകുവിൻ!' ഇവർ നിത്യച്ഛേദനത്തിലേക്കും, എന്നാൽ നീതിമാന്മാർ നിത്യജീവനിലേക്കും പോകും." (മത്തായി 25:31–46) ഈ "അന്ത്യനാളുകളു"ടെ സമാപനത്തിൽ ന്യായവിധി നടത്ത

**5. (എ) ഈ കാലത്തു യേശു ചെയ്യുന്ന ഒരു വേർതിരിക്കൽ വേലയെ അവൻ വർണ്ണിച്ചതെങ്ങനെ? (ബി) ഈ ''അന്ത്യനാളുകളുടെ'' സമാപനത്തിൽ ന്യായവിധി നിർവ്വഹിക്കപ്പെടുന്നവർക്ക് എന്തു സംഭവിക്കുന്നു?**

പ്പെടുമ്പോൾ നശിപ്പിക്കപ്പെടുന്നവർ "നിത്യച്ഛേദനത്തിലേക്കു"പോകും. അവക്ക് ഒരു പുനരുത്ഥാനത്താൽ ജീവനിലേക്കുള്ള മടങ്ങിവരവ് ഉണ്ടായിരിക്കയില്ല. (2 തെസ്സലൊനീക്യർ 1:7-9) അതുകൊണ്ട് ഈ "അന്ത്യനാളുകളി"ൽ ദൈവം കൃപാപൂർവ്വം എല്ലായിടത്തുമുള്ള മനുഷ്യക്ക് തൻെറ രാജ്യത്തിൻെറ പക്ഷത്തെ സ്വീകരിച്ചു ജീവിച്ചിരിക്കാൻ അവസരം നൽകിയിരിക്കുന്നു.

6 ദൈവം ഇതു ചെയ്യുന്നതെങ്ങനെയാണ്? ഈ വേർതിരിക്കൽവേല എങ്ങനെയാണ നിർവ്വഹിക്കപ്പെടുന്നത്? ദൈവദൂതന്മാരുടെ നടത്തിപ്പിൻകീഴിൽ ഭൂമിയിലെല്ലാമുള്ള ദൈവത്തിൻെറ വിശ്വസ്തദാസന്മാർ, പരമാർത്ഥഹൃദയമുള്ള ആളുകൾക്കു് കേട്ടനുസരിച്ചു പ്രവർത്തിക്കാൻ കഴിയേണ്ടതിന് ദൈവരാജ്യത്തിൻെറ ദൂതു ഘോഷിച്ചുകൊണ്ടിരിക്കുന്നു. ഇതാണ യേശു അന്ത്യത്തിൻെറ സാമീപ്യത്തെ സൂചിപ്പിക്കുന്ന "അടയാള"ത്തിൻെറ ഭാഗമായി പിൻവരുന്ന പ്രകാരം മുൻകൂട്ടിപ്പറഞ്ഞ വേല: "കൂടാതെ, സകല രാഷ്ട്രങ്ങളിലും സുവാർത്ത ആദ്യം പ്രസംഗിക്കപ്പെടേണ്ടതാണ്." (മർക്കോസ് 13:10; മത്തായി 24:14; വെളിപാട് 14:6, 7 ഇവയും കൂടി കാണുക.) ഈ ദൂതിനോടുള്ള അവരുടെ പ്രതികരണത്തിൻെറയും, യഹോവ തൻെറ സന്ദേശവാഹകന്മാരായി ഉപയോഗിക്കുന്നവരോടുള്ള അവരുടെ മനോഭാവത്തിൻെറയും അടിസ്ഥാനത്തിൽ, ജനങ്ങൾ ജീവനോടെ സംരക്ഷിക്കപ്പെടുമോ ഇല്ലയോ എന്നു് വിധിക്കപ്പെടുന്നു. (മത്തായി 25:40, 45) ദൈവരാജ്യത്തിൻകീഴിൽ നിങ്ങൾ ജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ, രാജ്യദൂതിന് ആനുകൂല്യത്തോടെ ചെവികൊടുക്കുകയും അതുതന്നെ ചെയ്യുന്നതിന് മററുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതിനാൽ അതു് ഇപ്പോൾ പ്രകടമാക്കുന്നതു് ജീവൽപ്രധാനമാണ്. സമീപ ഭാവിയിൽ ഈ പ്രസംഗവേല തീരും. അവസരത്തിൻെറ വാതിൽ അടയ്ക്കപ്പെടും. അപ്പോൾ അതു വളരെ വൈകിപ്പോകും!—യെഹെസ്കേൽ 33:8, 9.

## ആർ നശിപ്പിക്കപ്പെടും?

7 ഈ ദുഷ്ട വ്യവസ്ഥിതി അവസാനിക്കുമ്പോൾ "യഹോ

6. (എ) വേർതിരിക്കൽവേല എങ്ങനെ നിർവ്വഹിക്കപ്പെടുന്നു? (ബി) അതുകൊണ്ടു് നാം ദൈവരാജ്യത്തിൻകീഴിൽ ജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇപ്പോൾ എന്തു ചെയ്യണം?

7. യിരെമ്യാ 25:33 ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തെ എങ്ങനെ വർണ്ണിക്കുന്നു, നിഗ്രഹിക്കപ്പെടുന്നവരിൽ ഉൾപ്പെടുന്നതൊഴിവാക്കാൻ ബൈബിൾ നമ്മെ എങ്ങനെ സഹായിക്കുന്നു?

വയാൽ നിഗ്രഹിക്കപ്പെട്ടവർ തീർച്ചയായും ഭൂമിയുടെ ഒരററം മുതൽ മറേറ അററംവരെ വീണുകിടക്കും" എന്നു് തിരുവെഴുത്തുകൾ വെട്ടിത്തുറന്നു വെളിപ്പെടുത്തുന്നു. (യിരെമ്യാ 25:33) എന്നാൽ നിങ്ങൾ നിഗ്രഹിക്കപ്പെടുന്നവരിൽ ഉൾപ്പെടേണ്ടതില്ല. ദൈവം അവൻെറ വചനമായ ബൈബിളിൽ ഏതുതരം ആളുകളും വ്യവസ്ഥിതികളും സ്ഥാപനങ്ങളും നശിപ്പിക്കപ്പെടുമെന്നു് വ്യക്തമായി പ്രസ്താവിക്കുന്നു. മുന്നറിയിപ്പു ലഭിക്കുന്നതിനാൽ, ജീവനെ സ്നേഹിക്കുന്നവരും, ദൈവദൃഷ്ടിയിൽ ശരിയായതു ചെയ്യാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുമായ ആളുകൾക്കു് അപകടമേഖലയിൽനിന്നു് പുറത്തുപോകാൻ കഴിയും.

8 ആ സ്ഥിതിക്കു്, ആർ നശിപ്പിക്കപ്പെടുമെന്നാണു് ദൈവം പറയുന്നതു്? നാം പ്രതീക്ഷിച്ചേക്കാവുന്നതുപോലെ, ദുഷ്ടന്മാരാണു്. "ദുഷ്ടന്മാർ സസ്യങ്ങൾപോലെ മുളയ്ക്കുകയും ദ്രോഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെല്ലാം പുഷ്പിക്കയും ചെയ്യുമ്പോൾ അതു് അവർ എന്നേക്കും നിർമ്മൂലമാക്കപ്പെടേണ്ടതിനാണു്." (സങ്കീർത്തനം 92:7 [91:8, *Dy*]) എന്നാൽ നീതി എന്താണു്, ദുഷ്ടത എന്താണു് എന്നതു സംബന്ധിച്ചുള്ള ലോകത്തിൻെറ വീക്ഷണഗതി സ്വീകരിക്കുന്നതിനാൽ നമുക്കു വഴിതെററിക്കപ്പെടാതിരിക്കാം. ഈ ലോകം സാധാരണമെന്നു വീക്ഷിക്കുന്നതിലധികവും ദൈവത്തിൻെറ ദൃഷ്ടിയിൽ ദുഷ്ടതയാണെന്നു് അവൻ വ്യക്തമായി നമ്മോടു പറയുന്നു. പരസംഗവും വ്യഭിചാരവും സ്വവർഗ്ഗ സംഭോഗവും ആധുനിക നാളിലെ സമുദായത്താൽ അനുവദിക്കപ്പെട്ടേക്കാം. എന്നാൽ അങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരെ ദൈവം ഈ വ്യവസ്ഥിതിയുടെ അന്ത്യത്തിൽ ജീവനോടെ വെച്ചേക്കുകയില്ല. അതുപോലെതന്നെ ഭോഷ്കു പറയുന്നവരും മോഷ്ടാക്കളും മദ്യപാനികളും കൊലപാതകികളും ദൈവരാജ്യത്തിൻെറ പ്രദേശത്തു പ്രവേശിക്കുന്നതിൽനിന്നു് നിരോധിക്കപ്പെടും. (1 കൊരിന്ത്യർ 6:9, 10; വെളിപാടു് 21:8) ചിലർ ചീത്ത സഹവാസങ്ങൾ നിമിത്തം ഇങ്ങനെയുള്ള നടപടികളിൽ ഉൾപ്പെട്ടിരിക്കാം. എന്നാൽ ഇവർ നാശത്തെ ഒഴിവാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇപ്പോൾ ദൈവം പറയുന്നതെന്തെന്നറിഞ്ഞുകൊണ്ടു് തങ്ങളുടെ വഴികൾക്കു മാററം വരുത്തുന്നതു് ജീവൽപ്രധാനമാണു്. ദൈവത്തിൻെറ പുതിയ വ്യവസ്ഥിതിയിൽ, വഷളാക്കുന്ന

---

8. (എ) ആർ നശിപ്പിക്കപ്പെടുമെന്നു് ദൈവം പറയുന്നു? (ബി) ദൈവം ഏതുതരം ആളുകളെ ദുഷ്ടന്മാരായി തരംതിരിക്കുന്നു? അവർക്കു് അവരുടെ വഴികൾക്കു മാററം വരുത്താൻ കഴിയുമോ?

വരും വഞ്ചിക്കുന്നവരും തങ്ങളുടെ സഹമനുഷ്യരുടെ ജീവ നെ അപകടപ്പെടുത്തുന്നവരുമായവർക്കു സ്ഥാനമുണ്ടായിരിക്ക യില്ല.

9 ജനങ്ങളെ വഴിതെററിക്കുന്ന യാതൊരു സ്ഥാപനവും ഉണ്ടായിരിക്കയില്ല. സകല മതങ്ങളും ദൈവത്താൽ അംഗീ കരിക്കപ്പെടുന്നില്ലെന്ന് നാം ബൈബിളിൽ നിന്നു മനസ്സി ലാക്കിക്കഴിഞ്ഞു. അതുകൊണ്ട് വ്യാജത്തിന്മേൽ പണിയപ്പെ ട്ടിട്ടുള്ള മതം ഒരു കഴിഞ്ഞകാല സംഗതിയായിത്തീരുമെന്നു ള്ളതു് നമ്മെ ആശ്ചര്യഭരിതരാക്കരുതു്. ഒരു മതസ്ഥാപന ത്തിന് മനോഹരമായ കെട്ടിടങ്ങളും വർണ്ണോജ്ജ്വലങ്ങളായ കർമ്മങ്ങളുമുണ്ടായിരിക്കാം. എന്നാൽ അതു ദൈവത്തെ സംബ ന്ധിച്ചുള്ള സത്യം പഠിപ്പിക്കുന്നില്ലെങ്കിൽ അതു് യഥാർത്ഥ ത്തിൽ ദൈവത്തിൻെറ ശത്രുവായ പിശാചായ സാത്താൻെറ ഉദ്ദേശ്യത്തിന് ഉതകുകയാണ്. (1 കൊരിന്ത്യർ 10:20; 2 കൊരിന്ത്യർ 11:13-15) അതു് ദൈവവചനത്തെ കുറെ യൊക്കെ ഉപയോഗിച്ചേക്കാം, എന്നാൽ ലോകകാര്യങ്ങളിൽ ഒരു പങ്കുവഹിച്ചുകൊണ്ട് അതു ലോകത്തിൻെറ ഭാഗമായി രിക്കാൻ ശ്രമിക്കുന്നുവെങ്കിൽ, അപ്പോൾ ബൈബിൾ പ്രഖ്യാ പിക്കുന്നതുപോലെ അതു് "ദൈവത്തിൻെറ ഒരു ശത്രു" ആയിത്തീരുന്നു. (യാക്കോബ് 4:4; യോഹന്നാൻ 15:19) നാം ദൈവത്തിൻെറ ശത്രുക്കളോടുകൂടെ എണ്ണപ്പെടാനാഗ്രഹി ക്കുന്നുവോ? ഇല്ലെങ്കിൽ നാം അവരോട് അനുഭാവമുള്ളവ രല്ലെന്നും, നാം സത്യത്തിൽ മാത്രമേ സന്തോഷം കണ്ടെത്തു ന്നുള്ളുവെന്നും, നാം തന്നെ "നമ്മുടെ ദൈവവും പിതാവുമായ വൻെറ നിലപാടിൽ ശുദ്ധവും നിർമ്മലവുമായ" ആരാധന നടത്തുന്നുണ്ടെന്നും ഇപ്പോൾ ദൈവത്തിനു തെളിയിക്കേണ്ടതു് നാമാണ്.—യാക്കോബ് 1:27.

10 കൂടാതെ മനുഷ്യവർഗ്ഗത്തെ വളരെ ക്രൂരമായി ഞെരുക്കി യിട്ടുള്ള രാഷ്ട്രീയവ്യവസ്ഥിതിയും നശിപ്പിക്കപ്പെടാനുള്ള താണ്. ചരിത്രത്തിൻെറ ഏതുപഠനവും വെളിപ്പെടുത്തുന്നതു പോലെ, ഈ വ്യവസ്ഥിതിക്കു രക്തച്ചൊരിച്ചിലിൻെറയും അത്യാഗ്രഹത്തോടുകൂടിയ അധികാരത്തിൻെറ പിടിച്ചുപററ ലിൻെറയും ഒരു ചരിത്രമുണ്ട്. ഉചിതമായി ദൈവവചനം

---

9. (എ) വ്യാജത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന മതത്തിന് എന്തു സംഭവി ക്കും, എന്തുകൊണ്ട്? (ബി) നാം ദൈവത്തിൻെറ ആ ശത്രുക്കളോടുകൂടെ എണ്ണ പ്പെടാനാഗ്രഹിക്കുന്നില്ലെങ്കിൽ നാം എന്തു ചെയ്യണം?

10. (എ) ദൈവം ഭൂമിയിലെ മുഴുരാഷ്ട്രീയ വ്യവസ്ഥിതിയെയും നശിപ്പി ക്കുന്നതെന്തുകൊണ്ട്? (ബി) അതുകൊണ്ടു് നാം വ്യക്തിപരമായി എന്തു തീരു മാനത്തെ അഭിമുഖീകരിക്കുന്നു?

ഭൂമിയിലെ മുഴുരാഷ്ട്രീയ ക്രമീകരണത്തെയും ഒരു "കാട്ടുമൃഗ"ത്തോടു താരതമ്യപ്പെടുത്തുന്നു, ഗവണ്മെൻറുകൾ മൃഗീയഗുണങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളതെന്തുകൊണ്ടെന്നു് അതു വിശദീകരിക്കുന്നു. ലോകഗവണ്മെൻറുകൾക്കു് അവയുടെ അധികാരം കൊടുത്തിരിക്കുന്നതു് പിശാചായ സാത്താൻ എന്ന "മഹാസർപ്പ"മാണെന്നും അവ അവൻെറ നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്നുവെന്നും അതു നമ്മോടു പറയുന്നു. (വെളിപാടു് 13:2; ദാനിയേൽ 8:20, 21; ലൂക്കോസ് 4:5-8) നമുക്കു ലോകത്തിലെ രാഷ്ട്രീയ കാര്യങ്ങളോടു് എന്തെങ്കിലും ബന്ധമുണ്ടായിരിക്കുമോ ഇല്ലയോ എന്നു് ബുദ്ധിപൂർവ്വം നിർണ്ണയിക്കാൻ സാധിക്കേണ്ടതിനു് ദൈവം നമുക്കു് ഈ വിവരം ലഭ്യമാക്കുന്നു. *താൻ* എന്തുചെയ്യുമെന്നും ദൈവം നമ്മെ അറിയിക്കുന്നു. ദാനിയേൽ 2:44-ൽ "സ്വർഗ്ഗസ്ഥനായ ദൈവം ഒരിക്കലും നശിപ്പിക്കപ്പെടുകയില്ലാത്ത ഒരു രാജ്യം സ്ഥാപിക്കു"ന്ന കാലത്തെക്കുറിച്ചു് അവൻ പ്രസ്താവിക്കുന്നു. അതു് പൊ. യു. 1914-ൽ സംഭവിച്ചു. എന്നാൽ ദൈവത്തിൻെറ രാജ്യം സമീപഭാവിയിൽ, അർമ്മഗെദ്ദോൻ അഥവാ ഹാർ-മെഗദ്ദോൻ യുദ്ധത്തിൽ സ്വീകരിക്കുന്ന നടപടിയെക്കുറിച്ചു് അവൻ തുടന്നു പറയുന്നു: "അതു് ഈ രാജ്യങ്ങളെയെല്ലാം [അന്ത്യകാലത്തു സ്ഥിതിചെയ്യുന്നവയെ] തകർത്തുനശിപ്പിക്കും, അതുതന്നെ അനിശ്ചിതകാലങ്ങളോളം നിലനിൽക്കുകയുംചെയ്യും."—വെളിപാടു് 16:14, 16; 19:17-21 കൂടെ കാണുക.

11 സാത്താൻെറ മുഴുദൃശ്യവ്യവസ്ഥിതിയും തകർക്കപ്പെട്ടശേഷം, യഹോവ അടുത്തതായി ഈ ദുഷ്ടവ്യവസ്ഥിതിയുടെ ദൈവമായ പിശാചായ സാത്താനിലേയ്ക്കു് തൻെറ ശ്രദ്ധതിരിക്കും. അവൻ സാത്താനെ തകർത്തുകളയും, അവൻ ഇതു പെട്ടെന്നുതന്നെ ചെയ്യും. (2 കൊരിന്ത്യർ 4:4; റോമർ 16:20) 1914-ൽ രാജ്യം സ്ഥാപിക്കപ്പെട്ടതിനെ തുടന്നു് പിശാചു് സ്വർഗ്ഗത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ട സമയത്തു് അവനു "ഒരു ചുരുങ്ങിയ കാലഘട്ടം" മാത്രമേ ഉള്ളുവെന്നു് അവനറിയാമായിരുന്നു. (വെളിപാടു് 12:12) ഇപ്പോൾ ആ കാലം അതിലും ചുരുങ്ങിയിരിക്കുന്നു. പെട്ടെന്നുതന്നെ, വെളിപാടു് 20:1-3 വരെ രേഖപ്പെടുത്തിയിരിക്കുന്ന പ്രവാചകദർശനം നിറവേറും: "ഒരു ദൂതൻ അഗാധത്തിൻെറ താക്കോലും, തൻെറ കയ്യിൽ ഒരു വലിയ ചങ്ങലയുമായി സ്വർഗ്ഗത്തിൽനിന്നു്

**11. (എ) ഈ ദുഷ്ടവ്യവസ്ഥിതിയുടെ ദൃശ്യഭാഗം തകർക്കപ്പെട്ടശേഷം ദൈവം ആരിലേക്കു തൻെറ ശ്രദ്ധതിരിക്കും? (ബി) ഇതു വെളിപാടു് 20:1-3 വരെ എങ്ങനെ വർണ്ണിക്കപ്പെട്ടിരിക്കുന്നു?**

ഇറങ്ങിവരുന്നതു ഞാൻ കണ്ടു. അവൻ "പിശാചും സാത്താനുമെന്ന ആദ്യപാമ്പായ മഹാസർപ്പത്തെ പിടിച്ചു, . . . അവൻ അവനെ അഗാധത്തിലേക്കു വലിച്ചെറികയും അതടച്ചു് അവന്മേൽ അതിനു മുദ്രവെക്കുകയും ചെയ്യു." അങ്ങനെ സാത്താൻ അവൻെറ ഭൂതങ്ങളോടുകൂടെ നീക്കപ്പെട്ടും. അവരുടെ സ്വാധീനം പൊയ്പോയിരിക്കും. ഈ ഏറ്റതൽക്കാല ദുഷ്ടവ്യവസ്ഥിതി, അതിൻെറ സകല ഭാഗങ്ങളോടുംകൂടെ അതിൻെറ അന്ത്യത്തിലേക്കു വന്നിരിക്കും.

[12] ഇവിടെ ഭൂമിയിലെ സത്യക്രിസ്ത്യാനികൾക്കു് ആ നാശത്തിൽ പങ്കുണ്ടായിരിക്കയില്ല. അതു ദൈവത്തിൻെറ യുദ്ധമാണു്. അവൻ സംഹാരം നടത്തുന്നതിനു് ക്രിസ്തുവിൻകീഴിലുള്ള ദൂതസൈന്യങ്ങളെ ഉപയോഗിക്കും. അവൻ സാത്താൻെറ ദൃശ്യസ്ഥാപനത്തിൻെറ ഒരു ഭാഗം മറെറാന്നിനെതിരായി ഘോരമായ വിദ്വേഷത്തിൽ തിരിയാനിടയാക്കുകയും ചെയ്യും. എന്നാൽ ഭൂമിയിലെ യഹോവയുടെ ദാസന്മാർ ബലപ്രയോഗത്തിൽ ചേരേണ്ടതില്ല. (2 കൊരിന്ത്യർ 10:3, 4) അവർക്കെതിരായി പീഡനം തിരിച്ചു വിടുമ്പോൾപോലും അവർ ഭരണാധികാരികളോടു പ്രതികാരം ചെയ്തുകൊണ്ടോ, ഗവണ്മെൻറിനെ മറിച്ചിടാൻ ശ്രമിച്ചുകൊണ്ടോ പകരം വീട്ടരുതു്. അവർ ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നു. "പ്രിയരേ, പ്രതികാരം ചെയ്യരുതു്, എന്നാൽ ക്രോധത്തിനു് ഇടംകൊടുപ്പിൻ; എന്തുകൊണ്ടെന്നാൽ: 'പ്രതികാരം എനിക്കുള്ളതു്; ഞാൻ പകരം വീട്ടും എന്നു് യഹോവ പറയുന്നു' എന്നു എഴുതപ്പെട്ടിരിക്കുന്നു."—റോമർ 12:19.

## ഒരിക്കലും അവസാനിക്കാത്തതു്

[13] ഈ വ്യവസ്ഥിതിയുടെ അന്ത്യം ഈ ഭൂഗോളത്തിൻെറ അന്ത്യമായിരിക്കുകയില്ല. ദൈവത്തിൻെറ സ്വന്തം വചനം "ഭൂമി എന്നേക്കും നിലനിൽക്കുന്നു" എന്നു് ഉറപ്പുനൽകുന്നു. "അവൻ ഭൂമിയെ അതിൻെറ സ്ഥാപിതസ്ഥലങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു; അതു് അനിശ്ചിതകാലത്തേക്കോ എന്നേക്കുമോ ഇളകാനിടയാക്കപ്പെടുകയില്ല." (സഭാപ്രസംഗി 1:4, *AV*; സങ്കീർത്തനം 104:5 [103:5, *Dy*]) ഭൂമിയ്ക്കല്ല കുഴപ്പം, അതിലെ ദുഷ്ടവ്യവസ്ഥിതിക്കാണു്.

---

12. (എ) ആ നാശത്തിൽ സത്യക്രിസ്ത്യാനികൾക്കു് എന്തെങ്കിലും പങ്കുണ്ടായിരിക്കുമോ? ന്യായവിധി നടത്തുന്നതിനു് ദൈവം ആരെ ഉപയോഗിക്കും? (ബി) തങ്ങൾക്കെതിരായി പീഡനം നയിക്കപ്പെടുമ്പോൾ, യഹോവയുടെ ദാസന്മാർ എങ്ങനെ പ്രതിവർത്തിക്കണം?

13. ഈ വ്യവസ്ഥിതി അവസാനിക്കുമ്പോൾ ഭൂമി നശിപ്പിക്കപ്പെടുമോ?

[14] കൂടാതെ, എല്ലാ മാനുഷജീവനും അവസാനിക്കുകയില്ല. "ദൈവഭക്തിയില്ലാത്ത മനുഷ്യർ" നശിപ്പിക്കപ്പെട്ടും. (2 പത്രോസ് 3:7) അവിശ്വാസികളുടെ ലോകമാകുന്ന ജനങ്ങൾ പൊയ്പോയിരിക്കും. എന്നാൽ ഇതു പ്രസ്താവിച്ചശേഷം 1 യോഹന്നാൻ 2:17 കൂട്ടിച്ചേർക്കുന്നു: "ദൈവത്തിൻെറ ഇഷ്ടംചെയ്യുന്നവൻ എന്നേക്കും സ്ഥിതിചെയ്യുന്നു." ഇതു സാദ്ധ്യമാക്കുന്നതിനാണ് യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി തൻെറ ജീവൻ കൊടുത്തതു്.—എബ്രായർ 5:9.

[15] ഈ ദുഷ്ട വ്യവസ്ഥിതിയുടെ അന്ത്യത്തെ അതിജീവിക്കുന്നവർക്ക് ദൈവത്തിൻെറ നീതിയുള്ള രാജ്യത്തിൻ കീഴിലെ നിത്യജീവൻെറ അത്ഭുതകരമായ പ്രതീക്ഷ കാത്തിരിക്കുന്നു. നിങ്ങൾ അവരിലൊരാളായിരിക്കുമോ? നിങ്ങൾക്ക് അങ്ങനെയായിരിക്കാവുന്നതാണ്. എന്നാൽ, അങ്ങനെയെങ്കിൽ ദൈവത്തിൻെറ വചനം നിങ്ങളുടെ മുഴുജീവിതത്തെയും ആഴമായി സ്വാധീനിക്കത്തക്കവണ്ണം നിങ്ങൾ ഇപ്പോൾ "നിങ്ങളുടെ പരമാവധി" പ്രവർത്തിക്കണം. (2 പത്രോസ് 3:13, 14; റോമർ 12:1, 2) യഹോവ തൻെറ സ്നേഹത്തിലും കരുണയിലും, അതിജീവനത്തിനുള്ള കരുതലുകൾ ചെയ്തിരിക്കുന്നതിൽ നമുക്ക് എത്ര നന്ദിയുള്ളവരായിരിക്കാൻ കഴിയും!

---

14. ഏതുതരം ആളുകൾ പൊയ്പോയിരിക്കും, എന്നാൽ ആർ നിലനില്ക്കും?
15. ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തെ അതിജീവിച്ച് ദൈവത്തിൻെറ പുതിയ വ്യവസ്ഥിതിയിൽ ജീവിക്കുന്നതിന് നാം ഇപ്പോൾ എന്തുചെയ്യണം?

# നീതിയുള്ള ഭരണം ഭൂമിയെ പരദീസയാക്കുന്നു

മനുഷ്യവർഗ്ഗത്തിനു് സർവ്വഭൂമിമേലും നീതിയുള്ള ഒരു ഭരണം എത്ര ആവശ്യമാണ്! ഈ ഗോളം ഇന്നു് പരദീസയല്ലെന്നു് ഏവനും സമ്മതിക്കേണ്ടതാണ്. ദാരിദ്ര്യവും വിശപ്പും ദശലക്ഷക്കണക്കിനാളുകളുടെ ദൈനംദിന അനുഭവമാണ്. വികൃതമായ നഗരങ്ങൾ, ഭൂമിയുടെ പ്രകൃതിരമണീയതയിൽ അധികത്തെയും കവർന്നുകളുകയും അവയ്ക്കു ചുററുമുള്ള വായുവിനെയും വെള്ളത്തെയും വിഷലിപ്തമാക്കുകയും ചെയ്യുന്നു. അധികമധികം നഗരങ്ങൾ അക്രമത്തിന്റെ 'കാടുകളായി' ത്തീരുകയാണ്, അവിടെ ആളുകൾക്കു് രാത്രിയിൽ വീടുവിട്ടു പോവാൻ ഭയമാണ്. ഇതു മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ആദിമോദ്ദേശത്തിൽനിന്നു് എത്ര വിഭിന്നം! എന്നാൽ ദൈവം തന്റെ ഉദ്ദേശ്യത്തെ ഉപേക്ഷിച്ചിട്ടില്ലെന്നറിയുന്നതു് എത്ര നല്ലതാണ്! എന്തുകൊണ്ടെന്നാൽ അവൻ നമുക്കു് ഇങ്ങനെ ഉറപ്പുനല്കുന്നു: "എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം . . . നിഷ്ഫലമായി എന്റെ അടുക്കലേക്കു മടങ്ങുകയില്ല." (യെശയ്യാ 55:11; ഉല്പത്തി 2:8, 15; 1:28 കൂടെ കാണുക.) അവൻ ഈ ഭൂമിയെ ഇനിയും മഹത്തായ ഒരു പരദീസയാക്കിത്തീർക്കും.

[2] യഹോവ പെട്ടെന്നുതന്നെ ഇപ്പോഴത്തെ ദുഷ്ടവ്യവസ്ഥിതിയെയെല്ലാം അവസാനിപ്പിക്കും. നിങ്ങൾ ഇപ്പോൾ യഹോവയുടെ അംഗീകാരം സമ്പാദിക്കുന്നുവെങ്കിൽ നിങ്ങൾക്കു ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിലേയ്ക്കു് അതിജീവിക്കുന്നതിനുള്ള പദവി ലഭിച്ചേക്കാം. അതു നിങ്ങൾക്കു് എന്തു കൈവരുത്തും?

### നീതിയുള്ള ഒരു ഭരണം

[3] ഏകദേശം ആറായിരം വർഷമായി മനുഷ്യവർഗ്ഗത്തിന്റെ

---

1. (എ) ഏതവസ്ഥകൾ സർവ്വഭൂമിയുടെയുംമേൽ നീതിയുള്ള ഒരു ഭരണത്തിന്റെ ആവശ്യം പ്രകടമാക്കുന്നു? (ബി) ദൈവം ഇനിയും ഭൂമിയെ ഒരു പരദീസയാക്കുമോ?

2. നമുക്കു് എങ്ങനെ ദൈവത്തിന്റെ പുതിയ വ്യവസ്ഥിതിയിലേക്കു് അതിജീവിക്കാം?

3. നീതി പുനഃസ്ഥാപിക്കുന്നതിനുള്ള ദൈവത്തിന്റെ ഉപാധി എന്താണ്?

ഏററവും വലിയ ആവശ്യം, അവൻെറ സ്രഷ്ടാവായ യഹോവയാം ദൈവത്തോടു പൂർണ്ണയോജിപ്പിൽ തിരികെ വരുത്തപ്പെടുകയെന്നതാണ്. (2 കൊരിന്ത്യർ 5:20) ഈ ഗോളത്തിൽ നീതി പുനഃസ്ഥാപിക്കുന്നതിനു യഹോവതന്നെ "നിയമിതകാലങ്ങളുടെ പൂർണ്ണപരിധിയിങ്കലെ ഒരു ഭരണ"ത്തിനു കരുതൽ ചെയ്തിരിക്കുന്നു. ഈ ഭരണം അഥവാ ആധിപത്യം ക്രിസ്തുവിൻെറ രാജ്യം മുഖാന്തരമാണ്. നാം കണ്ടു കഴിഞ്ഞതുപോലെ, രാജ്യം ഇപ്പോൾത്തന്നെ സ്വർഗ്ഗങ്ങളിൽ അധികാരം പ്രാപിച്ചിരിക്കുന്നു, പെട്ടെന്നുതന്നെ ഭൂമിയിലെ കാര്യങ്ങളുടെ പൂർണ്ണമായ ചുമതല ഏറെറടുക്കുകയും ചെയ്യും. ഇതു ചെയ്യുന്നതിൽ അതിൻെറ മുഖ്യ ഉദ്ദേശ്യം എന്താണ്? "വീണ്ടും സകലവും, സ്വർഗ്ഗങ്ങളിലുള്ളവയും ഭൂമിയിലുള്ളവയും ക്രിസ്തുവിൽ ഒന്നിച്ചു കൂട്ടിച്ചേർക്കുന്നതിനു"തന്നെ. (എഫേസ്യർ 1:9, 10) ഭൂമിയിൽ ജീവിക്കുന്ന എല്ലാവരെയും ദൈവത്തിൻെറ സ്വർഗ്ഗീയ ഭരണത്തോടു പൂർണ്ണയോജിപ്പിൽ വരുത്തുന്നതിനുള്ള അവൻെറ ഉപാധിയാണ് ഈ ഭരണം. "നിൻെറ രാജ്യം വരേണമേ. നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും സംഭവിക്കേണമേ" എന്നു നാം പറയുമ്പോൾ നാം ഇതിനുവേണ്ടിയാണു പ്രാർത്ഥിക്കുന്നതു്.—മത്തായി 6:10.

4 മാനുഷ ബന്ധങ്ങൾ സംബന്ധിച്ചു് ഇതു് എന്തർത്ഥമാക്കും? സകലവർഗ്ഗങ്ങളിലും ജാതികളിലുംപെട്ട ആളുകൾ തങ്ങളുടെ സ്വർഗ്ഗീയപിതാവിൻെറ ശുദ്ധാരാധനയിൽ ഏകീകരിക്കപ്പെട്ടു് സഹോദരീസഹോദരന്മാരുടെ ഒരു കുടുംബമെന്നപോലെ ഒന്നിച്ചു ജീവിക്കും! (പ്രവൃത്തികൾ 10:34, 35; 17:26) തൻെറ "സമാധാനപ്രഭു" മുഖാന്തരമുള്ള ദൈവരാജ്യം മുഴഗോളത്തിന്മേലും ഭരിക്കുമ്പോൾ ഭൂമി മേലാൽ രാഷ്ട്രീയമായി വിഭജിക്കപ്പെട്ടിരിക്കയില്ല. വിദ്വേഷവും ശണ്ഠയും രക്തച്ചൊരിച്ചിലും ഇളക്കിവിടുന്നതിനു ഗർവ്വിഷ്ഠമായ ദേശീയവാദമുണ്ടായിരിക്കയില്ല. (യെശയ്യാ 9:6, 7) അർമ്മഗെദ്ദോനുശേഷം ശേഷിക്കുന്ന മരണഹേതുകമായ ഏതു യുദ്ധായുധവും പെട്ടെന്നു് എന്നേക്കുമായി നശിപ്പിക്കപ്പെടും. (യെഹെസ്ക്കേൽ 39:9, 10; സങ്കീർത്തനം 46:8, 9 [45:9, 10, *Dy*]) അതിനാൽ യുദ്ധഹതന്മാരുടെ പേരുകളുടെ വർത്തമാനപ്പത്രങ്ങളിലെ ലിസ്ററുകൾ ഉണ്ടായിരിക്കയില്ല, യുദ്ധവിധവമാരോ യുദ്ധ അനാഥരോ മേലാൽ ഉണ്ടായിരിക്കു

4. (എ) രാജ്യം മനുഷ്യബന്ധങ്ങൾക്കു് എന്തു മാററം വരുത്തും? (ബി) മേലാൽ യുദ്ധമുണ്ടായിരിക്കയില്ലാത്തതെന്തുകൊണ്ടു്, ഇതു് മനുഷ്യവർഗ്ഗത്തിനു് എന്തു ഗുണം വരുത്തും?

കയില്ല. വീടുകളോ നഗരങ്ങളോ മേലാൽ ബോംബിട്ടു നശിപ്പിക്കപ്പെടുകയില്ല. ഇതു മനുഷ്യവർഗ്ഗത്തിനു് എന്തൊരനുഗ്രഹമായിരിക്കും!

[5] യേശുക്രിസ്തു തന്റെ സ്വർഗ്ഗീയ സിംഹാസനത്തിൽനിന്നു്, നിലനിൽക്കുന്ന അനുഗ്രഹങ്ങൾ കൈവരുത്തുന്ന ഒരു വിധത്തിൽ ഭൂമിയിലെ കാര്യങ്ങൾ നടത്തും. അവൻ തന്റെ പ്രജകളായിരിക്കാനുള്ളവർക്കുവേണ്ടി തന്റെ സ്വന്തം ജീവൻ വെച്ചുകൊടുത്തുകൊണ്ടുപോലും എത്ര അത്ഭുതകരമായി തന്റെ യോഗ്യതകൾ പ്രകടിപ്പിച്ചിരിക്കുന്നു! കൂടാതെ യാതൊന്നിനും—പരീക്ഷകൾക്കും സമ്മർദ്ദങ്ങൾക്കും നിന്ദയ്ക്കും മരണത്തിനുപോലും—ശരിയായതു ചെയ്യുന്നതിൽ നിന്നു യേശുവിനെ വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ലെന്നു് ബൈബിൾരേഖ പ്രകടമാക്കുന്നു. ആ സ്ഥിതിക്കു് അവന്റെ ഭരണത്തിൻകീഴിൽ മർദ്ദനമോ അനീതിയോ അഴിമതിയോ ഉണ്ടായിരിക്കയില്ലെന്നു് നമുക്കു് ഉറപ്പുണ്ടായിരിക്കാൻ കഴിയും.—യെശയ്യാ 11:2-5.

[6] നിങ്ങൾ എല്ലായ്പ്പോഴും സത്യം സംസാരിക്കുന്ന ഒരു ഭരണാധിപനെ വിലമതിക്കുകയുമില്ലയോ? യേശു അത്തരമൊരു ആളാണു്. (യോഹന്നാൻ 1:14; 18:37) മററുള്ളവരിൽ യഥാർത്ഥ ഔൽസുക്യവും ആത്മാർത്ഥമായ താല്പര്യവും പ്രകടമാക്കുന്ന ഒരുവനിലേക്കു് ആരുതന്നെ ആകർഷിക്കപ്പെടുകയില്ല? യേശു സുവാർത്തഘോഷിച്ചുകൊണ്ടു് അങ്ങുമിങ്ങും സഞ്ചരിച്ചപ്പോൾ ശാരീരികമായും ആത്മീയമായും രോഗികളെ സുഖപ്പെടുത്തുവാൻ ദൈവം അവനു കൊടുത്തിരുന്ന ശക്തി അവൻ സൌജന്യമായി ഉപയോഗിച്ചുവെന്നു് ബൈബിൾ നമ്മോടു പറയുന്നു. (മത്തായി 9:35, 36) യേശുവിന്റെ ഭൌമിക ശുശ്രൂഷക്കാലത്തു ജീവിക്കുന്നതു് മഹത്തായിരിക്കുമായിരുന്നുവെന്നിരിക്കെ, അവൻ സകല മനുഷ്യവർഗ്ഗത്തിനുംവേണ്ടി തന്റെ ശക്തി ഉപയോഗിക്കുമ്പോൾ ഭൂമിയിൽ ജീവിക്കുന്നതു് വളരെ മഹത്തരമായിരിക്കും.

[7] മനുഷ്യവർഗ്ഗത്തിൽ നിന്നെടുക്കപ്പെടുന്നവരും ദൈവത്താൽ പൂർണ്ണരാക്കപ്പെടുന്നവരുമായ 144000 രാജാക്കന്മാരും പുരോഹിതന്മാരും യേശുവിനോടുകൂടെ അവന്റെ സ്വർ

5. ക്രിസ്തുവിന്റെ ഭരണത്തിൻകീഴിൽ അനീതി ഉണ്ടായിരിക്കയില്ലാത്തതെന്തുകൊണ്ടു്?
6. യേശുവിനെ നമുക്കു ഭരണാധിപനായി ലഭിക്കുന്നതിൽ നാം നന്ദിയുള്ളവരായിരിക്കത്തക്കവണ്ണം അവൻ ഏതുതരം ആളാണു്?
7. യേശുവിനോടുകൂടി അവന്റെ സ്വർഗ്ഗീയരാജ്യത്തിൽ വാഴുന്നവർ ഏതുതരം ആളുകളാണു്?

ർഗ്ഗീയരാജ്യത്തിൽ ഉണ്ടായിരിക്കും. (വെളിപാട് 5:10) ഇവരും മരണംവരെ തങ്ങളുടെ നീതിസ്നേഹം തെളിയിക്കുന്ന ആളുകളാണ്.—വെളിപാട് 14:1, 4, 5; 2:10.

8 എന്നാൽ ഈ സ്വർഗ്ഗീയ ഗവണ്മെൻറിന് ഏതെങ്കിലും ദൃശ്യപ്രതിനിധികൾ ഉണ്ടായിരിക്കുമോ? ഉവ്വ്, തീർച്ചയായും കൊള്ളാം, ഇപ്പോൾപോലും സ്വർഗ്ഗീയ ഭരണം ക്രിസ്തീയസഭയിൽ അതിൻെറ പ്രതിനിധികളായി വിശ്വസ്ത മനുഷ്യരെ ദൈവത്തിൻെറ പരിശുദ്ധാത്മാവു മുഖാന്തരം നിയമിക്കുന്നുണ്ട്. (യെശയ്യാ 32:1, 2; പ്രവൃത്തികൾ 20:28) അതുകൊണ്ട് രാജ്യഗവണ്മെൻറിനെ പ്രതിനിധാനം ചെയ്യുന്നതിന് ഭൂമിയിൽ യോഗ്യരായ ആളുകളെ നിയമിക്കുന്നതിൽ ക്രിസ്തു ശ്രദ്ധിക്കുമെന്നു നമുക്കു ഉറപ്പുണ്ടായിരിക്കാൻ കഴിയും, എന്തുകൊണ്ടെന്നാൽ അവൻ അപ്പോൾ ഭൂമിയിലെ കാര്യങ്ങളിൽ നേരിട്ട് ഇടപെടും. ഈ മനുഷ്യർ ഒരു പ്രത്യേകവിധത്തിൽ രാജാവിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് ബൈബിൾ അവരെ "പ്രഭുക്കന്മാർ" എന്നു വിളിക്കുന്നു. ഇവരെല്ലാം ദൈവത്തോടുള്ള തങ്ങളുടെ വിശ്വസ്തതയും തങ്ങളുടെ സഹമനുഷ്യരോടുള്ള സ്നേഹവും തെളിയിച്ചിട്ടുണ്ടായിരിക്കും. അവരുടെ സ്വർഗ്ഗീയ രാജാവിനെ പ്രേരിപ്പിക്കുന്ന അതേ ദൈവാത്മാവ് അവരെയും നടത്തും.—സങ്കീർത്തനം 45:16 [44:17, *Dy*].

9 ഈ പ്രഭുക്കന്മാരായ പ്രതിനിധികൾ ദൈവത്തിൻെറ നീതിയുള്ള നിയമങ്ങൾ പ്രായോഗികമാക്കുന്ന വിധത്തോടു വർഗ്ഗത്തിനോ വർണ്ണത്തിനോ ജന്മസ്ഥലത്തിനോ യാതൊരു ബന്ധവുമുണ്ടായിരിക്കയില്ല. (ആവർത്തനം 10:17; റോമർ 2:11) അവരുടെ രാജാവിൻെറ ദൃഷ്ടാന്തത്തെ പിന്തുടർന്നുകൊണ്ട് "പ്രഭുക്കന്മാർ"വിനീതരായും സഹായിക്കുന്നവരായും സേവിക്കുകയും തങ്ങളുടെ സഹമനുഷ്യർക്ക് നവോന്മേഷം കൈവരുത്തുകയും ചെയ്യും. എന്നിരുന്നാലും അവർ ദൈവത്തിൻെറ നീതിയെ ഉയർത്തിപ്പിടിക്കുന്നതിൽ ദൃഢതയുള്ളവരായിരിക്കും.—മത്തായി 11:29; 20:25-28.

10 ഭൂമി സകല ദുഷ്പ്രവൃത്തിക്കാരെയും നീക്കി ശുദ്ധീകരിക്കപ്പെട്ടിരിക്കുമ്പോൾ വീണ്ടും പാതകം വേരുപിടിക്കുവാൻ

8. (എ) ക്രിസ്തുവിൻെറ സ്വർഗ്ഗീയരാജ്യത്തിന് ദൃശ്യപ്രതിനിധികളുണ്ടായിരിക്കുമോ? (ബി) അവരെ തെരഞ്ഞെടുക്കുന്നതാര്?

9. ഒരുവൻെറ തൊലിയുടെ നിറമോ അവൻെറ ജന്മസ്ഥലമോ അന്ന് അവനോടു പെരുമാറുന്ന വിധത്തെ സ്വാധീനിക്കുമോ?

10. ഇന്ന് മിക്കവരെ സാധാരണമായിരിക്കുന്ന അരക്ഷിതാവസ്ഥയും ഭയത്തിനും വിരുദ്ധമായി, ക്രിസ്തുവിൻെറ നീതിയുള്ള ഭരണത്തിൻകീഴിലെ അവസ്ഥകൾ എന്തായിരിക്കും?

ഒരിക്കലും അനുവദിക്കപ്പെടുകയില്ല. (സങ്കീർത്തനം 37:9-11 [36:9-11, *Dy*]) മേലാൽ പോലീസുകാരുടേയോ ജയിലുകളുടേയോ കൈവിലങ്ങുകളുടെയോ, കൊള്ളയെക്കുറിച്ച് അറിവുകൊടുക്കുന്ന സൂചനകളുടെയോ സേഫുകളുടേയോ താഴുകളുടേയോ താക്കോലുകളുടേയോ ആവശ്യമുണ്ടായിരിക്കയില്ല. രാജ്യത്തിന്റെ നീതിയുള്ള ഭരണത്തിൻകീഴിൽ, നിങ്ങളുടെ വാതിൽക്കൽ മുട്ടുന്ന ഏവനും ഒരു സ്നേഹിതനായിരിക്കുമെന്ന് നിങ്ങൾ അറിയും. ഏതൊരു ഉപദ്രവഭീതിയിൽനിന്നും പരിപൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. സ്രഷ്ടാവിന്റെ നക്ഷത്രനിബിഡമായ കൈവേല വീക്ഷിക്കുന്നതിന് രാത്രിയിൽ ഒരു ഉദ്യാനത്തിലൂടെ നടക്കുവാൻ യാതൊരുത്തരും മേലാൽ ഭയപ്പെടുകയില്ല. ദൈവത്തിന്റെ സഭയെ സംബന്ധിച്ച് ഇന്ന് ആത്മീയമായി വാസ്തവമായിരിക്കുന്നതുപോലെ അന്ന് ഒരു അക്ഷരീയമായ വിധത്തിൽ, "അവർ യഥാർത്ഥത്തിൽ സുരക്ഷിതമായി വസിക്കും, അവരെ വിറപ്പിക്കുവാൻ ആരും ഉണ്ടായിരിക്കയില്ല."—യെഹെസ്കേൽ 34:28.

## പാപത്തിൽനിന്നുള്ള വിമുക്തി ആരോഗ്യവും ജീവനും കൈവരുത്തുന്നു

11 രാജ്യത്തിന്റെ പ്രാരംഭപരിപാടി ഒരു ആയിരം സംവത്സരം നീണ്ടുനിൽക്കുന്നതായിരിക്കും. ആ കാലത്തു യേശുക്രിസ്തുവും അവന്റെ സ്വർഗ്ഗീയ ഗവണ്മെൻറിലെ അംഗങ്ങളും രാജാക്കന്മാരായി മാത്രമല്ല, തങ്ങളുടെ മറെറല്ലാ മനുഷ്യപ്രജകൾക്കുംവേണ്ടി ദൈവത്തിന്റെ പുരോഹിതന്മാരായും സേവിക്കും. (വെളിപാട് 20:6) എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ഭൂമിയിലെ സകല ആളുകളും "ദൈവമക്കളുടെ മഹത്തായ സ്വാതന്ത്ര്യം" പ്രാപിക്കേണ്ടതിനു "ദ്രവത്വത്തിന്റെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെടേണ്ട" ആവശ്യമുണ്ട്. (റോമർ 8:21) ദുഷ്ടന്മാരെ നശിപ്പിച്ച ശേഷംപോലും, ഭൂമിയിൽ അതിജീവിക്കുന്നവർ ആദാമിൽനിന്ന് അവകാശപ്പെടുത്തിയ പാപം നിമിത്തം പിന്നെയും അപൂർണ്ണരായിരിക്കും. അവരുടെ അപൂർണ്ണമായ ജഡത്തിന്റെ ദുർമ്മോഹങ്ങൾ മനസ്സിന്റെയും ഹൃദയത്തിന്റെയും ശരിയായ ആഗ്രഹങ്ങളോട് പിന്നെയും പോരാടിക്കൊണ്ടിരിക്കും. (റോമർ 7:21-23) അതുകൊണ്ടു ദൈവപുത്രന്മാരുടെ

---

**11.** രാജാക്കന്മാരായി സേവിക്കുന്നതിനു പുറമേ, ക്രിസ്തുവിന്റെ സ്വർഗ്ഗീയ ഗവണ്മെൻറിലെ അംഗങ്ങൾ മറേറതു് ഉദ്യോഗത്തിൽ സേവിക്കും? എന്തുകൊണ്ട്?

കുടുംബത്തിലേക്കു പൂർണ്ണമായി സ്വീകരിക്കപ്പെടുന്നതിനു് അവക്കു് ആദ്യം ദൈവത്തിൻെറ സ്വർഗ്ഗീയ പുരോഹിതന്മാരുടെ സേവനങ്ങൾ ആവശ്യമാണു്. ഇവർ എന്തുചെയ്യും?

[12] അവക്കു് ഇന്നോളം മാനുഷഗവണ്മെൻറുകൾക്കൊന്നുമില്ലാത്ത ഒരു ശക്തി ഉണ്ടായിരിക്കും: ആളുകളെ പാപത്തിൽനിന്നും അപൂർണ്ണതയിൽനിന്നും ശുദ്ധീകരിക്കുന്നതിനുള്ള ശക്തിതന്നെ. ഈ ശക്തി യേശുവിൻെറ മറുവിലയാഗം മുഖാന്തരം ദൈവത്തിൻെറ സ്വർഗ്ഗീയ പുരോഹിതവർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന ദൈവപുത്രനും അവൻെറ സഹപുരോഹിതന്മാരും അപ്പോൾ അനുസരണമുള്ളവർക്കെല്ലാം നേരിട്ടു് യേശുവിൻെറ ബലിയുടെ പ്രയോജനങ്ങൾ പ്രയോഗിക്കും. (യോഹന്നാൻ 1:29; 1 യോഹന്നാൻ 2:2) ഈ ഏർപ്പാടു ബൈബിളിൽ "ദൈവത്തിൻെറയും കുഞ്ഞാടിൻെറയും സിംഹാസന"ത്തിൽനിന്നു് ഒഴുകുന്ന പ്രതീകാത്മക "ജീവജലനദി"യാലും "ജനതകളുടെ രോഗശാന്തിയ്ക്കു വേണ്ടിയുള്ള . . . വൃക്ഷങ്ങളുടെ ഇലകളാലും" ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. (വെളിപാടു് 22:1, 2) നീതിയിൽ തുടർച്ചയായ പുരോഗതി പ്രാപിക്കുന്നതിനാലും, സ്വർഗ്ഗീയ പുരോഹിതന്മാരുടെ സഹായത്താലും, അവർ മനസ്സിലും ശരീരത്തിലും പൂർണ്ണതയിലെത്തുന്നതുവരെയും തുടർച്ചയായി യുവത്വത്തിലേക്കു് ബലമുള്ളവരായി വളരും. അവർ ആദാമിൽനിന്നു് അവകാശപ്പെടുത്തിയ പാപത്തിൻെറയും മരണത്തിൻെറയും അടിമത്തത്തിൽനിന്നു് പരിപൂർണ്ണമായി സ്വതന്ത്രരാക്കപ്പെടും.—യോഹന്നാൻ 11:26.

[13] ഉവ്വു്, ഈ വിധത്തിൽ ദൈവം "അവരുടെ കണ്ണുകളിൽനിന്നു് കണ്ണുനീരെല്ലാം തുടച്ചുകളയും, മേലാൽ മരണം ഉണ്ടായിരിക്കുന്നതല്ല. വിലാപമോ നിലവിളിയോ വേദനയോ ഇനി ഉണ്ടായിരിക്കുകയില്ല. പൂർവ്വകാര്യങ്ങൾ കടന്നുപോയിരിക്കുന്നു." (വെളിപാടു് 21:4) പൂർണ്ണമായ ആരോഗ്യം ആസ്വദിക്കുന്നതു് എത്ര അത്ഭുതകരമായിരിക്കും! ദൈവപുത്രൻ ഭൂമിയിലായിരുന്നപ്പോൾ കുഷ്ഠരോഗികളെ സൌഖ്യമാക്കുകയും മുടന്തരെയും കുരുടരെയും സുഖപ്പെടുത്തു

12. (എ) ക്രിസ്തുവിൻെറ സ്വർഗ്ഗീയരാജ്യത്തിൻെറ അംഗങ്ങൾക്കു് ഏതു് അനുപമമായ ശക്തി ഉണ്ടായിരിക്കും? (ബി) ആളുകൾ ഏതു് അനുഗൃഹീതാവസ്ഥ പ്രാപിക്കും?

13. (എ) രാജ്യം കൈവരുത്താനിരിക്കുന്ന അനുഗ്രഹങ്ങളെ വെളിപാടു് 21:4 വർണ്ണിക്കുന്നതെങ്ങനെ? (ബി) യേശുവിനു് ഈ അനുഗ്രഹങ്ങൾ കൈവരുത്താൻ കഴിയുമെന്നു് തെളിയിക്കുന്നതായി അവൻ ഭൂമിയിലായിരുന്നപ്പോൾ എന്തുചെയ്തു?

കയും ചെയ്തതുപോലെ, അവന്റെ നീതിയുള്ള ഭരണം സകല രോഗത്തിനും കഷ്ടപ്പാടിനും അന്തം വരുത്തും. (മർക്കോസ് 1:40-42; യോഹന്നാൻ 5:5-9; മത്തായി 9:35) അപ്പോൾ ആശുപത്രികളുടെയും ആരോഗ്യ ഇൻഷ്വറൻസിന്റെയും ആവശ്യം പൊയ്പോയിരിക്കും! രോഗവും മരണവും നീക്കപ്പെടുമ്പോൾ കണ്ണുനീരിന്റെ ലോകവ്യാപകമായ ഒരു കാരണം പൊയ്പോയിരിക്കും. (1 കൊരിന്ത്യർ 15:25, 26) പാപത്തിൽനിന്ന് പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നതും, സംസാരത്തിലും ചിന്തയിലും നടത്തയിലും ദൈവത്തിന്റെ നീതിയുള്ള നിലവാരങ്ങളിൽ പൂർണ്ണമായി എത്തിച്ചേരാൻ സാധിക്കുന്നതും എത്ര അത്ഭുതകരമായിരിക്കും!

## മരിച്ചവരിൽനിന്ന് ആളുകളെ തിരികെ സ്വാഗതം ചെയ്യുന്നു

[14] മരിച്ചുപോയ നിങ്ങളുടെ പ്രിയപ്പെട്ടവർക്ക്, ഭൂമിമേലുള്ള ദൈവപുത്രന്റെ നീതിയുള്ള ഭരണത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ സാധിക്കുമെന്ന സന്തുഷ്ടമായ പ്രതീക്ഷയുമുണ്ട്. മരിച്ചുപോയ എണ്ണമററ ദശലക്ഷങ്ങളുടെ പ്രത്യാശ വെളിപ്പെടുത്തിക്കൊണ്ട് യേശു ഇങ്ങനെ പറഞ്ഞു: "ഇതിങ്കൽ ആശ്ചര്യപ്പെടരുത്, എന്തുകൊണ്ടെന്നാൽ സ്മാരകക്കല്ലറകളിലുള്ള എല്ലാവരും അവന്റെ ശബ്ദം കേൾക്കുകയും പുറത്തുവരികയും ചെയ്യുന്ന നാഴിക വരുന്നു." (യോഹന്നാൻ 5:28, 29) "മരിച്ചവർ ഉയിർത്തുകൊണ്ടിരിക്കുന്നു" എന്ന വാർത്ത ആദ്യമായി ഭൂമിയിൽ പരക്കുമ്പോൾ എന്തോരു സന്തോഷഹർഷത്തിന്റെ സമയമായിരിക്കും!

[15] ഇത് ഒരു യാഥാർത്ഥ്യമായിരിക്കുമെന്നു നമുക്കു പൂർണ്ണ വിശ്വാസമുണ്ടായിരിക്കാൻ കഴിയും. ഭൂമിയിലായിരുന്നപ്പോൾ യേശു രോഗികളെയും അംഗഹീനരെയും സൌഖ്യമാക്കുക മാത്രമല്ല മരിച്ചവരെ ജീവനിലേക്ക് തിരികെ വരുത്തുകയും ചെയ്തുവെന്ന് മനസ്സിൽ പിടിക്കുക. (മത്തായി 11:2-6) ഇതു മരിച്ചവരെ ഉയിർപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ അത്ഭുതകരമായ ശക്തിയെ പ്രകടമാക്കി, ഇത് അവൻ യേശുക്രിസ്തുവിന് അനുവദിച്ചുകൊടുത്ത ഒരു ശക്തിയാണ്. ഒരുപാക്ഷ നിങ്ങൾ, പന്ത്രണ്ടുവയസ്സുണ്ടായിരുന്ന ഒരു മകൾ മരിച്ച ഒരു മനുഷ്യന്റെ വീട്ടിലേക്ക് യേശു വന്ന

**14. യോഹന്നാൻ 5:28, 29-ൽ യേശു മരിച്ചവർക്കുള്ള ഏതു പ്രതീക്ഷ വെളിപ്പെടുത്തി?**

**15. യേശു മരിച്ചവരെ ഉയിർപ്പിക്കുമെന്നു നമുക്ക് ഉറപ്പുണ്ടായിരിക്കാൻ കഴിയുന്നതെന്തുകൊണ്ട്?**



**യേശുവിനാൽ മരിച്ചവർപോലും ഉയിർപ്പിക്കപ്പെട്ടു**

സന്ദർഭം ഓർമ്മിക്കുന്നുണ്ടായിരിക്കും: മരിച്ച പെൺകുട്ടിയെ സംബോധന ചെയ്തുകൊണ്ട് യേശു പറഞ്ഞു: "ബാലേ, എഴുന്നേൽക്ക എന്നു ഞാൻ നിന്നോടു പറയുന്നു!" എന്തായിരുന്നു ഫലം? "ഉടൻതന്നെ ബാലിക എഴുന്നേററു നടക്കാൻ തുടങ്ങി" എന്നു ബൈബിൾ നമ്മോടു പറയുന്നു. അവളുടെ മാതാപിതാക്കളും മററു നിരീക്ഷകരും ഈ അത്ഭുതത്തോട് എങ്ങനെ പ്രതിവർത്തിച്ചു? "ഉടൻതന്നെ അവർ വലിയ ആനന്ദനിർവൃതിയാൽ സ്തബ്ധരായിപ്പോയി." അവർക്ക് അവരുടെ സന്തോഷം ഒതുക്കാൻ കഴിഞ്ഞില്ല.—മർക്കോസ് 5:35, 38-42; യോഹന്നാൻ 11:38-44 കൂടെ കാണുക; ലൂക്കോസ് 7:11-16.

16 പരദീസ ഭൂമിയിൽ പുനഃസ്ഥാപിക്കപ്പെട്ടുമ്പോൾ, യേശു മരിച്ചവരെ ഉയിർപ്പിക്കാൻ തന്റെ ശക്തി വീണ്ടും ഉപയോഗിക്കും. എന്തെന്നാൽ "നീതിമാൻമാരുടെയും നീതികെട്ടവരുടെയും ഒരു പുനരുത്ഥാനം ഉണ്ടാകാൻ പോകുന്നു"വെന്ന് ബൈബിൾ നമുക്ക് ഉറപ്പുനൽകുന്നു. (പ്രവൃത്തി

**16. മരിച്ചവരിൽനിന്ന് ആർ ഉയിർപ്പിക്കപ്പെടും, ഇതു ജീവിച്ചിരിക്കുന്നവരെ എങ്ങനെ ബാധിക്കും?**

24:15) മരിച്ച ആളുകളുടെ സംഘങ്ങൾ ഒന്നിനു പിറകേ ഒന്നായി ജീവനിലേക്കു തിരികെ വരുമ്പോൾ ഭൂവിസ്തൃതമായി എന്തോരാനന്ദമായിരിക്കും ഉണ്ടായിരിക്കുക! പ്രിയപ്പെട്ട ബന്ധുക്കളുടെ എന്തോരു സന്തുഷ്ട പുനർസംയോജനമുണ്ടായിരിക്കുമെന്ന് ഊഹിക്കുക! ചരമവാർത്താപംക്തികൾക്കുപകരം, തങ്ങളുടെ പ്രിയപ്പെട്ടവർക്കു സന്തോഷം കൈവരുത്തുന്നതിനു പുതുതായി ഉയിർപ്പിക്കപ്പെട്ടവരേക്കുറിച്ചുള്ള പ്രഖ്യാപനങ്ങളുണ്ടായിരിക്കാൻ നല്ല സാദ്ധ്യതയുണ്ട്.

17 അനേകംകോടി ആളുകൾ മരിച്ചിട്ടുണ്ട്, എന്നാൽ അതു ദൈവത്തിനു പ്രശ്നമുളവാക്കുന്നില്ല. അവന് അവരെയെല്ലാം ഓർക്കാൻ കഴിയും. എന്തിന്, ദൈവം "നക്ഷത്രങ്ങളുടെ സംഖ്യയെണ്ണുന്നു; അവയെയെല്ലാം അവൻ പേർചൊല്ലി വിളിക്കുന്നു" എന്ന് ബൈബിൾ നമ്മോടു പറയുന്നു. (സങ്കീർത്തനം 147:4 [146:4, *Dy*]) അതിന്റെ അർത്ഥമെന്തെന്നു പരിചിന്തിക്കുക. സഹസ്രലക്ഷക്കണക്കിന് താരാപംക്തികളുണ്ടെന്നു പറയപ്പെടുന്നു, ഓരോ താരാപംക്തിയിലും ഒററയൊററയായ സഹസ്രലക്ഷക്കണക്കിനു നക്ഷത്രങ്ങളുണ്ട്, എന്നിരുന്നാലും ദൈവത്തിന് ഓരോ നക്ഷത്രത്തെയും പേരിനാൽ അറിയാം. ഇന്നുവരെ ജീവിച്ചിട്ടുള്ള മനുഷ്യരുടെയെല്ലാം സംഖ്യ താരതമ്യേന ചെറുതാണ്. അതുകൊണ്ട്, മരിച്ചവരും ക്രിസ്തുവിന്റെ മറുവിലയുടെ ഏർപ്പാടിൻകീഴിൽ വരുന്നവരുമായവരെയെല്ലാം ഓർക്കുന്നതു ദൈവത്തിനു പ്രയാസമായിരിക്കുകയില്ല. (മത്തായി 19:26) അവർ ഇവിടെ ഭൂമിയിൽതന്നെ ജീവനിലേക്കു പുന:സ്ഥിതീകരിക്കപ്പെടും. അവരെ മരിച്ചവരിൽനിന്ന് തിരികെ സ്വാഗതം ചെയ്യുന്നതിന് ഹാജരാകുന്നതു് എത്ര പുളകപ്രദമായ പദവിയായിരിക്കും!

18 അവർ തിരിച്ചുവരുമ്പോൾ അവർ അതേ ആളുകൾതന്നെ ആയിരിക്കുമോ? നാം അവരെ അറിയുമോ? ഉവ്വ്! മനുഷ്യനുപോലും ടെലിവിഷനിൽ പിന്നീടുപയോഗിക്കുന്നതിന് ചിത്രങ്ങളും ശബ്ദങ്ങളും കാന്തനാടകളിൽ അനിശ്ചിതകാലം സൂക്ഷിക്കാൻ കഴിയും. ദൈവത്തിന് അതിലുമധികം ചെയ്യാൻ കഴിയും. ആദ്യമനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ ചെയ്തതുപോലെ പുനരുത്ഥാന സമയത്ത്, അവന് ഓരോരുത്തർക്കും അനുയോജ്യമായ ഒരു ശരീരം കൊടുക്കുവാനും

---

17. ഉയിർപ്പിക്കാനുള്ള സകലരേയും ഓർക്കുകയെന്നതു് ദൈവത്തിനു പ്രശ്നമല്ലാത്തതെന്തുകൊണ്ട്?

18. പുനരുത്ഥാനത്തിൽ, നിങ്ങൾക്കു മുമ്പു അറിയാമായിരുന്നവരെ നിങ്ങൾക്കു തിരിച്ചറിയാൻ കഴിയുമോ? എന്തുകൊണ്ട്?

അനന്തരം അവൻ മുൻജീവിതത്തിൽ പഠിച്ചതും അനുഭവിച്ചതുമായ എല്ലാററിന്റെയും കൃത്യമായ സ്മരണകൾ തലച്ചോറിൽ വീണ്ടും പതിപ്പിക്കുവാനും കഴിയും. ഇപ്രകാരം പുനരുത്ഥാനത്തിൽ ആ ആൾ തനിക്കു മരണത്തിങ്കൽ ഉണ്ടായിരുന്ന അതേ വ്യക്തിത്വത്തോടെ പുറത്തുവരും, പുനരുത്ഥാനം പ്രാപിച്ച യേശു അവന്റെ സ്വന്തം വ്യക്തിത്വം നിലനിർത്തിയതുപോലെതന്നെ. (എബ്രായർ 13:8) നിങ്ങൾ മുമ്പറിഞ്ഞവരെ തിരിച്ചറിയും. എന്തോരത്ഭുതകരമായ പ്രതീക്ഷ!—ഇയ്യോബ് 14:13-15.

19 ക്രിസ്തുവിന്റെ വാഴ്ചക്കാലത്തു നടക്കാനിരിക്കുന്ന ഈ പുളകം കൊള്ളിക്കുന്ന സംഭവങ്ങളുടെ ഒരു ദർശനം അപ്പോസ്തലനായ യോഹന്നാനു് കൊടുക്കപ്പെട്ടു. അതു് വെളിപാട്ടു് പുസ്തകത്തിൽ കാണപ്പെടുന്നു. മരണവും ഹേഡീസും (മനുഷ്യവർഗ്ഗത്തിന്റെ പൊതുശവക്കുഴി) ‘അവയിലുള്ള മരിച്ചവരെ വിട്ടുകൊടുക്കുമെന്നു” അവന്റെ ദർശനം പ്രകടമാക്കുന്നു. അവിടെ ആരും അവശേഷിക്കയില്ല. അപ്പോൾ, അവകാശപ്പെടുത്തിയ പാപം മുഖാന്തരമുള്ള മരണം എന്നേക്കുമായി പൊയ്പോയിരിക്കും. (വെളിപാട്ടു 20:13, 14; യെശയ്യാ 25:8) ശവസംസ്കാരമണ്ഡപങ്ങളും ശവകുടീരശിലകളും പൊയ്പ്പോയിരിക്കും! പരദീസാഭൂമിയുടെ മനോഹാരിതയെ ക്ഷതപ്പെടുത്തുന്നതിനു് യാതൊരു ശവക്കോട്ടയും അവശേഷിക്കയില്ല.

20 ഭൂമിയിലെ ജീവനിലേക്കു് ഉയിർപ്പിക്കപ്പെടുന്നവർ പരദീസയിലെ നിത്യജീവൻ പ്രാപിക്കുന്നതിനുള്ള അവസരത്തിനായി പുറത്തുവരും. അതു് വിദ്യാഭ്യാസത്തിന്റെ ഒരു കാലമായിരിക്കും. ദൈവത്തിൽനിന്നുള്ള ഉപദേശമടങ്ങുന്ന “ചുരുളുകൾ” തുറക്കപ്പെടും, അവർ ദൈവേഷ്ടത്തിനു ചേർച്ചയായി തങ്ങളുടെ മനസ്സുകളെ പുതുക്കുന്നതിനു് ഇവയെ അനുസരിക്കേണ്ട ആവശ്യമുണ്ടു്. അവർ “അവരുടെ പ്രവൃത്തികളനുസരിച്ചു് വ്യക്തിപരമായി ന്യായംവിധിക്കപ്പെടും”; അതായതു് പുനരുത്ഥാനം പ്രാപിച്ചുകഴിഞ്ഞും “ചുരുളുകളു”ടെ ഉള്ളടക്കം മനസ്സിലാക്കിക്കഴിഞ്ഞും അവർ ചെയ്യുന്ന പ്രവൃത്തികളനുസരിച്ചുതന്നെ. (വെളിപാട്ടു് 20:11-13)

---

**19. മരിച്ചവരെ സംബന്ധിച്ചു് വെളിപാട്ടുപുസ്തകം എന്തു പ്രകടമാക്കുന്നു? അതുകൊണ്ടു് എന്തു പൊയ്പോയിരിക്കും?**

**20. (എ) പുനരുത്ഥാനം പ്രാപിക്കുന്നവർക്കു് ഏതവസരം തുറന്നിരിക്കും? അവർ എന്തു ചെയ്യേണ്ട ആവശ്യമുണ്ടു്? (ബി) അവർ ഏതടിസ്ഥാനത്തിൽ ന്യായം വിധിക്കപ്പെടും? (സി) മുൻപു് അപകടകാരികളായിരുന്നേക്കാവുന്നവരുടെ വഴികളിൽ എങ്ങനെ മാററങ്ങളും നടക്കും?**

പ്രദാനം ചെയ്യപ്പെടുന്ന വിദ്യാഭ്യാസത്തിനു ചെവികൊടുക്കുന്നതിനാൽ, ഒരിക്കൽ കാട്ടുമൃഗങ്ങളെപ്പോലെ അപകടകാരികളായിരുന്നവർപോലും തങ്ങളുടെ വഴികൾക്കു മാററം വരുത്തും, ക്രിസ്തീയസഭയോടു സഹവാസത്തിൽ വന്നപ്പോൾ അനേകർ ചെയ്തുകഴിഞ്ഞിരിക്കുന്നതുപോലെ തന്നെ.—യെശയ്യാ 11:9; 26:9; 35:8, 9.

### ഭൂമി പരദീസാവസ്ഥകളിലേക്കു മടങ്ങിവരുന്നു

[21] നീതിയിലുള്ള പുരോഗതി ഭൗതികാനുഗ്രഹങ്ങളും കൈവരുത്തും. യെശയ്യാ 25:6-ലെ പ്രവാചകവചനങ്ങൾക്ക് ഒരു അക്ഷരീയ നിവൃത്തി ഉണ്ടായിരിക്കും: "സൈന്യങ്ങളുടെ യഹോവ തീർച്ചയായും ഈ പർവ്വതത്തിൽ സകല ജനങ്ങൾക്കുംവേണ്ടി നല്ലവണ്ണം എണ്ണചേർത്ത ഭോജ്യങ്ങളുടെ ഒരു വിരുന്ന് ഒരുക്കും." ആരും മേലാൽ വേദനയാലുള്ള പല്ലുകടിയും പട്ടിണിയാലുള്ള ദൗർബ്ബല്യവും അറികയില്ല. എന്നാൽ ദൈവം എങ്ങനെയാണ് ഈ വിരുന്നു നൽകുക?

[22] യിസ്രായേല്യർ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നപ്പോൾ അവന്റെ അനുഗ്രഹം അവർക്കു വലിയ ഐശ്വര്യം കൈവരുത്തി. അവരുടെ ദേശങ്ങൾ ധാന്യങ്ങളുടെ നല്ല വിളവുകൾ ഉല്പാദിപ്പിച്ചു. അവരുടെ പഴത്തോട്ടങ്ങൾ വിശിഷ്ട ഫലങ്ങൾ നൽകി. യഹോവ അവർക്കുവേണ്ടി "തക്കകാലത്തു [അവരുടെ] ദേശത്തു മഴപെയ്യിക്കേണ്ടതിനു" തന്റെ "കലവറയെ, ആകാശങ്ങളെ തുറന്നു." (ആവർത്തനം 28:12; 8-ാംവാക്യവും കാണുക.) ക്രിസ്തുവിന്റെ രാജ്യഭരണത്തിൻകീഴിൽ ഏററവും പൂർണ്ണമായ അളവിൽ ഇതുപോലുള്ള അനുഗ്രഹസമൃദ്ധി ഉണ്ടാകും. (സങ്കീർത്തനം 67:6, 7 [66:7, 8, *Dy*]) രാജ്യത്തിന്റെ ഭൗമിക പ്രജകൾ ആദാമും ഹവ്വായും ഒരിക്കലും നിറവേററാത്ത കല്പന നിറവേററും. അവർ മുഴുഗോളത്തെയും ഒരു പരദീസയാക്കിക്കൊണ്ടു ഭൂമിയെ "കീഴടക്കും." ഇങ്ങനെയുള്ള ഒരു പ്രതീക്ഷ സംബന്ധിച്ചും, പുനരുത്ഥാന പ്രത്യാശയുടെ കാഴ്ചപ്പാടിലുമാണ് യേശു തന്നോടുകൂടെ വധിക്കപ്പെട്ട അനുഭാവിയായ ദുഷ്പ്രവൃത്തിക്കാരനോട് "സത്യമായി ഇന്നു ഞാൻ

21. യെശയ്യാ 25:6-ൽ രാജ്യഭരണത്തിന്റെ ഏതു് അനുഗ്രഹം വർണ്ണിക്കപ്പെട്ടിരിക്കുന്നു?
22. (എ) ബൈബിളിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നതുപോലെ, ഈ ഭൗതികസമൃദ്ധി എങ്ങനെ നൽകപ്പെടും? (ബി) മുഴുഗോളവും ഏതവസ്ഥയിൽ രൂപാന്തരപ്പെടും?

നിന്നോടു പറയുന്നു,നീ എന്നോടുകൂടെ പരദീസയിൽ ഉണ്ടായിരിക്കും'' എന്നു പറഞ്ഞതു്.—ലൂക്കോസ് 23:39-43.

[23] അപ്പോൾ ഭൂമി മുഴുവൻ സൌഭാഗ്യം പ്രസരിപ്പിക്കും. അതു് അതിലെ സമതലങ്ങളും പർവ്വതങ്ങളും അതിലെ വൃക്ഷങ്ങളും പുഷ്പങ്ങളും അതിലെ നദികളും സമുദ്രങ്ങളുമെല്ലാം യഹോവയുടെ നീതിയുള്ള ഭരണത്തിൽ സന്തോഷിക്കുന്നതുപോലെയായിരിക്കും. (സങ്കീർത്തനം 96:11-13 [95:11-13, *Dy*]; 98:7-9 [97:7-9 *Dy*]) ശുദ്ധവായു മേലാൽ മലിനമാകയില്ല. ഏതു നദിയും അരുവിയും ശീതളമായ ശുദ്ധജലത്താൽ വെട്ടിത്തിളങ്ങും, മേലാൽ ദേശത്തിന്റെ നശീകരണം ഉണ്ടായിരിക്കയില്ല.

[24] സർവ്വഭൂമിയും—അതിലെ വനങ്ങളും വയലുകളും പർവ്വതങ്ങളും—വർണ്ണശബളമായ വൈവിദ്ധ്യത്തോടുകൂടിയ മൃഗങ്ങളാലും പക്ഷികളാലും സജീവമായ ഒരു മനോഹര ഉദ്യാനമായിരിക്കും. ഇവയും യഹോവയുടെ പുത്രന്റെ ജ്ഞാനപൂർവ്വകമായ നിയന്ത്രണത്തിനു വിധേയമായിരിക്കും. ആ ''വരാനിരിക്കുന്ന നിവസിതഭൂമി''യിൽ അവൻ അവയെയെല്ലാം മനുഷ്യവർഗ്ഗത്തോടുള്ള നിരുപദ്രവകരമായ കീഴ്പ്പെടലിൽ വരുത്തും.—എബ്രായർ 2:5-8; സങ്കീർത്തനം 8:4-8 [8:5-9, *Dy*].

## അന്തിമപരിശോധന നിത്യജീവനുള്ള യോഗ്യത നിർണ്ണയിക്കുന്നു

[25] ക്രിസ്തു മുഖാന്തരമുള്ള ദൈവരാജ്യം നിത്യതയിലെല്ലാം ഭരണം നടത്തും. എന്നിരുന്നാലും, ആദ്യത്തെ ആയിരം വർഷത്തിന്റെ അന്ത്യത്തോടുകൂടെ അതു ഭൂമിയെ സംബന്ധിച്ചുള്ള ഒരു പ്രത്യേക ഉദ്ദേശ്യം സാധിപ്പിച്ചിരിക്കും. അതു് അനീതിയുടെ സകല കണികയേയും നീക്കം ചെയ്തിരിക്കും. ഭൂമിയിലെ സകല മനുഷ്യവർഗ്ഗവും പരമോന്നതന്യായാധിപതിയായ യഹോവയാം ദൈവത്തിന്റെ സിംഹാസനത്തിനുമ്പാകെ പൂർണ്ണരായ സൃഷ്ടികളെന്ന നിലയിൽ നിലകൊള്ളും. ഏതു കാര്യത്തിലും അവർ ഏദനിലെ പൂർണ്ണരാ

23. സങ്കീർത്തനങ്ങൾ ഭൂമിയിൽ നിലവിൽ വരാനിരിക്കുന്ന സന്തുഷ്ടാവസ്ഥയെ എങ്ങനെ വർണ്ണിക്കുന്നു?

24. ക്രിസ്തുവിന്റെ ഭരണം മനുഷ്യവർഗ്ഗത്തിനുവേണ്ടി മൃഗസൃഷ്ടിയുടെ കാര്യത്തിൽ എന്തു ചെയ്യും?

25. (എ) ആദ്യത്തെ ആയിരം വർഷങ്ങളുടെ അന്ത്യത്തിൽ രാജ്യം എന്തു സാധിപ്പിച്ചിരിക്കും? (ബി) അപ്പോൾ ഏതു പരിശോധന നടക്കും, എന്തുകൊണ്ടു്?

യിരുന്ന ആദ്യമനുഷ്യരോടു തുല്യരായിരിക്കും. (1 കൊരിന്ത്യർ 15:24) ദൈവം അവർക്കു നിത്യജീവനുവേണ്ടിയുള്ള അവകാശം അനുവദിച്ചുകൊടുക്കുന്നതിനു് അവർ യോഗ്യരായിരിക്കുമോ? രാജ്യപ്രജകളെ, ദൈവത്തിന്റെ നീതിയുള്ള ഭരണത്തോടുള്ള അവരുടെ ഭക്തിസംബന്ധിച്ചു് പരിശോധിക്കുന്നതു് ഉചിതമായിരിക്കും. തങ്ങളുടെ വിശ്വസ്തത പ്രകടമാക്കുന്നതിനുള്ള അവസരം യഹോവ അവർക്കുകൊടുക്കും. എങ്ങനെ? സാത്താനെയും അവന്റെ ഭൂതങ്ങളെയും "അഗാധ"ത്തിലെ അവരുടെ ബന്ധനാവസ്ഥയിൽനിന്നു് മോചിപ്പിക്കുന്നതിനാൽ. (വെളിപാടു് 20:7) ഈ പരിശോധനയാൽ സാത്താൻ തങ്ങളുടെ സ്വർഗ്ഗീയ പിതാവിനോടുചെയ്ത വെല്ലുവിളിക്കു് ഒരു വ്യക്തിപരമായ ഉത്തരം കൊടുക്കാനുള്ള പദവി ദൈവത്തിന്റെ ഭൗമികകുടുംബത്തിലെ ഓരോരുത്തനും വ്യക്തിഗതമായി ലഭിക്കും.

26 ദൈവത്തോടു വിശ്വസ്തതയിൽ നിലകൊള്ളുന്നവർ നിത്യജീവനു യോഗ്യരെന്നു വിധിക്കപ്പെടും. യഹോവ തന്റെ "ജീവന്റെ പുസ്തക"ത്തിൽ അവരുടെ പേരെഴുതിക്കൊണ്ടു് അവർക്കു് ഈ അവകാശം കൊടുക്കും. മത്സരപൂർവ്വം ദൈവത്തിനെതിരായി തിരിയുന്ന ഏവനും "രണ്ടാം മരണ"ത്തിൽ നശിപ്പിക്കപ്പെടും. അപ്പോൾ പിശാചായ സാത്താൻ അവന്റെ ഭൂതങ്ങളോടുകൂടെ എന്നേക്കും നശിപ്പിക്കപ്പെടും. (വെളിപാടു് 20:7-10, 15) ഒരിക്കലും, അതെ, ഒരിക്കലുംതന്നെ ഭൂമിയോ, ദൈവത്തിന്റെ വിസ്തൃതമായ അഖിലാണ്ഡത്തിലെ മറേറതെങ്കിലും ഭാഗമോ വീണ്ടും പാപത്താലും മരണത്താലും അസ്വസ്ഥമാകയില്ല. നീതി പ്രബലപ്പെട്ടിരിക്കുന്ന ഒരു പരദീസയാക്കപ്പെട്ടുമ്പോൾ ഭൂമി വരുംകാലങ്ങളിലെല്ലാം യഹോവയുടെ നാമത്തിനു സ്തുതി കരേറുന്ന ഒരു രത്നമായി ഉതകും.

27 ഒരു പരദീസാഭൂമിയുടെമേൽ നീതിയുള്ള ഒരു ഭരണത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അവന്റെ നീതിയോടുള്ള നിങ്ങളുടെ ആദരവിനെ ആഴമേറിയതാക്കിത്തീർക്കുന്നുവോ? അതു് അവന്റെ ജ്ഞാനത്തോടുള്ള നിങ്ങളുടെ വിലമതിപ്പിനെ വർദ്ധിപ്പിക്കുന്നുവോ? അതു് അവ

---

26. (എ) ദൈവത്തോടു വിശ്വസ്തതയോടെ നിലകൊള്ളുന്നവർക്കു് (ബി) ദൈവത്തിനെതിരായി തിരിയുന്നവർക്കു് (സി) സാത്താനും അവന്റെ ഭൂതങ്ങൾക്കും ഉള്ള പരിണതഫലം എന്തായിരിക്കും?

27. നാം യഥാർത്ഥത്തിൽ പരദീസാഭൂമിയിലെ ജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം ഇപ്പോൾ എന്തു ചെയ്യണം?

നോടുള്ള നിങ്ങളുടെ സ്നേഹത്തെ പ്രകടമാക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നുവോ? അങ്ങനെയെങ്കിൽ നിങ്ങൾ ഇപ്പോൾ അവനെ പൂർണ്ണഹൃദയത്തോടെ സേവിക്കാൻ നിങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യണം. യഹോവയുടെ നാമത്തെയും ഉദ്ദേശ്യത്തെയുംകുറിച്ച് മററുള്ളവരോടു പറയുന്നതിൽ പങ്കെടുക്കുക. (സങ്കീർത്തനം 89:14-16 [88:15-17, *Dy*]; 1 യോഹന്നാൻ 4:19) ഇപ്പോൾ ദൈവത്തിൻെറ നീതിയുള്ള തത്വങ്ങളനുസരിച്ചു ജീവിക്കുക, അങ്ങനെ രാജ്യത്തിൻെറ നീതിയുള്ള ഭരണത്തിൻകീഴിലുള്ള പരദീസാഭൂമിയിലെ നിത്യജീവനുവേണ്ടി ഒരുക്കം ചെയ്യുക.

# സത്യസഭയും അതിൻെറ അടിസ്ഥാനവും

**നാം** ദൈവത്തിൻെറ പുതിയ വ്യവസ്ഥിതിയിൽ നിത്യമായി ജീവിക്കാനാഗ്രഹിക്കുന്നുവെങ്കിൽ നാം സത്യസഭയേയും അതിൻെറ അടിസ്ഥാനത്തേയും അംഗീകരിക്കണം. അവയെ സംബന്ധിച്ചു യേശു ഇങ്ങനെ പറഞ്ഞു: "ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും." (മത്തായി 16:18, *Dy*) ഈ സഭ ഏതാണ്, അതു പണിയപ്പെട്ടന്ന പാറ ഏതാണ്? ബൈബിൾ നമുക്കു ശരിയായ ഉത്തരങ്ങൾ നൽകുന്നു.

[2] ആളുകൾ ആരാധനയ്ക്കു കൂടിവരുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് അനേകർ "ചർച്ച്" എന്നു പറയുന്നുണ്ടെന്നിരിക്കെ, ബൈബിൾ ഒരിക്കലും അങ്ങനെ പറയുന്നില്ലെന്നു നിങ്ങൾക്കറിയാമോ? ബൈബിളിൽ "ചർച്ച്" എന്ന പദം എല്ലായ്പ്പോഴും ജനങ്ങളെ, യഥാർത്ഥത്തിൽ ആളുകളുടെ ഒരു കൂട്ടത്തെ, അഥവാ സഭായോഗത്തെ പരാമർശിക്കുന്നു. (ഫിലേമോൻ 2) "സഭ" എന്നോ "സഭായോഗ"മെന്നോ പരിഭാഷപ്പെട്ടുത്തിയിരിക്കുന്ന *എക്ലീസ്സിയാ* എന്ന ഗ്രീക്കുപദത്തിൻെറ ശബ്ദാർത്ഥം "വിളിച്ചുവേർതിരിക്കപ്പെട്ടതു" എന്നാണ്. അതു് ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി മററുള്ളവരുടെ ഇടയിൽനിന്ന് വിളിച്ചു വേർതിരിക്കപ്പെട്ട ആളുകളുടെ ഒരു സംഘത്തെ പരാമർശിക്കുന്നു; എന്നാൽ അതു് "സഭായോഗം" അഥവാ "കൂട്ടം" എന്നർത്ഥമുള്ള *കാഹൽ* എന്ന എബ്രായപദത്തിനു തുല്യമായി ഉപയോഗിക്കപ്പെട്ടുന്നു.

[3] സത്യസഭ അഥവാ സഭായോഗം ഒരു മാനുഷശരീരത്തോട് ഉപമിക്കപ്പെട്ടിരിക്കുന്നു, എന്തുകൊണ്ടെന്നാൽ മാനുഷശരീരത്തെപ്പോലെ അതിന് അനേകം അവയവങ്ങളും,

---

1. സത്യസഭയേയും അതിൻെറ അടിസ്ഥാനത്തേയും തിരിച്ചറിയുന്നതു് പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്?
2. (എ) ബൈബിൾ ഒരു കെട്ടിടത്തെ പരാമർശിക്കാൻ "ചർച്ച്" എന്ന പദത്തെ എപ്പോഴെങ്കിലും ഉപയോഗിക്കുന്നുണ്ടോ? (ബി) ഗ്രീക്കുപദത്തിൻെറ അർത്ഥമെന്താണ്?
3. സത്യസഭയെ (എ) ഒരു മാനുഷശരീരത്തോട് (ബി) വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്ന ഒരു കന്യകയോട് ഉപമിച്ചിരിക്കുന്നതെന്തുകൊണ്ട്?

എന്നാൽ ഒരു തലമാത്രവുമാണുള്ളതു്. നിശ്വസ്ത തിരുവെഴുത്തുകൾ എഫേസ്യർ 1:22, 23-ൽ (*Dy*) നമ്മോടു പറയുന്നതു് ദൈവം ക്രിസ്തുവിനെ "അവന്റെ ശരീരമാകുന്ന മുഴു സഭയുടെയുംമേൽ തല"യാക്കിയെന്നാണു്. ഒരു സംഘമെന്ന നിലയിൽ സത്യസഭയുടെ അംഗങ്ങൾ, ഒരു ഭാര്യ ഭർത്താവിനോടെന്നപോലെ ക്രിസ്തുവിനോടു് അടുത്തു ബന്ധപ്പെട്ടിരിക്കണമെന്നുള്ളതുകൊണ്ടു് ഈ സഭയെ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്ന ഒരു കന്യകയോടും താരതമ്യപ്പെടുത്തിയിട്ടുണ്ടു്. സഭയിലെ ചില അംഗങ്ങൾക്കു് എഴുതിക്കൊണ്ടു് അപ്പൊസ്തലനായ പൌലൊസ് പറഞ്ഞു: "ഞാൻ നിങ്ങളെ ഒരു നിർമ്മലകന്യകയെന്ന നിലയിൽ ക്രിസ്തുവിനു് അർപ്പിക്കേണ്ടതിനു് ഏകഭർത്താവിനു് ഞാൻ നിങ്ങളെ വ്യക്തിപരമായി വിവാഹവാഗ്ദത്തം ചെയ്തിരിക്കുന്നു." (2 കൊരിന്ത്യർ 11:2; വെളിപാടു് 21:2, 9, 10 കൂടെ കാണുക.) അതുകൊണ്ടു് അതു ലോകവഷളത്വത്തിൽനിന്നു് വിമുക്തവും അതിന്റെ തലയായ യേശുക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതുമായ ശുദ്ധിയുള്ള ഒരു സഭയാകുന്നു.

4 നമ്മിലാർക്കെങ്കിലും ഇവിടെ ഭൂമിയിൽ ഏതെങ്കിലും അംഗത്വപ്പട്ടികയിൽ കേവലം പേർ ചേർക്കുന്നതിനാൽ ഈ സഭയിൽ "ചേരാൻ" തീരുമാനിക്കുവാൻ കഴിയുമോ? ഇല്ല; എബ്രായർ 12:23 (*Dy*) വിശദീകരിക്കുന്നതുപോലെ ഇതു് "*സ്വർഗ്ഗങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന* ആദ്യജാതന്മാരുടെ സഭ" ആകുന്നു. ദൈവമാണു് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു്. *അവൻ* ഇച്ഛിക്കുന്നതുപോലെ അവൻ അവരെ സഭയിൽ ആക്കിവെക്കുന്നു. (1 കൊരിന്ത്യർ 12:18) ഇവരാണു് ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരിക്കുന്നതു്. ക്രിസ്ത്യാനികളെന്നവകാശപ്പെടുന്ന എല്ലാവരേയും ഉൾപ്പെടുത്തുന്നതിനു പകരം അവർ എണ്ണത്തിൽ 144000 ആയി പരിമിതപ്പെടുത്തപ്പെട്ടിരിക്കുകയാണെന്നു് യേശു വെളിപ്പെടുത്തി.—വെളിപാടു് 14:1-3; ലൂക്കോസ് 12:32.

5 അവർ തീർച്ചയായും ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി ആത്മീയാന്ധകാരത്തിൽനിന്നു് വിളിച്ചു വേർതിരിക്കപ്പെട്ട ഒരു കൂട്ടമാകുന്നു. ഇവിടെ ഭൂമിയിലായിരിക്കുമ്പോൾ അവർ

---

4. (എ) ഏതെങ്കിലും ഭൌമിക അംഗത്വപ്പട്ടികയിൽ പേർ ചേർക്കുന്നതിനാൽ ആർക്കെങ്കിലും സത്യസഭയിൽ "ചേരാൻ" കഴിയുമോ? എന്തുകൊണ്ടു്? (ബി) ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ പോകുന്ന സത്യസഭയിൽ എത്ര പേരുണ്ടു്?

5. ഏതു പ്രത്യേക ഉദ്ദേശ്യത്തിൽ സത്യസഭയുടെ അംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു?

5

ധൈര്യപൂർവ്വം തങ്ങളെ അന്ധകാരത്തിൽനിന്നു് തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ "സൽഗ്ഗുണങ്ങളെ വിസ്തൃതമായി ഘോഷിക്കുന്നു." (1 പത്രോസ് 2:9) അവരുടെ പുനരുത്ഥാനശേഷം, അവർക്കു ക്രിസ്തുവിനോടുകൂടെ അവന്റെ സ്വർഗ്ഗീയ രാജ്യത്തിൽ ഭരിക്കുന്നതിനുള്ള മഹത്തായ പദവി ലഭിക്കും.—ലൂക്കോസ് 22:28-30.

6 ഈ സത്യസഭയുടെ ആദ്യത്തെ അംഗങ്ങളെല്ലാം (യേശുവിനെയും അവന്റെ അപ്പോസ്തലന്മാരെയുംപോലെ) യഹൂദന്മാരോ പരിച്ഛേദനയേററ യഹൂദമതാനുസാരികളോ ആയിരുന്നു. പൊ. യു. 33 ലെ പെന്തക്കോസ്തിൽ—യേശു സ്വർഗ്ഗത്തിലേക്കു കയറുകയും തക്കസമയത്തു തന്നെ അനുഗമിക്കുന്നതിനു് മററുള്ളവർക്കു വഴി തുറക്കുകയും ചെയ്തശേഷം വെറും പത്തുദിവസം കഴിഞ്ഞു്—യഹോവ പരിശുദ്ധാത്മാവിനെ പകർന്നതിനാൽ ഈ അംഗങ്ങളെ താൻ തെരഞ്ഞെടുത്തതായി അവൻ സൂചിപ്പിച്ചു. ആ സന്ദർഭത്തിലെ അവരുടെ ആത്മാവിന്റെ പ്രാപിക്കൽ അവർ ഇപ്പോൾ ദൈവത്തിന്റെ ആത്മീയപുത്രന്മാരും, ക്രിസ്തുവിനോടുകൂടെ രാജ്യത്തിന്റെ അവകാശികളുമാണെന്നു് അവരോടു സാക്ഷ്യം വഹിച്ചു. (പ്രവൃത്തികൾ 2:1-4, 16-21, 33; റോമർ 8:16, 17) എന്നാൽ സത്യസഭയുടെ അംഗത്വം എല്ലായ്പോഴും യഹൂദ്യരായി സ്ഥിതിചെയ്തില്ല. യേശുവിന്റെ മരണാനന്തരം മൂന്നര വർഷംകഴിഞ്ഞു് പുറജാതികൾക്കു് അഥവാ യഹൂദേതരക്കു് ഉൾപ്പെടുന്നതിനുള്ള വഴി തുറക്കപ്പെട്ടു. (പ്രവൃത്തികൾ 10:30-33 44; റോമർ 9:23, 24) അതുകൊണ്ടു് കാലക്രമത്തിൽ, സത സഭയ്ക്കു് സാർവ്വദേശീയമായ അംഗത്വം ഉണ്ടാവാനിടയായി.

## സത്യസഭയുടെ അടിസ്ഥാനം

7 സത്യസഭയുടെ അടിസ്ഥാനം ആരാണു്? താൻതന്നെയാണു് ആ അടിസ്ഥാനമെന്നു് യേശുക്രിസ്തു വ്യക്തമാക്കി. അവൻ സങ്കീർത്തനം 118:22 [117:22, *Dy*] ലെ പ്രവചനം തനിക്കുതന്നെ ബാധകമാക്കിക്കൊണ്ടു പറഞ്ഞു: "പണിക്കാർ തള്ളിക്കളഞ്ഞ കല്ലാണു് മുഖ്യമൂലക്കല്ലായിത്തീർന്നിരിക്കുന്നതു്." (മത്തായി 21:42-44) എഫേസൂസിലെ ക്രിസ്ത്യാനികൾക്കു് പിൻവരുന്ന പ്രകാരം എഴുതിക്കൊണ്ടു്

---

**6. (എ) സത്യസഭയുടെ ആദ്യത്തെ അംഗങ്ങൾ ആരായിരുന്നു, അവർ ദൈവത്തിന്റെ ആത്മീയ പുത്രന്മാരാണെന്നുള്ളതിനു് അവർക്കു് എങ്ങനെ സാക്ഷ്യം ലഭിക്കപ്പെട്ടു? (ബി) യഹൂദേതരക്കു് എപ്പോൾ അംഗത്വം തുറക്കപ്പെട്ടു?**

**7. യേശുവും അപ്പോസ്തലനായ പൌലോസും സത്യസഭയുടെ അടിസ്ഥാന മൂലക്കല്ലിനെ എങ്ങനെ തിരിച്ചറിഞ്ഞു?**

അപ്പോസ്തലനായ പൌലോസ്, യേശു "മുഖ്യമൂലക്കല്ലാ"ണെന്നുള്ളതിനോടു തന്റെ സാക്ഷ്യം കൂട്ടുന്നു: "നിങ്ങൾ യേശുക്രിസ്തുതന്നെ മുഖ്യമൂലക്കല്ലായിരിക്കെ, അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടവരായി, ദൈവത്തിന്റെ വിശുദ്ധന്മാരോടും ഭവനക്കാരോടുംകൂടെ സഹപൗരന്മാരാകുന്നു." (എഫേസ്യർ 2:19, 20, *Dy*) അപ്പോസ്തലൻ അതു സംബന്ധിച്ചു വളരെ തീർച്ചയുള്ളവനായിരുന്നു, "എന്തെന്നാൽ ഇടപ്പെട്ട ക്രിസ്തുയേശു എന്ന അടിസ്ഥാനമല്ലാതെ മറെറാരു അടിസ്ഥാനം ഒരു മനുഷ്യനും ഇടാൻ സാദ്ധ്യമല്ല" എന്നു വീണ്ടും പറഞ്ഞുകൊണ്ടുതന്നെ.—1 കൊരിന്ത്യർ 3:11, *Dy*.

[8] സത്യസഭയ്ക്കു ക്രിസ്തുയേശുവിനേക്കാൾ വിശിഷ്ടവും സുനിശ്ചിതവുമായ അടിസ്ഥാനം ഉണ്ടായിരിക്കാൻ സാദ്ധ്യമല്ല, ആണോ? മറുവിലയായി കൊടുക്കപ്പെട്ട അവന്റെ സ്വന്തം പൂർണ്ണ മനുഷ്യജീവനാണ് ഈ ദിവ്യക്രമീകരണം സാദ്ധ്യമാക്കിത്തീർക്കുന്നത്. എന്നിരുന്നാലും യേശുവിനാലും അപ്പോസ്തലനായ പൌലോസിനാലുമുള്ള ഈ സാക്ഷ്യത്തെ, നമുക്ക് യേശു മത്തായി 16:18-ൽ പത്രോസിനോടു പ്രസ്താവിച്ചതിനോടു എങ്ങനെ പൊരുത്തപ്പെടുത്താൻ കഴിയും? പരസ്പര വൈരുദ്ധ്യമില്ലെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കാവുന്നതാണ്.

**"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും"**

[9] പത്രോസ്, ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ് യേശു എന്നു സമ്മതിച്ചു പറഞ്ഞതേ ഉണ്ടായിരുന്നുള്ളു. അപ്പോൾ യേശു ഇങ്ങനെ പറഞ്ഞു: "നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്നു ഞാൻ നിന്നോടു പറയുന്നു." (*Dy*) യേശുവിന്റെ സഭ, അടിസ്ഥാനമെന്നനിലയിൽ പത്രോസിന്മേൽ പണിയപ്പെടുന്നുവെന്നാണ് ഈ വാക്കുകളുടെ അർത്ഥമെന്ന് ചിലർ മനസ്സിലാക്കുന്നു. റോമൻ കത്തോലിക്കാ സഭയുടെ ഔദ്യോഗിക നിലപാടിതാണ്. എന്നാൽ *വത്തിക്കാൻ കൌൺസിലിന്റെ ഉള്ളിലെ ഒരു വീക്ഷണം* (1870) എന്ന പുസ്തകത്തിൽ,

---

**8. (എ) സത്യസഭയ്ക്കു ക്രിസ്തുയേശുവിനെക്കാൾ വിശിഷ്ടമായ അടിസ്ഥാനം ഉണ്ടായിരിക്കാൻ കഴിയാത്തതെന്തുകൊണ്ട്? (ബി) ഇപ്പോൾ ഏതു ചോദ്യം ഉദിക്കുന്നു?**

**9. (എ) ചിലർ മത്തായി 16:18-ലെ യേശുവിന്റെ വാക്കുകളെ എങ്ങനെ മനസ്സിലാക്കുന്നു? (ബി) ആദിമസഭാ "പിതാക്കന്മാ"രിൽ ഭൂരിപക്ഷം "പാറ"യെക്കുറിച്ചുള്ള യേശുവിന്റെ പരാമർശം പത്രോസിനു ബാധകമാകുന്നതായി മനസ്സിലാക്കിയിരുന്നോ?**

കുറഞ്ഞപക്ഷം എൺപത്തിയാറ് ആദിമസഭാ "പിതാക്കന്മാ"രിൽ പതിനേഴുപേർ മാത്രമേ "പാറയെ" സംബന്ധിച്ചുള്ള യേശുവിന്റെ പരാമർശം പത്രോസിനു ബാധകമായതായി മനസ്സിലാക്കിയുള്ളുവെന്ന് ആർച്ച് ബിഷപ്പ് കെൻറിക്ക് പ്രകടമാക്കുന്നു എന്നു കുറിക്കൊള്ളുന്നതു് രസാവഹമാണ്. നിങ്ങൾക്കതറിയാമായിരുന്നുവോ?

[10] ദൃഷ്ടാന്തമായി, സാധാരണ "വിശുദ്ധ അഗസ്റ്റീൻ" എന്നു പരാമർശിക്കപ്പെടുന്ന അഗസ്റ്റീന്റെ (പൊ. യു. 354-430) വീക്ഷണം പരിചിന്തിക്കുക. ഒരു കാലത്തു് അദ്ദേഹം പത്രോസിനെ "പാറ"യായി വീക്ഷിച്ചിരുന്നുവെങ്കിലും പിൽക്കാലജീവിതത്തിൽ തന്റെ *റിട്രാക്ടേഷൻസിൽ* " 'നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും' എന്നുള്ള കർത്താവിന്റെ വാക്കുകൾ, 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' എന്നു പത്രോസ് പറഞ്ഞപ്പോൾ അവൻ ഏററുപറഞ്ഞവനെ പരാമർശിക്കുന്നതായി മനസ്സിലാക്കണം എന്നു ഞാൻ പലപ്പോഴും വിശദീകരിച്ചിട്ടുണ്ട്...എന്തുകൊണ്ടെന്നാൽ [പത്രോസിനോടു] പറഞ്ഞതു് 'നീ പാറയാകുന്നു' എന്നല്ല, പിന്നെയോ, 'നീ പത്രോസ് ആകുന്നു' എന്നാണ്. എന്നാൽ പാറ ക്രിസ്തു ആയിരുന്നു" എന്നു പറഞ്ഞതിനാൽ അദ്ദേഹം തന്റെ നിലപാടു് പുനഃപ്രസ്താവന ചെയ്തിട്ടുണ്ട്.

[11] എന്നാൽ വളരെയധികം പ്രാധാന്യമുള്ളതായി, പത്രോസ് തന്നെ, യേശുവിന്റെ വാക്കുകൾ എങ്ങനെ മനസ്സിലാക്കി? കർത്താവായ യേശുവിനെക്കുറിച്ച് പത്രോസ് ഇങ്ങനെ പറഞ്ഞു: "മനുഷ്യരാൽ തീർച്ചയായും തള്ളപ്പെട്ടവനെങ്കിലും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും മാന്യനാക്കപ്പെട്ടവനുമായ അവങ്കലേക്കു് ഒരു ജീവനുള്ള കല്ലിങ്കലേക്കെന്നപോലെ വന്നിട്ട്: നിങ്ങളും യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു സ്വീകാര്യമായ ആത്മീയ യാഗങ്ങളർപ്പിക്കുന്നതിന്, ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയ ഭവനമായി, ഒരു വിശുദ്ധ പുരോഹിതവർഗ്ഗമായി പണിയപ്പെടുക. അതുകൊണ്ടു് നോക്കു, ഞാൻ സീയോനിൽ തെരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ ഒരു *മുഖ്യമൂലക്കല്ല്* ഇടുകയാകുന്നു എന്നു തിരുവെഴുത്തുകളിൽ പറയപ്പെട്ടിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ അന്ധാളിച്ചുപോകുകയില്ല. അതുകൊണ്ടു് വിശ്വസിക്കുന്ന നിങ്ങൾക്കു്

---

10. അഗസ്റ്റീൻ "പാറ"യെക്കുറിച്ചുള്ള യേശുവിന്റെ പരാമർശത്തെ എങ്ങനെ മനസ്സിലാക്കി?

11. പത്രോസ്തന്നെ "പാറ" ആരാണെന്നു മനസ്സിലാക്കി?

അവൻ മാന്യതയാണ്: വിശ്വസിക്കാത്തവർക്ക് പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ കോണിന്റെ തലയാക്കപ്പെട്ടിരിക്കുന്നു: വചനത്തിൽ ഇടറിപ്പോകുന്നവർക്ക് ഒരു ഇടർച്ചക്കല്ലും, ഒരു അപവാദ*പാറയും* തന്നെ." (1 പത്രോസ് 2:4-8, *Dy*) പത്രോസ്, അപ്പോസ്തലനായ പൌലോസിനെപ്പോലെ സഭ പണിയപ്പെടുന്ന മുഖ്യമൂലക്കല്ല്, പാറ യേശു ആണെന്നു മനസ്സിലാക്കിയെന്ന് അവന്റെ വാക്കുകൾ പ്രകടമാക്കുന്നു. പത്രോസ് സത്യസഭയായിത്തീരുന്ന 144000 "ജീവനുള്ള കല്ലുകളി"ൽ ഒന്നു മാത്രമാണ്.

12 പത്രോസ് യേശുവിന്റെ ഒരു അപ്പോസ്തലൻ എന്ന നിലയിൽ വിശിഷ്ടമായ പദവികളനുഭവിച്ചിരുന്നു എന്നുള്ളതു സത്യംതന്നെ. എന്നാൽ താൻ അപ്പോസ്തലന്മാരിൽ മുഖ്യനാണെന്ന് വിചാരിച്ചിരുന്നതായി അവൻ ഒരിടത്തും സൂചിപ്പിക്കുന്നില്ല. മററ് അപ്പോസ്തലന്മാരും ശിഷ്യന്മാരും പത്രോസിനെ ഒരു "പാപ്പാ"യായി അംഗീകരിക്കുകയും അങ്ങനെ ബഹുമതി കൊടുക്കുകയും ചെയ്തുവെന്നും നാം ഒരിടത്തും വായിക്കുന്നില്ല.. ഒരു സന്ദർഭത്തിൽ സത്യക്രിസ്തീയവിശ്വാസത്തിന് അനുയോജ്യമല്ലാത്ത ഒരു ഗതി സ്വീകരിച്ചതുകൊണ്ട് പത്രോസിനെ (കേഫാവിനെ) പരസ്യമായി ശാസിക്കേണ്ടതാവശ്യമാണെന്ന് അപ്പോസ്തലനായ പൌലോസ് കണ്ടെത്തി. വിശ്വാസവും ധാർമ്മിക കാര്യങ്ങളും ഉൾപ്പെടുന്ന ഈ സംഗതിയിൽ പത്രോസ് തെററിപ്പോയി എന്നും അവനെ പരസ്യമായി ശാസിക്കുന്നതിന് പൌലോസിനു സ്വാതന്ത്ര്യം തോന്നിയെന്നുമുള്ള വസ്തുത, പത്രോസ് അപ്പോസ്തലന്മാരുടെയോ ആദിമസഭയുടെയോ "അപ്രമാദിത്വമുള്ള" ശിരസ്സായി വീക്ഷിക്കപ്പെട്ടില്ലെന്ന് പ്രകടമാക്കുന്നു. (ഗലാത്യർ 2:11-14) സത്യസഭയിൽ യേശുക്രിസ്തു എന്ന ഏക ശിരസ്സേ ഉള്ളു. അവൻ തന്റെ പുനരുത്ഥാനശേഷം "എന്നേക്കും ജീവനുള്ളവൻ" ആകുന്നു, അതുകൊണ്ട് അവന് പിൻഗാമികൾ ആവശ്യമില്ല.— എബ്രായർ 7:23-25.

### ഒരു ഏകീകൃത സഭ

13 ശിരസ്സായ യേശു തന്റെ സഭായോഗമാകുന്ന ശരീര

12. (എ) പത്രോസ് ആദിമസഭയുടെ "അപ്രമാദിത്വമുള്ള" ഒരു ശിരസ്സായി വീക്ഷിക്കപ്പെട്ടിരുന്നുവോയെന്നു നാം എങ്ങനെ അറിയുന്നു? (ബി) ആര് എല്ലായ്പോഴും സത്യസഭയുടെ ശിരസ്സായി സ്ഥിതിചെയ്യുന്നു?

13. (എ) സഭയ്ക്കു വൈദികന്മാരും അയ്മേനികളുമെന്ന വിഭജനം പാടില്ലെന്ന് യേശുവിന്റെ ഏതു വാക്കുകൾ പ്രകടമാക്കുന്നു? (ബി) സഭയിൽ നേതൃത്വമെടുക്കുന്നവർ എങ്ങനെ വർത്തിക്കണമായിരുന്നു?

ത്തെ ഒരു വൈദികവർഗ്ഗവും ഒരു അയ്മേനി വർഗ്ഗവുമായി വിഭജിക്കുന്നില്ല. അവൻ തൻെറ അനുഗാമികളോട്ട് ഇങ്ങനെ പറയുന്നു: "നിങ്ങൾ റബ്ബി എന്നു വിളിക്കപ്പെടരുതു്, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഗുരു ഏകനാണ്, എന്നാൽ നിങ്ങളെല്ലാം സഹോദരന്മാരാണ്. തന്നെയുമല്ല, ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവു് എന്നു വിളിക്കരുതു്, എന്തുകൊണ്ടെന്നാൽ ഏകനാണു നിങ്ങളുടെ പിതാവു്, സ്വർഗ്ഗീയൻതന്നെ. 'നേതാക്കന്മാർ' എന്നും വിളിക്കപ്പെടരുതു്, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ നേതാവു് ഏകനാണ്, ക്രിസ്തു തന്നെ." (മത്തായി 23:8-10) അതുകൊണ്ട് സത്യസഭയായിത്തീരുന്നവരുടെ ഇടയിൽ വേർതിരിവില്ലെന്ന് യേശു പ്രകടമാക്കുന്നു. എന്നിരുന്നാലും പുരുഷന്മാർ തങ്ങളുടെ സഹോദരങ്ങളുടെ ആത്മീയാവശ്യങ്ങൾക്ക് സേവ ചെയ്യുന്നതിനും സുവാർത്ത പ്രസംഗിക്കുന്ന വേല ക്രമീകരിക്കുന്നതിനും ക്രിസ്തീയസഭയിൽ നേതൃത്വമെടുക്കുന്നതിനു് അവൻ ക്രമീകരിക്കുകതന്നെചെയ്തു. അങ്ങനെയുള്ളവർ തങ്ങളുടെ സഹോദരന്മാരുടെമേൽ "കർതൃത്വം നടത്താതെ" അവർക്ക് അടിമകളോ ദാസന്മാരോ പോലെയായിരിക്കണമെന്നു യേശു പറഞ്ഞു. (മത്തായി 20:25-28) നിങ്ങൾക്കറിയാവുന്ന വൈദികരെ സംബന്ധിച്ചു് അതു സത്യമാണോ?

[14] സത്യസഭയെ സംബന്ധിച്ച ബൈബിളിൻെറ വർണ്ണനയ്ക്കു യോജിക്കുന്നതിന്, അതിലുള്ളവർ തങ്ങളുടെ ആരാധനയിൽ ഏകീകൃതരായിരിക്കണം. ഈ കാര്യം സംബന്ധിച്ചു അപ്പോസ്തലനായ പൌലൊസ് ഇങ്ങനെ എഴുതി: "സഹോദരന്മാരേ, നിങ്ങളെല്ലാവരും യോജിപ്പിൽ സംസാരിക്കണമെന്നും നിങ്ങളുടെ ഇടയിൽ ഭിന്നതകൾ ഉണ്ടായിരിക്കാതെ, നിങ്ങൾ ഒരേ മനസ്സിലും ഒരേ ചിന്താഗതിയിലും ഉചിതമായി ഏകീകൃതരായിരിക്കണമെന്നും കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു." (1 കൊരിന്ത്യർ 1:10) അതുകൊണ്ടു് നമുക്ക് അവരെ ക്രൈസ്തവലോകത്തിലെ സകല പരസ്പര വിരുദ്ധമതങ്ങളിലും ചിതറി സ്ഥിതിചെയ്യുന്നതായി കണ്ടെത്താൻ തിരുവെഴുത്തുപരമായി പ്രതീക്ഷിക്കാവുന്നതല്ല. അവർ ഒരേ ഒരു സ്ഥാപനത്തിൽ ചേർക്കപ്പെട്ടിരിക്കണം. എഫേസ്യർ 4:4, 5. അവരെസംബന്ധിച്ചു പറയുന്നതുപോലെ: "ഒരു ശരീരവും

---

**14.** സത്യസഭയായിത്തീരുന്നവർ ആരാധനയ്ക്ക് ഒരൊററ സ്ഥാപനത്തിൽ കൂട്ടിച്ചേർക്കപ്പെടേണ്ടതെന്തുകൊണ്ട്?

. . . ഒരു കർത്താവും, ഒരു വിശ്വാസവും ഉണ്ടു്." ആ "ഒരു വിശ്വാസം" എന്താണെന്നു് അറിയുന്നതു നമ്മെസംബന്ധിച്ചു ജീവൽപ്രധാനമാണു്.

## സത്യസഭയേയും അതിൻെറ അടിസ്ഥാനത്തേയും കുറിച്ചുള്ള വിലമതിപ്പു്

15 തങ്ങളുടെ ശിരസ്സായ ക്രിസ്തുവിൻകീഴിലെ സത്യസഭയുടെ അംഗങ്ങൾ "അബ്രാഹാമിൻെറ സന്തതി, ഒരു വാഗ്ദത്തം സംബന്ധിച്ചു് അവകാശികൾ" ആയിത്തീരുന്നതായി പറയപ്പെടുന്നു. (ഗലാത്യർ 3:29) അനുസരണമുള്ള മനുഷ്യവർഗ്ഗത്തിലെ മററുള്ള എല്ലാവരും ക്രിസ്തുവിനാലും അവൻെറ സഭയാലും തങ്ങളെത്തന്നെ അനുഗ്രഹിക്കുമെന്നുള്ളതാണു് ഈ വാഗ്ദത്തം. (ഉല്പത്തി 22:18) ക്രിസ്തുവിൻെറ രാജ്യത്തിൻെറ സ്ഥാപനകാലത്തു് ദൈവത്തിൻെറ സ്വർഗ്ഗീയസ്ഥാപനമായ "മീതെയുള്ള യെരുശലേ"മിൻെറ ഈ മക്കളിൽ ഒരു ശേഷിപ്പു മാത്രമേ ഭൂമിയിൽ ശേഷിച്ചിരിക്കുകയുള്ളുവെന്നു ബൈബിൾ മുൻകൂട്ടിപ്പറഞ്ഞു. (ഗലാത്യർ 4:26; വെളിപാടു് 12:10, 17) യേശു ഭൂമിയിലെ തൻെറ സഭയുടെ ഈ അംഗങ്ങളെ "വിശ്വസ്തനും വിവേകിയുമായ ഒരു ദാസൻ" എന്നു വർണ്ണിച്ചു. തൻെറ ന്യായവിധിവേലയ്ക്കു താൻ വരുന്നസമയത്തു് വിശ്വസ്തതയോടെ സേവിക്കുന്നതായി കണ്ടെത്തപ്പെടുന്നവർ "അവൻെറ സകല വസ്തുക്കളിന്മേലും," അതായതു് ക്രിസ്തുവിൻെറ രാജ്യത്തിൻെറ സകല ഭൗമികതാല്പര്യങ്ങളിന്മേലും നിയമിക്കപ്പെടുമെന്നു് അവൻ പറഞ്ഞു. അവർ "അന്ത്യകാല"ത്തു് സ്ഥാപിക്കപ്പെട്ടിരിക്കുന്ന രാജ്യത്തിൻെറ സുവാർത്ത സകല ജനതകളോടും പ്രസംഗിക്കുന്നതിൽ നേതൃത്വമെടുക്കും.— മത്തായി 24:14, 45-47; 25:19-23.

16 ദൈവത്തിൻെറ പുതിയ വ്യവസ്ഥിതിയിൽ നിത്യജീവൻ പ്രാപിക്കാമെന്നു് ഇന്നു പ്രത്യാശിക്കുന്ന എല്ലാവരും ഈ ക്രമീകരണത്തെ തിരിച്ചറിയേണ്ട ആവശ്യമുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ "അന്ത്യകാല"ത്തു്, ക്രിസ്തീയസഭയിൽ പെടുന്ന അവൻെറ കൂട്ടവകാശികളായ, അവൻെറ "സഹോദരന്മാരിൽ" ഭൂമിയിൽ ശേഷിച്ചിരിക്കുന്നവർക്കു നന്മചെയ്യുന്നവരെ ആനുകൂല്യത്തിൻെറ ഒരു സ്ഥാനത്തേക്കു വേർ

---

15. (എ) ക്രിസ്തുവും അവൻെറ സഭയും അനുസരണമുള്ള മററെല്ലാ മനുഷ്യർക്കും പ്രയോജനം ചെയ്യുന്നതെങ്ങനെ? (ബി) താൻ രാജ്യാധികാരത്തിൽ വരുന്ന കാലത്തു് തൻെറ സത്യസഭയ്ക്കു് താൻ എന്തു് ഉത്തരവാദിത്വം കൊടുക്കുമെന്നു് യേശു പറഞ്ഞു?

16. ഈ ക്രമീകരണത്തിനു് ഉചിതമായ അംഗീകാരം പ്രകടമാക്കുന്നവർക്കു എന്തനുഗ്രഹങ്ങൾ കൈവരുന്നു?

തിരിക്കുന്നുവെന്ന് യേശു പറഞ്ഞു. (മത്തായി 25:31-40) ഇവർ ഒരു ആത്മീയ ഭവനമോ ആലയമോ ആയി "ദൈവത്തിന് ആത്മാവിനാൽ വസിപ്പാനുള്ള ഒരു സ്ഥലമായി" പണിയപ്പെടുന്ന "ജീവനുള്ള കല്ലുകളു"ടെ ഒരു ശേഷിപ്പാണ്. (1 പത്രോസ് 2:5; എഫേസ്യർ 2:20-22) ഈ ആലയവർഗ്ഗത്തിന്റെ അംഗങ്ങൾക്ക 'നന്മ ചെയ്യുന്നവർ,' ദൈവസംരക്ഷണത്തിൻ കീഴിൽ വരുന്ന ആളുകളുടെ ഒരു "മഹാപുരുഷാര"മായി വെളിപാടുപുസ്തകത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. അവർ "രാവും പകലും അവന്റെ ആലയത്തിൽ," അതായത്, ക്രിസ്തീയ സഭയാകുന്ന ആത്മീയ ആലയവർഗ്ഗത്തിന്റെ ശേഷിപ്പിനോടുള്ള സഹവാസത്തിൽ സന്തോഷപൂർവ്വം ദൈവത്തെ സേവിക്കുന്നുവെന്നും കുറിക്കൊള്ളുക. —വെളിപാട് 7:9, 10, 15.

17 ഈ ചെമ്മരിയാട്ടുതുല്യരായ ആളുകൾ, അബ്രാഹാമിനോടു ചെയ്ത വാഗ്ദത്തത്തിന്റെ അവകാശികളോടു ഫലത്തിൽ ഇങ്ങനെ പറയുന്നു: "ഞങ്ങൾ നിങ്ങളോടുകൂടെ പോകും, എന്തുകൊണ്ടെന്നാൽ ദൈവം നിങ്ങളോടുകൂടെ ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കുന്നു." (സെഖര്യാവ് 8:23) സത്യസഭയിൽ അഥവാ സഭായോഗത്തിൽപെട്ടവർ ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ വിശ്വസ്തതയോടെ നടക്കുകയും രാജ്യദൂതു ഘോഷിക്കയും ചെയ്യുന്നതുപോലെ ഈ ചെമ്മരിയാട്ടുതുല്യരും അവരോടൊത്തു ദൈവത്തെ സേവിച്ചുകൊണ്ട് 'അവരോടുകൂടെ പോകുന്നു.' നിങ്ങൾ അതു ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ, ക്രിസ്തുവിൽനിന്നും സ്വർഗ്ഗങ്ങളിലെ അവന്റെ മഹത്വീകരിക്കപ്പെട്ട സഭയിൽനിന്നും ഒഴുകുന്ന മറ്റു സകല അനുഗ്രഹങ്ങളോടുംകൂടെ ഭൂമിയിൽ നിത്യജീവൻ പ്രാപിക്കാനുള്ള പ്രതീക്ഷ നിങ്ങൾക്കുണ്ട്.

17. ചെമ്മരിയാട്ടുതുല്യർ, സത്യസഭയിൽ ശേഷിച്ചിരിക്കുന്നവരോട് ഫലത്തിൽ എന്തു പറയുന്നു?

# സത്യമതത്തെ തിരിച്ചറിയുന്നവിധം

യുക്തിയനുസരിച്ച് ഒരൊററ സത്യമതമേ ഉണ്ടായിരിക്കാവൂ. ഇതു് സത്യദൈവം "കലക്കത്തിൻെറയല്ല, സമാധാനത്തിൻെറ" ദൈവമാകുന്നു എന്ന വസ്തുതയ്ക്കു് ചേർച്ചയായിട്ടാണു്. (1 കൊരിന്ത്യർ 14:33) തന്നെയുമല്ല, അങ്ങനെയുള്ള മതം ആചരിക്കുന്നവർ "ആത്മാവോട്ടും സത്യത്തോട്ടും കൂടെ" ദൈവത്തെ ആരാധിക്കുന്നുവെന്നു് യേശുക്രിസ്തു പറഞ്ഞു. സത്യം അതിൽതന്നെ വിഭാജിപ്പുള്ളതല്ല. (യോഹന്നാൻ 4:23, 24) എന്നാൽ ഇന്നു് ഈ സത്യാരാധകർ ആരാണു്? നിങ്ങൾക്കു് അവരെ എങ്ങനെ തിരിച്ചറിയുവാനും, അവരുടെ ആരാധന തീർച്ചയായും ദൈവത്താൽ അംഗീകരിക്കപ്പെട്ടതാണെന്നറിയുവാനും കഴിയും?

² ആളുകളും സ്ഥാപനങ്ങളും കേവലം *അവകാശപ്പെടുന്നതിൻെറ* അടിസ്ഥാനത്തിൽ ഇതു തീരുമാനിക്കാവുന്നതല്ല. അനേകർ അവൻെറ നാമത്തിൽ ശ്രദ്ധാർഹമായ കാര്യങ്ങൾ ചെയ്തതായി അവകാശപ്പെട്ടുകൊണ്ടു അവനെ "കർത്താവേ, കർത്താവേ" എന്നു വിളിക്കുമെന്നു യേശു തൻെറ മലപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. എന്നിരുന്നാലും അവൻ അവരോട്ടു്: "ഞാൻ ഒരിക്കലും നിങ്ങളെ അറിഞ്ഞിട്ടില്ല! അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ" എന്നു പറയും. വാക്കുകൾ മാത്രമല്ല ആകാരവും വഞ്ചനാത്മകമായിരിക്കാം. കള്ളപ്രവാചകന്മാർ ആട്ടുകളുടെ വേഷത്തിൽ വരുമെന്നും അതേ സമയം അകമേ വിഴുങ്ങിക്കളയുന്ന ചെന്നായ്ക്കളെപ്പോലെയായിരിക്കുമെന്നും യേശു പറഞ്ഞു. എന്നിരുന്നാലും, "അവരുടെ ഫലങ്ങളാൽ നിങ്ങൾ അവരെ തിരിച്ചറിയും" എന്നു പറഞ്ഞുകൊണ്ടു് ദൈവത്തിൻെറ സത്യദാസന്മാരെയും കള്ളന്മാരെയും തമ്മിൽ തിരിച്ചറിയുന്നതിനുള്ള ഒരു ചട്ടം അവൻ നമുക്കു നൽകി. നാം ദൈവത്തിൻെറ സത്യാരാധ

---

**1.** ഒരൊററ സത്യമതമേ ഉള്ളു എന്നു് പറയുന്നതു് യുക്തിപൂർവ്വകവും തിരുവെഴുത്തുപരവുമായിരിക്കുന്നതെന്തുകൊണ്ടു്?

**2.** (എ) ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന എല്ലാവരും സത്യമതം ആചരിക്കുന്നുവോ? (ബി) ദൈവത്തിൻെറ സത്യദാസന്മാരെയും കള്ളദാസന്മാരെയും തമ്മിൽ നമുക്കു തിരിച്ചറിയുവാൻ യേശു എന്തു ചട്ടം നൽകി?

കരാണോയെന്ന് യഥാർത്ഥത്തിൽ നിർണ്ണയിക്കുന്നതു് കേവലം നമ്മുടെ അവകാശവാദങ്ങളോ, പ്രത്യക്ഷത്തിൽ പ്രശംസനീയമായ നമ്മുടെ പ്രവൃത്തികളോ അല്ല, പിന്നെയോ നാം സ്വർഗ്ഗീയപിതാവിൻെറ ഇഷ്ടം യഥാർത്ഥമായി ചെയ്യുന്നുണ്ടോ എന്നുള്ളതാണെന്ന് അവൻ പ്രകടമാക്കി.— മത്തായി 7:15-23.

³ യേശുവിൻെറ ഒരു വിശ്വസ്താനുഗാമിയായ അപ്പോസ്തലനായ പൌലോസും ജാഗ്രതയുടെ ആവശ്യം പ്രകടമാക്കി. ചിലർ നീതിയുടെ ശുശ്രൂഷകരായി നടിക്കുമെന്നും, എന്നാൽ അവർ കള്ളക്രിസ്ത്യാനികളായിരിക്കുമെന്നും അവൻ മുന്നറിയിപ്പു നൽകി. പുറമേ അവർ വഷളരായി തോന്നുകയില്ലായിരിക്കാം. എന്നാൽ ദൈവവചനമായ ബൈബിളിൻെറ വെളിച്ചത്തിൽ അളക്കുമ്പോൾ അവർ ദൈവത്തിൻെറ ശത്രുവായ സാത്താൻെറ ശുശ്രൂഷകന്മാരാണെന്നു് പ്രകടമാകുന്നു, എന്തുകൊണ്ടെന്നാൽ അവരുടെ പ്രവൃത്തികൾ യഥാർത്ഥത്തിൽ ദൈവേഷ്ടത്തിനെതിരാണു്. (2 കൊരിന്ത്യർ 11:13-15) നാം അങ്ങനെയുള്ള കള്ളക്രിസ്ത്യാനികളുടെ നേതൃത്വത്തെ അനുഗമിച്ചാൽ അതു നമുക്കു നിത്യജീവൻ നഷ്ടപ്പെടുന്നതിൽ കലാശിക്കുകയേയുള്ളു.

### ചട്ടം ബാധകമാക്കുന്നു

⁴ ആ സ്ഥിതിക്കു് ദൈവത്തിൻെറ സത്യാരാധകരെ തിരിച്ചറിയിക്കുന്ന ചില അടയാളങ്ങൾ ഏവയാണ്? അവർ ഉൽപ്പാദിപ്പിക്കുന്ന നല്ല ഫലങ്ങൾ എന്തൊക്കെയാണ്? "ദൈവം സ്നേഹം ആകുന്നു" എന്നു ബൈബിൾ നമ്മോടു പറയുന്നു. ഇതിനു ചേർച്ചയായി, ദൈവത്തെ ആരാധിക്കുന്നതിൽ തൻെറ ദൃഷ്ടാന്തത്തെ പിന്തുടരുന്നവരുടെ ഏററവും മികച്ച ലക്ഷണം *അവരുടെയിടയിൽ സ്നേഹം ഉണ്ടായിരിക്കും* എന്നുള്ളതാണ് എന്നു് യേശു പ്രകടമാക്കി. അവൻ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്കു നിങ്ങളുടെ ഇടയിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യന്മാരാണെന്നു് എല്ലാവരും അറിയും." (1 യോഹന്നാൻ 4:8; യോഹന്നാൻ 13:35) അങ്ങനെയുള്ള സ്നേഹം യഥാർത്ഥത്തിൽ തിരിച്ചറിയിക്കുന്ന ഒരു ലക്ഷണമായിരിക്കണമെങ്കിൽ, അതു കേവലം അന്യോന്യം നല്ലവരായി

3. അപ്പോസ്തലനായ പൌലോസ് വിവരിച്ച എന്തു മുന്നറിയിപ്പു ജാഗ്രതയുള്ള ആവശ്യം പ്രകടമാക്കുന്നു?
4. ദൈവത്തിൻെറ സത്യാരാധകരുടെ ഏററവും മുന്തിയ ലക്ഷണം എന്താണ്?

നടിക്കുന്ന ഒരു സംഗതി ആയിരിക്കാവുന്നതല്ല, ആണോ? അതു് ഒരുവൻെറ ദൈനംദിനജീവിതത്തിൻെറ ഓരോ വശത്തേയും ആഴമായി ബാധിക്കുന്ന സ്നേഹമായിരിക്കണം. അതു് ഒരുവൻെറ കുടുംബത്തിലെ മററംഗങ്ങളോടു് അവൻ ഇടപെടുന്ന വിധത്തെ സ്വാധീനിക്കണം. അതു മററു വർഗ്ഗങ്ങളിലും രാഷ്ട്രങ്ങളിലുംപെട്ട ആളുകളോടുള്ള ഒരുവൻെറ മനോഭാവത്തെയും ബാധിക്കേണ്ടതാണു്. ദൈവത്തിൻെറ സത്യാരാധകർ വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും സ്നേഹം പ്രകടമാക്കുന്നു. അവൻ യഥാർത്ഥത്തിൽ മററുള്ളവരുടെ അത്യുത്തമതാല്പര്യങ്ങൾ അന്വേഷിക്കുന്നു.—1 യോഹന്നാൻ 3:18.

[5] നിങ്ങൾക്കു പരിചയമുള്ള മതസ്ഥാപനങ്ങൾക്കു് തിരിച്ചറിയലിൻെറ ഈ ലക്ഷണമുണ്ടോ? അവ പ്രയാസകാലങ്ങളിൽപോലും യഥാർത്ഥമായി നിലകൊള്ളത്തക്കവണ്ണം അത്ര ശക്തമായ ഒരു സ്നേഹം അവയുടെ അംഗങ്ങളിൽ ജനിപ്പിക്കുന്നുണ്ടോ? ദൃഷ്ടാന്തമായി, ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷം യുദ്ധത്തിലേയ്ക്കു നയിക്കുമ്പോൾ അവ എന്തു ചെയ്യുന്നു? അവയിൽ ബഹുഭൂരിപക്ഷവും, അവയുടെ അംഗങ്ങൾ ലോകമനുഷ്യരുടെ ആജ്ഞയനുസരിച്ചു് യുദ്ധക്കളത്തിലേക്കു പോയി മറെറാരു രാഷ്ട്രത്തിൽപെട്ട തങ്ങളുടെ സഹവിശ്വാസികളെ സംഹരിക്കുന്നതിനു മനസ്സുള്ളവരായിരുന്നുവെന്നാണു് വസ്തുതകൾ പ്രകടമാക്കുന്നതു്. അങ്ങനെയുള്ള ഒരു ഗതി ദൈവവചനപ്രകാരമാണെന്നും ദൈവത്തിൻെറ ആത്മാവിനെ യഥാർത്ഥമായി പ്രതിഫലിപ്പിക്കുന്നുവെന്നും നിങ്ങൾ വിചാരിക്കുന്നുവോ?—1 യോഹന്നാൻ 3:10-12; മത്തായി 5:44.

[6] എന്നിരുന്നാലും, നിങ്ങൾക്കറിയാവുന്നതുപോലെ, എല്ലാവരും ഈ ഗതി പിന്തുടർന്നിട്ടില്ല. "എന്തുകൊണ്ടെന്നാൽ ഞങ്ങൾ ജഡത്തിൽ നടക്കുന്നുവെങ്കിലും, ജഡപ്രകാരം ഞങ്ങൾ യുദ്ധം ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ യുദ്ധായുധങ്ങൾ ജഡികങ്ങളല്ല" എന്നു ചിലർക്കു് അപ്പോസ്തലനായ പൌലോസിനോടുകൂടെ പറയാൻ കഴിഞ്ഞിട്ടുണ്ടു്. (2 കൊരിന്ത്യർ 10:3, 4) "ഞാൻ

---

5. സത്യമതത്തിൻെറ ഈ പ്രധാന ലക്ഷണം സംബന്ധിച്ചു് ഇന്നത്തെ മതസ്ഥാപനങ്ങളും അവയുടെ അംഗങ്ങളും എങ്ങനെ ഒത്തുവരുന്നു?

6. (എ) ലോകപോരാട്ടകാലങ്ങളിൽപോലും യഥാർത്ഥ ക്രിസ്തീയസ്നേഹം പ്രകടമാക്കിയിട്ടുള്ള ആളുകളുണ്ടോ? (ബി) അവരുടെ സ്നേഹം മററുള്ളവർക്കു ഉപദ്രവം ചെയ്യുന്നതിൽനിന്നുള്ള ഒരു മാറിനിൽപ്പിനേക്കാൾ കവിഞ്ഞതായിരിക്കുന്നതെങ്ങനെ?

ദൈവത്തെ സ്നേഹിക്കുന്നു" എന്നു പറയുകയും, മറെറാരു രാഷ്ട്രത്തിലെ തങ്ങളുടെ സഹോദരനെ ദ്വേഷിക്കുകയും ചെയ്തുകൊണ്ട് കപടജീവിതം നയിക്കുന്നുവെന്ന കുററം അവക്കില്ല. (1 യോഹന്നാൻ 4:20, 21) യേശുവിനെ യഥാർത്ഥമായി അനുകരിക്കുന്നവർ മററുള്ളവർക്ക് ഉപദ്രവം ചെയ്യുന്നതിൽനിന്ന് പിന്മാറി നിൽക്കുന്നുവെന്നുമാത്രമല്ല, മററുവിധങ്ങളിൽ സ്നേഹം പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. എങ്ങനെ? എല്ലാ രാജ്യങ്ങളിലുമുള്ള അവരുടെ സഹക്രിസ്ത്യാനികളോടുള്ള അവരുടെ ഐക്യത്താലും, അവർ തങ്ങളുടെ അയൽക്കാരോട് ഇടപെടുന്ന വിധത്താലും, ദൈവത്തെക്കുറിച്ചു പഠിക്കുന്നതിന് മററുള്ളവരെ സഹായിക്കുന്നതിനുള്ള അവരുടെ സ്നേഹപൂർവകമായ ശ്രമങ്ങളാലും തന്നെ.—ഗലാത്യർ 6:10.

7 സത്യമതത്തിൻെറയും അതാചരിക്കുന്നവരുടെയും മറെറാരു ലക്ഷണം *ദൈവവചനത്തോടുള്ള ആദരവാണ്*. ദൈവപുത്രൻ ഭൂമിയിലായിരുന്നപ്പോൾ നിശ്വസ്ത തിരുവെഴുത്തുകളോട് ഏററവുംകൂടിയ ആദരവു കാണിച്ചതിനാൽ ഇതിൽ മാതൃക വെച്ചു. അവൻ കാര്യങ്ങൾ സംബന്ധിച്ചുള്ള അന്തിമപ്രമാണമെന്ന നിലയിൽ അവയെ ഉദ്ധരിച്ചു. അവൻ ദൈവവചനം വായിക്കുന്നതിനും ബാധകമാക്കുന്നതിനും പ്രോത്സാഹിപ്പിച്ചുകൊണ്ട് തൻെറ ശ്രോതാക്കളെ തുടർച്ചയായി അതിലേക്കു നയിച്ചു. (മത്തായി 19:4-6; ലൂക്കോസ് 24:44, 45) അവൻ അതിൻെറ ഉപദേശങ്ങളനുസരിച്ച് ദിവസേന ജീവിച്ചുകൊണ്ട് ബൈബിളിനോടുള്ള തൻെറ ആഴമായ ബഹുമാനം പ്രകടമാക്കി. ദൈവവചനത്തിൻെറ നിവൃത്തി അവനെ സംബന്ധിച്ചിടത്തോളം അവൻെറ സ്വന്തം ജീവനേക്കാൾപോലും അർത്ഥമുള്ളതായിരുന്നു. (മത്തായി 26:53-56) അവൻ ഒരിക്കലും ബൈബിളിനെ തരംതാഴ്ത്തിയില്ല, എന്നാൽ അതിനെ ചേർച്ചയായി പഠിപ്പിക്കാത്തവരേയും, തങ്ങളുടെ സ്വന്തം ഉപദേശങ്ങളാൽ അതിൻെറ ശക്തിയെ ദുർബ്ബലപ്പെടുത്താൻ ശ്രമിച്ചവരേയും അവൻ കുററംവിധിച്ചു.—മർക്കോസ് 7:9-13.

8 ഈ കാര്യത്തിൽ ഇന്നത്തെ ക്രൈസ്തവലോകത്തിലെ

7. ബൈബിളിനോടു സത്യമതം ഏതു വീക്ഷണഗതിക്കു പ്രോത്സാഹിപ്പിക്കുന്നു, ദൈവപുത്രൻ ഇതിൽ മാതൃകവെച്ചതെങ്ങനെ?

8. ക്രൈസ്തവലോകത്തിലെ വൈദികരുടെ ഏതുതരം പ്രസ്താവനകൾ അവർ ഈ സംഗതിയിൽ ദൈവപുത്രൻെറയും അവൻെറ അപ്പോസ്തലന്മാരുടെയും ദൃഷ്ടാന്തം പിന്തുടരുന്നില്ലെന്നു സൂചിപ്പിക്കുന്നു?

അനേകം സഭാസ്ഥാപനങ്ങളെ സംബന്ധിച്ച് നമുക്ക് എന്തു പറയാൻ കഴിയും? ബൈബിളിന്റെ ഭാഗങ്ങളെ "കെട്ടുകഥകൾ" എന്നു പരാമർശിക്കുകയോ, സൃഷ്ടിപ്പിന്റെ ബൈബിളുപദേശത്തെക്കാൾ അധികമായി പരിണാമസിദ്ധാന്തത്തോടനുകൂലിക്കയോ ചെയ്യുന്ന വൈദികരെ കേൾക്കുമ്പോൾ, അല്ലെങ്കിൽ അവരുടെ പ്രസ്താവനകൾ വായിക്കുമ്പോൾ അവർ ദൈവവചനത്തോടുള്ള ആദരവിനു പ്രോത്സാഹിപ്പിക്കുകയാണെന്ന് നിങ്ങൾ പറയുമോ? അല്ലെങ്കിൽ വിവാഹത്തിനു പുറത്തുള്ള ലൈംഗികബന്ധങ്ങൾ അവശ്യം തെററല്ലെന്നോ സ്വവർഗ്ഗസംഭോഗംപോലും തികച്ചും ഉചിതമായിരിക്കാമെന്നോ വാദിച്ചുകൊണ്ടുള്ള സഭാനേതാക്കളുടെ പ്രസ്താവനകൾ നിങ്ങൾ വായിക്കുമ്പോൾ, അവർ തങ്ങളുടെ വഴികാട്ടിയായി ബൈബിളുപയോഗിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണെന്ന് നിങ്ങൾ പറയുമോ? അവർ തീർച്ചയായും ദൈവപുത്രന്റെയും അവന്റെ അപ്പോസ്തലൻമാരുടെയും ദൃഷ്ടാന്തത്തെ പിന്തുടരുകയല്ല.—മത്തായി 15:18, 19; ഗലാത്യർ 5:19-21; റോമർ 1:24-27.

9 ഈ സഭകളിലെ അംഗങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷമാകുന്ന ഫലങ്ങൾ, അവർ യഥാർത്ഥമായി ദൈവവചനത്തെ ആദരിക്കുന്നുണ്ടെന്നു തെളിയിക്കുന്നുവോ? നിങ്ങളുടെ സ്വന്തം അനുഭവത്തിൽനിന്ന്, ഞായറാഴ്ച ഒരു പള്ളിക്കെട്ടിടത്തിൽ പോകുന്ന മിക്കവരും തങ്ങളുടെ കുടുംബജീവിതത്തിലും, തിങ്കളാഴ്ചത്തെയും വാരത്തിന്റെ ശേഷിച്ച ദിവസങ്ങളിലെയും മററുള്ളവരോടുള്ള ഇടപെടലുകളിലും ബൈബിൾതത്വങ്ങൾ ബാധകമാക്കുന്നുണ്ടെന്ന് നിങ്ങൾ പറയുമോ? ബൈബിൾ ഉണ്ടായിരിക്കാവുന്നവരും, അതു പഠിക്കുകപോലും ചെയ്യുന്നവരും, എന്നാൽ തങ്ങൾ അറിയുന്നുവെന്നവകാശപ്പെടുന്ന ദൈവത്തെ തള്ളിപ്പറയുന്നതായി തെളിയിക്കുന്ന പ്രവൃത്തികളുള്ളവരുമായ ആളുകളുണ്ടെന്നു ദൈവവചനം പ്രകടമാക്കുന്നു. (തീത്തോസ് 1:16; യോഹന്നാൻ 5:39, 40) അവർ ആചരിക്കുന്ന ആരാധനാരീതി ദൈവത്തിനു പ്രസാദകരമല്ല, എന്തുകൊണ്ടെന്നാൽ അവരുടെ ജീവിതത്തിൽ യഥാർത്ഥശക്തി പ്രയോഗിക്കുവാൻ അവർ അവന്റെ വചനത്തെ അനുവദിക്കുന്നില്ല.—2 തിമൊഥെയോസ് 3:5.

---

9. ബൈബിളുള്ള അനേകരുടെപോലും ആരാധന ദൈവത്തിനു പ്രസാദകരമല്ലാത്തതെന്തുകൊണ്ട്?

[10] കേവലം ഒരു ശുശ്രൂഷകനാണ് തെററിപ്പോയിരിക്കുന്നതെന്നോ, ചില സഭാംഗങ്ങളാണ് ശരിയായതു ചെയ്യാത്തതെന്നോ ആദ്യം ഒരുവൻ ന്യായവാദം ചെയ്തേക്കാം. എന്നാൽ ബൈബിളിനെ തരംതാഴ്ത്തുന്ന ശുശ്രൂഷകൻ തുടർന്നു തന്റെ സ്ഥാനം വഹിക്കുമ്പോഴെന്ത്? തെററുചെയ്യുന്ന സഭാംഗങ്ങൾ നല്ലനിലയിൽ തുടരുമ്പോഴെന്ത്? അപ്പോൾ ചീത്ത ഫലങ്ങൾ ആ മതസ്ഥാപനത്തെത്തന്നെ തിരിച്ചറിയിക്കുന്നുവെന്നുള്ള വസ്തുതയെ അഭിമുഖീകരിക്കേണ്ട സമയമാണ്. അതു സത്യമാണെങ്കിൽ, ഒന്നൊഴിയാതെ ആ സ്ഥാപനത്തിന്റെ എല്ലാ ഉപദേശങ്ങളും ബൈബിളിന് അനുയോജ്യമല്ലെന്നു നിങ്ങൾ കണ്ടെത്തും. നിങ്ങൾ ഈ പുസ്തകത്തിന്റെ മുൻ അദ്ധ്യായങ്ങൾ വായിക്കയും അവിടെ കണ്ട ബൈബിൾ വാക്യങ്ങൾ പരിചിന്തിക്കയും ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾ സഹവസിക്കുന്ന മതത്തെ സംബന്ധിച്ച് ഇതു സത്യമാണെന്നു നിങ്ങൾ തിരിച്ചറിഞ്ഞേക്കാം. അങ്ങനെയെങ്കിൽ അപ്പോൾ നിങ്ങൾക്കു ഗൌരവമായ ഒരു പ്രശ്നമുണ്ട്. അതു ബൈബിളിന്റെ സത്യതയെ സ്വീകരിക്കുന്നതിനോ, ബൈബിൾ പിന്താങ്ങാത്ത ഉപദേശങ്ങളെ അനുകൂലിച്ചുകൊണ്ട് അതിനെ ത്യജിക്കുന്നതിനോ തീരുമാനിക്കുന്ന പ്രശ്നമാണ്. (പ്രവൃത്തികൾ 17:11) തീർച്ചയായും നിങ്ങൾ ചെയ്യുന്നതു നിങ്ങളുടെ സ്വന്തം തീരുമാനമായിരിക്കണം. എന്നിരുന്നാലും, നിങ്ങൾ ചെയ്യുന്ന തീരുമാനം ദൈവവുമായുള്ള നിങ്ങളുടെ നിലയേയും അവന്റെ പുതിയ വ്യവസ്ഥിതിയിലെ നിത്യജീവനുവേണ്ടിയുള്ള നിങ്ങളുടെ പ്രതീക്ഷകളേയും ബാധിക്കുമെന്നുള്ളതുകൊണ്ട് നിങ്ങൾ കാര്യങ്ങളെ ശ്രദ്ധാപൂർവ്വം തൂക്കിനോക്കണം.

[11] സത്യമതത്തിന്റെ കൂട്ടതലായ ഒരു യോഗ്യത അതു *ദൈവനാമത്തെ വിശുദ്ധീകരിക്കണം* എന്നുള്ളതാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ യേശു തന്റെ അനുഗാമികളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ, ഇതു അവരുടെ ഒന്നാമത്തെ താല്പര്യമായിരിക്കണമെന്ന് അവൻ അവക്കു

---

10. (എ) ചീത്തഫലങ്ങൾ വ്യക്തികളെ മാത്രമല്ല, മതസ്ഥാപനത്തെത്തന്നെ തിരിച്ചറിയിക്കുന്നുവോയെന്നു നമുക്ക് എങ്ങനെ അറിയാൻ കഴിയും? (ബി) തന്റെ സഭയുടെ എല്ലാ ഉപദേശങ്ങളും ബൈബിളിനോട് ചേർച്ചയിലല്ലെന്നു കണ്ടെത്തിയിരിക്കുന്നുവെങ്കിൽ ഒരു ആൾ ഏതു ഗൌരവമായ തീരുമാനം ചെയ്യണം?

11. (എ) യേശുക്രിസ്തുവിനാൽ സൂചിപ്പിക്കപ്പെട്ടതുപോലെ സത്യമതം ദൈവനാമത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു? (ബി) അതുകൊണ്ട് നാം രക്ഷപ്രാപിക്കണമെങ്കിൽ എന്തു ചെയ്യണം?

കാണിച്ചുകൊടുത്തു. "അപ്പോൾ, നിങ്ങൾ ഈ വിധത്തിൽ പ്രാർത്ഥിക്കണം" എന്ന് അവൻ പറഞ്ഞു: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ." (മത്തായി 6:9) ഇതിന്റെ അർത്ഥം നാമത്തെ പരിശുദ്ധമായി കരുതണമെന്നും, വിശുദ്ധമായ ഒന്നായി കൈകാര്യം ചെയ്യണമെന്നുമാണ്. തീർച്ചയായും യേശുതന്നെ ഇതു ചെയ്തു. അവൻ തന്റെ പിതാവിന്റെ നാമത്തെ ഉപയോഗിക്കാതിരുന്നില്ല, അതിനെ അവൻ അപ്രധാനമായി കരുതിയുമില്ല. നേരേമറിച്ച്, തന്റെ പിതാവിനോടുള്ള പ്രാർത്ഥനയിൽ യേശു ഇങ്ങനെ പറഞ്ഞു: "ഞാൻ അവർക്കു നിന്റെ നാമത്തെ അറിയിച്ചുകൊടുത്തിരിക്കുന്നു, അറിയിച്ചുകൊടുക്കയും ചെയ്യും." (യോഹന്നാൻ 17:26) തന്റെ നാമം ഭൂമിയിലെല്ലാം മഹത്വപ്പെടണമെന്നുള്ളതു് ദൈവത്തിന്റെ ഉദ്ദേശ്യമാണെന്ന് അവൻ അറിഞ്ഞിരുന്നു, ആ നാമത്തെ ഘോഷിക്കുന്നതിലും ബഹുമാനിക്കുന്നതിലും അവൻ മാതൃകവെച്ചു. (യോഹന്നാൻ 12:28; യെശയ്യാ 12:4, 5) കൂടാതെ ദൈവം ലോകത്തിൽനിന്നു വിളിച്ചിരിക്കുന്ന സഭയുടെ ആസ്തിക്യത്തിന്റെ മുഖ്യ ഉദ്ദേശ്യം "അവന്റെ നാമത്തിനു വേണ്ടിയുള്ള ഒരു ജനം" ആയിരിക്കുകയെന്നതാണെന്ന് തിരുവെഴുത്തുകൾ പ്രകടമാക്കുന്നു. (പ്രവൃത്തി 15:14) നിങ്ങൾ രക്ഷപ്രാപിക്കണമെങ്കിൽ നിങ്ങളും ദൈവനാമം അറികയും അതിനെ ബഹുമാനിക്കയും വേണം.—റോമർ 10:13, 14.

12 ഇപ്പോൾ നിന്ന് നിങ്ങളോടുതന്നെ ചോദിക്കുക: യേശു ചെയ്തതുപോലെ ദൈവനാമത്തെ പ്രസിദ്ധമാക്കുന്നതിൽ അത്യന്തം പ്രമുഖമായി അറിയപ്പെടുന്നതു് ഏതു മതസമൂഹമാണ്? പൊതുവേ സഭകൾ യഹോവ എന്ന നാമത്തിന്റെ ഉപയോഗത്തെ ഒഴിവാക്കുകയാണ്; അവരിൽ ചിലർ "യാഹ്‌വെ" എന്ന രൂപത്തെ അനുകൂലിക്കുന്നുവെന്നു പറയുന്നുവെങ്കിലും അവർ അപൂർവ്വമായേ അതും ഉപയോഗിക്കുന്നുള്ളു. ചിലർ തങ്ങളുടെ ബൈബിൾഭാഷാന്തരങ്ങളിൽനിന്നു ദൈവനാമത്തെ നീക്കംചെയ്യാൻവരെ മുതിർന്നിരിക്കുകയാണ്. ദൃഷ്ടാന്തമായി, ഇപ്പോൾ പ്രൊട്ടസ്റ്റന്റുകാരുടെയും കത്തോലിക്കരുടെയും പിന്തുണയോടെ വിതരണം ചെയ്യപ്പെടുന്ന *പരിഷ്ക്കരിച്ച പ്രമാണഭാഷാന്തരം* യഹോവയെന്ന നാമത്തെ പൂർണ്ണമായി വിട്ടുകളഞ്ഞിരിക്കയാണ്. അതു മൂല എബ്രായ പാഠത്തിൽ ഏഴായിരത്തോളം പ്രാവശ്യം വരുന്നുണ്ടുതാനും.

12. (എ) സഭകൾ പൊതുവേ സത്യാരാധനയുടെ ഈ യോഗ്യതയിൽഎത്തിച്ചേരുന്നുണ്ടോ? (ബി) ദൈവനാമത്തിനു സാക്ഷ്യം വഹിക്കുന്ന ആരെങ്കിലുമുണ്ടോ?

ഈ സ്ഥാപനങ്ങൾ സത്യമതത്തിന്റെ ഈ യോഗ്യതയിൽ എത്തിച്ചേരുന്നുണ്ടോ? യഥാർത്ഥത്തിൽ യേശു ചെയ്തതുപോലെ ഏതു സംഘം ദൈവനാമത്തിനു സാക്ഷ്യം വഹിക്കുന്നുണ്ട്? (വെളിപാട് 1:5; യെശയ്യാ 43:10-12) നിങ്ങൾ നിങ്ങളുടെ അയൽക്കാരോടു സംസാരിക്കയും യഹോവയുടെ വിശുദ്ധ നാമത്തെ ഉപയോഗിച്ചുകൊണ്ട് അവനെ ആവത്തിച്ചു പരാമർശിക്കുകയുമാണെങ്കിൽ നിങ്ങളെ അവർ ഏതു സ്ഥാപനത്തോടു ബന്ധപ്പെടുത്തുമെന്നു നിങ്ങൾ വിചാരിക്കുന്നു? അതു് ഉത്തരം പറയാൻ പ്രയാസമുള്ള ഒരു ചോദ്യമല്ല. ഈ സംഗതിയിൽ യേശുവിന്റെ ദൃഷ്ടാന്തത്തെ ഗണ്യമായി പിന്തുടരുന്ന ഒരൊററ ജനമേയുള്ളു.

[13] സത്യാരാധകർ, *മനുഷ്യന്റെ യഥാർത്ഥ പ്രത്യാശയായി ദൈവരാജ്യത്തെ* പ്രഖ്യാപിക്കയും ചെയ്യുന്നു. അവക്കു മററു വിധത്തിൽ പ്രവത്തിക്കുന്നതിനും യഹോവയാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും സാദ്ധ്യമല്ല, എന്തുകൊണ്ടെന്നാൽ ഭൂമിയെ ഭരിക്കുന്നതിനുള്ള അവന്റെ ഏർപ്പാടാണ് രാജ്യമെന്നു് അവൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. (ദാനിയേൽ 2:44; 7:13, 14) യേശു ദേശത്തിന്റെ ഒരു അററത്തുനിന്നു് മറെറാന്നിലേക്കു "ദൈവരാജ്യത്തിന്റെ സുവാത്ത പ്രസംഗിച്ചും ഘോഷിച്ചുംകൊണ്ടു" പോയതിനാൽ മാതൃക വെച്ചു. (ലൂക്കോസ് 8:1) അവനും അവന്റെ അപ്പോസ്തലന്മാരും ഗ്രാമംതോറും "വീടുതോറും" പോയതിനാൽ ഇതു ചെയ്തു. (പ്രവൃത്തികൾ 20:20) ഈ "അന്ത്യനാളുകളി"ളിലും "രാജ്യത്തിന്റെ ഈ സുവാത്ത" ഒരു സാക്ഷ്യത്തിനായി ഭൂമിയിലെല്ലാം പ്രസംഗിക്കപ്പെടുമെന്നും യേശു മുൻകൂട്ടിപ്പറഞ്ഞു. —മത്തായി 24:14.

[14] ഇന്നു മതനേതാക്കന്മാർ ഐക്യരാഷ്ട്രങ്ങൾ പോലെയുള്ള രാഷ്ട്രീയ സ്ഥാപനങ്ങൾക്കുവേണ്ടി മിക്കപ്പോഴും സംസാരിക്കുന്നതും അവക്കുവേണ്ടി പ്രാർത്ഥിക്കുന്നതും നാം കേൾക്കുന്നു. എന്നാൽ യേശു മുൻകൂട്ടിപ്പറഞ്ഞതുപോലെ ദൈവരാജ്യത്തെക്കുറിച്ചുള്ള സുവാത്തയുടെ പ്രസംഗം ആരാണ് നിർവ്വഹിക്കുന്നതു്? ആരെങ്കിലും നിങ്ങളുടെ വാതിൽക്കലോ നിങ്ങളുടെ അയൽക്കാരന്റെ വാതിൽക്കലോ വരി

13. (എ) സത്യാരാധകർ മനുഷ്യന്റെ ഏകപ്രത്യാശയായി എന്തിനുവേണ്ടി വാദിക്കണം? (ബി) അവർ ഇതു് എങ്ങനെ ചെയ്യുന്നു?

14. (എ) ദൈവരാജ്യത്തിനു പകരം എന്തിനനുകൂലമായി മതനേതാക്കന്മാർ സംസാരിക്കുന്നതും പ്രാത്ഥിക്കുന്നതും മിക്കപ്പോഴും നാം കേൾക്കുന്നു? (ബി) മനുഷ്യവർഗ്ഗത്തിന്റെ യഥാത്ഥ പ്രത്യാശയെന്ന നിലയിൽ രാജ്യത്തെ പ്രസംഗിച്ചുകൊണ്ടു് നിങ്ങളുടെ വാതിൽക്കൽ വരുന്ന ആളുകൾ ആരാണു്?

കയും അയാൾ മനുഷ്യവർഗ്ഗത്തിൻെറ യഥാർത്ഥ പ്രത്യാശയെന്ന നിലയിൽ ദൈവരാജ്യത്തെക്കുറിച്ചു് സംസാരിക്കുന്നതായി നിങ്ങൾ കേൾക്കുകയുമാണെങ്കിൽ നിങ്ങൾ ഏതു സ്ഥാപനത്തോടു ആ ആളെ ബന്ധപ്പെടുത്തുന്നു? ഇതു തൻെറ പുത്രനായ യേശുവിനെ അനുകരിച്ചുകൊണ്ടു് സ്വർഗ്ഗീയ പിതാവിൻെറ ഇഷ്ടം യഥാർത്ഥമായി ചെയ്യുന്നവരുടെ ഒരു മുഖ്യ പ്രവർത്തനമാണു്.—1 പത്രോസ് 2:21.

15 ഇനിയും സത്യമതത്തിൻെറ മറെറാരു യോഗ്യത അതു് *ലോകത്തിൽനിന്നും അതിൻെറ കാര്യങ്ങളിൽ നിന്നും വേർപെട്ടിരിക്കണ*മെന്നുള്ളതാണു്. നമ്മുടെ ആരാധന ദൈവത്തിൻെറ നിലപാടിൽ ശുദ്ധവും നിർമ്മലവുമായിരിക്കണമെങ്കിൽ നാം "ലോകത്തിൽനിന്നുള്ള കളങ്കം പററാതെ" നമ്മേത്തന്നെ സൂക്ഷിക്കണമെന്നു് ബൈബിൾ യാക്കോബ് 1:27ൽ കാണിച്ചുതരുന്നു. ഇതു് പ്രധാനപ്പെട്ട ഒരു സംഗതിയാണു്, എന്തെന്നാൽ "ലോകത്തിൻെറ ഒരു സ്നേഹിതനായിരിക്കാൻ ആഗ്രഹിക്കുന്ന ഏവനും, തന്നേത്തന്നെ ദൈവത്തിൻെറ ഒരു ശത്രു ആക്കിത്തീർക്കുന്നു." (യാക്കോബ് 4:4) ഈ ലോകത്തിൻെറ ഭരണാധിപൻ, ദൈവത്തിൻെറ മുഖ്യ എതിരാളിയായ, പിശാചായ സാത്താനാണെന്നു് ബൈബിൾ ചൂണ്ടിക്കാണിക്കുന്നുവെന്നു നിങ്ങൾ ഓർക്കുമ്പോൾ ഇതു് ഇത്ര ഗൗരവമുള്ളതായിരിക്കുന്നതെന്തുകൊണ്ടെന്നു നിങ്ങൾക്കു വിലമതിക്കാൻ കഴിയും.—യോഹന്നാൻ 12:31.

16 നിങ്ങളുടെ സമുദായത്തിലെ സഭകൾ ഇതു കൈക്കൊള്ളുന്നുണ്ടെന്നു വസ്തുതകൾ പ്രകടമാക്കുന്നുവോ? തൻെറ അനുഗാമികൾ എങ്ങനെ ആയിരിക്കുമെന്നു് യേശു പറഞ്ഞുവോ അങ്ങനെ വൈദികരും സഭകളിലെ അംഗങ്ങളും യഥാർത്ഥത്തിൽ "ലോകത്തിൻെറ ഭാഗമല്ലാ"തിരിക്കുന്നുവോ? (യോഹന്നാൻ 15:19) അല്ലെങ്കിൽ അവർ ലോകകാര്യങ്ങളിലും അതിൻെറ ദേശീയവാദത്തിലും, അതിൻെറ രാഷ്ട്രീയത്തിലും, അതിൻെറ വർഗ്ഗസമരത്തിലും ആഴമായി ഉൾപ്പെട്ടിരിക്കുന്നുവോ? ഈ ചോദ്യങ്ങൾക്കു മറെറാരെങ്കിലും നിങ്ങൾക്കു ഉത്തരം നൽകേണ്ട ആവശ്യമില്ല. സഭകളുടെ പ്രവർത്തനങ്ങൾ വിസ്തൃതമായി പരസ്യപ്പെടുത്തുന്നുണ്ടു്,

15. യാക്കോബ് 1:27-ൽ വിശദീകരിക്കുന്നപ്രകാരം സത്യമതത്തിൻെറ മറെറാരു ജീവൽപ്രധാനമായ വ്യവസ്ഥ എന്താണു്?

16. നിങ്ങൾ നിരീക്ഷിച്ചിരിക്കുന്നതിൽനിന്നു് നിങ്ങളുടെ സമുദായത്തിലെ സഭകളും അവയിലെ അംഗങ്ങളും യഥാർത്ഥത്തിൽ "ലോകത്തിൻെറ ഭാഗമല്ലാ"തിരിക്കുന്നുവോ?

അവയിൽ എന്തു നടക്കുന്നുവെന്ന് നിങ്ങൾക്കറിയാം. തങ്ങളുടെ മതം നിമിത്തം അങ്ങനെയുള്ള പ്രവർത്തനങ്ങളിൽനിന്ന് മാറി നിൽക്കുന്ന ആളുകൾ നിങ്ങളുടെ ജനസമുദായത്തിലുണ്ടെങ്കിൽ അവർ ആരാണെന്നും നിങ്ങൾക്കറിയാമെന്നുള്ളതിനു സംശയമില്ല.

[17] ഇപ്പോൾ, ദൈവം തൻെറ വചനത്തിൽ നമുക്കു നൽകിയിരിക്കുന്ന സത്യമതത്തെ തിരിച്ചറിയിക്കുന്ന ഈ ലക്ഷണങ്ങൾ പുനഃശോധനചെയ്തശേഷം നാം എന്താണു നിഗമനംചെയ്യുക? ഒരു പ്രത്യേക മതസംഘം ഈ വ്യവസ്ഥകളിൽ ഒന്നോ രണ്ടോ എണ്ണത്തിൽ എത്തിച്ചേരുന്നതായി തോന്നുന്നുണ്ടോയെന്നും അതിൻെറ *ചില* ഉപദേശങ്ങൾ ബൈബിളിനോടു അനുരൂപപ്പെടുന്നുണ്ടോയെന്നുമുള്ളതല്ല പ്രശ്നം. അതിൽ പരമായി, സത്യമതം ഈ കാര്യങ്ങളിലെല്ലാം തികവുള്ളതായിരിക്കണം. അതിൻെറ ഉപദേശങ്ങളെല്ലാം ദൈവവചനത്തോടു പൂർണ്ണയോജിപ്പിലായിരിക്കണം. ഈ വിധത്തിൽ മാത്രമേ അങ്ങനെയുള്ള മതത്തിന് യഹോവയാം ദൈവത്തിനു യഥാർത്ഥത്തിൽ പ്രസാദകരമായിരിക്കാൻ കഴികയുള്ളു. ഈ വ്യവസ്ഥകളിൽ എത്തിച്ചേരുന്ന അനേകം മതങ്ങളില്ല. "ഒരു വിശ്വാസം" മാത്രമേയുള്ളുവെന്നു ബൈബിൾ പ്രകടമാക്കുന്നു.—എഫേസ്യർ 4:5.

[18] അപ്പോൾ ഇന്ന് സത്യാരാധകരുടെ സംഘമായിരിക്കുന്നതാരാണ്? ഭൂമിയുടെ എല്ലാ ഭാഗങ്ങളിലുമുള്ള ആളുകൾക്ക് അറിയാവുന്നതോ ലഭ്യമായിരിക്കുന്നതോ ആയ തെളിവിൻെറ അടിസ്ഥാനത്തിൽ അവർ യഹോവയുടെ ക്രിസ്തീയ സാക്ഷികളാണെന്നു പറയാൻ ഞങ്ങൾ മടിക്കുന്നില്ല. നിങ്ങൾ ആ ബോദ്ധ്യത്തിൽ പങ്കുപററുന്നതിന് നിങ്ങൾ അവരോടു നന്നായി പരിചയപ്പെടേണ്ട ആവശ്യമുണ്ട്. ഏററവും നല്ല മാർഗ്ഗം യഹോവയുടെ സാക്ഷികളുടെ രാജ്യഹോളിൽ അവരുടെ യോഗങ്ങൾക്കു ഹാജരാകുകയാണ്. ഈ വിധത്തിൽ, സ്ഥാപനം എങ്ങനെ പ്രവർത്തിക്കുന്നുവെന്നും അതിനോടു ബന്ധപ്പെട്ടവർ എങ്ങനെ തങ്ങളുടെ ജീവിതത്തിൽ ദൈവവചനം ബാധകമാക്കുന്നുവെന്നും നിങ്ങൾക്കു നിരീ

17. (എ) സത്യമതമായിരിക്കുന്നതിനു, ഒരു മതം ഈ വ്യവസ്ഥകളിൽ എത്രയെണ്ണത്തോടു് അനുരൂപപ്പെടണം? (ബി) ബൈബിളിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നതുപോലെ എത്ര സത്യമതങ്ങളുണ്ടു്?

18. (എ) തെളിവിൻെറ വെളിച്ചത്തിൽ ഈ പുസ്തകം ഇന്നത്തെ സത്യാരാധകരായി ആരെ ചൂണ്ടിക്കാണിക്കുന്നു? അതാണോ നിങ്ങളും വിശ്വസിക്കുന്നതു്? (ബി) യഹോവയുടെ സാക്ഷികളോടു് നന്നായി പരിചയപ്പെടുന്നതിനുള്ള ഏററവും നല്ല മാർഗ്ഗമെന്താണു്?

ക്ഷിക്കാൻ കഴിയും. സത്യമതത്തിൻെറ ആചരണം ഇപ്പോഠം വലിയ സംതൃപ്തി കൈവരുത്തുന്നുവെന്നും അവൻെറ പുതിയ വ്യവസ്ഥിതിയിലെ നിത്യജീവനു വഴിതുറക്കുന്നുവെന്നും ദൈവം നമുക്ക് ഉറപ്പു നൽകുന്നതിനാൽ അങ്ങനെയുള്ള ഒരു സൂക്ഷ്മാന്വേഷണം നടത്തുന്നതു് തീർച്ചയായും വിലയുള്ളതാണ്. (ആവർത്തനം 30:19, 20) അങ്ങനെ ചെയ്യുന്നതിനു് ഞങ്ങഠം നിങ്ങഠംക്കു് ഹൃദ്യമായ ക്ഷണം നൽകുന്നു. ഇപ്പോഠം എന്തുകൊണ്ടു സൂക്ഷ്മാന്വേഷണം നടത്തിക്കൂടാ?

# "അവരുടെ ഇടയിൽനിന്ന് പുറത്തുപോരുക"

തന്നെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന എല്ലാവരും വ്യാജാരാധനയിൽനിന്നു് വിമുക്തരായിരിക്കാൻ യഹോവയാം ദൈവം പ്രതീക്ഷിക്കുന്നു. ദൈവത്തിൻെറ പുത്രനെസംബന്ധിച്ചു് ബൈബിൾ ഇങ്ങനെ പറയുന്നു: "നീ നീതിയെ സ്നേഹിച്ചു, നീ അധർമ്മത്തെ ദ്വേഷിച്ചു." ഇതുനിമിത്തം അവൻെറ പിതാവു് അവനെ ദൈവരാജ്യത്തിൻെറ നിയമിതരാജാവെന്ന നിലയിൽ ഉയർത്തിക്കൊണ്ടു് അവനെ പ്രത്യേകമായി അനുഗ്രഹിച്ചിരിക്കുന്നു. (എബ്രായർ 1:9) നിങ്ങൾ സത്യത്തെയും നീതിയെയും സ്നേഹിക്കുന്നുവെങ്കിൽ നിങ്ങളും വ്യാജവും ദൈവത്തിനു് അനിഷ്ടവുമായതിനെ വെറുക്കുകയും ഒഴിവാക്കുകയും ചെയ്യും. ഈ വിധത്തിൽ നിങ്ങൾക്കു് ഇപ്പോഴും, ദൈവേഷ്ടത്തെ അവഗണിക്കുന്നവരുടെമേലുള്ള അവൻെറ ആസന്നമായ ന്യായവിധിനിർവ്വഹണത്തിൻെറ കാലത്തും സംരക്ഷണം കണ്ടെത്താൻ കഴിയും.

2 തൻെറ "പ്രത്യേകസമ്പത്തു്" ആയിരിക്കുന്ന ഒരു ജനം തനിക്കുണ്ടായിരിക്കുമെന്നും, നിരീക്ഷകന്മാർ തീർച്ചയായും, "ഒരു നീതിമാനും ഒരു ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും അവനെ സേവിച്ചിട്ടില്ലാത്തവനും തമ്മിലുമുള്ള വ്യത്യാസം" കാണുമെന്നും ദീർഘനാൾമുമ്പു് ദൈവം മുൻകൂട്ടിപ്പറഞ്ഞു. (മലാഖി 3:17, 18) നിങ്ങൾ ഈ വ്യത്യാസം കാണുന്നുവെങ്കിൽ, അപ്പോൾ നിങ്ങൾ അതനുസരിച്ചു പ്രവർത്തിക്കണം, അങ്ങനെ ചെയ്യുന്നതിലുള്ള പരാജയം നിത്യജീവൻ പ്രാപിക്കുന്നതിനുള്ള നിങ്ങളുടെ സാദ്ധ്യതയെ അപകടപ്പെടുത്തും. നിങ്ങൾ ഏതു ഗതി സ്വീകരിക്കണം? ദൈവത്തിൻെറ വചനം സുനിശ്ചിതമായി ഇങ്ങനെ പറയുന്നു: "അവിശ്വാസികളോടു് ഇണയല്ലാത്തവിധം ചേർക്കപ്പെട

1. നാം സത്യത്തേയും നീതിയേയും സ്നേഹിക്കുന്നുവെങ്കിൽ നാം എന്തിനെ വെറുക്കുകയും ഒഴിവാക്കുകയും ചെയ്യണം?
2. നാം ദൈവത്തെ സേവിക്കുന്നവരും അവനെ സേവിക്കാത്തവരും തമ്മിലുള്ള വ്യത്യാസം കാണുന്നുവെങ്കിൽ നാം ഏതു പ്രവർത്തനഗതി സ്വീകരിക്കണം, എന്തുകൊണ്ടു്?

രുത്. എന്തുകൊണ്ടെന്നാൽ നീതിക്കും അധർമ്മത്തിനും എന്തു പങ്കാണുള്ളതു്? അല്ലെങ്കിൽ വെളിച്ചത്തിനു് ഇരുട്ടിനോടു് എന്തു കൂട്ടായ്മയാണുള്ളതു്?...അല്ലെങ്കിൽ ഒരു വിശ്വസ്തനായ ആൾക്കു് ഒരു അവിശ്വാസിയോടുകൂടെ എന്തു് ഓഹരിയാണുള്ളതു്?" നീതി ചെയ്തുകൊണ്ടിരിക്കുന്നവരും അധർമ്മം ചെയ്തുകൊണ്ടിരിക്കുന്നവരും തമ്മിൽ ഉചിതമായ കൂട്ടായ്മ ഉണ്ടായിരിക്കാവുന്നതല്ലാത്തതുകൊണ്ടു് ദൈവം കൽപ്പിക്കുന്നു: "ആകയാൽ അവരുടെ ഇടയിൽനിന്നു് പുറത്തുപോരുകയും നിങ്ങളെത്തന്നെ വേർപെടുത്തുകയും ചെയ്യുക." —2 കൊരിന്ത്യർ 6:14-17.

### "മഹാബാബിലോനി"ൽനിന്നു പുറത്തുപോരുന്നു

⁸ ഒരിക്കൽ തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നവരും പുരാതനബാബിലോനിൽ പ്രവാസത്തിലിരുന്നവരുമായവരോടു യഹോവയാം ദൈവം ഇതിനോടു സാമ്യമുള്ള വാക്കുകൾ സംസാരിച്ചു: "യഹോവയായ ഞാൻ നിങ്ങളുടെ ദൈവമാകുന്നു, നിങ്ങൾക്കുതന്നെ പ്രയോജനംകിട്ടുവാൻ നിങ്ങളെ പഠിപ്പിക്കുന്നവൻ, നിങ്ങൾ നടക്കേണ്ടുന്ന വഴിയിൽ നിങ്ങൾ നടക്കാൻ ഇടയാക്കുന്നവൻതന്നെ. നിങ്ങൾ എന്റെ കല്പനകൾക്കു യഥാർത്ഥത്തിൽ ശ്രദ്ധ കൊടുത്തിരുന്നുവെങ്കിൽ! അപ്പോൾ നിങ്ങളുടെ സമാധാനം ഒരു നദിപോലെയും നിങ്ങളുടെ നീതി സമുദ്രത്തിലെ തിരമാലകൾപോലെയും ആയിത്തീരും.... ഒരുവന്റെ നാമം എന്റെ മുമ്പാകെനിന്നു ഛേദിക്കപ്പെടുകയോ നിർമ്മൂലമാക്കപ്പെടുകയോ ഇല്ല. ജനങ്ങളേ, നിങ്ങൾ ബാബിലോനിൽനിന്നു് പുറപ്പെട്ടുപോകുവിൻ!" (യെശയ്യാ 48:17-20) യഹോവ അവിടെ ചെയ്തതു് തന്നെ സ്നേഹിക്കുന്നവരുടെ പ്രയോജനത്തിനായിരുന്നു, അവരിൽനിന്നു് എന്തെങ്കിലും നന്മ കവർന്നെടുക്കുന്നതിനല്ലായിരുന്നു. പൊ. യു. മു. 539-ലെ ബാബിലോന്റെമേലുള്ള വിജയത്താൽ അവർ ബാബിലോനിൽനിന്നു് ഒരു സ്വതന്ത്രജനമായി വിട്ടുപോകുന്നതിനു് അവൻ സാദ്ധ്യതയുണ്ടാക്കി.

⁹ പുരാതന ബാബിലോന്റെ അസ്തിക്യം നിലച്ചുപോയിരിക്കുന്നു. എന്നിരുന്നാലും ദൈവം "മഹാബാബി

8. പുരാതന ബാബിലോനിലെ പ്രവാസികളായ തന്റെ ജനത്തോടു് ദൈവം സാമ്യമുള്ള ഏതു വാക്കുകൾ സംസാരിച്ചു, ഇതു് അവരിൽനിന്നു് എന്തെങ്കിലും നന്മ കവർന്നുകളയുകയായിരുന്നോ?

9. (എ) പുരാതന ബാബിലോൻ മേലാൽ സ്ഥിതിചെയ്യുന്നില്ലെങ്കിലും ദൈവം മറെറാരു ബാബിലോനെക്കുറിച്ചു എന്തു പറയുന്നു? (ബി) വെളിപാടു 17-ാം അദ്ധ്യായത്തിൽ വലിപ്പമേറിയ ഈ ബാബിലോൻ എങ്ങനെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു?

ലോൻ" എന്നു വിളിക്കപ്പെടുന്ന മറെറാരു ബാബിലോനെക്കുറിച്ചു പ്രസ്താവിക്കുന്നു. വീണ്ടും അവൻ ഈ കല്പന നൽകുന്നു: "എൻെറ ജനമേ, നിങ്ങൾ അവളുടെ പാപങ്ങളിൽ അവളോടുകൂടെ പങ്കുപററാനാഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങൾ അവളുടെ ബാധകളുടെ ഓഹരി ലഭിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ അവളെ വിട്ടു പുറത്തുപോരുക." (വെളിപാടു് 18:4) വെളിപാടിൻെറ മുൻ അദ്ധ്യായത്തിൽ, മഹാബാബിലോൻ "ജനങ്ങളുടെയും കൂട്ടങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭാഷകളുടെയും"മേൽ ഇരിക്കുന്നതോ നിയന്ത്രണം പ്രയോഗിക്കുന്നതോ ആയവളും "ഭൂമിയിലെ രാജാക്കന്മാരുടെമേൽ ഒരു രാജ്യം" ഉള്ളവളും, ഈ രാജാക്കന്മാരുമായി 'വ്യഭിചാരം ചെയ്യുന്ന'വളുമായ ഒരു ദുർമ്മാർഗ്ഗിയായ സ്ത്രീയായി പ്രതീകാത്മകമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു.—വെളിപാടു് 17:1, 2, 15, 18.

5 ഇതിൻെറ അർത്ഥം മഹാബാബിലോൻ ഒരു സാമ്രാജ്യമാണെന്നാണു്. ഏതു തരം സാമ്രാജ്യം? രാഷ്ട്രീയ ഘടകമായ "ഭൂമിയിലെ രാജാക്കന്മാർ" അവളോടു 'വ്യഭിചാരം ചെയ്യുന്നതായി' പറഞ്ഞിരിക്കുന്നതുകൊണ്ടു മഹാബാബിലോൻതന്നെ ഒരു രാഷ്ട്രീയ സാമ്രാജ്യമല്ല. മഹാബാബിലോൻ നശിപ്പിക്കപ്പെടുമ്പോൾ "ഭൂമിയിലെ വ്യാപാരികൾ" ദൂരത്തുനിന്നു് വിലപിക്കുന്നതായി വെളിപാടുപുസ്തകം പ്രകടമാക്കുന്നു; അതുകൊണ്ടു് അതു് ഒരു വ്യാപാരസാമ്രാജ്യവുമല്ല. (വെളിപാടു് 18:15) അപ്പോൾ അതൊരു മതപരമായ സാമ്രാജ്യമായിരിക്കാമോ? കൊള്ളാം, തീർച്ചയായും മതത്തിനു് രാഷ്ട്രീയ രാജ്യങ്ങളുടെമേൽ വലിയ സ്വാധീനമുണ്ടായിരുന്നിട്ടുണ്ടു്. അതിൻെറ നിയന്ത്രണം സർവ്വഭൂമിയിലെയും ജനങ്ങളുടെമേൽ വ്യാപിക്കുകതന്നെ ചെയ്യുന്നു. എന്നാൽ ഈ മതപരമായ സാമ്രാജ്യം വ്യഭിചാരക്കുററമുള്ള ഒരു വേശ്യാസ്ത്രീയാൽ ചിത്രീകരിക്കപ്പെടുന്നതെന്തുകൊണ്ടാണു്? എന്തുകൊണ്ടെന്നാൽ അതു മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കലർത്തുന്നു. ക്രൈസ്തവലോകത്തെ സംബന്ധിച്ചിടത്തോളം, ദൈവത്തെ സേവിക്കുന്നുവെന്നു് അവകാശപ്പെടുന്നവരും, എന്നാൽ അവിശ്വസ്തരായി രാഷ്ട്രീയ ശക്തികളുമായി ബന്ധങ്ങളിലേർപ്പെടുന്നവരുമായവർ ദൈവത്താൽ ആത്മീയ വേശ്യകളോ വ്യഭിചാരിണികളോ ആയി

---

5. (എ) മഹാബാബിലോൻ ഒരു രാഷ്ട്രീയ സാമ്രാജ്യമാണോ? (ബി) മഹാബാബിലോൻ ഒരു വ്യാപാര സാമ്രാജ്യമായിരിക്കാവുന്നതല്ലാത്തതെന്തുകൊണ്ടു്? (സി) ബൈബിളിൽ ഒരു മതസാമ്രാജ്യം ഒരു വേശ്യാസ്ത്രീയാൽ ചിത്രീകരിക്കപ്പെടുന്നതെന്തുകൊണ്ടു്?

വീക്ഷിക്കപ്പെട്ടുന്നുവെന്നു് ബൈബിൾ പ്രകടമാക്കുന്നു. —യെഹെസ്കേൽ 16:1, 2, 28-30; യാക്കോബ് 4:4.

6 നിമ്രോദ് "യഹോവയ്ക്കെതിരായി" തന്നെത്താൻ ഉയർത്തിയ ബാബിലോനിൽ വ്യാജമതം ആരംഭിച്ചതു് നോഹയുടെ നാളിലെ ആഗോളപ്രളയം കഴിഞ്ഞു് അധികം താമസിയാതെയായിരുന്നു. എന്നിരുന്നാലും, യഹോവ ജനങ്ങളുടെ ഭാഷ കലക്കുകയും "അവരെ അവിടെനിന്നു് ഭൂമിയുടെ ഉപരിതലത്തിലെല്ലാം ചിതറിക്കയും ചെയ്തു." അവർ പോയപ്പോൾ, അവർ തങ്ങളുടെ ബാബിലോന്യ ഉപദേശങ്ങളും ആചാരങ്ങളും തങ്ങളോടുകൂടെ കൊണ്ടുപോയി. (ഉല്പത്തി 10:8-10; 11:4-9) ഇതിനു ചേർച്ചയായി, *ബാബിലോണിയായിലെയും അസ്സീറിയിലെയും മതം* എന്ന പുസ്തകം (പ്രൊഫസ്സർ മോറിസ് ജാസ്ട്രോയാലുള്ളതു്, പേജ് 701) "ബാബിലോണിയായിലെ മതചിന്തയുടെ സുപ്രധാന പ്രകടനങ്ങളാലും ആ പ്രദേശത്തു് പ്രബലപ്പെട്ടിരുന്ന മതപ്രവർത്തനത്താലും പുരാതന ലോകത്തിന്മേൽ പതിപ്പിക്കപ്പെട്ട അഗാധമായ മുദ്ര"യെക്കുറിച്ചു പറയുന്നു.

7 ഈ പ്രകാരം അനേകമാളുകൾക്കും അറിവില്ലെങ്കിലും ബാബിലോണിലെ വ്യാജമതത്തിൽ പൊതുവായ ഉത്ഭവമുള്ള അനേകം ഉപദേശങ്ങളും ആചാരങ്ങളും ഭൂമിയിലെങ്ങുമുള്ള മതങ്ങളിൽ കാണപ്പെടുന്നുണ്ടു്. ഇവയിൽ ചിലതു് ഏവയാണു്?

8 പുരാതന ബാബിലോനിൽ പ്രമുഖമായിരുന്ന ഉപദേശങ്ങളിൽപെട്ടവയാണ്: ദൈവങ്ങളുടെ ഒരു ത്രയത്തിൻെറ അഥവാ ത്രിത്വത്തിൻെറ ആരാധനയും, മനുഷ്യദേഹിക്കു് മരിക്കാൻ സാദ്ധ്യമല്ലെന്നുള്ള ഉപദേശവും, മരണാനന്തരം ആളുകൾ ഒരു അധോലോകത്തിൽ അഥവാ "മടങ്ങിവരവില്ലാത്ത ദേശ"ത്തു കഷ്ടപ്പെടുന്നുവെന്ന ഉപദേശവും. ബാബിലോന്യാരാധനയിൽ പ്രതിമകളുടെ ഉപയോഗവും ഒരു വലിയ പങ്കുവഹിച്ചു. ഈ പുസ്തകത്തിൻെറ ആദ്യ അദ്ധ്യായങ്ങളിൽ തെളിയിക്കപ്പെട്ടതുപോലെ ഈ വകയിലൊന്നും ദൈവവചനമായ ബൈബിളിൽ പഠിപ്പിക്കപ്പെടുന്നില്ല. എന്നു വരികിലും, ഇന്നു നമുക്കു ചുററുമുള്ള മതസ്ഥാ

---

6. ജലപ്രളയശേഷം വ്യാജമതം എവിടെ ആരംഭിച്ചു, അതിൻെറ ഉപദേശങ്ങളും ആചാരങ്ങളും വിപുലവ്യാപകമായതെങ്ങനെ?

7. ഇന്നു മതങ്ങളിൽ കാണപ്പെടുന്ന അനേകം ഉപദേശങ്ങളും ആചാരങ്ങളും എവിടെ ഉത്ഭവിച്ചു?

8. (എ) പുരാതന ബാബിലോനിൽ പ്രമുഖമായിരുന്ന ചില മതോപദേശങ്ങൾ പറയുക. (ബി) അവ ദൈവവചനത്തിൽ പഠിപ്പിക്കപ്പെടുന്നുണ്ടോ?

പനങ്ങളിൽ ഇതുപോലുള്ള ഉപദേശങ്ങളും ആചാരങ്ങളും നാം കാണുന്നുണ്ടോ?

9 "ത്രിത്വം" മനുഷ്യദേഹിയുടെ അമർത്ത്യത, അഗ്നിനരകദണ്ഡനം എന്നിങ്ങനെയുള്ള ഉപദേശങ്ങളോടുകൂടെ ദൈവത്തിന്റെ നിശ്വസ്തവചനത്തിനു വിരുദ്ധമായിരിക്കുന്ന മറേറതൊരു ഉപദേശവും അഥവാ ആചാരവും ഒരു മതത്തെ വ്യാജമെന്ന് അടയാളപ്പെടുത്തുകയും അതിനെ മഹാബാബിലോന്റെ ഭാഗമായി മുദ്രയടിക്കയും ചെയ്യുന്നു. ഒരു മതം ബൈബിളിലെ സത്യദൈവത്തിന്റെ ആരാധനയ്ക്കുവേണ്ടി വാദിക്കുന്നതായി *അവകാശപ്പെട്ടേക്കാം*, അതു ദൈവപുത്രനായ യേശുക്രിസ്തുവിന്റെ നാമം ഉപയോഗിക്കുകയും ചെയ്തേക്കാം, എന്നാൽ അതു് ബാബിലോന്യ ഉപദേശങ്ങളാലും ആചാരങ്ങളാലും മലിനപ്പെട്ടതാണെങ്കിൽ അതിന് എന്തു വിലയാണുള്ളതു്? (ഗലാത്യർ 5:7-9; മത്തായി 7:22, 23) പെട്ടെന്നു്, "ഒരു ദിവസംകൊണ്ടു്" "മരണവും വിലാപവും, ക്ഷാമവു"മാകുന്ന ബാധകൾ മഹാബാബിലോന്റെമേൽ വരുമെന്നു ദൈവം മുൻകൂട്ടിപ്പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് നാം ആ വ്യാജമതസാമ്രാജ്യത്തിന്റെ ഏതു ഭാഗത്തുനിന്നും ഇപ്പോൾ നമ്മെത്തന്നെ പരിപൂർണ്ണമായി വേർപെടുത്തുന്നതു് അടിയന്തിരമാണ്, നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. —വെളിപാടു് 18:8.

10 "അവരുടെ ഇടയിൽനിന്ന് പുറത്തു പോരു"ന്നതിന്റെ അർത്ഥമെന്താണ്? ഒരു വ്യക്തി കേവലം ബാബിലോന്യ ഉപദേശങ്ങളുടെ തെററ് മനസ്സിൽ തിരിച്ചറിയുകയും, അതേ സമയം ആ ഉപദേശങ്ങൾ പിടിച്ചുകൊള്ളുന്ന ഒരു മതസ്ഥാപനത്തോടു തുടർന്നു സഹവസിക്കയും ചെയ്താൽ മതിയോ? യഥാർത്ഥത്തിൽ അതു് കപടഭക്തിയുടെ ഒരു ഗതിയായിരിക്കയില്ലയോ? ഇതു ദൈവം കററം വിധിക്കുന്നതിന് ദൃശ്യമായ പിന്തുണ കൊടുക്കുകയല്ലയോ? അങ്ങനെയുള്ള ഒരാൾക്ക് "അവരുടെയിടയിൽനിന്നു് പുറത്തുപോരുകയും . . . നിങ്ങളെത്തന്നെ വേർപെടുത്തുകയും ചെയ്യുക . . . അശുദ്ധമായ വസ്തുവിനെ തൊടാതിരിക്കുക" എന്ന ദൈവകല്പനയോടു്

9. (എ) ഒരു മതത്തെ മഹാബാബിലോന്റെ ഭാഗമായി മുദ്രയടിക്കുന്നതെന്തു്? (ബി) ദൈവം മഹാബാബിലോന്റെമേൽ പെട്ടെന്നു നാശം മുൻകൂട്ടിപ്പറഞ്ഞിട്ടുള്ളതുകൊണ്ടു് എന്തു ചെയ്യുന്നതു് അടിയന്തിരമാണു്?

10. (എ) ഒരാൾ വ്യാജോപദേശങ്ങൾ പഠിപ്പിക്കുന്ന ഒരു മതത്തോടു് ഏതെങ്കിലും വിധത്തിൽ തുടർന്നു സഹവസിക്കുന്നുവെങ്കിൽ അയാൾ 'അവരുടെ ഇടയിൽനിന്നു് പുറത്തുപോരുക'യാണോ? (ബി) താൻ മുമ്പു സഹവസിച്ചുകൊണ്ടിരുന്ന മതസ്ഥാപനത്തിനു് ഒരുവൻ എന്തു അറിയിപ്പു കൊടുക്കണം?

അനുസരണമുള്ളവനായി എങ്ങനെ സ്വയം പരിഗണിക്കാൻ കഴിയും? (2 കൊരിന്ത്യർ 6:17) നാം യേഹൂവിന്റെ കാലത്തു ദൈവകല്പനയിങ്കൽ നാശമനുഭവിക്കാൻ മാത്രം ബാലിന്റെ ക്ഷേത്രത്തിൽ തടിച്ചുകൂടിയവരെപ്പോലെയായിരിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ അപ്പോൾ നാം മഹാബാബിലോന്റെ സകലസ്ഥാപനങ്ങളിൽനിന്നും പാടേ വിട്ടുപോരേണ്ട ആവശ്യമുണ്ട്. നാം അവരുടെ പ്രവർത്തനങ്ങളിൽ പങ്കുപററുന്നതു നിർത്തേണ്ട ആവശ്യമുണ്ട്. (2 രാജാക്കന്മാർ 10:20-27)* നാം അവരുടെ സ്ഥാപനങ്ങളിൽനിന്നു പിന്മാറുകയാണെന്ന് അവർക്ക് അറിയിപ്പു കൊടുക്കേണ്ടതു് ആവശ്യമാണ്. ഇതു ചെയ്യുന്നതിനാൽ നാം ' "യഹോവയുടെ മേശ" യിലും ഭൂതങ്ങളുടെ മേശയിലും പങ്കുപററാൻ' ശ്രമിച്ചുകൊണ്ട് "രണ്ടു വള്ളങ്ങളിൽ കാൽ ചവിട്ടുകയും" അങ്ങനെ "യഹോവയ്ക്കു സ്പർദ്ധ ജനിപ്പിക്കുക" യുമില്ല.—1 രാജാക്കന്മാർ 18:21;† 1 കൊരിന്ത്യർ 10:21, 22.

[11] എന്നാൽ ഒരു മിശ്രവിശ്വാസ പ്രസ്ഥാനത്തിലോ മതൈക്യപ്രസ്ഥാനത്തിലോ (എക്യൂമെനിക്കൽ) മതങ്ങൾ ഒന്നിച്ചുചേരുന്നതു ഒരു നല്ല സംഗതിയല്ലയോ? കൊള്ളാം, യഹോവയാംദൈവം അതിനെ എങ്ങനെ വീക്ഷിക്കുന്നു? അവൻ യിസ്രായേൽജാതി കനാന്യരുമായി മിശ്രവിശ്വാസത്തിലേർപ്പെടാൻ അനുവദിച്ചില്ലെന്നു ബൈബിൾരേഖ പ്രകടമാക്കുന്നു. (ആവർത്തനം 7:3, 4) ദൈവപുത്രൻ മിശ്രവിശ്വാസത്തെ എങ്ങനെ വീക്ഷിച്ചു? അവൻ ഭൂമിയിലായിരുന്നപ്പോൾ യഹൂദമതത്തിലെ വിവിധ വിഭാഗങ്ങളുമായി മിശ്രവിശ്വാസപ്രവർത്തനങ്ങളിലേർപ്പെട്ടില്ല. നേരേമറിച്ചു് അവൻ തന്റെ നാളിലെ വ്യാജമതത്തെ ഉഗ്രമായി കുററം വിധിക്കയും "എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല" എന്നു ദൃഢമായി പ്രസ്താവിക്കയും ചെയ്തു.—യോഹന്നാൻ 14:6; മത്തായി 23:13, 38-ഉം കൂടെ കാണുക.

## സത്യത്തിനുവേണ്ടിയുള്ള ഉറച്ച നിലപാട് അനുഗ്രഹങ്ങൾ കൈവരുത്തുന്നു

[12] വ്യാജാരാധനയിൽനിന്നുള്ള പൂർണ്ണമായ വേർപാട് പ്രശ്നങ്ങൾ ഉളവാക്കിയേക്കാം. അങ്ങനെയുള്ള ഒരു ഗതിയെ

* 4 രാജാക്കന്മാർ 10:20–27, *Dy.* † 3 രാജാക്കന്മാർ 18:21, *Dy.*

**11.** മിശ്രവിശ്വാസപ്രസ്ഥാനങ്ങളോടുള്ള ബൈബിൾവീക്ഷണം എന്താണ്?
**12.** (എ) ഒരുവൻ വ്യാജാരാധനയിൽനിന്നു് പൂർണ്ണമായി വിട്ടുപോരുമ്പോൾ അവന്റെ ബന്ധുക്കളോടുള്ള ബന്ധത്തിൽ എന്തു സംഭവിച്ചേക്കാം? (ബി) ഇതു് ഏതു സ്നേഹത്തെ പരീക്ഷിക്കുന്നു?

ഒരുവൻെറ ബന്ധുക്കൾ എതിർത്തേക്കാമെന്ന് യേശു പ്രകടമാക്കി. എന്നിരുന്നാലും, എതിർക്കുന്നവർ ഒരുവൻെറ സ്വന്തം കുടുംബാംഗത്തെപ്പോലെ അടുപ്പമുള്ളവരും പ്രിയപ്പെട്ടവരുമായിരുന്നാലും ഇതു നമ്മുടെ തീരുമാനത്തിൽ വ്യത്യസ്തത വരുത്തരുതെന്ന് യേശു പറഞ്ഞു. (മത്തായി 10:32-37) അങ്ങനെയുള്ളവരെ മുമ്പത്തേക്കാൾ കുറച്ചു സ്നേഹിക്കുന്നതിൻെറ പ്രശ്നമല്ല, പിന്നെയോ യഹോവയോടും അവൻെറ സത്യവചനത്തോടും നമുക്കുള്ള സ്നേഹം എത്ര സുശക്തമാണെന്നുള്ള പ്രശ്നമാണ്.

[13] യഥാർത്ഥത്തിൽ, സത്യത്തിനുവേണ്ടി ഉറച്ച നിലപാടു സ്വീകരിക്കുന്നതിനാലാണ് ഒരുവൻെറ ശരിയായ ഗതിയെ ആദ്യം എതിർത്തേക്കാവുന്ന അയാളുടെ ബന്ധുക്കളുടെ നിലനിൽക്കുന്ന നന്മയ്ക്കുവേണ്ടി യഥാർത്ഥമായി അയാൾക്കു പ്രവർത്തിക്കാൻ കഴിയുന്നത്. സമ്മർദ്ദത്തിനു കീഴ്പെടുന്നത് അവരെ സത്യത്തോടുള്ള എതിർപ്പിൽ പ്രോത്സാഹിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. നേരേമറിച്ച്, ദൈവവചനത്തിലെ സത്യത്തോടു പററിനിൽക്കുന്നതിലും അതിനു ചേർച്ചയായി ജീവിക്കുന്നതിലുമുള്ള നിങ്ങളുടെ വിശ്വസ്തമായ നടത്ത നിങ്ങൾക്ക് അനുഗ്രഹങ്ങളും സൌഭാഗ്യങ്ങളും കൈവരുത്തും. അതു നിങ്ങളെ മെച്ചപ്പെട്ട ഒരാളാക്കിത്തീർക്കും. ഇപ്രകാരം, കാലക്രമത്തിൽ നിങ്ങളോടടുത്തുള്ളവർ നിങ്ങളുടെ ഗതിയുടെ ജ്ഞാനത്തെ തിരിച്ചറിയാനിടയാകയും സത്യം കാണാൻ സഹായിക്കപ്പെടുകയും ചെയ്യേക്കാം. ഈ പ്രത്യാശ സ്വീകരിക്കുന്നതിനും ഇതിനുവേണ്ടി പ്രവർത്തിക്കുന്നതിനുമാണ് ബൈബിൾ പ്രോത്സാഹിപ്പിക്കുന്നത്. (1 കൊരിന്ത്യർ 7:12-16; 1 പത്രോസ് 3:1, 2) അതു ക്ഷമയും, ദൈവത്തിൻെറ വഴി അത്യുത്തമവും എല്ലാററിനുമുപരിയായി സ്നേഹവുമാണെന്നുള്ള വിശ്വാസവും ആവശ്യമാക്കിത്തീർക്കുമെന്നുള്ളതു സത്യംതന്നെ. എന്നാൽ നിങ്ങൾ ദൈവത്തെ നിങ്ങളുടെ ജീവിതത്തിൽ ഒന്നാമതു കരുതുന്നുവെങ്കിൽ അവൻ നിങ്ങളെ പിന്താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് ദൈവംതന്നെ സ്നേഹപൂർവ്വം നിങ്ങൾക്ക് ഉറപ്പുനൽകുന്നു.—റോമർ 8:38, 39.

[14] വീണ്ടും, തങ്ങൾക്കു വളരെ പ്രായമായി എന്നും തങ്ങ

13. (എ) സത്യത്തിലുള്ള നിങ്ങളുടെ സഹിഷ്ണത, നിങ്ങളോടടുത്തുള്ളവരുടെ മേൽ എന്തു ഫലമുളവാക്കിയേക്കാം? (ബി) ദൈവം എന്ത് ഉറപ്പു നൽകുന്നു?
14. (എ) വൃദ്ധരായ ആളുകൾ വ്യാജമതത്തിൽനിന്ന് വേർപെട്ട് സത്യാരാധന സ്വീകരിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നുണ്ടോ? (ബി) അങ്ങനെയുള്ള ആളുകൾക്ക് ഇത് എന്തു പ്രതീക്ഷ തുറന്നുകൊടുക്കും?

ളുടെ ഗതി മാററുന്നതിനു് സമയം വളരെ കടന്നുപോയെന്നും ചിലർ വിചാരിച്ചേക്കാം. എന്നിരുന്നാലും, "വയോധികൻ" എന്നുതന്നെ വിളിക്കപ്പെടുന്ന യഹോവയാം ദൈവം തന്നെ സ്തുതിക്കുന്നതിൽ ചേരുന്നതിനു് വൃദ്ധരേയും ക്ഷണിക്കുന്നു. (ദാനിയേൽ 7:9; സങ്കീർത്തനം 148:12, 13) ഒരുവൻ ദൈവം കുററംവിധിക്കുന്ന കാര്യങ്ങളിൽനിന്നു് വേർപെടാതിരിക്കുന്നുവെങ്കിൽ പ്രായാധിക്യം ഒഴികഴിവാകയില്ലെന്നും, എന്നാൽ "നീതിയുടെ വഴിയിൽ കാണപ്പെടുമ്പോൾ നരച്ച തല ഒരു സൗന്ദര്യകിരീടമാകുന്നു"വെന്നും അവൻെറ വചനം പ്രകടമാക്കുന്നു. (സദൃശവാക്യങ്ങൾ 16:31; യെഹെസ്ക്കേൽ 9:4-6-ം കൂടെ കാണുക.) സത്യമാണെന്നു് ഒരുവനു് അറിയാവുന്നതിനനുയോജ്യമായി ഒരു നില സ്വീകരിക്കുന്നതിനും അങ്ങനെ നിത്യജീവനിലേക്കുള്ള വഴിയിൽ ഒരുവൻെറ ചുവടുകൾ ഉറപ്പിക്കുന്നതിനും ജീവിതത്തിൽ ഒരിക്കലും സമയം കടന്നുപോകുന്നില്ല.—സദൃശവാക്യങ്ങൾ 10:22.

15 വ്യാജമതം ആചരിക്കുന്നവരുടെ ഇടയിൽനിന്നു് പുറത്തു വരുന്നതിനു നാം ഇപ്പോൾ സുനിശ്ചിതമായ നടപടി സ്വീകരിക്കുന്നുവെങ്കിൽ, നാം നമ്മുടെ ദൈവമായ യഹോവയോടു അനുഗ്രഹീതവും സന്തുഷ്ടവുമായ ഒരു ബന്ധം അനുഭവിച്ചേക്കാം. (2 കൊരിന്ത്യർ 6:17, 18) എന്തുകൊണ്ടെന്നാൽ, ദൈവവചനത്തിനു വിരുദ്ധമായ കാര്യങ്ങൾ പഠിപ്പിക്കുകയും ആചരിക്കുകയും ചെയ്യുന്നവരുടെ ഇടയിൽനിന്നു പുറത്തു വരുന്നതുകൊണ്ടു് സംഗതി അവസാനിക്കുന്നില്ല. 'നാം നമ്മുടെ കൂടിവരവിനെ ഉപേക്ഷിക്കരുതു്' എന്ന കല്പനയും ദൈവം നൽകുന്നു, എബ്രായർ 10:24, 25 നമ്മോടു പറയുന്നതുപോലെതന്നെ. അപ്പോൾ നാം ആരോടുകൂടെ കൂടിവരണം? ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവരോടുകൂടെത്തന്നെ. അങ്ങനെയുള്ളവരെസംബന്ധിച്ചു് ദൈവം പറയുന്നു: "ഞാൻ അവരുടെ ഇടയിൽ വസിക്കയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും, ഞാൻ അവരുടെ ദൈവമായിരിക്കും, അവർ എൻെറ ജനമായിരിക്കും." —2 കൊരിന്ത്യർ 6:16.

---

**15. (എ) നാം വ്യാജമതം ആചരിക്കുന്നവരുടെ ഇടയിൽനിന്നു് പുറത്തുപോരുന്നുവെങ്കിൽ നമുക്കു് എന്തു് അനുഗ്രഹം ആസ്വദിക്കാൻ കഴിയും? (ബി) അതുകൊണ്ടു് നാം ആരോടുകൂടി കൂടിവരണം?**

[16] യഹോവയുടെ സാക്ഷികളുടെ ക്രിസ്തീയസ്ഥാപനമായിത്തീർന്നിട്ടുള്ളവർ പുറജാതിലോകത്തിലെയും ക്രൈസ്തവലോകത്തിലെയും അനവധി മതങ്ങളിൽനിന്നു് തങ്ങളെത്തന്നെ വേർപെടുത്തിയിട്ടുള്ള ആളുകളാണു്. അവർ അങ്ങനെ മഹാബാബിലോനിൽനിന്നു് ഓടിപ്പോയിരിക്കുന്നു. അവരുടെ രാജ്യഹോളുകളിലൊന്നിൽ യോഗങ്ങൾക്കു ഹാജരാകുന്നതിനാൽ ഇതു വരുത്തിയിരിക്കുന്ന വ്യത്യാസം നിങ്ങൾക്കു തന്നെ കാണാവുന്നതാണു്. വെറും യോഗസ്ഥലമോ, പണശേഖരം നടത്തുന്നില്ലെന്നുള്ള വസ്തുതയോ അല്ല, പിന്നെയോ മുഖ്യമായി യോഗങ്ങൾതന്നെയും ഹാജരാകുന്ന ആളുകളുടെ മനോഭാവവുമാണു് യഹോവയുടെ സാക്ഷികളെ മററു മതങ്ങളിൽനിന്നു് വ്യത്യസ്തരാക്കുന്നതു്. ഈ യോഗങ്ങൾ യഥാർത്ഥ 'ബൈബിളദ്ധ്യയനങ്ങളാണു്. ബൈബിൾതത്വങ്ങൾ നമ്മുടെ ദൈനംദിനജീവിതത്തിൽ എങ്ങനെ ബാധകമാകുന്നുവെന്നതിനും മററുള്ളവരെ ദൈവവചനം എങ്ങനെ പഠിപ്പിക്കണമെന്നതിനും പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. അവിടെ നിങ്ങൾ ആത്മാർത്ഥമായി 'ഒന്നാമതു രാജ്യത്തെയും ദൈവത്തിന്റെ നീതിയെയും അന്വേഷിക്കുന്ന'വരും ദൈവാത്മാവിന്റെ ഫലങ്ങൾ ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കുന്നവരുമായ ആളുകളെ കണ്ടെത്തും.—മത്തായി 6:33; ഗലാത്യർ 5:22, 23.

[17] ഒരിക്കലോ രണ്ടു പ്രാവശ്യമോ ഹാജരാകുന്നതു് നിങ്ങളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തിയേക്കാം, എന്നാൽ നിങ്ങൾ ദൈവസേവനത്തിൽ യഥാർത്ഥപുരോഗതി നേടുന്നതിനു് നിങ്ങൾ ആദിമക്രിസ്ത്യാനികളെപ്പോലെയായിരിക്കേണ്ട ആവശ്യമുണ്ടു്. അവർ യഥാർത്ഥത്തിൽ സത്യത്തെ വിലമതിച്ചു. അതുകൊണ്ടു് അവർ "അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾക്കു തങ്ങളെത്തന്നെ തുടർന്നർപ്പിച്ചു . . . അവർ ദിനന്തോറും ഒരുമനപ്പെട്ടു ആലയത്തിൽ നിരന്തരം ഹാജരായിക്കൊണ്ടിരുന്നു." (പ്രവൃത്തികൾ 2:42, 46) ഈ സഭായോഗമീററിംഗുകളിൽ ക്രമമായി പങ്കെടുക്കുന്നതിനാൽ മാത്രമേ ദൈവാംഗീകാരം പ്രാപിക്കുന്നതിനു് നിങ്ങൾക്കാവശ്യമായ വിശ്വാസവും വിലമതിപ്പും ബോദ്ധ്യവും വികസിപ്പിക്കാൻ കഴികയുള്ളു.

---

**16.** യഹോവയുടെ സാക്ഷികളുടെ യോഗങ്ങൾക്കു് ഹാജരാകുന്നതിനാൽ നിങ്ങൾ (എ) പണശേഖരം സംബന്ധിച്ചു് (ബി) യോഗങ്ങൾതന്നെ സംബന്ധിച്ചു് (സി) ഹാജരാകുന്നവരുടെ മനോഭാവം സംബന്ധിച്ചു് എന്തുനിരീക്ഷിക്കും?

**17.** ഈ യോഗങ്ങളിൽ ക്രമമായി പങ്കുപററുന്നതു് പ്രധാനമായിരിക്കുന്നതെന്തുകൊണ്ടു്?

18 ആധുനിക മഹാ ബാബിലോനിൽ നിന്നു് തങ്ങളെ ത്തന്നെ വേർപെടുത്തുന്നതു് മുൻ സഹവാസങ്ങളുടെ കാര്യത്തിൽ നിങ്ങൾക്കു കുറെ നഷ്ടം വരുത്തിയേക്കാമെങ്കിലും, യഹോവയുടെ ജനത്തിന്റെ യോഗങ്ങളിലെ നിങ്ങളുടെ ക്രമമായ ഹാജരിൽനിന്നു് നിങ്ങൾ വളരെയധികം നേട്ടം. യേശുവിനെ അനുഗമിക്കുന്നതിനു് വളരെയധികം കാര്യങ്ങൾ ഉപേക്ഷിച്ചുകളഞ്ഞ അവന്റെ ആദിമശിഷ്യന്മാരെപ്പോലെ, സഹോദരന്മാരും സഹോദരിമാരും നിങ്ങളെ സന്തോഷപൂർവം സ്വീകരിക്കുന്ന ഭവനങ്ങളുമായി "ഇപ്പോൾ ഈ കാലഘട്ടത്തിൽ ഒരു നൂറുമടങ്ങു കിട്ടു"മെന്നുള്ള വാഗ്ദത്തം നിവൃത്തിയേറുന്നതായി നിങ്ങൾ കണ്ടെത്തും. നിങ്ങൾ യഥാർത്ഥവും ആത്മാർത്ഥവുമായ സ്നേഹവും സാഹോദര്യവുമുള്ള ക്രിസ്തീയ സഹോദരന്മാരുടെ ഒരു വലിയ കുടുംബത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നുവെന്നും നിങ്ങൾ കണ്ടെത്തും. നിങ്ങൾ "വരുവാനുള്ള വ്യവസ്ഥിതിയിലെ" നിത്യജീവന്റെ പ്രത്യാശയോടുകൂടെ ഇതെല്ലാം നേട്ടം.—മർക്കോസ് 10:28-30; സങ്കീർത്തനം 27:10 [26:10, *Dy*].

19 യഹോവയാം ദൈവം തന്റെ നീതിയുള്ള പുതിയ വ്യവസ്ഥിതിയിലെ ജീവനുവേണ്ടി നമ്മെ പരിശീലിപ്പിക്കുന്നതിനും സജ്ജീകരിക്കുന്നതിനുംവേണ്ടി ഇന്നുപയോഗിക്കുന്ന ഒരു ദൃശ്യസ്ഥാപനം അവനുണ്ടു്. ഇപ്പോഴത്തെ ദുഷ്ടവ്യവസ്ഥിതി പോയശേഷം ദൈവത്തിന്റെ വഴി എല്ലായിടത്തും പ്രബലപ്പെടും. അവശേഷിക്കുന്ന ഏകഭരണം അവന്റേതായിരിക്കും. (ദാനീയേൽ 2:44) സഹവസിക്കുന്നതിനു് ഭൂമിയിൽ ശേഷിക്കുന്നവർ അവന്റെ അംഗീകാരമുള്ള ജനം മാത്രമായിരിക്കും. ശരിയും തെററും സംബന്ധിച്ചുള്ള ദൈവത്തിന്റെ പ്രമാണങ്ങൾ മാത്രമേ അനുവദിക്കപ്പെടുകയുള്ളു. ഒരു മതം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. അതുകൊണ്ടു് ചെയ്യേണ്ട ബുദ്ധിപൂർവകമായ സംഗതി ദൈവം തന്റെ എഴുതപ്പെട്ട വചനമായ വിശുദ്ധബൈബിളിലൂടെ നൽകുന്ന പരിശീലനത്തിൽനിന്നു് പൂർണ്ണപ്രയോജനം നേടിക്കൊണ്ടു് ഇപ്പോൾ ദൈവത്തിന്റെ പ്രവർത്തനരീതിയോടു് നമ്മേത്തന്നെ അനുരൂപരാക്കുകയെന്നതാണു്. ഈ വിധത്തിൽ, ദൈവത്തിന്റെ

18. നിങ്ങൾ മഹാബാബിലോനിൽനിന്നു വേർപെടുന്നതിനാലും ക്രമമായി യഹോവയുടെ ജനത്തോടു സഹവസിക്കുന്നതിനാലും നിങ്ങളിൽ യേശുവിന്റെ ഏതു വാഗ്ദത്തം നിറവേറും?

19. (എ) ദൈവം നമ്മുടെ അനുഗ്രഹത്തിനുവേണ്ടി തന്റെ ദൃശ്യസ്ഥാപനത്തെ എങ്ങനെ ഉപയോഗിക്കുന്നു? (ബി) അതുകൊണ്ടു് ഇപ്പോൾ നാം എന്തു ചെയ്യുന്നതു് ബുദ്ധിപൂർവകമാണു്?

നീതിയുള്ള പുതിയ വ്യവസ്ഥിതിയിലെ നിത്യജീവൻ നാം ആഗ്രഹിക്കുന്നു എന്നു പറയുമ്പോൾ നാം യഥാർത്ഥത്തിൽ അതു് അർത്ഥമാക്കുന്നുവെന്നു തെളിയിക്കുകയാണു്. —സങ്കീർത്തനം 86:10, 11 [85:10, 11, *Dy*]; സദൃശവാക്യങ്ങൾ 4:10-13.

# ദൈവത്തെ അപ്രീതിപ്പെടുത്തുന്ന ലോകാചാരങ്ങൾ

എല്ലാ കാര്യങ്ങളിലും ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ നമുക്ക് വിലയുള്ളതെല്ലാം നേടാനുണ്ട്, യഥാർത്ഥമൂല്യമുള്ളതൊന്നും നഷ്ടപ്പെടാനുമില്ല. അവനോട് സങ്കീർത്തനക്കാരൻ ഇങ്ങനെ പറയുന്നു: "നീ ജീവന്റെ പാതയെ ഞാനറിയാനിടയാക്കും. തൃപ്തിയാകുവോളമുള്ള സന്തോഷം നിന്റെ മുഖത്തിങ്കലുണ്ട്; നിന്റെ വലതുഭാഗത്ത് എന്നേക്കും പ്രസന്നതയുണ്ട്." (സങ്കീർത്തനം 16:11[15: 11, *Dy*] എന്നിരുന്നാലും, പിശാചായ സാത്താൻ ആളുകളെ സത്യാരാധനയിൽനിന്ന് അകററിക്കളയുന്നതിനും, അവരെ യഹോവയാം ദൈവത്തിന് അപ്രീതി വരുത്തുന്ന വഴികളിലേക്കു നയിക്കുന്നതിനും ശ്രമിക്കുന്നു. ഇതു സാധിക്കുന്നതിന് അവൻ ഉപയോഗിക്കുന്ന മാഗ്ഗങ്ങളിലൊന്നു ബൈബിൾപരമായ ഉപദേശങ്ങൾക്കു വിരുദ്ധമായ ലോകാചാരങ്ങളുടെ അനുഷ്ഠാനമാണ്.

[2] എല്ലാ ലോകാചാരങ്ങളും തെററല്ല. എന്നാൽ അവ വ്യാജമതത്തിൽ വേരുള്ളതാണെങ്കിൽ, അല്ലെങ്കിൽ അവ ഏതെങ്കിലും വിധത്തിൽ ബൈബിൾതത്വങ്ങൾക്കു വിരുദ്ധമാണെങ്കിൽ അവ ദൈവത്തിനു പ്രസാദകരമല്ല. (മത്തായി 15:6) രസാവഹമായി, ഇന്നുവരെ അതിജീവിച്ചിട്ടുള്ള മിക്ക ലോകാചാരങ്ങളും മതപരമായ സ്വഭാവത്തിലുള്ളവയാണ്. ലൗകികമതം വിശുദ്ധാരാധനയുടെ ബൈബിൾ നിലവാരത്തിൽനിന്ന് മാറിപ്പോയിരിക്കുന്നുവെന്ന് നാം കണ്ടുകഴിഞ്ഞതുകൊണ്ട്, അവയുടെ ആചാരങ്ങളിലധികവും പുറജാതിമതാനുഷ്ഠാനങ്ങളിലധിഷ്ഠിതമാണെന്നു കണ്ടെത്തുമ്പോൾ നാം ആശ്ചര്യപ്പെടരുത്.

---

1. ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ നമുക്കു നേട്ടമാണോ നഷ്ടമാണോ ഉണ്ടാകുന്നത്?

2. ഒരു ലോകാചാരം തെററാണോയെന്നു നിർണ്ണയിക്കുന്നതെങ്ങു?

3 ചുററുപാടുമുള്ള ജാതികളുടെ മതാചാരങ്ങൾക്കെതിരായി യിസ്രായേല്യർക്കു മുന്നറിയിപ്പു കൊടുക്കുകയിൽ അവർ "ജാതികളുടെ വഴി ഒട്ടുംതന്നെ പഠിക്കരുത്" എന്നു യഹോവ തന്റെ ജനത്തോടു പറഞ്ഞു. (യിരെമ്യാ 10:2) ഇതു സ്നേഹപൂർവ്വകമായ ഒരു മുന്നറിയിപ്പായിരുന്നു, എന്തുകൊണ്ടെന്നാൽ ആ പുറജാതിയാചാരങ്ങൾ ദൈവത്തെയും അവന്റെ ഉദ്ദേശ്യത്തെയും തെററിദ്ധരിപ്പിക്കുന്ന വ്യാജത്തിന്മേലധിഷ്ഠിതമായിരുന്നു. മിക്കപ്പോഴും ആ ആചാരങ്ങൾക്ക് അവ ആചരിക്കുന്നവരുടെ ധാർമ്മികനിഷ്ഠകളുടെമേൽ ഒരു ദൂഷിച്ച ഫലമുണ്ടായിരുന്നു. ഇതുപോലെയുള്ള ഒരു കാരണത്താൽ ബൈബിൾ ഇന്നു നമ്മെ ഇങ്ങനെ ബുദ്ധിയുപദേശിക്കുന്നു: "ഈ വ്യവസ്ഥിതിക്കനുരൂപരാകാതെ, നല്ലതും സ്വീകാര്യവും പൂർണ്ണവുമായ ദൈവേഷ്ടം നിങ്ങൾക്കുതന്നെ തെളിയിക്കേണ്ടതിന് നിങ്ങളുടെ മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ." (റോമർ 12:2) യഹോവയാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ ഒരു ആഗ്രഹം അങ്ങനെ ചെയ്യുന്നതിനു നമ്മെ സഹായിക്കും.

## കുരിശിന്റെ ഉപയോഗം

4 പള്ളിയിൽപോക്കുകാരായ അനേകർ ഒരു കുരിശു ധരിക്കുന്നു, അല്ലെങ്കിൽ അവക്കു വീട്ടിൽ ഒരു കുരിശുരൂപമുണ്ട്. കുരിശുകൾ നിരവധി പള്ളിക്കെട്ടിടങ്ങളിൽ കാണപ്പെടുകയും ചെയ്യുന്നു. എന്നാൽ കുരിശിനു യഥാർത്ഥത്തിൽ ഒരു പുറജാതിയുത്ഭവമാണുള്ളതെന്ന് നിങ്ങൾക്കറിയാമോ? ക്രിസ്ത്യാനിത്വത്തിന്റെ അനന്യമായ പ്രതിരൂപമായിരിക്കുന്നതിനു പകരം കുരിശ് ക്രിസ്തുവിന്റെ ജനനത്തിനു നൂററാണ്ടുകൾക്കു മുമ്പ് ഉപയോഗത്തിലുണ്ടായിരുന്നുവെന്നു വസ്തുതകൾ പ്രകടമാക്കുന്നു. ഇതു് *ദി കാതലിക്ക് എൻസൈക്ലോപ്പീഡിയാ* (1908-ലെ പതിപ്പ്, വാല്യം IV, പേജ് 517) സമ്മതിക്കുന്നു:

"സമകോണങ്ങളിൽ രണ്ടു രേഖകൾ കുറുകെ വെക്കുന്ന ഏററവും ലളിതമായ രൂപത്തിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന കുരിശിന്റെ ചിഹ്നം, പൌരസ്ത്യദേശത്തും

---

**3. (എ) പുറജാതി മതാചാരങ്ങൾക്കെതിരെ യഹോവ തന്റെ ജനത്തിനു് എന്തു മുന്നറിയിപ്പു കൊടുത്തു? (ബി) നമുക്കു റോമർ 12:2-ൽ കാണപ്പെടുന്ന ബുദ്ധിയുപദേശം പ്രായോഗികമാക്കുന്നതിനു് എങ്ങനെ സഹായിക്കപ്പെടാൻ കഴിയും?**

**4. കുരിശിനെ സംബന്ധിച്ചു് കാതലിക്ക് എൻസൈക്ലോപ്പീഡിയാ എന്തു സമ്മതിച്ചുപറയുന്നു?**

പാശ്ചാത്യദേശത്തും ക്രിസ്ത്യാനിത്വത്തിന്റെ അവതരണത്തിനു വളരെ മുമ്പു മുതലുണ്ട്. അതു് മാനുഷസംസ്കാരത്തിന്റെ വളരെ വിദൂരമായ ഒരു ഘട്ടത്തിലേക്ക് പിമ്പോട്ടു പോകുന്നു."

[5] കുരിശിന്റെ പുറജാതീയ മതോത്ഭവത്തെ പ്രകടമാക്കിക്കൊണ്ടു്, വൈദികനായ ഡബ്ലിയു. ഡി. കില്ലനാൽ വിരചിതമായ *പുരാതനസഭ* എന്ന പുസ്തകം ഇങ്ങനെ പറയുന്നു (1859 ലെ പതിപ്പു്, 316-ാം പേജ്):

"അതിപുരാതനകാലംമുതൽ കുരിശു് ഈജിപ്റ്റിലും സിറിയയിലും പൂജിക്കപ്പെട്ടിരുന്നു; അതു് പൌരസ്ത്യദേശത്തെ ബുദ്ധമതക്കാരാൽ തുല്യബഹുമതിയിൽ കരുതപ്പെട്ടിരുന്നു; . . . നമ്മുടെ യുഗത്തിന്റെ തുടക്കത്തോടടുത്തു്, പുറജാതികൾ അവരുടെ ചില പവിത്രനിഗൂഢതകളുടെ ആഘോഷങ്ങളിൽ നെററിയിൽ ഒരു കുരിശടയാളം ഉണ്ടാക്കുക പതിവായിരുന്നു."

[6] ബാബിലോന്യമതത്തോടു് അതിനുള്ള ബന്ധത്തെ കൂടുതലായി പ്രകടമാക്കിക്കൊണ്ടു് ഡബ്ലിയു. ഈ വൈൻ *പുതിയനിയമ പദങ്ങളുടെ ഒരു വ്യാഖ്യാന നിഘണ്ടു*വിൽ (വാല്യം 1, പേജ് 256) കുരിശിന്റെ "ഉത്ഭവം പുരാതന കൽദയായിൽ [ബാബിലോൻ] ആയിരുന്നു, തമ്മൂസ് ദൈവത്തിന്റെ പ്രതീകമായി ഉപയോഗിക്കപ്പെടുകയും ചെയ്തിരുന്നു. (അവന്റെ പേരിന്റെ ആദ്യക്ഷരമായ നിഗൂഢ തൌവിന്റെ [അഥവാ T യുടെ] ആകൃതിയിലായിരുന്നതിനാൽ)" എന്നു പറയുന്നു.

[7] എന്നാൽ യേശു രണ്ടു ദണ്ഡുകളോടുകൂടിയ ഒരു കുരിശിലല്ലയോ വധിക്കപ്പെട്ടതു്? അല്ലെന്നു് ബൈബിൾ സൂചിപ്പിക്കുന്നു. കത്തോലിക്കരുടെയും പ്രോട്ടസ്റ്റൻറുകാരുടെയും ബൈബിൾഭാഷാന്തരങ്ങളിൽ പ്രവൃത്തികൾ 5:30 ലും 10:39 ലും യേശു ഒരു "മര"ത്തിൽ മരിച്ചുവെന്നു നമ്മോടു പറയപ്പെട്ടിരിക്കുന്നു. "മരം" എന്നു് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നതു് *സൈലോൺ* (അഥവാ *സൂലോൺ*) എന്ന ഗ്രീക്കുപദ

---

5. കുരിശിന്റെ പുറജാതീയോത്ഭവത്തെക്കുറിച്ചു *പുരാതനസഭ* എന്ന പുസ്തകം എന്തു പറയുന്നു?

6. കുരിശു് എവിടെ ഉത്ഭവിച്ചു, അതു് ഏതു ദൈവത്തിന്റെ അടയാളമായിരുന്നു?

7. (എ) പ്രവൃത്തികൾ എന്ന ബൈബിൾപുസ്തകമനുസരിച്ചു് യേശു രണ്ടു ദണ്ഡുകളോടുകൂടിയ ഒരു കുരിശിലാണോ വധിക്കപ്പെട്ടതു്? (ബി) ചില ബൈബിൾ ഭാഷാന്തരങ്ങളിൽ "കുരിശു്" എന്നു ഭാഷാന്തരപ്പെടുത്തിയിരിക്കുന്ന പദത്തെ പുരാതന ഗ്രീക്ക് എഴുത്തുകാർ ഉപയോഗിക്കുന്നതെങ്ങനെ?

ത്തെയാണ്. ഈ പദത്തെ സംബന്ധിച്ചും, ചില ഭാഷാന്തരങ്ങളിൽ "കുരിശു്" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന *സ്ലൗറോസ്* എന്ന പദത്തെ സംബന്ധിച്ചും *ദി കംപാനിയൻ ബൈബിൾ* 186 ാം പേജിൽ "അനുബന്ധങ്ങ"ളിൽ ഇങ്ങനെ പറയുന്നു:

"[പുരാതന ഗ്രീക്കു കവിയായ] ഹോമർ ഒരു സാധാരണ ദണ്ഡിന് അഥവാ സ്തംഭത്തിന്, അല്ലെങ്കിൽ ഒരു ഒററ തടിക്ക് *സ്ലൗറോസ്* എന്ന പദം ഉപയോഗിക്കുന്നു. ഇതാണ് ഗ്രീക്കുപുരാണഗ്രന്ഥങ്ങളിലുടനീളം ഈ പദത്തിനുള്ള അർത്ഥവും ഉപയോഗവും. അതു് ഏതു കോണത്തിലെങ്കിലും കുറുകെ വെക്കുന്ന *രണ്ടു* തടികളെ ഒരിക്കലും അർത്ഥമാക്കുന്നില്ല. പിന്നെയോ എല്ലായ്പോഴും ഒന്നിനെമാത്രം അർത്ഥമാക്കുന്നു. അതുകൊണ്ട് നമ്മുടെ കർത്താവിന്റെ മരണ വിധത്തോടുള്ള ബന്ധത്തിൽ *സൂലോൺ*[അഥവാ ഒരു തടിയെന്നർത്ഥമുള്ള *സൈലോൺ*] എന്ന പദത്തിന്റെ ഉപയോഗം,... ഇപ്രകാരം കർത്താവ് ലംബമായ ഒരു സ്തംഭത്തിന്മേലാണ്, അല്ലാതെ ഏതെങ്കിലും ഒരു കോണത്തിൽ വെച്ച രണ്ടു തടികളിന്മേലല്ല വധിക്കപ്പെട്ടതെന്നുള്ളതിന് പൂർണ്ണമായ തെളിവുണ്ട്."

[8] ക്രിസ്ത്യാനികളെന്നവകാശപ്പെടുന്നവരുടെ ഇടയിൽ ഇങ്ങനെയുള്ള കുരിശിന്റെ ഉപയോഗം എങ്ങനെ എപ്പോൾ തുടങ്ങിയെന്നു പ്രകടമാക്കിക്കൊണ്ട് ഡബ്ലിയൂ. ഈ. വൈൻ തന്റെ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

"ക്രി. വ. മൂന്നാം നൂററാണ്ടിന്റെ മദ്ധ്യത്തോടുകൂടി സഭകൾ ഒന്നുകിൽ ക്രിസ്തീയ വിശ്വാസത്തിന്റെ ചില ഉപദേശങ്ങളിൽനിന്ന് അകന്നുപോയി, അല്ലെങ്കിൽ [അവയുടെ വളച്ചൊടിച്ച ഒരു അനുകരണം ഉണ്ടാക്കി]. വിശ്വാസത്യാഗം ഭവിച്ച സഭാവ്യവസ്ഥിതിയുടെ അന്തസ്സ് വർദ്ധിപ്പിക്കുന്നതിന്, വിശ്വാസത്താലുള്ള പുനർജ്ജനനമില്ലാഞ്ഞ പുറജാതികളെ സഭകളിൽ സ്വീകരിക്കയും അവരുടെ പുറജാതീയമായ അടയാളങ്ങളേയും പ്രതീകങ്ങളേയും നിലനിർത്തുവാൻ അനുവദിക്കയും ചെയ്തു. അതുകൊണ്ട് തൌ അഥവാ കുറുകെയുള്ള കഷണം താഴ്ത്തി വെച്ചിരിക്കുന്ന T, ക്രിസ്തു

---

8. ക്രിസ്ത്യാനികളെന്നവകാശപ്പെടുന്നവരുടെയിടയിൽ കുരിശിന്റെ ഉപയോഗംഎപ്പോഴുംതുടങ്ങി? അവർഒരു പുറജാതിയടയാളംസ്വീകരിച്ചതെന്തുകൊണ്ട്?

വിൻെറ കുരിശിനെ പ്രതിനിധാനംചെയ്യാൻ സ്വീകരിക്കപ്പെട്ടു."—വാല്യം 1, പേജ് 256.

[9] നാം സ്നേഹിക്കുന്ന ആരെയെങ്കിലും കൊലപ്പെടുത്താൻ ഉപയോഗിച്ച ഉപകരണത്തെ പൂജിക്കുകയും വന്ദിക്കുകയും ചെയ്യുക സാധാരണമല്ല. ഒരു സ്നേഹിതനെ കൊലപ്പെടുത്താനുപയോഗിച്ച ഒരു തോക്കിനെ ചുംബിക്കുന്നതിനെക്കുറിച്ചോ, അതു് ഒരുവൻെറ കഴുത്തിൽ ധരിക്കുന്നതിനെക്കുറിച്ചോ, ആർ ചിന്തിക്കും? ഇതിങ്ങനെയാകയാലും, കുരിശു് പുറജാതീയമായ ഒരു മതപ്രതിരൂപമാണെന്നു തെളിഞ്ഞിരിക്കുന്നതിനാലും, ദൈവത്തിനും അവൻെറ പുത്രനായ യേശുക്രിസ്തുവിനും ബഹുമതി വരുത്തുമെന്നു വിചാരിച്ചുകൊണ്ടു് അങ്ങനെയുള്ള ഒരു വസ്തു ധരിക്കയോ വീടുകളിൽ കുരിശുരൂപങ്ങൾ വെയ്ക്കുകയോ ചെയ്തിട്ടുള്ള ആളുകളെ ഒരു സുപ്രധാന തീരുമാനം അഭിമുഖീകരിക്കുന്നു. അവർ അവയെ തുടർന്നുപയോഗിക്കുമോ? അവർ അവയെ സൂക്ഷിക്കയെങ്കിലും ചെയ്യുമോ? സത്യത്തോടുള്ള സ്നേഹവും *സകലത്തിലും* ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ആഗ്രഹവും ശരിയായ തീരുമാനം ചെയ്യുന്നതിനു സഹായിക്കും.—ആവർത്തനം 7:26.

## മതപരമായ പ്രതിമകളും ചിത്രങ്ങളും

[10] പുരാതന ഈജിപ്ററിൻെറയും ബാബിലോൻെറയും കാലംമുതൽ ഭവനങ്ങളിൽ മതപരമായ പ്രതിമകളുടെയും ക്ഷേത്രരൂപങ്ങളുടെയും ചിത്രങ്ങളുടെയും ഉപയോഗം സാധാരണമാണു്. അവ തങ്ങളുടെ ഭവനങ്ങൾക്കു സുരക്ഷിതത്വവും അനുഗ്രഹവും കൈവരുത്തുമെന്നു വിശ്വസിക്കുന്ന ആളുകൾ അവയെ പ്രിയംകരമായി കരുതിയിരിക്കുന്നു. എന്നാൽ യഹോവ ഈ ആചാരത്തിൽ പ്രസാദിക്കുന്നുവോ? ജീവനുള്ള സത്യദൈവമായ തന്നിൽ പൂർണ്ണ വിശ്വാസമർപ്പിക്കുന്നതിനു പകരം, ഭക്തിക്കുള്ള ഭൗതികവസ്തുക്കളിലേക്കു നോക്കുന്നവരെ അവൻ അംഗീകരിക്കുന്നുവോ?

[11] ഭക്തിയ്ക്കുള്ള സഹായങ്ങളെന്നനിലയിൽ മതപ്രതിമക

9. (എ) പ്രിയപ്പെട്ട ഒരാളെ കൊലപ്പെടുത്താൻ ഉപയോഗിച്ച ഒരു ഉപകരണത്തെ പ്രിയംകരമായി കരുതുക സാധാരണമാണോ? (ബി) ഒരുവൻ ഒരു കുരിശു് ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അയാൾ എന്തു തീരുമാനം ചെയ്യണം, ശരിയായ തീരുമാനം ചെയ്യുന്നതിനു് എന്തു സഹായിക്കും?

10. (എ) മതപ്രതിമകളുടെയും ക്ഷേത്രരൂപങ്ങളുടെയും ചിത്രങ്ങളുടെയും ഉപയോഗം എത്രനാൾ മുമ്പുമുതലുണ്ടു്? (ബി) ഈ ബന്ധത്തിൽ, ഏതു ചോദ്യങ്ങൾ നമ്മുടെ പരിചിന്തനം അർഹിക്കുന്നു?

11. (എ) ഭക്തിക്കുള്ള സഹായങ്ങളായി മതപരമായ പ്രതിമകളുപയോഗിക്കുന്നതിനു് ദൈവം പുരാതന യിസ്രായേലിനെ അനുവദിച്ചോ? (ബി) ആദിമക്രിസ്ത്യാനികളും പ്രതിമകളുടെ ഉപയോഗത്തെ ഒഴിവാക്കിയതെന്തുകൊണ്ടു്?

ളോടുള്ള തൻെറ അപ്രീതി പ്രകടമാക്കിക്കൊണ്ട്, ദൈവം അവയുടെ ഉപയോഗത്തെ വിലക്കി യിസ്രായേല്യക്ക തൻെറ നിയമം കൊടുത്തു. തന്നെയുമല്ല, അവർ പുറജാതികളുടെ ഇടയിൽ കണ്ടെത്തിയ പ്രതിമകളുടെമേലുണ്ടായിരുന്ന സ്വർണ്ണത്തെയും വെള്ളിയേയും മോഹിക്കുന്നതിനെതിരെ അവൻ അവർക്ക മുന്നറിയിപ്പു കൊടുത്തു. (പുറപ്പാട് 20:4, 5; ആവർത്തനം 7:25) ദൈവത്തിൻെറ മനോഭാവം ക്രിസ്ത്യാനിത്വത്തിൻെറ ആവിർഭാവത്തോടെ മാറിപ്പോയോ? ഇല്ല; എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികൾ അതുപോലെതന്നെ പ്രതിമകളുടെ ഉപയോഗത്തെ ഒഴിവാക്കിയെന്നു ബൈബിൾ പ്രകടമാക്കുന്നു. (പ്രവൃത്തികൾ 17:29) "വിഗ്രഹങ്ങളിൽനിന്നു നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ" എന്ന, അപ്പോസ്തലനായ യോഹന്നാൻെറ ബുദ്ധിയുപദേശം പിന്തുടർന്നുകൊണ്ട് അവർ "കാഴ്ചയാലല്ല, വിശ്വാസത്താൽ" നടന്നു. അവർ അദൃശ്യനായ ദൈവത്തിൽ തങ്ങളുടെ പൂർണ്ണാശ്രയം അർപ്പിച്ചു.—1 യോഹന്നാൻ 5:21; 2 കൊരിന്ത്യർ 5:7.

12 ലൌകികചരിത്രം ഇതിനോടു യോജിക്കുന്നു. മക്ളിൻേറാക്കിൻെറയും സ്ട്രോംഗിൻെറയും *വിജ്ഞാനകോശം* (വാല്യം IV, പേജ് 503) നമ്മോടിങ്ങനെ പറയുന്നു: "ആദിമ ക്രിസ്ത്യാനികളുടെ ആരാധനയിൽ പ്രതിമകൾ അറിയപ്പെട്ടിരുന്നില്ല." ആദിമക്രിസ്ത്യാനികൾ തങ്ങളുടെ വീടുകളിൽനിന്നു മതപ്രതിമകളെ ഒഴിച്ചുനിർത്തിയിരുന്നതിനാൽ ക്രിസ്തുവിൻെറ പ്രതിമകൾക്ക തുടക്കംകുറിച്ചതു് എവിടെയാണ്? *ആദ്യത്തെ മൂന്നു നൂററാണ്ടുകളിലെ ക്രിസ്തീയമതത്തിൻെറയും സഭയുടെയും ചരിത്രം* എന്ന പുസ്തകം (ഡോ. ആഗസ്തുസ് നിയാൻഡറാൽ വിരചിതം) (രണ്ടാം പതിപ്പ്, 1848, പേജ് 183) നമ്മോടിങ്ങനെ പറയുന്നു: "അലക്സാണ്ടർ സെവറസിനെപ്പോലെ [പൊ. യു. മൂന്നാം നൂററാണ്ടിലെ റോമൻ ചക്രവർത്തി] ക്രിസ്തുവിൽ എന്തോ ദിവ്യത്വം കണ്ട പുറജാതികളും, പുറജാതിമതവും ക്രിസ്ത്യാനിത്വവും തമ്മിൽ കൂട്ടിക്കലർത്തിയ വിഭാഗങ്ങളുമാണ് ക്രിസ്തുവിൻെറ പ്രതിമകളെ ആദ്യം ഉപയോഗിച്ചതു്." അതുകൊണ്ട് ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ യാതൊരു പ്രതിമയും ഉപയോഗിക്കാഞ്ഞതിനാൽ അവർക്ക ക്രിസ്തുവിൻെറ മാതാ

**12. ക്രിസ്തുവിൻെറ പ്രതിമകൾക്ക് എങ്ങനെ തുടക്കം കുറിക്കപ്പെട്ടു? അതുകൊണ്ട് ആദിമക്രിസ്ത്യാനികൾക്ക് യേശുവിൻെറ മാതാവിൻെറ പ്രതിമകളുണ്ടായിരുന്നോ?**

വായ മറിയയുടെ പ്രതിമയും ഇല്ലായിരുന്നുവെന്നു സ്പഷ്ടമാണ്.

[13] ചിത്രങ്ങളോ പ്രതിമകളോ പോലെയുള്ള എന്തെങ്കിലും കലാവസ്തുക്കൾ വീട്ടിലുണ്ടായിരിക്കുന്നതു തെററാണെന്ന് ഇതിനർത്ഥമുണ്ടോ? ഇല്ല, എന്തുകൊണ്ടെന്നാൽ വെറും കലാവസ്തുക്കളും മതഭക്തിക്കുള്ള വസ്തുക്കളും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഒരു പ്രതിമയോ ചിത്രമോ ദൈവത്തിനു് അനിഷ്ടമാണോയെന്നു് നിർണ്ണയിക്കുന്നതെന്താണ്? ഇതു്: ചില രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ, ഒരുപക്ഷേ മെഴുകുതിരികളോ ഭക്ഷണമോ മുമ്പിൽ വച്ചുകൊണ്ട് അതിനെ പൂജിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നുണ്ടോ? അതു ബൈബിളിനെ തെററിദ്ധരിപ്പിക്കുന്നുവോ? അല്ലെങ്കിൽ അതു പുറജാതിപ്രതിരൂപങ്ങളെ ചിത്രീകരിക്കുന്നുവോ? യേശുക്രിസ്തുവിന്റെ ചില ചിത്രങ്ങളിൽ, തലയുടെ ചുററും ഒരു പ്രകാശവൃത്തം ഉണ്ടെന്നു നിങ്ങൾ നിരീക്ഷിച്ചിരിക്കാം. ഇതു് പ്രഭാപടലം അഥവാ നിംബസ് എന്നു വിളിക്കപ്പെടുന്നു. നിങ്ങൾ ഒരു വിജ്ഞാനകോശത്തിൽ "നിംബസ്" എന്നതിനു കീഴിൽ നോക്കുന്നുവെങ്കിൽ അതു പുരാതന ഈജിപ്ററുകാരാലും ഗ്രീക്കുകാരാലും റോമാക്കാരാലും അവരുടെ മതകലയിൽ ഉപയോഗിക്കപ്പെട്ടിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കും. ഈ പ്രഭാപടലം ബാബിലോന്യസൂര്യാരാധനയിൽനിന്നു് വന്നിട്ടുള്ളതാണെന്നു് കണ്ടുപിടിക്കാൻ കഴിയും, അതു ബാബിലോനിലെ ദൈവങ്ങളുടെ ചിത്രീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

[14] നാം നമ്മുടെ ഇടയിൽ ഇങ്ങനെയുള്ള മതപ്രതിമകളും ചിത്രങ്ങളും കാണുന്നുവെങ്കിൽ നാം എന്തുചെയ്യണമെന്നുള്ളതിനു് കഴിഞ്ഞ കാലത്തുനിന്നുള്ള മാർഗ്ഗദർശനം നമുക്കുണ്ടോ? കൊള്ളാം, തന്റെ കുടുംബാംഗങ്ങളുടെ ഇടയിൽ വ്യാജദൈവങ്ങളെ കണ്ടപ്പോൾ വിശ്വസ്തനായ യാക്കോബ് എന്താണു ചെയ്തതു്? അവൻ അവയെ നീക്കംചെയ്തു. (ഉല്പത്തി 35:2-4) സത്യദൈവത്തെ അന്വേഷിച്ചു തുടങ്ങിയതിന്റെ ഫലമായി യുവാവായ യോശീയാരാജാവു് എന്തുചെയ്തു? കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങളെ അവൻ ഉടച്ചുകൊണ്ട് അവൻ യഹൂദയിൽനിന്നു നീക്കംചെയ്തു. (2 ദിനവൃത്താന്തം

---

13. (എ) ഒരു പ്രതിമയോ ചിത്രമോ ദൈവത്തിനു് അപ്രീതി വരുത്തുന്നുവോയെന്നു നിർണ്ണയിക്കുന്നതെന്തു്? (ബി) പ്രഭാപടലത്തിന്റെ അഥവാ ''നിംബസി''ന്റെ ഉത്ഭവം എങ്ങനെയാണ്?

14. കഴിഞ്ഞ കാലത്തെ വിശ്വസ്ത ദൈവദാസന്മാർ, തങ്ങളുടെ ഇടയിൽ ഇങ്ങനെയുള്ള വ്യാജമതവസ്തുക്കൾ കണ്ടപ്പോൾ എന്തു ചെയ്തു?

34:3, 4)* യഹോവയാം ദൈവത്തിനു മഹത്വംകൊടുക്കുന്നതിൽ തീക്ഷ്ണതയുടെ എത്ര നല്ല ദൃഷ്ടാന്തങ്ങൾ! —സങ്കീർത്തനം 115:1-8, 18 [113:1-8, 18, സംഖ്യകളുടെ രണ്ടാം കൂട്ടം *Dy*].

### മനുഷ്യരെയും സ്ഥാപനങ്ങളെയും ബഹുമാനിക്കൽ

[15] അനേകം സ്ഥലങ്ങളിൽ മരിച്ചവരോ ജീവനുള്ളവരോ ആയ "വിശുദ്ധന്മാരെ" അഥവാ കീർത്തിപ്പെട്ട ആളുകളെ ബഹുമാനിക്കുന്നതിന് ദിവസങ്ങൾ നീക്കിവെക്കുന്ന ആചാരമുണ്ട്. ഇതു ദൈവത്തിനു പ്രസാദകരമാണോ? സൃഷ്ടികൾക്ക ആരാധനാപരമായ ബഹുമാനംകൊടുക്കുന്നതിനെതിരായി ബൈബിൾ മുന്നറിയിപ്പു നൽകുന്നു, അതുകൊണ്ട് ആ ദിശയിൽ ചായ്‌വുള്ള വിശേഷദിവസങ്ങൾ ദൈവേഷ്ടത്തോടു ചേർച്ചയിലല്ല. (പ്രവൃത്തികൾ 10:25, 26; 14:11-15; റോമർ 1:25; വെളിപ്പാട് 19:10) കൂടാതെ, "മരിച്ചവരുടെ ആത്മാക്കളുടെ" ഓർമ്മയ്ക്കായുള്ള വിശേഷദിവസങ്ങൾ, യഥാർത്ഥത്തിൽ മാനുഷദേഹിയുടെ അമർത്ത്യതയെന്ന വ്യാജോപദേശത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, "സർവ്വദേഹികളുടെയും ദിവസത്തോടു ബന്ധപ്പെട്ടിരിക്കുന്ന ചില പൊതുജനവിശ്വാസങ്ങൾ പുറജാതിയുത്ഭവമുള്ളവയാണ്" എന്നു *എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ*യിൽ (1946 ലെ പതിപ്പ്, വാല്യം 1, പേജ് 666) വായിക്കുമ്പോൾ നാം ആശ്ചര്യപ്പെടരുത്. സത്യത്തിന്റെ മാർഗ്ഗത്തെ സ്നേഹിക്കുന്ന ആളുകൾ അങ്ങനെയുള്ള ആഘോഷങ്ങൾ ഒഴിവാക്കാൻ ശ്രദ്ധയുള്ളവരാണ്.

[16] മററു ചില വിശേഷദിവസങ്ങളോ ആഘോഷങ്ങളോ, രാഷ്ട്രങ്ങളെയോ ലോകസ്ഥാപനങ്ങളെയോ ബഹുമാനിക്കയും ഉന്നതമാക്കുകയും ചെയ്യുന്നു. ഇവിടെ തെററായ ആചാരം, യഥാർത്ഥത്തിൽ ദൈവത്തിനു ബഹുമതി കൊടുക്കേണ്ട പ്രയോജനങ്ങൾക്കുവേണ്ടി ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കു ബഹു

* 2 പാരാലിപോമെനൻ 34:3, 4, *Dy*.

**15.** (എ) **സൃഷ്ടികൾക്കു** ആരാധനാപരമായ ബഹുമതികൾ കൊടുക്കുന്ന **വിശേഷദിവസങ്ങൾ** ദൈവത്തിനു **പ്രസാദകരമാണോ?** (ബി) "മരിച്ചവരുടെ ആത്മാക്കളു"ടെ ഓർമ്മയ്ക്കായുള്ള **വിശേഷദിവസങ്ങൾ** ഏതു **വ്യാജോപദേശത്തിൽ** അധിഷ്ഠിതമാണ്? **അതുകൊണ്ട് സർവ്വ ദേഹികളുടെയും ദിവസത്തെ** സംബന്ധിച്ചുള്ള **സത്യമെന്താണ്?**

**16.** (എ) രാഷ്ട്രങ്ങളെയോ **ലോകസ്ഥാപനങ്ങളെയോ** ബഹുമാനിക്കുന്ന **വിശേഷദിവസങ്ങളുടെ അഥവാ** ആഘോഷങ്ങളുടെ തെററെന്താണ്? (ബി) ക്രിസ്ത്യാനികൾ ഏതു ഗതി സ്വീകരിക്കണമെന്നു **തിരുവെഴുത്തുകൾ** പ്രകടമാക്കുന്നതെങ്ങനെ?

മതികൊടുക്കുന്നതാണ്, അല്ലെങ്കിൽ യഥാർത്ഥത്തിൽ ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന ഒരു വിധത്തിൽ, രക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശക്തിക്കുള്ള ബഹുമതി അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു കൊടുക്കുന്നതാണ്. (യിരെമ്യാ 17:5-7) അതുകൊണ്ട് ഇങ്ങനെയുള്ള ആഘോഷങ്ങളിൽ പങ്കുപററുന്നവർ ദൈവത്തെ വഞ്ചിക്കുന്നു. സത്യക്രിസ്ത്യാനികൾ തങ്ങൾ "ലോകത്തിൻെറ ഭാഗമല്ലാ"യിരിക്കണമെന്നുള്ള തത്വത്താൽ നയിക്കപ്പെട്ടം. (യോഹന്നാൻ 15:19) ലോകത്തെ അനുകരിക്കുന്നതിനുപകരം, അവർ "ഈ വ്യവസ്ഥിതിക്കനുരൂപരാകാ"തിരിക്കുന്നു.—റോമർ 12:2.

[17] തികച്ചും നിർദ്ദോഷമെന്നു തോന്നിയേക്കാവുന്ന ചില ആചാരങ്ങൾ, മേൽപ്രസ്താവിച്ച നടപടികളുടെ അതേ ദിശയിൽ നയിക്കുന്നു. ഇപ്രകാരം ജന്മദിനങ്ങളുടെ ആഘോഷം ദോഷരഹിതമെന്നു തോന്നിയേക്കാമെങ്കിലും അവ സ്രഷ്ടാവിനു പകരം സൃഷ്ടിയെ ശ്രദ്ധാകേന്ദ്രമാക്കിക്കൊണ്ട് അവനെ ഉന്നതനാക്കുന്നു. ബൈബിളിൽ പറഞ്ഞിരിക്കുന്ന ജന്മദിനാഘോഷങ്ങൾ ഈജിപ്ററിലെ ഫറവോൻെറയും ഹെരോദ് അന്തിപ്പാസിൻെറയും മാത്രമാണെന്നു നാം കുറിക്കൊള്ളേണ്ടതുമുണ്ട്, അവർ വ്യാജമതത്തെ പിന്തുടന്ന ഭരണാധിപന്മാരായിരുന്നു. (ഉൽപ്പത്തി 40:20-22; മത്തായി 14:6-10) ആദിമക്രിസ്ത്യാനികളെ സംബന്ധിച്ചെന്ത്? ചരിത്രകാരനായ നിയാൻഡർ പറയുന്നു: "ഒരു *ജന്മദിനോത്സവ*ത്തിൻെറ ആഘോഷം പൊതുവെ ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികളിൽനിന്ന് അകന്നതായിരുന്നു." (പേജ് 190) അവർ, പുറജാതീയുത്ഭവമുള്ളവയെന്ന നിലയിൽ ജന്മദിനാഘോഷങ്ങളെ വർജ്ജിച്ചു. ദൈവത്തെ പ്രസാദിപ്പിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നവർ ഏതെങ്കിലും സൃഷ്ടിയെ ഉന്നതമാക്കുന്നവയോ, വ്യാജമതത്തിൽ ഉത്ഭവമുള്ളതോ ആയ ആചാരങ്ങളെ ബുദ്ധിപൂർവ്വം ഒഴിവാക്കുന്നു.—യോഹന്നാൻ 5:44.

## ഈസ്ററും ക്രിസ്തുമസ്സും

[18] ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തതിൻെറ ഓർമ്മ

**17. (എ) ഒരു ജന്മദിനാഘോഷത്തിൽ ശ്രദ്ധാകേന്ദ്രമായി ആർ ഉയർത്തപ്പെടുന്നു? (ബി) ആരുടെ ജന്മദിനാഘോഷങ്ങളെക്കുറിച്ചുമാത്രമാണ് ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്നത്? (സി) ആദിമ ക്രിസ്ത്യാനികൾ ജന്മദിനാഘോഷങ്ങളെ എങ്ങനെ വീക്ഷിച്ചു?**

**18. (എ) ആദിമ ക്രിസ്ത്യാനികൾ ഈസ്റർ ആഘോഷിച്ചോ? (ബി) ഈസ്ററിൻെറ പൊതുജനാചാരങ്ങളുടെ ഉത്ഭവം എങ്ങനെയാണ്? (സി) ഈസ്ററാഘോഷത്തിന് ബൈബിളിൽ എന്തെങ്കിലും തെളിവുണ്ടോ?**

യ്ക്കായി നടത്തുന്നതെന്നു പറയപ്പെടുന്ന ക്രൈസ്തവലോകത്തിന്റെ മുഖ്യ മതവിശേഷദിവസമാണ് ഈസ്റ്റർ. എന്നാൽ തന്റെ പുനരുത്ഥാനത്തെ ആഘോഷിക്കാൻ ക്രിസ്തു ഒരു കല്പന തന്നോ? ഇല്ല, അവൻ തന്നില്ല. ആദിമക്രിസ്ത്യാനികൾ ഈസ്റ്റർ ആഘോഷിച്ചില്ലെന്നും അതു് പുരാതന പുറജാതിയാചാരങ്ങളിലധിഷ്ഠിതമാണെന്നും ചരിത്രപുസ്തകങ്ങൾ നമ്മോടു പറയുന്നു. *ദി എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ* പറയുന്നു:

"പുതിയ നിയമത്തിൽ ഈസ്റ്റർ പെരുനാളിന്റെ അനുഷ്ഠാനം സംബന്ധിച്ച സൂചനയില്ല . . . പ്രത്യേക സമയങ്ങളുടെ വിശുദ്ധി ആദ്യക്രിസ്ത്യാനികളുടെ മനസ്സിൽ ഇല്ലായിരുന്ന ഒരു ആശയമായിരുന്നു."*

ഈസ്റ്റർ ആചാരങ്ങളെക്കുറിച്ചു് ഡോക്ടർ അലക്സാണ്ടർ ഹിസ്ലോപ്പ് ഇങ്ങനെ പറയുന്നു:

"അതിന്റെ ആഘോഷഘട്ടത്തിൽ ഇപ്പോഴുമുള്ള പൊതുജനാനുഷ്ഠാനങ്ങൾ അതിന്റെ ബാബിലോന്യ സ്വഭാവം സംബന്ധിച്ചുള്ള ചരിത്രസാക്ഷ്യത്തെ ധാരാളമായി സ്ഥിരീകരിക്കുന്നു. ദുഃഖവെള്ളിയാഴ്ചയിലെ ചൂടുള്ള കുരിശുബണ്ണുകളും പാസ്ക്ക് അഥവാ ഈസ്റ്റർ ഞായറാഴ്ചയിലെ ചായമടിച്ച മുട്ടകളും ഇപ്പോഴത്തെപ്പോലെതന്നെ കൽദയ [ബാബിലോന്യ] കർമ്മങ്ങളിൽ നിലവിലിരുന്നിരുന്നു."†

ജയിംസ്‌രാജാവിന്റെ ഭാഷാന്തരത്തിൽ പ്രവൃത്തികൾ 12:4-ൽ ഒരു പ്രാവശ്യം കാണപ്പെടുന്ന "ഈസ്റ്റർ" എന്ന പദം *പാസ്സവർ*‡ എന്ന വാക്കിനു പകരമുള്ള ഒരു തെററായ ഭാഷാന്തരമാണ്. കത്തോലിക്ക് ഡുവേബൈബിളിൽ "ഈസ്റ്റർ" ഒരിടത്തും കാണുന്നില്ല. അതുകൊണ്ട് ക്രൈസ്തവലോകത്തിന്റെ മുഖ്യവിശേഷദിവസമായ ഈസ്റ്ററിനു് ബൈബിളിൽ അശേഷം തെളിവില്ല. അതു പുറജാതിയുത്ഭവമുള്ളതും തന്നിമിത്തം ദൈവത്തിനു് അപ്രീതി വരുത്തുന്നതുമാണ്.

19 ക്രിസ്തുമസ്സിനെ സംബന്ധിച്ചെന്തു്? ഒരു പബ്ലിക്ക്

---

*ദി എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ, 1910, വാ. VIII, പേജ് 828.
† ദി ററു ബാബിലോൻസ്, പേജുകൾ 107, 108.
‡ പ്രവൃത്തികൾ 12:4ന്റെ ആധുനിക ബൈബിൾഭാഷാന്തരങ്ങൾ കാണുക. അല്ലെങ്കിൽ ബൈബിളിന്റെ വെസ്റ്റ്മിനിസ്റ്റർനിഘണ്ടു, പേജ് 145 കാണുക.

---

**19. (എ) ഏററവും നേരത്തെയുള്ള ക്രിസ്ത്യാനികൾ ക്രിസ്തുമസ് ആഘോഷിച്ചോ? (ബി) തന്റെ അനുഗാമികൾ ഏതു സ്മാരകം ആചരിക്കണമെന്ന് യേശു നിർദ്ദേശിച്ചു?**

ലൈബ്രറിയിലെ പരാമർശഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനാൽ, അതു് ഏററവും നേരത്തെയുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ അറിയപ്പെട്ടിരുന്നില്ലെന്നു് നിങ്ങൾ കണ്ടെത്തും. യേശു തന്റെ ജനനത്തിന്റേതല്ല, മരണത്തിന്റെ സ്മാരകം ആഘോഷിക്കാനാണു് തന്റെ അനുഗാമികളെ ഉൽബോധിപ്പിച്ചതു്. (1 കൊരിന്ത്യർ 11:24-26) *ദി കാതലിക്ക് എൻസൈക്ലോപ്പീഡിയാ* ഇങ്ങനെ പറയുന്നു: "ക്രിസ്തുമസ് സഭയുടെ ഏററവും ആദിമമായ ഉത്സവങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല . . . ഈ ആഘോഷത്തിന്റെ ആദ്യതെളിവു് ഈജിപ്ററിൽ നിന്നാണു്."*

[20] ആ സ്ഥിതിക്കു് ക്രിസ്തുവിന്റെ ജന്മദിനമായി അനേകർ ആഘോഷിക്കുന്ന ഡിസംബർ 25 എന്ന തീയതി സംബന്ധിച്ചെന്തു്? അതു് യേശുവിന്റെ ജന്മദിനമായിരിക്കാവുന്നതല്ല. ആ കാലത്തു് ആട്ടിടയന്മാർ അപ്പോഴും രാത്രിയിൽ വയലിലായിരുന്നുവെന്നു് ബൈബിൾ പ്രകടമാക്കുന്നു. *എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ* (1907, വാല്യം v, പേജ് 611) സമ്മതിച്ചുപറയുന്നതുപോലെ അവർ തണുത്ത ശീതകാലത്തെ മഴക്കാലത്തു് അവിടെയായിരിക്കുമായിരുന്നില്ല. (ലൂക്കോസ് 2:8-12) ഈ തീയതിയുടെ ഉത്ഭവം സംബന്ധിച്ചു് *ദി വേൾഡ് ബുക്ക് എൻസൈക്ലോപ്പീഡിയാ* പറയുന്നു:

> "ക്രി.വ. 354-ൽ റോമിലെ ലൈബീരിയസ് ബിഷപ്പു് ഡിസംബർ 25-ാം തീയതി ആഘോഷം നടത്തുന്നതിനു് ജനങ്ങളോടു ആജ്ഞാപിച്ചു. സൂര്യന്റെ ജന്മദിനം ആഘോഷിച്ചുകൊണ്ടു് റോമിലെ ജനങ്ങൾ അപ്പോൾത്തന്നെ ആ തീയതി സാറേറണിന്റെ (കൃഷിദേവൻ) ഉത്സവമായി ആഘോഷിച്ചിരുന്നതുകൊണ്ടായിരിക്കാം ആദ്ദേഹം ആ തീയതി തെരഞ്ഞെടുത്തതു്."†

[21] ക്രിസ്തുമസ്സിന്റെ തീയതി പുറജാതിയുത്ഭവമുള്ളതാകയാൽ, ക്രിസ്തുമസ് ആചാരങ്ങളും പുറജാതിയുത്ഭവമുള്ളവയായിരിക്കുന്നതു് ആശ്ചര്യകരമായി തോന്നരുതു്. ഇപ്ര

* ദി കാതലിക്ക് എൻസൈക്ലോപ്പീഡിയാ, 1908, വാ. III പേജ് 724.
† ദി വേൾഡ്ബുക്ക് എൻസൈക്ലോപ്പീഡിയാ, 1966, വാ. 3, പേജ് 416.

**20.** (എ) ശീതകാലത്തെ തണുപ്പിന്റെ നാളിൽ യേശു ജനിച്ചിരിക്കാവുന്നതല്ലെന്നു് വസ്തുതകൾ പ്രകടമാക്കുന്നതെങ്ങനെ? (ബി) ഡിസംബർ 25 എന്ന തീയതി എപ്പോൾ തെരഞ്ഞെടുക്കപ്പെട്ടു, ആ തീയതി എന്തുകൊണ്ടു്?
**21.** ക്രിസ്തുമസ് ആചാരങ്ങളിലധികത്തിന്റെയും ഉത്ഭവം സംബന്ധിച്ചു് ചരിത്രവസ്തുതകൾ എന്തു പ്രകടമാക്കുന്നു?

കാരം *മതത്തിന്റെയും നീതിശാസ്ത്രത്തിന്റെയും വിജ്ഞാനകോശം* നമ്മോടു പറയുന്നു:

> "ഇപ്പോൾ നിലവിലിരിക്കുന്ന ക്രിസ്തുമസ് ആചാരങ്ങളിൽ മിക്കതും . . . യഥാർത്ഥ ക്രിസ്തീയ ആചാരങ്ങളല്ല, പിന്നെയോ സഭ സ്വീകരിച്ചതോ അനുവദിച്ചതോ ആയ പുറജാതീയാചാരങ്ങളാണ്, . . . റോമിലെ സാറ്റർനേലിയാ എന്ന മദ്യപാനാദി മഹോത്സവം ക്രിസ്തുമസ്കാലത്തെ *ഉല്ലാസാ*ചാരങ്ങളിൽ അധികത്തിന്റെയും മാതൃക നൽകി."*

കൂടാതെ, പുറജാതി റോമൻ സാറ്റർനേലിയാ ഉത്സവത്തിൽനിന്നു കടമെടുത്ത ആചാരങ്ങളിൽ "സമ്മാനം കൊടുക്കൽ" ഉൾപ്പെട്ടിരുന്നുവെന്ന് *ദി എൻസൈക്ലോപ്പീഡിയാ അമേരിക്കാനാ* ചൂണ്ടിക്കാണിക്കുന്നു.†

22 ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ല: ക്രിസ്തുമസ് പുറജാതീയുത്ഭവമുള്ളതാണ്. ഇതറിഞ്ഞുകൊണ്ട് സത്യവും വ്യാജവും തമ്മിൽ കൂട്ടിക്കലർത്തുന്നതിനെതിരായി അപ്പോസ്തലനായ പൌലോസ് നൽകിയ മുന്നറിയിപ്പു നാം ശ്രദ്ധിക്കണം. കേവലം "അല്പം പുളിമാവു് മുഴപിണ്ഡത്തെയും പുളിപ്പിക്കുന്നു" എന്ന് അവൻ പറയുന്നു. (ഗലാത്യർ 5:9) മോശയുടെ ന്യായപ്രമാണത്തിൻകീഴിൽ അനുഷ്ഠിച്ചിരുന്നതും ദൈവം ക്രിസ്ത്യാനികൾക്കു റദ്ദാക്കിയിരുന്നതുമായ ദിവസങ്ങൾ ആഘോഷിച്ചതിന് അവൻ ആദിമ ക്രിസ്ത്യാനികളിൽ ചിലരെ ശാസിച്ചു. (ഗലാത്യർ 4:10, 11) ദൈവം ഒരിക്കലും അധികാരപ്പെടുത്തിയിട്ടില്ലാത്തതും, പുറജാതി ബാബിലോനിൽനിന്ന് ഉടലെടുത്തതും, വ്യാജമായി ക്രിസ്തുവിന്റെ നാമം വഹിക്കുന്നതുമായ ഒരു ആചരണത്തെ ഇന്നു വർജ്ജിക്കുന്നത് സത്യക്രിസ്ത്യാനികൾക്ക് എത്രയധികം പ്രധാനമാണ്!

## പുറജാതീയാഘോഷങ്ങളെക്കാൾ വിശേഷതരം

23 സത്യക്രിസ്ത്യാനികൾക്ക് പുറജാതീയാഘോഷങ്ങളെക്കാൾ വിശേഷതരമായ ചിലതുണ്ട്. അവക്ക് "ആത്മാ

* മതത്തിന്റെയും നീതിശാസ്ത്രത്തിന്റെയും വിജ്ഞാനകോശം, ജയിംസ് ഹേസ്റ്റിംഗ്സിനാൽ വിരചിതം, വാല്യം III പേജുകൾ 608, 609.

† ദി എൻസൈക്ലോപ്പീഡിയാ അമേരിക്കാനാ, 1956, വാല്യം VI പേജ് 622.

22. (എ) ഗലാത്യർ 5:9 ക്രിസ്തുമസ്സിനോടുള്ള നമ്മുടെ മനോഭാവത്തെ എങ്ങനെ സ്വാധീനിക്കണം? (ബി) സത്യക്രിസ്ത്യാനികൾ ഏതു നല്ല കാരണങ്ങളാൽ ഈ ആഘോഷത്തെ വർജ്ജിക്കുന്നു?

23. വർഷത്തിലൊരിക്കലുള്ള "ക്രിസ്തുമസ് ആത്മാവി"നെക്കാൾ വിശേഷതരമായി സത്യക്രിസ്ത്യാനികൾക്ക് എന്തുണ്ട്?

വിന്റെ ഫലങ്ങ"ളുണ്ട്, അവ "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വാസം, സൌമ്യത, ആത്മനിയന്ത്രണം" എന്നിവയാണ്. (ഗലാത്യർ 5:22, 23) ഈ ഫലങ്ങൾ, വർഷത്തിലൊരിക്കൽമാത്രം വിരിയുന്ന "ക്രിസ്തുമസ് ആത്മാ"വിനേക്കാൾ വളരെയധികം മനോഹരവും യഥാർത്ഥവുമായ ഒരു ഔദാര്യം ഉത്ഭൂതമാക്കുന്നു. ദൈവത്തിന്റെ ആത്മാവ്, വർഷത്തിന്റെ ഓരോ ദിവസവും വ്യക്തമായി കാണാൻ കഴിയുന്ന ദയയും നിസ്വാർത്ഥതയും ഉല്പാദിപ്പിക്കുന്നു. ഇതു തിരിച്ചുകിട്ടുമെന്നുള്ള പ്രത്യാശയോടെയോ, സമ്മർദ്ദംമൂലമോ, അല്ല, പിന്നെയോ യഥാർത്ഥ ക്രിസ്തീയ സ്നേഹത്തിൽനിന്ന് കൊടുക്കാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്നു.—ലൂക്കോസ് 6:35, 36; പ്രവൃത്തികൾ 20:35.

[24] യഥാർത്ഥ ക്രിസ്ത്യാനികൾക്കു വർഷത്തിലുടനീളം സമ്മാനങ്ങൾ കൊടുക്കുവാനും ഉല്ലാസസമയങ്ങൾ അനുഭവിക്കുവാനും സാധിക്കും. (ലൂക്കോസ് 6:38) മാതാപിതാക്കൾ ജന്മദിനമോ ക്രിസ്തുമസോ വരാൻ കാത്തിരിക്കേണ്ടതില്ല, എന്നാൽ അവർക്കു വർഷത്തിൽ വിവിധ സമയങ്ങളിൽ തങ്ങളുടെ മക്കൾക്കു സമ്മാനങ്ങൾ കൊടുക്കാൻ കഴിയും. ഇത് ഒന്നോ രണ്ടോ സന്തോഷസന്ദർഭങ്ങൾ മാത്രമല്ല അനേകം സന്ദർഭങ്ങൾക്കിടവരുത്തുന്നു. തന്നെയുമല്ല, തങ്ങളുടെ മാതാപിതാക്കളാണ് തങ്ങൾക്കു സമ്മാനങ്ങൾ നൽകുന്നതെന്നും, തങ്ങളോടുള്ള സ്നേഹത്തിൽനിന്നാണ് അങ്ങനെ ചെയ്യുന്നതെന്നും മക്കൾക്കറിയാം. ഇതു മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നതിന് സഹായിക്കുന്നു. കൂടാതെ തങ്ങൾക്ക് ചില ദിവസങ്ങളിൽ സമ്മാനങ്ങൾ കിട്ടാൻ അവകാശമുള്ളവരാണെന്നു വിചാരിച്ചുകൊണ്ട് കുട്ടികൾ മനുഷ്യനോടോ ദൈവത്തോടോ നന്ദിയില്ലാത്തവരായിത്തീരാൻ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.—കൊലോസ്യർ 3:14.

[25] ലോകാചാരങ്ങളുടെ പുറജാതിയുത്ഭവങ്ങളെക്കുറിച്ചുള്ള സത്യത്തിന്റെ ഗ്രാഹ്യത്തിന് അത്ഭുതകരമായ ഒരു വിമോചനഫലം ഉണ്ടായിരിക്കാൻ കഴിയും. ലോകത്തിലെ ആള

---

24. (എ) യഥാർത്ഥ ക്രിസ്ത്യാനികൾ എപ്പോൾ സമ്മാനങ്ങൾ കൊടുക്കുകയും ഒന്നിച്ച് ഉല്ലാസസമയങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു? (ബി) ഇതു ലോകം ചെയ്യുന്നതിനേക്കാൾ മെച്ചമായിരിക്കുന്നതെങ്ങനെ?

25. ലോകാചാരങ്ങളെക്കുറിച്ചുള്ള സത്യത്തിന്റെ ഗ്രാഹ്യം നമ്മെ എന്തിൽനിന്നു സ്വതന്ത്രരാക്കുന്നു, ഏതു ലാക്കിന്റെ കാഴ്ചപ്പാടോടെ?

കൾക്ക് സാമ്പത്തികമായും മററു വിധത്തിലും ഒരു ഭാരമായി തെളിഞ്ഞിട്ടുള്ള ആചാരങ്ങൾ അനുഷ്ഠിക്കുവാൻ നമുക്കു മേലാൽ കടപ്പാടു തോന്നുന്നില്ല. ഏററവും പ്രധാനമായി സത്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവ്, യഹോവയ്ക്കു പ്രസാദകരമായ മാർഗ്ഗം പിന്തുടരുന്നതിന് നമ്മെ സ്വതന്ത്രരാക്കുന്നു. അതിനാൽ നമുക്ക് അവൻെറ നീതിയുള്ള പുതിയ വ്യവസ്ഥിതിയിൽ നിത്യജീവൻ കണ്ടെത്താവുന്നതാണ്.—യോഹന്നാൻ 8:32; റോമർ 6:21, 22.

# പ്രാർത്ഥിക്കയും ദൈവത്താൽ കേൾക്കപ്പെടുകയും ചെയ്യേണ്ടവിധം

ബൈബിൾ യഹോവയാം ദൈവത്തെ സംബന്ധിച്ച് "പ്രാർത്ഥന കേൾക്കുന്നവനേ, സകല ജഡങ്ങളും നിങ്കലേക്കുതന്നെ വരും" എന്നു പറയുന്നു. (സങ്കീർത്തനം 65:2 [64:3, *Dy*)] ഉവ്വ്, ദൈവം പ്രാർത്ഥന കേൾക്കുകതന്നെ ചെയ്യുന്നു. സത്യത്തെ സ്നേഹിക്കയും അവന്റെ ഇഷ്ടം ചെയ്യാൻ വാഞ്ഛിക്കയും അവൻ അംഗീകരിക്കുന്ന വിധത്തിൽ അവനെ സമീപിക്കയും ചെയ്യുന്നവരായി സർവ്വഭൂമിയിലുമുള്ള ആളുകൾക്ക് ഈ വിലയേറിയ പദവി അനുഭവിക്കാൻ കഴിയും. (പ്രവൃത്തികൾ 10:34, 35) യഥാർത്ഥത്തിൽ, സർവ്വ അഖിലാണ്ഡത്തിന്റെയും മഹത്വമുള്ള ഭരണാധിപനോടു സംസാരിക്കാൻ സാധിക്കുന്നതും അവൻ നിങ്ങളെ കേൾക്കുന്നുവെന്നറിയുന്നതും എന്തൊരത്ഭുതകരമായ പദവിയാണ്!—സങ്കീർത്തനം 8:1, 3, 4 [8:2, 4, 5, *Dy*]; യെശയ്യാ 45:22

2 പ്രോത്സാഹജനകമായി, അവന്റെ എഴുതപ്പെട്ട വചനം ഇങ്ങനെ വാഗ്ദത്തം ചെയ്യുന്നു: "യാതൊന്നിനെക്കുറിച്ചും ഉൽക്കണ്ഠപ്പെടരുത്, എന്നാൽ എല്ലാററിലും നിങ്ങളുടെ അപേക്ഷകൾ നന്ദിപൂർവ്വം പ്രാർത്ഥനയാലും അഭ്യർത്ഥനയാലും ദൈവത്തെ അറിയിക്കുക; സകല ചിന്തയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ മാനസികശക്തികളെയും ക്രിസ്തുയേശു മുഖാന്തരം കാവൽ ചെയ്യും." (ഫിലിപ്യർ 4:6, 7) എന്നിരുന്നാലും, തങ്ങളുടെ അനേകം പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടാതെ പോയിരിക്കുന്നതായി തോന്നുന്നതുകൊണ്ട് ചിലർക്ക് പ്രാർത്ഥനയുടെ കാര്യത്തെക്കുറിച്ച് വ്യക്തിപരമായി അനിശ്ചിതത്വം തോന്നി

---

1. സങ്കീർത്തനം 65:2 ദൈവത്തെ സംബന്ധിച്ച് എന്തു പറയുന്നു, കേൾക്കപ്പെടുമെന്നുള്ള ഉറപ്പോടെ അവങ്കലേക്ക് ആർക്ക് വരാവുന്നതാണ്?

2. (എ) പ്രാർത്ഥന സംബന്ധിച്ച്, ഫിലിപ്യർ 4:6, 7-ൽ ബൈബിൾ എന്തു വാഗ്ദത്തം ചെയ്യുന്നു? (ബി) ചിലർക്ക് പ്രാർത്ഥന സംബന്ധിച്ച് അനിശ്ചിതത്വം തോന്നുന്നതെന്തുകൊണ്ട്?

യേക്കാം. ഇതെന്തുകൊണ്ടാണ്? അറിയുന്നതു നമ്മേ സംബന്ധിച്ച പ്രധാനമാണ്. ദൈവം തൻെറ വചനത്തിൽ പ്രാർത്ഥനയെ സംബന്ധിച്ചുള്ള തൻെറ ഇഷ്ടം എന്തെന്നു വ്യക്തമാക്കുന്നു.

**പ്രാർത്ഥനയിൽ ദൈവത്തെ സമീപിക്കാനുള്ള വഴി**

3 "ദൈവത്തെ സമീപിക്കുന്നവൻ അവൻ ഉണ്ടെന്നും അവൻ തന്നെ ആത്മാർത്ഥമായി അന്വേഷിക്കുന്നവരുടെ പ്രതിഫലദായകനായിത്തീരുന്നുവെന്നും വിശ്വസിക്കേണ്ടതാണ്" എന്നു ബൈബിൾ നമ്മോടു പറയുന്നു. (എബ്രായർ 11:6) നാം 'ദൈവത്തെ സമീപിക്കണ'മെന്നു ഈ തിരുവെഴുത്തു പറയുന്നതായി കുറിക്കൊള്ളുക. ജീവനുള്ള സത്യദൈവമെന്ന നിലയിൽ യഹോവ, മററാരോടെങ്കിലുമല്ല, അവനോടു നാം പ്രാർത്ഥിക്കണമെന്നാഗ്രഹിക്കുന്നു. പ്രാർത്ഥന നമ്മുടെ ആരാധനയുടെ ഭാഗമാണ്. ഈ കാരണത്താൽ പ്രാർത്ഥന സ്രഷ്ടാവായ യഹോവയിലേക്കുമാത്രം തിരിച്ചുവിടപ്പെടണം. (മത്തായി 4:10) തൻെറ "സ്വർഗ്ഗസ്ഥനായ പിതാവി"നോടു പ്രാർത്ഥിക്കാൻ യേശുക്രിസ്തു തൻെറ അനുഗാമികളെ പഠിപ്പിച്ചു. (മത്തായി 6:9) തന്നോടു തന്നെയോ തൻെറ മാനുഷമാതാവായ മറിയയോടോ. മററാരോടെങ്കിലുമോ പ്രാർത്ഥിക്കാൻ യേശു അവരെ പഠിപ്പിച്ചില്ല. യഹോവ സർവ്വശക്തനാണ്, സർവ്വജ്ഞാനിയാണ്, നീതിയിലും സ്നേഹത്തിലും പൂർണ്ണനാണ്. അതുകൊണ്ടു നാം കുറഞ്ഞ ഏതെങ്കിലും ആളിങ്കലേക്ക് എന്തിനു പോകണം? തന്നെയുമല്ല, നാം ദൈവത്തെ ശരിയായ വിധത്തിൽ അന്വേഷിക്കുന്നുവെങ്കിൽ അവൻ "നമ്മിലോരോരുത്തരിൽനിന്നും അകല"ത്തിലല്ലെന്ന് നിശ്വസ്ത അപ്പോസ്തലനായ പൌലോസ് നമുക്കുറപ്പു നൽകുന്നു.—പ്രവൃത്തികൾ 17:27.

4 എന്നാൽ "അവകാശപ്പെടുത്തിയ പാപത്തോടുകൂടിയ അപൂർണ്ണസൃഷ്ടികളെന്ന നിലയിൽ നമുക്കു പൂർണ്ണനും നീതിമാനുമായ ദൈവത്തോട് എങ്ങനെ പ്രാർത്ഥിക്കാൻ കഴിയും?" എന്നു നിങ്ങൾ പറഞ്ഞേക്കാം. യഹോവ സ്നേഹപൂർവ്വം ഇതു പരിഗണിക്കയും നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ സംസാരിക്കാൻ ഒരു "സഹായി"യെ പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആ സഹായി "ഒരു നീതിമാനായ യേശുക്രിസ്തു" ആകുന്നു. (1 യോഹന്നാൻ 2:1, 2) അവൻ മനുഷ്യവർഗ്ഗത്തി

3. നമ്മുടെയെല്ലാം പ്രാർത്ഥന ആരിലേക്കു തിരിച്ചുവിടണം, എന്തുകൊണ്ട്?
4. നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിനു സ്വീകാര്യമായിരിക്കണമെങ്കിൽ അവ ആരുടെ നാമത്തിൽ അർപ്പിക്കപ്പെടണം? എന്തുകൊണ്ട്?

ന്നവേണ്ടി തൻെറ ജീവനെ ഒരു മറുവിലയായി കൊടുത്തു-കൂടാതെ, യഹോവ അവനെ തൻെറ മഹാപുരോഹിതനായി നിയമിച്ചിരിക്കുന്നു. തൻെറ ഉദ്ദേശ്യത്തിൽ തൻെറ പുത്രൻെറ സ്ഥാനത്തെ തിരിച്ചറിയണമെന്നും നമ്മുടെ പ്രാർത്ഥനകളെല്ലാം അവൻെറ നാമത്തിൽ അർപ്പിക്കണമെന്നും യഹോവ നമ്മോടാവശ്യപ്പെടുന്നു. അതുകൊണ്ടാണ് യേശു തൻെറ അനുഗാമികളോടു "എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കൽ വരുന്നില്ല" എന്നു പറഞ്ഞത്. (യോഹന്നാൻ 14:6) "നിങ്ങൾ പിതാവിനോടു് എന്തു ചോദിച്ചാലും അവൻ അതു് എൻെറ നാമത്തിൽ നിങ്ങൾക്കു തരും" എന്നും യേശു പറഞ്ഞു. (യോഹന്നാൻ 16:23) നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിനു സ്വീകാര്യമായിരിക്കണമെങ്കിൽ, അപ്പോൾ നാം യഹോവയാം ദൈവത്തോടു് അവൻെറ പുത്രൻ മുഖാന്തരം, അതായതു് യേശുവിൻെറ നാമത്തിൽ, പ്രാർത്ഥിക്കണം.

## ദൈവത്തിനു പ്രസാദകരമായ പ്രാർത്ഥനകൾ

5 1 പത്രോസ് 3:12-ൽ "യഹോവയുടെ കണ്ണുകൾ നീതിമാന്മാരുടെമേലുണ്ടു്, അവൻെറ ചെവികൾ അവരുടെ അഭ്യർത്ഥനയുടെ നേരെയാണ്'" എന്നു നാം വായിക്കുന്നു. ഇപ്രകാരം, നമ്മുടെ പ്രാർത്ഥനകൾ ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ, നാം ദൈവവചനത്തിലെ നീതിയുള്ള തത്വങ്ങൾക്കനുയോജ്യമായി നമ്മുടെ ജീവിതം നയിക്കാൻ ശ്രമിക്കുന്നതിൽ നാം ആത്മാർത്ഥതയുള്ളവരായിരിക്കണം. ഒരുവൻ ദൈവവചനത്തേയും അവൻെറ ഇഷ്ടത്തെയും തള്ളിക്കളയുന്നുവെങ്കിൽ, അവൻ ഉപദ്രവകാലത്തു സഹായത്തിനുള്ള തൻെറ പ്രാർത്ഥനകൾക്കു ദൈവം ഉത്തരം നൽകുമെന്നു പ്രതീക്ഷിക്കരുതു്. (സദൃശവാക്യങ്ങൾ 15:29; 28:9) ദൃഷ്ടാന്തമായി, ജീവൻെറ പവിത്രതയെ ആദരിക്കാത്തവരോടു ദൈവം പറയുന്നു: "നിങ്ങൾ നിരവധി പ്രാർത്ഥിക്കുന്നുവെങ്കിലും, ഞാൻ ശ്രദ്ധിക്കുന്നില്ല; നിങ്ങളുടെ കൈകൾ തന്നെ രക്തചൊരിച്ചിലിനാൽ നിറഞ്ഞിരിക്കുന്നു." (യെശയ്യാ 1:15) അക്രമവും ദുർമ്മാർഗ്ഗവും വഞ്ചനയും വ്യാജാരാധനയും മററു ദുർന്നടത്തയും അധികമധികം സാധാരണമായിക്കൊണ്ടിരിക്കുന്ന ഈ "അന്ത്യകാല"ത്തു്, ദൈവം നമ്മുടെ

5. (എ) 1 പത്രോസ് 3:12 പറയുന്നതിൻെറ വീക്ഷണത്തിൽ നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കണമെങ്കിൽ നാം ആത്മാർത്ഥമായി എങ്ങനെ നമ്മുടെ ജീവിതം നയിക്കാൻ ശ്രമിക്കണം? (ബി) സഹായത്തിനുള്ള തൻെറ പ്രാർത്ഥനകൾ ദൈവം കേൾക്കുമെന്നു് ആർ പ്രതീക്ഷിക്കരുതു്?

പ്രാർത്ഥനകൾ കേൾക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം തീർച്ചയായും നമ്മുടെ ദൈനംദിനജീവിതം നയിക്കുന്ന രീതിയെക്കുറിച്ചു് ഗൌരവമായി പരിചിന്തിക്കേണ്ട ആവശ്യമുണ്ട്.—1 യോഹന്നാൻ 3:21, 22.

6 നാം എന്തിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്നുള്ളതിനും ദൈവം നമ്മുടെ പ്രാർത്ഥനകൾക്കു് ഉത്തരം നൽകുമോയെന്നു നിർണ്ണയിക്കുന്നതിനോടു് അധികമായ ബന്ധമുണ്ട്. ദൈവം സ്വീകരിക്കുന്നതരത്തിലുള്ള പ്രാർത്ഥന സംബന്ധിച്ചു് തന്റെ ശിഷ്യന്മാരെ നയിക്കാൻ യേശു തന്റെ ശിഷ്യന്മാർക്ക് ഒരു മാതൃകാപ്രാർത്ഥന നൽകി. (മത്തായി 6:9-13) ഈ പ്രാർത്ഥന, ദൈവനാമവും ഉദ്ദേശ്യങ്ങളും നമ്മുടെ ഒന്നാമത്തെ താല്പര്യമായിരിക്കണമെന്നു് പ്രകടമാക്കുന്നു. അടുത്തതായി നമുക്കു് നമ്മുടെ ഭൗതികാവശ്യങ്ങൾക്കുവേണ്ടിയും ക്ഷമയ്ക്കുവേണ്ടിയും, പരീക്ഷയിൽനിന്നും ദുഷ്ടനായവനിൽനിന്നുമുള്ള വിടുതലിനുവേണ്ടിയും പ്രാർത്ഥിക്കാവുന്നതാണ്. യേശു "ഇന്നു *ഞങ്ങൾക്കുള്ള* അപ്പം തരേണമേ"യെന്നും "*ഞങ്ങളോടു* ക്ഷമിക്കേണമേ"യെന്നും "*ഞങ്ങളുടെ* പിതാവി"നോടു പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിക്കുന്നുവെന്നും കുറിക്കൊള്ളുക. ഇതു പ്രകടമാക്കുന്നതു് പ്രാർത്ഥിക്കുമ്പോൾ, ഒരു വ്യക്തി തന്നേക്കുറിച്ചു മാത്രമോ, തന്റെ സ്വന്തം പ്രശ്നങ്ങളേയും ആവശ്യങ്ങളേയും കുറിച്ചു മാത്രമോ ചിന്തിക്കരുതെന്നാണ്. പകരം അവൻ നിസ്വാർത്ഥമായി മററുള്ളവരേയും ഉൾപ്പെടുത്തുവാൻ തക്കവണ്ണം തന്റെ പ്രാർത്ഥനകളെ വിപുലപ്പെടുത്തണം. നാം നമ്മുടെ സ്വന്തം കുടുംബത്തേയും ബന്ധുക്കളേയും മാത്രമല്ല, പിന്നെയോ ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്ന മററുള്ളവരേയും, വിശേഷിച്ചു് തങ്ങളുടെ ദൈവസേവനത്തിൽ പീഡാനുഭവങ്ങളേയും പ്രയാസങ്ങളേയും അഭിമുഖീകരിക്കുന്നവരേയും ഉൾപ്പെടുത്തണം.—യാക്കോബ് 5:16; എഫേസ്യർ 6:18-20.

7 അപ്പോസ്തലനായ യോഹന്നാൻ എഴുതുന്നു: "നാം അവന്റെ ഇഷ്ടപ്രകാരം അവനോടു ചോദിക്കുന്നതു് എന്തു തന്നെയായിരുന്നാലും അവൻ നമ്മെ കേൾക്കുന്നുവെന്നതാണ്

---

**6.** (എ) യേശുവിന്റെ നിർദ്ദേശങ്ങളനുസരിച്ചു് നമ്മുടെ പ്രാർത്ഥനകളിൽ ഒന്നാമത്തെ താല്പര്യമുള്ള കാര്യം എന്തായിരിക്കണം? (ബി) നമ്മുടെ പ്രാർത്ഥനകൾ നമുക്കുവേണ്ടി മാത്രമായിരിക്കരുതെന്നു് യേശു എങ്ങനെ പ്രകടമാക്കി? അപ്പോൾ നാം ആർക്കുവേണ്ടി പ്രാർത്ഥിക്കണം?

**7.** (എ) നിരവധി പ്രാർത്ഥനകൾക്കു് ഉത്തരം കിട്ടാത്തതിന്റെ അത്യന്തം പ്രധാനപ്പെട്ട ഒരു കാരണമെന്താണ്? (ബി) സ്വീകാര്യമായി പ്രാർത്ഥിക്കുന്നതിനു് നാം ഒന്നാമതായി എന്തു ചെയ്യണം?

നമുക്ക് അവനിലുള്ള വിശ്വാസം." (1 യോഹന്നാൻ 5:14) ഉവ്വ്, ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൻെറ ഏതു ഭാഗവും പ്രാർത്ഥനയ്ക്കുള്ള ഒരു ഉചിതമായ സംഗതിയാണ്. എന്നാൽ പ്രധാനപ്പെട്ട സംഗതി, അവൻ അപേക്ഷിക്കുന്നതു് ദൈവേഷ്ടത്തിനു ചേർച്ചയായിട്ടായിരിക്കണമെന്നതാണ്. അനേകം പ്രാർത്ഥനകൾക്കുത്തരം കിട്ടാത്തതിൻെറ അത്യന്തം പ്രധാനപ്പെട്ട ഒരു കാരണമാണിതു്. ഈ ആൾ ഒന്നാമതായി ദൈവേഷ്ടമെന്താണെന്ന് കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടില്ല. (സദൃശവാക്യങ്ങൾ 3:5-7) അതുകൊണ്ടു *നാം* എന്തു ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നോ, എന്തു ലഭിക്കാൻ ആഗ്രഹിക്കുന്നുവെന്നോ, നിശ്ചയിച്ച് അതിനുവേണ്ടി ദൈവത്തോട്ട് പ്രാർത്ഥിക്കുന്നതിനു പകരം ദൈവം നമ്മിൽനിന്ന് എന്താവശ്യപ്പെടുന്നുവെന്നും നമ്മേ സംബന്ധിച്ചുള്ള അവൻെറ ഇഷ്ടം എന്താണെന്നും ആദ്യം കണ്ടുപിടിക്കയും, അനന്തരം നമ്മുടെ പ്രാർത്ഥനകളെ അവയനുസരിച്ച് രൂപപ്പെടുത്തുകയും ചെയ്യുന്നതല്ലേ ഉചിതം?—യാക്കോബ് 4:3, 13-15.

8 ദൈവവചനത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്താലും, മറ്റു സത്യക്രിസ്ത്യാനികളോടുള്ള സഹവാസത്തിൽ അവനെ സേവിക്കുന്നതിലുള്ള നമ്മുടെ അനുഭവത്താലും നമുക്ക് അവൻെറ ഇഷ്ടം മനസ്സിലാക്കാൻ കഴിയും. (റോമർ 12:2) സങ്കീർത്തനക്കാരൻ ഇങ്ങനെ പ്രാർത്ഥിച്ചു: "ഞാൻ നിൻെറ നിയമം പാലിക്കേണ്ടതിനും ഞാൻ മുഴുഹൃദയത്തോടുംകൂടെ അതനുസരിക്കേണ്ടതിനും എന്നെ ഗ്രഹിപ്പിക്കേണമേ. ഞാൻ നിൻെറ കല്പനകളുടെ വഴിയിൽ നടക്കാൻ ഇടയാക്കേണമേ, എന്തുകൊണ്ടെന്നാൽ അതിൽ ഞാൻ പ്രമോദിച്ചിരിക്കുന്നു. എൻെറ ഹൃദയത്തെ ലാഭങ്ങൾക്കല്ല, നിൻെറ ഓർമ്മിപ്പിക്കലുകൾക്കായി ചായിക്കേണമേ." (സങ്കീർത്തനം 119:34-36 [118: 34-36, *Dy*]) നാം ദൈവത്തോടു വിശ്വാസത്തിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ ജീവിതപ്രശ്നങ്ങളെ നേരിടുന്നതിന് നമുക്കാവശ്യമായ ജ്ഞാനം അവൻ നമുക്ക് ഔദാര്യമായി തരും. (യാക്കോബ് 1:5-8) അവൻ, തൻെറ സ്വന്തം വലിയനാമത്തിനു ബഹുമാനം കൈവരുത്തുന്നതെന്തെന്നറിയുന്നതിനും അതു ചെയ്യുന്നതിനും നമ്മെ സഹായിക്കും, ഇതു നമ്മുടെ സ്വന്തം സൌഭാഗ്യത്തിൽ കലാശിക്കുകയും ചെയ്യും. —സങ്കീർത്തനം 84:11, 12 [83:12, 13, *Dy*].

---

8. (എ) നമുക്ക് ദൈവേഷ്ടം ഗ്രഹിക്കാൻ എങ്ങനെ സാധിക്കും? (ബി) നമ്മുടെ ജീവിതഗതിയെ നയിക്കാൻ ദൈവം യഥാർത്ഥത്തിൽ നമുക്കു ജ്ഞാനം നൽകുമോ?

## പ്രാർത്ഥിക്കുന്നതിന്റെ ഉചിതമായ വിധം

[9] പ്രാർത്ഥിക്കുമ്പോൾ നാം ഒരു പ്രത്യേക നില സ്വീകരിക്കണമെന്നോ, പ്രാർത്ഥിക്കുന്നതിന് ഒരു പ്രത്യേക കെട്ടിടത്തിൽ പോകണമെന്നോ ദൈവം ആവശ്യപ്പെടുന്നുണ്ടോ? ഇല്ലെന്ന് അവന്റെ വചനം പ്രകടമാക്കുന്നു. (നെഹെമ്യാവ് 8:6;* ദാനിയേൽ 6:10; മർക്കോസ് 11:25; യോഹന്നാൻ 11:41) വ്യക്തിപരമായ പ്രാർത്ഥനയിൽ ഒരുവന്റെ സ്വന്തം മുറിയിലേക്കു പ്രാർത്ഥിക്കാൻ പോകുന്നതിനാൽ ഏകാന്തത ഉണ്ടായിരിക്കുന്നതു നല്ലതാണെന്നു യേശു സൂചിപ്പിച്ചു. (മത്തായി 6:6) യേശുതന്നെ പൊതുസ്ഥലങ്ങളിൽ ചിലപ്പോൾ പ്രാർത്ഥിച്ചെങ്കിലും, മററുള്ളവരാൽ കാണപ്പെടുന്നതിനു മാത്രവും ഒരുവന്റെ "വിശുദ്ധി"യെ പൊക്കിക്കാണിക്കുവാനും മററുള്ളവരുടെ മുമ്പാകെ പ്രാർത്ഥിക്കുന്നതിനെ അവൻ ശക്തമായി കുററം വിധിച്ചു. പ്രാർത്ഥനയിൽ ഒരേ വാക്കുകൾ ആവർത്തിച്ചുപയോഗിക്കുന്നതിനെ ദൈവം അംഗീകരിക്കുന്നില്ലെന്നും അവൻ പ്രകടമാക്കി. (മത്തായി 6:5, 7, 8) ഇതെന്തുകൊണ്ടാണ്?

[10] ഇതിനു കാരണം നമ്മുടെ ഹൃദയത്തിലുള്ളതാണ് ദൈവം യഥാർത്ഥത്തിൽ കാര്യമാക്കുന്നതെന്നുള്ളതാണ്. "എന്തെന്നാൽ യഹോവയെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ ഹൃദയം അവങ്കൽ പൂർണ്ണമായിരിക്കുന്നവർക്കുവേണ്ടി തന്റെ ശക്തി പ്രകടിപ്പിക്കേണ്ടതിന് അവന്റെ കണ്ണുകൾ സർവ്വ ഭൂമിയിലും ചുററി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു." (2 ദിനവൃത്താന്തം 16:9)† പ്രാർത്ഥന ഒരു പ്രാർത്ഥനപ്പുസ്തകത്തിൽനിന്നു കേവലം വായിക്കുകയാണെങ്കിൽ നമ്മുടെ പ്രാർത്ഥനയ്ക്ക് നമ്മുടെ ഹൃദയത്തിലുള്ളതിനെ എങ്ങനെ വെളിപ്പെടുത്താൻ കഴിയും? അതുകൊണ്ടു നാം പ്രാർത്ഥിക്കുമ്പോൾ, നാം താഴ്മയോടെ ഹൃദയത്തിൽനിന്ന് അങ്ങനെ ചെയ്യണം. "ദൈവം നിഗളികളോട് എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് അവർ അനർഹദയ നൽകുന്നു." (യാക്കോബ് 4:6) നമ്മുടെ പ്രാർത്ഥനകളിൽ അസാധാരണമോ ഗാംഭീര്യ

* 2 എസ്ദ്രാസ് 8:6, *Dy*.
† 2 പാരാലിപ്പോമെനൻ 16:9, *Dy*.

9. (എ) നാം പ്രാർത്ഥിക്കുമ്പോൾ ഏതെങ്കിലും പ്രത്യേക നില ആവശ്യമുണ്ടോ? (ബി) വ്യക്തിപരമായ പ്രാർത്ഥന സംബന്ധിച്ച് യേശു എന്തു പ്രകടമാക്കി? (സി) യേശു ഏതുതരം പ്രാർത്ഥനയെ കുററം വിധിച്ചു?
10. (എ) നമ്മുടെ പ്രാർത്ഥനകൾ ഒരു പുസ്തകത്തിൽനിന്നു വായിക്കരുതാത്തതെന്തുകൊണ്ടെന്ന് വിശദീകരിക്കുക. (ബി) നാം പ്രാർത്ഥിക്കുമ്പോൾ ഏതുതരം ഭാഷ ഉപയോഗിക്കണം?

ദ്യോതിയോ ആയ ഭാഷ ഉപയോഗിക്കുന്നതിൽ വിലയില്ല. എന്നാൽ നാം ദൈവത്തോട്, ഒരു അടുത്ത വിശ്വസ്ത സ്നേഹിതനോടു സംസാരിക്കുന്നതുപോലെയും ഒരു പുത്രൻ പിതാവിനോടു സംസാരിക്കുന്നതുപോലെയും സംസാരിക്കണം. നമ്മുടെ പ്രാർത്ഥന നമ്മുടെ സ്വന്തം ഹൃദയത്തിൽ മൌനമായ ഒന്നുപോലുമാകാം. (1 ശമുവേൽ 1:12, 13)* ചിലപ്പോൾ നമ്മുടെ ആശയങ്ങൾ ദൈവത്തോടറിയിക്കാൻ ശരിയായ വാക്കുകൾ നാം കണ്ടെത്താതിരുന്നേക്കാം. എന്നാൽ ദൈവത്തിന് നമ്മുടെ ആവശ്യങ്ങൾ അറിയാമെന്നും നമ്മുടെ ലളിതമായ പ്രാർത്ഥന മനസ്സിലാകുമെന്നും നമുക്കുറപ്പുണ്ടായിരിക്കാൻ കഴിയും.

## പ്രാർത്ഥനയുടെ പദവിയെ വിലമതിക്കുന്നു

11 നമ്മുടെ ജീവിതത്തിൽ മാനുഷസഹായം ലഭ്യമല്ലാത്തതോ, മനുഷ്യർ വാഗ്ദാനം ചെയ്യുന്ന സഹായം നമ്മുടെ ആവശ്യത്തിനു മതിയാകാത്തതോ ആയ സമയങ്ങളിൽ നാമെല്ലാം എത്തിച്ചേരുന്നു. അപ്പോൾ ദൈവത്തിങ്കലേക്കു മാത്രമാണു നാം തിരിയേണ്ടത്. എന്നിരുന്നാലും നാം യഹോവയെ സേവിക്കയും പ്രാർത്ഥനയുടെ പദവിയെ വിലമതിക്കയുമാണെങ്കിൽ, നാം തീർച്ചയായും അവനോടു സംസാരിക്കാൻ അങ്ങനെയുള്ള സന്ദർഭങ്ങൾക്കുവേണ്ടി കാത്തിരിക്കയില്ല. പകരം, നാം നന്ദിപ്രകടനങ്ങളോടെയും സ്തുതിയോടെയും നമ്മുടെ അഭ്യർത്ഥനകളോടും അപേക്ഷകളോടും കൂടെയും അവനെ ക്രമമായും കൂടെക്കൂടെയും സമീപിക്കും. (എഫേസ്യർ 6:18; 1 തെസ്സലോനീക്യർ 5:17, 18) ഒരു കുടുംബത്തിനു പ്രാർത്ഥനയിൽനിന്ന്, യേശുവിന്റെ ദൃഷ്ടാന്തത്തെ പിന്തുടർന്നുകൊണ്ട് ഭക്ഷണസമയങ്ങളിൽ ദൈവത്തോടു ചെയ്യുന്ന ലളിതമായ നന്ദിപ്രകടനങ്ങളിൽനിന്നുപോലും, വലിയ പ്രയോജനങ്ങൾ ലഭിക്കും.—മത്തായി 14:19.

12 സത്യമായി, സ്വകാര്യപ്രാർത്ഥനയും കുടുംബപ്രാർത്ഥനയും സഭാപരമായ പ്രാർത്ഥനയുമെല്ലാം അത്ഭുതകരമായ പ്രയോജനങ്ങൾ കൈവരുത്തുന്നു. പ്രാർത്ഥന എല്ലാററിനും

* 1 രാജാക്കന്മാർ 1:12, 13, *Dy*.

11. (എ) നമുക്കു പ്രത്യേക സഹായമാവശ്യമാകുന്നതുവരെ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനു നാം കാത്തിരിക്കേണമോ? (ബി) ഭക്ഷണസമയങ്ങളിൽ പ്രാർത്ഥന ഉചിതമായിരിക്കുന്നതെന്തുകൊണ്ട്?
12. പ്രാർത്ഥനയുടെ അത്ഭുതകരമായ ചില പ്രയോജനങ്ങൾ പ്രസ്താവിക്കുക.

വേണ്ടി ദൈവത്തെയുള്ള നമ്മുടെ പൂർണ്ണമായ ആശ്രയത്തിന്റെ ഒരു തുറന്ന അംഗീകരണത്തെ പ്രകടമാക്കുന്നു. അതു് നമ്മെ സഹാരാധകരോട്ട് അടുപ്പിക്കുന്നു. അതു നമ്മുടെമേൽ സ്നേഹവാനായ സ്രഷ്ടാവിന്റെ സമാധാനം കൈവരുത്തുന്നു. അതു് നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഒഴുക്കിനെ വർദ്ധിപ്പിക്കുന്നു. അതു ഭാവിയെക്കുറിച്ചു് ഉറപ്പുണ്ടായിരിക്കാൻ നമ്മെ സഹായിക്കും. അതു് ദൈവത്തിൽനിന്നുള്ള ഒരു ദാനമാണു്, നാം വിലമതിക്കേണ്ടതും ഉപയോഗിക്കേണ്ടതുമാണു്.

അദ്ധ്യായം 18

# നിയമത്തോടുള്ള ക്രിസ്തീയ അനുസരണം

നിയമരാഹിത്യം ഇന്നു ലോകത്തിൽ വിപുലമായി വ്യാപിച്ചിരിക്കുന്നു. എന്നാൽ സത്യമായി ബൈബിളിന് അനുയോജ്യമായി ജീവിക്കുന്നവർ ഇതിനു സംഭാവന ചെയ്യുന്നില്ല. "ഭരണാധിപന്മാരെന്ന നിലയിൽ ഭരണകൂടങ്ങളെയും അധികാരങ്ങളെയും അനുസരിക്കുക" എന്നു പറയുന്ന ദൈവവചനത്തിന്റെ ബുദ്ധിയുപദേശത്തെ അവർ ഹൃദയത്തിൽ കരുതിക്കൊള്ളുന്നു.—തീത്തോസ് 3:1.

2 ഇപ്പോൾ സത്യാരാധന നടത്തുന്ന ചിലർ മുൻപു് നിയമരഹിതനടത്തയിൽ ഏർപ്പെട്ടുകതന്നെ ചെയ്തിരുന്നുവെന്നുള്ളതു് സത്യമാണ്. അവർ മററുള്ളവരുടെ വസ്തുക്കൾ മോഷ്ടിച്ചിരിക്കാം. ഒരു പക്ഷെ അവർ പോലീസ് കാണുമ്പോൾ മാത്രമേ ചില നിയമങ്ങളോടുള്ള അനുസരണം പ്രാധാന്യമുള്ളതായി വീക്ഷിച്ചിരുന്നുള്ളു. ഇതിൽ അവർ സമുദായത്തിലെ മററനേകരേക്കാൾ മോശമായിരുന്നിരിക്കാനിടയില്ല. എന്നിരുന്നാലും, അവർ സത്യാരാധന കയ്യേല്ക്കണമെങ്കിൽ, അവർക്കു ജീവിതത്തെക്കുറിച്ചു വളരെ വ്യത്യസ്തമായ ഒരു വീക്ഷണം ആവശ്യമായിരിക്കുമെന്നു് ബൈബിൾ അവർക്കു വ്യക്തമാക്കിക്കൊടുത്തു.—എഫേസ്യർ 4:22-29.

3 ഒരു ക്രിസ്ത്യാനിക്കു് രാഷ്ട്രീയഗവണ്മെൻറുകളോടുണ്ടായിരിക്കേണ്ട മനോഭാവത്തെക്കുറിച്ചു് അഭിപ്രായപ്പെട്ടുകൊണ്ടു് അപ്പോസ്തലനായ പൗലോസ് പറഞ്ഞു: "ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. എന്തെന്നാൽ ദൈവത്താലല്ലാതെ അധികാരമില്ല." (റോമർ

---

1. നിയമരാഹിത്യം വിപുലവ്യാപകമാണെങ്കിലും ബൈബിളിനോടു് അനുരൂപപ്പെടുന്നവർ ഏതു ഗതി പിന്തുടരുന്നു?

2. നിയമത്തോടുള്ള ഏതു മനോഭാവം സത്യാരാധകർ പിമ്പിൽ വിട്ടുകളയണം?

3. (എ) ഒരു ക്രിസ്ത്യാനിക്കു് രാഷ്ട്രീയഗവണ്മെൻറുകളോടുള്ള മനോഭാവം എന്തായിരിക്കണം? (ബി) ഒരു ക്രിസ്ത്യാനി വിപ്ലവങ്ങളിലോ, ഗവണ്മെൻറിന്റെ പ്രവർത്തനത്തിനു് പ്രതിബന്ധമുണ്ടാക്കാനുള്ള ആഭ്യന്തര നിയമലംഘനത്തിലോ ചേരരുതാത്തതെന്തുകൊണ്ടു്?

13:1) ഇതിന് ദൈവമാണ് ഈ ഗവണ്മെൻറുകളെ സ്ഥാപിച്ചതെന്നോ, അവൻ അവയുടെ ഗതിയെ അംഗീകരിക്കുന്നുവെന്നോ അർത്ഥമില്ല. അവയിൽ ചിലതു് നിരീശ്വരവാദം പുലത്തുന്നതായി തുറന്നുപറയുന്നു. എന്നിട്ടും അവ സ്ഥിതി ചെയ്യുന്നതിനു ദൈവം അനുവദിക്കുന്നു. ദൈവം അനുവദിച്ചിട്ടില്ലായിരുന്നെങ്കിൽ അവയ്ക്കു് അധികാരം പ്രയോഗിക്കാൻ ഒട്ടും സാദ്ധ്യമാകുകയില്ലായിരുന്നു. (യോഹന്നാൻ 19:11) ഭരിക്കാൻ ദൈവം അവയെ അനുവദിക്കുന്നുവെങ്കിൽ അവ അങ്ങനെ ചെയ്യുന്നതിന് ഏതെങ്കിലും ക്രിസ്ത്യാനി പ്രതിബന്ധമുണ്ടാക്കുന്നതെന്തിന്? ഗവണ്മെൻറു ചെയ്യുന്ന കാര്യങ്ങളോട്ട് ഒരുവൻ വിയോജിച്ചാൽത്തന്നെ, സംസ്ഥാനം അതിൻെറ ചുമതല നിർവ്വഹിക്കുന്നതിനെ തടയാൻ ശ്രമിക്കുന്നതിന് അയാൾ ഒരു വിപ്ലവത്തിൽ ചേരുന്നതോ ആഭ്യന്തര നിയമലംഘനത്തിൽ പങ്കെടുക്കുന്നതോ എന്തിന്? അങ്ങനെ ചെയ്യുന്ന ഏവനും ലൌകികഗവണ്മെൻറുമായി മാത്രമല്ല, ദൈവവുമായും കുഴപ്പത്തിൽ ചാടും. റോമർ 13:2 പറയുന്നതുപോലെ "അതുകൊണ്ട് അധികാരത്തോടെതിർക്കുന്നവൻ ദൈവത്തിൻെറ ക്രമീകരണത്തിനെതിരായ ഒരു നില സ്വീകരിച്ചിരിക്കുന്നു; അതിനെതിരായ ഒരു നില സ്വീകരിച്ചിരിക്കുന്നവർ തങ്ങൾക്കുതന്നെ ന്യായവിധി പ്രാപിക്കും."

[4] ഗവണ്മെൻറിനോട്ട് ഉചിതമായ ആദരവും അതു് അനുഷ്ഠിക്കുന്ന പ്രയോജനകരമായ സേവനങ്ങൾക്കുവേണ്ടി വിലമതിപ്പും പ്രകടമാക്കുന്നതു് നല്ല സംഗതിയാണ്. നാം ഏതു ഗവണ്മെൻറുകളിൻകീഴിൽ ജീവിക്കുമ്പോ അവ, യാത്രചെയ്യുന്നതിന് റോഡുകളും, വിദ്യാഭ്യാസത്തിനു സ്കൂളുകളും തീപിടുത്തത്തിൽനിന്നുള്ള സംരക്ഷണവും, ഭക്ഷ്യപരിശോധനയും, പ്രദാനം ചെയ്യുന്നതിൽ നമുക്കു സന്തോഷിക്കുവാൻ നല്ല കാരണമുണ്ട്. നിയമകോടതികളും പാതകത്തിനെതിരായ സംരക്ഷണവും വലിയ വിലയുള്ളതാണ്. ഇവയിലും മററു കാര്യങ്ങളിലും "ശ്രേഷ്ഠാധികാരങ്ങൾ" തൻെറ ജനത്തിനു പ്രയോജനപ്രദമായ സേവനങ്ങളനുഷ്ഠിക്കുന്ന, "ദൈവത്തിൻെറ പൊതുജനദാസന്മാർ" ആണെന്നു് പ്രകടമാക്കുന്നു. അതുകൊണ്ടു നാം നികുതികൾ മുഖേന ഈ പൊതുജനസേവനങ്ങൾക്കെല്ലാം പ്രതിഫലം കൊടുക്കണമെന്നു് നമ്മോട്ട് ആവശ്യപ്പെടുമ്പോൾ നാം പിൻവരുന്നപ്രകാരം പറയുന്ന തിരുവെഴുത്തു് ഓർമ്മിക്കുന്നതു് നന്നാണ്: "അതുകൊണ്ട്

4. (എ) ഗവണ്മെൻറുകൾ നമുക്കു് എന്തു പ്രയോജനങ്ങൾ പ്രദാനം ചെയ്യുന്നു? (ബി) നികുതികൾ കൊടുക്കുന്നതു സംബന്ധിച്ചു് ക്രിസ്ത്യാനികൾക്കു് എന്തു വീക്ഷണം ഉണ്ടായിരിക്കണം?

ജനങ്ങളായ നിങ്ങൾ ആ ക്രോധം [നിയമലംഘികളുടെ ശിക്ഷയായിട്ടുള്ളതു്] നിമിത്തം മാത്രമല്ല, നിങ്ങളുടെ മനഃസാക്ഷിനിമിത്തവും കീഴ്പ്പെട്ടിരിക്കുന്നതിനു് നിർബ്ബന്ധിതകാരണമുണ്ടു്. അതുകൊണ്ടാണു് നിങ്ങൾ നികുതികളും കൊടുക്കുന്നതു്, എന്തുകൊണ്ടെന്നാൽ അവർ ഈ ഉദ്ദേശ്യത്തിനു തന്നെ നിരന്തരം സേവിക്കുന്ന ദൈവത്തിന്റെ പൊതുജനദാസന്മാരാകുന്നു. എല്ലാവർക്കും അർഹമായതു കൊടുക്കുക, നികുതി ആവശ്യപ്പെടുന്നവനു നികുതി; കപ്പം ആവശ്യപ്പെടുന്നവനു കപ്പം."—റോമർ 13:5–7.

5 എന്നാൽ രാഷ്ട്രീയാധികാരങ്ങളോടുള്ള ഈ കീഴ്പ്പെടൽ എത്രത്തോളം പോകുന്നു? അതു് അപരിമിതമാണോ? മാനുഷനിയമത്തോടുള്ള അനുസരണം ദൈവനിയമത്തോടുപോലുമുള്ള അനുസരണത്തെക്കാൾ പ്രധാനമാണോ? തീർച്ചയായും അല്ല! ഇപ്പോൾ ഉദ്ധരിച്ച തിരുവെഴുത്തിൽ, അനുസരണത്തിന്റെ "നിർബ്ബന്ധിതകാരണ"ത്തിൽ "നിങ്ങളുടെ മനഃസാക്ഷി" ഉൾപ്പെടുന്നുവെന്നു പറഞ്ഞിരിക്കുന്നതായി കുറിക്കൊള്ളുക. അതുകൊണ്ടു് ഒരുവന്റെ മനഃസാക്ഷി അവഗണിക്കപ്പെടേണ്ടതല്ല, വിശേഷിച്ചു് ആ മനഃസാക്ഷി ദൈവവചനത്താൽ പരിശീലിപ്പിക്കപ്പെട്ടിരിക്കുമ്പോൾ. പരിചിന്തിക്കേണ്ട രണ്ടു വശങ്ങളുണ്ടെന്നു് യേശുക്രിസ്തു പ്രകടമാക്കി. റോമൻസംസ്ഥാനത്തിനു് നികുതികൊടുക്കുന്നതു് ഉചിതമാണെന്നു് ചൂണ്ടിക്കാണിച്ചുകൊണ്ടു് "കൈസർക്കുള്ളവ കൈസർക്കു"കൊടുക്കുവാൻ അവൻ പറഞ്ഞു. അനന്തരം "ദൈവത്തിനുള്ളവ ദൈവത്തിനും" എന്നു് അവൻ കൂട്ടിച്ചേർത്തു. (മർക്കോസ് 12:17) അതുകൊണ്ടു് എല്ലാററിനുമുപരിയായി ദൈവനിയമത്തോടു വിപുലവ്യാപകമായുള്ള അനാദരവിനു താൻ സംഭാവന ചെയ്യുന്നില്ലെന്നു നിശ്ചയപ്പെടുത്തുവാൻ നമ്മിലോരോരുത്തനും തന്റെ ജീവിതഗതിയെ പരിശോധിക്കുന്നതു് ജീവൽപ്രധാനമാണു്.—സങ്കീർത്തനം 1:1–3.

### പരമോന്നത നിയമത്തോടുള്ള അനുസരണം

6 യേശുക്രിസ്തുവിന്റെ മരണത്തിനുശേഷം അധികം താമസിയാതെ, അവന്റെ അപ്പോസ്തലന്മാർ ഈ സംഗതിയിൽ എവിടെ നിലകൊള്ളുന്നുവെന്നു പ്രകടമാക്കുവാൻ

5. (എ) രാഷ്ട്രീയാധികാരങ്ങളോടുള്ള ക്രിസ്തീയാനുസരണം അപരിമിതമാണോ? (ബി) രണ്ടു വശങ്ങൾ പരിചിന്തിക്കാനുണ്ടെന്നു് യേശു എങ്ങനെ പ്രകടമാക്കി?

6. പ്രസംഗം നിർത്തുവാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ, അപ്പോസ്തലന്മാർ എന്തു ചെയ്തു? അതുകൊണ്ടു് പരമോന്നതമായി ആരുടെ നിയമത്തെ അവർ അനുസരിച്ചു?

ആഹ്വാനം ചെയ്യപ്പെട്ടു. യേശുക്രിസ്തുവിന്റെ നാമത്തിലുള്ള പ്രസംഗം നിർത്തുന്നതിന് അവർ യെരുശലേമിലെ ഭരണാധിപന്മാരാൽ ആജ്ഞാപിക്കപ്പെട്ടു. അവർ അനുസരിച്ചോ? നിങ്ങൾ അങ്ങനെ ചെയ്യുമായിരുന്നുവോ? അപ്പോസ്തലന്മാർ "നാം മനുഷ്യരേക്കാൾ ദൈവത്തെ അധിപതിയായി അനുസരിക്കേണ്ടതാകുന്നു" എന്ന് ദൃഢമായി മറുപടി പറഞ്ഞു. (പ്രവൃത്തികൾ 5:29; 4:18–20 കൂടെ കാണുക.) അവർ രാജ്യത്തെ നിയമത്തോടു തങ്ങൾക്കുള്ള കടപ്പാടുകളെ നിസ്സാരമായി കരുതിയില്ല; എന്നാൽ മനുഷ്യന്റെ നിയമവും ദൈവത്തിന്റെ നിയമവും തമ്മിൽ നേരിട്ടുള്ള ഒരു വൈരുദ്ധ്യം ഉണ്ടായപ്പോൾ അവർ ദൈവനിയമം പരമോന്നതമാണെന്നു തിരിച്ചറിഞ്ഞു. ഇതു മനസ്സിലാക്കിക്കൊണ്ട്, അവർ ഹാജരായ കോടതിയിലെ ഒരു ബഹുമാന്യനായ അംഗം, ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ തങ്ങൾ ദൈവത്തിനെതിരായി പോരാടുന്നവരായിത്തീരാതിരിക്കേണ്ടതിന് ഈ ക്രിസ്ത്യാനികളെ പ്രതിബന്ധപ്പെടുത്തരുതെന്ന് തന്റെ സഹന്യായാധിപന്മാരെ ബുദ്ധിപൂർവം ഉപദേശിച്ചു.—പ്രവൃത്തികൾ 5:33-39.

7 പ്രസംഗത്തെക്കുറിച്ചുള്ള ദൈവകല്പനകൾ മാത്രമല്ല പ്രധാനം. മററു കാര്യങ്ങളുമുണ്ട്. അവയിലൊന്നിനെ പ്രമുഖമാക്കിക്കൊണ്ട് യഹോവ തന്റെ ജനത്തോട് മോശയുടെ നാളുകളിൽ ഇങ്ങനെ പറഞ്ഞു: "നീ നിനക്കുവേണ്ടി കൊത്തിയുണ്ടാക്കിയ ഒരു പ്രതിമയോ, മീതെ ആകാശങ്ങളിലോ കീഴെ ഭൂമിയിലോ ഭൂമിക്കു കീഴെ വെള്ളങ്ങളിലോ ഉള്ള യാതൊന്നിനെയുംപോലെ ഒരു രൂപമോ ഉണ്ടാക്കരുത്. നീ അവയുടെ മുമ്പാകെ കുമ്പിടുകയോ അവയെ സേവിക്കാൻ പ്രേരിപ്പിക്കപ്പെടുകയോ ചെയ്യരുത്, എന്തുകൊണ്ടെന്നാൽ നിന്റെ ദൈവമായ യഹോവയായ ഞാൻ അനന്യമായ ഭക്തിനിഷ്കർഷിക്കുന്ന ഒരു ദൈവമാകുന്നു." (പുറപ്പാട് 20:4, 5) എന്നിരുന്നാലും ഭക്തിക്കുള്ള അനേകം വസ്തുക്കൾ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് ലോഹംകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. മററുചിലത്, ആകാശത്തിലോ ഭൂമിയിലോ ഉള്ള എന്തെങ്കിലും വസ്തുവിനെ പ്രതിനി

---

7. (എ) ഒരു പ്രതിമയുടെ മുമ്പാകെ ഒരു ഭക്തിക്രിയ നടത്തുന്നതിനെക്കുറിച്ചു മോശയുടെ നാളുകളിൽ ദൈവം എന്തുപറഞ്ഞു? (ബി) മനുഷ്യൻ ഏതുതരം ഭക്തിവസ്തുക്കൾ ഉണ്ടാക്കിയിരിക്കുന്നു? (സി) ലൗകിക നിയമം ഒരു പ്രതിമയുടേയോ ചിഹ്നത്തിന്റെയോ മുമ്പാകെ ഭക്തിക്രിയകൾ നടത്തുവാൻ ആവശ്യപ്പെടുമ്പോൾ, ക്രിസ്ത്യാനികൾ ആരുടെ ദൃഷ്ടാന്തം പരിചിന്തിക്കുന്നതുനന്നാണ്?

ധാനം ചെയ്യുന്ന ഒരു രൂപം തയിച്ചുചേർത്തോ വരച്ചോ തുന്നി കൊണ്ടു് ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ചില സംഗതികളിൽ ഇവയുടെ മുമ്പാകെ നിർവ്വഹിക്കപ്പെടുന്ന ഭക്തിക്രിയകൾ സ്വമേധയായുള്ളവയായിരിക്കുന്നു, എന്നാൽ മററുചില സംഗതികളിൽ അവ ലൌകികനിയമങ്ങൾ ആവശ്യപ്പെടുന്നവയാണു്. ഇതിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ലൌകികനിയമം, ഒരു പ്രതിമയുടെയോ ചിഹ്നത്തിൻെറയോ മുമ്പിൽ ചില ഭക്തിക്രിയകൾ നടത്തുവാൻ ആവശ്യപ്പെടുന്നുവെങ്കിൽ, അതു് ഈ സംഗതി സംബന്ധിച്ചുള്ള ദൈവനിയമത്തെ അനുസരിക്കുവാനുള്ള കടപ്പാടിൽനിന്നു് വ്യക്തികളെ വിമുക്തരാക്കുന്നുവോ? ബാബിലോൻ ഡിസ്ട്രിക്ററിലെ, യഹോവയുടെ വിശ്വസ്താരാധകർ അങ്ങനെ വിശ്വസിച്ചില്ല. ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നീ മൂന്നു് എബ്രായയുവാക്കൾ രാജാവിനാൽ ആജ്ഞാപിക്കപ്പെട്ട ഒരു ചടങ്ങിൽ പങ്കെടുക്കുവാൻ വിസമ്മതിച്ചുവെന്നു് ബൈബിൾ നമ്മോടു പറയുന്നു. എന്തുകൊണ്ടു്? എന്തുകൊണ്ടെന്നാൽ അതിൽ ആരാധനയാണുൾപ്പെട്ടിരുന്നതു്. അവരുടെ ആരാധന യഹോവയ്ക്കു മാത്രമുള്ളതായിരുന്നു. അവർ ചെയ്തതിനെ ദൈവം അംഗീകരിച്ചു. എന്നാൽ ബാബിലോൻരാജാവു് എങ്ങനെ പ്രതിവർത്തിച്ചു? ആദ്യം അവനു് ഉഗ്രമായ കോപമായിരുന്നു. എന്നിരുന്നാലും, തക്കസമയത്തു്, അവൻ ഈ സംഗതിയിൽ യഹോവയാം ദൈവത്തിൻെറ കൈ കണ്ടു. അവർ സംസ്ഥാനത്തിനു് അപകടമല്ലെന്നു തിരിച്ചറിഞ്ഞതിനാൽ, അവൻ അവരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചുകൊണ്ടു് ഒരു കല്പന പുറപ്പെടുവിച്ചു. (ദാനിയേൽ 3:1–30) നിങ്ങൾ ദൈവത്തോടുള്ള അവരുടെ വിശ്വസ്തതയെ ആദരിക്കുന്നില്ലയോ? യഹോവയ്ക്കു അനന്യമായി ആരാധനകൊടുക്കുന്നതിൽ നിങ്ങൾ അവരെപ്പോലെതന്നെ ദൃഢചിത്തരായിരിക്കാനാഗ്രഹിക്കുന്നില്ലയോ?

8 ആരാധനയുടെ ഇതേ പ്രശ്നം റോമൻ സാമ്രാജ്യത്തിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളെ അഭിമുഖീകരിച്ചു. സകലരും വിശ്വസ്തതയുടെ ഒരു തെളിവായി ചക്രവർത്തിക്കു ധൂപം കാണിക്കുവാൻ സംസ്ഥാനം ആവശ്യപ്പെട്ടു. ക്രിസ്ത്യാനികൾ മററു നിയമങ്ങൾ അനുസരിച്ചുവെങ്കിലും ഇതു് അവർക്കു ചെയ്യാവുന്നതല്ലായിരുന്നു, ഈ ക്രിയ ഒരു ചിഹ്നത്തി

8. (എ) റോമൻ സംസ്ഥാനം അതിൻെറ പ്രജകളിൽനിന്നു് എന്തു് ആവശ്യപ്പെട്ടു, ആദിമക്രിസ്ത്യാനികൾ എന്തുകൊണ്ടു വിസമ്മതിച്ചു? (ബി) ഈ ക്രിസ്ത്യാനികൾ അനാദരവു പ്രകടമാക്കുകയായിരുന്നോ?

ന്റെയോ ആളിന്റെയോ ബഹുമാനാർത്ഥം ചെയ്യപ്പെട്ടാലും ആരാധനയാണുൾപ്പെട്ടിരുന്നതെന്ന് അവർ തിരിച്ചറിഞ്ഞു. (മത്തായി 4:10) രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ജസ്റ്റിൻ മാർട്ടിയർ ഈ ക്രിസ്ത്യാനികളുടെ വീക്ഷണങ്ങളെ വെളിപ്പെടുത്തിക്കൊണ്ടിങ്ങനെ പറഞ്ഞു: "ഞങ്ങൾ ദൈവത്തിനു മാത്രം ആരാധന കൊടുക്കുന്നു, എന്നാൽ മററു കാര്യങ്ങളിൽ മനുഷ്യരുടെ രാജാക്കന്മാരും ഭരണാധിപന്മാരുമായി നിങ്ങളെ [രാഷ്ട്രീയ ഭരണാധിപന്മാരെ] സമ്മതിച്ചു പറഞ്ഞുകൊണ്ട് ഞങ്ങൾ നിങ്ങളെ സേവിക്കുന്നു." ഈ ക്രിസ്ത്യാനികൾ മിക്കപ്പോഴും തെററിദ്ധരിക്കപ്പെട്ടിരുന്നു, എന്നാൽ അവർ ചെയ്തതു് യഥാർത്ഥത്തിൽ അനാദരവു പ്രകടമാക്കിയില്ല, പ്രകടമാക്കിയോ? അതു് അവരെ മററു റോമക്കു് ഒരു അപകടവുമാക്കിത്തീർത്തില്ല. റോമൻ ഗവർണ്ണറായിരുന്ന പ്ലിനി ദി യംഗർ, ട്രാജൻ ചക്രവർത്തിക്കുള്ള ഒരു എഴുത്തിൽ റിപ്പോർട്ടു ചെയ്തതുപോലെ, അവർ വഞ്ചനയോ മോഷണമോ വ്യഭിചാരമോ ചെയ്യുന്നതിനു വിസമ്മതിച്ചു. അവർ അയൽക്കാരായി ഉണ്ടായിരിക്കുന്നതിന് ഏതൊരുവനും ആഗ്രഹിക്കുന്ന തരത്തിലുള്ള ആളുകളായിരുന്നു, അവരുടെ മതമായിരുന്നു അവരെ ആ വിധത്തിലാക്കിയതു്.

[9] നമ്മുടെ ആരാധനയ്ക്കു പുറമേ, നാം ദൈവത്തിനു കടപ്പെട്ടിരിക്കുന്ന മററുചിലതുണ്ടു്. യേശുക്രിസ്തുവിന്റെ ഒരു അപ്പോസ്തലൻ "ലോകവും അതിലെ സകലവും സൃഷ്ടിച്ച ദൈവം സകല ആളുകൾക്കും ജീവൻ കൊടുക്കുന്നു" എന്നു പറഞ്ഞപ്പോൾ ഇതു ചൂണ്ടിക്കാണിച്ചു. (പ്രവൃത്തികൾ 17:24, 25) ദൈവമില്ലായിരുന്നുവെങ്കിൽ നമ്മിലാരും ജീവിച്ചിരിക്കുമായിരുന്നില്ല. അവനാണ് ജീവന്റെ ഉറവു്. (സങ്കീർത്തനം 36:9 35:10, *Dy*]) എന്നാൽ നാം ആസ്വദിക്കുന്നതിന് അവൻ അനുവദിക്കുന്ന ജീവൻകൊണ്ടു് നാം എന്തു ചെയ്യുന്നു?

[10] ദൈവത്തിന്റെ അംഗീകാരമുണ്ടായിരിക്കുന്നതിനു് ദൈവത്തിനെതിരായി തങ്ങളെ നിലകൊള്ളിക്കുന്ന പ്രവർത്തനങ്ങളിൽ തങ്ങളുടെ ജീവിതത്തെ ഉപയോഗിക്കുന്നതിനെ ഒഴിവാക്കേണ്ടതാണെന്നു സത്യക്രിസ്ത്യാനികൾ തിരിച്ചറിയുന്നു. അതുകൊണ്ടു് ഈ ദുഷ്ടവ്യവസ്ഥിതി അവസാനിക്കുമ്പോൾ ദൈവത്തിന്റെ വധാധികൃതനാൽ നശിപ്പിക്കപ്പെ

9. നമ്മുടെ ആരാധനയ്ക്കുപുറമേ, നാം ദൈവത്തോടു മറെറന്തു കടപ്പെട്ടിരിക്കുന്നു?
10. നാം നമ്മുടെ ജീവിതത്തെ ഉപയോഗിക്കുന്ന വിധത്തിൽ ദൈവത്തെ അപ്രീതിപ്പെടുത്തുന്നതിനെ ഒഴിവാക്കാൻ തിരുവെഴുത്തുകൾ നമ്മെ സഹായിക്കുന്നതെങ്ങനെ?

ട്ടുവാനുള്ളവരായി ബൈബിൾ വർണ്ണിക്കുന്ന ആളുകളുടെ വർഗ്ഗങ്ങളുടെ പ്രവൎത്തനഗതിയെ അവൻ ഒഴിവാക്കുന്നു. (വെളിപാട് 19:17-21) യഹോവയുടെ ന്യായവിധി സത്യവും നീതിയുമുള്ളതാണെന്ന് അവർ വിലമതിക്കുന്നു. ഇപ്പോൾ അവർ അവൻെറ ഇഷ്ടത്തിനനുയോജ്യമായി തങ്ങളുടെ ജീവിതങ്ങളെ രൂപപ്പെടുത്തുന്നു. ഇതു് ഇപ്പോഴത്തെ വ്യവസ്ഥിതിയിൽ മാത്രം താല്പര്യങ്ങളുള്ളവരുടെ അപ്രീതിയും, പീഡനംപോലും, കൈവരുത്തിയേക്കാമെന്ന് അവക്കു നല്ല അറിവുണ്ട്. എന്നാൽ ദൈവത്തിൻെറ വഴി ശരിയാണെന്നുള്ള പൂർണ്ണവിശ്വാസത്തോടെ അവർ അവൻെറ നിയമത്തെയും ആരാധനയെയും ഉന്നതമാക്കുകയും, ഇവയ്ക്കു തങ്ങളുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുകയും ചെയ്യുന്നു. (മീഖാ 4:1-3) ദൈവത്തിൻെറ സ്വന്തപുത്രനായ യേശുക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു് അവർ സ്വാത്ഥാനുധാവനങ്ങൾക്കല്ല, സ്വാർത്ഥമനുഷ്യരുടെ ഇഷ്ടത്തിനുമല്ല, പിന്നെയോ ദൈവേഷ്ടത്തിനനുയോജ്യമായി തങ്ങളുടെ ജീവിതത്തെ ഉപയോഗിക്കുന്നു. (1 കൊരിന്ത്യർ 7:23; 1 പത്രോസ് 4:1, 2) അങ്ങനെ ചെയ്യുന്നതിനാൽ അവർ യഥാർത്ഥത്തിൽ ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കുന്നു.

[11] നിങ്ങൾ ദൈവത്തിൻെറ അംഗീകാരം ലഭിക്കുവാനാഗ്രഹിക്കുന്നുവോ? അങ്ങനെയെങ്കിൽ നിയമത്തോടുള്ള അനുസരണം നിങ്ങളുടെ ജീവിതത്തിൽ ഗൌരവമായ ഒരു സംഗതിയായിരിക്കും, അതു് നിങ്ങളുടെ അയൽക്കാരുടെ ജീവനോടും വസ്തുവിനോടും ഉചിതമായ ആദരവുണ്ടായിരിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കും. അതു നിങ്ങളെ ഗവണ്മെൻറുദ്യോഗസ്ഥന്മാരോടു ബഹുമാനമുള്ളവരാക്കിത്തീർക്കും. എന്നാൽ എല്ലാററിനുമുപരിയായി, അതു് എല്ലാവരേക്കാളും വലിയ നിയമദാതാവായ യഹോവയാം ദൈവത്തിൻെറ ന്യായത്തീർപ്പുകളോടു നിങ്ങൾ നിങ്ങളുടെ ജീവിതത്തെ പൂർണ്ണമായ യോജിപ്പിൽ വരുത്തുന്നതിനിടയാക്കും.

---

10. നിയമത്തോടുള്ള അനുസരണം നമ്മുടെ ജീവിതത്തെ എങ്ങനെ ബാധിക്കണം?

അദ്ധ്യായം 19

# ജീവനോടും രക്തത്തോടു മുള്ള ദൈവികമായ ആദരവ്

എല്ലാവർക്കും ജീവനോടും രക്തത്തോടും ദൈവികമായ ആദരവുണ്ടായിരുന്നാൽ നാം എത്രയേറെ സുരക്ഷിതരായിരിക്കുമായിരുന്നു! എന്നാൽ അനേകമാളുകൾക്ക് അങ്ങനെയുള്ള ആദരവില്ല. എല്ലായിടത്തും അക്രമവും രക്തച്ചൊരിച്ചിലും വർദ്ധിച്ചുവരികയാണ്. നിരവധി സ്ഥലങ്ങളിൽ ഒരു ആൾ വെറുതെ രാത്രിയിൽ തെരുവിൽകൂടി ഏകനായി നടന്നാൽ മതി അയാളുടെ ജീവൻ അപകടത്തിലാകാൻ. വിനോദത്തിനുപോലും ആളുകൾ മണിക്കൂറുകൾതന്നെ കുത്തിയിരുന്ന് ടെറലിവിഷനിലോ ചലച്ചിത്രത്തിലോ അക്രമം വീക്ഷിക്കുവാൻ തക്കവണ്ണം ലോകം അക്രമത്തോട് അത്ര പരിചയപ്പെട്ടിരിക്കുകയാണ്. എന്നിരുന്നാലും ജീവൻ പവിത്രമായ ഒന്നാണെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ അതിനെ ആ വിധത്തിൽ വീക്ഷിക്കുന്നുവോ?

2 ഈ സംഗതി സംബന്ധിച്ചുള്ള ബൈബിളുപദേശങ്ങൾ ചിലയാളുകളെ ആദ്യം വിസ്മയിപ്പിക്കത്തക്കവണ്ണം തിരുവെഴുത്തുവിരുദ്ധമായ മനോഭാവങ്ങൾ ഇന്ന് അത്ര സാധാരണമായിത്തീർന്നിരിക്കയാണ്. എന്നിരുന്നാലും, ജീവദാതാവും രക്തത്തിന്റെ സ്രഷ്ടാവുംകൂടിയായിരിക്കുന്ന ബൈബിളിന്റെ ഗ്രന്ഥകർത്താവാണ് ഈ വിഷയം സംബന്ധിച്ചുള്ള പരമോന്നത പ്രാമാണികൻ. അവന്റെ നിയമങ്ങൾ ആദരിക്കപ്പെടേണ്ടതാണ്.—സങ്കീർത്തനം 36:5-9 [35:6-10, *Dy*]; യെശയ്യാ 55:8, 9.

### "മനുഷ്യന്റെ രക്തം ചൊരിയുന്നു"

3 മാനുഷജീവൻ എടുത്തുകളയുന്നതിന്റെ ഗൗരവത്തെ

---

1. ലോകം അക്രമത്തോടു പരിചയപ്പെട്ടിരിക്കുന്നുവെങ്കിലും ബൈബിൾ ജീവനെ എങ്ങനെ വീക്ഷിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു?

2. ജീവനെയും രക്തത്തെയും സംബന്ധിച്ചുള്ള ബൈബിളുപദേശങ്ങൾ ചിലയാളുകളെ വിസ്മയിപ്പിച്ചേക്കാവുന്നതെന്തുകൊണ്ട്?

3. (എ) മനുഷ്യജീവൻ എടുത്തുകളയുന്നതിന്റെ ഗൗരവത്തെ സംബന്ധിച്ച് ദൈവം ആരോട് ആദ്യം സംസാരിച്ചു? എന്തുകൊണ്ട്? (ബി) ജലപ്രളയശേഷം ദൈവം ജീവന്റെ വിലയെ എങ്ങനെ ഊന്നിപ്പറഞ്ഞു? ആ നിയമം കാലഹരണപ്പെട്ടോ?

ക്കുറിച്ചു് യഹോവ ആദ്യം സംസാരിച്ചതു് ആദാമിന്റെ ഒരു പുത്രനായിരുന്ന കയീനോടായിരുന്നു. കയീന്റെ കോപം അവനെ പാപത്തിലേക്കു നയിച്ചേക്കാമെന്നു് ദൈവം അവനു നേരത്തെ മുന്നറിയിപ്പു കൊടുത്തിരുന്നു. എന്നാൽ കയീൻ മുന്നറിയിപ്പിനെ അവഗണിക്കുകയും, അവന്റെ സഹോദരനായ ഹാബേലിനെ കയ്യേററം ചെയ്തുകൊണ്ടു് അവനെ കൊല്ലുകയും ചെയ്തു. അപ്പോൾ ദൈവം: "ശ്രദ്ധിക്കൂ! നിന്റെ സഹോദരന്റെ രക്തം നിലത്തുനിന്നു് എന്നോടു് നിലവിളിക്കുകയാണു്" എന്നു പറഞ്ഞു. നിയമരഹിതമായ കയീന്റെ രക്തച്ചൊരിച്ചിലിനു് അവൻ ദൈവത്തോടു സമാധാനം പറയേണ്ടിയിരുന്നു. (ഉൽപ്പത്തി 4:6-11) നോഹയുടെ നാളിലെ ജലപ്രളയത്തെ തുടർന്നു് മാനുഷജീവൻ തന്റെ ദൃഷ്ടിയിൽ വിലയേറിയതാണെന്നു് ദൈവം വീണ്ടും ഊന്നിപ്പറഞ്ഞു. "നിങ്ങളുടെ ദേഹികളുടെ രക്തം ഞാൻ തിരികെ ചോദിക്കും" എന്നു ദൈവം പറഞ്ഞു. "മനുഷ്യന്റെ രക്തം ആരെങ്കിലും ചൊരിഞ്ഞാൽ, അവന്റെ സ്വന്തം രക്തം മനുഷ്യനാൽ ചൊരിയപ്പെടും, എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ പ്രതിച്ഛായയിലാണു് അവൻ മനുഷ്യനെ ഉണ്ടാക്കിയതു്." (ഉല്പത്തി 9:5, 6) ആ കൽപ്പന കാലഹരണപ്പെട്ടിട്ടില്ല. അതു് ഇന്നു് നോഹയുടെ സന്തതികളെന്ന നിലയിൽ സകല മനുഷ്യവർഗ്ഗത്തിനും ബാധകമാണു്. മാനുഷഗവണ്മെൻറുകൾ ആ ദിവ്യനിയമത്തിനനുസരണമായി കുററവാളികളോടു് ഇടപെടുന്നുവെങ്കിലും ഇല്ലെങ്കിലും നിയമരഹിതമായി ജീവൻ എടുത്തുകളയുന്നവരോടു് യഹോവ കണക്കുചോദിക്കും.

⁶ എന്നുവരികിലും, ജീവദാതാവിന്റെ മുമ്പാകെ കുററരഹിതരായി നിലകൊള്ളുന്നതിനു് കൂടുതൽ ആവശ്യമാണു്. 1 യോഹന്നാൻ 3:15-ൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "തന്റെ സഹോദരനെ പകയ്ക്കുന്ന ഏവനും ഒരു മാനുഷഘാതകനാണു്, യാതൊരു മാനുഷഘാതകനും അവനിൽ നിത്യജീവൻ സ്ഥിതിചെയ്യുന്നില്ല എന്നു് നിങ്ങൾക്കറിയാം." നാം നിത്യജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ, നാം നമ്മുടെ ജീവിതത്തിൽനിന്നു് നമ്മുടെ സഹമനുഷ്യരോടുള്ള സകല വിദ്വേഷവും പിഴുതുകളയേണ്ടതാവശ്യമാണു്. കയീനേപ്പോലെ ദിവ്യമുന്നറിയിപ്പിനെ അവഗണിക്കയും തങ്ങളുടെ ഉഗ്രകോപത്താൽ മററുള്ളവരുടെ ജീവനെ അപകട

6. നാം നിത്യജീവൻ ആഗ്രഹിക്കുന്നുവെങ്കിൽ മററുള്ളവരുടെ ജീവനെ അപകടപ്പെടുത്താതിരിക്കേണ്ടതിനു് നാം നമ്മുടെ ജീവിതത്തിൽനിന്നു് എന്തിനെ പിഴുതുമാററണം?

പ്പെടുത്തുകയും ചെയ്യുന്നവരെ ദൈവം തൻെറ പുതിയ വ്യവസ്ഥിതിയിലേക്ക സംരക്ഷിക്കാൻ പോകുന്നില്ല. ജീവനെ സംബന്ധിച്ച ഒരു ദൈവിക വീക്ഷണം, നാം നമ്മുടെ സഹമനുഷ്യനെ സ്നേഹിക്കാൻ പഠിക്കണമെന്നാവശ്യപ്പെടുന്നു. —1 യോഹന്നാൻ 3:11, 12; മത്തായി 5:21, 22.

[5] നാം ഈ കാര്യം സംബന്ധിച്ച് ദൈവത്തിൻെറ ചിന്തയോട് അനുരൂപപ്പെടുന്നുവെങ്കിൽ ഒരു ആൾ വയോവൃദ്ധനോ വളരെ ചെറുപ്പമോ ആയിരിക്കുന്നതുകൊണ്ട് ജീവൻ കുറഞ്ഞ പവിത്രതയുള്ളതല്ലെന്നും നാം വിലമതിക്കും. ഒരു മാതാവിൻെറ ഗർഭാശയത്തിലെ ജനിക്കാത്ത ശിശുവിൻെറ ജീവൻപോലും യഹോവയ്ക്കു വിലയേറിയതാണെന്ന് ദൈവവചനം പ്രകടമാക്കുന്നു. (പുറപ്പാട് 21:22, 23; സങ്കീർത്തനം 127:3 [126:3, *Dy*]) എന്നിരുന്നാലും ഭൂമിയിലെങ്ങും ഓരോ വർഷവും ദശലക്ഷക്കണക്കിന് ഗർഭച്ഛിദ്രങ്ങൾ നടത്തപ്പെടുന്നു. ഇവ ദൈവനിയമത്തിൻെറ ഒരു ലംഘനമാണ്, എന്തുകൊണ്ടെന്നാൽ മാനുഷഭ്രൂണം ജീവനുള്ള ഒരു സൃഷ്ടിയാണ്, നശിപ്പിക്കപ്പെടുകയുമരുത്. വിവാഹിതരായ ഇണകൾ സാമ്പത്തികമോ ആരോഗ്യപരമോ ആയ കാരണങ്ങളാലോ മററു കാരണങ്ങളാലോ തങ്ങളുടെ കുടുംബങ്ങളുടെ വലിപ്പത്തെ പരിമിതപ്പെടുത്തുവാനാഗ്രഹിക്കുന്നുവെങ്കിൽ അതു് അവരുടെ വ്യക്തിപരമായ കാര്യമാണ്; അവർ ഇതു ചെയ്യുന്നരീതി അധികമായി അവർ തന്നെ വ്യക്തിപരമായി തീരുമാനം ചെയ്യേണ്ട ഒരു സംഗതിയാണ്. എന്നാൽ ഗർഭച്ഛിദ്രനടപടി ജീവനോടുള്ള ദൈവികമായ ആദരവിനെ പ്രകടമാക്കുന്നില്ലെന്നുള്ള വസ്തുതയെ നാം അഭിമുഖീകരിക്കണം.

### ‘രക്തത്തിൽനിന്നു് ഒഴിഞ്ഞിരിക്ക’

[6] വിശുദ്ധ ബൈബിൾ കൂടെക്കൂടെ ജീവനെ പ്രതിനിധീകരിക്കുവാൻ “രക്ത”ത്തെ ഉപയോഗിക്കുന്നു. ഇതു് ജീവൻ അഥവാ ദേഹി രക്തത്തിലായിരിക്കുന്നതുകൊണ്ടാണ്. (ലേവ്യപുസ്തകം 17:11) രക്തത്തിൻെറ സ്രഷ്ടാവ് ദൈവമാകയാൽ, അവനു് രക്തത്തെ സംബന്ധിച്ച് നമ്മിലേതൊരുവനേക്കാളുമറിയാം; അതുപയോഗിച്ച് എന്തു ചെയ്യാമെന്നു പറയുവാൻ അവനു് പൂർണ്ണാവകാശമുണ്ട്.

---

5. ഗർഭച്ഛിദ്രം സംബന്ധിച്ചുള്ള തിരുവെഴുത്തുപരമായ വീക്ഷണമെന്താണ്?
6. (എ) രക്തംകൊണ്ട് എന്തു ചെയ്യാൻ കഴിയുമെന്നു പറയുന്നതിനു പൂർണ്ണമായ അവകാശമുള്ളതാർക്കാണ്? (ബി) മൃഗഭക്ഷ്യം ഭക്ഷിക്കുന്നതിനു ദൈവം മനുഷ്യനു് അനുമതി കൊടുത്തപ്പോൾ, രക്തം സംബന്ധിച്ച് അവൻ എന്തു നിയമം കൊടുത്തു?

ആഗോളപ്രളയത്തിനു ശേഷമായിരുന്നു ദൈവം മൃഗമാംസം തിന്നുന്നതിനു ആദ്യമായി മനുഷ്യവർഗ്ഗത്തിനു് അനുവാദം നൽകിയതു്. അതുകൊണ്ടു് ആ സമയത്തു് അവൻ രക്തത്തെ സംബന്ധിച്ചുള്ള തന്റെ നിയമവും അവക്കു കൊടുത്തുകൊണ്ടു് പറഞ്ഞു: "ജീവനുള്ള, ചരിക്കുന്ന ഏതു മൃഗവും നിങ്ങൾക്കു ഭക്ഷണമായി ഉതകട്ടെ. പച്ചസസ്യത്തിന്റെ സംഗതിയിലെന്നപോലെ, ഞാൻ അതെല്ലാം നിങ്ങൾക്കു തരികതന്നെ ചെയ്യുന്നു. മാംസം അതിന്റെ ദേഹിയോടുകൂടെ—അതിന്റെ രക്തത്തോടുകൂടെ—മാത്രം നിങ്ങൾ ഭക്ഷിക്കരുതു്." (ഉല്പത്തി 9:3, 4) മൃഗമാംസം തിന്നാം, എന്നാൽ രക്തം പാടില്ല.

7 പിന്നീടു്, യിസ്രായേൽജാതിക്കു് കൊടുക്കപ്പെട്ട കല്പനകളിൽ ആ നിയമം ഉൾക്കൊള്ളിക്കപ്പെട്ടു; ദൈവത്തിന്റെ വചനം അതിനെ ക്രിസ്ത്യാനികൾക്കും ബാധകമാക്കുന്നു. ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ വ്യവസ്ഥകളെ സവിസ്തരം ചർച്ചചെയ്തശേഷം ആദിമ ക്രിസ്തീയ സഭയുടെ ഭരണസംഘം യഹൂദേതര വിശ്വാസികൾക്കു് ഇങ്ങനെ എഴുതി: "വിഗ്രഹങ്ങൾക്കു് അർപ്പിക്കപ്പെട്ട വസ്തുക്കളിൽനിന്നും രക്തത്തിൽനിന്നും ശ്വാസംമുട്ടിച്ചത്തവയിൽനിന്നും പരസംഗത്തിൽനിന്നും ഒഴിഞ്ഞിരിക്കണമെന്നുള്ള ഈ ആവശ്യമായ സംഗതികളല്ലാതെ കൂടുതലായ ഭാരം നിങ്ങൾക്കു കൂട്ടാതിരിക്കുന്നതിനോടു് പരിശുദ്ധാത്മാവും ഞങ്ങൾതന്നെയും അനുകൂലിച്ചിരിക്കുന്നു. നിങ്ങൾ ശ്രദ്ധാപൂർവ്വം ഈ കാര്യങ്ങളിൽനിന്നു് ഒഴിഞ്ഞിരിക്കുന്നുവെങ്കിൽ നിങ്ങൾ അഭിവൃദ്ധിപ്പെടും. നിങ്ങൾക്കു് നല്ല ആരോഗ്യം നേരുന്നു!" (പ്രവൃത്തികൾ 15:28, 29) അതുകൊണ്ടു് നാമും 'രക്തത്തിൽനിന്നു് ഒഴിഞ്ഞിരിക്കണം.' പരസംഗവും വിഗ്രഹാരാധനയും ഒഴിവാക്കുന്നതിനോടു് തുല്യമായ ഒരു നിലയിൽ വെച്ചിരിക്കുന്നതിനാൽ നാം അങ്ങനെ ചെയ്യുന്നതു് ഗൌരവമായ ഒരു സംഗതിയാണു്.

8 രക്തം ഒഴുക്കിക്കളയാത്ത ഒരു മൃഗത്തിന്റെ മാംസം നാം തിന്നരുതെന്നു്, ദൈവം രക്തത്തെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നതിൽനിന്നു് സ്പഷ്ടമാണു്. (ആവർത്തനം

---

7. (എ) ആദിമക്രിസ്ത്യാനികളുടെ ഭരണസംഘം രക്തത്തെ സംബന്ധിച്ചു് എന്തു് എഴുതി? (ബി) ആ തീരുമാനം 'രക്തത്തിൽനിന്നു് ഒഴിഞ്ഞിരിക്കേണ്ട'തിന്റെ ഗൌരവത്തെ സൂചിപ്പിക്കുന്നതെങ്ങനെ?

8. (എ) ഒരു മൃഗത്തിന്റെ രക്തം ഒഴുക്കിക്കളഞ്ഞിട്ടില്ലെങ്കിൽ അതിന്റെ മാംസം തിന്നാമോ? (ബി) രക്തം ഏതെങ്കിലും തരം ഭക്ഷണത്തോടുകൂടെ കലത്താമോ? (സി) മാനുഷരക്തം കുറഞ്ഞ പവിത്രതയുള്ളതല്ലാത്തതെന്തുകൊണ്ടു്?

12:15, 16) നാം മൃഗരക്തം തന്നെയോ മററു ഭക്ഷണപദാർത്ഥങ്ങളിൽ കലർത്തിയോ ഭക്ഷിക്കാവുന്നതുമല്ല. എന്നാൽ മൃഗരക്തം മാത്രമാണോ ഉൾപ്പെട്ടിരിക്കുന്നതു്? തീർച്ചയായും മാനുഷരക്തത്തിനു് പവിത്രത കുറവാണെന്നുള്ളതുപോലെ, മാനുഷരക്തം ഭക്ഷിക്കാൻ അനുവദിച്ചുകൊണ്ടു ദൈവം മൃഗരക്തം ഭക്ഷിക്കുന്നതിൽനിന്നു് മനുഷ്യവർഗ്ഗത്തെ വിലക്കിയില്ല! "ഏതുതരം രക്തവും ഭക്ഷിക്കുന്ന ദേഹിക്കെതിരായി ഞാൻ തീർച്ചയായും എൻെറ മുഖം തിരിക്കും" എന്നു് അവൻ പിന്നീടു് യിസ്രായേല്യരോടു പറഞ്ഞപ്പോൾ അവൻ ഇതു വ്യക്തമാക്കി.—ലേവ്യപുസ്തകം 17:10.

9 ഇതു് ആദിമക്രിസ്ത്യാനികൾക്കു നന്നായി മനസ്സിലായിരുന്നു. മറെറാരു മനുഷ്യൻെറ രക്തം കുടിക്കുന്നതു് ഒരുവൻെറ ആരോഗ്യത്തിനു ഗുണം ചെയ്യുമെന്നു് പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നുവെങ്കിലും, ശാരീരികമായും ആത്മീയമായും നിലനിൽക്കുന്ന നല്ല ആരോഗ്യം ദൈവത്തോടുള്ള അനുസരണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു് അവർ അറിഞ്ഞിരുന്നു. അതുകൊണ്ടു് പൊ. യു. രണ്ടും മൂന്നും നൂററാണ്ടുകളിലെ ഒരു ക്രിസ്തീയ എഴുത്തുകാരനായിരുന്ന തെർത്തുല്യൻ ഇങ്ങനെ പറഞ്ഞു: "മല്ലയുദ്ധപ്രദർശനങ്ങളിൽ, അപസ്മാരത്തിൻെറ സൌഖ്യത്തിനുവേണ്ടി പോർക്കളത്തിൽ കൊല്ലപ്പെട്ട മൃഗങ്ങളുടെ രക്തം മുറിവിൽനിന്നു് പുതുതായി ഒഴുകുമ്പോൾ ആർത്തിപിടിച്ച ദാഹത്തോടെ വലിച്ചു കുടിക്കുകയും അനന്തരം പാഞ്ഞുപോകുകയും ചെയ്യുന്നവരും—അവർ ആരിൽപെട്ടവരാണ്? ലളിതവും സ്വാഭാവികവുമായ ഭക്ഷ്യപദാർത്ഥങ്ങൾ ചേർന്ന തങ്ങളുടെ ആഹാരങ്ങളിൽ മൃഗരക്തംപോലുമില്ലാത്ത ക്രിസ്ത്യാനികളുടെ മുമ്പാകെ നിങ്ങളുടെ ഹീനരീതികൾ നിമിത്തം ലജ്ജിക്കു; ക്രിസ്ത്യാനികൾ ശ്വാസംമുട്ടിച്ചത്തതും സ്വാഭാവിക മരണം മരിച്ചതുമായവയെ വർജ്ജിക്കുന്നു . . . . ഒരൊററ ദൃഷ്ടാന്തംകൊണ്ടു സംഗതി ഗ്രഹിക്കുന്നതിനു്, നിങ്ങൾ രക്തഭോജ്യങ്ങളാൽ ക്രിസ്ത്യാനികളെ പ്രലോഭിപ്പിക്കുന്നു, ഇപ്രകാരം നിങ്ങൾ അവരെക്കൊണ്ടു ലംഘിപ്പിക്കാൻ ശ്രമിക്കുന്ന കാര്യം നിയമവിരുദ്ധമാണെന്നു് അവർ കരുതുന്നതായി നിങ്ങൾക്കറിവുള്ളതുകൊണ്ടുതന്നെ." ദൈവനിയമത്തിൽ ഏതുതരത്തിലുമുള്ള രക്തം, മൃഗരക്തവും മാനുഷരക്തവും, ഉൾപ്പെട്ടിരുന്നതായി അവർ മനസ്സിലാക്കിയിരുന്നു.

9. ഒരു ആദിമക്രിസ്തീയ എഴുത്തുകാരൻ (എ) ആ കാലത്തു ചിലർ രക്തം ഭക്ഷിച്ചതിൻെറ കാരണത്തെക്കുറിച്ചു് (ബി) രക്തത്തെ സംബന്ധിച്ചുള്ള ആദിമ ക്രിസ്ത്യാനികളുടെ വീക്ഷണത്തെ സംബന്ധിച്ചു്, എന്തു പറഞ്ഞു?

10 ഇന്നത്തെ മാനുഷരക്തത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചെന്ത്? രക്തത്തിനു ജീവൻ നിലനിർത്തുന്നതിനുള്ള ശക്തിയെ തിരിച്ചറിഞ്ഞുകൊണ്ട് മെഡിക്കൽ ഡോക്ടറന്മാർ രോഗികളുടെ ചികിത്സയ്ക്കു യഥേഷ്ടം രക്തപ്പകർച്ചകൾ ഉപയോഗിക്കുന്നു. ഇതു ദൈവേഷ്ടത്തിനു ചേർച്ചയായിട്ടാണോ? ഒരു രക്തപ്പകർച്ച സ്വീകരിക്കുന്നതു യഥാർത്ഥത്തിൽ "ഭക്ഷിക്കുക"യല്ലെന്ന് ചിലയാളുകൾ ന്യായവാദം ചെയ്തേക്കാം. എന്നാൽ ഒരു രോഗിക്കു വായിൽക്കൂടി ഭക്ഷിക്കാൻ പ്രാപ്തിയില്ലാത്തപ്പോൾ, ഒരു രക്തപ്പകർച്ച നടത്തുന്ന അതേ വിധത്തിൽ മിക്കപ്പോഴും ഡോക്ടറന്മാർ അയാളെ പോഷിപ്പിക്കുന്നുവെന്നതു സത്യമല്ലയോ? തിരുവെഴുത്തുകളെ ശ്രദ്ധാപൂർവം പരിശോധിക്കയും, അവ 'രക്തത്തിൽനിന്ന് *ഒഴിഞ്ഞിരിക്കാനും*' 'രക്തം *വർജ്ജിക്കാനും*' നമ്മോടു പറയുന്നുവെന്നു കുറിക്കൊള്ളുകയും ചെയ്യുക. (പ്രവൃത്തികൾ 15:20, 29) ഇതിന്റെ അർത്ഥമെന്താണ്? ഒരു ഡോക്ടർ ലഹരിവസ്തു വർജ്ജിക്കാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ കേവലം വായിലൂടെ അതു സ്വീകരിക്കരുതെന്നും, നിങ്ങളുടെ രക്തക്കുഴലുകളിലേക്കു നേരിട്ടു കടത്തിവിടാമെന്നുമാണോ അതിന്റെ അർത്ഥം? തീർച്ചയായുമല്ല! അങ്ങനെതന്നെ, 'രക്തം വർജ്ജിക്കുക"യെന്നതിന്റെ അർത്ഥം അതു നിങ്ങളുടെ ശരീരങ്ങളിലേക്കു അശേഷം സ്വീകരിക്കരുതെന്നാണ്.

11 ഇതു ബൈബിളിനെ അവഗണിക്കയും രക്തപ്പകർച്ചകൾ സ്വീകരിക്കയും ചെയ്യുന്നവരോടു താരതമ്യപ്പെടുത്തുമ്പോൾ ദൈവദാസന്മാരെ ഒരു പ്രാതികൂല്യത്തിൽ നിർത്തുന്നുവോ? ഇല്ല, അതു അവർക്കു യഥാർത്ഥപ്രയാസം വരുത്തുന്നില്ല. 'രക്തത്തിൽനിന്നു' ഒഴിഞ്ഞിരിക്കാൻ' ക്രിസ്ത്യാനികളോടു പറഞ്ഞശേഷം ഉടൻതന്നെ "നിങ്ങൾ ശ്രദ്ധാപൂർവം ഈ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുന്നുവെങ്കിൽ നിങ്ങൾ അഭിവൃദ്ധിപ്പെടും. നിങ്ങൾക്കു നല്ല ആരോഗ്യം നേരുന്നു!" എന്നു തിരുവെഴുത്തുകൾ പറയുന്നുവെന്നതു മറ

---

10. (എ) ഒരു രക്തപ്പകർച്ച സ്വീകരിക്കുന്നതു യഥാർത്ഥത്തിൽ "ഭക്ഷിക്കു"ന്നതിൽനിന്ന് വ്യത്യസ്തമല്ലാത്തതെന്തുകൊണ്ടെന്ന് വിശദീകരിക്കുക. (ബി) 'രക്തം വർജ്ജിക്കുക' എന്നതിനു നമ്മുടെ ശരീരങ്ങളിലേക്കു രക്തം അശേഷം സ്വീകരിക്കാതിരിക്കുകയെന്നാണർത്ഥമെന്നു വിശദീകരിക്കുക.

11. (എ) 'രക്തം വർജ്ജിക്കുന്നതു'' ദൈവദാസന്മാർക്ക് എന്തെങ്കിലും യഥാർത്ഥ പ്രയാസം വരുത്തുന്നുവോ? (ബി) രക്തപ്പകർച്ച സ്വീകരിക്കുന്ന അനേകം രോഗികൾക്കു എന്തു സംഭവിക്കുന്നു? (സി) ഒരു ആൾക്കു രക്തം കൊടുക്കപ്പെട്ടില്ലെങ്കിൽ അയാൾ മരിക്കുമെന്നു ഡോക്ടർമാർക്ക് ഉറപ്പുണ്ടായിരിക്കാൻ കഴിയുമോ?

ക്കരുത്. (പ്രവൃത്തികൾ 15:29) ദൈവം അതു് ഒരു ഉദ്ദേശ്യപൂർവ്വമാണ് ബൈബിളിൽ രേഖപ്പെടുത്തിച്ചതു്. താൻ സംസാരിക്കുന്നതെന്തിനെക്കുറിച്ചാണെന്നവനറിയാം! അവന് രക്തത്തെ സംബന്ധിച്ചു് ഡോക്ടറന്മാരേക്കാളധികമറിയാം. അവർ സദുദ്ദേശ്യമുള്ളവരായിരിക്കാമെങ്കിലും അവരുടെ ശ്രമങ്ങൾ എല്ലായ്പോഴും അഭിലഷണീയമായ ഫലങ്ങൾ ഉളവാക്കുന്നില്ല. (മർക്കോസ് 5:25-29) മിക്കരോഗികളും രക്തപ്പകർച്ചകളെ അതിജീവിക്കുന്നുവെങ്കിലും, അനേകർ തൽഫലമായി രോഗബാധിതരായിത്തീരുന്നു, ഓരോ വർഷവും അവയുടെ നേരിട്ടുള്ള ഫലമായി ആയിരക്കണക്കിനാളുകൾ മരിക്കയും ചെയ്യുന്നുവെന്നതാണു പരമാർത്ഥം. ഇങ്ങനെയുള്ള ദൂഷ്യംവരുത്താത്ത മററു ചികിത്സാരീതികളുമുണ്ടു്. ഒരു രോഗി ഒരു രക്തപ്പകർച്ചയ്ക്കു വിധേയമാകുന്നില്ലെങ്കിൽ അയാൾ ചുരുങ്ങിയ സമയത്തിനുള്ളിൽ മരിച്ചേക്കാമെന്നു ഡോക്ടർ അയാളോടു പറഞ്ഞേക്കാം, എന്നാൽ രക്തം സ്വീകരിച്ചാലും രോഗി മരിച്ചേക്കാം. നേരേമറിച്ചു്, നിങ്ങൾക്കറിയാവുന്നതുപോലെ, ഡോക്ടർമാർ വിരുദ്ധമായി പറഞ്ഞാലും നല്ല ആരോഗ്യം വീണ്ടെടുക്കുന്ന അനേകം രോഗികളുണ്ടു്.

[12] ഈ വ്യവസ്ഥിതിയിൽ ഒരുവൻ ഏതാനും ചില വർഷങ്ങൾകൂടി ജീവനോടെ ഇരുന്നേക്കാമെന്നുള്ള സംശയകരമായ സാദ്ധ്യതയ്ക്കു്, ദൈവനിയമം ലംഘിച്ചുകൊണ്ടു് അവനു പുറന്തിരിഞ്ഞുകളയുന്നതു് സുബുദ്ധിയാണോ? ദൈവനിയമം ലംഘിച്ചുകൊണ്ടു് നാം നമ്മുടെ ജീവനെ അഥവാ ദേഹിയെ രക്ഷിക്കാൻ ശ്രമിക്കുന്നുവെങ്കിൽ നമുക്കു് അതു നിത്യമായി നഷ്ടപ്പെട്ടും. അതുകൊണ്ടാണ് യേശുക്രിസ്തു "തന്റെ ദേഹിയെ രക്ഷിക്കാൻ ആഗ്രഹിക്കുന്ന ഏവനും അതിനെ നഷ്ടപ്പെടുത്തും; എന്നാൽ എനിക്കുവേണ്ടി തന്റെ ദേഹിയെ നഷ്ടപ്പെടുത്തുന്ന ഏവനും അതിനെ കണ്ടെത്തും" എന്നു പറഞ്ഞതു്. (മത്തായി 16:25) അതുകൊണ്ടു് ബുദ്ധിപൂർവ്വമായ ഗതി എല്ലായ്പോഴും ദൈവനിയമത്തിന്റെ ഔചിത്യത്തിൽ ഉറപ്പുണ്ടായിരിക്കയും, ആവശ്യമെങ്കിൽ തന്റെ പുതിയ വ്യവസ്ഥിതിയിൽ ഒരു പുനരുത്ഥാനത്താൽ വീണ്ടും നമുക്കു ജീവൻ നൽകാൻ ദൈവത്തിനു കഴിയുമെന്നു പൂർണ്ണവിശ്വാസമുണ്ടായിരിക്കയും ചെയ്യുകയെന്നതാണ്. (1 തെസ്സ

---

12. (എ) ദൈവനിയമത്തെ ലംഘിച്ചുകൊണ്ടു് ഒരുവന്റെ ജീവനെ രക്ഷിക്കാൻ ശ്രമിക്കുന്നതു് ബുദ്ധിയല്ലാത്തതെന്തുകൊണ്ടു്? (ബി) നമ്മുടെ ഇപ്പോഴത്തെ ജീവൻ ദൈവത്തോടുള്ള വിശ്വസ്തതയേക്കാൾ വിലയേറിയതാണോ?

ലോനീക്യർ (4:13,14) ആ വിധത്തിൽ നാം ജീവനോടു് ദൈവികമായ ആദരവു് പ്രകടിപ്പിക്കുന്നതായിരിക്കും. നാം ഇപ്പോഴത്തെ നമ്മുടെ ജീവനെ ദൈവത്തോടുള്ള വിശ്വസ്തതയേക്കാൾ വിലയേറിയതായി വീക്ഷിക്കുകയില്ല. പകരം, സത്യത്തിൻെറ വഴിയിൽ നടക്കുന്നവർക്കുവേണ്ടി ദൈവം ചെയ്തിരിക്കുന്ന *നിത്യ*ജീവൻെറ കരുതലിന്മേൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കും.

[13] മുമ്പത്തേക്കാളധികമായി, എല്ലായിടത്തുമുള്ള ആളുകൾ ജീവനെ സംബന്ധിച്ചുള്ള ദൈവത്തിൻെറ വീക്ഷണഗതി മനസ്സിലാക്കേണ്ടതിൻെറ അടിയന്തിരമായ ആവശ്യമുണ്ടു്. ജീവനെ രക്ഷിക്കുന്നതിനു് യഹോവയാം ദൈവംതന്നെ ചെയ്തിരിക്കുന്ന കരുതലിനെക്കുറിച്ചു് അവർ പഠിക്കേണ്ട ആവശ്യമുണ്ടു്. വിശ്വാസമർപ്പിക്കുന്നവർക്കുവേണ്ടി തൻെറ സ്വന്തം ജീവരക്തം ചൊരിയുവാൻ തൻെറ പുത്രനായ യേശുക്രിസ്തുവിനെ അവൻ അയച്ചു, അവൻ അവനെ മരിച്ചവരിൽനിന്നു് ഉയിർപ്പിച്ചു. (എബ്രായർ 13:20, 21) രക്തപ്പകർച്ചകളാലല്ല, യേശുവിൻെറ ചൊരിയപ്പെട്ട രക്തത്തിലുള്ള വിശ്വാസത്താൽ മാത്രമാണു് രക്ഷപ്രാപിക്കാൻ കഴിയുന്നതു്. ഇപ്പോൾ ഈ പഴയ വ്യവസ്ഥിതി അവസാനിക്കുന്നതിനുമുമ്പു് ആ വിശ്വാസം സമ്പാദിക്കയും പ്രകടിപ്പിക്കയും ചെയ്യേണ്ടതു് അടിയന്തിരമാണു്. നാം ഈ സ്നേഹപൂർവകമായ കരുതലിനെക്കുറിച്ചു മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, അപ്പോൾ നാം അതിനെക്കുറിച്ചു മററുള്ളവരോടു പറയാൻ പ്രേരിതരായിത്തീരണം. മററുള്ള ആളുകളുടെ ജീവനോടുള്ള ദൈവികമായ താൽപ്പര്യം തീക്ഷ്ണതയോടും ധൈര്യത്തോടുംകൂടെ അതു ചെയ്യുന്നതിനു നമ്മെ പ്രേരിപ്പിക്കും. (യെഹെസ്ക്കേൽ 3:17-21) നാം ഈ ഉത്തരവാദിത്തം വഹിക്കയും, അവക്കെല്ലാം കേൾക്കുന്നതിനു അവസരം ലഭിക്കയും ചെയ്യുന്നതുവരെ അതിൽ ഉററിരിക്കുകയുമാണെങ്കിൽ, അപ്പോസ്തലനായ പൌലോസ് പറഞ്ഞതുപോലെ, പറയാൻ നമുക്കു കഴിയും: "ഞാൻ സകല മനുഷ്യരുടെയും രക്തത്തിൽനിന്നു് ശുദ്ധിയുള്ളവനാണു്, എന്തെന്നാൽ ഞാൻ ദൈവത്തിൻെറ സകല ആലോചനയും നിങ്ങളോടറിയിക്കുന്നതിൽനിന്നു് പിന്മാറിനിന്നില്ല."—പ്രവൃത്തികൾ 20:26, 27.

---

13. (എ) രക്തപ്പകർച്ചകളാലല്ലാതെ, എങ്ങനെ മാത്രമേ രക്ഷപ്രാപിക്കാൻ കഴികയുള്ളു? (ബി) അപ്പോസ്തലനായ പൌലോസിനെപ്പോലെ "സകല മനുഷ്യരുടെയും രക്തത്തിൽനിന്നു് ശുദ്ധിയുള്ളവ"രായിരിക്കേണ്ടതിനു് നാം എന്തു ചെയ്യേണ്ട ആവശ്യമുണ്ടു്?

# ഒരു സന്തുഷ്ട കുടുംബ ജീവിതം കെട്ടിപ്പടുക്കുന്നു

ഉപദേശപരമായ കാര്യങ്ങൾ സംബന്ധിച്ച സത്യം നൽകുന്നതിനു പുറമേ, ബൈബിൾ കുടുംബജീവിതം സംബന്ധിച്ചും ധാരാളം സദുപദേശം നൽകുന്നു. അതു ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെ വിജയകരമായി നേരിടേണ്ടതെങ്ങനെയെന്ന് നമുക്കു കാണിച്ചുതരുന്നു. നമുക്കു മെച്ചമായ ഉപദേശം ലഭിക്കാൻ സാധിക്കുന്ന മറെറാരു സ്ഥലമില്ല, എന്തുകൊണ്ടെന്നാൽ ബൈബിളിൻെറ ഗ്രന്ഥകർത്താവായ യഹോവയാണ് വിവാഹം ഉളവാക്കിയതും കുടുംബജീവിതം ക്രമീകരിച്ചതും.—ഉല്പത്തി 2:18, 22.

2 ദൈവം ഒന്നാംമനുഷ്യനെയും സ്ത്രീയെയും ഭർത്താവും ഭാര്യയുമെന്ന നിലയിൽ കൂട്ടിവരുത്തിയപ്പോൾ, അവൻ അവരുടെയിടയിൽ സ്ഥിതിചെയ്യേണ്ട ഐക്യത്തെ ഊന്നിപ്പറഞ്ഞു: "ആദിമുതൽ അവരെ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി ഉണ്ടാക്കിയെന്നും 'ഈ കാരണത്താൽ ഒരു പുരുഷൻ അവൻെറ അപ്പനേയും അമ്മയേയും വിട്ട് അവൻെറ ഭാര്യയോടു പററിനിൽക്കുമെന്നും, ഇരുവരും ഒരു ജഡമായിരിക്കു'മെന്നും പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? അതിനാൽ അവർ മേലാൽ രണ്ടല്ല, ഒരു ജഡമാണ്" എന്നു പറഞ്ഞപ്പോൾ യേശുക്രിസ്തു ഇതിലേക്കു ശ്രദ്ധ ആകർഷിച്ചു. (മത്തായി 19:4-6) അവർ മത്സരികളായിരിക്കരുതായിരുന്നു. അവർ ഒരേ പാർപ്പിടത്തിൽ ഒരുമിച്ചു പാർക്കുന്ന വെറും പരിചയക്കാരുമായിരിക്കരുതായിരുന്നു. ഇല്ല, അവർ "ഒരു ജഡ"മായിരിക്കേണ്ടിയിരുന്നു. അതുകൊണ്ട് വിവാഹ ഇണകൾ അന്യോന്യം ആഴമായ സ്നേഹം വളർത്തുകയും ഉദ്ദേശൈക്യത്തിൽ പററിനിൽക്കാൻ ശ്രമിക്കയും വേണം.

---

1. കുടുംബജീവിതത്തെ സംബന്ധിച്ച് ഉപദേശം ലഭിക്കുന്നതിനു ബൈബിളിനേക്കാൾ മെച്ചപ്പെട്ട സ്ഥലമില്ലാത്തതെന്തുകൊണ്ട്?
2. (എ) ഭർത്താവും ഭാര്യയും തമ്മിൽ സ്ഥിതിചെയ്യേണ്ട ഐക്യത്തിലേക്കു യേശുക്രിസ്തു ശ്രദ്ധ ആകർഷിച്ചതെങ്ങനെ? (ബി) ഇതു് അവർ എന്തു വളർത്തേണ്ടതാവശ്യമാക്കിത്തീർക്കുന്നു?

## ഭർത്താവിന്റെയും ഭാര്യയുടെയും ബന്ധം

3 വിവാഹജീവിതം യഥാർത്ഥത്തിൽ സന്തുഷ്ടമായിരിക്കണമെങ്കിൽ ഭർത്താവും ഭാര്യയും യഥാക്രമത്തിലുള്ള തങ്ങളുടെ സ്ഥാനങ്ങളെ വിലമതിക്കണം. ഇവ കേവലം പ്രാദേശികാചാരത്താൽ വെക്കപ്പെട്ടിരിക്കുന്നവയല്ല. അവ ദൈവത്തിന്റെ സ്വന്തം വചനമായ ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്നു, അവ സൃഷ്ടിയുടെ സമയത്തു് ദൈവം പുരുഷനിലും സ്ത്രീയിലും വെച്ച ഗുണങ്ങൾക്കു ചേർച്ചയായിട്ടുമാണ്. താൻ മനുഷ്യനെ എങ്ങനെ സൃഷ്ടിച്ചുവെന്നുള്ളതും അവന്റെ വീക്ഷണത്തിലുണ്ടായിരുന്ന ഉദ്ദേശ്യവും അറിഞ്ഞുകൊണ്ടു് യഹോവ തന്റെ വചനത്തിൽ "ക്രിസ്തുവും സഭയുടെ തലയായിരിക്കുന്നതുപോലെ ഒരു ഭർത്താവു് തന്റെ ഭാര്യയുടെ തലയാകുന്നു" എന്നു രേഖപ്പെടുത്തിച്ചു. (എഫേസ്യർ 5:23) ഇതിന്റെ അർത്ഥം കുടുംബപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടും അന്തിമതീരുമാനങ്ങൾ ചെയ്യുന്നതിന്റെ ഉത്തരവാദിത്തം വഹിച്ചുകൊണ്ടും ഭർത്താവു് ഭവനത്തിൽ നേതൃത്വമെടുക്കണമെന്നാണ്. എന്നാൽ ഇതു തന്റെ കുടുംബത്തിൽ പരുഷവും ക്രൂരവുമായി ഭരിക്കുന്നവനായിരിക്കാൻ അവനെ അധികാരപ്പെടുത്തുന്നില്ല.—കൊലോസ്യർ 3:19.

4 അനേകം പുരുഷന്മാർ സ്നേഹരഹിതമായ ഒരു വിധത്തിൽ ശിരഃസ്ഥാനം പ്രയോഗിച്ചിട്ടുണ്ടെങ്കിലും ക്രിസ്തീയ ഭർത്താക്കന്മാർ ഇതു് ഒഴിവാക്കണം. യേശുക്രിസ്തു ക്രിസ്തീയ സഭയുടെ മേൽ എങ്ങനെ ശിരഃസ്ഥാനം പ്രയോഗിച്ചിരിക്കുന്നുവെന്നു് അവർ ശ്രദ്ധാപൂർവ്വം പഠിക്കുകയും അനന്തരം അവന്റെ നല്ല ദൃഷ്ടാന്തത്തെ പിന്തുടരുകയും വേണം. എഫേസ്യർ 5:25-ൽ ഭർത്താക്കന്മാർ ഇങ്ങനെ ബുദ്ധിയുപദേശിക്കപ്പെട്ടിരിക്കുന്നു: "ക്രിസ്തുവും, സഭയെ സ്നേഹിക്കയും തന്നെത്താൻ അതിനുവേണ്ടി ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ, നിങ്ങളുടെ ഭാര്യമാരെ തുടർന്നു സ്നേഹിപ്പിൻ." അങ്ങനെ ചെയ്യുന്നതിനാൽ അവർ തങ്ങളുടെ ഭാര്യമാരോടു് അമിതമായി കർക്കശരായിരിക്കയില്ല, പിന്നെയോ ബന്ധപ്പെട്ട എല്ലാവരേയും ഉത്തേജിപ്പിക്കുന്ന വിധത്തിൽ കുടുംബകാര്യങ്ങൾ കൈകാര്യംചെയ്യും.—മത്തായി 11:28-30.

---

3. (എ) എഫേസ്യർ 5:23 ഭർത്താവിന്റെ സ്ഥാനത്തെ വർണ്ണിക്കുന്നതെങ്ങനെ? (ബി) ഇതിന്റെ അർത്ഥമെന്തു്?
4. ആരുടെ നല്ല ദൃഷ്ടാന്തത്തെ ക്രിസ്തീയ ഭർത്താക്കന്മാർ പഠിക്കണം, എന്തു പ്രയോജനങ്ങളോടെ?

[5] തന്റെ ഭാഗത്ത് ഭാര്യയ്ക്ക് "അവളുടെ ഭർത്താവിനോട് ആഴമായ ബഹുമാനം ഉണ്ടായിരിക്കണം." (എഫേസ്യർ 5:33) നേതൃത്വം എടുക്കുവാൻ ദൈവത്താൽ അധികാരപ്പെടുത്തപ്പെട്ടവൻ അവനാകയാൽ, അവന്റെ ശിരഃസ്ഥാനത്തിനു മനസ്സോടെ കീഴ്പ്പെടുന്നതിനാൽ അവൾക്കു കുടുംബസന്തുഷ്ടിക്കു വലിയ സംഭാവന ചെയ്യാൻ കഴിയും. (കൊലോസ്യർ 3:18) അവൾ തന്റെ ഭർത്താവിനേക്കാൾ സൂക്ഷ്മബുദ്ധിയുള്ളവളാണെങ്കിൽ—ചിലപ്പോൾ അതാണു സംഗതി—അവനോടു മത്സരിക്കയോ, അവൻ ചെയ്യുന്നതിനെ നിസ്സാരീകരിക്കയോ ചെയ്യുന്നതിനു പകരം, ശിരസ്സ് എന്ന നിലയിലുള്ള അവന്റെ പങ്കിൽ അവനെ പിന്താങ്ങുന്നതിനു അവൾക്കു ഈ ഗുണം ഉപയോഗിക്കാൻ കഴിയും. (സദൃശവാക്യങ്ങൾ 12:4) കുടുംബജീവിതത്തോടുള്ള ബന്ധത്തിൽ അവൾക്കു ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. "ദൈവവചനത്തെക്കുറിച്ചു ദൂഷിപറയാതിരിക്കേണ്ടതിനു തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കുന്നതിനും, തങ്ങളുടെ മക്കളെ സ്നേഹിക്കുന്നതിനും, സുബോധമുള്ളവരും, നിർമ്മലരും, വീട്ടിൽ ജോലി ചെയ്യുന്നവരും, നല്ലവരും, തങ്ങളുടെ സ്വന്തം ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരുമായിരിക്കുന്നതിനും" വിവാഹിതരായ സ്ത്രീകളെ ബൈബിൾ ഉചിതമായി പ്രേരിപ്പിക്കുന്നു.(തീത്തോസ് 2:4, 5) ഈ കർത്തവ്യങ്ങൾ നിറവേററുന്ന ഭാര്യയും മാതാവുമായവൾ, അവളുടെ കുടുംബത്തിന്റെ നിലനില്ക്കുന്ന സ്നേഹവും ബഹുമാനവും നേടും.—സദൃശവാക്യങ്ങൾ 31:10, 11, 26-28.

[6] ഒരു ഭർത്താവു് തന്റെ ഭാര്യയുടെ സ്ത്രീസഹജമായ പ്രകൃതത്തെയും, വൈകാരികഘടനയെയും പരിഗണിക്കാത്തപ്പോൾ അനേകം ഭവനങ്ങളിൽ പ്രശ്നങ്ങൾ ഉളവാകുന്നു. അവൾ കാര്യങ്ങളെ വ്യത്യസ്തമായി വീക്ഷിക്കുന്നുവെന്നു് അവൻ വിലമതിക്കേണ്ട ആവശ്യമുണ്ട്. അവളുടെ വികാരങ്ങൾ ഒരു വ്യത്യസ്തവിധത്തിൽ പ്രതിവർത്തിക്കുന്നു. അവൾക്കു് അവന്റെ ശക്തിയില്ല. അപ്രകാരം ഭർത്താക്കന്മാരോടുള്ള നിശ്വസ്തബുദ്ധിയു

---

5. (എ) ഒരു ക്രിസ്തീയഭാര്യ തന്റെ ഭർത്താവിനെ എങ്ങനെ വീക്ഷിക്കണം? (ബി) ഒരു ഭാര്യ ഭർത്താവിനേക്കാൾ സൂക്ഷ്മബുദ്ധിയുള്ളവളാണെങ്കിൽ, അവൾക്കു് ഒരു പ്രയോജനകരമായ വിധത്തിൽ ഈ ഗുണത്തെ എങ്ങനെ ഉപയോഗിക്കാൻ കഴിയും? (സി) തീത്തോസ് 2:4, 5-ൽ വിവാഹിതരായ സ്ത്രീകളുടെ എന്തു് ഉത്തരവാദിത്വങ്ങൾ വിവരിച്ചിരിക്കുന്നു?

6. (എ) ചില ഭർത്താക്കന്മാർ പ്രശ്നങ്ങളുളവാക്കിക്കൊണ്ടു് തങ്ങളുടെ ഭാര്യമാരുടെ സംഗതിയിൽ എന്തു പരിഗണിക്കാതിരിക്കുന്നു? (ബി) അതുകൊണ്ടു് 1 പത്രോസ് 3:7 ഭർത്താക്കന്മാരെ എന്തു ചെയ്യാൻ ഉപദേശിക്കുന്നു?

പദേശം ഇതാണ്: "നിങ്ങളും അവരോട്ടകൂടെ ജീവൻെറ അനർഹമായ അനുഗ്രഹങ്ങളുടെ അവകാശികളാകയാൽ, ബല ഹീനതയേറിയ ഒരു പാത്രത്തിനെന്നപോലെ അവക്ക്, സ്ത്രീ യായവർക്കു്, ബഹുമാനം കൊടുത്തുകൊണ്ടു് അവരോടുകൂടെ ...പരിജ്ഞാനപ്രകാരം വസിപ്പിൻ." (1 പത്രോസ് 3:7) ഒരു ഭർത്താവു് ഇതുചെയ്യുമ്പോൾ,അവൻ ഭവനത്തിൽ ധാരണ യുടെയും സുരക്ഷിതത്വത്തിൻെറയും ഒരു ആത്മാവു കൈവരു ത്തുന്നതിനു സഹായിക്കുന്നു.

[7] ലോകജനങ്ങളുടെ ഇടയിൽ വിവാഹബന്ധത്തിനു പുറ ത്തുള്ള ലൈംഗികതാല്പര്യങ്ങളാൽ കുടുംബസുരക്ഷിതത്വം താറു മാറാകുക പതിവാണ്. എന്നാൽ ദൈവവചനത്തിനു ചേർച്ച യായി ജീവിക്കുന്നവർ, അങ്ങനെയുള്ള നടത്ത കൈവരുത്തുന്ന ഹൃദയവേദനയിൽനിന്നും സങ്കടത്തിൽനിന്നും സംരക്ഷിക്ക പ്പെടുന്നു. മനസ്സിലാക്കാൻ എളുപ്പമായ ഭാഷയിൽ ബൈ ബിൾ മുന്നറിയിപ്പു നൽകുന്നു: "വിവാഹം എല്ലാവരുടെയും ഇടയിൽ മാന്യവും വിവാഹശയ്യ നിർമ്മലവുമായിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ ദൈവം പരസംഗക്കാരെയും വ്യഭിചാരി കളെയും ന്യായം വിധിക്കും." (എബ്രായർ 13:4) ദുർന്നടത്തയ്ക്കു അനുവാദമില്ല. ദൈവദാസരായിരിക്കാനാഗ്രഹിക്കുന്നവർ ശുദ്ധമായ ജീവിതം നയിക്കണം. (1 തെസ്സലോനീക്യർ 4: 3-8) അവർ തങ്ങളുടെ ലൈംഗികതാല്പര്യങ്ങൾ തങ്ങളുടെ സ്വന്തം നിയമാനുസൃത വിവാഹ ഇണകളിൽ പരിമിതപ്പെടു ത്തണം. അങ്ങനെ ചെയ്യുന്നതിന് അവർ ദൈവമുമ്പാകെ ഉത്തരവാദിത്തമുള്ളവരാണ്. (സദൃശവാക്യങ്ങൾ 5:15-21) ദുഷ്പ്രവൃത്തിക്കുള്ള എന്തെങ്കിലും പ്രലോഭനങ്ങളെ ഒഴിവാ ക്കുന്നതിന് പരസ്പരം സഹായിക്കാൻ ഭാര്യാഭർത്താക്കന്മാർക്കു് ആത്മാർത്ഥമായ ആഗ്രഹം ഉണ്ടായിരിക്കണം. അന്യോന്യം നിസ്വാർത്ഥമായ പരിഗണനകാണിക്കുന്നതിനാൽ അവർക്ക് ഇതു ചെയ്യാൻ കഴിയും.—1 കൊരിന്ത്യർ 7:3-5.

[8] എന്നിരുന്നാലും, നാം ചർച്ചചെയ്തുകഴിഞ്ഞ ദൈവിക തത്വങ്ങൾക്കനുയോജ്യമായി യഥാർത്ഥത്തിൽ ഒരു വിവാഹ ബന്ധം പ്രവർത്തിക്കണമെങ്കിൽ ആത്മീയ കാര്യങ്ങൾക്കും

---

7. (എ) എബ്രായർ 13:4-ൽ എഴുതപ്പെട്ടിരിക്കുന്നതു് പ്രായോഗികമാക്കുന്നതു് ഭവനത്തിൽ ഒരു സുരക്ഷിതത്വ ബോധത്തിനു സംഭാവന ചെയ്യുന്നതെങ്ങനെ? (ബി) ഒരു ക്രിസ്ത്യാനിയുടെ ലൈംഗികതാല്പര്യങ്ങൾ ആരിൽ പരിമിത പ്പെടുത്തണം, എന്തുകൊണ്ടു്?

8. (എ) ഒരു വിവാഹം നന്നായി പ്രവർത്തിക്കണമെങ്കിൽ, ഭവനത്തിൽ പ്രഥമ പ്രാധാന്യമുള്ളതെന്തിനായിരിക്കണം? (ബി) അതുകൊണ്ടു് കുടുംബജീവിത രീതിയുടെ ഭാഗം എന്തായിരിക്കണം?

നിരന്തരമായ പ്രാധാന്യം കൊടുക്കണം. ഭവനത്തിൽ യഹോവയാം ദൈവത്തിന്റെ ആരാധനയ്ക്കു പ്രഥമപ്രാധാന്യം ഉണ്ടായിരിക്കണം. കൂടുതൽ ഭൗതിക വസ്തുക്കൾ സമ്പാദിക്കുന്നതിനോ ഉല്ലാസാന്വേഷണത്തിനു കൂടുതൽ സമയം ലഭിക്കുന്നതിനോ ഉള്ള ശ്രമങ്ങൾക്കുവേണ്ടി അതു മാററിവെയ്ക്കപ്പെടരുത്. (ലൂക്കോസ് 8:11, 14, 15) കുടുംബപ്രാർത്ഥനയും നിരന്തരമുള്ള കുടുംബബൈബിളദ്ധ്യയനങ്ങളും ഓരോ കുടുംബത്തിന്റെയും ജീവിതരീതിയുടെ ഭാഗമായിരിക്കണം. നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ ഇതിനു ക്രമീകരണം ചെയ്യുന്നുണ്ടോ?

### ദൈവിക വിധത്തിൽ മക്കളെ വളർത്തുന്നു

9 മക്കൾ ജനിക്കുമ്പോൾ ആ കുഞ്ഞുങ്ങളുടെ ജീവിതം നന്നായി വരുന്നതുകാണണമെന്നുള്ളതു് സ്നേഹമുള്ള മാതാപിതാക്കളുടെ ആത്മാർത്ഥമായ ആഗ്രഹമാണ്. എന്നാൽ ആ വേല പ്രയാസമില്ലാത്ത ഒന്നല്ല. മാർഗ്ഗമദ്ധ്യേ പൊന്തിവരുന്ന അനേകം പ്രശ്നങ്ങളുണ്ട്. ദൈവവചനത്തിലെ ബുദ്ധിയുപദേശങ്ങൾ പ്രായോഗികമാക്കുന്നതിനാൽ മാത്രമേ ഇവയെ വിജയപ്രദമായി നേരിടാൻ കഴിയൂ.—സദൃശവാക്യങ്ങൾ 22:6; ആവർത്തനം 11:18, 21.

10 ഉചിതമായ ഭക്ഷണവും, വൃത്തിയുള്ള വസ്ത്രവും ജീവിക്കുന്നതിന് ഉല്ലാസപ്രദമായ ഒരു ഭവനവും ഉണ്ടായിരിക്കുന്നതിൽ ശ്രദ്ധിക്കുന്നതിന് സാധാരണയായി ധാരാളം സമയവും ശ്രമവും ആവശ്യമാണ്. എന്നാൽ മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വം യാതൊരു പ്രകാരത്തിലും അവിടെ അവസാനിക്കുന്നില്ലെന്ന് ബൈബിൾ ആവർത്തിച്ചു പ്രകടമാക്കുന്നു. ദൈവവചനപ്രബോധനത്തിനുള്ള കുടുംബപരിപാടിയിൽ മക്കളെ ക്രമമായി ഉൾപ്പെടുത്തുന്നതു് ജീവൽപ്രധാനമാണ്. (സങ്കീർത്തനം 78:5-7 [77:5-7, *Dy*]) ക്രമമായ അദ്ധ്യയനസമയങ്ങളിൽ മാത്രമല്ല, മററു സമയങ്ങളിലും മാതാപിതാക്കന്മാർ യഹോവയെയും അവന്റെ വഴികളെയും സംബന്ധിച്ച് തങ്ങളുടെ മക്കളോടു സംസാരിക്കണം. (ആവർത്തനം 6:6, 7) ഇതു ചെയ്യപ്പെടുമ്പോൾ, കുട്ടികൾ ജീവിതപ്രവർത്തനങ്ങളോടെല്ലാമുള്ള ബന്ധത്തിൽ ദൈവത്തെക്കുറിച്ചു ചിന്തിക്കാൻ പഠിക്കുന്നു.

---

9. കുട്ടികളെ വളർത്തുന്നതിലുള്ള പ്രശ്നങ്ങളെ എങ്ങനെ വിജയകരമായി നേരിടാൻ കഴിയും?

10. (എ) ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും പുറമെ, കുട്ടികൾക്കു ജീവൽപ്രധാനമായി എന്താവശ്യമാണ്? (ബി) ഇതു് എപ്പോൾ നൽകപ്പെടണം?

[11] കുടുംബത്തലവനെന്ന നിലയിൽ മുഖ്യമായി പിതാവിന്മേലാണ് തിരുവെഴുത്തുകൾ ഈ പ്രബോധനം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം വെക്കുന്നത്. അവൻ അതിനു വേണ്ടി കരുതൽ ചെയ്യുകയും അതു കൊടുക്കുന്നതിൽ വ്യക്തിപരമായ നേതൃത്വമെടുക്കുകയും ചെയ്യുമ്പോൾ മുഴുകുടുംബവും കുറേക്കൂടെ അടുക്കുന്നു. അതേസമയം കുട്ടികൾക്കു വളരെയധികം ആവശ്യമായ തരത്തിലുള്ള പരിശീലനം കൊടുക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് എഫേസ്യർ 6:4-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഹൃദയത്തിൽ കരുതിക്കൊള്ളുന്നത് പ്രധാനമാണ്: "പിതാക്കന്മാരേ, നിങ്ങൾ നിങ്ങളുടെ മക്കളെ പ്രകോപിപ്പിക്കാതെ യഹോവയുടെ ശിക്ഷണത്തിലും ആധികാരികമായ ഉപദേശത്തിലും അവരെ വളർത്തിക്കൊണ്ടുവരിക."— സദൃശവാക്യങ്ങൾ 4:1 കൂടെ കാണുക.

[12] പഠിപ്പിക്കപ്പെടേണ്ട "യഹോവയുടെ . . . ശിക്ഷണ"ത്തിൻെറ ഭാഗത്തിൽ കുട്ടിയുടെ മാതാപിതാക്കളെ അനുസരിക്കാനുള്ള അതിൻെറ കടപ്പാടും ഉൾപ്പെടുന്നു. ഇതു നിസ്സാരമായി കരുതേണ്ട ഒന്നല്ല. എന്തുകൊണ്ടെന്നാൽ നിത്യജീവനുവേണ്ടിയുള്ള കുട്ടിയുടെ സാദ്ധ്യതകൾ ഉൾപ്പെട്ടിരിക്കുന്നത്. (എഫേസ്യർ 6:1–3) കുട്ടികൾ അവരുടെ മാതാപിതാക്കളെ അനുസരിക്കണമെന്നാവശ്യപ്പെടുന്നത് ദൈവമാണ്. തങ്ങളുടെ സന്താനത്തിൻെറ മനസ്സിലും ഹൃദയത്തിലും ഈ പാഠം ക്ഷമാപൂർവ്വം സ്ഥിരമായും പതിപ്പിക്കുന്നുവെങ്കിൽ അതു മാതാപിതാക്കളുടെ ഭാഗത്തെ ജ്ഞാനത്തെ പ്രകടമാക്കുന്നു. —കൊലോസ്യർ 3:20, 23.

[13] ഇതു കുട്ടിയോട് ശരിയെന്താണെന്നു പറയുന്നതിനേക്കാളധികം ആവശ്യമാക്കിത്തീർക്കുന്ന സമയങ്ങളുണ്ട്. തെററാണെന്നറിയാവുന്നത് അവൻ മനഃപൂർവ്വം ചെയ്യുമ്പോൾ, സംഗതിയുടെ ഗൗരവം അവനെ ബോദ്ധ്യപ്പെടുത്തുന്നതിന് അധികം ശക്തമായ നടപടി ആവശ്യമാണ്. "ഒരു ബാലൻെറ ഹൃദയത്തോടു ഭോഷത്വം ബന്ധപ്പെട്ടിരിക്കുന്നു; ശിക്ഷണത്തിൻെറ വടിയാണ് അതിനെ അവനിൽനിന്നു ദൂരെ

---

11. കുട്ടികൾക്കു ദൈവവചനത്തിൻെറ പ്രബോധനം കൊടുക്കുന്നതിൽ ശ്രദ്ധിക്കുവാനുള്ള മുഖ്യ ഉത്തരവാദിത്വം ഉള്ളതാർക്കാണ്, ബൈബിൾ ഇതു എങ്ങനെ പ്രകടമാക്കുന്നു?

12. മാതാപിതാക്കളോടുള്ള അനുസരണം നിസ്സാരമായി കരുതാവുന്നതല്ലാത്തതെന്തുകൊണ്ട്?

13. കുട്ടികൾ മനഃപൂർവ്വം തെററു ചെയ്യുമ്പോൾ അവരെ തിരുത്തേണ്ടതിൻെറ ആവശ്യത്തെ സദൃശവാക്യങ്ങൾ എന്ന ബൈബിൾപുസ്തകം ഊന്നിപ്പറയുന്നതെങ്ങനെ?

യകററുന്നതു്" എന്നു് ബൈബിൾ ജ്ഞാനപൂർവ്വം നിരീക്ഷിക്കുന്നു. (സദൃശവാക്യങ്ങൾ 22:15) അവകാശപ്പെട്ടതിയ അപൂർണ്ണതനിമിത്തം കുട്ടികൾ തിന്മചെയ്യാനുള്ള ഒരു പ്രവണതയോടുകൂടി ജനിക്കുന്നു, അതുകൊണ്ടു് അവക്കു തിരുത്തലാവശ്യമാണു്. സ്നേഹമുള്ള മാതാപിതാക്കന്മാർ ഇതിനെ അവഗണിക്കയില്ല. സദൃശവാക്യങ്ങൾ 13:24 പറയുന്നതുപോലെ: "വടി പിൻവലിക്കുന്നവൻ തന്റെ മകനെ ദ്വേഷിക്കുന്നു, എന്നാൽ അവനെ സ്നേഹിക്കുന്നവൻ ശിക്ഷണത്തോടെ അവനെ അന്വേഷിക്കുകതന്നെ ചെയ്യുന്നവനാണു്."

[14] സ്നേഹത്തിൽ കൊടുക്കപ്പെടുന്ന ശിക്ഷണം കുട്ടിയുടെ നിലനിൽക്കുന്ന നന്മയുടെ വീക്ഷണത്തിലാണു്. ഉഗ്രമായ കോപാവേശങ്ങളോടെയോ ഭീഷണികളുടെ ഉച്ചത്തിലുള്ള അലർച്ചകളോടെയോ അല്ല അതു ചെയ്യപ്പെടുന്നതു്. അതു് ക്രിസ്തീയ മാർഗ്ഗമല്ല. (എഫേസ്യർ 4:31, 32) ദൃഢത ഉണ്ടായിരിക്കണം, എന്നാൽ സുബുദ്ധി മുന്നിട്ടു നിൽക്കയും വേണം. മാതാപിതാക്കന്മാർ തന്നെ നല്ല ദൃഷ്ടാന്തം വെക്കണം, നീതിയുടെ ഭാവം കാണിക്കാനല്ല—കുട്ടികൾ പെട്ടെന്നു് അതു തിരിച്ചറിയുന്നു—പിന്നെയോ പരമാർത്ഥതയോടെയും ആത്മാർത്ഥതയോടെയും തന്നെ. അവർ അങ്ങനെ ചെയ്യുന്നവെങ്കിൽ, കുടുംബത്തെ ഭരിക്കുന്നതു് കേവലം അന്യായമായ മോഹങ്ങളും താൽക്കാലികങ്ങളായ ഭാവഭേദങ്ങളുമല്ല, പിന്നെയോ ദൈവത്തിന്റെ നീതിയുള്ള തത്വങ്ങളാണെന്നു് തിരിച്ചറിയുന്നതിനു് കുട്ടികൾ സഹായിക്കപ്പെടും. തങ്ങൾ അന്യായമായ ശിക്ഷയ്ക്കു് ഇരകളായിത്തീരുമെന്നു് കുഞ്ഞുങ്ങൾ ഭയപ്പെടുകയില്ല. എന്നാൽ ശിക്ഷയെ അവർ നല്ലനടത്തയുടെ ഉചിതമായ ചട്ടങ്ങളുടെ ലംഘനത്തോടു ബന്ധിപ്പിക്കും.

[15] ഗൌരവമായ കുടുംബചർച്ച അർഹിക്കുന്ന നീതിയുള്ള തത്വങ്ങളിൽ ദൈവികമായ ധാർമ്മികപ്രമാണങ്ങളോടു ബന്ധമുള്ളവ ഉൾപ്പെടുന്നു. ദൃഷ്ടാന്തമായി, "ഭോഷ്കിനെ പ്രിയപ്പെടുകയും അതു തുടർന്നു പ്രവർത്തിക്കയും ചെയ്യുന്ന ഏവനും" യഹോവയ്ക്കു വെറുപ്പാകുന്നു എന്നു് കുട്ടികളെ പഠിപ്പിക്കേണ്ട ആവശ്യമുണ്ടു്. (വെളിപാടു് 22:15; സദൃശവാക്യങ്ങൾ 6:16–19) വിവിധരൂപങ്ങളിലുള്ള മോഷ

14. ഒരു ക്രിസ്തീയഭവനത്തിൽ ശിക്ഷണം എങ്ങനെ കൊടുക്കപ്പെടണം, എന്തു സൽഫലങ്ങളോടെ?

15. (എ) ഭോഷ്കുകളും മോഷണവും ലൈംഗിക ദുർമ്മാർഗ്ഗവും സംബന്ധിച്ചു് കുട്ടികളെ എന്തു പഠിപ്പിക്കണം? (ബി) മാതാപിതാക്കളിൽനിന്നു് അകന്നിരിക്കുമ്പോൾപോലും ശരിയായതു ചെയ്യാൻതക്കവണ്ണം മാതാപിതാക്കൾക്കു തങ്ങളുടെ മക്കളെ എങ്ങനെ പരിശീലിപ്പിക്കാൻ കഴിയും?



**നിരന്തര ബൈബിളദ്ധ്യയനങ്ങൾ ഓരോ കുടുംബ ത്തിൻെറയും ജീവിതരീതിയുടെ ഭാഗമായിരിക്കണം**

ണവും ദൈവത്തിൻെറ ധാർമ്മിക പ്രമാണത്തിൻെറ ഒരു ലംഘനമായി കാണേണ്ടതാണ്. (എഫേസ്യർ 4:28; റോമർ 13:9, 10) ലൈംഗികദുർമ്മാർഗ്ഗത്തിനും അതിലേക്കു നയിച്ചേക്കാവുന്ന എന്തിനും എതിരായി, അവർക്കു മനസ്സിലാകുന്ന വിധത്തിൽ ഈ ചെറുപ്പക്കാർക്കു മുന്നറിയിപ്പു കൊടുക്കേണ്ടതാണ്. (എഫേസ്യർ 5:5 സദൃശവാക്യങ്ങൾ 5:3-14) ഭവനത്തിലും സ്കൂളിലും കളിയിലും സംജാതമാകുന്ന വിവിധ പ്രശ്നങ്ങൾ ഒരു കുടുംബമെന്ന നിലയിൽ ഒരുമിച്ചു ചർച്ചചെയ്യുക. ദൈവത്തിനു പ്രസാദകരമായ തരത്തിലുള്ള നടത്ത പ്രകടമാക്കുന്ന തിരുവെഴുത്തുകളെക്കുറിച്ച് ഒരുമിച്ചു ചിന്തിക്കുക. ഈ വിധത്തിൽ കുട്ടികൾ തങ്ങളുടെ സ്വന്തം ജീവിതത്തിൽ ബൈബിൾ പ്രായോഗികമാക്കാൻ പഠിക്കും, അതു് ഒരു സുരക്ഷിതത്വം ആയിരിക്കും, അതിനാൽ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്നു് അകന്നിരിക്കുമ്പോൾപോലും അവർ സ്വീകരിച്ച ബുദ്ധിയുപദേശം അവരെ വഴിനടത്തും.—സദൃശവാക്യങ്ങൾ 6:20-23.

16 കൂട്ടുകാരുടെ തെരഞ്ഞെടുപ്പിനും ശ്രദ്ധാപൂർവ്വമായ ചിന്ത കൊടുക്കേണ്ട ആവശ്യമുണ്ട്. ചങ്ങാതിമാർ ഒരുവൻെറ

---

**16. (എ) ചീത്തക്കൂട്ടുകാരുടെ ഫലത്തെ സംബന്ധിച്ച് ബൈബിൾ എന്തു പറയുന്നു? (ബി) അതുകൊണ്ടു തങ്ങളുടെ മക്കൾ കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് മാതാപിതാക്കൾക്ക് എങ്ങനെ ജ്ഞാനം പ്രകടമാക്കാൻ കഴിയും?**

ജീവിതത്തെ ആഴമായി സ്വാധീനിക്കുന്നു. ഉത്തമരായ കൂട്ടുകാർ ഒരു നല്ല ഫലം ചെയ്യും, എന്നാൽ "ചീത്ത സഹവാസങ്ങൾ പ്രയോജനപ്രദങ്ങളായ ശീലങ്ങളെ പാഴാക്കുന്നു." (1 കൊരിന്ത്യർ 15:33) പലപ്പോഴും ബൈബിൾരേഖ ഈ വസ്തുതയെ വിശദമാക്കുന്നു. (ഉല്പത്തി 34:1, 2; സംഖ്യാപുസ്തകം 25:1, 2) കുട്ടികൾ ഇതിന്റെ ഗൌരവത്തെ വിലമതിക്കാതിരുന്നേക്കാം, എന്നാൽ മാതാപിതാക്കൾ വിലമതിക്കണം. അതുകൊണ്ട് തങ്ങളുടെ മക്കൾ കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതിന്മേൽ ഒരു നോട്ടം ചെലുത്തുന്നത് അവരുടെ ഭാഗത്തെ ജ്ഞാനത്തിന്റെ ഒരു തെളിവാണ്. ഈ കൂട്ടുകാരിൽ കുട്ടികളുടെ കൂട്ടുകളിക്കാർ മാത്രമല്ല, പിന്നെയോ അവർ ആരെക്കുറിച്ചു വായിക്കുന്നുവോ അവരും, അവർ ചലച്ചിത്രങ്ങളിലും ടെലിവിഷനിലും വീക്ഷിക്കുന്നവരും ഉൾപ്പെടുന്നു.—ഫിലിപ്പ്യർ 4:8.

17 എന്നിരുന്നാലും, കുടുംബജീവിതം യഥാർത്ഥത്തിൽ സംതൃപ്തികരമായിരിക്കണമെങ്കിൽ ദോഷകരമായതിനെ ഒഴിവാക്കുന്നതിനേക്കാളധികം ആവശ്യമാണ്. പരിപുഷ്ടിപ്പെടുത്തുന്ന കാര്യങ്ങൾ ഒരു കുടുംബമെന്ന നിലയിൽ ഒന്നിച്ചു ചെയ്യുന്നതിന്റെ സന്തോഷവുമുണ്ടായിരിക്കണം. ഓരോരുത്തരും മററുള്ളവരെ പരിഗണിക്കാതെ സ്വന്തം വഴിയെ പോകുമ്പോൾ കുടുംബജീവിതത്തിന്റെ യഥാർത്ഥസന്തോഷം നഷ്ടപ്പെടുന്നു. എന്നാൽ പരിപുഷ്ടിപ്പെടുത്തുന്ന കുടുംബപർച്ചയുള്ളപ്പോൾ, ഒന്നിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുമ്പോൾ, അവയെ നിറവേററുന്നതിന് ഓരോരുത്തരും ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ കുടുംബം ഐക്യത്തിൽ അടുത്തുവരുന്നു. (സദൃശവാക്യങ്ങൾ 15:22) ഭവനത്തിൽ സ്നേഹമുള്ളപ്പോൾ ഇതിനു പ്രയാസമില്ല. ദൈവത്തെ യഥാർത്ഥമായി അറിയുന്നവരും അവന്റെ ആത്മാവുള്ളവരുമായവരുടെ ഇടയിൽ സ്നേഹം സാധാരണഗതിയിലുള്ള ഒരു സംഗതിയാണ്.—1 യോഹന്നാൻ 4:7, 8; ഗലാത്യർ 5:22, 23.

## കുടുംബഭിന്നതകൾക്കു തീരുമാനമുണ്ടാക്കുന്നു

18 സാധാരണഗതിയിൽ സന്തുഷ്ടമായ കുടുംബങ്ങളിൽ പോലും ചിലപ്പോൾ ഭിന്നതകൾ ഉണ്ടായേക്കാം. ഇവ മിക്ക

17. കുടുംബജീവിതം യഥാർത്ഥത്തിൽ സംതൃപ്തികരമാക്കാൻ മറെറന്തു സഹായിക്കും?

18. കൊലോസ്യർ 3:12–14 വരെയുള്ള ബുദ്ധിയുപദേശത്തിനു സംജാതമായേക്കാവുന്ന ഏതു കുടുംബഭിന്നതയ്ക്കും തീരുമാനമുണ്ടാക്കുന്നതിനു നമ്മെ എങ്ങനെ സഹായിക്കാൻ കഴിയും?

പ്പോഴും മാനുഷാപൂർണ്ണതയോ നാം ജീവിക്കുന്ന ലോകത്തിലെ സമ്മർദ്ദങ്ങളോ നിമിത്തമാണ്. കുടുംബാംഗങ്ങൾ തമ്മിൽ ഉരസൽ വർദ്ധിച്ചുവരുമ്പോൾ എന്തുചെയ്യണം? നാമെല്ലാം അപൂർണ്ണരാണെന്ന് ഓർക്കുമ്പോൾ പരിഹാരം കണ്ടെത്താൻ വളരെ പ്രയാസമില്ല. ഭവനത്തിനു പുറത്തുമാത്രമല്ല കുടുംബവൃത്തത്തിനുള്ളിലും നാം പിൻവരുന്ന നിശ്വസ്തബുദ്ധിയുപദേശം പ്രായോഗികമാക്കേണ്ട ആവശ്യമുണ്ട്. "സഹാനുഭൂതിയുടെ മൃദുലവാത്സല്യങ്ങളും ദയയും മനസ്സിന്റെ എളിമയും സൌമ്യതയും ദീർഘക്ഷമയും ധരിപ്പിൻ. ആർക്കെങ്കിലും മറെറാരുവനോടു പരാതിക്കുള്ള ഒരു കാരണമുണ്ടെങ്കിൽ അന്യോന്യം പൊറുക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്വിൻ. യഹോവ നിങ്ങളോടു സൌജന്യമായി ക്ഷമിച്ചതുപോലെ, നിങ്ങളും ക്ഷമിപ്പിൻ. എന്നാൽ ഇവയെല്ലാം പുറമെ, സ്നേഹം ധരിപ്പിൻ, എന്തുകൊണ്ടെന്നാൽ അതു് ഐക്യത്തിന്റെ ഒരു സമ്പൂർണ്ണബന്ധമാകുന്നു."—കൊലോസ്യർ 3:12-14; സദൃശവാക്യങ്ങൾ 10:12; 19:11 കൂടെ കാണുക.

19 ഒരു പ്രശ്നം വിശേഷാൽ ഗൌരവമായ സ്വഭാവത്തിലുള്ളതാണെന്നു തോന്നുമ്പോൾ, സ്നേഹപൂർവ്വകമായ ക്ഷമയ്ക്കു വഴിയൊരുക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളുണ്ട്. ദൃഷ്ടാന്തത്തിന്, മക്കൾതമ്മിൽ ഒരു തക്കം ഉണ്ടാകുമ്പോൾ മാതാപിതാക്കളിലൊരാൾക്ക് അവരോടുകൂടെയിരുന്നു പ്രശ്നം കേൾക്കാവുന്നതും അനന്തരം ഉചിതമായ ക്ഷമായാചനകൾക്കും ആവശ്യമായ ക്ഷമിക്കലിനും പ്രോത്സാഹിപ്പിക്കാവുന്നതുമാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം ഇപ്പോൾ വായിച്ചുകഴിഞ്ഞതുപോലെയുള്ള തിരുവെഴുത്തുകൾ പ്രയോജനപ്രദമായി പുന:ശോധന ചെയ്യാവുന്നതാണ്.

20 ഭിന്നത ഭർത്താവും ഭാര്യയും തമ്മിലായിരിക്കുമ്പോൾ തീർച്ചയായും അതു മക്കളുടെ മുമ്പിൽ പറഞ്ഞുകേൾപ്പിക്കാതിരിക്കുന്നതു് അത്യുത്തമമാണ്. പരാതികൾ സ്നേഹിതരോടും അയൽക്കാരോടും കൊട്ടിഘോഷിക്കുന്നതിനാലും സാഹചര്യം മെച്ചപ്പെടുകയില്ല. ഒരാൾ ആഴമായി ദ്രോഹിക്കപ്പെട്ടിരിക്കാമെങ്കിലും ആക്രോശം സ്ഥിതിഗതികളെ ഒട്ടും മെച്ചപ്പെടുത്തുകയില്ല. (സദൃശവാക്യങ്ങൾ 29:22) രണ്ടു

---

19. കുട്ടികൾ തമ്മിൽ ഒരു തക്കം ഉളവാകുമ്പോൾ മാതാപിതാക്കളിൽ ഒരാൾക്ക് യഥാർത്ഥത്തിൽ പ്രയോജനപ്രദമായി എന്തു ചെയ്യാവുന്നതാണ്?

20. ഭർത്താവും ഭാര്യയും തമ്മിൽ ഏതെങ്കിലും ഭിന്നതയുണ്ടാകുമ്പോൾ കാര്യം തീർക്കുന്നതിന് എന്തു സഹായിക്കുകയില്ല, എന്നാൽ എന്തു സഹായിക്കും?

പേരും അന്യോന്യം സംസാരിക്കാതെ ദിവസങ്ങൾ തള്ളിവിട്ടാൽ ഭിന്നത വർദ്ധിക്കുകയേയുള്ളു. ചെയ്യേണ്ട ക്രിസ്തീയ സംഗതി സമാധാനം പുന:സ്ഥാപിക്കാനുള്ള ഒരു ഉറച്ച തീരുമാനത്തോടെ പ്രശ്നം ഒന്നിച്ചു ചർച്ചചെയ്യുകയെന്നതാണ്. മറേറ ആളാണു തെററു ചെയ്തതെങ്കിലും, നിങ്ങളുടെ സ്വന്തം ദയയാൽ രഞ്ജിപ്പ് എളുപ്പമാക്കിത്തീർക്കുക. നിങ്ങളിലാണു തെറെറങ്കിൽ വിനയപൂർവം ക്ഷമചോദിക്കുക. അതു താമസിപ്പിക്കരുത്;പ്രശ്നം താമസംവിനാ കൈകാര്യം ചെയ്യുക. "നിങ്ങളുടെ ഒരു പ്രകോപിതാവസ്ഥയിൽ സൂര്യൻ അസ്തമിക്കാതിരിക്കട്ടെ."—എഫേസ്യർ 4:26; മത്തായി 18:21–35 കൂടെ കാണുക.

[21] വിവാഹമോചനം ലോകത്തിൽ സാധാരണമാണെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമായി ബൈബിൾ അതിനെ ശുപാർശചെയ്യുന്നില്ല. വിവാഹം ഒരു ആജീവനാന്തബന്ധമാണ്, നിസ്സാരമായി കരുതേണ്ടതല്ല. (റോമർ 7:2) ഒരു ക്രിസ്ത്യാനിയെ പുനർവിവാഹത്തിനു സ്വതന്ത്രനാക്കുന്ന ഒരു വിവാഹമോചനം നേടാൻ ഒരു കാരണം മാത്രമേ ദൈവവചനം അനുവദിക്കുന്നുള്ളു. അതെന്താണ്? വ്യഭിചാരം. ഈ സംഗതിയിൽ, ഒരു വിവാഹമോചനം നേടണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു് നിർദ്ദോഷിയായ ഇണയാണ്. (മത്തായി 5:32) എന്നിരുന്നാലും, കേവലം സംശയത്തിൻപേരിൽ വിവാഹമോചന നടപടി ഒരിക്കലും സ്വീകരിക്കരുത്; വ്യക്തമായ തെളിവുണ്ടായിരിക്കണം.

[22] ദൈവത്തിൻെറ നീതിയുള്ള വ്യവസ്ഥകൾ പഠിക്കുന്നതിനുമുമ്പ് ചിലയാളുകൾ കഴിഞ്ഞകാലത്തു് വിവാഹമോചനം നേടാൻ തിടുക്കം കാണിച്ചിരിക്കാം, ഇപ്പോൾ അവർ മറെറാരു ഇണയോടുകൂടെ ജീവിതം തുടങ്ങിയിരിക്കുന്നു. അവർക്ക് അതു സംബന്ധിച്ചു് എന്തു ചെയ്യാൻ കഴിയും? അവർക്കു പിന്നോട്ടുപോയി വീണ്ടും ജീവിക്കാൻ സാദ്ധ്യമല്ല. എന്നാൽ അവർ യഹോവയാം ദൈവത്തിൻെറ സേവനത്തിൽ ഒരു

21. (എ) വിവാഹമോചനം വിവാഹപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാണോ? (ബി) ഒരുവനെ പുനർവിവാഹത്തിനു സ്വതന്ത്രനാക്കുന്ന, വിവാഹമോചനത്തിൻെറ ഏകകാരണം എന്താണെന്നു ബൈബിൾ പറയുന്നു?
22. ഒരുവൻ ദൈവികനിയമങ്ങൾ മനസ്സിലാക്കുന്നതിനു മുമ്പ് തിടുക്കത്തിൽ വിവാഹമോചനം നേടുകയും മറെറാരു ഇണയോടൊത്തു് ജീവിക്കാൻ തുടങ്ങുകയും ചെയ്തെങ്കിൽ അയാൾ യഹോവയെ സേവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്തു ചെയ്യണം?

പങ്കുണ്ടായിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ ഒരു ഇണയോടൊത്തു ജീവിക്കുന്നുവെങ്കിൽ, അവർ തീർച്ചയായും ഇപ്പോഴത്തെ വിവാഹം ഗവണ്മെൻറിൽ നിയമപരമായി രജിസ്റ്റർ ചെയ്യണം. അവർ പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്കു പോയി തങ്ങളുടെ കഴിഞ്ഞ കാലത്തെ ഗതിസംബന്ധിച്ചു് ക്ഷമ യാചിക്കണം. അനന്തരം അവർ ഈ സമയംമുതൽ വിവാഹംസംബന്ധിച്ച ദൈവിക വ്യവസ്ഥകളനുസരിച്ചു് ജീവിക്കാൻ കഠിനശ്രമം ചെയ്യണം.

23 നിങ്ങളുടെ വിവാഹഇണ നിങ്ങളോടുകൂടെ ബൈബിൾ പഠിക്കാൻ വിസമ്മതിച്ചുവെങ്കിലെന്തു്? ബൈബിൾതത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ ഒന്നിച്ചു ചർച്ച ചെയ്യാൻ നിങ്ങൾക്കു സാധിക്കുന്നില്ലെങ്കിലെന്തു്? ഒന്നിച്ചു ജീവിക്കുവാനും നിങ്ങളുടെ പ്രശ്നങ്ങളിൽനിന്നുള്ള അനായാസമായ പോംവഴിയെന്ന നിലയിൽ വേർപാടിനെ വീക്ഷിക്കാതിരിക്കാനും ബൈബിൾ പിന്നെയും പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ സ്വന്തം നടത്ത സംബന്ധിച്ചു് ബൈബിൾ പറയുന്നതു പ്രായോഗികമാക്കുന്നതിനാൽ നിങ്ങളുടെ ഭവനത്തിലെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനു് നിങ്ങൾക്കു വ്യക്തിപരമായി കഴിയുന്നതു ചെയ്യുക. കാലക്രമത്തിൽ നിങ്ങളുടെ ക്രിസ്തീയ നടത്തനിമിത്തം, നിങ്ങൾ നിങ്ങളുടെ ഇണയെ നേടിയേക്കാം. (1 കൊരിന്ത്യർ 7:10–16; 1 പത്രോസ് 3 : 1, 2) നിങ്ങളുടെ സ്നേഹപൂർവ്വകമായ ക്ഷമയ്ക്കു് ഈ വിധത്തിൽ പ്രതിഫലം കിട്ടുന്നുവെങ്കിൽ നിങ്ങളുടേതു് എന്തൊരനുഗ്രഹമായിരിക്കും!

24 സന്തുഷ്ടിയേറിയ ഒരു കുടുംബജീവിതം കെട്ടിപ്പടുക്കുന്നതിന് ഓരോ ഭവനത്തിലും ചെയ്യാവുന്ന വളരെയധികം കാര്യങ്ങളുണ്ടു്. ബൈബിൾബുദ്ധ്യുപദേശം പ്രായോഗികമാക്കുക, നല്ല ഫലങ്ങളുണ്ടായിരിക്കും! കുടുംബത്തിലെ ഓരോരുത്തരും കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടു് സ്നേഹപൂർവ്വം മററുള്ളവരുടെ ക്ഷേമം അന്വേഷിക്കുക. (കൊലോസ്യർ 3 : 14) എല്ലാററിനുമുപരിയായി, നിങ്ങളുടെ സന്തുഷ്ടിയെ നിത്യജീവൻകൊണ്ടു മകുടം ചൂടിക്കാൻ കഴി

23. (എ) പ്രശ്നങ്ങൾ പൊന്തിവരുമ്പോൾ ഒരു അവിശ്വാസിയായ ഇണയിൽനിന്നുള്ള വേർപാടിനു ബൈബിൾ പ്രോത്സാഹിപ്പിക്കുന്നുവോ? (ബി) വിശ്വാസിക്കു് ഭവനത്തിലെ അവസ്ഥയെ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും, സാദ്ധ്യമായ എന്തു ഫലത്തോടെ?

24. സംക്ഷേപമായി, നിങ്ങൾക്കു സന്തുഷ്ടിയേറിയ ഒരു കുടുംബജീവിതത്തെ എങ്ങനെ കെട്ടിപ്പടുക്കാൻ കഴിയും?

വുള്ള യഹോവയാം ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹം നിങ്ങളെല്ലാം ഒന്നിച്ചനുഭവിക്കേണ്ടതിന് സത്യാരാധനയിൽ ഏകോപിച്ചു പങ്കുപററുക.— സദൃശവാക്യങ്ങൾ 3:11-18.

# ദൈവത്തെ സേവിക്കുവാനുള്ള നിങ്ങളുടെ തീരുമാനം

യഹോവയാം ദൈവത്തിനു നന്ദിയും സ്തുതിയും കൊടുക്കാൻ വളരെയധികം കാര്യങ്ങളുണ്ട്. അവൻ കരുണാപൂർവ്വം നമുക്കു നിത്യജീവൻ അനുഭവിക്കാനുള്ള കരുതൽ ചെയ്തിരിക്കുന്നു. തന്റെ സ്വന്തം പുത്രനെ ഒരു മറുവിലയാഗമായി നൽകിയതിനാൽ അവൻ പാപത്തിന്റെ മരണകരമായ ഫലങ്ങളെ തുടച്ചുനീക്കുന്നതിന് ഇപ്പോൾത്തന്നെ ക്രമീകരണം ചെയ്തിരിക്കുന്നു. തന്റെ ഭൗമികമക്കൾ എന്നേക്കും ഒരു പരദീസാഭവനം ആസ്വദിക്കണമെന്നുള്ള ദൈവോദ്ദേശ്യം പെട്ടെന്നുതന്നെ സാക്ഷാൽക്കരിക്കപ്പെടും! ദൈവത്തിന്റെ സ്നേഹപൂർവ്വകമായ ഈ കരുതൽ, അവനോടുള്ള നന്ദികൊണ്ടു നിങ്ങളുടെ ഹൃദയം കവിഞ്ഞൊഴുകാനിടയാക്കുന്നില്ലേ?—യോഹന്നാൻ 3:16; 1 യോഹന്നാൻ 4:9-11.

2 നമ്മിലാരുംതന്നെ യഹോവയെയും അവന്റെ വഴികളെയും കുറിച്ച് സകലവും അറിയുന്നില്ലെന്നുള്ളതു സത്യംതന്നെ. അവനെക്കുറിച്ച് മനുഷ്യർ എല്ലായ്പോഴും പുതിയ സംഗതികൾ പഠിച്ചുകൊണ്ടിരിക്കത്തക്കവണ്ണം അവൻ അത്ര വലിയവനാണ്. (റോമർ 11:33) എന്നാൽ നിങ്ങൾക്കിപ്പോൾത്തന്നെ അറിയാവുന്നതിന്റെ അടിസ്ഥാനത്തിൽ, അവൻ ചെയ്യുന്നതെല്ലാം ശരിയാണെന്നും അവനിൽ പൂർണ്ണവിശ്വാസമർപ്പിക്കാൻ സകല കാരണവുമുണ്ടെന്നും നിങ്ങൾ വിലമതിക്കാനിടയായിട്ടില്ലേ? അവൻ തന്റെ സൃഷ്ടികളെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്നും അവൻ

---

1. യഹോവയാം ദൈവത്തിനു നന്ദിയും സ്തുതിയും കൊടുക്കാൻ നമുക്ക് ഏതു കാരണങ്ങളുണ്ട്?
2. (എ) നിങ്ങൾക്കിപ്പോൾ അറിയാവുന്നതിന്റെ അടിസ്ഥാനത്തിൽ യഹോവയോടുള്ള നിങ്ങളുടെ മനോഭാവമെന്താണ്? (ബി) നാം യഥാർത്ഥത്തിൽ യഹോവയെ സ്നേഹിക്കുന്നുവെങ്കിൽ നാം എന്തു ചെയ്യുന്നതിനു പ്രേരിപ്പിക്കപ്പെടും?

കരുണയും കൃപയും നിറഞ്ഞവനാണെന്നും, എന്നാൽ അതേ സമയം അവൻ നീതിയിലും ജ്ഞാനത്തിലും പൂർണ്ണനാണെന്നും നിങ്ങൾക്കു ബോദ്ധ്യമായിട്ടില്ലേ? (സങ്കീർത്തനം 86:5 10, 15 [85:5, 10, 15, *Dy*]) നിങ്ങൾക്ക് യഹോവയാം ദൈവത്തെക്കുറിച്ചു തോന്നുന്നതു് ഈ വിധത്തിലാണെങ്കിൽ, നിങ്ങൾ അവനെ സേവിക്കുന്നതിനു പ്രേരിതനാകും. നിങ്ങളെ യാതൊന്നും പിന്മാറുകയില്ല.

3 സകല മനുഷ്യർക്കും രണ്ടു പ്രവർത്തനഗതികൾ തുറന്നു കിടക്കുന്നു. ഒന്നു് മരണത്തിലേക്കും മറേറതു് നിത്യജീവനിലേക്കും നയിക്കുന്നു. (ആവർത്തനം 30:19, 20) നിങ്ങൾ ഏതു് സ്വീകരിക്കും? യഹോവയെ സേവിക്കാനുള്ള തെരഞ്ഞെടുപ്പു്, ഇപ്പോഴും എന്നേക്കും, സാദ്ധ്യമാകുന്നതിലേക്കും വലിയ സൌഭാഗ്യത്തിലേക്കു നിങ്ങളെ നയിക്കും. സങ്കീർത്തനക്കാരൻ പറഞ്ഞതുപോലെ, "യഹോവാഭയത്തിലിരിക്കുന്ന മനുഷ്യൻ സന്തുഷ്ടനാകുന്നു, അവൻെറ കല്പനകളിൽ അവൻ വളരെയധികം പ്രമോദിച്ചിരിക്കുന്നു."—സങ്കീർത്തനം 112:1 [111:1, *Dy*].

## സമർപ്പണവും സ്നാനവും

4 ദൈവേഷ്ടം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കത്തക്കവണ്ണം ദൈവത്തോടുള്ള സ്നേഹം നിങ്ങളെ പ്രേരിപ്പിക്കുമ്പോൾ, യേശുക്രിസ്തു മുഖാന്തരമുള്ള പ്രാർത്ഥനയിൽ നിങ്ങൾ അവങ്കലേക്കു പോകുന്നതും, അവൻെറ പുത്രൻെറ കാൽച്ചുവടുകളിൽ നടന്നുകൊണ്ടു് അവൻെറ ദാസന്മാരിലൊരാളായിരിക്കാനുള്ള നിങ്ങളുടെ ആഗ്രഹത്തെ പ്രകടമാക്കുന്നതും ഉചിതമാണു്. നിങ്ങൾ യഹോവയ്ക്കുള്ളവനായിരിക്കാനാഗ്രഹിക്കുന്നുവെന്നും, ഇപ്പോഴും വരാനിരിക്കുന്ന സദാകാലത്തും, അവൻെറ ഇഷ്ടം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെന്നും യഹോവയെ നിങ്ങളറിയിക്കുന്നതു് ഉചിതമാണു്. (സങ്കീർത്തനം 104:33 [103:33, *Dy*]) ഈ വിധത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു. ഇതു് വ്യക്തിപരമായ, സ്വകാര്യമായ, ഒരു സംഗതിയാണു്. നിങ്ങൾക്കുവേണ്ടി മററാർക്കും ഇതു ചെയ്യാൻ സാദ്ധ്യമല്ല.

---

3. (എ) സകല ആളുകൾക്കും ഏതു രണ്ടു പ്രവർത്തനഗതികൾ തുറന്നു കിടക്കുന്നു? (ബി) ഏതു തെരഞ്ഞെടുപ്പു് ഏററവും വലിയ സന്തുഷ്ടിയിലേക്കു നയിക്കും?
4. ഒരു വ്യക്തി ദൈവേഷ്ടം ചെയ്യാൻ യഥാർത്ഥമായി ആഗ്രഹിക്കുന്നതായി തീരുമാനിക്കുമ്പോൾ അയാൾ എന്തു ചെയ്യുന്നതു് ഉചിതമാണു്?

5 യഹോവയുടെ ഇഷ്ടം ചെയ്യുവാൻ അവനു നിങ്ങൾ സമർപ്പണംചെയ്തശേഷം, നിങ്ങൾ അതു് പാലിക്കുവാൻ അവൻ പ്രതീക്ഷിക്കും. അതു് നിസ്സാര സംഗതിയല്ല. നിങ്ങൾ ജീവിക്കുന്നിടത്തോളം കാലം ഈ തീരുമാനത്തോടു് അഥവാ സമർപ്പണത്തോടു വിശ്വസ്തതയോടെ പററിനിൽക്കുന്നതിനാൽ നിങ്ങൾ വാക്കുപാലിക്കുന്ന ഒരാളാണെന്നു തെളിയിക്കുക. (സങ്കീർത്തനം 50:14 [49:14, *Dy*]) നിങ്ങളെക്കൊണ്ടു് യഹോവയോടുള്ള വിശ്വാസത്തെ ലംഘിപ്പിക്കുവാൻ പിശാചു് സാദ്ധ്യമായ ഏതു മാർഗ്ഗവും ഉപയോഗിക്കും. എന്നാൽ യഹോവതന്നെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങൾക്കു് എല്ലായ്പോഴും പ്രാർത്ഥനയിൽ അവനിലേക്കു തിരിയാൻ കഴിയും, അവൻ നിങ്ങളെ താങ്ങും. കൂടാതെ, ഇവിടെ ഭൂമിയിൽ ദൈവത്തിനു് ഒരു സ്ഥാപനമുണ്ടെന്നു് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു, നിങ്ങൾക്കു് സ്നേഹപൂർവ്വകമായ പ്രോത്സാഹനവും പിന്തുണയും സന്തോഷപൂർവം നൽകുന്ന പക്വതയുള്ള ക്രിസ്ത്യാനികളെ നിങ്ങൾ ഇവിടെ കണ്ടെത്തും.— 1 പത്രോസ് 5:8, 9; 3:12; 1 തെസ്സലോനീക്യർ 5:11.

6 യഹോവയെ സേവിക്കുന്നതിനു് വ്യക്തിപരമായി തീരുമാനിക്കുന്നതും ഈ നിശ്ചയത്തെ പ്രാർത്ഥനയിൽ പ്രകടമാക്കുന്നതും പ്രധാനമാണു്. എന്നാൽ ഇതിലുമധികമായി ചിലതുണ്ടു്. പിന്തുടരുന്നതിനു് നമുക്കു് ഒരു മാതൃക നൽകിയ യേശുക്രിസ്തു ഇതു കാണിച്ചുതന്നിരിക്കുന്നു. യേശു തന്റെ പിതാവിന്റെ ഇഷ്ടം ചെയ്‌വാൻ വന്നിരിക്കുന്നു എന്നു പറയുക മാത്രം ചെയ്യുന്നതിലധികം ചെയ്തുവെന്നോർക്കുക. (എബ്രായർ 10:7) യേശു ദൈവരാജ്യത്തിന്റെ ഒരു പ്രസംഗകനെന്ന നിലയിൽ തന്റെ സേവനം തുടങ്ങിയപ്പോൾ അവൻ യോർദ്ദാൻ നദിയിങ്കൽ സ്നാപക യോഹന്നാന്റെ അടുക്കലേക്കു പോകുകയും വെള്ളത്തിൽ സ്നാനമേൽക്കുകയും ചെയ്തു.—മത്തായി 3:13-15.

7 യഹോവയാം ദൈവം യേശുവിന്റെ സ്നാനത്തെ അം-

---

5. (എ) നിങ്ങൾ ദൈവത്തിനു സമർപ്പണം ചെയ്തശേഷം, നിങ്ങൾ എന്തു ചെയ്യുവാൻ അവൻ പ്രതീക്ഷിക്കുന്നു? (ബി) നിങ്ങളുടെ സമർപ്പണമനുസരിച്ചു് ജീവിക്കുന്നതിനു് നിങ്ങൾക്കു് എന്തു സഹായം ലഭ്യമാണു്?

6. യേശു യോർദ്ദാൻ നദിയിങ്കൽ സ്നാപകയോഹന്നാന്റെ അടുക്കലേക്കു പോയതെന്തിനു്, ഇതിൽനിന്നു് നാം എന്തു പഠിക്കുന്നു?

7. (എ) ദൈവം യേശുവിന്റെ സ്നാനത്തെ അംഗീകരിച്ചുവെന്നു് ബൈബിൾ എങ്ങനെ പ്രകടമാക്കുന്നു? (ബി) യേശു കല്പിച്ച സ്നാനം ശിശുക്കൾക്കുള്ളതല്ലാത്തതെന്തുകൊണ്ടു്?

ംഗീകരിച്ചുവെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു. ആ പ്രധാനപ്പെട്ട അവസരത്തിൽ "സ്വർഗ്ഗം തുറക്കുകയും പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ ഒരു പ്രാവിനെപ്പോലെ അവന്റെമേൽ ഇറങ്ങുകയും ചെയ്തു, 'നീ എന്റെ പുത്രൻ ആകുന്നു, പ്രിയപ്പെട്ടവൻ തന്നെ; ഞാൻ നിന്നെ അംഗീകരിച്ചിരിക്കുന്നു' എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി" എന്ന് അതു പറയുന്നു. (ലൂക്കോസ് 3:21, 22) യേശു മാതൃകവെച്ചതുകൊണ്ട് ഇന്നത്തെ സമർപ്പിത ക്രിസ്ത്യാനികളും സ്നാനമേൽക്കണം. യഥാർത്ഥത്തിൽ, സകല രാഷ്ട്രങ്ങളിലേയും ജനങ്ങളെ ശിഷ്യരാക്കുവാനും അനന്തരം ഈ പുതുശിഷ്യന്മാരെ സ്നാനപ്പെടുത്തുവാനും യേശു തന്റെ അനുഗാമികളോടു കൽപ്പിച്ചു. ഇതു ശിശുസ്നാനമല്ല. ഇതു യഹോവയെ സേവിക്കാൻ തീരുമാനിച്ചിട്ടുള്ളവരായി, *വിശ്വാസികളായി*ത്തീർന്നിരിക്കുന്ന ആളുകളുടെ സ്നാനമാണ്.—മത്തായി 28:19; പ്രവൃത്തികൾ 8:12.

8 അപ്പോൾ, ക്രിസ്തീയ സ്നാനം എന്തിനെ അർത്ഥമാക്കുന്നു? അതു് ഒരുവന്റെ പാപങ്ങളുടെ കഴുകിക്കളയലല്ല, എന്തുകൊണ്ടെന്നാൽ പാപത്തിൽ നിന്നുള്ള ശുദ്ധീകരണം യേശുക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരമേ വരുന്നുള്ളു. (എഫേസ്യർ 1:7) അതെ, ഒരുവൻ യഹോവയാം ദൈവത്തിന് ഗൌരവമായ ഒരു സമർപ്പണം ചെയ്തിരിക്കുന്നുവെന്നും അവന്റെ ഇഷ്ടം ചെയ്യുന്നതിന് തന്നെത്താൻ അർപ്പിക്കുകയാണെന്നും സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു പരസ്യപ്രകടനമാണതു്. ഇപ്രകാരം സ്നാനം അപ്രധാനമായി വീക്ഷിക്കപ്പെടേണ്ടതല്ല. അതു് യേശുക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ അനുസരണപൂർവ്വം നടക്കുന്ന എല്ലാവർക്കുമുള്ള ഒരു വ്യവസ്ഥയാണ്.

9 യേശു അവന്റെ സ്നാനശേഷം "വെള്ളത്തിൽനിന്ന് പൊങ്ങിവന്നു" എന്നു ബൈബിൾ പറയുന്നു. അവനെ യോഹന്നാൻ പരിപൂർണ്ണമായി മുക്കാൻ കഴിയത്തക്കവണ്ണം അവൻ യഥാർത്ഥത്തിൽ വെള്ളത്തിനടിയിലായിരുന്നു. (മത്തായി 3:16; യോഹന്നാൻ 3:23) അതുകൊണ്ട് അതു കേവലം വെള്ളം തളിക്കലല്ലായിരുന്നു. ഒരു സമർപ്പിത ദൈവദാസൻ—യോഹ

---

8. ക്രിസ്തീയ സ്നാനത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

9. (എ) യേശു സ്നാനപ്പെട്ട വിധത്തിന്റെ വീക്ഷണത്തിൽ ഉചിതമായ ക്രിസ്തീയസ്നാനം എങ്ങനെ നിർവ്വഹിക്കപ്പെടുന്നു? (ബി) നിങ്ങൾ സ്നാനപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ഇതു് സഭയിലെ ആരെ അറിയിക്കണം?

ന്നാൻ സ്നാപകൻ ആയിരുന്നതുപോലെ ഒരു പുരുഷൻ—ആളെ വെള്ളത്തിൽ പരിപൂർണ്ണമായി മുക്കുന്നതിനാലും അനന്തരം അവനെ വീണ്ടും പൊക്കുന്നതിനാലും ഉചിതമായ ക്രിസ്തീയസ്നാനം നിർവ്വഹിക്കപ്പെടുന്നു. നിങ്ങൾ യഹോവയെ സേവിക്കുന്നതിനു് തീരുമാനം ചെയ്തിരിക്കുന്നുവെങ്കിൽ, സ്നാനപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ സഹവസിക്കുന്ന യഹോവയുടെ സാക്ഷികളുടെ സഭയിലെ മേൽവിചാരകനെ അതറിയിക്കുക. സ്നാനത്തിനു യാതൊരു കൂലിയും കൂടാതെ അദ്ദേഹം നിങ്ങളെ സഹായിക്കും.

## ക്രിസ്തീയ ശുശ്രൂഷ

10 തീർച്ചയായും, സമർപ്പണവും സ്നാനവും ഒരുവൻ ദൈവേഷ്ടം ചെയ്യുന്നതിന്റെ അവസാനമല്ല. അവ ആരംഭം മാത്രമാണു്. അവ യഹോവയുടെ ഇഷ്ടം ചെയ്തുകൊണ്ടു് എന്നേക്കും ജീവനോടെ തുടരുന്നതിന്റെ പ്രതീക്ഷയോടെ അവനെ സേവിക്കുന്ന ഒരു സന്തുഷ്ട ജീവിതത്തിന്റെ തുടക്കമാണു്. ഒരു സമർപ്പിത ക്രിസ്ത്യാനിക്കു് "എന്റെ ഭക്ഷണം എന്നെ അയച്ചവന്റെ ഇഷ്ടം ഞാൻ ചെയ്തു് അവന്റെ വേല തീർക്കുന്നതാണു്" എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ മനോഭാവം എല്ലായ്പോഴും ഉണ്ടായിരിക്കണം. (യോഹന്നാൻ 4 : 34) ഭൂമിയിൽ യേശുവിനു വേണ്ടിയുള്ള ദൈവവേലയുടെ ഒരു മുഖ്യഭാഗം ദൈവരാജ്യം പ്രസംഗിക്കുന്നതും, തന്റെ മരണാനന്തരം ഈ പ്രവർത്തനം നിർവ്വഹിക്കുന്നതിനു് ഒരു പ്രസംഗസ്ഥാപനത്തിനു് അടിസ്ഥാനമിടുന്നതും ആയിരുന്നു. അതായിരുന്നു അവനുവേണ്ടിയുള്ള ദൈവേഷ്ടം, യേശു അതു വിശ്വസ്തതയോടെ ചെയ്തു.—ലൂക്കോസ് 4:43; യോഹന്നാൻ 17 : 4.

11 ഇന്നു് ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ദൈവേഷ്ടം എന്താണു്? അതു് അവർ അതുപോലെതന്നെയുള്ള ഒരു പ്രസംഗവേല ചെയ്യണമെന്നുള്ളതാണു്. വലിയ അടിയന്തിരതയുള്ള ഒന്നുതന്നെ. നാം ഇപ്പോൾ "വ്യവസ്ഥിതിയുടെ സമാപന"ത്തിൽ ജീവിക്കുന്നുവെന്നു ബൈബിൾപ്രവചനം തെററില്ലാത്തവിധം വെളിപ്പെടുത്തുന്നു. യേശു ഈ കാലത്തെ

---

10. (എ) ഒരു ക്രിസ്ത്യാനിക്കു് യേശുവിന്റെ ഏതു മനോഭാവം ഉണ്ടായിരിക്കണം? (ബി) യേശു ഭൂമിയിലായിരുന്നപ്പോൾ അവനുവേണ്ടിയുള്ള ദൈവേഷ്ടം എന്തായിരുന്നു?

11. (എ) മത്തായി 24:14 ലെ യേശുവിന്റെ വാക്കുകളനുസരിച്ചു് ഇന്നത്തെ ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള ദൈവേഷ്ടമെന്താണു്? (ബി) ഈ വേല അടിയന്തിരമായിരിക്കുന്നതെന്തുകൊണ്ടു്?

സംബന്ധിച്ച് ഇങ്ങനെ മുൻകൂട്ടിപ്പറഞ്ഞു: "രാജ്യത്തിന്റെ ഈ സുവാർത്ത സകല രാഷ്ട്രങ്ങൾക്കും ഒരു സാക്ഷ്യത്തിനു വേണ്ടി നിവസിത ഭൂമിയിലെല്ലാം പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും." (മത്തായി 24:3, 14) ഈ പ്രസംഗവേല ഇപ്പോൾ ചെയ്യപ്പെടണമെന്നുള്ളതാണ് ദൈവേഷ്ടം. ഈ ദുഷ്ടവ്യവസ്ഥിതിയുടെ അന്ത്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പു മുഴക്കപ്പെടണം. സൗമ്യതയുള്ളവരെ സുരക്ഷിതത്വത്തിന്റെ സ്ഥലം കാണിച്ചുകൊടുക്കേണ്ട ആവശ്യമുണ്ട്. ഈ വേലയിൽ നിങ്ങൾ പങ്കെടുക്കുമോ?—സെഫന്യാവ് 2:2, 3;* സദൃശവാക്യങ്ങൾ 24:11, 12.

12 ശുശ്രൂഷ നിർവ്വഹിക്കുന്നതിൽ യേശു മാതൃക വെച്ചു. അവൻ എല്ലായിടത്തും, നഗരങ്ങളിലും ഗ്രാമങ്ങളിലും ഭവനങ്ങളിലും പൊതു സ്ഥലങ്ങളിലും—കിണററുകരയിലെ ഒരു സ്ത്രീയോടുപോലും പ്രസംഗിച്ചു. (യോഹന്നാൻ 4:7,21–24) ഒരു സത്യക്രിസ്ത്യാനി ഇന്ന് യേശുവിന്റെ മാതൃക പിന്തുടരും. അവൻ ഏതു് അവസരത്തിലും പ്രസംഗിക്കും. അവൻ ആളുകൾ തന്റെ അടുക്കലേക്കു വരുവാൻ കേവലം കാത്തിരിക്കാതെ, ശ്രദ്ധിക്കുന്ന ചെവിയുള്ള ആളുകളെ തേടി കണ്ടുപിടിക്കാൻ ശ്രമിക്കും. "പോയി സകല രാഷ്ട്രങ്ങളിലെയും ജനങ്ങളെ ശിഷ്യരാക്കു"വാൻ യേശു കല്പിച്ചു. (മത്തായി 28:19; 10:11-13 കൂടെ കാണുക.) ഈ കല്പന *സകല* ക്രിസ്ത്യാനികൾക്കും — തൊഴിലാളികൾക്കും ഗൃഹനായികമാർക്കും, പ്രായമുള്ള ആളുകൾക്കും യുവാക്കൾക്കും—ബാധകമാകുന്നു, ഒന്നാം നൂററാണ്ടിൽ ബാധകമായതുപോലെ തന്നെ. —പ്രവൃത്തികൾ 4:13; റോമർ 16:1.

13 ആദിമക്രിസ്ത്യാനികൾ ആളുകളെ അവരുടെ വീടുകളിൽ സന്ദർശിക്കാൻ ഒരു പ്രത്യേക ശ്രമം ചെയ്തുകൊണ്ട് യേശുവിന്റെ നിർദ്ദേശത്തെയും ദൃഷ്ടാന്തത്തെയും അനുസരിച്ചു (ലൂക്കോസ് 8:1; 10:1-6; പ്രവൃത്തികൾ 5:42) അപ്പോസ്തലനായ പൗലോസ് ഇങ്ങനെ പറഞ്ഞു: "ഞാൻ പ്രയോജനകരമായ കാര്യങ്ങളിൽ എന്തെങ്കിലും നിങ്ങളോട്ട് അറിയിക്കുന്നതിൽനിന്നോ പരസ്യമായും വീടുതോറും നിങ്ങളെ പഠിപ്പിക്കുന്നതിൽനിന്നോ പിന്മാറിനിന്നില്ല."

* സൊഫൊനിയാസ് 2:2, 3, *Dy*.

---

**12.** (എ) പ്രസംഗവേല എങ്ങനെ നിർവ്വഹിക്കപ്പെടേണ്ടതാണ്? (ബി) "ശിഷ്യരാക്കു"വാനുള്ള യേശുവിന്റെ കല്പന സകല ക്രിസ്ത്യാനികൾക്കും ബാധകമാകുന്നുവോ?

**13.** പ്രസംഗവേലയിലധികവും എവിടെ ചെയ്യപ്പെടുന്നു?

(പ്രവൃത്തികൾ 20:20) നമ്മുടെ നാളിൽ സത്യക്രിസ്ത്യാനികൾ തങ്ങളുടെ ശുശ്രൂഷ ചെയ്യുന്ന മുഖ്യവിധം ഇപ്പോഴും ഇതാണ്.

[14] ഈ മഹത്തായ വേലയിൽ പങ്കെടുക്കുന്നവർ തങ്ങളുടെ സ്വന്തശക്തിയിലല്ല അങ്ങനെ ചെയ്യുന്നത്. യഹോവയാം ദൈവം അവക്കു പിന്തുണ നൽകുന്നു. അവൻ തന്റെ ആത്മാവിനാൽ അവരെ ശുശ്രൂഷയ്ക്കു യോഗ്യരാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. (2 കൊരിന്ത്യർ 3:5, 6; 2 തിമൊഥെയോസ് 4:17) അവൻ സാമ്പത്തികമായ ചെലവില്ലാതെ, തന്റെ ദൃശ്യസ്ഥാപനം മുഖാന്തരം തന്റെ സകല സാക്ഷികൾക്കും പരിശീലനവും സഹായവും നൽകുന്നു. നിങ്ങളുടെ സ്ഥലത്തെ രാജ്യഹോളിൽ നിങ്ങൾക്കും ഈ കരുതലിന്റെ പ്രയോജനങ്ങൾ അനുഭവിക്കാവുന്നതാണ്.

[15] യഹോവയാം ദൈവത്തെ സേവിക്കാൻ നിങ്ങൾ പൂർണ്ണഹൃദയത്തോടെ തീരുമാനം ചെയ്യുമ്പോൾ നിങ്ങൾക്കു സമൃദ്ധമായ അനുഗ്രഹങ്ങൾ അനുഭവപ്പെടും. യഹോവയേയും അവന്റെ ഉദ്ദേശ്യത്തെയും കുറിച്ചുള്ള സത്യം പഠിക്കുന്നതിൽ നിങ്ങൾക്കുണ്ടായിരുന്ന സന്തോഷം, നിങ്ങൾ അതു മററുള്ളവക്കു പകർന്നുകൊടുക്കയും, അതു് അവരുടെ ജീവിതങ്ങളിൽ വരുത്തുന്ന നല്ല മാററങ്ങൾ കാണുകയും ചെയ്യുമ്പോൾ വലുതായി വർദ്ധിക്കും. (പ്രവൃത്തികൾ 20:35; യോഹന്നാൻ 13:17) നിങ്ങൾ നിങ്ങളുടെ സ്വന്തം ജീവിതത്തിൽ ദൈവവചനത്തെ അധികം പൂർണ്ണമായി പ്രായോഗികമാക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിനോടു് കുറേക്കൂടെ അടുക്കും. നിങ്ങൾ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത വിധങ്ങളിൽ അവന്റെ സ്നേഹപൂർവ്വകമായ പരിപാലനം അനുഭവിക്കും. (വെളിപാട് 7:9-17) തീർച്ചയായും, ജ്ഞാനപൂർവകമായ നിങ്ങളുടെ ഗതി ദൈവത്തിന്റെ സ്വന്തഹൃദയത്തെ സന്തോഷിപ്പിക്കും. (സദൃശവാക്യങ്ങൾ 27:11) "യഹോവ ദൈവമായിരിക്കുന്ന ജനം സൌഭാഗ്യമുള്ളതാകുന്നു" എന്ന സങ്കീർത്തനക്കാരന്റെ വാക്കുകളുടെ നിവൃത്തി നിങ്ങൾക്കു് അനുഭവപ്പെടുമ്പോൾ നിങ്ങളുടേതു് എന്തൊരു സന്തോഷമായിരിക്കും!— സങ്കീർത്തനം 144:15 [143:15, *Dy*].

---

**14.** ദൈവം നമ്മെ ശുശ്രൂഷയിൽ എങ്ങനെ സഹായിക്കുന്നു?

**15.** ഒരു വ്യക്തി ദൈവത്തെ സേവിക്കാൻ തീരുമാനിക്കുമ്പോൾ, അയാൾക്കുവേണ്ടി എന്തു സമൃദ്ധമായ അനുഗ്രഹങ്ങൾ കരുതിവെക്കപ്പെട്ടിരിക്കുന്നു?

# സത്യാരാധന —ഒരു ജീവിതമാർഗ്ഗം

നിങ്ങൾക്കു് ദൈവരാജ്യത്തിൻകീഴിലെ നിത്യജീവന്റെ പ്രതീക്ഷ നിങ്ങളുടെ മുമ്പാകെയുണ്ടു്. നിങ്ങൾ കണ്ടു കഴിഞ്ഞതുപോലെ, ഈ പ്രതീക്ഷ ദൈവത്തിന്റെ സ്വന്തം വചനത്തിലെ സത്യത്തിൽ ഉറപ്പായി അടിസ്ഥാനപ്പെട്ടിരിക്കുന്നു. നിങ്ങൾ സത്യമായി ദൈവത്തെ സ്നേഹിക്കയും "സത്യത്തിൽ നടന്നു"കൊണ്ടു് അവനെ ആരാധിക്കുകയും ചെയ്യുന്നുവെങ്കിൽ അതിന്റെ സമ്പാദനം നിങ്ങളുടെ എത്തുപാടിൽ തന്നെയാണു്.—2 യോഹന്നാൻ 1-4.

2 സത്യാരാധനയുടെ അത്ഥം കേവലം സത്യം അറിയുന്നതിൽ കവിഞ്ഞതാണു്. അതിന്റെ അർത്ഥം മററുള്ളവരോടു സത്യം സംസാരിക്കയും ഘോഷിക്കയും ചെയ്യുന്നതിനേക്കാൾ പോലും കവിഞ്ഞതാണു്. അതിന്റെ അത്ഥം, നമ്മുടെ ദൈനംദിനജീവിതത്തിൽ സത്യം പ്രാവർത്തികമാക്കിക്കൊണ്ടു് "സത്യത്തിൽ നടക്കു"ന്നതിനാൽ സത്യം വിശ്വസിക്കയും അതനുസരിച്ചു പ്രവത്തിക്കയുമെന്നാണു്. (യാക്കോബ് 1: 22-25) സത്യാരാധന "മാർഗ്ഗം" എന്നും "സത്യമാർഗ്ഗം" എന്നും അറിയപ്പെടാൻതക്കവണ്ണം അതു് ആദിമക്രിസ്ത്യാനികളുടെ ദൈനംദിനജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തി. (പ്രവൃത്തികൾ 9:2; 2 പത്രോസ് 2:2) അതു് സത്യാരാധകരെല്ലാം നിത്യജീവനാകുന്ന ലാക്കിനു വേണ്ടി കഠിനശ്രമം ചെയ്യുമളവിൽ തങ്ങളുടെ ജീവിതം നയിക്കേണ്ടതിനു് ദൈവത്താൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്ന "മാർഗ്ഗ"മാണു്.

3 അതുകൊണ്ടു്, യഹോവയാം ദൈവത്തിനു നാം അർപ്പി

---

1. ഇപ്പോഴും നമ്മുടെ മുമ്പാകെ എന്തു പ്രതീക്ഷയുണ്ടു്, എന്നാൽ അതിനെ പിടിച്ചുകൊള്ളുവാൻ നാം എന്തു ചെയ്യണം?
2. സത്യാരാധന ആദിമക്രിസ്ത്യാനികളുടെ ഇടയിൽ ഏതു പദത്താൽ അറിയപ്പെട്ടു? എന്തുകൊണ്ടു്?
3. നാം ജീവിതത്തിന്റെ ഏതു പ്രവത്തനത്തിലും ദൈവവചനത്തിലെ സത്യം പ്രായോഗികമാക്കേണ്ടതെന്തുകൊണ്ടു്?

ക്കുന്ന ആരാധന, നമ്മുടെ ജീവിതത്തിന്റെ ശേഷിച്ച ഭാഗത്തുനിന്ന് വേർപെട്ട ഒന്നായിരിക്കാവുന്നതല്ല. അതിൽപരമായി, നാം അവന്റെ വചനത്തിലെ സത്യത്തെ ജീവിതത്തിന്റെ ഏതു പ്രവർത്തനത്തിലും ബാധകമാക്കേണ്ടതാണ്. "നിങ്ങൾ തിന്നാലും കുടിച്ചാലും മറ്റെന്തു തന്നെ ചെയ്താലും സകലവും ദൈവമഹത്വത്തിനായി ചെയ്യുക." (1 കൊരിന്ത്യർ 10:31; കൊലോസ്യർ 3:17 കൂടെ കാണുക.) നമ്മുടെ ഏതു പ്രവൃത്തിയും ദൈവവചനത്തിലെ സത്യത്തോടു പൊരുത്തപ്പെടണം, അങ്ങനെ ദൈവത്തിനു മഹത്വം കൈവരുത്തണം. ഇതു നമ്മുടെ നിലനില്ക്കുന്ന സൌഭാഗ്യത്തിനായിരിക്കും. വാസസ്ഥലമോ വ്യക്തിപരമായ സാഹചര്യമോ അനുസരിച്ച് അവന്റെ വചനത്തിലെ നീതിയുള്ള തത്വങ്ങൾക്കു മാററമുണ്ടാകുന്നില്ല. അവ എപ്പോഴും സത്യമാണ്, എല്ലായ്പോഴും ശരിയാണ്.—സങ്കീർത്തനം 119:142 [118:142, *Dy*].

4 നിങ്ങൾ യഥാർത്ഥത്തിൽ സത്യാരാധന നടത്തുന്നുവെങ്കിൽ, അതു് ഇപ്പോൾ നിങ്ങൾക്ക് എന്തു കൈവരുത്തും? അതു് നിങ്ങളുടെ മുഴുജീവിതത്തെയും ദൈവികമാർഗ്ഗത്തോടു യോജിപ്പിൽ വരുത്തും. അവന്റെ വചനം നമ്മോടു് ഇങ്ങനെ പറയുന്നു: "നിങ്ങളുടെ മുൻപെരുമാററഗതിയോടു നുരൂപപ്പെട്ടുന്ന പഴയ വ്യക്തിത്വത്തെ ഉരിഞ്ഞുകളയുക... നിങ്ങൾ നിങ്ങളുടെ മനസ്സിനെ പ്രവർത്തനത്തിനു പ്രേരിപ്പിക്കുന്ന ശക്തിയിൽ പുതുക്കപ്പെടുകയും യഥാർത്ഥനീതിയിലും വിശ്വസ്തതയിലും ദൈവേഷ്ടപ്രകാരം സൃഷ്ടിക്കപ്പെട്ട പുതിയ വ്യക്തിത്വം ധരിക്കുകയും വേണം." (എഫേസ്യർ 4:22-24) പുതിയ വ്യക്തിത്വം ധരിക്കുന്നതിന്റെ അർത്ഥം ശുദ്ധവും സത്യവുമായ ഭാഷയ്ക്കുവേണ്ടി അസഭ്യവും വ്യാജവുമായ സംസാരം നീക്കിക്കളയുകയെന്നാണ്. അതിന്റെ അർത്ഥം മുഴുക്കുടിക്കും ലൈംഗികദുർമ്മാർഗ്ഗത്തിനും പകരം നിഷ്ക്കളങ്കവും മാന്യവുമായ നടത്ത സ്വീകരിക്കയെന്നാണ്. അതിന്റെ അർത്ഥം അത്യാഗ്രഹമല്ല, നിസ്വാർത്ഥതയും ഔദാര്യവും വളർത്തുകയെന്നാണ്.—കൊലോസ്യർ 3:5-10.

5 ആളുകളോടുള്ള—കുടുംബാംഗങ്ങളോടും വ്യാപാരക്കൂട്ടാളികളോടും, അടുത്തപരിചയക്കാരോടും അപരിചിതരോടുമുള്ള—

4. പുതിയ വ്യക്തിത്വം ധരിക്കുന്നതിൽ എന്തു് ഉൾപ്പെട്ടിരിക്കുന്നു?
5. എല്ലാസമയത്തും ദൈവികഗുണങ്ങൾ പ്രത്യക്ഷപ്പെടുത്തുക സാദ്ധ്യമാണോ? എങ്ങനെ?

ഒരുവന്റെ ദൈനംദിന സമ്പർക്കങ്ങളിൽ ദൈവികഗുണങ്ങൾ പ്രകടിപ്പിക്കപ്പെട്ടമ്പോൾ അതു് എത്ര നവോന്മേഷദായകമാണു്! (കൊലോസ്യർ 3:12–14, 18–23) എന്നാൽ ഈ മാററം വരുത്തുന്നതും, അതു് എല്ലാ ദിവസവും നിലനിർത്തുന്നതും പ്രയാസമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? ദൈവാത്മാവിന്റെ സഹായത്താൽ നിങ്ങൾക്കു് അതു ചെയ്യാൻ കഴിയും. സത്യാരാധനമുഖാന്തരം നിങ്ങൾക്കു് നിങ്ങളുടെ ജീവിതത്തിൽ ദൈവാത്മാവിന്റെ അത്ഭുതകരമായ ഫലങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയും.—ഗലാത്യർ 5:19-24.

6 സത്യാരാധന നിങ്ങളുടെ ജീവിതരീതിയായിത്തീരുമ്പോൾ അതു നിങ്ങളുടെ നിരന്തരവഴികാട്ടിയായിരിക്കും. വലുതോ ചെറുതോ ആയ തീരുമാനങ്ങൾ ചെയ്യുമ്പോൾ: "യഹോവയാം ദൈവത്തിനു് എന്തായിരിക്കും പ്രസാദകരം? അവന്റെ വചനത്തിലെ തത്വങ്ങൾ ശരിയും ബുദ്ധിപൂർവ്വകവുമായ ഗതി എന്തെന്നു പ്രകടമാക്കുന്നു?" എന്നിങ്ങനെ നിങ്ങളോടുതന്നെ ചോദിക്കാൻ നിങ്ങൾ പഠിക്കും. (സങ്കീർത്തനം 119:105 [118:105, *Dy*]; സദൃശവാക്യങ്ങൾ 3:1-6) ദൃഷ്ടാന്തത്തിനു്, ഒരു സത്യക്രിസ്ത്യാനി, അവന്റെ ലൌകികജോലി യഹോവയാം ദൈവത്തിനായുള്ള അവന്റെ സേവനത്തിനു പ്രതിബന്ധമാകാതിരിക്കാനോ, അതിൽ ബൈബിൾ കുററംവിധിക്കുന്ന വേലയോ നടപടികളോ ഉൾപ്പെടാതിരിക്കാനോ ശ്രദ്ധിക്കും. (എബ്രായർ 13:5, 18; യെശയ്യാ 2:3, 4; വെളിപാടു് 18:4) വിനോദത്തിന്റെ കാര്യത്തിൽപോലും പരിപുഷ്ടിപ്പെടുത്തുന്നതും ഉത്തമവുമായ ചിലതു തെരഞ്ഞെടുക്കാൻ ദൈവവചനം മാർഗ്ഗദർശനം നൽകണം. (ഫിലിപ്പ്യർ 4:8) സത്യാരാധനയാൽ പ്രയോജനകരമായ വിധത്തിൽ സ്വാധീനിക്കപ്പെടുകയില്ലാത്തതായി നിങ്ങളുടെ ജീവിതത്തിൽ യാതൊന്നുമില്ല.

## സഹിഷ്ണുതയ്ക്കു് സന്തുഷ്ടപ്രതിഫലം

7 എന്നിരുന്നാലും, സത്യക്രിസ്ത്യാനികളുടെമേൽ ലോകം വരുത്തുന്ന സമ്മർദ്ദങ്ങൾ ഹേതുവായി "സത്യമാർഗ്ഗ"ത്തിൽ

6. (എ) സത്യാരാധന ഒരുവന്റെ തീരുമാനംചെയ്യലിനെ ബാധിക്കുന്നതെങ്ങനെ? (ബി) സത്യാരാധന ഒരു ക്രിസ്ത്യാനിയുടെ ജോലിയെയും വിനോദത്തെയും ബാധിക്കുന്നതെങ്ങനെയെന്നു് വിശദീകരിക്കുക.

7. (എ) "സത്യമാർഗ്ഗ"ത്തിൽ തുടർന്നു നടക്കുന്നതു് എളുപ്പമല്ലായിരിക്കാവുന്നതെന്തുകൊണ്ടു്? (ബി) എതിർപ്പിനെ നേരിടുമ്പോൾ, എബ്രായർ 10:36ന്റെ വീക്ഷണത്തിൽ ശരിയായ പ്രവർത്തനഗതി എന്താണു്?

വിശ്വസ്തതയോടെ തുടർന്നു നടക്കുക എളുപ്പമല്ലായിരിക്കാം. തന്നെപ്പോലെ സത്യാരാധകർ ദ്വേഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുമെന്ന് യേശു മുന്നറിയിപ്പു നൽകി. (യോഹന്നാൻ 15:18-20; 2 തിമൊഥെയോസ് 3:12) നിങ്ങളുടെ ക്രമമായ ബൈബിൾ പഠനത്തിനോ സഭാമീററിംഗുകളിൽ സഹക്രിസ്ത്യാനികളുമായുള്ള നിങ്ങളുടെ സഹവാസത്തിനോ പ്രതിബന്ധം വരുത്തുമെന്നു ഭീഷണിപ്പെടുത്തുന്ന സാഹചര്യങ്ങൾ ആവിർഭവിച്ചേക്കാം. എതിർപ്പ് പ്രസംഗവേല പ്രയാസമോ അപകടകരംപോലുമോ ആയിത്തീരാൻ ഇടയാക്കിയേക്കാം. നിങ്ങൾ എന്തുചെയ്യും? ബൈബിൾ ഇങ്ങനെ ബുദ്ധിയുപദേശിക്കുന്നു: "നിങ്ങൾ ദൈവേഷ്ടം ചെയ്തശേഷം വാഗ്ദത്തനിവൃത്തി പ്രാപിക്കേണ്ടതിന് നിങ്ങൾക്കു സഹിഷ്ണുതയുടെ ആവശ്യമുണ്ട്." (എബ്രായർ 10:36) അതുകൊണ്ട് ശരിയായ ഏകപ്രവർത്തനഗതി, നിങ്ങളെ നിലനിർത്തുവാൻ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവൻെറ സേവനത്തിൽ ധീരമായി മുമ്പോട്ടുപോകുകയാണ്.—സങ്കീർത്തനം 55:22 [54:23, *Dy*]; എബ്രായർ 6:11, 12.

8 ശിഷ്യനായ യാക്കോബ് ആദിമക്രിസ്ത്യാനികൾക്ക് ഇങ്ങനെ എഴുതി: "എൻെറ സഹോദരന്മാരേ, നിങ്ങൾക്കു വിവിധ പീഡാനുഭവങ്ങൾ നേരിടുമ്പോൾ നിങ്ങളുടെ വിശ്വാസമെന്ന ഈ പരിശോധിക്കപ്പെട്ട ഗുണം സഹിഷ്ണുത കൈവരുത്തുന്നുവെന്ന് അറിവുള്ളതിനാൽ അതെല്ലാം സന്തോഷമെന്നു പരിഗണിക്കുവിൻ." (യാക്കോബ് 1:2, 3) ഉവ്വ്, എതിർപ്പുള്ളപ്പോൾ നമ്മുടെ വിശ്വാസത്തിൻെറ പരിശോധനയെ നാം നേരിടുന്നുവെങ്കിൽ നമുക്ക് യഥാർത്ഥസന്തോഷമുണ്ടായിരിക്കാൻ കഴിയും. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ സഹിച്ചുനിൽക്കുന്നതിനാൽ നാം സർവ്വ അഖിലാണ്ഡത്തിൻെറയും മുമ്പാകെയുള്ള വലിയ വാദവിഷയത്തിൽ നാം നമ്മുടെ സ്വർഗ്ഗീയപിതാവിൻെറ പക്ഷത്തെ ഉയർത്തിപ്പിടിക്കുന്നു. കൂടാതെ "നിങ്ങളുടെ ഭാഗത്തെ സഹിഷ്ണുതയാൽ നിങ്ങൾ നിങ്ങളുടെ ദേഹികളെ നേടും" എന്ന് ദൈവപുത്രൻ നമുക്ക് ഉറപ്പുനൽകുന്നു. ഉവ്വ്, സഹിഷ്ണുതയാൽ നിങ്ങൾ നിത്യജീവൻെറ പ്രതിഫലം നേടും.

---

8, എതിർപ്പു കൈവരുത്തുന്ന നമ്മുടെ വിശ്വാസത്തിൻെറ പരിശോധനയെ നാം നേരിടുന്നുവെങ്കിൽ നമുക്ക് യഥാർത്ഥ സന്തോഷം ലഭിക്കാവുന്നതെന്തുകൊണ്ട്?

ലൂക്കോസ് 21:16-19; 1 പത്രോസ് 2:21-23; 2 തെസ്സലോനീക്യർ 1:4, 5.

9 നാം സകല മാനുഷചരിത്രത്തിലുംവച്ച് അത്യന്തം അനുഗ്രഹിക്കപ്പെട്ട കാലത്താണ് ജീവിക്കുന്നതു്. ഇപ്പോൾ പെട്ടെന്നുതന്നെ യഹോവയാം ദൈവവും അവൻെറ പുത്രനായ ക്രിസ്തുയേശുവും അഖിലാണ്ഡത്തിൽനിന്ന് ദൈവരാജ്യത്തിൻെറ സകല ശത്രുക്കളേയും നീക്കംചെയ്യും. ആ യുദ്ധത്തിനുശേഷം, കഷ്ടതയും സങ്കടവും മരണവുമില്ലാത്ത പരദീസാഭൂമിയിൽ നീതിയുള്ള അവസ്ഥകളിൽ ജീവിക്കുന്നതു് എന്തൊരു സന്തോഷമായിരിക്കും! നിങ്ങൾക്കു് ആ പ്രത്യാശയിൽ പൂർണ്ണവിശ്വാസമുണ്ടായിരിക്കാൻ കഴിയും, എന്തുകൊണ്ടെന്നാൽ "ദൈവത്തിനു . . . ഭോഷ്കുപറയുവാൻ സാദ്ധ്യമല്ല." (തീത്തോസ് 1:2) ആ സ്ഥിതിക്കു്, ആ അനുഗ്രഹീതമായ പ്രതീക്ഷയിലേക്കു് മുമ്പോട്ടു നോക്കുക, സത്യദൈവമായ യഹോവയുടെ ആരാധനയെ ഒരിക്കലും ഉപേക്ഷിക്കരുതു്. സത്യമാർഗ്ഗത്തിൽ തുടരുക, എന്തുകൊണ്ടെന്നാൽ "ലോകം നീങ്ങിപ്പോകുകയാകുന്നു, അതിൻെറ മോഹവും അങ്ങനെതന്നെയാകുന്നു. എന്നാൽ ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ എന്നേക്കും സ്ഥിതിചെയ്യുന്നു."—1 യോഹന്നാൻ 2:17.

9. (എ) നാം സകല മാനുഷചരിത്രത്തിലുംവച്ച് അത്യന്തം അനുഗ്രഹിക്കപ്പെട്ട കാലത്തു ജീവിക്കുന്നതെന്തുകൊണ്ട്? (ബി) ഒരിക്കലും സത്യമാർഗ്ഗത്തെ ഉപേക്ഷിക്കാത്തവർക്ക് എന്തു സന്തോഷകരമായ ഭാവി മുമ്പാകെയുണ്ട്?

# നിങ്ങൾ ഈ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടോ?

» മനുഷ്യനു ദൈവത്തെ കാണാൻ സാധിക്കാത്തപ്പോൾ അവനിൽ എന്തുകൊണ്ടു വിശ്വസിക്കുന്നു?

» നാം മരിക്കുമ്പോൾ നമുക്ക് എന്തു സംഭവിക്കുന്നു? മരിച്ചവർ എന്നെങ്കിലും വീണ്ടും ജീവിക്കുമോ?

» ദൈവത്താൽ നിശ്വസിക്കപ്പെട്ട ഏക ഗ്രന്ഥം ബൈബിളാണെന്ന് തെളിയിക്കുന്നതെന്ത്?




ഇവയും നിങ്ങളുടെ ഭാവിയെ ബാധിക്കുന്ന മററു ജീവൽപ്രധാനമായ ചോദ്യങ്ങളും, സാർവ്വദേശീയമായി വിതരണം ചെയ്യുന്ന "ദൈവത്തിനു ഭോഷ്കു പറയുവാൻ അസാദ്ധ്യമായ കാര്യങ്ങൾ" എന്ന പുസ്തകത്തിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നു. ഏതാണ്ട് 200 രാജ്യങ്ങളിലെ ജനങ്ങൾ ദശലക്ഷക്കണക്കിനു പ്രതികൾ വാങ്ങിയിരിക്കുന്നു. അതിലെ 494 പേജുകളിൽ, സത്യാന്വേഷണം നടത്തുന്ന മനസ്സുകൾക്ക് തൃപ്തികരമായ വിവരങ്ങൾ നിറഞ്ഞിരിക്കുന്നു. വില 3 രൂ. 75 സ. മാത്രം.

## Did Man Get Here by Evolution or by Creation?

Were our ancestors apelike men? How old is man? Why do so many persons believe evolution? The Answers are available in the 192-page book **Did Man Get Here by Evolution or by Creation?** The evidence can be examined and the reader can see for himself which is most reasonable—a popular theory or the Bible's account of man's origin and his future. In less than two years this book has reached a circulation of 4½ million copies. Generously illustrated, it contains hundreds of references to scientific and scholarly works. Hardbound, sent anywhere, postpaid, for only Rs. 2.00

## Is The Bible Really The Word of God?

This pocket-sized book clearly answers such questions as: Is the Genesis account of creation fact or fiction? Was there an earth-wide flood? Can you always expect secular history to agree with the Bible? Is its record about early Christianity sound? Are the miracles of the Bible true? Does the Bible contradict itself? Are the Bible's moral standards consistent? Is the Bible practical for our day? Amazing Bible prophecies that you have seen fulfilled add to the evidence presented in this 192-page book. Hardbound, sent postpaid, for Rs. 2.00 a copy.

# The Bible in Modern-Day English

The Bible translation most often quoted in this book is one in modern English. Did you observe how much easier it is to read? Ideas, once cloaked in archaic English, now shine out with meaningful brilliance. Its everyday language helps you to grasp information that is vital for gaining eternal life from its Great Author, Jehovah God. With understanding, too, comes new pleasure in delving into this storehouse of divine truth. You can obtain the **New World Translation of the Holy Scriptures**

**REGULAR:** Bound in green vinyl, with maps and concordance, 1,472 pages; mailed postpaid for only Rs.7.50.

**Send your order to WATCHTOWER at any of these addresses:**

**ALASKA 99501:** 1438 Medfra St., Anchorage. **AUSTRALIA:** 11 Beresford Rd., Strathfield, N.S.W. 2135. **BAHAMAS:** Box 1247, Nassau, N.P. **BARBADOS, W.I.:** Fontabelle Rd., Bridgetown. **BERLIN, WESTERN GERMANY:** 49-50 Bayernalle, Charlottenburg 9. **BRITISH HONDURAS:** Box 257, Belize. **CANADA:** 150 Bridgeland Ave., Toronto 19, Ontario. **ENGLAND:** Watch Tower House, The Ridgeway, London, N.W. 7. **FRANCE:** 81, rue du Point-du-Jour, 92 - Boulogne-Billancourt (Hauts de Seine). **GERMANY (WESTERN):** Am Kohlheck, Postfach 13025, (62) Wiesbaden-Dotzheim. **GHANA:** Box 760, Accra. **GUYANA:** 50 Brickdam, Georgetown 11. **HAWAII 96814:** 1228 Pensacola St., Honolulu. **HONG KONG:** 312 Prince Edward Rd., Second Floor, Kowloon. **INDIA:** South Avenue, Santa Cruz, Bombay 54. **IRELAND:** 86 Lindsay Rd., Glasnevin, Dublin 9. **JAMAICA, W.I.:** 41 Trafalgar Rd., Kingston 10. **JAPAN:** 5-5-8 Mita Minato-Ku, Tokyo. **KENYA:** Box 7788, Nairobi. **KOREA:** P.O. Box 7, Sodaemun-ku P.O., Seoul. **LEEWARD ISLANDS, W.I.:** Box 119, St. Johns, Antigua. **LIBERIA:** P.O. Box 171, Monrovia. **NEWFOUNDLAND, CANADA:** 239 Pennywell Rd., St. John's. **NEW ZEALAND:** 621 New North Rd., Auckland 3. **NIGERIA:** P.O. Box 194, Yaba, Colony. **PANAMA:** Apartado 1386, Panama 1. **PAPUA:** Box 113, Port Moresby. **PHILIPPINE REPUBLIC:** 186 Roosevelt Ave., San Francisco del Monte, Quezon City 40107. **PUERTO RICO 00909:** 704 Calle Lafayette, Pda. 21, Santurce. **RHODESIA:** P.O. Box 1462, Salisbury. **SIERRA LEONE:** Box 136, Freetown. **SINGAPORE:** 11 Jalan Sejarah, Singapore 11. **SOUTH AFRICA:** Private Bag 2, P.O. Elandsfontein, Transvaal. **SWITZERLAND:** Almendstrasse 39, 3000 Berne 22. **TRINIDAD, W.I.:** 21 Taylor St., Woodbrook, Port of Spain. **UNITED STATES OF AMERICA:** 117 Adams St., Brooklyn, N.Y. 11201.

Printed in India at The National City Press, Kottayam, Kerala.